തുടി

റിസർച്ച് ജേണൽ

ISSN 2320-8880

48

2024 ഒക്ടോബർ - ഡിസംബർ

വാല്യം 12 - ലക്കം 4

UGC CARE Listed Peer - Reviewed Refereed Journal

മലയാളവിഭാഗം, കണ്ണൂർ സർവകലാശാല
ഡോ. പി. കെ. രാജൻ മെമ്മോറിയൽ കാമ്പസ്, നീലേശ്വരം
കാസർകോട് ജില്ല, കേരളം-671314
ഇ-മെയിൽ: thudimalayalam21@gmail. com

പത്രാധിപർ
ഡോ. നീജ വി.

പത്രാധിപസമിതി
ഡോ. പ്രിയ വർഗീസ്, ഡോ. അബ്ബുൾ റഫീക്, ഡോ. പി. കൃഷ്ണദാസ്

ഉപദേശകസമിതി
**ഡോ. ഡി. ബഞ്ചമിൻ, ഡോ. ദേശമംഗലം രാമകൃഷ്ണൻ,
ഡോ. സി. ആർ. പ്രസാദ്, ഡോ. പി. എസ്. രാധാകൃഷ്ണൻ,
ഡോ. അജു കെ. നാരായണൻ**

റഫറീസ്
**ഡോ. അജയകുമാർ ജി., ഡോ. ആർ. വി. എം. ദിവാകരൻ,
ഡോ. സീമാ ജെറോം, ഡോ. രാജേന്ദ്രൻ എടത്തുംകര**

ഇഷ്യു എഡിറ്റർ
പ്രൊഫ. നീജ വി.

കവർ, രൂപകല്പന
പി. പി. രാജീവൻ

അച്ചടി
മണിപ്പാൽ ടെക്നോളജീസ് ലിമിറ്റഡ്

ഭാഷയേയും സാഹിത്യത്തേയും സംസ്കാരത്തെയും കുറിച്ചുള്ള പഠനഗവേഷണങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രസിദ്ധീകരണമാണ് തുടി. പ്രതിവർഷം നാല് ലക്കങ്ങൾ: ജനുവരി-മാർച്ച്, ഏപ്രിൽ-ജൂൺ, ജൂലൈ-സെപ്തംബർ, ഒക്ടോബർ-ഡിസംബർ. വില: 500 രൂപ

THUDI
Research Journal
Vol-12 October - December 2024 No. 4
U. G. C. CARE Listed Peer-Reviewed Refereed Journal

Published four times a year by
Head of the Dept. of Malayalam
Kannur University

Cover, Layout & Pre Press
P. P. Rajeevan

Printed at : Manipal Technologies Limited, Manipal

Address for Correspondence
Dr. Reeja. V.
Professor and Head,
Dept. Of Malayalam, Kannur University
Dr. P. K. Rajan Memorial Campus, Nileshwaram
Kasaragod, Kerala -671314.

ആമുഖം

തുടിയുടെ ഈ ലക്കം വ്യത്യസ്ത ജ്ഞാനമേഖലകളെ അവലംബമാക്കിയുള്ള പഠനങ്ങൾക്കാണ് പ്രധാന്യം കൊടുത്തിരിക്കുന്നത്. ഭാഷയിലെ വിജ്ഞാനത്തിന്റെ പലമയെ അവതരിഷിക്കുകയാണ് ഈ ലക്കത്തിന്റെ ലക്ഷ്യം. മലയാളത്തിന്റെ വർത്തമാന ചിന്താപരിസരം ഇതിലൂടെ അനാവൃതമാകുന്നു. നോവൽ, വിവർത്തനം, നിരൂപണം, ശാസ്ത്രം, സാമൂഹികശാസ്ത്രം, ചെറുകഥ, കവിത, സിനിമ, ഭാഷ തുടങ്ങി വിവിധ മേഖലകളിലെ ആലോചനകളാണ് ഇവിടെ ഒത്തുചേരുന്നത്. ലാറ്റിനമേരിക്കൻ സാഹിത്യം മലയാളഭാവനയെ സ്വാധീനിച്ച വിധം, മുണ്ടേമ്പ്ര ഉണ്ണിമമ്മദിന്റെ ചിന്താലോകത്തിന്റെ വായന, ധർമപദത്തിന്റെ വിവർത്തനത്തെ മുൻനിർത്തിയ സാംസ്കാരിക വിചാരങ്ങൾ, അവതാരിക രചനയിലെ രാഷ്ട്രീയപരിസരം, ദലിത് സ്ത്രീ ആത്മകഥാഖ്യാനങ്ങളുടെ പുനർവായന, സിനിമയിലെ പ്രാദേശിക സ്വത്വത്തിന്റെ അന്വേഷണം, ഭിന്നശേഷിപഠനസാധ്യതകളുടെ ആലോചന, തോറ്റങ്ങൾ, മധുരം ഗായതി, ആത്രേയകം തുടങ്ങിയ നോവലുകളുടെ പുനർവായനകൾ, മലയാള ഭാവനയിലെ യക്ഷി സങ്കല്പം, ആദ്യകാല നോവലുകളിലെ സ്ത്രീപ്രതിനിധാനം, പെണ്ണടലെഴുത്ത്, സമകാല നോവലുകളിലെ ആൺനോട്ടങ്ങൾ, ആഖ്യാനത്തിന്റെ ഡിജിറ്റൽ പരിസരം തുടങ്ങി വ്യത്യസ്തവിചാരങ്ങളുടെ ചേർത്തു വെക്കലാണ് ഈ ലക്കം തുടിയിലൂടെ നിർവഹിക്കുന്നത്.

നീലേശ്വരം
31/12/24

ഇഷ്യു എഡിറ്റർ
പ്രൊഫ.റീജ വി.

ഉള്ളടക്കം

7 **ഷാജി ജേക്കബ്**
ഭാവനയുടെ മാന്ത്രികദൂരങ്ങൾ

24 **ഡോ. എ. നജ്മം**
മുണ്ടമ്പ്രയുടെ വെള്ളപ്പൊക്കം ബഹുസ്വരതയുടെ കാവ്യസ്വരൂപം

39 **ഡോ. അജയകുമാർ ജി.**
എൻ. എൻ. പിള്ള : വാചികാസ്തങ്ങളുടെ ഏകലവ്യൻ

50 **ഡോ. ജോബിൻ ജോസ് ചാമക്കാല**
ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം...
സ്വരൂപം ആഖ്യാനം ദർശനം

58 **ഡോ. അർച്ചന എ.കെ.**
ശാസ്ത്രം: ശാസ്ത്രകല്പിതാഖ്യാനങ്ങൾ –
ചരിത്ര, വർത്തമാന സന്ദർഭങ്ങളിൽ

70 **ഡോ. എം. ലിനീഷ്**
അറബിപ്പൊന്ന് : കാമനാവിനിമയത്തിന്റെ സഞ്ചാരപഥങ്ങൾ

85 **പ്രസീദ യു.വി.**
ആത്രേയകത്തിലെ അപരലോകങ്ങൾ

100 **ഡോ. പി. കൃഷ്ണദാസ്**
അവതാരിക എന്ന രാഷ്ട്രീയപ്രയോഗം

109 **ആയിഷ തസ്ല ഇ.**
'ധർമ്മപദ' വിവർത്തനങ്ങളിലെ നീതിസങ്കൽപ്പം :
കേരളീയനവോത്ഥാന പശ്ചാത്തലത്തിൽ

122 **റിജോയ് എം രാജൻ**
പ്രാദേശികഭാഷയും പ്രതിരോധവും നവീനമലയാളസിനിമയിൽ

137 **ശ്രീജയ സി.എം.**
പുതുകവിതയിലെ വൈജ്ഞാനിക മണ്ഡലം;
സ്വത്വവും പ്രതിരോധരാഷ്ട്രീയവും

155 **അശ്വതി കെ.**
വിഭവാധികാരത്തിന്റെ രാഷ്ട്രീയം : ദലിത് സ്ത്രീ ആത്മാഖ്യാനങ്ങളിൽ

166 **ഡോ. അജേഷ് വി.വി.**
തോറ്റങ്ങൾ: ആഖ്യാനവും തൊഴിലിന്റെ രാഷ്ട്രീയവും

176 **അഞ്ജലി ശ്രീനിവാസ് പി.കെ.**
യക്ഷി സങ്കല്പത്തിന്റെ പുനർവായന

187 **നഹ്മാൻ കെ.**
വൈകല്യങ്ങളുടെ പൊതുബോധ നിർമ്മിതി മലയാളത്തിൽ

206 **വനജ കെ.വി.**
ആദ്യകാല മലയാള സ്ത്രീനോവലുകളിലെ
പെൺ പ്രതിനിധാനങ്ങൾ

225 **ശാന്തിനി എസ്.എൽ.**
പ്രതിസംസ്കൃതിയും പരിസ്ഥിതിയും മധുരം ഗായതിയിൽ

238 **അനന്തു വി.എം.**
ചരിത്രാഖ്യായികകളിലെ 'പെണ്ണടലെഴുത്ത്'

253 **അന്ന ജോയി**
സ്ത്രീപക്ഷനോവലുകളിലെ ആൺനോട്ടങ്ങൾ

266 **എസ്.ആർ. ഹരിത**
അതീതയാഥാർത്ഥ്യത്തിന്റെ ആഖ്യാനങ്ങൾ

മലയാളവിഭാഗം റിസർച്ച് ജേണൽ • ISSN: 2320-8880 • ലക്കം - 12 • പുസ്തകം - 4 •

ഭാവനയുടെ മാന്ത്രികദൂരങ്ങൾ

ഷാജി ജേക്കബ്
പ്രൊഫസർ, മലയാളവിഭാഗം
സംസ്കൃതസർവകലാശാല

പ്രബന്ധസംഗ്രഹം:

1970കൾ തൊട്ടുള്ള അരനൂറ്റാണ്ടു കാലത്തെ മലയാളനോവലിനെയും ചെറുകഥയെയും ലാറ്റിനമേരിക്കൻ ഭാവനയോളം സ്വാധീനിച്ച മറ്റൊരു ഭാവുകത്വപ്രതിഭാസമില്ല. ലാറ്റിനമേരിക്കൻ ബൂം, പോസ്റ്റ് ബൂം സാഹിത്യങ്ങളുടെ സൗന്ദര്യശാസ്ത്രപരവും പ്രത്യയശാസ്ത്രപരവുമായ പ്രഭാവങ്ങൾ മലയാളത്തിലെ ആധുനികതാവാദ, ആധുനികാനന്തര കഥാസാഹിത്യത്തെ വഴിതിരിച്ചുവിട്ടതെങ്ങനെയാണ്? യൂറോ-അമേരിക്കൻ; സോവിയറ്റ് സാഹിത്യപ്രസ്ഥാനങ്ങൾ 1850കൾ തൊട്ട് 1980കൾ വരെയുള്ള കാലത്ത് സൃഷ്ടിച്ച സ്വാധീനങ്ങൾ പോലെയോ അതിലധികമോ ആഴത്തിലും പരപ്പിലും മലയാളഭാവനയെ നവീകരിക്കാനും നിർണയിക്കാനും ലാറ്റിനമേരിക്കൻ സാഹിത്യപ്രസ്ഥാനങ്ങൾക്കു കഴിഞ്ഞതെങ്ങനെയാണ്? ഒരന്വേഷണം.

താക്കോൽ വാക്കുകൾ:

ബൂം, പോസ്റ്റ് ബൂം, മാജിക്കൽ റിയലിസം, ഹിസ്റ്റോറിയോഗ്രഫിക് മെറ്റഫിക്ഷൻ, ക്യൂബൻ വിപ്ലവം, മാർക്സിസം, കൊളോണിയലിസം, കാമന, ഹിംസ, മിത്ത്, ഓർമ്മ.

ആമുഖം

1970കൾ തൊട്ടുള്ള അരനൂറ്റാണ്ടുകാലത്തെ മലയാളസാഹിത്യത്തിന്റെ കലയിലും രാഷ്ട്രീയത്തിലും ലാറ്റിനമേരിക്കൻ രചനകളെക്കാൾ സ്വാധീനം ചെലുത്തിയ മറ്റൊരു ഭാവുകത്വപ്രതിഭാസമില്ല. പാബ്ലോ നെരൂദ മുതൽ ഒക്ടോവിയോപാസ് വരെയും ഗാർസിയാ മാർക്കേസ് മുതൽ വർഗാസ് യോസ വരെയും റോബർട്ടോ ബൊളാനോ മുതൽ പൗലോ കൊയ്ലോ വരെയുമുള്ള എഴുത്തുകാർ; കൊളോണിയലിസം മുതൽ ഏകാധിപത്യങ്ങൾ വരെയുള്ള രാഷ്ട്രീയവ്യവസ്ഥകൾ; മിത്ത് മുതൽ മാർക്സിസം വരെയുള്ള വ്യവഹാരങ്ങൾ; മാജിക്കൽ റിയലിസം മുതൽ ചരിത്രവിജ്ഞാനീയപരമായ അതികഥനം വരെയുള്ള ആഖ്യാനപദ്ധതികൾ; രതി മുതൽ ഹിംസ വരെയുള്ള അനുഭൂതിലോകങ്ങൾ; കൂറ്റാന്വേഷണം മുതൽ അന്യാപദേശം വരെയുള്ള കഥാതന്ത്രങ്ങൾ; സ്ഥലഭ്രപടം മുതൽ കാലമാപിനി വരെയുള്ള രൂപബന്ധങ്ങൾ; ഓർമ്മ മുതൽ കാമന വരെയുള്ള ഭാവബന്ധങ്ങൾ. . . . ആധുനിക, ആധുനികാനന്തര മലയാളകവിതയുടെയും നോവലിന്റെയും ചെറുകഥയുടെയും ലാവണ്യകലയും രാഷ്ട്രീയപ്രത്യയശാസ്ത്രവും ലാറ്റിനമേരിക്കൻ ഭാവനയുടേതെന്നതിനെക്കാൾ മറ്റൊന്നിന്റെയും പ്രഭാവത്തിൽ ഇത്രമേൽ അകപ്പെട്ട് പോയിട്ടില്ല. കവിതയുടെ കാര്യം നിൽക്കട്ടെ, കഥാസാഹിത്യത്തിന്റെ (fiction) കാര്യമാണ് ഇവിടെ ചർച്ചചെയ്യാനുദ്ദേശിക്കുന്നത്.

മലയാളകഥാസാഹിത്യം അതിന്റെ ഒന്നേമുക്കാൽ നൂറ്റാണ്ടു നീണ്ട ചരിത്രജീവിതത്തിലുടനീളം പാശ്ചാത്യ കഥാസാഹിത്യത്തിന്റെയും കലാചിന്തകളുടെയും പ്രേരണകൾക്ക് ആവോളം വഴിപ്പെട്ടിട്ടുണ്ട്. 1848ൽ തുടങ്ങുന്ന ഇംഗ്ലീഷ് നോവൽ വിവർത്തനങ്ങളിലും അമേരിക്കൻ, ബ്രിട്ടീഷ് നോവലുകളുടെ പ്രചോദനത്തിൽ 1859ൽ മിസിസ് കൊളിൻസ് എഴുതിയ Slayer Slain എന്ന ഇംഗ്ലീഷ് നോവലിലും തുടങ്ങുന്നു, ഈ ചരിത്രം. ഒ. ചന്തുമേനോന്റെ ഇന്ദുലേഖ വിക്ടോറിയൻ നോവലിന്റെ സൗന്ദര്യകലയും സംവാദരാഷ്ട്രീയവും ഒരേതോതിൽ സ്വാംശീകരിച്ചെഴുതപ്പെട്ട കൃതിയാണല്ലോ. സി. വി. രാമൻപിള്ളയ്ക്കുമുണ്ട് വിശ്രുതമായ പാശ്ചാത്യനോവൽ സാഹിത്യബന്ധം. നാലപ്പാട്ട് നാരായണമേനോന്റെ 'പാവങ്ങൾ' വിവർത്തനത്തിൽ നിന്നാണ് മലയാളത്തിലെ നവോത്ഥാന നോവലിന്റെ സാംസ്കാരിക ചരിത്രം തുടങ്ങുന്നതുതന്നെ. ദസ്തയവ്സ്കിയും ടോൾസ്റ്റോയിയും ബൽസാക്കും മോപ്പസാങ്ങും ഫ്ളോബറും ഡ്യൂമാസും ഡിക്കൻസുമുൾപ്പെടെ എത്രയെങ്കിലും വിഖ്യാത നോ

വലിസ്റ്റുകളുടെ ചുവടുപിടിച്ചാണ് 1940-50 കാലത്ത് മലയാളനോവലും ചെറുകഥയും അവയുടെ സുവർണകാലത്തിന് അടിത്തറയൊരുക്കിയത് (ഇക്കാലഘട്ടത്തിലെ വിവർത്തിത കൃതികളുടെ പട്ടികക്ക് കാണുക, കൈരളിയുടെ കഥ, എൻ. കൃഷ്ണപിള്ള).

1950കളിൽ തന്നെ തുടങ്ങുന്ന ആധുനികതാവാദ നോവലിന്റെ രണ്ടു ധാരകൾക്കും (ജനപ്രിയ നോവലിന്റെയും അ-ജനപ്രിയ നോവലിന്റെയും) വിവിധങ്ങളായ പാശ്ചാത്യ നോവൽപ്രസ്ഥാനങ്ങളുടെയും കൃതികളുടെയും ഭാവുകത്വങ്ങളോട് കടപ്പാടുണ്ട്. മൂന്നനാല് പതിറ്റാണ്ടുകാലം മനോവിജ്ഞാനീയപരവും അസ്തിത്വവാദപരവും മറ്റുമായ നിരവധി ആധുനികതാവാദങ്ങളിലൂടെ മുന്നോട്ടുപോയ മലയാള കഥാസാഹിത്യത്തിന് പാശ്ചാത്യ കഥാസാഹിത്യത്തോടും തത്വചിന്താസാഹിത്യത്തോടുമുള്ള ആധമർണ്യം ചെറുതല്ല. ഏതാണ്ടിക്കാലത്തുതന്നെയാണ് സോവിയറ്റ് സാഹിത്യത്തിന്റെ സവിശേഷമായ രാഷ്ട്രീയ സൗന്ദര്യശാസ്ത്രം മലയാള കഥാസാഹിത്യവായനയെയും എഴുത്തിനെയും പുസ്തകവിപണിയെയും ഒരുപോലെ സ്വാധീനിക്കുന്നത്. തീർച്ചയായും സോവിയറ്റ് സാഹിത്യത്തോടു മാത്രമല്ല, കമ്യൂണിസവും ഫാസിസവും നാസിസവും ഉൾപ്പെടെയുള്ള യൂറോപ്യൻ സർവാധിപത്യ പ്രത്യയശാസ്ത്രങ്ങൾക്കും ഭരണകൂടങ്ങൾക്കുമെതിരെ നിലപാടെടുത്ത ഒരു തലമുറ എഴുത്തുകാരോടും കടപ്പെട്ടിരിക്കുന്നു, ഇക്കാലത്തെ മലയാള കഥാസാഹിത്യം. ഒരർഥത്തിൽ യൂറോപ്യൻ മോഡേണിസത്തിന്റെ ഈയൊരു പ്രതിരോധ-മാനവികതാവാദമുഖമാണ്, ഗാന്ധിയൻ മാനവികതക്കൊപ്പം മലയാളത്തിലും ആധുനികതാവാദത്തിലെ ശ്രദ്ധേയമായ മിക്ക കൃതികൾക്കും കൈവന്നത്. ഉറൂബും ബഷീറും മുതൽ വിജയനും ആനന്ദും വരെ ഉദാഹരണം.

1980കളിലാണ് വടക്കേ അമേരിക്കൻ, യൂറോപ്യൻ പാരമ്പര്യങ്ങൾ മറികടന്ന് ലാറ്റിനമേരിക്കൻ സാഹിത്യത്തിന്റെ മാന്ത്രിക ലാവണ്യങ്ങൾക്ക് മലയാള കഥാസാഹിത്യഭാവന വഴിയൊരുക്കുന്നത്. രണ്ടുപതിറ്റാണ്ടുകാലം ഇരമ്പുന്ന ജനപ്രീതിയോടെ മലയാളവായനയിലും എഴുത്തിലും നിലനിന്ന ആ സ്വാധീനം ഇന്നും കെട്ടടങ്ങിയിട്ടില്ല. പുതിയ നൂറ്റാണ്ടിൽ, മേല്പറഞ്ഞ മൂന്നു ഭൂഖണ്ഡങ്ങളിലെയും സാഹിത്യങ്ങൾക്കൊപ്പം പശ്ചിമേഷ്യൻ, ആഫ്രിക്കൻ സാഹിത്യഭാവനകളോടും മലയാളം വലിയ ആഭിമുഖ്യം കാണിക്കുന്നു.

മേല്പറഞ്ഞ നിരവധി പാശ്ചാത്യ കഥാസാഹിത്യ പാരമ്പര്യങ്ങളിൽ യൂറോ-അമേരിക്കൻ സാഹിത്യങ്ങളെക്കാൾ മലയാളി വായനക്കാരിലും എഴുത്തു

കാരിലും ഒരുപോലെ സ്വാധീനം ചെലുത്താൻ കഴിഞ്ഞത് 1950-80 കാലത്ത് സോവിയറ്റ് സാഹിത്യത്തിനും പിന്നീട് ലാറ്റിനമേരിക്കൻ സാഹിത്യത്തിനുമാണ്. 1980കൾ തൊട്ടിങ്ങോട്ടുള്ള കാലത്ത് (1970കൾ തൊട്ട് കവിതയിലും) ലാറ്റിനമേരിക്കൻ സാഹിത്യം മലയാള കഥാസാഹിത്യത്തെ അസാമാന്യമാം വിധം ആവേശിച്ചതിന്റെ ഭിന്ന തലങ്ങൾ ചൂണ്ടിക്കാണിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

1920-60 കാലത്തെ ലാറ്റിനമേരിക്കൻ എഴുത്തുകാരായ മിഗ്വെൽ അസ്തൂറിയാസ്, അലെഹോ കാർപന്റിയർ, ജോർജ് ലൂയിബോർഹെസ്, ഹുവാൻ റുൾഫോ, പാബ്ലോ നെരൂദ തുടങ്ങിയവരും 1960-80 കാലത്തെ വിഖ്യാത എഴുത്തുകാരായ ആഗസ്തോ റോബസ്തോസ്, ജൂലിയ കോർത്തസർ, ഗാർസിയ മാർക്കേസ്, ഒക്ടോവിയോപാസ്, വർഗാസ് യോസ, കാർലോസ് ഫ്വെന്റസ് തുടങ്ങിയവരും 1980കൾ തൊട്ട് എഴുത്താരംഭിച്ച ഇസബെൽ അലൻഡെ, മാന്വൽ പ്യൂയിഗ്, അന്തോണിയോ സ്കർമേറ്റ, റോബർട്ടോ ബൊളാനോ, പൗലോ കൊയ്ലോ തുടങ്ങിയവരും മലയാളി എഴുത്തുകാർക്കും വായനക്കാർക്കും സുപരിചിതരാണ്.

നമ്മുടെ ആധുനികതാവാദ സാഹിത്യപ്രസ്ഥാനത്തിനു സമാനമായി കരുതാവുന്ന ലാറ്റിനമേരിക്കൻ ബൂം പ്രസ്ഥാനമാണ് ഈ സാഹിത്യചരിത്രത്തിലെ ഏറ്റവും പ്രസിദ്ധമായ ഘട്ടം. ബൂം ഒരു ഭാവുകത്വപ്രസ്ഥാനമോ ശൈലിയോ അല്ല ഒരു ചരിത്രസന്ദർഭം മാത്രമാണെന്നു വാദിക്കുന്നവരുണ്ട്. 1960കളിൽ ലാറ്റിനമേരിക്കൻ നോവൽ ലോകശ്രദ്ധയിലേക്കു കടന്നുവന്ന സന്ദർഭം എന്ന നിലയിൽ അതൊരു വിപണിതന്ത്രവും സാഹിത്യപ്രതിഭാസവുമായി മാറുകയായിരുന്നു എന്നു ചില നിരൂപകർ കരുതുന്നു. രാജ്യാന്തര പ്രശസ്തി നേടിയ എഴുത്തുകാരും പുസ്തകവിപണിയും അക്കാദമിക പ്രാധാന്യവും രാഷ്ട്രീയചിന്തയും ആഖ്യാനകലയും ഉൾപ്പെടെയുള്ള ഘടകങ്ങൾ ബൂമിനെ വ്യവസ്ഥാപിതമാക്കി. 'ബീറ്റിൽസ് സംഘം പോലെയായിരുന്നു ഫ്യൂവെന്റസും കോർത്തസറും യോസയും മാർക്കേസുമടങ്ങുന്ന ബൂമിന്റെ നാൽവർ സംഘം' എന്നാണ് പ്രസിദ്ധമായ ഒരു നിരീക്ഷണം.

ബൂമിന്റെ തുടക്കത്തെക്കുറിച്ചും ഭിന്നാഭിപ്രായങ്ങളുണ്ട്. അസ്തൂറിയാസിന്റെ 'I The President'ൽ നിന്നാണ് അതെന്ന് റാൻഡോൾഫ് സി പോഷ് പറയുമ്പോൾ ഫ്യൂവെന്റസിന്റെ 1958ലെ നോവലിൽ നിന്നാണെന്നും യോസയുടെ Time of the Hero (1962)യിൽ നിന്നാണെന്നും മറ്റു നിരൂപകർ വാദിക്കുന്നു. ക്യൂബൻ വിപ്ലവമാണ് ബൂമിന്റെ ചരിത്രസന്ദർഭം. എങ്കിലും അതിനുമുൻപെഴുതപ്പെട്ട I The

Presidentഉം Pedro Paramo (1955)യുമൊക്കെ ബൂം കാലത്താണ് ലോകശ്രദ്ധ നേടിയത്. 1980കളോടെ ശക്തമായ പോസ്റ്റ് ബൂം പ്രസ്ഥാനത്തിലും ബൂം എഴുത്തുകാർ തന്നെയായിരുന്നു തുടക്കത്തിൽ ഏറെ പ്രശസ്തമായ കൃതികളവതരിപ്പിച്ചത്. 90കളോടെ ഒരു പുതിയനിര എഴുത്തുകാർ രംഗത്തുവരികയും പോസ്റ്റ് ബൂം പ്രസ്ഥാനം പ്രകടമായ ഭാവുകത്വവ്യതിയാനങ്ങൾക്കു വിധേയമാകുകയും ചെയ്തു.

ബൂമിന്റെ തുടക്കവും നിമിത്തവുമായ ക്യൂബൻ വിപ്ലവത്തിന് 65 വർഷവും ബൂം പ്രസ്ഥാനത്തിന്റെ ഏറ്റവും പ്രസിദ്ധമായ ആഖ്യാനകലയായറിയപ്പെടുന്ന മാജിക്കൽ റിയലിസത്തിന് 75 വർഷവും മലയാളികൾ ഏറ്റവും കൂടുതൽ വായിച്ച ലാറ്റിനമേരിക്കൻ എഴുത്തുകാരൻ മാർക്കേസിന്റെ മരണത്തിന് 10 വർഷവും തികഞ്ഞു, 2024ൽ. 1949ൽ എഴുതിയ The Kingdom of this Worldന്റെ അവതാരികയിൽ കാർപന്റിയറാണ് മാജിക്കൽ റിയലിസം ഒരു സിദ്ധാന്തമായി അവതരിപ്പിച്ചത്. 'ലാറ്റിനമേരിക്കയുടെ ഏറ്റവും പ്രസിദ്ധമായ സാംസ്കാരിക കയറ്റുമതി' എന്നാണ് മാജിക്കൽ റിയലിസം അറിയപ്പെടുന്നത്.

1980കളുടെ തുടക്കം തൊട്ടുതന്നെ മലയാള കഥാസാഹിത്യത്തിൽ ലാറ്റിനമേരിക്കൻ ഭാവനയുടെ സ്വാധീനം പ്രകടമാകുന്നുണ്ട് എന്നു സൂചിപ്പിച്ചു. ബൂം, പോസ്റ്റ് ബൂം പ്രസ്ഥാനങ്ങളുടെ സൗന്ദര്യശാസ്ത്രപരവും പ്രത്യയശാസ്ത്രപരവുമായ പ്രവണതകൾ മലയാളഭാവനയെ നിർണായകമായി സ്വാധീനിച്ചു. കവിതയിൽ മുൻപുതന്നെ നെരൂദ ഒരു ജൈവസാന്നിധ്യമായിരുന്നു. വിവർത്തിതവും സ്വതന്ത്രവുമായ കവിതകളിൽ, മലയാളത്തിൽ അപൂർവവും അസാധാരണവുമായ ഭാവമാനങ്ങൾ കൈവരിച്ച പ്രണയത്തെക്കുറിച്ചും സഫലവും വിഫലവുമായ വിപ്ലവത്തെക്കുറിച്ചും കാല്പനികവൽക്കരിച്ച മാർക്സിയൻ രാഷ്ട്രതത്ത്വചിന്തകളെക്കുറിച്ചുമുള്ള ആവിഷ്കാരങ്ങളവതരിപ്പിക്കുന്നതിൽ കടമ്മനിട്ടയ്ക്കും സച്ചിദാനന്ദനും ബാലചന്ദ്രനും ശങ്കരപ്പിള്ളക്കും മറ്റു നിരവധി കവികൾക്കും പ്രചോദനമായത് ലാറ്റിനമേരിക്കൻ കവിതയാണ്. നെരൂദയും പാസുമാണ് ഇവരിൽ ഏറ്റവും പ്രസിദ്ധർ.

രണ്ട്

ഇക്കാലയളവിൽ മലയാളകഥാസാഹിത്യത്തെ സ്വാധീനിച്ച ലാറ്റിനമേരിക്കൻ സാഹിത്യഭാവുകത്വങ്ങൾ നിരവധിയാണ്. ആധുനിക-ആധുനികാനന്തര മലയാളനോവലിലും ചെറുകഥയിലും ബൂം, പോസ്റ്റ് ബൂം പ്രസ്ഥാന/പ്രതിഭാസങ്ങൾ

ക്ക് പ്രത്യക്ഷവും പരോക്ഷവുമായി കണ്ടെത്താവുന്ന എത്രയെങ്കിലും പ്രഭാവങ്ങളുണ്ട്. വായനയിലും എഴുത്തിലും ഒരേപോലെ ജനപ്രീതി നേടിയ ലാറ്റിനമേരിക്കൻ കഥാസാഹിത്യത്തിന്റെ സൗന്ദര്യ-രാഷ്ട്രീയങ്ങൾ മലയാളനോവൽ-കഥാഭാവനകളെ ഇക്കാലമത്രയും ഏറിയും കുറഞ്ഞും സ്വാധീനിക്കുന്നു എന്നുതന്നെയാണ് സാമാന്യമായ ഒരവലോകനം പോലും തെളിയിക്കുന്നത്. താഴെപ്പറയുന്ന ആറ് ഭാവതലങ്ങളാണ് ഇവയിൽ ശ്രദ്ധേയം.

1. മാജിക്കൽ റിയലിസം

ലോകമെങ്ങുമെന്നപോലെ മലയാളത്തിലും ലാറ്റിനമേരിക്കൻ കഥാസാഹിത്യത്തിന്റെ ലാവണ്യ സമവാക്യമായിത്തന്നെ സ്ഥാനം നേടിയ ഒന്നാണിത്. വില്യം ഫോക്നർ, ഏണസ്റ്റ് ഹെമിംഗ്വേ, ഫ്രാൻസ് കാഫ്ക എന്നിവരിൽ നിന്നു പ്രചോദനം നേടി ബൂം എഴുത്തുകാർ സൃഷ്ടിച്ച ലാറ്റിനമേരിക്കൻ നവകഥാസാഹിത്യത്തിന്റെ തനതും സ്വദേശിയുമായ ഏറ്റവും വലിയ ആഖ്യാനാസ്തിത്വമായിരുന്നു മാന്ത്രിക യാഥാർഥ്യം. ആനുഭവിക യഥാർഥ്യമായി ലാറ്റിനമേരിക്കൻ എഴുത്തുകാർ പുനഃസൃഷ്ടിച്ച ഫിക്ഷണൽ ഭ്രപടത്തിന്റെ വന്യമേഖലകൾ ലാറ്റിനമേരിക്കക്കു പുറത്താണ് മായികമെന്ന് വിലയിരുത്തപ്പെട്ടത്. നൂറ്റാണ്ടുകൾ പഴക്കമുള്ള മിത്തുകളും വംശഗോത്രപുരാണങ്ങളും മാത്രമല്ല പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിലെ അവിശ്വസനീയമായ രാഷ്ട്രീയപരിണാമങ്ങളും ഒരേ തോതിൽ മാന്ത്രികമായനുഭവിക്കേണ്ടിവന്ന ഒരു ജനതയുടെ ഭാവജീവിതങ്ങൾക്കു കൈവന്ന അസാധാരണമായ കലാനുഭ്രതിയെന്ന നിലയിൽ മാജിക്കൽ റിയലിസം ലാറ്റിനമേരിക്കൻ നോവലിന്റെ എഴുത്തിനെയും വായനയെയും ഒരേപോലെ നിർണയിച്ച കലാരസതന്ത്രമായി മാറി. മാർക്കേസായിരുന്നു മാജിക്കൽ റിയലിസത്തിന്റെ ചക്രവർത്തി. 'ഏകാന്തതയുടെ നൂറുവർഷങ്ങൾ' ഉൾപ്പെടെയുള്ള അദ്ദേഹത്തിന്റെ നോവലുകൾ വായിച്ചവരുടെ മനസ്സിൽ എക്കാലവും മൂർത്തമായി നിലനിൽക്കുന്ന എത്രയെങ്കിലും മാജിക്കൽ റിയലിസ്റ്റ് സന്ദർഭങ്ങളുണ്ട്. ഡോൺ ഫെർണാണ്ടോ സ്വന്തം മൃതദേഹം സമ്മാനപ്പൊതിയായി മകൾക്കയക്കുന്നതുൾപ്പെടെ! മലയാള നോവലും കഥയും തനതായ മാജിക്കൽ ഭാവനകളെ ലാറ്റിനമേരിക്കൻ മാജിക്കൽ റിയലിസത്തിന്റെ നവലോകങ്ങളുമായി കൂട്ടിയിണക്കുകയാണ് ചെയ്തത്.

2. മിത്തുകളുടെ ചരിത്രവൽക്കരണവും ചരിത്രത്തിന്റെ രാഷ്ട്രീയവൽക്കരണവും

എഴുതപ്പെടാത്ത ചരിത്രമാണ് മിത്തുകൾ. എഴുതപ്പെട്ട ചരിത്രം രാഷ്ട്രീയവും. ലാറ്റിനമേരിക്കൻ ഭാവന, സ്ഥലകാലഭ്രപടങ്ങൾ മുതൽ മത-ഗോത്ര പാരമ്പര്യങ്ങൾ വരെ എന്തും ഏതും മിത്തുകളുടെ അതീതതലങ്ങളിൽ നിന്ന് ചരിത്രത്തിന്റെ മൂർത്തസാന്നിധ്യങ്ങളിലേക്കു വിവർത്തനം ചെയ്തുകൊണ്ടാണ് കവിതയിലും കഥയിലും നോവലിലും മൗലികമായ ഒരു കലാസ്ഥിത്വം സൃഷ്ടിച്ചെടുത്തത്. ഇൻകാ, മായൻ എന്നിങ്ങനെ സഹസ്രാബ്ദങ്ങൾ നീണ്ട തെക്കെ അമേരിക്കൻ മനുഷ്യചരിത്രത്തിന്റെ എത്രയെങ്കിലും സംസ്കാരസന്ദർഭങ്ങളുടെ മാഞ്ഞുപോകലുകൾ മുതൽ കൊളോണിയലിസത്തിന്റെ അധിനിവേശകാലം സൃഷ്ടിച്ച സംസ്കാരസംഘർഷങ്ങൾ വരെയുള്ളവ ലാറ്റിനമേരിക്കൻ ജനതയുടെ ഭാവനാലോകങ്ങളിൽ സൃഷ്ടിച്ച മിത്തുകളുടെ അനന്തവൈവിധ്യം ഒരുവശത്ത്. അവിശ്വസനീയമാം വിധം രക്തരൂഷിതവും ഹിംസാത്മകവും അമാനുഷികവുമായ ചരിത്രസന്ധികളിലൂടെ കടന്നുപോയ സമീപ ഭ്രതകാല രാഷ്ട്രീയചരിത്രങ്ങൾ മറുവശത്ത്-ലാറ്റിനമേരിക്കൻ ഫിക്ഷൻ ഇവ രണ്ടിന്റെയും അസാമാന്യമായ ഒരു കലർപ്പിൽ നിന്നാണ് അതിന്റെ ഏറ്റവും പ്രസിദ്ധമായ രൂപമാതൃകകൾ പലതും സൃഷ്ടിച്ചത്. റൂൾഫോയും ഫ്വെന്റസും മെക്സിക്കൻ ചരിത്രത്തിന്റെ വിഭ്രാമക കല്പനകൾ നോവൽവൽക്കരിച്ചപ്പോൾ 'കുലപതിയുടെ പതന'ത്തിലും 'ജനറൽ ഇൻ ഹിസ് ലാബിറിന്തി'ലും മാർക്കേസ് ബൊളീവിയ ഉൾപ്പെടെയുള്ള ലാറ്റിനമേരിക്കൻ രാഷ്ട്രീയചരിത്രങ്ങൾ നോവൽവൽക്കരിച്ചു. ഹിസ്റ്റോറിയോഗ്രഫിക് മെറ്റഫിക്ഷൻ എന്ന നോവൽകല അതിസമർഥമാം വിധം സാക്ഷാത്കരിക്കാൻ ലാറ്റിനമേരിക്കൻ സാഹിത്യത്തിനു കഴിഞ്ഞതും അതുകൊണ്ടാണ്.

3. മാർക്സിസത്തിന്റെ പ്രതിസന്ധി

ബാറ്റിസ്റ്റയുടെ ഏകാധിപത്യം തകർത്തെറിഞ്ഞ് ക്യൂബൻ ഗറില്ലകൾ നേടിയ വിജയം, ക്യൂബയിലും ബൊളിവിയയിലും ചെഗ്വേര നയിച്ച സമരങ്ങൾ തുടങ്ങിയവയാണ് ബൂം ഘട്ടത്തിന് അടിത്തറയിട്ടത്. വിപ്ലവത്തിന്റെ രാഷ്ട്രീയവും കാല്പനികവുമായ ആഖ്യാനങ്ങൾ പലതലങ്ങളിൽ ലാറ്റിനമേരിക്കൻ സാഹിത്യഭാവനയെ നവീകരിച്ചു. മാർക്സിസമായിരുന്നു അതിന്റെ അച്ചുതണ്ട്. പക്ഷെ

പോസ്റ്റ് ബൂം ഘട്ടമാകുമ്പോഴേക്കും മാർക്സിസത്തിന്റെ സ്വാധീനം വൻതോതിൽ കുറയുന്നു. 1975നുശേഷം ലാറ്റിനമേരിക്കൻ സാഹിത്യത്തിൽ മാർക്സിസം അപ്രസക്തമാണ് എന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. കിഴക്കൻ യൂറോപ്പിന്റെയും സോവിയറ്റ് യൂണിയന്റെയും തകർച്ച, ക്യൂബയുടെ ശൈഥില്യം തുടങ്ങിയവ ഒരു തലമുറ എഴുത്തുകാരെ വലിയ പ്രതിസന്ധിയിലെത്തിച്ചപ്പോൾ അടുത്ത തലമുറ എഴുത്തുകാർ മാർക്സിസത്തെ സാകല്യം മറികടന്ന് മുന്നോട്ടുപോയി. ആൽബർ കാമു മുതൽ ജോർജ് ഓർവെൽ വരെയും ബോറിസ് പാസ്തനാക് മുതൽ സോൾ ഷെനിറ്റ്സൻ വരെയുമുള്ള എഴുത്തുകാരുടെ സ്വാധീനം ലാറ്റിനമേരിക്കൻ കഥാസാഹിത്യത്തിലുണ്ട് എന്നുവേണം കരുതാൻ.

4. ഏകാധിപത്യഭരണകൂടങ്ങളും അധികാരത്തിന്റെ അന്യാപദേശങ്ങളും

കൊളോണിയലിസത്തിന്റെ കുപ്രസിദ്ധങ്ങളായ അധിനിവേശ രാഷ്ട്രീയങ്ങൾ മുതൽ ഇരുപതാം നൂറ്റാണ്ടിൽ ലാറ്റിനമേരിക്കയിൽ ഉടനീളം ഉയർന്നുവന്ന ഏകാധിപത്യ ഭരണകൂടങ്ങളുടെ കിരാതത്വങ്ങൾ വരെയുള്ളവയാണ് ഒരുപക്ഷെ ലാറ്റിനമേരിക്കൻ ബൂം നോവലിന്റെ ഏറ്റവും വിഖ്യാതമായ രാഷ്ട്രീയഭാവന. പരാഗ്വെയുടെ ഏകാധിപതിയായിരുന്ന ഡോ. ഫ്രാൻഷ്യയുടെ ചരിത്രം പുനരാഖ്യാനം ചെയ്യുന്ന അഗസ്തോ റോബസ്തോസിന്റെ I The Supreme മുതൽ ലാറ്റിനമേരിക്കൻ ഏകാധിപതികളെക്കുറിച്ചുള്ള അസ്തൂറിയാസിന്റെയും മാർക്കേസിന്റെയും കാർപ്പെന്റിയറുടെയും മരിയാവലെ ഇൻക്ലാന്റെയുമൊക്കെ നോവലുകൾ ഈ വിഭാഗത്തിൽ പെടുന്നു. Autumn of the Patriarch ലും General in his Labyrinthലും നായകരുടെ പേര് General എന്നാണ്. ഒരാൾ ഒരു കരീബിയൻ ഏകാധിപതിയായിരുന്നെങ്കിൽ മറ്റെയാൾ ബൊളിവിയൻ വിമോചനപ്പോരാളിയാണ്-എന്നിട്ടും. ഒരു ലക്ഷം പേർ കൊല്ലപ്പെട്ട കൊളംബിയൻ സിവിൽ വാറിന്റെ കഥ പറയുന്ന കാൽസറോണിന്റെയും വലേഹോയുടെയും നോവലുകളും പോർട്ടോറിക്കോയിലെ സമരങ്ങളുടെ കഥ പറയുന്ന എമിലിയോ ഡയസിന്റെയും പെറുവിന്റെ രാഷ്ട്രീയ ചരിത്രമാവിഷ്ക്കരിച്ച മാരുവൽ സ്കോർസെസയുടെയും കൃതികളും ബൂം പ്രസ്ഥാനത്തിൽ പ്രസിദ്ധമായി. വിദേശാധിപത്യങ്ങളും വിമോചനപ്പോരാട്ടങ്ങളും ഏകാധിപത്യ ഭരണകൂടങ്ങളും വിപ്ലവങ്ങളും ഗറില്ലാ സമരങ്ങളുമൊക്കെ ഈ നോവലുകളുടെ രാഷ്ട്രീയഭ്രമികയൊരുക്കുന്നു.

5. കാമനകളും ഹിംസയുടെ നാനാർഥങ്ങളും

ബൂം, പോസ്റ്റ് ബൂം നോവലുകളിലും കഥകളിലും ഒരുപോലെ ആവിഷ്കൃത മായ മനുഷ്യകാമനകളുടെ തീവ്രമുഹൂർത്തങ്ങളും ഹിംസയുടെ അതിതീക്ഷ്ണമായ സാന്നിധ്യങ്ങളും ലാറ്റിനമേരിക്കൻ സാഹിത്യവായനയെ വേറിട്ട അനുഭവമാക്കി മാറ്റുന്നതിൽ വഹിച്ച പങ്ക് ചെറുതല്ല. അപാരമായ ഏകാന്തതകളും മുഴങ്ങുന്ന ശൂന്യതകളും അവയിൽ ഇരമ്പി നിറയും. മിക്ക എഴുത്തുകാരും ഈ അനുഭൂതിനിർമ്മിതിയിൽ ഒരുപോലെ മികവ് പ്രകടിപ്പിക്കും. പ്രണയവും രതിയും ശരീരങ്ങളുടെ ഉത്സവവും അവയുടെ അങ്ങേയറ്റം കാല്പനികവും വൈഷയികവും അതേസമയംതന്നെ അവിശ്വസനീയമാം വിധം വന്യവും വിചിത്രവുമായ മാനങ്ങളിൽ ആവിഷ്കൃതമാകും. ശിശ്നരതി മുതൽ ശവരതി വരെ; ബലാൽക്കാരങ്ങൾ മുതൽ അഗമ്യഗമനങ്ങൾ വരെ-ഒന്നും ലാറ്റിനമേരിക്കൻ കഥാസാഹിത്യഭാവനയ്ക്കന്യമല്ല. 'Erotic athletes' എന്നാണ് പീറ്റർ ഗൈ ചില മാർക്കേസിയൻ കഥാപാത്രങ്ങളെ വിശേഷിപ്പിക്കുന്നത്. രതിരാഷ്ട്രീയം ഇത്രമേൽ മൂർത്തമായി പ്രത്യക്ഷപ്പെടുന്ന മറ്റൊരു മേഖലയുണ്ടെങ്കിൽ അത് പസോളിനിയുടെയും കിം കി ഡുക്കിന്റെയും മറ്റും ചില സിനിമകൾ മാത്രമായിരിക്കും.

ഹിംസയാണ് ലാറ്റിനമേരിക്കൻ നോവൽ കഥാസാഹിത്യത്തിന്റെ മറ്റൊരു ഭാവതലം. പ്രത്യക്ഷവും പരോക്ഷവും പ്രതീകാത്മകവും പ്രച്ഛന്നവുമായ ഹിംസകളുടെ രക്തകാണ്ഡങ്ങളാണ് ലാറ്റിനമേരിക്കൻ സാഹിത്യം. ഒറ്റയൊറ്റ കൊലപാതകങ്ങളും ആത്മഹത്യകളും മുതൽ ഗോത്രഹത്യകളും വംശഹത്യകളും നരനായാട്ടുകളും സാഘോഷം അവതരിപ്പിക്കപ്പെടുന്ന രാഷ്ട്രീയവധങ്ങളും പകവീട്ടലുകളും വരെ-എത്രയെങ്കിലും വിചിത്രങ്ങളും വിധ്വംസകങ്ങളുമായ ഹിംസകളുടെ രണോത്സവമാണ് ഈ കൃതികളിലുള്ളത്. മരിച്ചവരുടെ നാട് തേടിപോകുന്ന പെദ്രോ പരാമോയിലെ മനുഷ്യാവസ്ഥകൾ മുതൽ The Chronicle of a death foretold, Autumn of the Patriarch തുടങ്ങിയ കൃതികളിൽ മാർക്കേസ് അവതരിപ്പിക്കുന്ന ഹിംസകളുടെ നാനാർഥങ്ങൾ വരെയുള്ളവ ഓർക്കുക.

6. കഥയെഴുത്തിന്റെയും കഥപറച്ചിലിന്റെയും കല

ഓർമ്മയുടെ ചരിത്രപരത, കഥയെഴുത്തിന്റെ നവഘടനകൾ, കഥപറച്ചിലിന്റെ ജൈവികത, പൊട്ടിവീണതു പോലുള്ള കഥാരംഭങ്ങൾ, കഥാന്ത്യങ്ങളുടെ

അപ്രതീക്ഷിതത്വങ്ങൾ, രൂപകങ്ങളും ബിംബങ്ങളും, സ്ഥലകാലങ്ങളുടെ മൂർത്തത, രതിശരീരങ്ങളുടെ ഉത്സവം, പ്രവചനാത്മകതകളുടെ ലീല, വ്യാജചരിത്രങ്ങൾ, ഭാഷയുടെ വിചിത്ര സംയോഗങ്ങൾ, അന്യാപദേശങ്ങളുടെയും അധികഥനങ്ങളുടെയും അതിയാഥാർഥ്യങ്ങളുടെയും സാന്നിധ്യം, ആഖ്യാനത്തെ സമൂലം മാറ്റിമറിച്ച 'ഫാബുലേഷന്റെ' (Fabulation) സാധ്യതകൾ, അശ്ലീലത്തിന്റെ രാഷ്ട്രീയം, അവിശ്വസനീയങ്ങളും അപരിചിതങ്ങളുമായ കഥാപരിണതികൾ, ഗൂഢരഹസ്യങ്ങളുടെയും ഗൃഢകാമനകളുടെയും ചുരുളഴിയൽ, കുറ്റാന്വേഷണവും പ്രണയവും ഉൾപ്പെടെയുള്ള ജനപ്രിയത്വങ്ങൾ, ഹിംസയുടെ രക്തരേഖകൾ, ചരിത്രത്തിന്റെയും രാഷ്ട്രീയത്തിന്റെയും അപഗ്രഥനവൽക്കരണങ്ങൾ, ...ലാറ്റിനമേരിക്കൻ കഥാഖ്യാനകല മലയാളത്തെ അസാധാരണമാംവിധം സ്വാധീനിച്ച നിരവധി വഴികൾ നമുക്കു മുന്നിലുണ്ട്. 1980കൾ തൊട്ടിങ്ങോട്ട് മലയാളത്തിൽ നോവലും കഥയും എഴുതിയ ഒരാളും യഥാർഥത്തിൽ ഈ സ്വാധീനത്തിനു പുറത്തല്ല. ഒറ്റയൊറ്റ പേരുകൾ എടുത്തുപറയേണ്ടാത്തവിധം പ്രകടവും പ്രത്യക്ഷവുമാണ് ഈ ഭാവുകത്വം.

മൂന്ന്

മാജിക്കൽ റിയലിസമാണ് ലാറ്റിനമേരിക്കൻ കഥാസാഹിത്യഭാവനയിൽ നിന്ന് മലയാളം സ്വാംശീകരിച്ച ഏറ്റവും വിഖ്യാതമായ കലാപദ്ധതിയും ഭാവുകത്വവും. മാജിക്കൽ റിയലിസത്തോടൊപ്പംതന്നെ കാണാം മിത്തുകളുടെ ചരിത്രവൽക്കരണവും ചരിത്രത്തിന്റെ രാഷ്ട്രീയവൽക്കരണവും മുഖ്യ കലാനുഭവമാകുന്ന രീതികളും. സമകാല, ലോക, ജീവിതങ്ങളിൽ നിന്നെന്നതിനെക്കാൾ മിത്തിക്കൽ, ഭൂതകാല ഭാവനകളിൽ നിന്നാണ് മലയാളനോവൽ മാജിക്കൽ റിയലിസത്തിന്റെ ഭാവതലം കണ്ടെടുത്തത് എന്നതുതന്നെയാണ് ഇതിനു കാരണം.

കോവിലൻ, വി. കെ. എൻ, വിജയൻ, ആനന്ദ്, സക്കറിയ, സേതു, വി. പി. ശിവകുമാർ, പുനത്തിൽ കുഞ്ഞബ്ദുള്ള, പത്മരാജൻ, എം. പി. നാരായണപിള്ള, ടി. വി. കൊച്ചുബാവ, കെ. പി. നിർമ്മൽകുമാർ, മേതിൽ രാധാകൃഷ്ണൻ, അയ്മനം ജോൺ, ജോൺ എബ്രഹാം, സി. അയ്യപ്പൻ, എൻ. പ്രഭാകരൻ, എൻ. എസ്. മാധവൻ എന്നിങ്ങനെ 1980കളിൽ കഥയിലും നോവലിലും മാജിക്കൽ റിയലിസവും മിത്തുകളുടെയും ചരിത്രത്തിന്റെയും കലർപ്പുകളും ചേർത്ത് ലാറ്റിനമേരിക്കൻ ഭാവലോകത്തെ മലയാളീകരിച്ച നിരവധി എഴുത്തുകാരുണ്ട്. താന്താങ്ങളുടെ കഥാ

മണ്ഡലങ്ങളിൽ തമ്മിൽ തമ്മിൽ ഭിന്നമായ പ്രമേയങ്ങളും സ്ഥലകാല പശ്ചാത്തലങ്ങളും സൗന്ദര്യരാഷ്ട്രീയങ്ങളും ആഖ്യാനകലയും ഭാഷണശൈലിയും പ്രകടിപ്പിക്കുമ്പോൾ തന്നെ ഈ എഴുത്തുകാർ ഒന്നടങ്കം തങ്ങളുടെ നിരവധി രചനകളിൽ മേല്പറഞ്ഞ ആഖ്യാനസങ്കേതങ്ങൾ പുനഃസൃഷ്ടിക്കുകയായിരുന്നു. വിവർത്തനങ്ങളിലൂടെ മാർക്കേസും ഇതര ലാറ്റിനമേരിക്കൻ കഥാകൃത്തുക്കളും മലയാളത്തിൽ പരിചിതരാകുന്ന ദശകമാണിത്. ഇവിടെ പേരു സൂചിപ്പിച്ച ഒന്നോ രണ്ടോ തലമുറ എഴുത്തുകാർക്കൊപ്പം, വായനക്കാരും പുതുതലമുറ എഴുത്തുകാരും ബഹുഭ്രരിപക്ഷവും ഈ വിവർത്തനങ്ങൾ വായിച്ചാണ് ലാറ്റിനമേരിക്കൻ സാഹിത്യം പരിചയപ്പെട്ടത്. എം. ടി. യും എം. കൃഷ്ണൻനായരും വിലാസിനിയും കെ. രാഘവൻപിള്ളയും വി. രാജകൃഷ്ണനുമുൾപ്പെടെയുള്ളവരുടെ നിരൂപണ, ലേഖനങ്ങൾ ഈ സാഹിത്യാവബോധത്തെ ഒരു അഭിരുചിവിപ്ലവമാക്കി മാറ്റുന്നതിൽ വലിയ പങ്കുവഹിക്കുകയും ചെയ്തു. തൊട്ടടുത്ത ദശകമാകുമ്പോഴേക്കും ഈ വായനയുടെയും വിവർത്തനത്തിന്റെയും എഴുത്തിന്റെയും തരവും തോതും വർധിക്കുകയും ചെയ്തു. പൊതുവെ ബൂം സാഹിത്യമാണ് ഈ രണ്ടു ദശകങ്ങളിലും മലയാളി പരിചയപ്പെട്തും കഥാസാഹിത്യത്തിലെ അസാധാരണമായ ഒരു ഭാവുകത്വവ്യതിയാനമായി തിരിച്ചറിഞ്ഞതും. സോവിയറ്റ് യൂണിയന്റെ തകർച്ചക്കു മുൻപുതന്നെ കേരളത്തിൽ സോവിയറ്റ് സാഹിത്യത്തിനു കനത്ത തിരിച്ചടി നേരിട്ടു തുടങ്ങിയിരുന്നു. ഈ പശ്ചാത്തലത്തിൽ, ലാവണ്യശാസ്ത്രപരവും പ്രത്യയശാസ്ത്രപരവുമായ ഒരു പുതിയ മേച്ചിൽപ്പുറം മലയാളി കണ്ടെത്തുകയായിരുന്നു ലാറ്റിനമേരിക്കൻ കഥാസാഹിത്യത്തിൽ.

ലാറ്റിനമേരിക്കൻ മാജിക്കൽ റിയലിസത്തെ കേരളീയ ഫാന്റസികളുമായി കോർത്തിണക്കുകയാണ് മലയാള കഥാകൃത്തുക്കൾ പൊതുവെ ചെയ്തത്. സാങ്കേതികമായി, ലാറ്റിനമേരിക്കൻ ഭാവനയുടെ വന്യതയും അപൂർവതയും അതിയാഥാർഥ്യവും നിറഞ്ഞ മാജിക്കൽ റിയലിസ്റ്റ് രീതി അതേപടി അനുകരിക്കാനല്ല അവർ ശ്രമിച്ചത്. കഥപറച്ചിലിന്റെ അന്തരീക്ഷത്തിലും കലാനുഭൂതിയിലും തങ്ങളുടെ തന്നെ മുൻകാല കൃതികളിൽനിന്നു പാടെ ഭിന്നമായ സങ്കേതങ്ങൾ പരീക്ഷിക്കാൻ ഈ എഴുത്തുകാർ തയ്യാറായതിന്റെ കാരണം തീർച്ചയായും മറ്റൊന്നല്ല. കോവിലനും മുകുന്ദനും വിജയനും ആനന്ദും കുഞ്ഞബ്ദുള്ളയും പത്മരാജനുമൊക്കെ 80കൾക്കു മുൻപുവതരിപ്പിച്ച രചനാപദ്ധതികളിൽ നിന്ന് ബഹുദൂരം മുന്നോട്ടുപോയത് ഈ സ്വാധീനത്തിലാണ്. ചെറുകഥയിൽ ശിവകുമാറും സക്കറിയയും ജോണും നിർമ്മൽകുമാ

റും അയ്യപ്പനും മാധവനും മറ്റും അവതരിപ്പിച്ച ആഖ്യാനകലയും ജീവിതത്തെക്കുറിച്ചുള്ള കടങ്കഥാ സമാനമായ ഭാഷണങ്ങളും ലാബിറിന്തൻ ഘടനകളും ശ്രദ്ധിക്കുക. മിത്തുകളെ ചരിത്രവൽക്കരിച്ചുകൊണ്ട് നാലാമത്തെ ആണി, ഗോവർധൻ, ആറാമത്തെ വിരൽ തുടങ്ങിയ കഥകളിൽ ആനന്ദ് ചെയ്തതും മറ്റൊന്നല്ല. എങ്കിലും കഥകളിലെക്കാൾ നോവലുകളിലാണ് മാജിക്കൽ റിയലിസത്തിന്റെ മാന്ത്രികഭാവന പ്രവർത്തിച്ചത് എന്നു കാണാം. ചാവുനിലം, തലമുറകൾ, ദൈവത്തിന്റെ വികൃതികൾ, തട്ടകം, ലന്തൻബത്തേരിയിലെ ലുത്തിനിയകൾ, സൂഫി പറഞ്ഞ കഥ, രാജാക്കന്മാരുടെ പുസ്തകം, മരക്കാപ്പിലെ തെയ്യങ്ങൾ, കൊരുവാനത്തിലെ പൂതങ്ങൾ, മനുഷ്യന് ഒരാമുഖം, മീശ. . . എന്നിങ്ങനെ മിത്തും ചരിത്രവും കൂട്ടിക്കലർത്തി കഥകളുടെ വന്യഭ്രമികയൊരുക്കി ഇക്കഴിഞ്ഞ നാല് ദശകങ്ങളിൽ മലയാളത്തിൽ രചിക്കപ്പെട്ട എത്രയെങ്കിലും നോവലുകളിൽ ഈ സങ്കേത/സമീപനത്തിന്റെ മികച്ച മാതൃകകൾ കാണാം. കോവിലന്റെ തട്ടകം ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ട രചനയാണ്.

'ഏകാന്തതയുടെ നൂറുവർഷങ്ങൾ' അസാധാരണമാംവിധം സ്വാധീനിച്ച രചനയാണ് 'തട്ടകം'. മിത്തും ചരിത്രവും തമ്മിലുള്ള കലർപ്പിൽ, മാജിക്കൽ റിയലിസത്തിന്റെ സൂക്ഷ്മഭാവസാന്നിധ്യങ്ങളിൽ, സാംസ്കാരിക ഭ്രമിശാസ്ത്രത്തിന്റെ സിരാപടലങ്ങളിൽ, ഗോത്ര, കുടുംബവൃക്ഷങ്ങളുടെ പടർച്ചയിൽ ഒക്കെ മലയാളത്തിലെഴുതപ്പെട്ട ഏറ്റവും ശ്രദ്ധേയമായ ഒരു 'ലാറ്റിനമേരിക്കൻ' നോവലാകുന്നു, 'തട്ടകം'. കഥനങ്ങളും അതികഥനങ്ങളും പ്രതികഥനങ്ങളും കൊണ്ടു സൃഷ്ടിക്കുന്ന രാവണൻകോട്ട പോലെ നോവലിനെ ഒരു മായികാനുഭൂതിയാക്കി മാറ്റുന്നതിൽ മാധവനും ഹരീഷും ഉൾപ്പെടെയുള്ളവർ കൈവരിക്കുന്ന വിജയത്തിനു പിന്നിലെ ഏറ്റവും വലിയ ഭാവരഹസ്യവും മറ്റൊന്നല്ല. തൊണ്ണൂറുകളിൽ സാഹിത്യരംഗത്തു കടന്നുവന്ന കെ. പി. ഉണ്ണി, ഇ. സന്തോഷ്കുമാർ, സുഭാഷ്ചന്ദ്രൻ, എസ്. ഹരീഷ്, സന്തോഷ് ഏച്ചിക്കാനം, അംബികാസുതൻ മാങ്ങാട്, ടി. ഡി. രാമകൃഷ്ണൻ തുടങ്ങിയവരും പുതിയ നൂറ്റാണ്ടിൽ നോവൽ, കഥാരംഗത്തേക്കു കടന്നുവന്ന രാജു കെ. വാസു, ടി. പി. രാജീവൻ, ഉണ്ണി ആർ., രാമചന്ദ്രൻ, കെ. ആർ. മീര, യമ, ഇന്ദുമേനോൻ, വിനോയ് തോമസ്, കെ. എൻ. പ്രശാന്ത്, വിവേക് ചന്ദ്രൻ, പ്രവീൺ ചന്ദ്രൻ, ഷനോജ് ആർ. ചന്ദ്രൻ തുടങ്ങിയവരും ലാറ്റിനമേരിക്കൻ കഥാഭാവനയുടെ മാന്ത്രികദൂരങ്ങൾ സാകൂതം നീന്തിക്കടന്നവരാണ്. ഒരാളുമില്ല, മാജിക്കൽ റിയലിസത്തിന്റെയും മിത്തിക്കൽ റിയലിസത്തിന്റെയും ചരിത്രവിജ്ഞാനീയപരമായ

അതികഥനത്തിന്റെയും ജനപ്രിയ കുറ്റാന്വേഷണത്തിന്റെയും തീവ്രകാമനകളുടെയും ലാറ്റിനമേരിക്കൻ ഭാവലോകങ്ങൾ സ്വാംശീകരിക്കാത്തവരായി.

ഇക്കാലയളവിൽ തന്നെ, നോവൽ, കഥാരംഗത്ത് ലാറ്റിനമേരിക്കൻ ഭാവനയെ സവിശേഷമായി സ്വാംശീകരിച്ച മറ്റൊരു വിഭാഗം എഴുത്തുകാരെ വേറിട്ടുകാണേണ്ടതുണ്ട്.

പോഞ്ഞിക്കര റാഫി രൂപം കൊടുത്ത ആധുനികതാവാദ മലയാളനോവലിന്റെ ഒരു സാംസ്കാരിക ഭ്രമിശാസ്ത്ര ഭ്രമികയിൽനിന്നു തുടങ്ങി ലാറ്റിനമേരിക്കൻ നോവലിന്റെ നിരവധി ആഖ്യാനസങ്കേതങ്ങളെയും സമീപനങ്ങളെയും മലയാളഭാവനയിലേക്ക് ഏറ്റവും സ്വാഭാവികമായി പറിച്ചുനട്ടത് ഇവരാണ്. പി. എഫ്. മാത്യൂസ്, ജോണി മിറാൻഡ, സെബാസ്റ്റ്യൻ പള്ളിത്തോട്, കെ. എ. സെബാസ്റ്റ്യൻ, ജോർജ് ജോസഫ് കെ, തോമസ് ജോസഫ്, പി. ജെ. ജെ. ആന്റണി, ജോജോ ആന്റണി തുടങ്ങിയവരാണ് ഈ എഴുത്തുകാർ. ലാറ്റിനമേരിക്കൻ മാജിക്കൽ റിയലിസത്തിന് മലയാള കഥാസാഹിത്യത്തിലുണ്ടായ ഏറ്റവും മികച്ച മാതൃകകൾ ഇവരുടേതാണ്. മാജിക്കൽ റിയലിസത്തിൽ മാത്രമല്ല, മിത്തുകളുടെ ചരിത്രവൽക്കരണത്തിലും ചരിത്രത്തിന്റെ രാഷ്ട്രീയത്തിലും പ്രാദേശികതയുടെ സൂക്ഷ്മസാംസ്കാരികതയിലും ഹിംസയുടെ രക്തഭാവനയിലും നെടുകെപിളർന്ന കപ്പലുകൾ പോലുള്ള കുടുംബങ്ങളുടെ ജലജീവിതങ്ങളിലുമൊക്കെ ഈ എഴുത്തുകാരുടെ നോവലുകളും കഥകളും പിന്തുടരുന്ന ഭാവപഥങ്ങളിൽ ലാറ്റിനമേരിക്കൻ ഫിക്ഷന്റെ അടിയൊഴുക്ക് ഏറെ പ്രകടമാണ്. ഈ ഗണത്തിൽ ചേർത്തുവായിക്കണം എൻ. എസ്. മാധവന്റെ 'ലന്തൻ ബത്തേരിയിലെ ലുത്തിനിയകളും വി. ജെ. ജയിംസിന്റെ പുറപ്പാടിന്റെ പുസ്തക'വും. പോർട്ടുഗീസ്, ഡച്ച് കൊളോണിയൽ ചരിത്രകാലത്തെയും കത്തോലിക്കാ മതസംസ്കൃതിയെയും കൊച്ചിയുടെ തീരദേശ ദ്വീപസമൂഹങ്ങളെയും കാപ്പിരിമുത്തപ്പനെപ്പോലുള്ള മിത്തുകളെയും ഗൃഹകാമനകളുടെ തീക്ഷ്ണലോകങ്ങളെയും ഭ്രാന്തിന്റെയും ഹിംസയുടെയും വിഭ്രാമകസ്വത്വങ്ങളെയും കേന്ദ്രീകരിച്ച് റാഫി തുടക്കമിട്ട മലയാള നോവലിലെ യഥാർഥ 'ലാറ്റിൻ' പാരമ്പര്യത്തിന്റെ മികച്ച പിന്തുടർച്ചയാണ് മേല്പറഞ്ഞ മിക്ക എഴുത്തുകാരുടെയും കൃതികൾ. ചാവുനിലം, അടിയാളപ്രേതം (മാത്യൂസ്), ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയുള്ള ഒപ്പീസ്, നനഞ്ഞ മണ്ണടരുകൾ (മിറാൻഡ), ആഞ്ഞൂസ് ദേയി (പള്ളിത്തോട്), രാജാക്കന്മാരുടെ പുസ്തകം (സെബാസ്റ്റ്യൻ), ലന്തൻബത്തേരിയിലെ ലുത്തിനിയകൾ (മാധവൻ) എന്നിവ എടുത്തുപറയേണ്ടവ

യാണ്. മാജിക്കൽ റിയലിസത്തെയും കൊളോണിയൽ ചരിത്രത്തെയും മിത്തുകളെയും സവിശേഷമായ ഒരു ഭാവനാഭ്രപടത്തിൽ സന്നിവേശിപ്പിച്ചെഴുതപ്പെട്ട ഈ നോവലുകൾ പോലെ മികച്ച രീതിയിൽ ലാറ്റിനമേരിക്കൻ മാജിക്കൽ റിയലിസത്തെ മലയാളീകരിച്ച മറ്റൊരു കഥാസാഹിത്യഭാവന ഭാഷയിൽ വേറൊന്നില്ല.

അധികാരത്തിന്റെ സ്ഥൂലവും സൂക്ഷ്മവുമായ രാഷ്ട്രീയങ്ങൾ പ്രത്യക്ഷവും പരോക്ഷവുമായി കഥകളിലും നോവലുകളിലും പുനഃസൃഷ്ടിക്കുന്നതിലും സറ്റയർ മുതൽ അലിഗറി വരെയുള്ള കലാപദ്ധതികളെ രാഷ്ട്രീയനോവലുകളുടെയും കഥകളുടെയും ആഖ്യാനകലയാക്കി മാറ്റുന്നതിലും ആനന്ദും വി. കെ. എന്നും വിജയനും സുകുമാരനും സക്കറിയയും മാധവനും അയ്യപ്പനും മുതൽ ഹരീഷും വിനോയിയും വരെയുള്ളവർ ഏറിയും കുറഞ്ഞും ലാറ്റിനമേരിക്കൻ കഥാസാഹിത്യസങ്കേതങ്ങൾ തന്നെയാണ് പിന്തുടർന്നത് എന്നു കാണാം. രാഷ്ട്രീയ ഏകാധിപതികളെക്കുറിച്ചെഴുതപ്പെട്ട വിഖ്യാത ലാറ്റിനമേരിക്കൻ നോവലുകൾക്കു പിന്നിൽ കാഫ്കയുടെയും ഓർവെല്ലിന്റെയും മറ്റും സ്വാധീനമുണ്ട്. ധർമ്മപുരാണം, മരുഭ്രമികൾ ഉണ്ടാകുന്നത്, അധികാരം, ഭാസ്കരപട്ടേലരും എന്റെ ജീവിതവും തുടങ്ങിയ നോവലുകളുടെ കലയും പ്രത്യയശാസ്ത്രവും മേല്പറഞ്ഞ യൂറോപ്യൻ-ലാറ്റിനമേരിക്കൻ രാഷ്ട്രീയ നോവലുകളിൽനിന്ന് ഒരുപോലെ പ്രചോദനം നേടി രൂപംകൊണ്ടവയാണ് എന്നു കാണാം. കാഫ്കയുടെ കോട്ടയും ഓർവെല്ലിന്റെ 1984ഉം അസ്റ്റൂറിയാസിന്റെ I The President ഉം മാർക്കേസിന്റെ Autumn of the Patriarch ഉം ഈ നോവലുകളുടെ രാഷ്ട്രീയാബോധമായി നിലനിൽക്കുന്നു. എം. സുകുമാരന്റെയും പി. കെ. നാണുവിന്റെയും സക്കറിയയുടെയും നിർമ്മൽകുമാറിന്റെയും ചെറുകഥകളാണ് ഈ രാഷ്ട്രീയാബോധത്തെ സ്വാംശീകരിച്ച മറ്റൊരു വിഭാഗം രചനകൾ. ബോർഹെസിയൻ കഥകളുടെ ആഖ്യാന-പ്രത്യയശാസ്ത്ര സ്വാധീനം മുൻപുതന്നെ ശിവകുമാറിന്റെയും സക്കറിയയുടെയും കഥകളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടല്ലോ.

മാർക്സിസത്തിന്റെ പ്രത്യയശാസ്ത്ര പ്രതിസന്ധികളും കമ്യൂണിസ്റ്റ് ഭരണകൂടങ്ങളുടെ കിരാതചരിതങ്ങളും ലാറ്റിനമേരിക്കൻ വിപ്ലവപ്രസ്ഥാനങ്ങളുടെ അപാരമായ ചരിത്രവിപര്യയങ്ങളും സൃഷ്ടിച്ച സാംസ്കാരിക തമോഗർത്തങ്ങൾ മലയാള കഥാസാഹിത്യത്തെ വിഴുങ്ങിയതും മേല്പറഞ്ഞപോലെ യൂറോപ്യൻ-ലാറ്റിനമേരിക്കൻ ഫിക്ഷന്റെ ഉഭയസ്വാധീനത്തിലാണ്. കാമു മുതൽ കുന്ദേര വരെയുള്ള യൂറോപ്യൻ എഴുത്തുകാരും മാർക്കേസ് മുതൽ യോസ വരെയുള്ള ലാറ്റിനമേരിക്കൻ

എഴുത്തുകാരും ഈ സ്വാധീനത്തിന പിന്നിലുണ്ട്. വിജയനും ആനന്ദും സുകുമാരനും സക്കറിയയും വി. കെ. എന്നും നിർമ്മൽകുമാറും മാധവനും പ്രഭാകരനും മുതൽ പി. ജെ. ജെ. ആന്റണിയും ഹരിദാസും ഇ. സന്തോഷ്കുമാറും എസ്. ഹരീഷും വിനോയ് തോമസും യമയും വരെയുള്ള എഴുത്തുകാരുടെ എത്രയെങ്കിലും രചനകൾ മലയാളകഥയിലെ പോസ്റ്റ് കമ്യൂണിസ്റ്റ്/പോസ്റ്റ്-മാർക്സിസ്റ്റ് രാഷ്ട്രീയ കഥകളുടെ ഒരു പ്രസ്ഥാനത്തിനുതന്നെ രൂപം കൊടുത്തത് ശ്രദ്ധിച്ചാൽ ഇതു മനസ്സിലാകും.

സമീപകാല മലയാള കഥാസാഹിത്യത്തിൽ വന്യമായ കാമനകളുടെ ഹിംസാത്മകമായ കെട്ടഴിയലുകൾ മനുഷ്യാസ്തിത്വത്തിനു നിർമ്മിച്ചുകൊടുക്കുന്ന അസാധാരണമാംവിധം തീക്ഷ്ണമായ ഭാവനാജീവിതങ്ങൾക്കു പിന്നിൽ ലാറ്റിനമേരിക്കൻ കഥാസാഹിത്യത്തിന്റെ പ്രഭാവം പ്രകടമാണ്. രതിയുടെയും ഹിംസയുടെയും ബഹുസ്വരലോകങ്ങൾ ഇത്രമേൽ കാമനാനിർഭരമായി മലയാളകഥയെ ആവേശിച്ച മറ്റൊരു കാലമില്ല. ആൺ, പെൺ എഴുത്തുകാരിൽ ഒരുപോലെ പ്രകടമാണ് ശരീരരാഷ്ട്രീയത്തിന്റെ ഈ ലാവണ്യഭ്രപടം. സന്തോഷ്കുമാർ, സുഭാഷ്ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ഇന്ദുമേനോൻ, ഉണ്ണി, ഹരീഷ്, വിനോയ്, മീര, യമ, പ്രശാന്ത്, ഷനോജ്, മിനി എന്നിങ്ങനെ ഏതെഴുത്തുകാരെയും നോക്കൂ. ഇവരുടെ മികച്ച രചനകൾ ഓരോന്നും ഈയൊരു ഭാവലോകത്തിന്റെ കഥാപാഠങ്ങളാകുന്നു.

ചേക്ക, പ്രകാശദൂരങ്ങൾ, മൂന്ന് അന്ധന്മാർ ആനയെ വിവരിക്കുന്നു, ആദിമൂലം, പാവകളുടെ വീട്, ചാവുകളി, പരുന്ത്. എന്നിങ്ങനെ സന്തോഷ്കുമാറിന്റെ നിരവധി കഥകളിൽ ലാറ്റിനമേരിക്കൻ ഭാവനയുടെ മികച്ച സ്വാംശീകരണം കാണാം. രസവിദ്യയുടെ ചരിത്രം, ആദം, മാവോയിസ്റ്റ്, അഷൻ, ചൂണ്ടക്കാരൻ തുടങ്ങിയ ഹരീഷിന്റെ കഥകളുടെ മാന്ത്രികമായ ലാവണ്യകലയ്ക്കുള്ളതും മറ്റൊരു ഭാവബന്ധമല്ല. വിനോയിയുടെ പുറ്റ്, ഉടമസ്ഥൻ, കളിഗെമിനാറിലെ കൂറ്റവാളികൾ തുടങ്ങിയ രചനകൾ അടിമുടി ഈ താവഴിയിൽ രൂപംകൊണ്ടവയാണ്. ഷനോജ് ചന്ദ്രന്റെ കൂട്ടനാടൻ കഥകളാണ് ഈ ജനുസ്സിലെ ഏറ്റവും പുതിയ, മികച്ച രചനകൾ. 'ധർമ്മപുരാണം' മുതൽ 'പൊനം' വരെയും 'അന്ധകാരനഴി' മുതൽ 'ഇട്ടിക്കോര' വരെയും മരുഭ്രമികൾ ഉണ്ടാകുന്നത്' മുതൽ '9 എം. എം. ബുള്ളറ്റ്' വരെയുമുള്ള നോവലുകളിലെ ഹിംസാഭ്രപടം ഒന്നു നിവർത്തി നോക്കൂ. ആധുനികാനന്തര മലയാള കഥാസാഹിത്യത്തിലെ ഹിംസാരാഷ്ട്രീയത്തെ ഇത്രമേൽ മൂർത്തമായി രൂപപ്പെടുത്തുന്നതിൽ ലാറ്റിനമേരിക്കൻ കഥാസാഹിത്യം പോലെ വലിയ സ്വാധീനം

മറ്റൊന്നില്ല എന്നു വ്യക്തമാകും. കോളനിയനന്തരവാദ-ദേശീയതാരാഷ്ട്രീയത്തിന്റെ വിമർശനപാഠങ്ങളായി നോവലിനെ മാറ്റുന്നതിൽ സൽമാൻ റുഷ്ദിയെപ്പോലുള്ളവരെ സ്വാധീനിച്ച ലാറ്റിനമേരിക്കൻ സാഹിത്യചിന്തകളും നോവൽപാഠങ്ങളും ശ്രദ്ധിച്ചാൽ, 'ആരാച്ചാർ' മുതൽ 'ബുധിനി' വരെയും 'സുഗന്ധി' മുതൽ 'ആഗസ്റ്റ് 17' വരെയുമുള്ള നോവലുകളുടെ കലയും പ്രത്യയശാസ്ത്രവും മറ്റൊരു തലത്തിൽ ലാറ്റിനമേരിക്കൻ നോവലിന്റെ പ്രഭാവം എങ്ങനെ സർഗാത്മകമായി സ്വാംശീകരിച്ചു എന്നു മനസ്സിലാകും.

കഥപറച്ചിലിന്റെ കലയിൽ, മലയാള കഥാസാഹിത്യം 1980കൾ തൊട്ടിങ്ങോട്ട് വെട്ടിയെടുത്തിട്ടുള്ള മിക്ക കൈവഴികളിലും ലാറ്റിനമേരിക്കൻ കഥാഖ്യാനകലയുടെ പ്രേരണകൾ കാണാം. ഭാഷയുടെയും ഭാഷണത്തിന്റെയും ഘടനയിൽ, രൂപകങ്ങളുടെ കലയിൽ. കഥാരംഭത്തിന്റെയും കഥാന്ത്യത്തിന്റെയും ശൈലിയിൽ, അധികഥനത്തിന്റെ രീതിയിൽ ഒക്കെ വ്യക്തമാകും ഈ ഭാവുകത്വം. ബോർഹെസ് സക്കറിയയെയും ശിവകുമാറിനെയും മറ്റും സ്വാധീനിച്ചതിനെക്കുറിച്ച് സൂചിപ്പിച്ചു. മാധവന്റെയും അയ്യപ്പന്റെയും കഥകളാണ് ഘടനയിൽ തികച്ചും ഭിന്നമായ രൂപ-ഭാവ ബന്ധങ്ങൾ പ്രകടിപ്പിക്കുന്ന മറ്റൊരു വിഭാഗം. നിർമ്മൽകുമാറും അയ്മനം ജോണും എഴുതിയ പല കഥകളിലും ആഖ്യാനകലയുടെ ലാറ്റിനമേരിക്കൻ സ്വാധീനം കാണാം. പുതിയ തലമുറയിൽ സന്തോഷ്കുമാറിന്റെയും ഹരീഷിന്റെയും വിനോയിയുടെയും ദേവദാസിന്റെയും വിവേക് ചന്ദ്രന്റെയും ഷനോജിന്റെയും പ്രവീണിന്റെയും കഥകളാണ് തികച്ചും പുതുമയാർന്ന ഭാഷണ-ആഖ്യാനകലകൾ പ്രകടിപ്പിക്കുന്നത്. ഈയെഴുത്തുകാരുടെ രചനകൾ ഏതും വായിക്കുക. ഇതു വ്യക്തമാകും. മേല്പറഞ്ഞവരിൽ നോവൽ എഴുതിയ മുഴുവൻ പേരുടെയും രചനകൾ കഥയിലേതുപോലെതന്നെ പ്രകടമാംവിധം ലാറ്റിനമേരിക്കൻ ഭാവനയുടെ സ്വാധീനത്തിൽ പെട്ടിട്ടുണ്ട്. ഡോക്യുഫിക്ഷൻ മുതൽ മെറ്റഫിക്ഷൻ വരെയും പോപ്പുലർ ഫിക്ഷൻ മുതൽ ക്രൈം ഫിക്ഷൻ വരെയുമുള്ളവ ലാറ്റിനമേരിക്കൻ പോസ്റ്റ് ബൂം പ്രസ്ഥാനത്തിന്റെ മുഖമുദ്രകളാണ്. മലയാളത്തിലും 1990കൾക്കു ശേഷം ഈ നാലു വിഭാഗത്തിലും പെട്ട നിരവധി നോവലുകൾ മേല്പറഞ്ഞ പോസ്റ്റ് ബൂം നോവലുകളുടെ സ്വാധീനത്തിൽ രൂപം കൊണ്ടിട്ടുണ്ട്. ഗോവർധന്റെ യാത്രകൾ, അന്ധകാരനഴി, മരക്കാപ്പിലെ തെയ്യങ്ങൾ, പാലേരിമാണിക്യം, മാതംഗിഹാം, കഷ്ലിനെക്കുറിച്ച് ഒരു വിചിത്രപുസ്തകം, സമുദ്രശില, പൂറ്റ്, പൊനം, ആഗസ്റ്റ് 17, അപൂർണതയുടെ ഒരു പുസ്തകം,

ഛായാമരണം, ജ്ഞാനഭാരം, 9 എം. എം. ബരേറ്റ എന്നിങ്ങനെ ഏതു രചനയും വായിക്കു. മാർക്കേസ് മുതൽ ബൊളാനോ വരെയും അലൻഡെ മുതൽ കൊയ്ലോ വരെയുമുള്ള എഴുത്തുകാരുടെ സൂക്ഷ്മതലസാന്നിധ്യങ്ങൾ ഏതെങ്കിലും തലത്തിൽ ഇവയിൽ കണ്ടെത്താൻ കഴിയും.

നിശ്ചയമായും ഈ പറഞ്ഞ സ്വാധീനങ്ങൾ മലയാള കഥാസാഹിത്യരചനകളുടെ കലാമൂല്യം കൂറയ്ക്കുകയല്ല, മലയാളഭാവനയുടെ ആധുനികതാവാദ, ആധുനികാനന്തര ലാവണ്യലോകങ്ങളെ അസാധാരണമാംവിധം നവീകരിക്കുകയും വൈവിധ്യവൽക്കരിക്കുകയുമാണ് ചെയ്യുന്നത്.

(ലാറ്റിനമേരിക്കൻ നോവലിന്റെ രാഷ്ട്രീയ ചരിത്രവും ഭാവുകത്വപ്രസ്ഥാനങ്ങളും വിശദമായി മനസ്സിലാക്കാൻ കാണുക, ഷാജി ജേക്കബ്, 2003, നോവൽ: ചരിത്രത്തിന്റെ പാഠഭേദം, കറന്റ് ബുക്സ്, തൃശ്ശൂർ.)

സഹായക ഗ്രന്ഥങ്ങൾ

1. ഷാജി ജേക്കബ്, നോവൽ: ചരിത്രത്തിന്റെ പാഠഭേദം, കറന്റ് ബുക്സ്, തൃശ്ശൂർ, 2003.
2. സന്തോഷ്കുമാർ, ഇ., മഷിയിൽ വരച്ച പൈൻമരത്തിന്റെ ചിത്രം, ബുക്കർ മീഡിയ പബ്ലിക്കേഷൻസ്, 2022.
3. Donald Shaw, The Post-Boom in Spanish American Fiction, State University of New York Press, 1998.
4. Kundera, Milan, Encounter, Faber and Faber, 2010.
5. Linda Hutcheon, The Politics of Post Modernism, Routledge, 2004.
6. Peter Gay, Modernism, Vintage, 2009.
7. Roberto Gonzalez Echevarria, Enrique Pupo Walter (eds.), The Cambridge History of Latin American Literature (3 volumes), Cambridge University Press, 1996.

ഊടി റിസർച്ച് ജേണൽ • ISSN: 2320-5880 • ഊടി 2015 - 16 • പുറം - 1 •

മുണ്ടമ്പ്രയുടെ വെള്ളപ്പൊക്കം ബഹുസ്വരതയുടെ കാവ്യസ്വരൂപം

ഡോ. എ. നുജൂം
പ്രൊഫസർ, മലയാളം, ആധുനികഭാരതീയഭാഷാവിഭാഗം
അലിഗഢ് മുസ്ലിം യൂണിവേഴ്സിറ്റി, അലിഗഢ്, യു. പി

പ്രബന്ധസംഗ്രഹം:

മൊയിൻകുട്ടിവൈദ്യരുടെ പിൻഗാമിയായ മുണ്ടമ്പ്ര ഉണ്ണിമമ്മദ് എന്ന അറബിമലയാള-ഇശൽക്കവി അധിനിവേശത്തിനും ആധുനികതയിലെ യൂറോകേന്ദ്രിതമായ എഴുത്തിനും ബദലായി തദ്ദേശീയവും കേരളീയവുമായ കാവ്യങ്ങൾ രചിച്ചു. അദ്ദേഹത്തിന്റെ കവിതകൾ സമകാലികകേരളത്തെ സാംസ്കാരികമായും രാഷ്ട്രീയമായും അഭിമുഖീകരിക്കുന്നു. മാനുഷികാവസ്ഥകളോട് സർഗാത്മകമായി പ്രതികരിക്കുന്നു. അതിൽ വെള്ളപ്പൊക്കം എന്ന കവിത ആധുനികതയുടെ കേന്ദ്രമായി വർത്തിച്ച മാനവതാവാദത്തെ അതിന്റെ ബഹുമുഖങ്ങളായി പാരിസ്ഥിതികമാനവികത, ഗഹനപരിസ്ഥിതി, ബഹുസ്വരത, ലിംഗസമത്വം, മനുഷ്യസമത്വം, പാർശ്വവത്ക്കരണം തുടങ്ങിയ ഉത്തരാധുനിക സങ്കൽപനങ്ങളുടെ സാന്നിധ്യം പ്രകടമാണ്. നദിയിലെ വെള്ളപ്പൊക്കത്തെ നേരിടുന്ന മനുഷ്യരുടെ സംഘബലത്തിൽ ജാതി, മതം, നിറം, സ്വദേശി, വിദേശി, ലിംഗഭേദം എന്ന വിഭജനങ്ങളെല്ലാം ലയിച്ചുചേരുന്ന അതിജീവനമ

ന്ത്രം കൃതിയിൽ നിറഞ്ഞു നിൽക്കുന്നു. താനുൾപ്പെടുന്ന മനുഷ്യരെ രക്ഷിക്കാൻ എന്തുസാഹസത്തിനും മുതിരുന്നവരെ കവിത അണിനിരത്തുന്നു. അധിനിവേശം തദ്ദേശീയരെ വിഭജിക്കുമ്പോഴും അതിനെ നേരിട്ട് മറികടക്കുന്ന ദേശസ്നേഹത്തെ അതനുസ്മരിപ്പിക്കുന്നു. സമകാലികരായ കവികൾ കാൽപനികരായി സ്വദേശത്തെയും സ്വദേശപ്രശ്നങ്ങളെയും കാണാതെപോകുമ്പോൾ നാട് നേരിടുന്ന അധിനിവേശത്തെയും വൈദേശികഭരണത്തെയും തിരിച്ചറിയുന്ന കവിയുടെ വെള്ളപ്പൊക്കം നാട്ടുമനുഷ്യരെ ഐകമത്യത്തിൽ ഏകോപിപ്പിക്കുവാൻ കാരണമാകുന്നു. മനുഷ്യരുൾപ്പടെയുള്ള പ്രകൃതിവസ്തുക്കൾ പ്രളയത്തിൽ ഒഴുകിപ്പോകുമ്പോഴുള്ള വേവലാതി ഇതുപോലെ പകർത്തുന്ന മറ്റൊരു കവിതയില്ല. അതിലെ ഉള്ളടക്കം സംവഹിക്കുന്ന ലോകവീക്ഷണത്തിലെ ഗഹനതയും ദാർശനികതയും മാനവികസ്നേഹവും പ്രകൃതിവീക്ഷണവും മറ്റും അപഗ്രഥിക്കുവാനാണ് ഈ പ്രബന്ധം പരിശ്രമിക്കുന്നത്.

താക്കോൽ വാക്കുകൾ:

മുണ്ടമ്പ്രഉണ്ണിമമ്മദ്, വെള്ളപ്പൊക്കം, ബഹുസ്വരത, പാരിസ്ഥിതികമാനവികത, ജൈവകവിത, തദ്ദേശീയത

ആമുഖം

യൂറോപ്യൻ അധിനിവേശത്തിന്റെ പ്രത്യയശാസ്ത്രം അതിന്റെ വ്യവഹാരമണ്ഡലത്തിലും രീതിശാസ്ത്രത്തിലും നമ്മുടെ മുഖ്യധാരാ സാഹിത്യത്തെ സ്വാധീനിക്കുക സ്വാഭാവികമാണ്. നവോത്ഥാനത്തിലാരംഭിക്കുന്ന ആധുനികതയിൽ (1880-1930) മലയാളത്തിലും അതാണ് സംഭവിച്ചത്. നവോത്ഥാന ആധുനികത മുന്നോട്ടു വയ്ക്കുന്ന പൌരബോധവും സാമൂഹ്യരാഷ്ട്രീയമൂല്യങ്ങളും മലയാളസാഹിത്യത്തെ നവീനമാക്കുമ്പോൾത്തന്നെ നമ്മുടെ കേരളീയവും തദ്ദേശീയവുമായ സംസ്കാരത്തിൽ നൂറ്റാണ്ടുകളിലൂടെ രൂപാന്തരം പ്രാപിച്ച മൂല്യങ്ങളെയും മാനവികവീക്ഷണങ്ങളെയും അവഗണിക്കുകയോ തമസ്കരിക്കുകയോ ചെയ്തു. ഏഷ്യൻ സംസ്കാരങ്ങളോടുള്ള യൂറോപ്പിന്റെ വരേണ്യമനോഭാവത്തെ എഡ്വേർഡ് സെയ്ദ് ഓറിയന്റലിസത്തിൽ അടയാളപ്പെടുത്തുന്നുണ്ടല്ലോ (2002:497). ഏഷ്യൻരാജ്യങ്ങളിലെ സാഹിത്യത്തിന്റെ

ഉദ്ദേശ്യലക്ഷ്യങ്ങളിൽ അത് അവിശ്വാസം പ്രകടിപ്പിക്കുന്നു. പൗരസ്ത്യസംസ്കാരം മനുഷ്യപുരോഗതിയെ നിശ്ചലമാക്കുന്ന ഒന്നാണ് എന്നവർ പ്രചരിപ്പിക്കുന്നു (2002:497). അടിസ്ഥാനരഹിതമായ ഈ 'മിത്ത്' പൗരസ്ത്യസാഹിത്യത്തെ സമീപിക്കുന്നതിലും പ്രവർത്തിക്കുന്നു. ഇന്ത്യയെയും കേരളത്തെയും സംബന്ധിച്ചിടത്തോളം, നിലവിലിരുന്ന ജാതിവരേണ്യതയും കടന്നുകയറിയ യൂറോവരേണ്യതയും ആധുനികതയുടെ വരവിലും വ്യാപനത്തിലും സമർത്ഥമായി ഇടപെടുന്നുണ്ട്.

പൌരസ്ത്യവാദവും മലയാളകവിതയും

ഇംഗ്ലീഷ്സാഹിത്യത്തിന്റെ സ്വാധീനത്തിൽ അരങ്ങേറിയ ആധുനികസാഹിത്യത്തിലും അതിന്റെ നിരൂപണത്തിലും ഈ സമീപനം കടന്നുകയറിയിട്ടുണ്ട്. മലയാളത്തിന്റെ ജൈവികമായ സംസ്കാരത്തെയും സാഹിത്യത്തെയും നമ്മുടെ ആധുനികതയിലെ സാഹിത്യനിരൂപകരും പഠിതാക്കളും സമീപിക്കുമ്പോൾ സംഭവിക്കുന്ന അപാകതകളിൽ പ്രധാനം ഓറിയന്റലിസത്തിന്റെ പൂർവ്വനിശ്ചിതമായ കാഴ്ചപ്പാടാണ്. ശ്രീനാരായണഗുരുവിന്റെയും ചട്ടമ്പിസ്വാമികളുടെയും മറ്റും അദ്ധ്യാത്മികകൃതികൾ, മൊയിൻകുട്ടിവൈദ്യരുടെയും മുണ്ടമ്പ്രയുടെയും മറ്റും അറബിമലയാളകൃതികൾ, പൊയ്കയിൽ അപ്പച്ചൻ തുടങ്ങിയവരുടെ ജാതിനിരാസകൃതികൾ എന്നിവയെ മുഖ്യധാരയിൽ പരിഗണിക്കാതെപോകുന്നതും അതുകൊണ്ടായിരുന്നു. ആധുനികതയുടെ അടിസ്ഥാനമൂല്യങ്ങളെ (സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം) ചരിത്രപരമായും സാംസ്കാരികമായും സമർപ്പിതബുദ്ധിയോടെയും ആഴത്തിൽ സമീപിച്ചവരായിരുന്നു അവർ. അതിന്റെ ഭാഗമായും തുടർച്ചയായും കേരളത്തിന്റെ സംസ്കാരത്തോട് പ്രതിപ്രവർത്തിച്ച അറബിമലയാളകവികളിൽ പ്രമുഖനായിരുന്ന മുണ്ടമ്പ്ര ഉണ്ണിമമ്മദ്. അദ്ദേഹത്തിന്റെ വെള്ളപ്പൊക്കം എന്ന പാട്ടുകവിത മുന്നോട്ടുവയ്ക്കുന്ന രൂപഭാവങ്ങളും മാനുഷികമൂല്യങ്ങളും യൂറോഅധിനിവേശത്തിനു വഴങ്ങാത്ത കേരളീയതയുടെ ധൈഷ്ണികസ്വത്വബോധത്തെ ബോധ്യപ്പെടുത്തുന്നതാണ്. 'പുരോഗതി' എന്ന സങ്കൽപനത്തെ അതിഭൗതികപരമായി സമീപിക്കുന്ന യൂറോവ്യവഹാരത്തിൽ നിന്ന് ഭിന്നമായി, അത് മിതഭൗതികപരമായിട്ടാണ് സമീപിക്കുന്നത്. യൂറോപ്യൻ കൊളോണിയലിസം മുന്നോട്ടുവയ്ക്കുന്ന വരേണ്യമാനവികതയെ വെള്ളപ്പൊക്കം ബഹുസ്വരമാനവികത കൊണ്ട് (Eco Humanism) പ്രതിരോധിക്കുന്നു.

ആധുനികതയും മലയാളസമൂഹവും

യൂറോപ്യൻസാഹിത്യത്തിലെ ആധുനികത പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ അവരുടെ സാമൂഹ്യമായ മണ്ഡലത്തെയാണ് പ്രധാനമായും വ്യവഹാരക്ഷമമാക്കിയത്. വ്യവസായവിപ്ലവാനന്തരമുള്ള നവോത്ഥാനയൂറോപ്പിലെ മനുഷ്യർ വ്യക്തിനിഷ്ഠമായ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വേവലാതികളിലേയ്ക്ക് പുരോഗമിച്ചിരുന്നു. ആ നിലയിൽ ചിന്തിക്കാവുന്നിടത്തോളം അവർ സാമ്പത്തികമായും സാമൂഹ്യമായും വികസിച്ചു. അതവരെസംബന്ധിച്ചുമാത്രമുള്ള വ്യവഹാരമായിരുന്നു. ആ അതിഭൌതിക-സാമൂഹികതയുടെ മാനസികവ്യാപാരങ്ങളാണ് സാഹിത്യത്തിൽ അവിടെ ആവിഷ്ക്കരിക്കപ്പെട്ടത്. ആ സാഹിത്യം അവരുടെ പൌരസമൂഹത്തെ കാൽപനികമാക്കാൻ പ്രാപ്തമായിരുന്നു. ഭൌതിക-ശാസ്ത്രവിദ്യാഭ്യാസം ഉൽപാദിപ്പിച്ച പുരോഗമനത്തിൽ രൂപംകൊണ്ട വർഗ്ഗഭേദം (മുതലാളിത്തം) ഒരു വരേണ്യന്യൂന പക്ഷത്തിന്റെ ജീവിതത്തെയാണ് മലയാള ആധുനികതയുടെ മുഖ്യധാരാസാഹിത്യത്തിൽ അതിന്റെ ആദ്യകാലങ്ങളിൽ പ്രശ്നവത്ക്കരിച്ചത്. യഥാർത്ഥത്തിൽ അത് യൂറോപ്യൻ ഭൌതികപുരോജീവിതമാതൃകയെ (devolopment model) മുന്നോട്ടു വയ്ക്കുകയായിരുന്നു. കേരളത്തിലെ തദ്ദേശമനുഷ്യരുടെ സമകാലികസംസ്കാരജൈവികതയിൽ പ്രകടമായിരുന്ന സാമൂഹികരാഷ്ട്രീയ യാഥാർത്ഥ്യങ്ങളെ അഭിസംബോധന ചെയ്യാൻ വേണ്ടവിധം പരിശ്രമിച്ചില്ല. ജാതിമതഭേദാതീതമായി 'സ്ഥിതിസമത്വം' എന്ന സങ്കൽപനത്തെ സഗൌരവം അതഭിസംബോധന ചെയ്യുന്നില്ല. 19-ആം നൂറ്റാണ്ടിന്റെ ഒടുവിലും 20-ആം നൂറ്റാണ്ടിന്റെ തുടക്കത്തിലും അതാണ് സംഭവിച്ചത്. ജാതിയെ അഭിസംബോധന ചെയ്യാതെ യൂറോപ്യൻ നവോത്ഥാനത്തെ പകർത്തുവാനാണ് ചിലരൊഴികെയുള്ളവർ ശ്രമിച്ചത്. സ്വദേശീയവും പരദേശീയവുമായ സംയുക്തവരേണ്യതയുടെ അകമ്പടിയിൽ നിന്ന് കുറച്ചെങ്കിലും അതിന് മോചനം സാധ്യമാകുന്നത് നോവൽ-ചെറുകഥാഖ്യാനങ്ങളിൽ തകഴിയും ബഷീറും ചെറുകാടും പൊറ്റക്കാടും ദേവുമെല്ലാം വരുന്നതോടെയാണ്.

എന്നാൽ മുഖ്യധാരയ്ക്ക് പുറത്ത്, സാധാരണക്കാരായ ജനസമൂഹത്തിന്റെ ജീവിതവും സംസ്കാരവും എഴുത്തിലേയ്ക്ക് കൊണ്ടുവന്നവരുണ്ടായിരുന്നു. യൂറോകേന്ദ്രിതമാക്കാൻ കൂട്ടാക്കാത്തതോ, അതിന്റെ സ്വാധീനത്തിൽ പെടാത്തതോ ആയ സാഹിത്യരൂപങ്ങൾ ഉണ്ടായിരുന്നു. അയ്യാവൈകുണ്ഠസ്വാമികളും തൈക്കാട് അയ്യാവും ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുവുമടങ്ങുന്ന പ്രത്യൽപന്നമതികളായ സാമൂ

ഹ്യനവോത്ഥാനവാദികൾ തങ്ങളുടെ കൃതികളിലൂടെ ലക്ഷ്യമിട്ടത് സമകാലികസാമൂഹികയാഥാർത്ഥ്യങ്ങളെയായിരുന്നു. അവർ മനുഷ്യരെ ഏകോദരസഹോദരങ്ങളാണെന്ന് ബോധ്യപ്പെടുത്താൻ ഭക്തിയുടെ കാവ്യഭാഷയെ ആദ്ധ്യാത്മികമായും തത്വചിന്താപരമായും പുതുക്കിപ്പണിതു. കവിതയുടെ പാട്ടുരൂപങ്ങളിലൂടെ പൊയ്കയിൽ അപ്പച്ചൻ[1] ജാതിപരമായ പാർശ്വവത്ക്കരണങ്ങളിൽ നിന്നുള്ള വിമോചനം ജൈവികമാക്കി. അറബിമലയാളത്തിലെ എഴുത്തുകാർ ചരിത്രത്തെയും സമകാലിക ജീവിതത്തെയും എഴുതുന്നുണ്ട്. (മണിപ്രവാളകവികൾ ഭാഷയുടെ തദ്ദേശീയതയെ സ്വാംശീകരിച്ചുകൊണ്ട് ജന്മിവ്യവസ്ഥയിലെ ഭോഗോപഭോഗാഭിലാഷങ്ങളെ ആവിഷ്ക്കരിച്ചത് മുഖ്യധാരയിലിടംപിടിച്ചു.) എന്നാൽ സംസ്കാരത്തെ/ചരിത്രത്തെ സമകാലികയാഥാത്ഥ്യങ്ങളുടെ വെളിച്ചത്തിൽ സമീപിച്ച കൃതികളെയും കവികളെയും മുഖ്യധാരാസാഹിത്യചരിത്രങ്ങൾ സ്വാഭാവികമായും അവഗണിക്കുകയായിരുന്നു.[2] യൂറോകേന്ദ്രിതമായ പുതുസാഹിത്യം ജാതിമേൽക്കോയ്മയുടെ പരിധികളിലാണ് പ്രായേണ നിലനിന്നിരുന്നത്. ആശാനും കെ. പി. കറുപ്പനുമൊഴികെയുള്ള കവികൾ ജാതിക്കീഴാളതയെ വലിയൊരുമാനവികപ്രശ്നമായി സമീപിക്കുന്നില്ല. വള്ളത്തോളും ഉള്ളൂരും ജിയും വൈലോപ്പിള്ളിയും പാലായുമടങ്ങുന്ന കവികളും അതിന് ഉദാഹരണമാണ്. എന്നാൽ ഇടശ്ശേരിയും വയലാറും മറ്റും വർഗ്ഗസമത്വത്തിനാണ് ജാതിനിരാസത്തേക്കാൾ പ്രാധാന്യം കൊടുത്തുകാണുന്നത്. നമ്മുടെ സംസ്കാരത്തിലെ വർഗ്ഗഭേദം ജാതിയിലൂടെ ന്യൂറ്റാണ്ടുകൾകൊണ്ട് ജനിതകമാക്കി പരിവർത്തിച്ചിരിക്കുന്നുവെന്ന് ശ്രീനാരായണഗുരു തിരിച്ചറിഞ്ഞതുകൊണ്ടാണ് തന്റെ കവിതകളിൽ ജാതിനിരാസം ആഴത്തിൽ കേന്ദ്രീകരിക്കപ്പെടുന്നത്. [3]

അറബിമലയാളത്തിലെ തദ്ദേശീയത

അറബിമലയാളത്തിലെ മൊയിൻകുട്ടിവൈദ്യരും മുണ്ടമ്പ്ര ഉണ്ണിമമ്മദും പുലിക്കോട്ടിൽ ഹൈദറും മറ്റും മലബാറിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ ജീവിതതലങ്ങളോട് നിയോക്ലാസിക്കുകളെയും റൊമാന്റിക്കുകളേയുംകാൾ ഫലപ്രദമായി പ്രതികരിച്ചവരാണ്. അതുകൊണ്ടുതന്നെ ഏകകാലികവും (സംസ്കാരം) ബഹുകാലികവുമായ (ചരിത്രം) കേരളത്തിന്റെ ജീവിതത്തോട് കൂടുതൽ യാഥാർത്ഥ്യബോധത്തോടെ ഇവർ പ്രതികരിക്കുന്നു. കവിത്രയമുൾപ്പടെയുള്ള ആധുനികരേക്കാൾ കേരളീയജീവിതസംസ്കാരം ഇവരുടെ കൃതികളിലനുഭവിക്കാം. ആശാൻ ജാതിയെ താത്വികമായി നേരിടുന്നു

വെങ്കിലും കേരളജീവിതസംസ്കാരം ദുരവസ്ഥയിൽ മാത്രമാണ് കുറെയെങ്കിലും കാണാനാകുന്നത്. കേരളത്തിന്റെ പ്രകൃതിയും ജാതിജീവിതവും അതിൽ ഭാഗികമായെങ്കിലും ചിത്രീകരിക്കപ്പെടുന്നുണ്ട്. മൊയിൻകുട്ടിവൈദ്യരാകട്ടെ സമകാലികകേരളത്തിലെ അധിനിവേശത്തോട് പടപ്പാട്ടുകളിൽ പ്രതീകാത്മകമായും (എലിപ്പട) സാംസ്കാരിക ചരിത്രപരമായും (മലപ്പുറം പടപ്പാട്ട്) സമീപിക്കുന്നു. പടപ്പാട്ടുകൾ പൊതുവെ ചരിത്രപരമാണ് (അബു, 1974 : 90). ചേറൂർപടപ്പാട്ട്, മണ്ണാർക്കാട്പടപ്പാട്ട്, മഞ്ചേരി പടപ്പാട്ട് തുങ്ങിയവ സാമ്രാജ്യത്വത്തിനെതിരെ പോരാടാൻ ഒരു ജനസമൂഹത്തെ ബുദ്ധിപരമായും വൈകാരികമായും സന്നദ്ധരാക്കുന്നതിന്റെ ഭാഗമായിരുന്നു. അതുകൊണ്ടുതന്നെ ബ്രിട്ടീഷ്സർക്കാർ അവയെ 1921ൽ കണ്ടുകൊയ്യുന്നുണ്ട്.[7]

മുണ്ടമ്പ്ര ഉണ്ണിമമ്മദിന്റെ സർഗ്ഗാത്മകഭാവന

മൊയിൻകുട്ടിവൈദ്യരുടെ സമകാലികനായിരുന്ന മുണ്ടമ്പ്ര ഉണ്ണിമമ്മദിന്റെ കൃതികളാകട്ടെ പ്രധാനമായും സമകാലികകേരളത്തിന്റെ സാംസ്കാരികവും ചരിത്രപരവുമായ സന്ദർഭത്തോട് പല തലങ്ങളിൽ സർഗ്ഗാത്മകമായി പ്രതികരിക്കുന്നവയായിരുന്നു. അദ്ദേഹത്തിന്റെ 'കൊടികേറ്റമാല' (1917) ഒരു നാടിന്റെ സാംസ്കാരികജീവിതസംഘർഷത്തെ അമ്പത്തിമൂന്ന് ഇശലുകളിലായി നർമ്മഭാഷയിൽ രേഖപ്പെടുത്തുന്നു. അരീക്കോട്ട് നടന്ന നേർച്ചമുടക്കമാണ് അതിലെ പ്രമേയം. നാട്ടുസംസ്കാരത്തിൽ നിന്ന് രൂപപ്പെടുത്തുന്ന കാവ്യാത്മകമായ ഒരു ചരിത്രാഖ്യാനമാണത്. മറ്റൊരു കാവ്യമായ 'ഖജാനപൊളിപ്പാട്ടി'ൽ മലബാറിലെ നാട്ടുജനതയുടെ ബ്രിട്ടീഷധിനിവേശത്തോടുള്ള പോരാട്ടചരിത്രത്തിന്റെ സർഗാത്മകാവിഷ്ക്കാരമാണ്. അതും ദേശസംസ്കാരത്തിൽ നിന്നിരുവംകൊള്ളുന്ന നാട്ടുചരിത്രപാഠമായി മാറുന്നു. സാമ്രാജ്യവിരുദ്ധപോരാട്ടത്തിലായ കലാപകാരികൾ ബ്രിട്ടീഷുകാരുടെ ഖജനാവ് കൊള്ളയടിക്കുന്നതാണ് ഇതിലെ പ്രമേയം. 'ഖിലാഫത്ത്പാട്ട്' എന്ന കാവ്യമാകട്ടെ മലബാറിലെ ഖിലാഫത്ത്പ്രക്ഷോഭാനന്തരം (മലബാർ കലാപമെന്നും മലബാർ ലഹളയെന്നും പല പേരുകളിൽ വിളിക്കപ്പെടുന്നത്) ബ്രിട്ടീഷ് പട്ടാളത്തിന്റെ വരവിൽ സാധാരണക്കാരായ നാട്ടുകാർ കാട്ടിലേയ്ക്ക് ഓടിയൊളിക്കാൻ വേവലാതിപ്പെടുന്നതിനെയാണ് ആവിഷ്ക്കരിക്കുന്നത്. നാട്ടിൽ അധിനിവേശത്തെ നേരിടുന്ന ഒരു ജനതയെ ആവിഷ്ക്കരിക്കുക എന്നത് ഒരു കവിയുടെ പ്രതിബദ്ധതയ്ക്ക് നിദാനമാണ്. ഇവിടെ അദ്ദേഹം മനുഷ്യസ്നേഹിയും ദേശസ്നേഹിയുമാണ്. ഇതിനേ

ക്കാൾ സമകാലികപ്രസക്തമായ വിഷയങ്ങൾ മലയാളകവിതയിൽ ആവിഷ്ക്കരിക്കപ്പെടുന്നത് അന്നപൂർവ്വമാണ്. നിയോക്ലാസിക്-കാൽപനികഭാവുകത്വത്തിലെ ഭൂത-ഭാവിസ്വപ്നാടനത്തിൽ മുഖ്യധാരാസാഹിത്യം മുഴുകുമ്പോഴാണ് കൺമുന്നിൽ നാമനുഭവിക്കുന്ന അധിനിവേശത്തോട് പ്രതികരിക്കുന്ന ജൈവികത ഒരു കവി പ്രകടിപ്പിക്കുന്നത്. ആ നിലയിൽ കൊടിയേറ്റവും ഖജാനപൊളിപ്പാട്ടും ഖിലാഫത്ത്പാട്ടുംമറ്റും മലയാളത്തിലെ ജൈവകവിതകളാണ് (organic poetry) എന്നു പറയാം. ഖിലാഫത്ത് പ്രക്ഷോഭത്തിൽ പങ്കെടുത്തതിന്റെ ഭാഗമായി ജയിലിലാകുന്ന അദ്ദേഹം എഴുതിയ 'ഇരവ്ഗാന'വും ആ ഗണത്തിൽപ്പെടുന്നു. അറബിമലയാളകവിതയുടെ സമകാലികതയോടുള്ള പ്രതിവ്യവഹാരത്തിന്റെ ഭാഗമായിരുന്നു ഇവയെല്ലാം.

വെള്ളപ്പൊക്കമെന്ന പാട്ടുകാവ്യം

അധിനിവേശത്തോടുള്ള മലബാറിന്റെ സർഗാത്മകപ്രതികരണമെന്ന നിലയിലെഴുതപ്പെട്ട പടപ്പാട്ടുകളാണ് മുണ്ടമ്പ്രയുടെ 'ഖർബല'യും 'ജസ'യും. വെള്ളപ്പൊക്കം എന്ന പാട്ടുകവിത സമീപകാലത്താണ് കണ്ടെടുക്കുന്നതും പ്രസിദ്ധീകരിക്കുന്നതും. 'മഹത്തായമാപ്പിളസാഹിത്യം' എന്ന സാഹിത്യചരിത്രഗ്രന്ഥത്തിൽ വെള്ളപ്പൊക്കം എന്ന കവിതയെ അടയാളപ്പെടുത്തിക്കാണുന്നില്ല (മുഹമ്മദ് അബ്ദുൽ കരീം, 1978:481). കെ. എം. അബൂള്ളയും ഡോ. അബിൻഷായും ചേർന്ന് ലിപ്യന്തരണവും വ്യാഖ്യാനവും നിർവ്വഹിച്ച് 2015ലാണ് ഈ കൃതി പ്രസിദ്ധീകരിക്കുന്നത്. 1924ലെ വെള്ളപ്പൊക്കത്തിനുശേഷം മുണ്ടമ്പ്ര ഉണ്ണിമമ്മദ് ജനസമക്ഷം പാടുന്നതും വാമൊഴിപ്പാട്ടിൽ പ്രചരിക്കപ്പെട്ടതുമായ വെള്ളപ്പൊക്കത്തിന്റെ സാഹിത്യസ്വരൂപവും കാവ്യഭാഷയും വിസ്മയഭരിതമാണ്. നാടൻപാട്ടിന്റെ വാമൊഴിവഴക്കത്തിൽ നിരക്ഷരരിലേയ്ക്കും കാവ്യരചനയുടെ വരമൊഴിഘടനയിൽ സാക്ഷരരിലേയ്ക്കും വിന്യസിക്കപ്പെട്ട് തദ്ദേശീയസംസ്കാരത്തിൽ പാട്ടുരൂപത്തിൽ ലയിച്ചുകിടക്കുന്ന ഈ കാവ്യം ഫോക്ലോറിന്റെയും നാഗരികസാഹിത്യത്തിന്റെയും സ്വഭാവസവിശേഷതകൾ ഒരുപോലെ പ്രകടിപ്പിക്കുന്നു. കല്ലച്ചിൽ മുദ്രണംചെയ്യപ്പെട്ട അറബിമലയാളഗ്രന്ഥത്തിന്റെ പകർപ്പായി നാലകത്ത് കാസിം എന്ന പാട്ടുകാരൻ സൂക്ഷിച്ച വെള്ളപ്പൊക്കപ്പാട്ടിനെ അതിന്റെ അപൂർണ്ണരൂപത്തിൽ നിന്ന് ഡോ. അബിൻഷായും കെ. എം. അബ്ദുള്ളയും ചേർന്ന് ഏതാണ്ട് ഒരുവർഷക്കാലമെടുത്ത്, ലിപിമാറ്റം വരുത്തി 71 ഇശലുകളിലായി (ആദ്യ ഇശൽ നഷ്ടമായിട്ടുണ്ട്) കാവ്യരൂപത്തിലും മലയാളഗദ്യത്തിലും രേഖപ്പെടുത്തുന്ന പുസ്തകമാണ് ഇപ്പോൾ ലഭ്യമയിട്ടുള്ള 'വെള്ളപ്പൊക്കം'.

തദ്ദേശസംസ്കാരത്തിലെ ബഹുരൂപങ്ങൾ

വെള്ളപ്പൊക്കം എന്ന സുദീർഘമായ ഇശൽക്കവിത മുണ്ടമ്പ്രയെന്ന കവിയുടെ സർഗ്ഗാത്മകവീര്യത്തെയും ജീവിതദർശനത്തെയും ഏറ്റവും ആഴത്തിൽ അടയാളപ്പെടുത്തുവാൻ അവസരമൊരുക്കുന്നു. മുണ്ടമ്പ്രയുടെ ലഭ്യമായ കവിതകൾ സ്വരൂപിച്ച് ആദ്യമായി ഗവേഷണപഠനത്തിന് വിധേയമാക്കുന്നത് ശ്രീ, അബിൻ ഷായാണ്. വെള്ളപ്പൊക്കം സൌന്ദര്യശാസ്ത്രപരമായി അനേകമാനങ്ങളിൽ അപഗ്രഥിക്കപ്പെടേണ്ടുന്ന ഒരു ബഹുസ്വരിതകൃതിയാകുന്നു. മിഖായേൽ ബക്തിൻ നോവലിനെക്കുറിച്ച് രൂപപ്പെടുത്തിയ പോളിഫണി (patricawaugh, 2006:224) എന്ന സങ്കൽപനത്തെ അനുസ്മരിപ്പിക്കുന്ന ഒന്നാണത്. പിൽക്കാലമലയാളത്തിലെ നോവലുകളിൽപോലും കാണാത്ത വിധം മനുഷ്യബന്ധങ്ങളെയും (Patrica waugh, 2006:225) ബഹുസമുദായങ്ങളെയും ജീവജാലത്തെയും സസ്യജാലത്തെയും സംസ്കാരത്തിലെ ബഹുവിധപ്രതിനിധാനങ്ങളെയും അതുൾക്കൊള്ളുന്നു. ഇതുവരെ സാഹിത്യത്തിൽ, പ്രത്യേകിച്ചും കാവ്യരൂപത്തിൽ നാം കാണാത്ത ഒരു സവിശേഷ സാഹിത്യരചനാരൂപത്തെത്തന്നെ (literary genre) അത് കണ്ടെത്തുന്നു. സംസ്കാരത്തിന്റെ സമഗ്രഘടകങ്ങളും ഈ കവിതയുടെ രൂപത്തിലും ഭാവത്തിലും നിറഞ്ഞുനിൽക്കുന്നു. പരിസ്ഥിതി, കൃഷി, ചന്തകൾ, പ്രകൃതിവൈവിധ്യം, പുഴകൾ, കടവുകൾ, തോണിയാത്ര, മൃഗങ്ങൾ, വളർത്തുജീവികൾ, ജന്തുക്കൾ, ഭക്ഷ്യം, വീട്ടുപകരണങ്ങൾ, എടുപ്പുകൾ, തുടങ്ങിയ ഭൌതികപ്രപഞ്ചം ഈ കാവ്യത്തിൽ നിറയുന്നു. സഹജീവിസ്നേഹം, വിശ്വാസം, ആരാധന, മാനവികത, നരവംശീയത, ദേശീയത, സാഹസികത, ഭാഷാഭേദം, സനേഹം, കരുണ, സഹാനുഭൂതി, രക്ഷ, കൂട്ടായ്മ, മരണാനന്തരജീവിതം തുടങ്ങിയ അമൂർത്തസങ്കൽപനങ്ങൾ അവയെ തമ്മിലിണക്കുന്നു. എല്ലാറ്റിനും മീതെ കവിയുടെ അകളംഗമായ മാനവസമത്വദർശനവും ലോകവീക്ഷണവും ഈ കാവ്യത്തെ അനന്യമാക്കുന്നു. ജാതിമതഭേദനിരാസത്തിലേയ്ക്ക് വെള്ളപ്പൊക്കം വായനക്കാരനെ അല്ലെങ്കിൽ കേൾവിക്കാരനെ ഒഴുക്കിക്കൊണ്ടുപോകുന്നു. അതിന്റെ ക്രിയാലോകത്തിന്റെ ഏകകാലികമായ പരിശ്രേരദമായി കവിത മാറുന്നു. നാട്ടുസംസ്കാരത്തിലെ മനുഷ്യാബോധത്തിൽ ലയിച്ചുകിടക്കുന്ന മനുഷ്യസമത്വസങ്കൽപനത്തിന്റെ ജൈവികമായ ഒരു കവിഞ്ഞൊഴുക്ക് വെള്ളപ്പൊക്കത്തിൽ സംഭവിക്കുന്നു. കേരളീയമായ മനുഷ്യസംസ്കാരത്തെ സംബന്ധിക്കുന്നതെല്ലാം ഈ കൃതിയുടെ ശരീരത്തിലുണ്ട്. ചരിത്രമെഴുത്തിലെ ഏകസ്വരത്തിന് ബദലായി

സംസ്കാരത്തിന്റെ അനനുകരണീയമായ ബഹുസ്വരത ഇതിൽ എഴുത്തിന്റെ അപൂർവ്വമായ മാതൃകയായി നിലനിൽക്കുന്നു. മുണ്ടമ്പ്ര ആവിഷ്ക്കരിക്കുന്ന കേരളീയവും ഭാരതീയവും സാർവ്വലൌകികവുമായ മാനവികതയുടെ സർഗവീര്യം നിരൂപകരെയും പഠിതാക്കളെയും ആകർഷിക്കുന്നു. അതാവിഷ്ക്കരിക്കാൻ കൃതിയുടെ ഘാനറിനെ അദ്ദേഹം പുതുതായി നിർമ്മിക്കുന്നു.

വെള്ളപ്പൊക്കത്തിലെ ഗഹനപരിസ്ഥിതി (Deep ecology)

ഉത്തരാധുനികതയിൽ നിന്നുൽപ്പന്നമായ പാരിസ്ഥിതികപരികൽപന തൊണ്ണൂറുകളിലാണ് വ്യവഹരിക്കപ്പെടുന്നത്, സാഹിത്യവിഷയകമാകുന്നത്. എന്നാലതിന് ആറുദശകങ്ങൾക്കു മുൻപ് വെള്ളപ്പൊക്കത്തിലത് അനന്യമായ നിലയിൽ ആവിഷ്ക്കൃതമാകുന്നു. അതിൽ ജൈവവൈവിധ്യവും പ്രകൃതിയും നാട്ടറിവും മാനവികസമത്വവാദത്തോടൊപ്പം അണിനിരക്കുന്നു. മതേതരത്വവും ജാതിനിരാസവും ലിംഗപരിഗണനയും അതിൽ പ്രകടമാകുന്നു. ജന്തുസ്നേഹവും സസ്യജ്ഞാനവും കാർഷികലോകവും കടന്നുവരുന്നു. അതിൽ മനുഷ്യരുടെ സാമൂഹ്യജീവിതം അതേപടി ആവിഷ്ക്കരിക്കപ്പെടുന്നു. മലബാറിലെ നൂറുകണക്കിന് ചെറുപ്രദേശങ്ങളും പാതകളും റോഡുകളും വീടുകളും ആരാധനാലയങ്ങളും വെള്ളപ്പൊക്കത്തിൽപെടുന്നതായി രേഖപ്പെടുന്നു. നാട്ടിലെ നൂറുകണക്കിന് കുടുംബങ്ങളെയും ആളുകളെയും അടയാളപ്പെടുത്തുന്നു. മരിച്ചവരെയും പരിക്കുള്ളവരെയും രക്ഷപ്പെട്ടവരെയും രക്ഷപ്പെടുത്തിയവരെയും അവരുടെ ഭാവഹാവാദികളെയും വ്യക്തിത്വസവിശേഷതകളെയും കുറഞ്ഞവാക്കുകളിൽ പറയുന്നു. സംസ്കാരത്തിന്റെ അമൂർത്തതയിൽ നിന്ന് മൂർത്തമായ നാട്ടുചരിത്രനിർമ്മാണം ഇവിടെ സംഭവിക്കുന്നുണ്ട്. അത് ഏകപക്ഷീയമാകാതെ ബഹുസ്വരിതമാക്കുന്നുവെന്നതാണിവിടത്തെ സവിശേഷത. വെള്ളപ്പൊക്കത്തിന്റെ രചനാകാലത്തിൽ (1920-30) കേരളത്തിന്റെ സംസ്കാരത്തെ ഇത്തരത്തിലെഴുതുന്ന മറ്റൊരനുഭവം മലയാളത്തിലില്ല.

പാരിസ്ഥിതികമാനവദർശനം (Eco Humanism)

പ്രളയവും മരണഭയവും മനുഷ്യരെ ഏകമനസ്സാക്കുന്നതിന്റെ നേർച്ചിത്രങ്ങൾ വെള്ളപ്പൊക്കത്തെ വ്യത്യസ്തമാക്കുന്നു. പരസ്പരം രക്ഷിക്കുന്നവരും കിടക്കാടവും ഭക്ഷണവും പങ്കിടുന്നവരും മാത്രമല്ല, പട്ടിണിയില്ലാതാക്കാൻ മുഷത് മൈൽ

ആർത്തുപായുന്ന പുഴയിലൂടെ തോണിയിൽ കോഴിക്കോടെത്താൻ മരണഭയത്തെ അതിജീവിച്ച് സാഹസികമാകാൻ ചിലർ തയ്യാറാകുന്നുണ്ട്. (വെള്ളപ്പൊക്കം ഇശൽ 8) മറ്റുള്ളവരുടെ നിരുത്സാഹപ്പെടുത്തൽ തൃണവൽഗണിച്ച് പുറപ്പെടാനുറയ്ക്കുന്ന പഞ്ചാബിയായ ചൌധരിസാഹിബും വിദേശിയായ ഐ. എം. യാക്കോവ്സായ്യുമാണ് അതിനായി മുൻകൈയെടുക്കുന്നത്. നാട്ടുകാരായ മൂന്നുതോണിക്കാർ ഒടുവിൽ അവരെ സഹായിക്കാനെത്തുന്നു. പുഴയിലെ യാത്ര അതിഭീദിതവും സാഹസികവുമായിരുന്നു. പുഴയുടെ രൌദ്രഭാവം ചിത്രീകരിക്കുന്നിടത്തെ കാവ്യഭാഷയുടെ വൈഭവം മലയാളത്തിന് അപരിചിതമാണ്. മനുഷ്യരോടുള്ള മനുഷ്യന്റെ ക്രൂര് നിലനിർത്താൻ മരണം വരിക്കാൻപോലും തയ്യാറാകുന്ന തദ്ദേശീയരെ കവി കാട്ടിത്തരുന്നു. കവിയുടെ ആവേശത്തിൽ സാമ്രാജ്യത്വകാലത്തിലും കെടാതെനിൽക്കുന്ന സാർവ്വലൌകികമാനവികതയുടെ സ്ഫുരണമുണ്ട്. ആയിരത്തിത്തൊള്ളായിരത്തിഇരുപതുകളിൽ പാടുന്ന ഈ കവിത അക്കാലത്തെ എല്ലാ കവിതകളെയും ലോകവീക്ഷണത്തിന്റെ തലത്തിൽ പിന്നിലാക്കുന്നു. വെള്ളപ്പൊക്കത്തിന്റെ എട്ടാം ഇശലിൽ:

"തോണിക്കാർ അതിലീണക്കാർ പഴതാനക്കാർ
മഹമാനക്കാർ അവർ മൂവ്വരും ചൊവ്വിനിൽ. . "

എന്ന് (ഇശൽ-കുതിര വരവ് തോണിത്താളം) തുടങ്ങുന്ന വരികൾ (വെള്ളപ്പൊക്കം, ഇശൽ-8) മലയാളകവിതയിലെ അപൂർവ്വസുന്ദരമായ (സൌന്ദര്യശാസ്ത്രപരമായ) ഒരേടാണ്. ഭയാനകമായ വിധത്തിൽ വെള്ളം ആർത്തൊഴുകുന്ന പുഴയുടെ ആവിഷ്ക്കരണത്തിൽ നാട്ടുജീവിതത്തിലെ സംസ്കാരസൂചകങ്ങളും ബഹുജൈവകുലവും പ്രകൃതിഘടകങ്ങളും ഒലിച്ചുപോകുന്നു. ദീർഘമായ ഈ ഇശലിൽ ജീവിതത്തിന്റെ ക്ഷണികതയും അനിശ്ചിതത്വവും, വെള്ളത്തിൽ കുത്തിയൊലിച്ചുപോകുന്ന ഈടുവയ്പുകളുടെ ബിംബാനുഭവങ്ങളിലൂടെ അനുഭവപ്പെടുത്തുന്നു. ഇരുകരകളിൽനിന്നും "പലതരം പെരുമരങ്ങളും 'പെരപെര' ശബ്ദത്തോടുകൂടി മുറിഞ്ഞും പറിഞ്ഞും പൊരിഞ്ഞും വീണൊലിച്ചുപോകുന്നു. മാനും പാമ്പും കുനും ചേമ്പും തേനും ബീമ്പും കാട്ടാനകളും വീട്ടാനകളും നാട്ടാനകളും കുരങ്ങും കാട്ടിയും മൂരിയും പട്ടിയും ചേരയും തേളുകളും ആളുകളും കാളകളും കോഴികളും നായ്ക്കളും പായികളുമെല്ലാം ഒലിച്ചുപോകുന്നവയിലുണ്ട്. " ഈ ഭാഗത്ത് ആളുകൾ എന്നത് തേളുകളും കാളകളും കോഴികളും എന്നതുപോലെ ഒരിനം മാത്രമായിട്ടാണ് മുണ്ടമ്പ്ര പറയുന്നത്. ഈ അകാൽപനികകവിയുടെ ജീവിതദർശനവും ലോകവീക്ഷണവും അടയാളപ്പെടുത്താൻ മുഖ്യധാരാസാ

ഹിത്യചരിത്രകാരന്മാർക്കും സാഹിത്യകാരികൾക്കും തങ്ങളുടെ അളവുകോലുകൾ മാറ്റിത്തീർക്കേണ്ടിവരും. നാടോടിസാഹിത്യവും നാഗരികസാഹിത്യവുമെന്താണെന്ന് തിരിയാതെ അവർ അറബിമലയാളസാഹിത്യത്തെയും അഗണ്യകോടിയിൽ തള്ളിക്കളഞ്ഞു.

ജൈവവൈവിധ്യം (Bio diversity)

എട്ടാം ഇശൽ പുഴയിലെ ജലത്തിന്റെ അധിനിവേശത്തെ അടയാളപ്പെടുത്തുമ്പോൾ അതിന് നമ്മുടെ പ്രകൃതിവിഭവങ്ങളോടും കാർഷികവിഭവങ്ങളോടും മറ്റുമുള്ള യൂറോപ്യൻ അധിനിവേശത്തിന്റെ ആർത്തിയെ അനുസ്മരിപ്പിക്കുന്നുണ്ട്: "അതുപോലെ തെങ്ങ് കവുങ്ങ് ഉങ്ങ് പിലാവ് ആല് കാല് ഏലം പാലം നെല്ലാ പുല്ല് ബല്ലം ചെല്ലം എന്നിവയും മല വരുന്നതുപോലെ പലതരം മരങ്ങളും മുളകളും തേങ്ങാക്കുടും ഈങ്ങാക്കാടും മാങ്ങ തേങ്ങ അടയ്ക്ക കിടക്ക പടിക്കം പാനി തോണി ചക്ക് ചുക്ക് പാണ്ടി ബീണ്ടി പടി വടി പുട കുട പുരക്കുട്ട് അറക്കുട്ട് കാച്ചിപ്പുട കോച്ചിപ്പടി മുറം ചിരവ ചെമ്പ് തലക്കണി ഉലക്കേണി മേശ കസേര ആൾമറ ഉരൽ തുടങ്ങി പറഞ്ഞാലൊടുങ്ങാത്ത വിധം മലയിലും നാട്ടിലും വീട്ടിലും തൊടിയിലുമുള്ള പലവക സാധനങ്ങളെല്ലാം ഈ വെള്ളത്തിൽ മറിഞ്ഞും തിരിഞ്ഞും ആണ്ടും നീണ്ടും ഉരുണ്ടും ചുരുണ്ടും വീർത്തും ആർത്തും വരുന്നു." (വെള്ളപ്പൊക്കം ഇശൽ-8) ഈ വാഗനുസ്യൂതിയിൽ ജീവിതവും അതിന്റെ സംസ്കാരവും ചരിത്രവും ഒഴുകിപ്പോകുന്നു. ഓരോ സാധനത്തിനും മരത്തിനും ഒരു ദേശചരിത്രവും തദ്ദേശസംസ്കാരവുമുണ്ട്. വാചകത്തിലെ പദാനുക്രമപദങ്ങൾ സൃഷ്ടിക്കുന്ന പ്രതീകങ്ങളുടെ ഒരു കുത്തൊഴുക്കിൽ ദുരന്തങ്ങളിൽ മനുഷ്യരനുഭവിക്കുന്ന നിസ്സഹായതയും അമ്പരപ്പും കാണാം.

ഒരു മണിക്കൂർകൊണ്ടാണ് തോണി മുപ്പത് മൈൽ ദൂരത്തിലുള്ള കോഴിക്കോടെത്തുന്നത്. അവിടെ സാധനങ്ങൾ (ചൂടിയും ചരക്കുകളും) കൊടുത്ത് അരിവാങ്ങി തിരികെയെത്താൻ അഞ്ചുദിവസമെടുക്കുന്നു. ആ യാത്രയുടെ കഥകൾ കേട്ട് ആളുകൾ കരഞ്ഞുവത്രേ. ആ അരി കൊണ്ടു വന്ന് അരീക്കോട്ടെയും പരിസരങ്ങളിലെയും പട്ടിണി കുറയ്ക്കുന്നു. വ്യക്തി, സമുദായം തുടങ്ങിയ സകലഭേദങ്ങളും കടന്ന് മനുഷ്യത്വം നിർദ്ധരിക്കപ്പെടുന്ന ധന്യമുഹൂർത്തം എട്ടാം ഇശലിനെ സവിശേഷമായ ഒരേടാക്കി മാറ്റുന്നു.

സംഘബലവും അതിജീവനവും

മലബാർകലാപമെന്നും വർഗ്ഗീയലഹളയെന്നും പ്രക്ഷോഭമെന്നും സ്വാതന്ത്ര്യസമരമെന്നും ചരിത്രകാരന്മാർ തങ്ങളുടെ പ്രത്യയശാസ്ത്രവീക്ഷണങ്ങളിൽ അടയാളപ്പെടുത്തുന്ന 1921ലെ സംഘർഷത്തിനു പുറകെയാണ് പ്രളയവും ഈ പാട്ടുകവിതയുമുണ്ടാകുന്നത്. ഈ കവിതയിൽ ജാതിമതാതീതമായ സനേഹവും കരുണയും നിറഞ്ഞുനിൽക്കുന്നുവെങ്കിൽ, 1921ൽ ഉണ്ടായ പ്രക്ഷോഭത്തിന്റെ പ്രേരണ എന്തായിരുന്നുവെന്ന് ഊഹിക്കാവുന്നതെയുള്ളു. പഞ്ചാബിയും സായ്വും അരീക്കോട്ടുകാരായ മലയാളികളും അവരുടെ നിറവും ജാതിയും മതവുമടങ്ങുന്ന വംശീയസ്വത്വങ്ങൾ വിസ്മരിച്ച് അവർ മനുഷ്യർ മാത്രമാകുന്നു. പരസ്പരം സഹായിക്കുന്നതിലെ മാനവികത ആധുനികസാഹിത്യത്തിന് അപ്പൊഴും വിദൂരമായ ഒന്നായിരുന്നു. അക്കാലത്തെ നോവലുകളും കവിതകളും ജാതിമതസമുദായോദ്ധാരണത്തെയാണ് പ്രധാനമായും ലക്ഷ്യം വച്ചിരുന്നത്. ചന്തുമേനോനിലും സി. വിയിലും ആശാനിലും നാം അന്യമതസ്ഥരെ തുല്യമായി പരിഗണിക്കുന്നത് കാണുന്നില്ല എന്നത് ഒരപ്രിയസത്യമാണ്. അതിന് നാം തകഴിയുടെയും ബഷീറിന്റെയും ഉറൂബിന്റെയും നോവലുകൾവരെ കാത്തിരിക്കേണ്ടി വന്നു. എം. ടിയുടെ നോവലുകളിൽപോലും സമുദായത്തിനു പുറത്തേയ്ക്ക് മാനവികതയുടെ ദർശനം വേണ്ടമാത്രയിൽ വികസിച്ചിരുന്നില്ല. എന്നാലതിനു മുൻപ് തന്നെ (1924) മുണ്ടശ്ശ്രേയുടെ വെള്ളപ്പൊക്കപ്പാട്ടിൽ ജാതിമതാതീതമായ മാനവികത തിടം വയ്ക്കുന്നു. എല്ലാ ജാതിമതസ്ഥരെയും ഒരുപോലെ രക്ഷിക്കുകയും സഹായിക്കുകയും ചെയ്യുന്ന മനുഷ്യരെ നാമിതിൽ കാണുന്നു. വീടും അന്നവും വസ്ത്രവും നഷ്ടപ്പെട്ടവർക്കെല്ലാം അത് സമഭാവനയിൽ വിതരണം ചെയ്യുന്ന അനേകം സന്ദർഭങ്ങൾ ഈ കൃതിയിലുണ്ട്. ജീവിച്ചും മരിച്ചുമുള്ള ഉടലുകളുടെ ഒരു ബഹുലതയെ തൊട്ടും പിടിച്ചും എടുത്തും ചുമന്നും അടക്കിയും രക്ഷിച്ചും ഉരിയാടിയും വെള്ളപ്പൊക്കം അങ്ങനെ മലയാളകവിതയിൽ സമാനതകളില്ലാത്ത മനുഷ്യസ്നേഹത്തിന്റെ പ്രവാഹമായി പരിണിക്കുന്നു.

സാർവ്വലൗകികമാനവികത

'മനുഷ്യർ''മനുഷ്യരെ' ഓടിനടന്ന് രക്ഷിക്കുന്ന അനേകം ചിത്രങ്ങൾ കൃതിയിലുണ്ട്. അതിൽ എല്ലാ സമുദായക്കാരും ഒരുപോലെ പരിഗണിക്കപ്പെടുന്നു. നമ്പൂതിരിയും ദളിതരും മുസ്ലിമും ക്രിസ്ത്യാനിയും ആണും പെണ്ണും വൃദ്ധരും കുട്ടികളും അവിടെ

സമാനരായിരുന്നു. സമ്പന്നരായിരുന്ന ഉദാരമനസ്കർ അരിയും മറ്റു വിഭവങ്ങളും ജാതിമതഭേദമന്യേ സർവ്വർക്കുമായി പങ്കിടുന്നു. അമ്പലത്തിലേയ്ക്കു പോകുമ്പോൾ തോണി നഷ്ടമായി ഒരു കവുങ്ങിൽ പറ്റിപ്പിടിച്ചിരുന്ന നമ്പൂതിരിയെ തന്റെ അബോധാവസ്ഥയിൽ നിന്ന് രക്ഷിച്ച് സ്വന്തം മനയിലെത്തിക്കുന്ന ഒരു ഉസൻകുട്ടിയെ കവിതയിൽ ചിത്രീകരിക്കുന്നുണ്ട്. (ഉണ്ണിമമ്മദ്, 2015 :117) രക്ഷിച്ചശേഷം അമ്പലത്തിലേയ്ക്കോ വീട്ടിലേയ്ക്കോ എന്ന് ചോദിക്കുമ്പോൾ അദ്ദേഹം വീട്ടിലേയ്ക്ക് എന്ന് നിസ്സംശയം പറയുന്നതനുസരിച്ച് തോണിയിലേറ്റി വീട്ടിലെത്തിക്കുന്നു: (വെള്ളപ്പൊക്കം, ഇശൽ-25)

കരച്ചില് കേട്ടവർ വേർത്ത് ജനമതൈ ധ്വനി ഓർത്ത തോണി
നമ്പൂരീന്റിടം ചേർത്ത് ഇതി കണ്ടുടൻ ആർത്ത് മയക്കം
നോക്കാതടുത്ത് കവുങ്ങുമ്മന്ന ക്ഷണം നമ്പൂതിരിയെ
പിടിത്ത് ഹസദുകൾ മഹബേജാറാൽ കശിത്തുടൻ
താങ്ങിയെടുത്ത് പതുക്കനെ തോണിയിൽ വച്ച്
നയന്തേനേരേറ്റ ബോധക്ഷയമാൽ നമ്പൂതിരി കിടന്നേ
അപ്പൊതാ മുഖമിനിൽ കുറേ നാരം കോരി പാർത്തുടൻ
ഒച്ചയിൽ നാദാ മിഴികൾ തുറന്നിടൈ (വെള്ളപ്പൊക്കം, ഇശൽ-26)

ചരുവണ്ണൂരിലെ 'കുശവർ' കുടിലുകളോടെ വെള്ളത്തിൽ മുങ്ങുമ്പോൾ നാട്ടുകാരും പോലീസുംചേർന്ന് അവരെ രക്ഷിക്കുന്നുണ്ട്:

കൊശോരിൽ നിണ്ട് പാനി തനിൽ മുങ്ങി കുറെ
കരക്കങ്ങിനെ തങ്ങിടവേ മഠയരെ വീടുകൾ അടവേ
കുടുമയിൽ മുങ്ങി പോയീടവെ പലെ പേർകളും
ഹേഡും ഒരോടമിൽ ചെണ്ടുടൻ പേർത്തിടവേ (വെള്ളപ്പൊക്കം, ഇശൽ-

വെള്ളപ്പൊക്കത്തിൽ രക്ഷാപ്രവർത്തകർക്കുണ്ടായ അനുഭവങ്ങളിൽ ഒന്ന് മാനന്തവാടിയിലെ പഴയഞ്ചനയിലെ ഒരു മുക്രിയുടെ തകർന്നടിഞ്ഞ വീടിന്റെ മണ്ണടിയിൽ മരിച്ചനിലയിൽ കണ്ടെത്തിയ ഒരുമ്മയും അവരുടെ രണ്ടുകുട്ടികളുമാണ്. മൂലകുടിമാറാത്ത ഒരു കുട്ടി കൈയിലും രണ്ടാമത്തേത് അരികിലും കിടക്കുന്ന അവസ്ഥയിലായിരുന്നു:

വെളിവായ് മയ്യത്തുകൾ കണ്ട് കരഞ്ഞൊക്കെ
മൂലകുടിവിടുകാതൊരു കുട്ടി ഉമ്മട കൈക്കതാ കിടക്കായ്
കിടക്കൈ ഒരുപൈതലൊട്ടി- കിറുഫാലുമ്മാനെപ്പറ്റീ

കിട്ടീ മയ്യത്തിങ്ങനെ പൈമൂത്തൊരു കൂട്ടി
എവിടെയോ കിളഞ്ഞാകെയും നോക്കി
കാണാതങ്ങിനെ തട്ടീ (ഇശൽ-50)

മാതൃത്വത്തിന്റെ സമർപ്പണവും ജാഗ്രതയും തിരിച്ചറിയുന്ന കവി എല്ലാ വിഭാഗം മനുഷ്യരെയും കുറിച്ച് വ്യാകുലപ്പെടുന്നു. കുശവർ, അവിലിയന്മാർ, ചാലിയർ, മരപ്പണിക്കാർ, മരക്കച്ചവടക്കാർ, മക്കാനിക്കാർ, വ്യവസായികൾ, തൊഴിലാളികൾ എന്നുതുടങ്ങി സമൂഹത്തിന്റെ എല്ലാ വിഭാഗത്തിലുള്ളവരും ഇതിൽ പരിഗണിക്കപ്പെടുന്നു.

ഉപസംഹാരം

ഉണ്ണിമമ്മദ് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിൽ പാട്ടുകെട്ടിയ കവിയാണ്. സമകാലികരാഷ്ട്രീയബോധം പേറി സാമ്രാജ്യത്വത്തിനെതിരെ പോരാടിയ കവിയ്ക്ക് ജീവിതയാഥാർത്ഥ്യങ്ങൾക്കപ്പുറം കാൽപനികനാവേണ്ടി വന്നിട്ടില്ല. പിൽക്കാലത്തുമാത്രം നാം കണ്ട യഥാതഥവാദം(റിയലിസം) മാനവികതാവാദം(ഹ്യൂമനിസം) സമത്വവാദം(സോഷ്യലിസം) മതേതരത്വം(സെക്യുലറിസം) പരിസ്ഥിതിവാദം(എൻവയോൺമെന്റലിസം) ജൈവകവിത (ഓർഗാനിക് പൊയട്രി) നാട്ടറിവ്(ഫോക്ലോർ) പാർശ്വവൽക്കരണം(സബാൾട്ടൻ) തുടങ്ങി ഉത്തരാധുനികത മുന്നോട്ടുവയ്ക്കുന്ന സങ്കൽപനങ്ങൾ വെള്ളപ്പൊക്കം എന്ന ഈ കവിതയിൽ, ഇശൽപ്പാട്ടിൽ അപനിർമ്മിക്കാനാവും, നിർദ്ധരിക്കാനാവും. 'നാടോടിപ്പാട്ടെ'ന്നു നിരൂപകർ യുക്തിരഹിതമായി തങ്ങളുടെ ചരിത്രാഖ്യാനങ്ങളിൽവ്യവഹരിച്ചുകളഞ്ഞ 'അറബിമലയാള'ത്തിലെ ഈ കവിതയെ നാം സൌന്ദര്യശാസ്ത്രപരമായും ഭാഷാശാസ്ത്രപരമായും ഉത്തരാധുനികതയുടെ പരിപ്രേക്ഷ്യത്തിൽത്തന്നെയും കൂടുതൽ അപനിർമ്മിക്കേണ്ടതുണ്ട്.

കുറിപ്പുകൾ

1. Said's central thesis about Orientalist discourse is that its capacity for development stems from its founding myth: that eastern culture is itself a culture of arrested development. (Same book, Page:497)

2. പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകവിതകൾ ('കാണുന്നീലൊരക്ഷരവും എന്റെ വംശത്തെ പ്പറ്റി' എന്നു തുടങ്ങുന്ന പാട്ട് പ്രസിദ്ധമാണ്) ദളിത് വിമോചനത്തെ സ്വപ്നം കാണുന്നു.

3. ഉള്ളൂർ, കെ. എം ജോർജ്ജ്, എൻ. കൃഷ്ണപിള്ള, എം. ലീലാവതി തുടങ്ങിയ സാഹിത്യചരിത്രനിർമ്മാതാക്കൾ അറബിമലയാളസാഹിത്യത്തെ 'നാടോടിസാഹിത്യത്തിൽ' പെടുത്തിക്കാണുന്നു.

സഹായകഗ്രന്ഥങ്ങൾ

1. അബിൻഷാ, എം.,യു,ദേശവും സംസ്കാരവും മാപ്പിളസാഹിത്യത്തിൽ-മുണ്ടമ്പ്ര ഉണ്ണിമമ്മദിന്റെയും പുലിക്കോട്ടിൽ ഹൈദറിന്റെയും കൃതികൾ ആധാരമാക്കി ഒരു പഠനം (പ്രബന്ധം), ഭാരതീയഭാഷാവിഭാഗം, അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റി, 2015

2. അബു ഒ., അറബിമലയാള സാഹിത്യചരിത്രം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1974.

3. അഹമ്മദ് മൗലവി, സി.എൻ., മുഹമ്മദ് കെ. കെ.,അബ്ദുൽകരീം, മഹത്തായ മാപ്പിള സാഹിത്യം, 1978.

4. ഉണ്ണിമമ്മദ് ,മുണ്ടമ്പ്ര, വെള്ളപ്പൊക്കം, , അരീക്കോട് ഗ്രാമപഞ്ചായത്ത്, 2015.

5. ഉണ്ണിമമ്മദ്, മുണ്ടമ്പ്ര, വെള്ളപ്പൊക്കം, ലിപ്യന്തരണവും വ്യാഖ്യാനവും- കെ. എം. അബ്ദുള്ള, അബിൻഷാ, എം. യു,അരീക്കോട് ഗ്രാമപഞ്ചായത്ത്, 2015.

6. മുഹമ്മദലി വി. പി, മാപ്പിളപ്പാട്ടുകൾ നൂറ്റാണ്ടുകളിലൂടെ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997.

7. John kucich, The Continuum Encyclopedia of Modern criticism and theory - GenEd :Julian wolfreys, CI Publishers, 2002.

8. Patricia Waugh, Literary theory and Criticism, Oxford, 2006.

എൻ. എൻ. പിള്ള : വാചികാസ്ത്രങ്ങളുടെ ഏകലവ്യൻ

ഡോ. അജയകുമാർ ജി.
അസോസിയേറ്റ് പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം - 34

പ്രബന്ധസംഗ്രഹം:

മലയാളനാടകവേദിയിൽ വാചികത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയ നാടകകാരനാണ് എൻ. എൻ. പിള്ള. ഏകലവ്യനെപ്പോലെ, ജീവിതം എന്ന മഹാഗുരുവിന്റെ അനൗപചാരികശിക്ഷണത്തിലാണ് എൻ. എൻ. പിള്ളയും പഠിച്ചുവളർന്നത്. 'ഞാൻ' എന്ന ആത്മകഥയിലെ എൻ. എൻ. പിള്ള ജീവിതത്തിൽ നിന്നു പഠിക്കുകയും അത് നാടകത്തിൽ പ്രയോഗിക്കുകയും ചെയ്ത വ്യക്തിയാണ്. ആ ശിക്ഷണം വാക്കുകളെ അസ്ത്രങ്ങളെപ്പോലെ പ്രയോഗിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. നാടകത്തിലെ സംഭാഷണങ്ങളെ പൊള്ളുന്ന ഫലിതപരിഹാസങ്ങളാലും ദ്വയാർത്ഥാദൂരാന്വയങ്ങളാലും അമ്പിനെപ്പോലെ മൂർച്ചയുള്ളതാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ജീവിതാനുഭവങ്ങൾ ദൈവസങ്കല്പത്തെപ്പോലും വെല്ലുവിളിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. നാടകങ്ങളിലൂടെ ഭരണകൂടം ഭരണകൂടോപകരണങ്ങൾ, സാമൂഹിക സ്ഥാപനങ്ങൾ, സദാചാരസങ്കല്പങ്ങൾ, പ്രണയം തുടങ്ങിയ കാല്പനിക

സങ്കല്പങ്ങൾ, ദൈവസങ്കല്പം, സ്വർഗനരകങ്ങൾ, മതവിശ്വാസങ്ങൾ എന്നിവയെയെല്ലാം വിമർശിക്കാനും പുനർനിർവചിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. വാചികാഭിനയം എന്നയർത്ഥത്തിലും ഭാഷ എന്ന അർത്ഥത്തിലും വാചികത്തിന്റെ നാടകകാരനായിരുന്ന എൻ. എൻ. പിള്ള.

താക്കോൽ വാക്കുകൾ:

വാചികാസ്യം - ഏകലവ്യൻ - ദ്വയാർത്ഥം - ദൂരാന്വയം - ധ്വനി, ഭരണക്കൂടം - ഭരണക്കൂടോപകരണം - സാമൂഹിക സ്ഥാപനങ്ങൾ - സദാചാരം - ദൈവസങ്കല്പം - സ്വർഗനരകങ്ങൾ - മതവിശ്വാസം

ആമുഖം

മലയാള ജനകീയനാടകവേദിയിൽ വാക്കിന്റെ ശക്തികൊണ്ട് സ്ഥാനമുറപ്പിച്ച നാടകകാരനാണ് എൻ. എൻ. പിള്ള. അരങ്ങിലെ പ്രയോഗത്തിലും ഗ്രന്ഥപാഠത്തിന്റെ വായനാക്ഷമതയിലും മാത്രമല്ല എൻ. എൻ. പിള്ള വിജയിച്ചത്. 'നാടകദർപ്പണം', 'കർട്ടൻ', 'നാടകം വേണോ നാടകം' തുടങ്ങിയ കൃതികളിലൂടെ നാടകത്തിന്റെ കലാപരവും സംഘാടനപരവുമായ സൈദ്ധാന്തിക തലങ്ങളെക്കുറിച്ചും മലയാളിയെ പഠിപ്പിക്കാൻ ശ്രമിച്ച നാടകമർമജ്ഞനാണ് എൻ. എൻ. പിള്ള. ജീവിക്കുകയും അതേസമയം മാറിനിന്ന് തന്റെ കൂടി ജീവിതമുൾപ്പെടുന്ന ജീവിതമെന്ന മഹാത്ഭുതത്തെ - ദുരന്തത്തെ - കണ്ടുപഠിക്കുകയും ചെയ്താണ് എൻ. എൻ. പിള്ള നാടകമെഴുതിയത്. ജീവിതത്തെ ഒളിഞ്ഞുനിന്ന് കണ്ടുപഠിച്ച എൻ. എൻ. പിള്ള ഏകലവ്യനെപ്പോലെ പിഴയ്ക്കാത്ത വാചികാസ്ത്രങ്ങൾ എയ്തുകൊണ്ടേയിരുന്നു.

'ഞാൻ' - ഞാനും കാണിയും

"ഞാൻ ജീവിതത്തിൽനിന്ന് അകലാൻ തുടങ്ങി. അകന്നുനിന്ന് നോക്കാൻ തുടങ്ങി. എന്റെ നോട്ടം തെറ്റിയിരിക്കാം. പക്ഷേ ആ അകൽച്ച ശരിയായിരുന്നു" എന്ന് 'ഞാൻ' എന്ന ആത്മകഥയിൽ താനും ജീവിതവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അദ്ദേഹം പറയുന്നുണ്ട് (എൻ. എൻ. പിള്ള, 2012:48). ജീവിതത്തിൽ "സ്വസ്ഥിതികളുടെ മറുപുറം' തപ്പാൻ എൻ. എൻ. പിള്ളയെ പഠിപ്പിച്ചത് അനുഭവങ്ങളാണ്.

ജീവിക്കുകയെന്നാൽ താൻ ജീവിക്കുക എന്ന് മാത്രമല്ല അർത്ഥം. സ്വന്തം ജീവിത ത്തോടൊപ്പം ഒരുപാടു ജീവിതങ്ങളുടെ നടനശാലയാണ് ജീവിതം. ജീവിതമെന്ന മഹാനാടകത്തിന്റെ രംഗവേദിയിൽ ആരും കാണാതെ ഒളിഞ്ഞിരുന്നാണ് എൻ. എൻ. പിള്ള പഠിച്ചത്. ഗുരുമുഖത്തുനിന്ന് വിദ്യ അഭ്യസിക്കാൻ കഴിയാതെ പോയ ഒരു ജിജ്ഞാസുവിന്റെ ഉത്കണ്ഠാഭരിതമായ കൗതുകം, സ്വന്തം ജീവിതത്തിന്റെ വറുതി ക്കിടയിലും ജീവിതം എന്ന മഹാഗുരുവിൽ നിന്ന് കിട്ടാവുന്നതത്രയും ഒളിഞ്ഞുനിന്ന് പഠിക്കാനുള്ള ക്ഷമ, കരുത്ത്, വേഗം ഇതൊക്കെ എൻ. എൻ. പിള്ളയ്ക്കുണ്ടായുന്നു. 'A Character is not me, but a multitude' എന്ന് ഉറക്കെ വിളിച്ചുപറയാൻ പോന്നത്ര ജീവിതപാഠങ്ങളാണ് ഇരുപതാം നൂറ്റാണ്ടിലെ ആ ഏകലവ്യൻ അഭ്യസിച്ചത്.

പത്താമത്തെ വയസ്സിൽ തന്നെ ഈശ്വരൻ എന്ന സങ്കല്പത്തെ അവിശ്വ സിച്ചു തുടങ്ങിയിരുന്ന ഈ 'ഏകലവ്യൻ'. ജീവിതം ചോദിച്ചുവാങ്ങിയ പെരുവിരലു കളാണ് - ഗുരുദക്ഷിണകളാണ് - എൻ. എൻ. പിള്ളയെ അവിശ്വാസിയാക്കിയത്. "എന്റെ പത്താമത്തെ വയസ്സിൽ എത്തുന്നതിനുള്ളിൽ തന്നെ 'ഈശ്വരൻ' എന്ന ആശയം ഒരു വലിയ മിഥ്യയാണെന്നും അർത്ഥശൂന്യമായ ഒരു സങ്കല്പമാണെന്നും ഉറച്ചുകഴിഞ്ഞതുകൊണ്ടാണ്" (2012:67) വാത്സല്യമയിയായ സ്വന്തം അമ്മയിൽ ക്രൂരയായ മറ്റൊരമ്മയെക്കൂടി കാണാൻ കഴിയുന്നത്. താൻ പഠിച്ചതൊക്കെ സ്വന്ത മായിട്ടാകയാൽ അഭ്യാസത്തിലും തനിമ പുലർത്താൻ കഴിഞ്ഞ എൻ. എൻ. പിള്ളയ്ക്ക് ജീവിതത്തിന്റെ മറുപുറം എപ്പോഴും തെളിഞ്ഞുകിട്ടിക്കൊണ്ടേയിരുന്നു. കൺമുന്നിൽ നടന്ന മനുഷ്യക്രൂരതികളും അപമാനവീകരണത്തിന്റെ അപാരലോകങ്ങളും മനു ഷ്യനെക്കുറിച്ച് സംശയിക്കാൻ നിരന്തരം അദ്ദേഹത്തെ പ്രേരിപ്പിച്ചു. മുഖം മൂടികൾക്കു പിറകിലെ മനുഷ്യൻ എന്ന, മൂഗത്തെക്കാൾ മൂഗീയത പുലർത്തുന്ന സത്തയെ തിരിച്ച റിയാൻ ഈ ഏകലവ്യന് കഴിഞ്ഞത് സ്വയം പഠിച്ചതുകൊണ്ടും സ്വയം പ്രയോഗിച്ചതു കൊണ്ടുമാണ്.

"I am moulded by nature, I am created by myself" എൻ. എൻ. പിള്ള പറ ഞ്ഞിട്ടുണ്ട് (2012:379). ജീവിതത്തെ കാണുമ്പോഴും സ്വയം തന്നെത്തന്നെ രൂപപ്പെടു ത്തിയ ഈ മനുഷ്യനിൽ, കണ്ടുപഠിച്ചപ്പോഴും സ്വയം എയ്തുതെളിഞ്ഞ ആ പഴയ 'നി ഷാദയുവാവി'ന്റെ ഛായ പടർന്നുകിടപ്പുണ്ട്. ഗുരുവിനോട് നിരന്തരം സംശയങ്ങളും ചോദ്യങ്ങളും ഉന്നയിക്കുന്ന ഏകലവ്യന്റെ മനസ്സ് എൻ. എൻ. പിള്ളയ്ക്കുമുണ്ട്. 'മനുഷ്യ ൻ എത്ര സുന്ദരമായ പദം' എന്ന അത്ഭുതത്തെക്കാൾ എൻ. എൻ. പിള്ളയെ നയിച്ച

മനുഷ്യനെക്കുറിച്ചുള്ള ചിന്ത ഇപ്രകാരമായിരുന്നു. "ജീവിതത്തിൽ ഒരിക്കലെങ്കിലും കൊല്ലാനും ആത്മഹത്യ ചെയ്യാനും വ്യഭിചരിക്കാനും ആഗ്രഹിച്ചിട്ടില്ലാത്ത ഒരു മനുഷ്യൻ പോലും ഈ ലോകത്ത് ജീവിച്ചിരിക്കാൻ ഇടയില്ല. ഉണ്ടെന്ന് വാദിച്ചാൽ അത് ആത്മവഞ്ചനയായിരിക്കും" (2012:127).

ഈ 'ഏകലവ്യജീവിതം' എൻ. എൻ. പിള്ളയുടെ ജീവിതവിചാരങ്ങൾക്ക് അസ്ത്രവേഗവും വീര്യവും നൽകി എന്നു കാണാം. ആ വിചാരങ്ങൾക്ക് പരുന്തിൻതൂവൽ കെട്ടിയ വാചികത്തിന്റെ അസ്ത്രരൂപം നൽകി നിരന്തരം എയ്യുകയായിരുന്നു അദ്ദേഹം ചെയ്തത്. വാചികാസ്ത്രങ്ങൾക്ക് പഞ്ഞമില്ലാത്ത ആവനാഴിയുടെ ഉടമയായി ഈ ജീവിതഗുരുവിന്റെ ശിഷ്യൻ എന്നു പറയാം.

വാചികാസ്ത്രങ്ങളുടെ വേഗമൂർച്ചകൾ

'ഉള്ള് പൊള്ളുന്നവന് കള്ള് സിദ്ധൗഷധം' എന്ന മട്ടിൽ ഭാഷാപ്രയോഗങ്ങളുടെ അനന്യത അനുഭവിപ്പിക്കാൻ എൻ. എൻ. പിള്ളയ്ക്ക് പ്രത്യേക സിദ്ധിയാണ്. ഏതു വലിയ ആശയത്തെയും സങ്കല്പത്തെയും ഏറ്റവും കുറുക്കിപ്പറയുന്ന രീതിക്ക് ഉത്തമോദാഹരണമാണ് തീയേറ്ററിന് അദ്ദേഹം നൽകിയ നിർവചനം.

"പിന്നിൽ ഒരു മറ, നിൽക്കാൻ ഒരു തറ, എന്റെ മുന്നിൽ നിങ്ങളും എന്റെയുള്ളിൽ ഒരു നാടകവും. അതാണ് തീയേറ്റർ". കുട്ടിക്കാലം മുതൽ പ്രഭാഷണം ഇഷ്ടപ്പെട്ട എൻ. എൻ. പിള്ള പ്രഭാഷകനായില്ല. എന്നാൽ മനുഷ്യൻ ചരിത്രം സൃഷ്ടിച്ചതുതന്നെ തോക്കുകൊണ്ടല്ല നാക്കുകൊണ്ടാണെന്നും, വാക്കാണ് തോക്കാണ് മാറിയതെന്നും വിശ്വസിച്ച അദ്ദേഹം അരങ്ങിന്റെ ഭാഷയെ ആശയവിനിമയത്തിന്റെ കലയാക്കി മാറ്റി, ആത്മകഥയിലൂടനീളം, കഥയും ജീവിതവും ഒന്നാക്കിയ അയാൾ വാക്കിനെ അപകടകരമാംവിധം മൂർച്ചയുള്ളതാക്കി. 'അപകടങ്ങളുടെയും സന്തതസഹചാരിയാണ് മനുഷ്യൻ' (Life is a constant co-existence with danger - 2012:505) എന്ന് ഉറപ്പിച്ചുപറഞ്ഞ ജീവിതശിഷ്യൻ വാക്കുകളെ മൂർച്ചകൂട്ടി പ്രയോഗിച്ചത് അരങ്ങിന്റെ ഭാഷയിലായിരുന്നു. മരണം, ജനനം തുടങ്ങിയ ജീവിതസമസ്യകളെപ്പോലും മൂർച്ചയുള്ള വാഗസ്ത്രങ്ങളാക്കി മാറ്റുന്നത് നോക്കൂ;

"അപ്പുറത്തും ഇപ്പുറത്തും രണ്ടു വേദനയാണ്. രണ്ടു ബെപ്രാളമാണ്. ഒന്നങ്ങോട്ട് കടക്കാൻ. ഒന്നിങ്ങോട്ട് കടക്കാൻ (പ്രേതലോകം, 2009:187).

ഇത്തരത്തിൽ പഠിച്ച ജീവിതത്തെ ഉലയിലിട്ടു കാച്ചിക്കുറുക്കി അസ്ത്രരൂപത്തി

ൽ നിരന്തരം പായിച്ചാണ് എൻ. എൻ. പിള്ള നാടകത്തെ സജീവമാക്കിയത്. വാചികത്തിന്റെ കരുത്തായിരുന്നു, എൻ. എൻ. പിള്ള എന്ന നാടകകൃത്തിന്റെ എല്ലുറപ്പെന്ന് സാരം.

വാചികവും മലയാളനാടകവും

നാടകീയതയും സംഘർഷാത്മകതയുമാണ് നാടകത്തിന്റെ ജീവൻ, ചതുർവിധാഭിനയത്തിന്റെ സാധ്യതകളിൽ ഏറ്റവും കുറഞ്ഞ സാധ്യതയാണ് പൊതുവെ വാചികാഭിനയത്തിന് കൽപ്പിക്കുന്നത്. എന്നാൽ ആദ്യകാലം മുതൽക്കേ തന്നെ മലയാള നാടകവേദി വാചികത്തിന്റെ സാധ്യതകളാണ് തേടിയത്. തമിഴ് സംഗീത നാടകങ്ങളിൽ തുടങ്ങി നവോത്ഥാനനാടകങ്ങളിലും തുടർന്നും ഈ വാചികസ്വാധീനം തുടർന്നു. പുളിമാനയും, ചെറുകാടും, ഇടശ്ശേരിയുമൊക്കെ സംഭാഷണത്തിന്റെ കരുത്തിലാണ് നാടകത്തെ രൂപപ്പെടുത്തിയത്. എൻ. കൃഷ്ണപിള്ളയുടെ നാടകങ്ങളും സി. എൻ. ന്റെ നാടകത്രയവും വാക്കിന്റെ ചലനശക്തിയെ ആവാഹിച്ചു. ലങ്കാലക്ഷ്മിയിൽ വാക്ക് വിരാട് പുരുഷനെപ്പോലെ അത്ഭുതപ്പെടുത്തി. ധ്വനിയുടെ സാധ്യതകൾ വാക്കിൽ നിക്ഷേപിച്ചാണ് സി. ജെ. യും മലയാളനാടകത്തിന്റെ മുന്നണിയിൽ നിലകൊണ്ടത്. ഘർഷണത്താൽ തീപ്പൊരി ചിന്തുന്ന വാക്കുകൾ തോപ്പിൽഭാസിയും എസ്. എൽ. പുരവും നാടകത്തിൽ നിറച്ചു. വാചികത്തിന്റെ നിരാസമാണ് തനതു നാടകവേദിപോലുള്ള പരീക്ഷണനാടകങ്ങളുടെ അന്യം നിന്നുപോകലിന് ഒരു കാരണം എന്നു പറയാം. എന്നാൽ വാക്കുകളുടെ അസ്ത്രങ്ങളെയ്ത് തനിക്ക് എതിർക്കേണ്ട വേട്ടനായ്ക്കളുടെ വായിൽ നിറയെ തറയ്ക്കുന്ന കരവിരുത് എൻ. എൻ. പിള്ളയുടേതാണ്. വിശ്വകേരളസമിതി എന്ന കൂടുംബനാടകസംഘം (നാടകകുടുംബസംഘം) മലയാളികളുടെ രാത്രികളെ പ്രകമ്പനം കൊള്ളിച്ചത് സംഭാഷണങ്ങൾ കൊണ്ടാണ്.

"നാടകത്തിലെ മറ്റംശങ്ങളെക്കാൾ പ്രാധാന്യം സംഭാഷണത്തിനു നൽകുവാനും പരിഹാസത്തിന്റെ ആലയിൽ വച്ച് അവയ്ക്ക് മൂർച്ചയേറ്റുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഈ പ്രത്യേക സംഭാഷണരചനയാണ് സംഗീതനൃത്താദികളുടെ അഭാവത്തിൽ (അല്ലെങ്കിൽ പ്രാമുഖ്യക്കുറവിൽ) അദ്ദേഹത്തിന്റെ നാടകങ്ങളെ പ്രേക്ഷകർക്ക് പഥ്യമാക്കിത്തീർത്ത ഘടകം" എന്ന് ജി. ശങ്കരപ്പിള്ള എൻ. എൻ. പിള്ളയെക്കുറിച്ച് പറയുന്നത് അതുകൊണ്ടാണ് (1987:117-118).

എൻ. എൻ. പിള്ളയുടെ നാടകങ്ങളിൽ വാചികം (വാക്കുകൾ) പരസ്പരം പറയാനുള്ളതു മാത്രമല്ല, പറഞ്ഞും എതിർത്തുപറഞ്ഞും കൊള്ളിച്ചുപറഞ്ഞും ദൂരാന്വയത്തിന്റെയും ദ്വയാർത്ഥത്തിന്റെയും ധ്വന്യാത്മകതയുടെയും അടവുകൾ നിറഞ്ഞും വാക്കുതന്നെ നടിക്കുകയായിരുന്നു, വാചികം തന്നെ നാടകമാവുകയായിരുന്നു. "പണിമുടക്കാൻ പഠിച്ചു; പണിയെടുക്കാൻ പഠിച്ചില്ല. തെണ്ടാൻ പഠിച്ചു; തേടാൻ പഠിച്ചില്ല. കക്കാൻ പഠിച്ചു; നിക്കാൻ പഠിച്ചില്ല" എന്ന മട്ടിലുള്ള ചെറുവാചകങ്ങളും (2012:448) "Certainly, Mind is the finest product of matter and they are the most fantastic products of mind" എന്ന തത്വചിന്താവാചകങ്ങളും എൻ. എൻ. പിള്ളയുടെ വാചികപരീക്ഷണങ്ങൾക്ക് വഴങ്ങി (ഈശ്വരൻ അറസ്റ്റിൽ, 2009:527). താൻ വായിച്ചറിഞ്ഞതും ജീവിച്ചറിഞ്ഞതും ഔചിത്യപൂർവ്വം വാചികശോഭ കൂട്ടാനായി ഉപയോഗിച്ചു. കാപാലിക എന്ന നാടകത്തിന് എൻ. എൻ. പിള്ള എഴുതിയ അവതരണഗാനം പോലും വാചികത്തിന്റെ മറ്റൊരു പകർന്നാട്ടം ആണ്.

"കപിലവസ്തുവിലെ കർമയോഗിയിൽപ്പോലും
കാമദേവനെക്കാണും കാമിനീ കാപാലികേ!
ഇടിമിന്നലിൽ ഇന്ദ്രകാർമ്മുകമാല്യം ചാർത്താൻ
പഴുതേ മോഹിക്കും നിൻ മുഗ്ധഭാവനകളിൽ
പ്രളയപയോധിയും ആകാശതടിനിയും
പ്രമദവനികയും പൊള്ളുന്ന മരുഭൂവും
കുളിർതെന്നലും കൊടുങ്കാറ്റുമൊന്നായിക്കൂടി
ക്കുഴയും സത്യത്തിന്റെ വിശ്വരൂപം ഞാൻ കാൺമൂ"

എൻ. എൻ. പിള്ളയ്ക്ക് നാടകമെന്നാൽ ജീവിതമായിരുന്നു. ജീവിതം നാടകവും.

"എന്നെ നാടകമെഴുതാൻ പഠിപ്പിച്ചത് ജീവിതമാണ്. ഇന്നെനിക്ക് നാടകവും ജീവിതവും തമ്മിൽ തിരിച്ചറിയാൻ പറ്റാത്ത അവസ്ഥയാണ്" (2012:391). ഇതിനൊരു പാഠഭേദം കൂടിയാകാം എന്നു തോന്നുന്നു. നാടകവും വാചികവും തമ്മിലും തിരിച്ചറിയാനാകാത്തത്ര രഞ്ജിപ്പിലായിരുന്നു. " ആ വാചികത്തിന്റെ അമ്പുകൾ കൊണ്ടാണ് എൻ. എൻ. പിള്ള പല വിശ്വാസഘ്നക്കങ്ങളെയും സാമൂഹികാനീതികളെയും കപട സദാചാരങ്ങളെയും തകർത്തത്.

അറസ്റ്റിലാകുന്ന ഈശ്വരനും മതവിശ്വാസങ്ങളുടെ തകർച്ചയും

1967-ൽ രചിച്ച 'ഈശ്വരൻ അറസ്റ്റിൽ' എന്ന നാടകം വാചികത്തിന്റെ അമ്പുകൾ കൊണ്ട് ഈശ്വരസങ്കല്പത്തെയും ആ സങ്കല്പത്തിന്റെ അയുക്തിയെയും ഒരുപോലെ ആക്രമിക്കുന്നു. ദൈവത്തേക്കാൾ അസ്തിത്വം പിശാചിനാണ് എന്ന് പറയുന്ന നാടകം, മനുഷ്യന്റെ ശക്തിയിൽ അത്യധികം വിശ്വാസമർപ്പിക്കുന്നു. "ഭക്തന്മാർ ഒരിക്കലും നിങ്ങളെ തിരിച്ചറിയില്ല. അവർക്കാവശ്യം നിങ്ങളെയല്ല; നിങ്ങളെന്ന ആശയത്തെയാണ്" എന്നു പറഞ്ഞുകൊണ്ടാണ് ദൈവത്തിന്റെ സനാതനത്വം നാടകകാരൻ ചോദ്യം ചെയ്യുന്നത്. ശാസ്ത്രത്തിന്റെ സ്വയം നിഷ്ഠതയും മനുഷ്യബുദ്ധിയുടെ അജയ്യതയും ചൂണ്ടിക്കാണിക്കുന്ന ഐൻസ്റ്റീനോട് (മനുഷ്യനോട്) പിശാച് പറയുന്നതു നോക്കൂ:

"എന്റെ ബ്രദറ് (ദൈവം) പറയുന്നത് അവനാണ് ഇതെല്ലാം നിയന്ത്രിക്കുന്നത് എന്നാണ്" - തുടർന്ന് ദൈവവും പിശാചും (നന്മയും തിന്മയും) തമ്മിലുള്ള മത്സരത്തെ ഒരിലക്ഷനോടാണ് നാടകകൃത്ത് ഉപമിക്കുന്നത്. മനുഷ്യന്റെ പോരുകളും വിശ്വാസയുദ്ധങ്ങളുമെല്ലാം ദൈവത്തിനുവേണ്ടിയായിരുന്നു. ഭക്തനും ഉപദേശിയും ഉമ്മായും ഒക്കെ വ്യത്യസ്ത മതവിശ്വാസികളായിത്തന്നെ മരിച്ചു സ്വർഗത്തിലെത്തുമ്പോൾ ആ വിശ്വാസങ്ങളുടെയെല്ലാം കള്ളി വെളിച്ചത്താകുന്നുണ്ട്. വിശ്വാസം സ്വാർത്ഥതയുടെ മുഖംമൂടി മാത്രമാണെന്നു തെളിയുന്നു. സ്വർഗവും നരകവും പുണ്യപാപങ്ങളുടെ കണക്കുകൂട്ടി നിശ്ചയിക്കപ്പെടുന്നതാണ് എന്ന മതധാരണകളെയാകെ തകർക്കുന്നത്ര അസംബന്ധ ജടിലമാണ് സ്വർഗപ്രവേശം എന്ന സ്വപ്നം എന്ന് നിരവധി പരിഹാസച്ചുവയുള്ള സന്ദർഭങ്ങളിലൂടെ നാടകകൃത്ത് ഓർമിപ്പിക്കുന്നു. ദൈവം 'പ്രൊഫസർ കദനനും' പിശാച് 'പ്രൊഫസർ മദനനും' ആയി നാമകരണം ചെയ്യപ്പെടുന്ന സന്ദർഭത്തിൽ ഞങ്ങൾ 'ട്വിൻ ബ്രദേഴ്സാണ്' എന്നാണ് പിശാച് പറയുന്നത്. നേരിട്ടു കണ്ടിട്ടും ആർക്കും തിരിച്ചറിയാനാകാത്തത്ര അജ്ഞാതനാണ് ദൈവം എന്ന് നാടകം ഓർമ്മിപ്പിക്കുന്നു. ഈശ്വരനും മനുഷ്യനും തമ്മിലുള്ള ഒരു സംഭാഷണം നോക്കൂ.

ഈശ്വരൻ : എന്നെ ധിക്കരിക്കുന്ന മനുഷ്യരാശിയെ ഒന്നടങ്കം ഞാൻ വാനരയുഗത്തിലേക്ക് അയയ്ക്കും.

ഐൻസ്റ്റീൻ : ഇംപോസിബിൾ! വാനരയുഗം കഴിഞ്ഞിട്ടു വർഷലക്ഷങ്ങൾ കഴിഞ്ഞു. ഇത് വാനയുഗമാണ്. കാലം മുമ്പോട്ടേ നടക്കൂ.

ഈശ്വരൻ : തീർച്ചയാണോ?

ഐൻസ്റ്റീൻ : അല്ലെങ്കിൽ പ്രകാശവേഗത്തെ അതിലംഘിക്കണം.

പിശാച് : അനിയാ, നമുക്ക് രാജിവയ്ക്കാം. ഇനി ഈ ഉദ്യോഗം വേണ്ടാ! സ്വരം നന്നാകേ കളി നിർത്തുന്നതാണ് നല്ലത്.

ഈശ്വരൻ : ഞാനില്ലാത്ത ഒരു ലോകവുമില്ല.

ഐൻസ്റ്റീൻ : ദുർബലനായ മനുഷ്യന്റെ അന്ധഭാവനയിലൊഴിച്ച് ഒരു മണൽത്തരിയിൽപ്പോലും നിങ്ങളില്ല.

ശാസ്ത്രവും യുക്തിബോധവും എത്ര അനായാസമാണ് ദൈവത്തെ അപ്രസക്തനാക്കുന്നത് എന്ന് നോക്കുക; ദൈവവും പിശാചവും ഒന്നുതന്നെയാണെന്നും ദൈവത്തിനേക്കാൾ കളിക്കളത്തിൽ ജയിക്കുന്നത് പിശാചാണെന്നും പറഞ്ഞുകൊണ്ട് ദൈവസങ്കല്പത്തെയും മതവിശ്വാസങ്ങളെയും തകർത്തെറിയുകയാണ് എൻ. എൻ. പിള്ള.

സാമൂഹിക സദാചാരത്തിന്റെ അർത്ഥശൂന്യതകൾ

"അർത്ഥമില്ലാത്ത ചില വാക്കുകൾ കൊണ്ടുള്ള വേലിക്കെട്ടാണ് നമ്മുടെ സംസ്കാരം" എന്ന് പ്രേതലോകത്തിൽ എൻ. എൻ. പിള്ള പറയുന്നുണ്ട്. ഈ സംസ്കാരത്തിന്റെ വേലിക്കമ്പുകളെ പിഴുതെറിയുന്ന നാടകങ്ങളുടെ കൂട്ടത്തിൽ ശ്രദ്ധേയമായ നാടകമാണ് 'കാപാലിക'. വ്യഭിചാരിണിയായ കാപാലിക തന്റെ ജീവിതം കൊണ്ട് സദാചാരസങ്കല്പങ്ങളെയും കപടസംസ്കാരത്തെയും വെല്ലുവിളിക്കുകയാണ്. ദ്വയാർത്ഥങ്ങളുടെയും ദൂരാന്വയങ്ങളുടെയും ഘോഷയാത്രയാണീ നാടകത്തിലെ സംഭാഷണങ്ങളിലുടനീളം കാണാൻ കഴിയുന്നത്. കാമശാസ്ത്രം ശാസ്ത്രമാണെന്നും അത് സൃഷ്ടിയുടെ ശാസ്ത്രമാണെന്നും ക്രിസ്തീയപുരോഹിതനോടു പറഞ്ഞുകൊണ്ട് ഞെട്ടിക്കുന്നുണ്ട് കാപാലിക. "അച്ചനെ പട്ടം കെട്ടിച്ചതും എന്റെ അരക്കെട്ടഴിച്ചതും ഒരേ സമൂഹമാണ്" എന്നു പറഞ്ഞുകൊണ്ട് കടുത്ത സാമൂഹിക വിമർശനത്തിന്റെ അമ്പുകളാണ് കാപാലിക തൊടുത്തുവിടുന്നത്. അഭിസാരികയുടെ മുന്നിലാണ് ഇരിക്കുന്നതെന്നറിഞ്ഞപ്പോൾ കിണ്ടിയിൽ നിന്ന് ഗംഗാജലം തളിച്ച് തന്റെ ഇടം ശുദ്ധമാക്കുന്ന സ്വാമികളോട് "ഈ ക്ലാവുപിടിച്ച ചെളിവെള്ളത്തിനേക്കാൾ പരിപാവനമാണ് യൂഡികൊളോൺ ചേർന്ന എന്റെ വിയർപ്പ്" എന്നു പറയുന്ന കാപാലിക വിശ്വാസത്തിന്റെ പൊയ്മുഖങ്ങളെയാണ് പിച്ചിച്ചീന്തുന്നത്. സ്വാമി ജ്ഞാനയോഗമാർഗമാ

ണെന്ന് സ്വീകരിച്ചിരിക്കുന്നത് എന്നതിനു മറുപടിയായി താൻ സ്വീകരിച്ചിരിക്കുന്നത് കർമയോഗമാണെന്നും അത് സനാതനസംയോഗമാണെന്നും പച്ച മലയാളത്തിൽ പറഞ്ഞാൽ വ്യഭിചാരമാണെന്നും പറഞ്ഞുകൊണ്ട് വ്യഭിചാരത്തെ മറ്റൊരു തലത്തിൽ ആർഷമാക്കുന്ന എൻ. എൻ. പിള്ള വെല്ലുവിളിക്കുന്നത് ഭാരതത്തിന്റെ ആർഷ ജ്ഞാനപാരമ്പര്യത്തെ തന്നെയാണ്.

സാമൂഹികനിയമങ്ങളാൽ പരിപാലിക്കപ്പെടുന്ന സ്ഥാപനങ്ങളെ വിമർശിക്കുന്നിടത്ത് എൻ. എൻ. പിള്ള ജീവിതത്തിന്റെ ശിഷ്യത്വം കൊണ്ട് നേടിയ തൻബോധ്യങ്ങളെയാണ് വെളിവാക്കുന്നത്.

"പ്രേമം! നോൺസെൻസ്! ഇണ ചേരാനുള്ള ആവേശമാണ് പ്രേമം. ഈ പ്രപഞ്ചം തന്നെ നിലയ്ക്കാത്ത ഒരു പ്രേമനാടകമാണ്. നിലയ്ക്കാത്ത ഇണചേരൽ, നിലയ്ക്കാത്ത സൃഷ്ടി. ഇണചേരാനുള്ള ആരംഭമാണ് ജനനം. ഇണചേരാനുള്ള കഴിവുകേടിന്റെ പ്രഖ്യാപനമാണ് മരണം. "

എന്നിങ്ങനെ കേവലം ജൈവികചോദന എന്ന ഒറ്റ സങ്കല്പാസ്ത്രം കൊണ്ട് പ്രേമം എന്ന സാമൂഹിക സങ്കല്പത്തിന്റെ ഉദാത്തത തകർക്കുന്നു.

"വിവാഹം ഒരു ബിസിനസ് കോൺട്രാക്ടാണ്. വിവാഹത്തിന്റെ ഗോഡൗണിൽ കിടന്ന് തുരുമ്പിക്കുന്ന പഴഞ്ചരക്കാണ് പാതിവ്രത്യം. ഭർതൃസംരക്ഷണം അതിന്റെ ഡിമറേജ് ചാർജ്ജാണ്. "

വിവാഹം, കുടുംബം തുടങ്ങിയ സാമൂഹിക സ്ഥാപനങ്ങളുടെ പവിത്രത തകർത്തുകൊണ്ട് അവയിലെ ഉദ്ദേശ്യാധിഷ്ഠിത വിപണനലക്ഷ്യങ്ങൾ വെട്ടിത്തുറന്നു പറയാൻ എൻ. എൻ. പിള്ളയ്ക്ക കഴിയുന്നത് ജീവിതത്തിൽ നിന്നു നേടിയ പാഠങ്ങളായിരുന്നു.

ജീർണിക്കുന്ന ഭരണകൂടവും രാഷ്ട്രീയവും

മതമായിക്കഴിഞ്ഞ മാർക്സും ഗാന്ധിയും ക്രിസ്തുവും ജൂറിമാരായിരിക്കുന്ന ഒരു വിചാരണരംഗത്ത് തന്റെ വാദങ്ങൾ പറയുന്ന ഗോഡ്സേ എന്ന നാടകഭാവന എത്ര അപകടകരമാണ്? നിങ്ങൾ മൂവരും മതങ്ങളായിക്കഴിഞ്ഞിരിക്കുന്നു എന്ന് വിമർശിക്കുന്നത് ഗോഡ്സേയാണ്! പുതിയ കാലത്ത് ഭൂമിയിലേക്കു വരുന്ന ഗാന്ധിജിയും മാർക്സും ക്രിസ്തുവും കാണുന്നത് അധികാരത്തിന്റെ (ജനാധിപത്യഭരണത്തിന്റെ) വൈകൃത കാഴ്ചകളാണ്. ദൃഷിക്കുന്ന അധികാരത്തിന്റെയും മൂല്യബോധം നഷ്ടപ്പെട്ട

ഭരണവർഗ്ഗത്തിന്റെയും നേർക്കാഴ്ചകൾ കണ്ട അവർ തിരിച്ചുചെന്ന് (അപാരതയുടെ പശ്ചാത്തലമുള്ള കോടതി. അപരലോകത്തിലെ കോടതി) ജഡ്ജിക്കുമുന്നിൽ ഗോഡ്സേക്കനുകൂലമായി റിപ്പോർട്ട് നൽകുന്നതാണ് നാടകത്തിന്റെ പ്രമേയം.

"ഞാനാണ് കുഞ്ഞുരാമൻ. കുഞ്ഞുരാമൻ ആശാരി. ആരോഗ്യം, അബ്കാരി എന്നീ വകുപ്പുകൾ കൈകാര്യം ചെയ്യുന്നു. എന്നെ സംബന്ധിച്ച് വലിയ ഒരു രാഷ്ട്രീയ പാരമ്പര്യമാണുള്ളത്. ആശാരി നരേന്ദ്രദേവ്, ആശാരി കൃപലാനി, ആശാരി വിനോബാഭാവേ, രാജഗോപാലാചാരി തുടങ്ങിയ ആശാരി പരമ്പരയിലെ അവസാനത്തെ കണ്ണിയാണ് ഞാൻ. കുഞ്ഞുരാമനാശാരി. "

ഇത്തരത്തിലുള്ള അത്യന്തം ഹീനമായ രാഷ്ട്രീയ നാടകങ്ങളുടെ പരമ്പര തന്നെയാണ് ഈ നാടകത്തിലൂടെ എൻ. എൻ. പിള്ള അവതരിപ്പിക്കുന്നത്.

"കഴുതേടെ ചിരി, കഴുതയ്ക്കമറിയില്ല കാണണോർക്കുമറിയില്ല എന്തിനാണ് ചിരിച്ചതെന്ന്. എന്നാലും അർത്ഥഗർഭമാണ് കേട്ടോ. മന്ത്രീടെ ചിരിയല്ലേ, സൂക്ഷിക്കണം. " - ഭരണകൂടവും രാഷ്ട്രീയക്കാരും ചേർന്ന് മുച്ചൂടും നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു നാടിനുവേണ്ടിയുള്ള വിമർശനങ്ങളായിരുന്നു എൻ. എൻ. പിള്ളയുടെ നാടകങ്ങൾ.

ഭരണകൂടോപകരണങ്ങളെയും വിമർശിക്കാൻ എൻ. എൻ. പിള്ളയുടെ സംഭാഷണങ്ങൾക്ക് കഴിയുന്നുണ്ട്. ക്രോസ്ബെൽറ്റ് എന്ന നാടകത്തിൽ പോലീസ് സ്റ്റേഷനിൽ പോലീസുകാരാൽ ക്രൂരമായി ബലാത്സംഗം ചെയ്യപ്പെട്ട യുവതി പറയുന്ന വാക്കുകളിൽ എൻ. എൻ. പിള്ളയുടെ 'വാചിക'ത്തിന്റെ ശക്തിയും തനിമയും കാണാം.

"ഒരു പ്രാവശ്യം ഞാൻ അറിഞ്ഞോണ്ട് എന്നെ വിറ്റു. ഒരു പ്രാവശ്യം സർക്കാർ നേരിട്ടു എന്നെ കണ്ടുകെട്ടി. "

നാടകമെന്നാൽ കേവലം വിനോദമല്ലെന്നും പറയാൻ കഴിയാത്തവൻ പറയാനാഗ്രഹിക്കുന്നത് പറയുന്നതു കൂടിയാകണമെന്നും ചിന്തിച്ച നാടകകാരനാണ് എൻ. എൻ. പിള്ള. അതുകൊണ്ടാണ് വാക്കുകളെയസ്ത്രങ്ങളായി മാറ്റുന്ന രചനാതന്ത്രം അദ്ദേഹം സ്വീകരിച്ചത്. 'എന്റെ വിശ്വാസം എനിക്ക് വിശ്വത്തോളം പ്രായം ഉണ്ടെന്നാണ്' എന്ന് ആത്മകഥയിൽ എൻ. എൻ. പിള്ള എഴുതിയിട്ടുണ്ട്. അത്രമാത്രം അനുഭവങ്ങളും ഓർമ്മകളും വായിച്ചറിവുകളും ഉണ്ടായിരുന്ന അദ്ദേഹത്തിന്. അതൊക്കെച്ചേർന്നാണ് എൻ. എൻ. പിള്ളയുടെ വാചികത്തെ രൂപപ്പെടുത്തിയത്.

ഉപസംഹാരം

വാചികം എന്ന പദത്തിന് ചതുർവിധാഭിനയങ്ങളിൽ ഒന്ന് എന്ന് മാത്രമല്ല അർത്ഥം. വാക്യം, മൊഴി, സംഭാഷണം, ഭാഷ എന്നൊക്കെയാണ് വാചികം എന്ന പദത്തിന്റെ മറ്റർത്ഥങ്ങൾ. ഭാഷയുടെ, വാക്യത്തിന്റെ ശക്തിയിൽ വിശ്വസിച്ച എഴുത്തുകാരനാണ് എൻ. എൻ. പിള്ള. 'ഭാഷകൊണ്ട് പൂട്ടുകെട്ടി എതിർക്കേണ്ടവരുടെ മുഖത്തു കൃത്തുന്ന' നാടകകലയിലാണ് അദ്ദേഹത്തിന് വഴക്കം എന്ന് പറയാം. അത് ഒരുതരം മൊഴിവഴക്കമാണ് നാടകത്തിന്റെ അരങ്ങിൽ വാക്കിന്റെ തീജ്വാലകൾ കൊളുത്തുന്ന, ലക്ഷ്യങ്ങളിലേക്ക് വാചികത്തിന്റെ അമ്പുകൾ തൊടുക്കുന്ന മൊഴിവഴക്കത്തിന്റെ സാക്ഷ്യമാണ് ആ നാടകങ്ങൾ.

"എന്തൊരത്ഭുതം! എന്നെ പ്രപഞ്ചം സൃഷ്ടിച്ചതോ?
അല്ല, ഞാനെന്നിൽക്കൂടി പ്രപഞ്ചം സൃഷ്ടിച്ചതോ?
ഉത്തരം കാണാത്തൊരീ ചോദ്യങ്ങൾക്കവസാന-
മുത്തരമെഴുതുമെൻ 'മരണപത്രത്തിൽ' ഞാൻ"-

1918 ഡിസംബർ 23-ന് ജനിച്ച് 1995 നവംബർ 14-ന് മരിച്ച എൻ. എൻ. പിള്ളയുടെ ശവകുടീരത്തിൽ എൻ. എൻ. പിള്ള തന്നെ എഴുതിവച്ച ഈ വരികൾ പറയുന്നതും അതാണ്. സ്വയം സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ - വാചികപ്രപഞ്ചത്തിന്റെ - വിധാതാവായിരുന്നു എൻ. എൻ. പിള്ള.

സഹായകഗ്രന്ഥങ്ങൾ

1. പിള്ള എൻ. എൻ., ഞാൻ, കറന്റ് ബുക്സ്, കോട്ടയം, 2012.
2. പിള്ള എൻ. എൻ., എൻ. എൻ. പിള്ളയുടെ സമ്പൂർണ്ണ നാടകങ്ങൾ, കറന്റ് ബുക്സ്, കോട്ടയം, 2012.
3. ശങ്കരപ്പിള്ള ജി., മലയാളനാടകസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1987.

ഊടി നിസർച്ച് ജേണൽ • ISSN: 2320-9860 • ഭാഗം - 12 • ലക്കം - 4

ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം... സ്വരൂപം ആഖ്യാനം ദർശനം

ഡോ. ജോബിൻ ജോസ് ചാമക്കാല
അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം
ദേവമാതാ കോളേജ്, കുറവിലങ്ങാട്

പ്രബന്ധസംഗ്രഹം:

കേരളത്തിൽ അച്ചടിച്ച ആദ്യമലയാളഗ്രന്ഥം 'ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം ഇംക്ലീശിൽ നിന്ന പരിഭാഷപ്പെടുത്തിയ കഥകൾ' പ്രസിദ്ധീകൃതമായിട്ട് ഇരുന്നൂറ് വർഷങ്ങൾ പൂർത്തിയാകുന്നു. മലയാളത്തിലെ ആദ്യ ചെറുകഥാസമാഹാരം, പാഠപുസ്തകം, ജീവചരിത്രഗ്രന്ഥം എന്നീ നിലകളിൽ പ്രസക്തമായ ഈ കൃതിയുടെ സവിശേഷതകളെ ഈ പ്രബന്ധത്തിൽ വിശകലനം ചെയ്യുന്നു. സ്വരൂപം, ആഖ്യാനം, ദർശനം എന്നീ ഏകകങ്ങളെ അടിസ്ഥാനമാക്കി ഗ്രന്ഥത്തെ വിശകലനം ചെയ്ത് ചരിത്രപരവും സാഹിതീയവുമായ സ്ഥാനത്തെ നിർണയിക്കുന്നു.

താക്കോൽ വാക്കുകൾ:

കഥാഖ്യാനം, മതദർശനം, മതേതരവീക്ഷണം, മിഷണറിദൗത്യം, അനുശാസനപരത

ആമുഖം

കോട്ടയം സി. എം. എസ്. മുദ്രണാലയത്തിൽ ബഞ്ചമിൻ ബെയ്‌ലി അച്ചടിച്ച ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം ഇംക്ലീശിൽനിന്ന പരിഭാഷപ്പെടുത്തിയ കഥകൾ എന്ന ഗ്രന്ഥം 1824 ൽ ആണ് പ്രസിദ്ധീകൃതമായത്. പൂർണമായും കേരളത്തിൽ അച്ചടിച്ച ആദ്യ മലയാളഗ്രന്ഥം എന്ന നിലയിൽ അച്ചടിയുടെ ചരിത്രത്തിൽ ഇതിന് വലിയ സ്ഥാനമുണ്ട്. പ്രസ്തുത ഗ്രന്ഥം നിർവഹിച്ച സാമൂഹികവും ചരിത്രപരവുമായ ദൗത്യം ഏറെ പ്രധാനമാണ്.

"മലയാളത്തിലെ ആദ്യകഥാസമാഹാരം, ആദ്യബാലസാഹിത്യകൃതി, ആദ്യ പാഠപുസ്തകം, ആദ്യ ജീവചരിത്രം എന്നിങ്ങനെ പല പ്രത്യേകതകളും ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം. . . കഥകൾ എന്ന ഈ കൃതിക്ക്" ഉള്ളതായി ഡോ. ബാബു ചെറിയാൻ (2014:19) നിരീക്ഷിക്കുന്നു. "ആധുനികമലയാളം അച്ചടിക്ക് കേരളത്തിൽ ആരംഭം കുറിക്കുന്നത് ബെഞ്ചമിൻ ബെയ്‌ലിയാണ്. 1821 ഒക്ടോബറോടെയാണ് സി. എം. എസ്. അച്ചുകൂട്ടം കോട്ടയത്ത് സ്ഥാപിക്കുന്നത്. മലയാള അച്ചുകൂടങ്ങളുടെ ആദ്യസംരംഭവും ഇതുതന്നെയാണ് എന്ന്" (ബാബു ചെറിയാൻ : 2021:537) പുസ്തകചരിത്രം എന്ന പ്രബന്ധത്തിൽ എ. ജി. ശ്രീകുമാർ വ്യക്തമാക്കുന്നു. "1824 ൽ കോട്ടയത്തെ സി. എം. എസ്. പ്രസ്സിൽ അച്ചടിച്ച മലയാളം പുസ്തകമായ 'ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽനിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ' പുറത്തുവന്നതോടെ കേരളത്തിലെ അച്ചടിയുടെ ചരിത്രം ആരംഭിക്കുന്നു. "എന്ന കെ. എം. ഗോവിയുടെ നിരീക്ഷണത്തെ ഇ. വി. രാമകൃഷ്ണനും (2000: 480) പിൻപറ്റുന്നുണ്ട്. ചുരുക്കത്തിൽ മലയാള പുസ്തകപ്രസാധനചരിത്രത്തിൽ ബഞ്ചമിൻ ബെയ്‌ലി സ്ഥാപിച്ച അച്ചുകൂടത്തിന്റെയും പ്രസ്തുതഗ്രന്ഥത്തിന്റെയും സ്ഥാനം അവിതർക്കിതമാണ്.

ആദ്യകൃതിയുടെ അച്ചടിയിലേക്ക് നയിച്ച സാഹചര്യങ്ങൾ ഏറെ പ്രധാനമാണ്. കേരളത്തിൽ ഒരു പ്രസ് സ്ഥാപിക്കുക എന്ന തന്റെ ലക്ഷ്യത്തെക്കുറിച്ച് ബെയ്‌ലി കേണൽ മൺറോയെ അറിയിച്ചു.

സി. എം. എസിന്റെ മദ്രാസിലെ കറസ്പോണ്ടിംഗ് സെക്രട്ടറി മാർഡ്യൂക് തോംസൺ ഒരു അച്ചടിയന്ത്രം കേരളത്തിലേക്ക് അയച്ചുതരാൻ ഇംഗ്ലണ്ടിലേക്കെഴുതി. ഇംഗ്ലണ്ടിൽനിന്ന് പ്രസ് വരാൻ താമസിച്ചതിനാൽ ബ്രിട്ടാനിക്ക എൻസൈക്ലോപീഡിയയിൽനിന്നും മറ്റുമായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ആശാരിയുടെയും കൊല്ലന്റെയും സഹായത്തോടെ അച്ചടിസാമഗ്രികൾ ഉണ്ടാക്കി

സംയോജിപ്പിച്ച് അച്ചുകൂടം സ്ഥാപിക്കുകയായിരുന്നു. കൽക്കട്ടയിൽനിന്ന് മലയാളം ടൈപ്പുകൾ എത്തിച്ചുവെങ്കിലും അവ അന്നയോജ്യമല്ലാത്തതിനാൽ, ബെയ്ലി സ്വന്തമായി അച്ചുകൾ വാർത്തുണ്ടാക്കി (സാമുവൽ സാമുവൽ, 1996:72-73). ഇങ്ങനെ വളരെ ക്ലേശകരമായ ഒരു കർമപദ്ധതിക്കൊടുവിലാണ് മലയാളത്തിന് സ്വന്തമായി ഒരു 'അച്ചുപുര' യാഥാർത്ഥ്യമായത്.

സി. എം. എസ്. മിഷണറിമാർ സ്ഥാപിച്ച വിവിധ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് സൻമാർഗ്ഗ ചിന്തയും മതാവബോധവും സാഹിത്യാഭിരുചിയും വളർത്തുക എന്ന ലക്ഷ്യത്തെ മുൻനിർത്തിയാണ് ഈ ഗ്രന്ഥം തയ്യാറാക്കിയിട്ടുള്ളത്. ഗ്രന്ഥത്തിൽ ആറാമതായി ചേർത്തിട്ടുള്ള 'എഡ്വാർഡ എന്ന പെർ ഉളവായ രാജാക്കന്മാരിൽ ആറാമവന്റെ ചരിതം' എന്ന കഥ ആരംഭിക്കുന്നത് ഇപ്രകാരമാണ്.

"എടോ അദ്ധ്യായി ംരം ചരിതം ഒരു രാജചരിതമാകയാൽ നീ ആസ്ഥയോടെ വായിച്ചറിയണം എന്നു തോന്നുന്നു" (ബാബു ചെറിയാൻ, 2014:123) ഇതിൽ അധ്യായി എന്ന സംബോധന, അധ്യയനംചെയ്യുന്നവൻ, പഠിതാവ് എന്നീ അർത്ഥങ്ങളെ സൂചിപ്പിക്കുന്നു. പഠിതാവിന് ആസ്ഥയോടെ വായിച്ചറിയുന്നതിനായി തയ്യാറാക്കിയ ഒരു രാജചരിതമാണിത് എന്ന മുഖവുര ചരിത്രത്തെ കഥാരൂപത്തിൽ അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിലേക്കും വിരൽ ചൂണ്ടുന്നു.

സ്വരൂപവും ആഖ്യാനവും

'ചെറുപൈതങ്ങൾക്ക. . . . . കഥകൾ' എന്ന ഗ്രന്ഥത്തിൽ എട്ട് കഥകളാണ് ചേർത്തിട്ടുള്ളത്. മലയാളകഥയുടെ ആദ്യമാതൃക എന്ന നിലയിൽ പരിഗണിക്കുമ്പോൾ ഈ രചനകളെല്ലാം സ്വരൂപപരമായി വ്യതിരിക്തത പുലർത്തുന്നവയാണ്. മാർജെരി എന്ന പെൺപൈതലിന്റെ കഥയാണ് ഒന്നാമതായി ചേർത്തിരിക്കുന്നത്. മാർജെരിയുടെ ജീവിതത്തിലെ മൂന്ന് സംഭവങ്ങളാണ് ഇതിലുള്ളത്. ഓരോ സംഭവകഥയും ഓരോ ഖണ്ഡമായി ചേർത്തുവച്ചിരിക്കുന്നു.

ജ്ഞാനിപൈതലിന്റെ കഥ രൂപപരമായി ചെറുതെങ്കിലും സംഭാഷണ പ്രധാനമാണ്. ഒരു ഖണ്ഡികയിൽ കഥാസന്ദർഭം വ്യക്തമാക്കിയതിനുശേഷം തുടർന്ന് അതിദീർഘമായ ഒരു സംഭാഷണം നിബന്ധിച്ചിരിക്കുന്നു.

"യജമാനൻ - ംരം ഉദ്യോഗം നിനക്ക ഇഷ്ടമോ

ചെറുക്കൻ - അതെ മഹാനല്ല ഇഷ്ടം ഇത നല്ല തക്കമല്ലെ

യ : എങ്കിലും കളി എറ കൊള്ളരുതൊ

ചെ: ഇത പ്രയാസമുള്ള വെല അല്ല ഏകദെശം കളിപൊലെതന്നെ നല്ലതാ കുന്നു. "

ഇത്തരത്തിലുള്ള ദീർഘമായ സംഭാഷണത്തിലൂടെയാണ് കഥയുടെ ആഖ്യാനം നിർവഹിച്ചിരിക്കുന്നത്. കേവലം സംഭാഷണത്തിനപ്പുറത്ത് ആഴമായ ചിന്തകളോ ദർശനബോധമോ ഇത് പങ്ക് വയ്ക്കുന്നില്ല. അനുശാസനപരതയാണ് ഈ രചനയുടെ മുഖമുദ്ര. 'രണ്ട് ആട്ടിൻകുട്ടികളുടെ കഥ'യുടെ പ്രമേയം ശീർഷകത്തിൽത്തന്നെ സൂചിതമായിരിക്കുന്നു. 'വിപദിധൈര്യം ഒരുകഥ' എന്നത് ആപത്ഘട്ടങ്ങളിൽ പുലർത്തേണ്ട മനഃസാനിധ്യത്തെക്കുറിച്ച് ഓർമിപ്പിക്കുന്നു. 'മനസ്സുറപ്പിന്റെ സംഗതി'യും ഏറെക്കുറെ ഇതേ മാനസികഘടനയെ പിൻപറ്റുന്നുണ്ട്.

സംഭാഷണവും വിശദീകരണവും ഇടകലർത്തി ആഖ്യാനം ചെയ്തിരിക്കുന്ന രചനയാണ് ജൊർജിന്റെയും അവന്റെ ചക്രത്തിന്റെയും കഥാ. എഡ്വാർഡ എന്ന പെർ ഉളവായ രാജാക്കന്മാരിൽ ആറാമവന്റെ ചരിതം എന്ന കഥ പേരു സൂചിപ്പിക്കുന്നതുപോലെ രാജചരിതമാണ്. പ്രത്യേകം ശീർഷകം നൽകി ക്രമീകരിച്ചിരിക്കുന്ന അഞ്ച് അധ്യായങ്ങളോടുകൂടിയ ഈ കഥ ഒരു ലഘുനോവലിന്റെ സ്വഭാവം പുലർത്തുന്നു. 'തെയോഫിലോസിന്റെയും സെഫാ കഥാ' എന്ന രചനയാണ് ഈ ഗ്രന്ഥത്തിൽ അവസാനമായി ചേർത്തിരിക്കുന്നത്. മൂന്ന് പുറം മാത്രം ദൈർഘ്യമുള്ള ജ്ഞാനിപ്പെതൽ മുതൽ അറുപതിൽപരം പുറങ്ങൾ ദൈർഘ്യമുള്ള തെയോഫിലോയുടെ കഥവരെ സ്വരൂപപരമായി വളരെ വ്യതിരിക്തമായ രചനകളാണ് ഈ സമാഹാരത്തിലുള്ളത്.

ഭാഷാപരമായ നിരവധി സവിശേഷതകൾ ഈ സമാഹാരത്തിലെ കഥകളിൽ കണ്ടെത്തുവാൻ സാധിക്കും. പ്രചാരലുപ്തമായ പദങ്ങളും പ്രയോഗങ്ങളും നിരവധിയുണ്ട്. പെർ(പേര്), വെലക്ക (വേലയ്ക്ക്), കളിക്കൊപ്പ (കളിക്കോപ്പ്), ചിച്ചാങ്കത്തി (പിച്ചാത്തി), തൊന്മാസ്സെ (തോമസെ) തുടങ്ങിയ നിരവധി പദങ്ങൾ ഇന്ന് രൂപഭേദം വന്നിരിക്കുന്നു. സംവൃതോകാരം ഇല്ലാതെയുള്ള മുദ്രണമാണ് ഈ രചനകളിൽ കാണുന്നത് നിന്ന - നിന്ന്, എന്ത - എന്ത്, വന്നിട്ട - വന്നിട്ട്, എനിക്ക - എനിക്ക് എന്നിങ്ങനെ ഉദാഹരണങ്ങൾ നിരവധി. മലയാളം ടൈപ്പോഗ്രഫിയുടെ അപകാമാണ് ഇത്തരത്തിൽ സംവൃതോകാരമുദ്രണത്തിന് വിഘാതമായത് എന്ന് ഡോ. ബാബു ചെറിയാൻ നിരീക്ഷിക്കുന്നു. (2014:65) ദീർഘസ്വരങ്ങളായ ഏ, ഓ എന്നിവയുടെ

ഉപലിപികളും സംവൃതോകാരത്തെ സൂചിപ്പിക്കുന്ന ചിഹ്നങ്ങളും അക്കാലത്ത് രൂപപ്പെട്ടില്ലാത്തതിനാൽ ചെറുപൈതങ്ങളുടെ മുദ്രണത്തെ അത് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കഥാഖ്യാനത്തിന് പൂർവമാതൃകകളില്ലാത്ത സാഹചര്യത്തിലും ഭാഷയെ ഹൃദയസ്പർശിയായി ആഖ്യാനം ചെയ്യുവാൻ ഗ്രന്ഥകർത്താവിന് കഴിയുന്നുണ്ട് "വീട്ടിന്റെ പിന്നിൽതന്നെ നിഴലുള്ള മരക്കൂട്ടം ഉണ്ടായിരുന്നു എന്നതുകൊണ്ട മാർജെരി ആ മരക്കൂട്ടത്തിൽ കളിപ്പാൻ ഓടിപൊയി. ഒരു ഇടുക്കവഴിയിലൂടെ ചെന്നു തണുപ്പുള്ള ഒരു വരമ്പിന്മെൽ എത്തി. ആ തണുപ്പുള്ള വരമ്പിന്മെൽ കൂതുകമുള്ള പൂക്കുലകൾ പലവും ഉണ്ടായിരുന്നു" (ബാബു ചെറിയാൻ, 2014:84) മാർജെരിയുടെ കഥയിലെ ഒരു പ്രതിപാദ്യമാണിത്. ഇത്തരത്തിൽ പ്രകൃതിവർണനാപരവും ഹൃദയസ്പർശിയുമായ നിരവധി ആഖ്യാനമാതൃകകൾ ഈ കഥകളിൽ പലസന്ദർഭങ്ങളിലും കാണാം.

ചെറുപൈതങ്ങളിലെ ഇതര രചനകളിലെല്ലാം കഥ എന്ന് ഹ്രസ്വാന്തമായും ജൊർജിന്റെയും അവന്റെ ചക്രത്തിന്റെയും കഥാ, തെയോഫിലുസിന്റെയും സെഫായുടെയും കഥാ എന്നിവയിൽ ദീർഘാന്തമായും പ്രയോഗിച്ചുകാണുന്നു. കഥ എന്ന പ്രയോഗം ഇവിടെ ശീർഷകത്തിൽ മാത്രമാണുള്ളത്. മറ്റ് സന്ദർഭങ്ങളിലിലെല്ലാം കഥ എന്നാണ് പ്രയോഗിച്ചിരിക്കുന്നത്. ടൈപ്പോഗ്രഫിയുടെയും പദസഞ്ചയത്തിന്റെയും പരിമിതികൾ വിവർത്തകനെ കാര്യമായി ബാധിച്ചിട്ടുണ്ട്. ചെറുപൈതങ്ങളിലെ ഭാഷയെ അപരിചിതവും ചിലപ്പോഴൊക്കെ വികലവു മാക്കുന്നത് ഈ പരിമിതികളാണ്.

ദർശനം

സി. എം. എസ്. മിഷണറി സംഘത്തിന്റെ ഭാഗമായിരുന്ന ബെയ്ലി തയ്യാറാക്കിയ ചെറുപൈതങ്ങൾക്ക. . . . . എന്ന കഥാസമാഹാരത്തിൽ ഉൾച്ചേർത്തിട്ടുള്ള രചനകളിലെല്ലാം അദ്ദേഹത്തിന്റെ മിഷണറി ദൗത്യത്തിന്റെ സാക്ഷ്യങ്ങൾ കണ്ടെത്തുവാൻ കഴിയും. വിദ്യാർത്ഥികൾക്ക് പാഠപുസ്തകമായി തയ്യാറാക്കിയ ഈ സമാഹാരത്തിലെ രചനകൾ സന്മമാർഗ്ഗോപദേശം എന്ന ആത്യന്തിക ലക്ഷ്യത്തെ പിൻതുടരുന്നു. മതവിശ്വാസം, വിനയം, നിശ്ചയദാർഢ്യം, അധ്വാനശീലം, ധാർമികബോധം തുടങ്ങിയവയൊക്കെ കുട്ടികളിൽ വളർത്തുവാൻ അനുയോജ്യമായ വിധത്തിലാണ് ഈ പുസ്തകം സജ്ജീകരിച്ചിരിക്കുന്നത്.

പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ മതദർശനത്തെ വിനിമയം ചെയ്യുന്നവ,

മതേതരമായ മൂല്യദർശനത്തെ പിൻപറ്റുന്നവ എന്നിങ്ങനെ ഈ സമാഹാരത്തിലെ രചനകളെ രണ്ടായി തിരിക്കാം. മാർജെരിയുടെ കഥയിൽ ആ പെൺകുട്ടിയുടെ അനുസരണാശീലവും വിനയവും ദയയും ഈശ്വരവിശ്വാസവും മൂന്ന് ഖണ്ഡങ്ങളിലായി ആഖ്യാനം ചെയ്തതിരിക്കുന്നു. 'പെൺപൈതലിനെ ഇന്ന നല്ലവണ്ണം നടപ്പാൻ പ്രാപ്തിയുണ്ടായത് വിശുദ്ധാത്മാവിന്റെ സഹായം കൊണ്ടല്ലാതെ അവളുടെ സ്വശക്തികൊണ്ട് ഉണ്ടായതല്ല' എന്ന പ്രസ്താവനയോടെ കഥ അവസാനിക്കുന്നു. മാർജെരിയുടെ സൗശീല്യാദികൾക്ക് കാരണം ഈശ്വരവിശ്വാസ മാണ് എന്ന് എടുത്തു പറയുന്നതിലൂടെ ക്രൈസ്തവ മതദർശന ത്തെയും ഈശ്വര വിശ്വാസത്തിന്റെ പരമപ്രാധാന്യത്തെയും ഇവിടെ കൃത്യമായി ഉന്നയിക്കുന്നു.

'രണ്ട് ആട്ടിൻകുട്ടികളുടെ കഥ' ക്രൈസ്തവ മതദർശനപ്രചാരണാർത്ഥം രചിച്ചിച്ചുള്ളതാണ്. ഇടയനും ആട്ടിൻകുട്ടികളും രക്ഷകനും ഉൾപ്പെടെ നിരവധി ക്രൈസ്തവബിംബങ്ങൾ ഈ കഥയിൽ കടന്നുവരുന്നു. "യെശുവിന്റെ അരികിലെക്ക ഓടി ചെന്ന രക്ഷപെടുകൊള്ളുവിൻ നിങ്ങളെ കൈക്കൊൾവാനായി അവർ കൈകൾ നീട്ടി ഇരിക്കുന്നു" (ബെഞ്ചമിൻ ബെയ്‌ലി, 2014:103) എന്ന ഉപദേശം സിംഹത്തിന്റെ പിടിയിൽനിന്ന് രക്ഷപെടുവാൻ ആട്ടിൻകുട്ടികൾക്ക് നൽകുന്നതാണെങ്കിലും അതിനപ്പുറത്ത് വിദ്യാർത്ഥികൾക്ക് മതദർശനാവബോധം പകരുക എന്ന ലക്ഷ്യത്തെ മുൻനിർത്തുന്നു.

ജൊർജിന്റെയും അവന്റെ ചക്രത്തിന്റെയും കഥ പണം വിനിമയം ചെയ്യുന്നതിൽ പുലർത്തേണ്ട ജാഗ്രതയെക്കുറിച്ച് കുട്ടികളെ ഉദ്ബോധിപ്പിക്കു ന്നതിനൊപ്പം മതപ്രചാരണവും ലക്ഷ്യം വയ്ക്കുന്നു. തനിക്ക് കിട്ടിയ പണം കൊണ്ട് ആദ്യം മുന്തിരങ്ങയും പിന്നീട് പിശാങ്കത്തിയും തുടർന്ന് ചരടും വാങ്ങിയ ജൊർജിന് അതെല്ലാം വിപത്തുകളായി ഭവിച്ചു. തുടർന്ന് കിട്ടിയ പണം കൊണ്ട് വേദപുസ്തകം മേടിച്ച് ഒരു സാധുവിന് നൽകിയപ്പോൾ ധനവിനിയോഗം സാർത്ഥകമായി

"ദൈവമെ നിനക്ക സ്തുതിയാംവണ്ണം
പണത്തെ ചിലവഴിപ്പാൻ ഞങ്ങളെ
പ്രാപ്തിവരുത്തുവാൻ നിങ്കൽ നിന്ന
സഹായം ഉണ്ടാമളവും ഞങ്ങൾക്ക
ഒരിക്കലും പണം ഉണ്ടാകരുതേ" (ബെഞ്ചമിൻ ബെയ്‌ലി, 2014:122) എന്ന പ്രാർത്ഥനയോടെയാണ് കഥ അവസാനിക്കുന്നത്. 'ദൈവത്തെ മഹത്വപ്പെടുത്തു

ന്നതിനുള്ള പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നതിനാണ് നാം പണം ചെലവഴിക്കേണ്ടത് എന്ന കാഴ്ചപ്പാടാണ് ഈ കഥ മുന്നോട്ട് വയ്ക്കുന്നത്. 'തെയോഫിലൂസിന്റെയും സൊഫായുടെയും കഥാ' മതദർശനപ്രചരണത്തെ കൃത്യമായി ലക്ഷ്യം വയ്ക്കുന്നു. സുവിശേഷപ്രചരണാർത്ഥം രചിച്ച കഥയായി ഇതിനെ കരുതാം. "ആത്മജങ്ങളാം ഫലങ്ങൾ സ്നേഹം, സന്തോഷം, സമാധാനം, അതിശാന്തത, പരിപാകം, സാധുത്വം എന്നിവയാകുന്നു എന്നും പ്രകൃതി പരമാത്മാവിനാൽ പുനർന്നവപ്പെടുന്നവൻ പൂർണ ഹൃദയത്തോടും പൂർണാത്മാവോടും പൂർണ ശക്തിയോടും തൻ ദൈവമാമീശ്വരനെ സർവ്വോൽ കൃഷ്ടമായും തൻ സമീപസ്ഥനെ തന്നെപ്പോലെയും സ്നേഹിക്കണം എന്ന ആഗ്രഹിക്കുന്നു" (ബെഞ്ചമിൻ ബെയ്ലി, 2014:144) എന്നുമൊക്കെയുള്ള അനുശാസനങ്ങളാൽ സമ്പന്നമാണ് ഈ കഥ. ആദ്യന്തം സുവിശേഷ പ്രബോധനപരമായ രചനയാണിത്.

ജ്ഞാനിപൈതലിന്റെ കഥ എട്ടുവയസ്സുള്ള പെത്തെർ എന്ന ബാലൻ ബാല്യസഹജമായ കളി വിനോദങ്ങളിൽ നിന്നെല്ലാം അകന്ന് ജോലിചെയ്ത് ജീവിക്കുന്നതിന്റെ ആഖ്യാനമാണ്. പരിമിതികളിൽ തൃപ്തിപ്പെട്ട് അധ്വാനശീലം കൈമുതലാക്കി മുന്നേറുന്ന പെത്തെറുടെ കഥ കുട്ടികൾക്ക് മാർഗ്ഗദർശനം നൽകുന്നതിനുള്ളതാണ്. തികച്ചും മതേതരവീക്ഷണം പുലർത്തുന്ന, സന്മാർഗ പ്രധാനമായ രചനയാണത്.

വിപദിധൈര്യം ഒരുകഥ, മനഃപ്പൂർവ്വത്തിന്റെ സംഗതി എന്നീ കഥകൾ പ്രതികൂല സാഹചര്യങ്ങളെ മനസാന്നിധ്യത്തോടെ നേരിടുന്നതിനുള്ള വഴിയൊരുക്കലാണ്. വിദ്യാർത്ഥികൾക്ക് ജീവിതത്തിലുണ്ടാകുന്ന ചെറുതുംവലുതുമായ പ്രതിസന്ധികളെ നേരിടാൻ തക്കവിധമുള്ള ധൈര്യവും മനസ്സാന്നിധ്യവും പകരുക എന്ന ദർശനമാണ് ഇതിൽ തെളിയുന്നത്. തികച്ചും മതേതരമായ വീക്ഷണഗതിയെ പിൻപറ്റുന്ന രചനകളാണിവ. എഡ്വാർഡ് എന്ന പേർ ഉളവായ രാജാക്കന്മാരിൽ ആറാമന്റെ ചരിതം' എന്ന കഥ പ്രസ്തുത രാജാവിന്റെ ജീവിതചരിതത്തെ സംഗ്രഹിക്കുന്നു. രാജചരിതമാണ് വിഷയമെങ്കിലും അദ്ദേഹത്തിന്റെ ദൈവഭക്തിയും ക്രൈസ്തവവിശ്വാസവും കഥയിൽ പ്രത്യേക ഊന്നൽ നൽകി എടുത്തു പറയുന്നുണ്ട്.

'ചെറുപൈതങ്ങൾക്ക. . . ' എന്ന സമാഹാരത്തിലെ രചനകളെ മതദർശനത്തെ പിൻപറ്റുന്നവയും മതേതരവീക്ഷണത്തെ ഉന്നയിക്കുന്നവയും എന്ന് രണ്ടായി വർഗ്ഗീകരിക്കാമെങ്കിലും അടിസ്ഥാനപരമായി അവയെല്ലാം സന്മാർഗോപദേശ പ്രധാനങ്ങളാണ്. ശീർഷകം സൂചിപ്പിക്കുന്നതുപോലെ ചെറുപൈതങ്ങളെ ജീവിതവഴി

കളിൽ മുന്നേറാൻ പര്യാപ്തരാക്കുന്ന മൂല്യസങ്കല്പങ്ങളും ദർശനങ്ങളും പകരുക എന്ന വിശാലമായ ലക്ഷ്യമാണ് ഓരോ രചനയും നിർവഹിച്ചിരിക്കുന്നത്.

ഉപസംഹാരം

കേരളത്തിൽ അച്ചടിക്കപ്പെട്ട ആദ്യമലയാളഗ്രന്ഥം എന്ന നിലയിൽ ഏറെ പ്രാധാന്യമുള്ള ഈ പുസ്തകം അക്കാലത്തെ ഭാഷപ്രയോഗത്തിന്റെ സവിശേഷതകളെ ഉദാഹരിക്കുന്നതിനൊപ്പം അച്ചടിയുടെ ആദ്യമാതൃക എന്നതിന്റെ ഭാഗമായുള്ള ടൈപ്പോഗ്രഫിപരമായ പരിമിതികളെയും സംവഹിക്കുന്നു. വിവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന പദസഞ്ചയപരമായ പ്രശ്നങ്ങളുടെയും അടയാളങ്ങൾ ഈ ഗ്രന്ഥത്തിൽ കാണാം. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകമെന്ന നിലയിൽ തയ്യാറാക്കിയ ഈ പുസ്തകം സന്മാർഗ്ഗവും സാരോപദേശവും പകരുന്നതിനൊപ്പം മിഷണറിദൗത്യത്തിന്റെ ഭാഗമായ മതദർശന പ്രചരണവും ലക്ഷ്യംവയ്ക്കുന്നു.

സഹായക ഗ്രന്ഥങ്ങൾ

1. ബാബു ചെറിയാൻ (ജന. എഡി.), വാക്കിലെ ലോകങ്ങൾ അച്ചടി മലയാളത്തിന്റെ 200 വർഷങ്ങൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2021.
2. ബാബു ചെറിയാൻ (സമ്പാ.), ബെഞ്ചമിൻ ബെയ്ലി, ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം ഇംഗ്ലീശിൽനിന്ന പരിഭാഷപ്പെടുത്തിയ കഥകൾ, സാഹിത്യ പ്രവർത്തകസഹകരണസംഘം, കോട്ടയം, 2014.
3. വിജയൻ എം. എൻ. (ജന. എഡി.), നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2000.
4. പുതുപ്പള്ളി രാഘവൻ, കേരളപത്രപ്രവർത്തന ചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1985.
5. സാമുവൽ വർഗ്ഗീസ് & സാമുവൽ നെല്ലിമുകൾ, ബെഞ്ചമിൻ ബെയ്ലി മലയാളം അച്ചടിയുടെ പിതാവ്, കറൻറ് ബുക്സ്, കോട്ടയം, 1996.
6. സാം എൻ., മലയാളപത്രപ്രവർത്തനം പത്തൊൻപതാം നൂറ്റാണ്ടിൽ, ഡി. സി. ബുക്സ്, കോട്ടയം, 2003.

ഊടി നിസർച്ച് ജേണൽ • ISSN: 2320-3889 • 2017 ഫെബ്രുവരി - 12 • പുസ്തകം - 4 •

ശാസ്ത്രം: ശാസ്ത്രകല്പിതാഖ്യാനങ്ങൾ - ചരിത്ര, വർത്തമാന സന്ദർഭങ്ങളിൽ

ഡോ. അർച്ചന എ. കെ.
അസിസ്റ്റന്റ് പ്രൊഫസർ
സി. എം. എസ് കോളേജ്, കോട്ടയം

പ്രബന്ധസംഗ്രഹം:

ശാസ്ത്രവും സമൂഹവും തമ്മിലുള്ള ബന്ധം, ശാസ്ത്ര കല്പിതാഖ്യാനങ്ങൾ, ശാസ്ത്ര വിനിമയത്തിന്റെ സാംസ്കാരിക പശ്ചാത്തലം എന്നിവയുടെ അനുക്രമമായ വളർച്ചയും വികാസവുമാണ് ഈ പഠനത്തിൽ സൂചിത മാകുന്നത്. പാശ്ചാത്യ സാഹിത്യത്തിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ ഉടലെടുത്ത ശാസ്ത്ര സാഹിത്യ രൂപം പത്തൊൻപതാം നൂ റ്റാണ്ടിന്റെ അവസാന കാലഘട്ടത്തിലാണ് മലയാളസാഹിത്യത്തിൽ വേരുറപ്പിക്കുന്നത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ പ്രാരംഭ കാലം മുതൽ ശാസ്ത്ര വിനിമയത്തിനുള്ള ഉപാധിയെന്ന നിലയിൽ ശാസ്ത്രമെഴു ത്ത് മലയാളത്തിലും ഉണ്ടായിരുന്നു. വിജ്ഞാനാധിഷ്ഠിതമായ സാമൂഹ്യ രൂപീകരണത്തിന് ശാസ്ത്ര വിജ്ഞാനം ജനകീയമാക്കേണ്ട സാഹച ര്യത്തിലാണ് ശാസ്ത്രമെഴുത്ത് പ്രോത്സാഹിപ്പിക്കപ്പെട്ടത്. പിന്നീടാണ് ശാസ്ത്രസാഹിത്യവും ശാസ്ത്ര കല്പിതാഖ്യാനവും തമ്മിലുള്ള വ്യത്യാസം വില യിരുത്തപ്പെട്ടു തുടങ്ങിയത്. ശാസ്ത്രത്തിന്റെ ഈ സഞ്ചാരം ശാസ്ത്രത്തിന്

സമൂഹത്തിൽ കൈ വന്നിട്ടുള്ള പ്രാധാന്യത്തിലേക്കും സ്വാധീനത്തിലേക്കും നയിക്കുന്നതാവുന്നു. സമകാലീന സാഹിത്യത്തിൽ ആവിഷ്കൃതമായിരിക്കുന്ന ബഹിരാകാശം, റോബോട്ടിക്സ്, സൈബർ നെറ്റിക്സ്, ജനിതക സാങ്കേതികവിദ്യ തുടങ്ങിയ ശാസ്ത്ര മേഖലകൾ കാലഘട്ടത്തിന്റെ മാറ്റത്തെ അടയാളപ്പെടുത്തുന്നതാണ്. ലേഖനങ്ങളിലും കുറിപ്പുകളിലും തുടങ്ങി കല്പിതാഖ്യാനങ്ങളുടെ നിലയിലേക്ക് മലയാളത്തിലെ ശാസ്ത്ര ഭാവന വികസിച്ചിരിക്കുന്നു. വ്യത്യസ്ത സാഹിത്യ വിഭാഗങ്ങളായ കഥ, കവിത, നോവൽ, നാടകം, സിനിമ തുടങ്ങിയവ ഇന്ന് ശാസ്ത്ര വിനിമയത്തിന് പ്രാധാന്യം നൽകുന്നു.

താക്കോൽ വാക്കുകൾ:

ശാസ്ത്രസാഹിത്യം, ബഹിരാകാശ സാങ്കേതിക വിദ്യ, റോബോട്ടിക്സ്, ശാസ്ത്ര കല്പിതാഖ്യാനം, ജനിതക സാങ്കേതികവിദ്യ, സൈബർ നെറ്റിക്സ്, ഉത്തരാധുനികത.

ആമുഖം

ശാസ്ത്രവും സമൂഹവും തമ്മിലുള്ള ബന്ധം ശാസ്ത്ര വിനിമയത്തിന്റെയും സാഹിത്യത്തിന്റെയും ചരിത്രം കൂടിയാണ്. സയന്റിയ (Scientia) എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് ശാസ്ത്രം എന്ന പദം ഉൽഭവിച്ചിരിക്കുന്നത്. അറിവ് (Knowledge) എന്നാണിതിനർത്ഥം. ഭൗതിക ലോകത്തെ ശാസ്ത്രീയ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ പഠിക്കുന്നതാണ് ശാസ്ത്രം എന്നു വെബ്സൈറ്റേഴ്സ് ന്യൂ കോളേജിയേറ്റ് ലെക്സിക്കൺ നിർവചിച്ചിരിക്കുന്നു. സംസ്കൃതത്തിൽ ശാസ്ത്രം എന്ന പദം യാസ്ക മുനിയുടെ നിരുക്തത്തിലാണ് ആദ്യം ഉപയോഗിച്ചിരിക്കുന്നത്. ശാസ്ത്രം എന്നതിന് യുക്തി (Logic) എന്നാണിതിൽ അർത്ഥം കൽപിച്ചിരിക്കുന്നത്. യുക്തി എന്നാൽ ശാസ്ത്രീയ പഠനമെന്ന വിവക്ഷയാണുള്ളത്. ശാസ്ത്രത്തെ ഭാവനാത്മകമായി അവതരിപ്പിക്കുന്നവയാണ് ശാസ്ത്ര കല്പിതാഖ്യാനങ്ങൾ (Science Fiction). സയർ (Scire) എന്ന ലാറ്റിൻ പദത്തിൽ നിന്നും സയൻസും ഫിക്ഷനെ (Fictionem) എന്ന ലാറ്റിൻ പദത്തിൽ നിന്നും ഫിക്ഷനും രൂപപ്പെട്ടു. കെട്ടുകഥ, സാങ്കല്പിക കഥ എന്നീ അർത്ഥങ്ങളാണ് ഈ പദത്തിനുള്ളത്. ശാസ്ത്രം, ശാസ്ത്ര ഭാവന, സമൂഹം, ശാസ്ത്രജ്ഞൻ എന്നീ

പരികല്പനങ്ങൾക്കുള്ളിൽ നിന്നും വായിക്കപ്പെടേണ്ട ഒന്നാണ് ശാസ്ത്ര കല്പിതാഖ്യാനങ്ങൾ.

ശാസ്ത്രത്തിന്റെ ആദ്യകാല വേരുകൾ പുരാതന ഈജിപ്തിലും മെസപ്പെട്ടോമിയായിലും 3000 മുതൽ 1200 ബി. സി. വരെ കണ്ടെത്താനാവും. മാനവ സാമൂഹിക ജീവിതത്തിനനുസരിച്ച് ശാസ്ത്രത്തിന്റെ കണ്ടുപിടിത്തവും അനുദിനം വികസിതമായി. ലോകത്തെ മാറ്റിമറിക്കാൻ പരുവപ്പെട്ട ഒന്നായി ശാസ്ത്രം അറിയപ്പെട്ടു തുടങ്ങുന്നത് 16, 17 നൂറ്റാണ്ടുകളിലാണ്. ഇക്കാലഘട്ടത്തിലെ ശാസ്ത്ര വിപ്ലവം മാനവ ജീവിതത്തിന് പുതിയ അർത്ഥതലങ്ങൾ നേടിക്കൊടുത്തു. പ്രകൃതിശാസ്ത്രങ്ങളും ജ്യോതിശാസ്ത്രങ്ങളും ആധുനിക മനുഷ്യന്റെ ചിന്താതലങ്ങളുമായി സംവേദിച്ചു തുടങ്ങുന്നത് ഈ ഘട്ടത്തിലാണ്. ജ്യോതിശാസ്ത്രത്തിലെ വിപ്ലവകരമായ നേട്ടങ്ങളാണ് ഭ്രമിയെയും മനുഷ്യനെയും യുക്തിപരമായ ശാസ്ത്ര കണ്ടെത്തലുകളോട് ഏറെ അടുപ്പിച്ചത്. മലയാളത്തിലും ആദ്യകാലഘട്ടങ്ങളിൽ ജ്യോതിശാസ്ത്രം, ആയുർവേദം തുടങ്ങിയ ഗണങ്ങളിലായിരുന്ന ശാസ്ത്ര ചിന്തകൾ ഉടലെടുത്തത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിലാണ് ആധുനിക ശാസ്ത്രത്തിന്റെ വെളിച്ചം മലയാള അച്ചടിയിലിടം നേടുന്നത്. ഈ ഘട്ടത്തിലുണ്ടായിട്ടുള്ള ശാസ്ത്രജ്ഞാന സംബന്ധിയായ കുറിപ്പുകളും ലേഖനങ്ങളും പാഠപുസ്തകങ്ങളും യുക്തിപരമായ കാഴ്ചപ്പാട് സൃഷ്ടിക്കുന്നതിന് സഹായകമായി.

മേരി ഷെല്ലി എഴുതിയ ഫ്രാങ്കൻസ്റ്റീൻ അഥവാ ആധുനിക പ്രൊമിത്യൂസ് (Frankenstein or Modern Prometheus, 1818) ആണ് ലക്ഷണമൊത്ത ആദ്യ ശാസ്ത്ര നോവലായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. ജനിതക സാങ്കേതിവിദ്യ മുൻനിർത്തിയാണ് ഈ നോവൽ രചിച്ചിരിക്കുന്നത്. തുടർന്ന് നിരവധി ശാസ്ത്ര കല്പിത കൃതികൾ പാശ്ചാത്യ സാഹിത്യത്തിൽ ഉണ്ടായിട്ടുണ്ട്. ചില സന്ദർഭങ്ങളിലെല്ലാം ശാസ്ത്ര ഭാവന ശാസ്ത്ര വസ്തുതകളുടെ കണ്ടുപിടിത്തങ്ങൾക്ക് നിദാനമായിട്ടുമുണ്ട്. ശാസ്ത്ര കല്പിത കഥാസങ്കൽപ്പങ്ങൾ ഭാവി യാഥാർത്ഥ്യമായി മാറുന്നതിന്റെ ദൃഷ്ടാന്തമാണ് ജൂൾസ് വെർണയുടെ ഫ്രം ദി എർത്ത് ടു ദി മൂൺ (From the Earth to the Moon, 1865) 1969 ജൂലൈ 16- ന് നീൽ ആംസ്ട്രോഗ് (Neil Armstrong) ഉൾപ്പെട്ട മൂന്നംഗ സംഘം നടത്തിയ ചന്ദ്ര പര്യവേഷണം ശാസ്ത്ര ചരിത്രത്തിൽ പുതിയ അധ്യായമായി മാറി. ഇതോടെ ശാസ്ത്ര കൃതികളുടെ ജനകീയത വർദ്ധിച്ചു. എച്ച്. ജി. വെൽസിന്റെ ദി ടൈം മെഷിൻ (The Time Machine, 1895) നോവൽ തന്റെ ആപേക്ഷികതാ സിദ്ധാന്ത രൂപീകരണത്തിന് പ്രചോദനം നൽകിയിട്ടുണ്ടെന്ന് ആൽബർട്ട്

ഐൻസ്റ്റീൻ രേഖപ്പെടുത്തിയിട്ടുണ്ട്. ആർതർ സി. ക്ലാർക്കിന്റെ പ്രശസ്തമായ ലേഖനമാണ് On the possibility of using artificial satellites for telecommunication purposes, (1945). പ്രസ്തുത ലേഖനത്തിൽ സാറ്റലൈറ്റ് രീതിയിൽ കമ്മ്യൂണിക്കേഷൻ നടത്തുന്നതിനെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. ഈ ലേഖനം വന്നതിനുശേഷം 1957 ലാണ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ യാഥാർത്ഥ്യമാകുന്നത്. ഐസക് യുദോവിച്ച് അസിമോവ് (Isaac Yudovich Azimov) 1933 ലാണ് ശാസ്ത്ര സാഹിത്യകാരൻ എന്ന നിലയിൽ ശ്രദ്ധിക്കപ്പെടുന്നത്. ഭാവി സമൂഹം റോബോട്ടിക്സുകളുടെതായിരിക്കുമെന്ന് സ്ഥാപിക്കാൻ അദ്ദേഹത്തിന്റെ ഫൗണ്ടേഷൻ സീരീസിലെ കഥകൾക്ക് (Foundation series, 1952) കഴിഞ്ഞു. ലാറി നിവിൻ 1980ൽ പ്രസിദ്ധീകരിച്ച ദ റിങ് വേൾഡ് എഞ്ചിനിയേഴ്സ് (The Ringworld Engineers) ഏറെ ശ്രദ്ധേയമായ നോവലാണ്. ശാസ്ത്ര കഥകളും സിനിമകളും ജനകീയമായ മേഖലയായി വികസിച്ചത് ഈ നൂറ്റാണ്ടിലാണ്. ശാസ്ത്ര സിനിമകളിലെ സാങ്കേതിക മികവും ശാസ്ത്രീയ അവതരണവും ഏറെ ജനപ്രിയത ഈ വിഭാഗത്തിനും നേടിക്കൊടുക്കുന്നുണ്ട്. ഇന്ത്യയിൽ ശാസ്ത്രകല്പിതാഖ്യാനങ്ങളുടെ പരിസരം വേറിട്ടൊരു ഭൂമികയിലാണ് നിലകൊള്ളുന്നത്. ജയന്ത് നർലീക്കർ, കിരണാഞ്ച പ്രകാശ്, ദിനേശ് ചന്ദ്ര ഗോസാമി, കേശവപ്രസാദ് ബാബു സിംഗ് തുടങ്ങി നിരവധി എഴുത്തുകാർ ഇന്ത്യയിലെ വിവിധ പ്രാദേശിക ഭാഷകളിൽ സയൻസ് ഫിക്ഷൻ മേഖലയിൽ സജീവമായി ഇടപെടുന്നു.

ശാസ്ത്രവും ശാസ്ത്രാഖ്യാനവും മലയാളത്തിൽ

രണ്ട് രീതിയിലാണ് മലയാളത്തിലെ ശാസ്ത്രാഖ്യാനങ്ങൾ രൂപപ്പെട്ടിരിക്കുന്നത്. ഒന്ന്, ഗ്രന്ഥ സ്വരൂപത്തിലും രണ്ട് സർഗാത്മക ആഖ്യാന പരിസരത്തിലും. ശാസ്ത്രസാഹിത്യം എന്ന വിവക്ഷയുള്ളിലാണ് ആദ്യ കാലഘട്ടത്തിൽ ശാസ്ത്രാഖ്യാനത്തെ ആകമാനം പ്രതിപാദിച്ചിരുന്നത്. ഈ അർത്ഥത്തിലൂന്നി കൊണ്ടാണ് ശാസ്ത്രത്തിനായി ഒരിടം എന്ന സങ്കൽപ്പത്തിൽ ശാസ്ത്ര സമിതി രൂപം കൊണ്ടത്. ശാസ്ത്രത്തിന്റെ ആദ്യകാല പ്രചാരണത്തിന് നേതൃത്വം കൊടുത്ത പി. ടി. ഭാസ്കര പണിക്കരാണ് ശാസ്ത്ര സമിതി എന്ന സംഘടന രൂപീകരിച്ചതും. അതേ ഭാസ്കരപണിക്കാർ തന്നെയായിരിക്കും ശാസ്ത്രസാഹിത്യം എന്ന പേരും നിർദ്ദേശിച്ചതെന്ന് എം. സി. നമ്പൂതിരിപ്പാട് അഭിപ്രായപ്പെടുന്നുണ്ട്. 1955 ൽ എം. സി. നമ്പൂതിരിപ്പാട് രചിച്ച സയൻസിന്റെ വെളിച്ചത്തിൽ എന്ന ഗ്രന്ഥത്തിന്റെ അവതാരികയിലാണ് ശാസ്ത്ര

സാഹിത്യത്തെക്കുറിച്ചുള്ള അവലോകനം നടത്തിയിരിക്കുന്നത്. മലയാളത്തിലെ ആദ്യ പത്രമായ രാജ്യസമാചാരത്തിലും (1847-ജൂൺ) തുടർന്നുവന്ന പശ്ചിമോദയത്തിലും (1847 - ഒക്ടോബർ) ശാസ്ത്രത്തിനായി പ്രത്യേകം പംക്തികൾ നൽകിയിരുന്നു. മലയാളത്തിൽ അച്ചടിച്ച ആദ്യ ഭൗതികശാസ്ത്ര സംബന്ധമായ പുസ്തകം ജോഹന്നാസ് ഫ്രോൺ മെയർ രചിച്ച പ്രകൃതിശാസ്ത്രം (A Malayalam Catechism of Physics -1883) ആണ്. മലയാളത്തിൽ ശാസ്ത്ര വിജ്ഞാനത്തെ അവതരിപ്പിക്കുന്ന ഈ കൃതി ഇംഗ്ലീഷിലുള്ള പല ശാസ്ത്ര പദങ്ങൾക്കും തതുല്യമായ മലയാള പദങ്ങൾ നൽകിയിരിക്കുന്നു. 1957 കാലഘട്ടത്തിലാണ് ശാസ്ത്രസാഹിത്യം എന്ന വിവക്ഷയ്ക്ക് മലയാളസാഹിത്യത്തിൽ പരിഗണന കൈവരുന്നത്. തുടർന്ന് ആധുനികതയിലും ഉത്തരാധുനികതയിലും ശാസ്ത്രത്തെ ഗഹനമായി അവതരിപ്പിക്കുന്ന നിരവധി ശാസ്ത്ര വൈജ്ഞാനിക ഗ്രന്ഥങ്ങളുണ്ടായിട്ടുണ്ട്. ജെ. ഡി. ബർണ്ണൽ രചിച്ച (വിവ. എം. സി. നമ്പൂതിരിപ്പാട്) 'ശാസ്ത്രത്തിന്റെ സാമൂഹിക ധർമ്മം' (2011) എന്ന ഗ്രന്ഥം ശാസ്ത്രവും സമൂഹവും തമ്മിലുള്ള പാരസ്പര്യം വ്യക്തമാക്കുന്നു. വൈജ്ഞാനിക വിപ്ലവത്തിലെ നാൾവഴികൾ പരിചയപ്പെടുത്തുന്ന ഗ്രന്ഥമാണ് പി. ഗോവിന്ദപ്പിള്ളയുടെ 'വൈജ്ഞാനിക വിപ്ലവം ഒരു സാംസ്കാരിക ചരിത്രം' (2010). ലോകത്ത് ശാസ്ത്ര മുന്നേറ്റത്തിലൂടെ നേടിയെടുത്തിട്ടുള്ള സാമൂഹിക വിപ്ലവം മാനവ സംസ്കാരത്തിന്റെ രൂപപ്പെടലിന് നിദാനമായതെങ്ങനെയെന്നു ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു. യന്ത്ര സംസ്കാര കേന്ദ്രീകൃതമായ സാമൂഹിക ജീവിതം സാപ്പിയൻസിനെ ബയോണിക് ജീവിയാക്കുമെന്ന വാദഗതിയോടെ മനുഷ്യ വർഗ്ഗത്തിന്റെ ഉദയം മുതൽ പോസ്റ്റ് ഹ്യൂമനിസ്റ്റ് കാലഘട്ടം വരെയുള്ള മാനവരാശിയുടെ പരിണാമം വിവരിക്കുന്നു 'സാപ്പിയൻസ് മനുഷ്യരാശിയുടെ ഒരു ഹ്രസ്വ ചരിത്രം' (2019) എന്ന ഗ്രന്ഥത്തിൽ യുവാൽ നോവ ഹരാരി. എന്നാൽ ഇതിനുശേഷം അദ്ദേഹം എഴുതിയിട്ടുള്ള 'ഹോമോ ദിയൂസ് മനുഷ്യ ഭാവിയുടെ ഒരു ഹ്രസ്വചരിത്രം' (2019) പരിണാമ സിദ്ധാന്തത്തിന്റെ മറുവശത്തെ അവതരിപ്പിച്ചുകൊണ്ട് ഡാറ്റകളുടെ അടിസ്ഥാനത്തിൽ മനുഷ്യസ്വത്വം തിരയേണ്ടിവരുന്ന ഭാവി വിഭാവനം ചെയ്യുന്നു. രണ്ട് ഗ്രന്ഥങ്ങളിലും സാങ്കേതികാധിഷ്ഠിതമായ സമൂഹത്തിൽ മനുഷ്യ അസ്തിത്വത്തിനു സംഭവിക്കുന്ന പരിണാമം പ്രതിപാദ്യ വിഷയമായി വരുന്നു. ഇത്തരത്തിൽ ശാസ്ത്രത്തെ ജനകീയമാക്കുന്നതിൽ നിരവധിയായ ശാസ്ത്ര വിജ്ഞാന ഗ്രന്ഥങ്ങളും വലിയ പങ്കുവഹിക്കുന്നുണ്ട്.

ശാസ്ത്ര കൽപ്പിതാഖ്യാനങ്ങൾ

സാഹിത്യകൃതികൾ ഏതു വിഭാഗത്തിൽ പെടുന്നവയെന്നു മനസ്സിലാക്കുന്നത് ഗണം, പ്രമേയം എന്നിവയെ അടിസ്ഥാനമാക്കിയാണ്. എന്നാൽ ശാസ്ത്ര കൃതികളുടെ കാര്യത്തിൽ പ്രതിപാദന വിഷയത്തെ ഊന്നിയാണ് അവയുടെ ഗണം നിശ്ചയിക്കപ്പെടുന്നത്. ശാസ്ത്രവും സാഹിത്യവും കൂടിച്ചേരുമ്പോളുള്ള കലർപ്പിന്റെ സൗന്ദര്യാത്മകതയാണ് നാം ശാസ്ത്ര കൃതികളിൽ കാണുന്നത്. ശാസ്ത്ര കൃതികളുടെ ഈ സൗന്ദര്യാത്മകതലത്തെ ശാസ്ത്രജ്ഞനായ സി. ജി. രാമചന്ദ്രൻ നായർ അടയാളപ്പെടുത്തുന്നത് ശാസ്ത്രസാഹിത്യ സമന്വയത്തിന്റെ ത്രിമാന തലങ്ങളെ ബന്ധിപ്പിച്ച കൊണ്ടാണ്. "ശാസ്ത്രം സുന്ദരമാണ്, ശാസ്ത്രത്തിന്റെ സൗന്ദര്യം സത്യത്തിന്റെ സൗന്ദര്യമാണ്, ആർജ്ജവത്തിന്റെ സൗകുമാര്യമാണ്, ലാളിത്യത്തിന്റെ ഭംഗിയാണ്, സംക്ഷേപത്തിന്റെ അഴകാണ്, സുതാര്യതയുടെ തിളക്കമാണ്, കൃത്യതയുടെ ശോഭയാണ്, ശാസ്ത്ര ഭാഷയുടെ ചാരുത ഈ ഗണങ്ങളുടെ സമ്മേളനത്തിൽ നിന്നാണ് ഉണ്ടാകുന്നത്, ഉണ്ടാകേണ്ടത് എന്നാണ് അദ്ദേഹത്തിന്റെ പക്ഷം" (2009:പ്രവേശിക). ഗണിതശാസ്ത്രം, ഭൗതികശാസ്ത്രം, വിവരസാങ്കേതികശാസ്ത്രം, ബഹിരാകാശ ശാസ്ത്രം, റോബോട്ടിക്സ്, സൈബർ നെറ്റിക്സ് തുടങ്ങിയ നിരവധി ശാസ്ത്ര ശാഖകളെ ആധാരമാക്കിയുള്ള കൃതികൾ മലയാള സാഹിത്യത്തിലുണ്ടായിട്ടുണ്ട്.

ശാസ്ത്ര കഥകൾ

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭ ദശയിലാണ് മലയാള സാഹിത്യത്തിൽ ചെറുകഥകൾ എഴുതപ്പെട്ടു തുടങ്ങുന്നത്. എഡ്ഗാർ അലൻപോ, ബ്രാം സ്റ്റോക്കർ, മേരി ഷെല്ലി തുടങ്ങിയവരുടെ സ്വാധീനം മലയാളത്തിലെ ആദ്യകാല ചെറുകഥകളിലും പ്രകടമാണ്. മലയാളത്തിൽ ശാസ്ത്ര കല്പിതാഖ്യാനം എന്ന നിലയിൽ ആദ്യം വരുന്ന കഥ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ രചിച്ച ദ്വാരക (1893) യാണ്. ഈ കഥയിൽ ശാസ്ത്രത്തെ ഭ്രമാത്മകമായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു. നായകനുണ്ടാകുന്ന സ്വപ്ന ദർശനമാണ് ഇവിടെ ശാസ്ത്ര വസ്തുതയായി അവതരിപ്പിച്ചിരിക്കുന്നത്. വിവര സാങ്കേതിക വിദ്യയുടെ ലോകത്തെ ആവിഷ്കരിക്കുന്നതോടൊപ്പം സൈബർ ഇടത്തെ കുറിച്ചുള്ള ആധിയും പങ്കിടുകയാണ് സേതുവിന്റെ തിങ്കളാഴ്ചകളിലെ ആകാശം (1996). വി. കെ. എന്നിന്റെ ഓട്ടോമേഷൻ (1997) യന്ത്രങ്ങൾ മനുഷ്യനു മേൽ സൃഷ്ടിക്കുന്ന അടിയന്തരാവസ്ഥയെ കുറിച്ചാണ് പറയുന്നത്.

ഇദ്ദേഹത്തിന്റെ ഗുരുത്വാകർഷണം (1997) എന്ന കഥയിൽ രണ്ടു ശാസ്ത്രജ്ഞർ തമ്മിലുള്ള സൗഹൃദ സംഭാഷണമാണ് പ്രതിപാദ്യം. മാർഷൽ മാക് ലൂഹന്റെ ആഗോള ഗ്രാമ സങ്കൽപ്പത്തെ സ്വാർത്ഥകമാക്കുന്ന കഥയാണ് പി. ആർ. മാധവപ്പണിക്കരുടെ ഐക്കോയ് ചിപ്പിന്റെ മരണം (2000). എൻ. പി. മുഹമ്മദ് ശാസ്ത്രം പ്രമേയമാക്കി എഴുതിയ കഥയാണ് വിഷാണുക്കൾ (2003). ശാസ്ത്രരംഗത്തെ കണ്ടെത്തലുകളെക്കുറിച്ചും ശാസ്ത്രത്തെ തെറ്റായി ഉപയോഗിക്കുന്നതിനെക്കുറിച്ചും കാവ്യാത്മകമായി പ്രതിപാദിച്ചിരിക്കുന്ന കഥയാണിത്. ഒരു ശാസ്ത്രജ്ഞന്റെ മരണം (2006) എന്ന കഥയിൽ എൻ. പി ശാസ്ത്രരംഗത്തെ കിടമത്സരങ്ങൾ, ഗവേഷണ പേറ്റന്റുകൾ, തുടങ്ങിയവയാണ് പ്രതിപാദ്യം. കെ. വി. പ്രവീൺ ഓർമ്മച്ചെപ്പ് (2017) എന്ന കഥയിൽ അമ്മയുടെ ഓർമ്മകളെ ചിപ്പുകളിലാക്കി, അമ്മയുടെ ഭൂതകാലത്തിലേക്ക് സഞ്ചരിക്കുന്ന ഒരു മകനെയാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇദ്ദേഹത്തിന്റെ ചിത്രദുർഗ്ഗം എന്ന കഥയിൽ റോബോട്ടിക്സ് മാളാണ് കഥാപരിസരം. മനോജ് വീട്ടിക്കാട് രചിച്ച ഓപ്പറേഷൻ റഷ്മിത @data. vht (2024) എന്ന കഥയിൽ വെർച്വൽ ഹ്യൂമൻ ട്രാൻസ്ഫറിനെക്കുറിച്ചാണ് പരാമർശിക്കുന്നത്. സച്ചു, അന്ന, സൊണാലി, റഷ്മിത എന്നീ സുഹൃത്തുക്കൾ പൂച്ചയിലും തുടർന്ന് റഷ്മിതയെയും വെർച്വൽ രീതിയിൽ ട്രാൻസ്ഫർ ചെയ്യുന്നതും ഇവരുടെ കണ്ടുപിടിത്തം മറ്റൊരു ശാസ്ത്രജ്ഞൻ തട്ടിയെടുക്കാൻ ശ്രമിക്കുന്നതും ഭാവനാത്മകമായി അവതരിപ്പിച്ചിരിക്കുന്നു. സുധ തെക്കേമഠം എഴുതിയ സീയൂസ് (2024) സ്റ്റീവ് എന്ന കൊലപാതകിയുടെ ബ്രെയിനിൽ അഴിച്ചു പണി നടത്തി അയാളെ നേർവഴിക്ക് നയിക്കുന്നതിനെ പ്രതിപാദിച്ചിരിക്കുന്നു. ഹരികൃഷ്ണൻ തച്ചാട് രചിച്ച സമയ സഞ്ചാരികൾക്ക് ഒരു നിശാവിരുന്ന് (2024) സമയ സഞ്ചാരത്തെ ഭാവനാത്മകമായി ആവിഷ്കരിച്ചിരിക്കുന്നു. സമയത്തെ ഭൂതകാലത്തിലേക്ക് സഞ്ചരിപ്പിക്കാൻ ഒരു സാധ്യതയും നിലനിൽക്കുന്നില്ലെന്നും ഭാവിയിൽ നിന്നുള്ളവരായിരിക്കും നമ്മുടെ അതിഥികളെന്നും സൂചിപ്പിച്ചുകൊണ്ട് ഒരു ശാസ്ത്രജ്ഞൻ നടത്തുന്ന ഗവേഷണാത്മക പ്രവർത്തനങ്ങളാണ് ഇതിന്റെ പ്രമേയം. നിർമിത പൂർണത (2024) എന്ന വിപിൻ ചന്ദ്രന്റെ കഥയിൽ ചിപ്പ് ഉപയോഗിച്ച് അതികായരാകുന്ന മനുഷ്യസമൂഹത്തെയാണ് സൂചിപ്പിച്ചിരിക്കുന്നത്.

ശാസ്ത്രനോവൽ

മലയാളത്തിലെ ശാസ്ത്ര നോവലുകളുടെ ആരംഭം നാഗവള്ളി ആർ. എസ്.

കുറുപ്പ് എഴുതിയ ആണും പെണ്ണും (1955) എന്ന നോവലോടെയാണ്. ലിംഗമാറ്റ ശസ്ത്ര ക്രിയയിലൂടെ സുകുമാരൻ സുകുമാരിയായിത്തീരുന്നതാണ് പ്രമേയം. ശാസ്ത്ര പ്രതിപാദന വിഷയത്തിന്റെ ആധികാരികതയും സാങ്കേതികതയും ഒത്തിണങ്ങിയ മലയാളത്തിലെ ആദ്യ നോവൽ പി. ആർ. മാധവ പണിക്കരുടെ കൽക്കത്തേനിയം (1977) ആണ്. മലയാള സാഹിത്യത്തിൽ ഏറ്റവും കൂടുതൽ ശാസ്ത്ര കല്പിത നോവലുകൾ രചിച്ചിട്ടുള്ളത് പി. എൻ. കൃഷ്ണൻകുട്ടിയാണ്. ബഹിരാകാശം വിഷയമാക്കി നിരവധി നോവലുകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ആദ്യ കൃതി പറക്കും തളികയിൽ ഗംഗയുടെ യാത്ര (1987) അന്യഗ്രഹത്തിൽ നിന്ന് ഭ്രമിയിൽ എത്തുന്ന ആൽഫയും ഭ്രമിയിലെ ഗംഗയും തമ്മിലുള്ള സൗഹൃദമാണിതിൽ പ്രതിപാദിച്ചിരിക്കുന്നത്. ആൽഫമടങ്ങുന്നു (1994), അമാനുഷൻ (1989), അപ്പോളോ മിഷൻ (1993) തുടങ്ങിയവയും ശ്രദ്ധേയമായ നോവലുകളാണ്. റെജി ഡി. നായരുടെ ദി ഏലിയൻസ് (2009) അന്യഗ്രഹത്തിൽ നിന്ന് വരുന്ന ഏലിയൻസുകളെക്കുറിച്ച് പ്രതിപാദിക്കുന്നു. ആധികാരികമായ ഒരു പ്രബന്ധത്തിന്റെ ഘടനയിലാണ് ഇതിന്റെ രചന. നോവലിൽ പ്രതിപാദിക്കുന്ന ശാസ്ത്രസംബന്ധിയായ കാര്യങ്ങൾക്ക് അടിക്കുറിപ്പുകൾ നൽകുന്നത് ഇദ്ദേഹത്തിന്റെ നോവലുകളുടെ പ്രത്യേകതയാണ്. എം. മുകുന്ദന്റെ നൃത്തം (2000) മലയാളത്തിലെ ആദ്യ സൈബർ നോവലെന്ന നിലയിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു. സമാനമായ വിഷയമാണ് സി. രാധാകൃഷ്ണന്റെ ഉള്ളിൽ ഉള്ളത് (2005) എന്ന നോവലിലും പ്രതിപാദിക്കുന്നത്. ഇ. പി. ശ്രീകുമാർ രചിച്ച മാറാമുദ്ര (2005) ഭാവികാലം റോബോട്ടിക്സ് യുഗം ആയിരിക്കുമെന്ന ശക്തമായ വീക്ഷണം ആവിഷ്കരിക്കുന്നു. ഭാവിയിൽ ലോകത്തെ പ്രതിസന്ധിയിലാക്കുന്നത് സൈബർ യുദ്ധങ്ങളായിരിക്കുമെന്ന കാഴ്ചപ്പാടാണ് ഈ നോവൽ മുന്നോട്ട് വയ്ക്കുന്നത്. നാനോ സാങ്കേതികവിദ്യയെ മലയാളത്തിലാദ്യമായി പരിചയപ്പെടുത്തിയ നോവൽ ജി. ആർ. ഇന്ദു ഗോപന്റെ ഐസ് -1960 C (2005) ആണ്. ജി. എസ്. ഉണ്ണികൃഷ്ണന്റെ പ്ലാനറ്റ് റൈഡ് (2014) ബഹിരാകാശ പശ്ചാത്തലത്തിൽ വന്നിട്ടുള്ള ശാസ്ത്ര നോവലാണ്. നാനോ സാങ്കേതികവിദ്യ പ്രമേയമാക്കിയുള്ള നിരവധി നോവലുകൾ പാശ്ചാത്യ സാഹിത്യത്തിലുണ്ടായിട്ടുണ്ട്. ശിവൻ എടമനയുടെ ന്യൂറോ ഏരിയ (2020) മനുഷ്യ- യന്ത്ര ബുദ്ധികളുടെ അതിർത്തികളെ ഇല്ലാതാക്കി അമരത്വത്തിനു വേണ്ടിയുള്ള ഗവേഷണവും ന്യൂറോ സയൻസ് കേന്ദ്രമാക്കി വളരുന്ന ആശുപത്രി വ്യവസായത്തെയുമാണ് സൂചിപ്പിക്കുന്നത്. മായാ കിരൺ രചിച്ച പ്ലാനറ്റ് നയൻ (2022) എന്ന നോവൽ ഭ്രമിയുമായി

യുദ്ധത്തിൽ ഏർപ്പെടുന്ന അന്യഗ്രഹ ജീവികളെ പശ്ചാത്തലമാക്കി രചിച്ചിരിക്കുന്നു. മനുഷ്യ സമൂഹത്തെ മറ്റേതോ ഗ്രഹത്തിൽ നിന്നും ഭ്രമിയിലാധിപത്യം ഉറപ്പിച്ച സമൂഹമായാണ് ഈ നോവലിൽ ആവിഷ്കരിച്ചിരിക്കുന്നത്. സ്പേസ് ത്രില്ലർ എന്ന വിഭാഗത്തിലെ മനോഹരമായൊരു നോവലാണിത്.

ശാസ്ത്ര കവിതകൾ

മാനവിക ജീവിതത്തെ സുന്ദരമായി ആവിഷ്കരിക്കുന്ന സാഹിത്യരൂപങ്ങളിൽ ഒന്നാണ് കവിത. ഇതേ കവിതാരൂപത്തിന് ശാസ്ത്ര വിഷയങ്ങളെയും കാവ്യാത്മകമായി അവതരിപ്പിക്കാനാവുമെന്ന് തെളിവാണ് മലയാളത്തിൽ ഉണ്ടായിട്ടുള്ള ശാസ്ത്ര കല്പിത കവിതകൾ. അയ്യപ്പപ്പണിക്കർ എഴുതിയിട്ടുള്ള ഹേ ഗഗാറിൻ (1981) എന്ന കവിതയാണ് മലയാളത്തിലെ ആദ്യത്തെ ശാസ്ത്ര കവിത. ആദ്യത്തെ ബഹിരാകാശ സഞ്ചാരിയായ യൂറി ഗഗാറിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള കവിതയാണിത്. വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ചന്ദ്രശില (1979) എന്ന കവിതയിൽ ചന്ദ്രനിൽ നിന്നും കൊണ്ടുവന്ന കൊച്ചു കല്ലിനെ വിവരിക്കുകയാണ്. എന്നാൽ പി. കുഞ്ഞിരാമൻ നായരുടെ ചന്ദ്രദർശന (1972) ത്തിൽ ചന്ദ്രനിൽ എത്തുന്ന മനുഷ്യനെ സ്വീകരിക്കുന്ന ചന്ദ്രൻ തന്നെയാണ് മുഖ്യപ്രതിപാദ്യം. എ. വി. ശങ്കരന്റെ വൈക്കിങ് (1979) ചൊവ്വാഗ്രഹത്തിൽ ഇറങ്ങിയ വൈക്കിങ് ഉപഗ്രഹത്തെ കുറിച്ചുള്ളതാണ്. ചന്ദ്രനിൽ നിന്നും കൊണ്ടുവന്ന മണ്ണിലെ പാറകളും കല്ലുകളുമാണ് ബാലാമണിയമ്മ രചിച്ചിരിക്കുന്ന ചന്ദ്രോദയം (1972) എന്ന കവിതയിലെ വിഷയം. ടി. പി. വിനോദിന്റെ ബയോഡേറ്റ (2021) എന്ന കവിതയിൽ സ്വയം യന്ത്രമായി തീരുന്ന മനുഷ്യനാണ് കഥാപാത്രം. പോസ്റ്റ് ഹ്യൂമനിസ്റ്റ് കാലത്തെ ഏറ്റവും വലിയ സവിശേഷതയായി പറയുന്നത് മനുഷ്യ യന്ത്ര ലോകങ്ങളുടെ അതിർവരമ്പുകൾ മാഞ്ഞു പോകുന്നതാണ്. വിഷ്ണുപ്രസാദ് രചിച്ച ഗെയിം (2021)എന്ന കവിതയും യന്ത്ര ലോകത്ത് അടിപ്പെട്ടു പോകുന്ന മനുഷ്യനെയാണ് ആവിഷ്കരിച്ചിരിക്കുന്നത്. കളിക്കാനുള്ള ബദലുപകരണമായി കരുതുന്ന യന്ത്രത്തിന്റെ കേവല യാന്ത്രികത മാത്രമുള്ള ഒന്നായി മനുഷ്യ സമൂഹം പരിണമിക്കുന്നതിനെ വ്യക്തമായി അടയാളപ്പെടുത്തുന്നുണ്ട് ഈ കവിത. ഷാഫി കണ്ണങ്കര രചിച്ച സൈബോർഗ് (2021) സൈബർ കാലഘട്ടത്തിലെ മനുഷ്യ ജീവിതവും യന്ത്രങ്ങളെ പോലെയാണ് എന്ന സൂചനയാണ്. നവതലമുറയെ യന്ത്രങ്ങളെ പോലെ വെയിലും മഴയും ഏൽക്കാതെ സൂക്ഷിക്കുകയാണ് ചെയ്യുന്നതെന്ന്

സാമൂഹിക വിമർശനം കൂടി ഈ കവിത പങ്കിടുന്നു. എസ്. ജോസഫിന്റെ ചന്ദ്രനോടൊപ്പം (2023) എന്ന കവിതയിൽ ചന്ദ്രശോഭയെ ഭാവനാത്മകമായി അവതരിപ്പിച്ചിരിക്കുന്നു.

ശാസ്ത്ര സിനിമകൾ

സിനിമയുടെ ചരിത്രത്തിൽ വളരെ വർഷങ്ങൾക്ക് ശേഷമാണ് ശാസ്ത്ര കല്പിത സിനിമകൾ കടന്നുവരുന്നത്. ജോർജ് മെലിയൻസ് സംവിധാനം ചെയ്ത ചന്ദ്രനിലേക്ക് ഒരു യാത്ര (Trip to the moon, 1902) എന്ന സിനിമയാണ് ആദ്യത്തെ ശാസ്ത്ര കല്പിത സിനിമയായി അടയാളപ്പെടുത്തുന്നത്. പിന്നീട് ശാസ്ത്ര സാഹിത്യകൃതികളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടിട്ടുള്ള നിരവധി ശാസ്ത്ര കല്പിത സിനിമകളുണ്ടായിട്ടുണ്ട്. മലയാള സിനിമയിൽ ശാസ്ത്ര കല്പിത ഗണത്തിൽപ്പെടുന്നവ നന്നേ കുറവാണ്. 1967 ൽ പി. സുബ്രഹ്മണ്യം സംവിധാനം ചെയ്ത കറുത്ത രാത്രികളാണ് മലയാളത്തിലെ ആദ്യ ശാസ്ത്രകല്പിത സിനിമ. ഈ സിനിമ റോബർട്ട് ലൂയിസ് സ്റ്റീവൻസിന്റെ Strange Case of Dr Jekyll and Mr Hyde എന്ന നോവലിനെ ആസ്പദമാക്കിയുള്ളതാണ്. 1987-ൽ ജെ. ശശികുമാർ സംവിധാനം ചെയ്ത ജൈത്രയാത്ര ഹിന്ദി സിനിമയായ മിസ്റ്റർ ഇന്ത്യയുടെ കഥ തന്നെയാണ്. ലോക്കറ്റ് ഉപയോഗിക്കുമ്പോൾ അദൃശ്യനാകുന്ന കഥാപാത്രങ്ങളെ ഇതിലാവിഷ്കരിച്ചിരിക്കുന്നു. അമാനുഷികതയുടെ നിരവധി ഘടകങ്ങൾ കോർത്തിണക്കിയുള്ള മനോഹരമായ ഒരു ചിത്രമാണിത്. 2002- ൽ സോനു ശിശുപാൽ സംവിധാനം ചെയ്ത കാലചക്രം സിനിമ ഹിറ്റ്ലറെ ജനിതക സാങ്കേതികവിദ്യയുപയോഗിച്ച് പുനർ നിർമ്മിക്കുന്നതാണ് പരാമർശിച്ചിരിക്കുന്നത്. 2007- ൽ അനിൽദാസ് സംവിധാനം ചെയ്ത അതിശയൻ എന്ന സിനിമ കുട്ടികളെ ഏറെ ആകർഷിച്ച സിനിമയാണ്. 2019 -ൽ ജാനുസ് മുഹമ്മദ് തിരക്കഥയെഴുതി സംവിധാനം ചെയ്ത ഹൊറർ ത്രില്ലർ ശാസ്ത്ര കല്പിത സിനിമയാണ് 9. ധൂമകേതുവിന് ഭ്രമിയിലും മനുഷ്യൻ സൃഷ്ടിക്കാൻ കഴിയുന്ന സ്വാധീനം ഭാവനാത്മകമായി ചിത്രീകരിച്ചിരിക്കുകയാണ് ഈ സിനിമയിൽ. 2018 ൽ അജയ് ദേവലോക സംവിധാനം ചെയ്ത ഹു (Who) സമയത്തേക്കാൾ വേഗത്തിൽ സഞ്ചരിക്കുന്ന മനുഷ്യ മനസ്സിന്റെ അതീന്ദ്രിയതലവും അനന്തരമായ സാധ്യതകളും പങ്കുവയ്ക്കുന്നു. ശാസ്ത്ര കല്പ്പിത സിനിമകളിലെ പ്രധാന വിഭാഗമാണ് കോമഡി സിനിമകൾ. മലയാളത്തിലുണ്ടായ ശാസ്ത്ര കല്പിത കോമഡി സിനിമയാണ് 2002- ൽ സന്തോഷ് ശിവൻ

സംവിധാനം ചെയ്ത ജാക്ക് ആൻഡ് ജിൽ. ഒരു എ. ഐ. റോബോട്ടും അതു കണ്ടുപിടിച്ച കേഷ് എന്ന ശാസ്ത്രജ്ഞനുമാണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ.

ഉപസംഹാരം

ശാസ്ത്ര സാഹിത്യവും ശാസ്ത്ര കല്പിതാഖ്യാനവും ഭാവുകത്വതലത്തിൽ ഏറെ വ്യത്യസ്തമാണ്. ശാസ്ത്ര സാഹിത്യമാണ് മലയാളത്തിൽ ശാസ്ത്ര കല്പിതാഖ്യാനങ്ങൾക്ക് വഴിയൊരുക്കിയത്. ശാസ്ത്ര വിജ്ഞാനത്തെ പ്രോത്സാഹിപ്പിക്കുന്നതും ശാസ്ത്രീയ വസ്തുതകളെ പരിപോഷിപ്പിക്കുന്നതുമായ ലേഖനങ്ങളും പഠനങ്ങളുമാണ് മലയാളസാഹിത്യത്തിൽ ശാസ്ത്രസാഹിത്യത്തിന്റെ ഉറവിടങ്ങളായി രേഖപ്പെടുത്തിയിട്ടുള്ളത്. ശാസ്ത്ര ഭാഷ സാഹിത്യത്തിന് പറ്റിയതാണോ എന്ന ആശങ്ക ഒഴിവാക്കാൻ ഇത്തരത്തിലുള്ള ശ്രമങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ശാസ്ത്ര കണ്ടുപിടുത്തങ്ങളെ മലയാളത്തിലാവിഷ്കരിച്ചതു മൂലം വിജ്ഞാന വിനിമയത്തിൽ ശാസ്ത്ര വൈജ്ഞാനികതയുടെ അടിത്തറ ഉറപ്പിക്കാനും കഴിഞ്ഞു. ആധുനികതയിലും ഉത്തരാധുനികതയിലും ഉണ്ടായിട്ടുള്ള ശാസ്ത്രജ്ഞാനവും ശാസ്ത്രസാങ്കേതികമായ സാമൂഹിക പരിണാമവും ശാസ്ത്രീയ സമീപനത്തിലുണ്ടായ ജനകീയതയും ശാസ്ത്ര കൽപിതാഖ്യാനങ്ങളുടെ വളർച്ചയെ പ്രോത്സാഹിപ്പിച്ച ഘടകങ്ങളാണ്. വ്യത്യസ്ത ശാസ്ത്ര ശാഖകളെ അടിസ്ഥാനമാക്കിയുള്ള കൽപിതാഖ്യാനങ്ങളിന്ന് മലയാളസാഹിത്യത്തിൽ സജീവമാണ്. ബഹിരാകാശം, റോബോട്ടിക്സ്, നാനോ ടെക്നോളജി, ക്രയോണിക്സ്, ജനിതക സാങ്കേതിക വിദ്യ തുടങ്ങിയ നാനാവിധ ശാസ്ത്ര വിഷയങ്ങൾ മലയാള സാഹിത്യത്തിലും ആഖ്യാനം ചെയ്യപ്പെട്ടിട്ടുണ്ട്. പാശ്ചാത്യ സാഹിത്യത്തിലുണ്ടായ സയൻസ് ഫിക്ഷൻ മാതൃക പോലെയുള്ള ആഖ്യാനങ്ങളാണ് മലയാളത്തിലും പരീക്ഷിക്കപ്പെടുന്നത്. എന്നാൽ പാശ്ചാത്യ സാഹിത്യത്തിൽ ശാസ്ത്ര കണ്ടത്തലുകളിലേക്ക് പോലും നയിക്കത്തക്ക രീതിയിൽ പ്രൗഢമായ വിഷയ അവതരണ ഉപാധിയായാണ് ശാസ്ത്ര കല്പിതാഖ്യാനങ്ങളെ പരിഗണിക്കുന്നത്. മറുഭാഷ ശാസ്ത്രാഖ്യായികകളെ വിഷയതലത്തിലും ആഖ്യാന ഭാവുകത്വതലത്തിലും അനുകരിക്കുന്ന രീതിയാണ് മലയാള ശാസ്ത്ര കല്പിതകൃതികളിൽ കാണാനാവുന്നത്. ശാസ്ത്രം, ശാസ്ത്ര ഭാവന, ശാസ്ത്രജ്ഞൻ എന്നീ പരികല്പനങ്ങൾക്കുള്ളിൽ നിന്ന് വിശദമാക്കാവുന്ന വലിയ പ്രതലം മലയാള ശാസ്ത്ര സാഹിത്യത്തിന് ഇല്ല. ചിരപരിചിതമായ ശാസ്ത്ര വിഷയത്തെ മറ്റൊരു രീതിയിൽ അവതരിപ്പിക്കുന്ന പ്രവണതയാണ് ഇതെന്നും പറയാം. ഇന്ത്യയിലെ ശാസ്ത്ര കല്പിത കൃതികളുടെ വ്യാപന

ത്തിലും ഏകോപനത്തിലും വിഘാതമായിരുന്ന കാര്യങ്ങൾ തന്നെയാണ് കേരളത്തിലും സംഭവിച്ചത്. പ്രാദേശിക ഭാഷകളിൽ ശാസ്ത്ര കൃതികൾ രചിക്കപ്പെടുന്നതിനാൽ ഇവയുടെ ആശയ പ്രചരണം മന്ദഗതിയിലാവുകയും ഒരു പ്രദേശത്ത് മാത്രം ഒതുങ്ങി നിൽക്കുകയും ചെയ്യുന്നു. മലയാളത്തിലെ ശാസ്ത്ര കല്പിത കൃതികളിലെ ഭാഷാപരമായ സങ്കീർണതയും പ്രബന്ധ ശൈലിയും സാധാരണക്കാരായ വായനക്കാരിൽ വിമുഖത സൃഷ്ടിക്കുന്നുണ്ട്. എന്നാൽ ശാസ്ത്രത്തിന്റെ വൈവിധ്യമാർന്ന മേഖലകളിൽ നിന്നുള്ള കൃതികളെ പരിചയപ്പെടുത്തുന്നതിൽ മലയാള സാഹിത്യം ഇന്നേറെ മുമ്പിലാണെന്ന വസ്തുത മലയാള സാഹിത്യത്തിൽ ഇവയുടെ നേട്ടം സൂചിപ്പിക്കുന്നതാണ്.

സഹായകഗ്രന്ഥങ്ങൾ

1. ബർണൽ, ജെ.ഡി. നമ്പൂതിരിപ്പാട്, എം.സി. (വി. വ) ശാസ്ത്രത്തിന്റെ സാമൂഹിക ധർമ്മം, കേരള ശാസ്ത്ര സാഹിത്യപരിഷത്ത്. തൃശ്ശൂർ. 2011.
2. ബാലകൃഷ്ണൻ കാവുമ്പായി, മലയാള ശാസ്ത്ര സാഹിത്യപ്രസ്ഥാനം ഒരു പഠനം, കേരളശാസ്ത്ര സാഹിത്യപരിഷത്ത്, തൃശ്ശൂർ. 2007.
3. രാജശേഖരൻ പി, കെ., ഏകാന്ത നഗരങ്ങൾ ഉത്തരാധുനിക മലയാളസാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രം, ഡി. സി ബുക്സ്, കോട്ടയം,2005.
4. രാമചന്ദ്രൻനായർ, സി. ജി.,ശാസ്ത്ര ഭാവനയുടെ വിസ്മയ പ്രപഞ്ചം തിരുവനന്തപുരം: പ്രിയദർശിനി പബ്ലിക്കേഷൻ സൊൊസൈറ്റി, പ്രവേശിക, 2009.
5. ശിവശങ്കരൻ, എം., ശാസ്ത്ര ചരിത്രം ജീവചരിത്രങ്ങളിലൂടെ, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, തൃശ്ശൂർ, 2013.
6. ശ്രീകുമാർ, ഇ., പി., മാറാമുദ്ര, ഡി. സി. ബുക്സ്, കോട്ടയം, 2002.
7. Evans, B Arthur. The Fantastic Science Fiction of Maurice Renard. Science Fiction Studies. Vol. 21, PP 380-396.

ആനുകാലികങ്ങൾ

1. പ്രദീപ്, ടി. റോബോട്ടുകളുടെ യുഗം. മാതൃഭൂമി ആഴ്ചപതിപ്പ്. പുസ്തകം 85, ലക്കം- 22 (ജൂലൈ 29- ആഗസ്റ്റ് 4, 2007).
2. www. researchgate. net. org. Rutledge, E. Gregory. 2001. Futurist and Fantasy: The Racial Establishment. Retrieved on 24 October 2024.
3. https://archive. org/details/webster's seventh n00 Retrieved 24 October 2024.

ഊടി നിസർച്ച് ജേണൽ • ISSN: 2320-5830 • ഭാഗം 12 • ലക്കം 1

അറബിപ്പൊന്ന് : കാമനാവിനിമയത്തിന്റെ സഞ്ചാരപഥങ്ങൾ

ഡോ. എം. ലിനീഷ്
അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം
ഗവ. ബ്രണ്ണൻ കോളേജ്, ധർമടം തലശ്ശേരി

പ്രബന്ധസംഗ്രഹം:

എം. ടി വാസുദേവൻ നായരും, എൻ.പി. മുഹമ്മദും ചേർന്ന് എഴുതിയ നോവലാണ് അറബിപ്പൊന്ന്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതി മുതൽ ആധുനിക മുതലാളിത്ത പ്രക്രിയകളുടെ ഫലമായി കച്ചവടനഗരമായി പരിണമിച്ച കോഴിക്കോടിന്റെ സാമൂഹ്യജീവിതത്തെയും സമ്പദ് വ്യവസ്ഥയെയും രൂപപ്പെടുത്തുന്നതിൽ കല്ലായിപ്പുഴയുമായി ബന്ധപ്പെട്ട് വികാസം പ്രാപിച്ച മരമിൽ വ്യവസായത്തോടൊപ്പം, കള്ളപ്പൊന്ന് കച്ചവടത്തിനും വലിയ പങ്കുണ്ട്. ഇതിൽ കള്ളപ്പൊന്ന് കച്ചവടവുമായി ബന്ധപ്പെട്ട കോഴിക്കോടിന്റെ അധോസ്ഥലികളെ ആവിഷ്കരിച്ച നോവലാണ് അറബിപ്പൊന്ന്. 1960 കളിൽ കോഴിക്കോടും അനുബന്ധപ്രദേശങ്ങളും കേന്ദ്രീകരിച്ച് നടന്ന സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് രചിക്കപ്പെട്ട ഈ നോവലിനെ കാമനാവിനിമയങ്ങളുടെ ആഖ്യാനം എന്ന നിലയിൽ വിശകലനം ചെയ്യാനാണ് ഈ പ്രബന്ധം വഴി ശ്രമിക്കുന്നത്. ഫ്രഞ്ച് മനശാസ്ത്രജ്ഞനായ ഴാക് ലകാൻ അവതരിപ്പിക്കുന്ന ഒരു സങ്കൽപ

മാണ് കാമന (Desire). സാമൂഹ്യശാസ്ത്രപരമായ വസ്തുതാവിശകലന മല്ല ഈ നോവൽ നടത്തുന്നത്. മറിച്ച് മനുഷ്യരുടെ അസ്തിത്വപരമായ സന്ദർഭങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ്. സൂക്ഷ്മമായിപ്പറഞ്ഞാൽ വ്യക്തികളും അവരുടെ ചുറ്റുപാടുകളും, വസ്തുതകളും, അപരരുമൊക്കെ ത്തമ്മിലുള്ള കാമനാവിനിയോഗത്തിന്റെ മേഖലയെയാണ് അവതരി പ്പിക്കുന്നത്. സ്വർണ്ണത്തിന്റെ വിനിമയപാതയല്ല, കാമനാവിനിമയത്തി ന്റെ സഞ്ചാരപഥങ്ങളാണ് നോവലിന്റെ പ്രമേയം എന്നുള്ള വാദം ഈ പഠനം മുന്നോട്ടുവെക്കുന്നു.

താക്കോൽ വാക്കുകൾ:

കാമന, കാമനാവിനിമയം, അധോസ്ഥലം, ധാർമ്മികത, നിശായാത്ര

ആമുഖം

അറബിക്കടലിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന കോഴിക്കോട് പട്ടണം ഒരു കാലത്ത് സാമൂതിരിയുടെ തലസ്ഥാനനഗരമായിരുന്നു. വാണിജ്യകേന്ദ്രം എന്നനില യിലാണ് കോഴിക്കോട് ചരിത്രത്തിൽ സ്ഥാനം നേടുന്നത്. യൂറോപ്യൻമാരുടെ വര വിനുമുമ്പ് ഇവിടത്തെ കച്ചവടാധിപത്യം അറബികൾക്കായിരുന്നു. അറബികളുമാ യുള്ള കച്ചവടം കോഴിക്കോടിന്റെ ജീവിതത്തെയും, സംസ്കാരത്തെയും ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. 'സത്യത്തിന്റെ തുറമുഖം' എന്നായിരുന്നു. കോഴിക്കോട് അറിയപ്പെ ട്ടിരുന്നത്. ഇത് അറബികൾ പുലർത്തിപ്പോന്ന വിശ്വാസത്തെയും, വാണിജ്യനീതി യെയും കുറിക്കുന്നു.

ഇരുപതാംനൂറ്റാണ്ടിൽ കോഴിക്കോടിന്റെ സാമ്പത്തികനിലയെ നിയന്ത്രിച്ചിരുന്ന രണ്ടു ഘടകങ്ങളായിരുന്നു കല്ലായിയിലെ മരക്കച്ചവടവും, കള്ളപ്പൊന്നിന്റെ ബിസി നസ്സും. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നഗരത്തിലെ ജനസംഖ്യയുടെ നല്ലൊരുപങ്കും മരമില്ലിലെ തൊഴിലാളികളായിരുന്നു. കള്ളപ്പൊന്നാകട്ടെ ഒരേസമ യം മിത്തും, യാഥാർത്ഥ്യവുമായിരുന്നു. അറബികൾ കൊണ്ടുവരുന്ന കള്ളപ്പൊന്നി ന്റെ കച്ചവടം വഴി ഒറ്റരാത്രികൊണ്ട് പണക്കാരായവരുടെ കഥകൾ നഗരത്തിൽ പ്രചരിച്ചിരുന്നു. അറേബ്യൻ നാടുകളിൽനിന്ന് കാരയ്ക്കയും പാൽക്കായം പോലുള്ള യുനാനിമരുന്നുകളുംകൊണ്ട് കോഴിക്കോട്ടെത്തുന്ന ഉരുക്കളിൽ പൊന്നും ഒളിപ്പിച്ചിട്ടു

ണ്ടാവും. വലിയ ഈന്തപ്പനയോലക്കൊട്ടകളിൽ കുത്തിനിറച്ച കാരയ്ക്കയുടെയുള്ളിലും മറ്റും ഒളിപ്പിച്ചുവെച്ച് കടത്തുന്ന പൊന്നാണ് പിന്നീട് രഹസ്യവ്യാപാരങ്ങളിലൂടെ പല യിടത്തേക്കൊഴുകുന്നത്. അറബിപ്പൊന്നിന്റെ വ്യാപാരം ആധുനിക കോഴിക്കോടുന ഗരത്തിന്റെ സമ്പദ് വ്യവസ്ഥയെയും ജീവിതമനോഭാവങ്ങളെയും പലതരത്തിലും സ്വാധീനിച്ചിട്ടുണ്ട്.

അധോസ്ഥലം

എൻ. പി. മുഹമ്മദും, എം. ടി. വാസുദേവൻ നായരും ചേർന്നെഴുതിയ നോവലാണ് അറബിപ്പൊന്ന്. കോഴിക്കോട് നഗരത്തിലെ കള്ളപ്പൊന്ന് ബിസിന സ്സിന്റെ അന്തർലോകമാണ് നോവലിൽ ആവിഷ്കൃതമാവുന്നത്, നോവലെഴുതാനിട യായ സാഹചര്യം ആമുഖത്തിൽ എം. ടി. വിവരിക്കുന്നുണ്ട്.

ആളുകൾ ലക്ഷങ്ങൾ നേടിയതും നഷ്ടപ്പെട്ടതുമായ കഥകൾ ധാരാളംകേ ട്ടിരുന്നു. നടന്നുപോകുമ്പോൾ വഴിവക്കത്തു കാണുന്ന ചില സൗധങ്ങളെപ്പറ്റി, അഭിമു ഖമായി വരുന്ന കൂറ്റൻ കാറുകളെപ്പറ്റി, നഗരജീവിതത്തിന്റെ നാനാമുഖങ്ങളിൽ ഒച്ച പ്പാടുണ്ടാക്കുന്ന ആളുകളെപ്പറ്റി എല്ലാം പറഞ്ഞുകേൾക്കുമ്പോൾ അറബിപ്പൊന്നിന്റെ മഹത്വം മനസ്സിലായിരുന്നു. അറബിപ്പൊന്നിനെപ്പറ്റി ഒരു നോവലെഴുതുകയായിരു ന്നില്ല ആദ്യത്തെ ഉദ്ദേശ്യം, വ്യാപാരം നടത്തി പണമുണ്ടാക്കലായിരുന്നു. ഒരു നോവ ലെഴുതാൻ വേണ്ടതിലുമധികം ബുദ്ധിയും പ്രതിഭയും ധൈര്യവും അതിനാവശ്യമുണ്ടെ ന്ന് പിന്നീടാണെനിക്ക് മനസ്സിലായത്. (എൻ.പി. മുഹമ്മദ് & എം. ടി വാസുദേവൻ നായർ, 1980 : 8)

അറബിപ്പൊന്ന് ബിസിനസ്സ് നടത്താൻ ആദ്യം പരിപാടിയിട്ട അവർ അത് തങ്ങൾക്കു പറ്റിയ പണിയല്ലെന്നു മനസ്സിലായപ്പോൾ അതിന്റെ അധോലോകത്തെ നോവലിലൂടെ ആവിഷ്കരിക്കുവാൻ ശ്രമിക്കുകയായിരുന്നു.

നിയമവിരുദ്ധമായ അറബിപ്പൊന്നുവ്യാപാരം ഏതെല്ലാം കാമനാവിനിമയ ങ്ങളുടെ സഞ്ചാരപഥം (trajectory) ആകുമെന്ന് അടയാളപ്പെടുത്തുകയാണ് നോ വലിസ്റ്റുകൾ. തൃഷ്ണകളുടെ ഈ സഞ്ചാരപഥത്തിൽ വിഭിന്നതരത്തിലുള്ള സംഘർ ഷങ്ങൾ അരങ്ങേറുന്നുണ്ട്. പാരമ്പര്യമൂല്യങ്ങളും ആധുനികമൂല്യങ്ങളും അറേബ്യൻ കച്ചവടക്കാരും ഇന്ത്യൻ ഏജന്റുമാരും, പരമ്പരാഗത കച്ചവടനീതിയും ആധുനിക കച്ചവടനീതിയും, വിശ്വാസവും വിശ്വാസരാഹിത്യവുമൊക്കെ തമ്മിലുള്ള സംഘർഷ

ങ്ങൾ നിറഞ്ഞ ഇടമാണത്. അറബിപ്പൊന്നിന്റെ വിനിമയമെന്നത് സാമൂഹ്യപദവി, കൂറ്റകൃത്യങ്ങൾ, മടികൾ, ലൈംഗികത, മരണം, ആഗ്രഹം, ആഗ്രഹവിഘ്നം എന്നിവയോടൊക്കെ പുലർത്തുന്ന ഒന്നാണ്.

ഈ അധോലോകത്തേയ്ക്ക് പ്രവേശിക്കുന്ന, നായകനായ കോയ തന്റെ ജീവിതപരിസരത്തുനിന്നും പൊടുന്നനെ എടുത്തുമാറ്റപ്പെടുകയാണ്. ജീവിച്ചുപോന്ന ഏറെക്കുറെ ഭദ്രമായ സാമൂഹ്യവ്യവസ്ഥിതി സമ്മാനിക്കുന്ന സുരക്ഷിതബോധത്തിൽനിന്ന്, വിചിത്രവും വിജാതീയവുമായ ഒരു പരിസരത്തിലേയ്ക്കാണ് അയാൾ എത്തപ്പെടുന്നത്. ഇത് അയാളെ പഴയ ഇടത്തിൽ നിന്നും അന്യവൽക്കരിക്കുന്നു. പതുക്കെ അയാളുടെ വ്യക്തിത്വം പുതിയ ചുറ്റുപാടുകളുടെ രീതികളുമായി പൊരുത്തപ്പെടുന്നുണ്ട്. ഈ അധോലോകത്തിന്റെ സ്വഭാവം നോവലിലൊരിടത്ത് വിവരിക്കുന്നുണ്ട്.

ആയിരം നീണ്ട മുടിനാരുള്ള ഒരു കൂറ്റൻ നീരാളിയെപ്പോലെയാണ് ഈ വ്യാപാരം. നടുവിൽ ഒരാളുണ്ടാവും. അയാൾക്കു വേണമെങ്കിൽ, ഏതു നാരും വേണമെങ്കിൽ അയയ്ക്കാം, പിൻവലിക്കാം, മുറുക്കാം. നീരാളിയുടെ കാലുകൾക്കിടയിൽ മനുഷ്യർ കൂടുങ്ങിയാൽ രക്ഷപ്പെടില്ല. കൂതറിപ്പോരാൻ ശ്രമിക്കുന്തോറും കൂടുതൽ കൂടുതൽ കെട്ടുപിണയുന്നു. ചോരയും, നീരും കുടിച്ചുകഴിഞ്ഞ് വെറും പണ്ടി തുപ്പിക്കളയുന്നു.

താൻ എത്തിപ്പെട്ടിട്ടുള്ള പരിസരത്തിന്റെ ആപത്കരമായ സ്വാധീനതയുടെ ഫലമായി അയാളുടെ ജീവിതത്തെ ഭരിച്ചുപോന്നിരുന്ന ധാർമ്മികസങ്കല്പങ്ങളുടെ ഗുരുത്വകേന്ദ്രത്തിന് ഇളക്കം തട്ടുന്നു. അയാളുടെ ഗുണകാംക്ഷികളും, കുടുംബവും ഈ മാറ്റങ്ങളെ ആപത്ശങ്കയോടെയാണ് നോക്കികാണുന്നത്,

ആഗ്രഹപഥങ്ങൾ

സ്വർണ്ണം പണ്ടുകാലംതൊട്ടേ സമ്പത്തിന്റെയും സൗന്ദര്യത്തിന്റെയും, വസ്തുവും ചിഹ്നവുമായി നിലനിന്നിട്ടുണ്ട്. ഇന്ത്യയിൽ വലിയതോതിലൊന്നും സ്വർണ്ണം ഉത്പാദിപ്പിക്കപ്പെടുന്നില്ല. എന്നാൽ സ്വർണ്ണത്തിന്റെ വലിയ ഉപഭോക്താക്കളാണ് ഇന്ത്യക്കാൻ പഴയകാലകേരളത്തിലെ കച്ചവടബന്ധങ്ങളിൽ സുഗന്ധദ്രവ്യങ്ങൾക്കുപകരം വാങ്ങിയത് സ്വർണ്ണമായിരുന്നു. ഫ്യൂഡൽ സംസ്കാരത്തിൽ രാജാവിന്റെ പ്രൗഢിയുടെ ചിഹ്നമായും, ക്ഷേത്രകേന്ദ്രിതാധികാരവ്യവസ്ഥയിൽ ക്ഷേത്രസ്വത്താ

യും സൂക്ഷിക്കപ്പെട്ടിരുന്ന സ്വർണ്ണം ജനാധിപത്യയുഗത്തിൽ ആർക്കും ഉപയോഗിക്കാമെന്ന നിലവന്നു. (വർഗ്ഗീസ് ജോർജ്ജ്, 2003: 40) സ്വർണ്ണത്തിന്റെ ജനകീയവൽക്കരണമായിരുന്നു അത്. മറ്റെല്ലാചരക്കുകളുടെയും കൈമാറ്റമൂല്യം (exchange value) പ്രകാശിപ്പിക്കാൻ കഴിയുന്ന പ്രതീകമായി സ്വർണ്ണം മാറി. കേരളത്തെസംബന്ധിച്ച് സ്വർണ്ണവിനിമയത്തിന്റെ ഉറവിടം ഗൾഫ് രാജ്യങ്ങളാണ്. ആയിരത്തിതൊള്ളായിരത്തി അമ്പതുകൾക്കുശേഷമാണ് ഗൾഫ്മേഖലയിൽ വൻതോതിൽ എണ്ണനിക്ഷേപം കണ്ടെത്തിത്തുടങ്ങിയത്. അതോടെ യൂറോപ്യൻ രാജ്യങ്ങൾ അവരിൽനിന്നും വൻതോതിൽ എണ്ണവാങ്ങിത്തുടങ്ങി. പകരം സ്വർണ്ണം അവർ അറേബ്യൻരാജ്യങ്ങൾക്കു കൊടുത്തു. അറബിനാടുകളും ഇന്ത്യയുമായുള്ള പ്രത്യക്ഷവിനിമയത്തിന് നിയമതടസ്സങ്ങളുണ്ടായിരുന്നതുകൊണ്ട് സാധാരണപാതകൾ വിട്ട് അദൃശ്യവും രഹസ്യാത്മകവുമായ പാതകളിലൂടെ സഞ്ചരിക്കാൻ തുടങ്ങി. ഈ സഞ്ചാരപാതകളിലുണ്ടാവാൻ സാധ്യതയുള്ള വിഘ്നങ്ങളെയില്ലാതാക്കാൻവേണ്ട, ഇരുണ്ടസർഗ്ഗാത്മകത ആവശ്യപ്പെടുന്ന ജോലിയാണ് കള്ളക്കടത്ത്. സ്വർണ്ണത്തിന്റെ ഇത്തരത്തിലുള്ള ആഗോളസഞ്ചാരപാതകളെക്കുറിച്ച് അറബിപ്പൊന്നിൽ വിവരിക്കുന്നുണ്ട്. നോവലിന്റെ ആഖ്യാനകാലമായ ആ ആയിരത്തിതൊള്ളായിരത്തി അറുപതുകളിൽ കൊല്ലംതോറും മുന്നൂറ്റിഅറുപത് മില്യൺ ഡോളർ (നൂറ്റിഎൺപത് കോടി രൂപ) വിലയുള്ള സ്വർണ്ണം ഇന്ത്യയിലേക്ക് ഒളിച്ചുകടത്തുന്നതായി നോവലിൽ ചേർത്ത അനുബന്ധലേഖനം സൂചിപ്പിക്കുന്നുണ്ട്. (ബ്രിയൻ, 1980: 5) അക്കാലത്ത് പാക്കിസ്ഥാനിലെ മുങ്ങൽകാർ മൂന്നുമില്യൺ ഡോളർ (ഒന്നരക്കോടി രൂപ) വിലയുള്ള സ്വർണ്ണം കറാച്ചി തുറമുഖത്തിലൂടെ ജലാന്തർഭാഗത്തെ ചില ഗ്രഹകളിൽനിന്ന് മുങ്ങിയെടുക്കുകയുണ്ടായി. ഇന്ത്യയിലേക്കുള്ള വ്യാജവ്യാപാരത്തിന്റെ ഒരു താക്കോൽ പഴുതായ കറാച്ചി തുറമുഖത്തിലൂടെ സ്ഥിരമായി കടന്നുപോകുന്ന കച്ചവടച്ചരക്കിലെ ഒരുമാസത്തെ വിഹിതം മാത്രമായിരുന്നു അത്.

സാമൂഹ്യശാസ്ത്രപരമായ വസ്തുതാവിശകലനമല്ല ഈ നോവൽ നടത്തുന്നത്. മറിച്ച് മനുഷ്യരുടെ അസ്തിത്വപരമായ സന്ദർഭങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ്. സൂക്ഷ്മമായിപ്പറഞ്ഞാൽ വ്യക്തികളും അവരുടെ ചുറ്റുപാടുകളും, വസ്തുതകളും, അപരരുമൊക്കെത്തമ്മിലുള്ള കാമനാവിനിയോഗത്തിന്റെ മേഖലയെയാണ് അവതരിപ്പിക്കുന്നത്. സ്വർണ്ണത്തിന്റെ വിനിമയപാതയല്ല, കാമനാവിനിമയത്തിന്റെ സഞ്ചാരപഥങ്ങളാണ് നോവലിന്റെ പ്രമേയം. കാമനാവിനിമയം എന്ന പരികല്പന ഫ്രഞ്ച്

മനഃശാസ്ത്രജ്ഞനായ ഴാക്ക് ലകാന്റെ കണ്ടെത്തലാണ്. (ശ്രീവത്സൻ, 2001: 38). മനുഷ്യരുടെ ചാലകശക്തിയായ ആഗ്രഹം പലപ്പോഴും സ്വയംതിരിഞ്ഞുനോക്കുകയും സ്വയം ക്രമീകരിക്കുകയും ചെയ്യാറുണ്ട്. ധാർമ്മികതയെന്നുപറയുന്നത് ആഗ്രഹങ്ങളുടെ സ്വയംക്രമീകരണമാണ്. ആധുനികമുതലാളിത്തസമൂഹം വ്യക്തികളിൽ ചലനാത്മകതയുണ്ടാക്കുന്നത് പുരോഗതി, വികസനം, ക്ഷേമം, സ്ഥിരസുഖം എന്നീ വാഗ്ദാനങ്ങൾ വഴിയാണ്. ഈ നോവലിൽ കോയയെക്കൊണ്ട് വീരാൻകുട്ടിമുതലാളി അപകടകരമായ കള്ളക്കടത്തുജോലികൾ ചെയ്യിക്കുന്നത് ഇതേ ആഗ്രഹതന്ത്രങ്ങൾ ഉപയോഗിച്ചാണ്. കുഞ്ഞാമുഹാജി ആഗ്രഹങ്ങളുടെ അപകടസാധ്യതകൾ ചൂണ്ടിക്കാണിച്ചുകൊടുക്കുന്ന ധാർമ്മികപക്ഷക്കാരനാണ്. നോവലിന്റെ ഓരോ ഭാഗത്തിന്റെയും തുടക്കത്തിൽ കൊടുത്തിട്ടുള്ള ഖുർ-ആൻ വാക്യങ്ങൾ ഇതേ ആഗ്രഹസഞ്ചാരപഥങ്ങൾക്കുനേർക്കുള്ള വിമർശനാത്മകദൃഷ്ടിയാണ്.

വ്ളാഡ്മിർ പ്രോപ് (Vladmir Propp) ആഖ്യാനഘടനയെക്കുറിച്ച് വിശകലനം ചെയ്യുമ്പോൾ കഥാഘടകങ്ങളുടെ സംവിധാനത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. (രാഘവവാരിയർ, 1996:18) കഥയിൽ സ്ഥിരരാശിയും ചരരാശിയുമുണ്ട്. ഋണബിന്ദുവും ധനബിന്ദുവുമുണ്ട്. ആഖ്യാനശൃംഖലയിൽ അഭാവം-വിലക്ക്-ലംഘനം-യാത്ര-ഏറ്റുമുട്ടൽ-ജയം എന്നിങ്ങനെ ഘടകങ്ങളുണ്ട്. കഥാന്ത്യം പൊതുവെ ഋണബിന്ദുവിൽനിന്ന് ധനബിന്ദുവിലേക്കുള്ള ആന്ദോളനമാണ്. കഥാന്ത്യത്തിൽ ആഗ്രഹങ്ങളുടെ സഫലീകരണമുണ്ട്. കഥാന്ത്യത്തിന് ആഖ്യാനത്തെ തുറന്നതോ അടഞ്ഞതോ ആക്കുന്നതിൽ പ്രധാനപങ്കുണ്ട്. എന്നാൽ അറബിപ്പൊന്നിന്റെ ആഖ്യാനാത്മകപ്രക്രിയ ആഗ്രഹസഫലീകരണത്തിന്റെതല്ല. മറിച്ച്, ആഗ്രഹത്തിന്റെ ആന്ദോളനം ധനബിന്ദുവിൽനിന്ന് ഋണബിന്ദുവിലേക്കാണ്.

നോവലിലെ കേന്ദ്രകഥാപാത്രമായ കോയ, നോവലിന്റെ തുടക്കത്തിൽ പാരമ്പര്യമായി ലഭിച്ച സ്വത്തുക്കളൊക്കെ നഷ്ടപ്പെട്ട് പാപ്പരായി നടക്കുകയാണ്. ബാപ്പ സമ്പാദിച്ചുവെച്ച് തെങ്ങിൻതോപ്പുകളും, റേഷൻകടയും ശീട്ടുകളിച്ച് നശിപ്പിക്കുകയാണ് കോയ. കോയയുടെ ദാരിദ്ര്യം അഭാവത്തെക്കുറിക്കുന്നു. ഉമ്മയുടെ മരണവും, ആഭരണങ്ങളൊന്നുമില്ലാതെ കഴിയുന്ന പെങ്ങൻമാരും ഈ അഭാവത്തിന്റെ പ്രത്യക്ഷങ്ങളാണ്. കോയയുടെ ഗുണകാംക്ഷിയായ കുഞ്ഞാമുഹാജിയുടെ ശുപാർശവഴി കോയയ്ക്ക്, വീരാൻകുട്ടി സാഹിബിന്റെ കണക്കപ്പിള്ളയായി ജോലി ലഭിക്കുന്നു. വീരാൻകുട്ടിസാഹിബിന് കള്ളപ്പൊന്നിന്റെ ബിസിനസ്സുണ്ടെന്ന കാര്യം യാദൃച്ഛികമായി

അറിയാനിടയായ കോയയെ, മുതലാളി തന്റെ ബിസിനസ്സിലെ കാരിയറാക്കുന്നു. പാലക്കാട് സ്വർണ്ണം വിൽക്കാൻപോയ കോയ, കൃത്യം വിജയകരമായി പൂർത്തിയാക്കി മടങ്ങി. അതോടെ സാഹിബിന് കോയയിൽ പൂർണ്ണവിശ്വാസം വന്നു. ഈ ജോലി തുടർന്നാൽ നഷ്ടപ്പെട്ടുപോയ സൗഭാഗ്യങ്ങളൊക്കെ വീണ്ടെടുക്കാമെന്ന പ്രതീക്ഷ സാഹിബ് കോയയ്ക്ക് നൽകുന്നു. ഈ വാഗ്ദാനം അയാളുടെ ആഗ്രഹസഞ്ചാരപഥത്തിൽ കൂടുതൽ വെളിച്ചം പകരുന്നു.

അപ്പോൾ അയാളൊരു സ്വപ്നം കണ്ടു: വെളുത്ത പൂഴിമണ്ണിൽ നിരന്ന പറമ്പും, പറമ്പിൽ കാറ്റാടുന്ന തെത്തെങ്ങുകളും, തെത്തെങ്ങുകളിൽ പച്ചപ്പടർപ്പും, പച്ചപ്പടർപ്പിൽ പൊന്നിൻകുടങ്ങളും (1980 : 187)

പലർക്കും ആഗ്രഹവസ്തുവായ സ്വർണ്ണം ഇവിടെ കോയയ്ക്ക് ആഗ്രഹ ഉപാധിയാണ്. സാക്ഷാത്കാരത്തിനുള്ള കള്ളപ്പൊന്ന് ബിസിനസ്സുവഴി ലഭിക്കുന്ന കണക്കില്ലാത്ത പണം സൂക്ഷിക്കാനും സാഹിബ് കോയയെ ആയുധമാക്കുന്നുണ്ട്. കുഞ്ഞാമുഹാജിയുടെ വീട്ടിൽ കോയ പണം സൂക്ഷിക്കുന്നു. പണം വരുത്തുന്ന അപകടങ്ങളെക്കുറിച്ച് നന്നായറിയാവുന്ന കുഞ്ഞാമുഹാജി കോയയെ ഉപദേശിക്കുന്നുണ്ട്.

ഹാജി ചിരിച്ചുകൊണ്ടുപറഞ്ഞു.

"ഈ പണം വര്ത്തും പോക്കും മലവെള്ളം പോലാ. ബന്ന ജോറിലന്യവും എറക്കും. "

"അതിന് ഞാനെന്തുചെയ്യാനാ?"

അസുഖം പുറത്തുകാട്ടാതെ കോയ ചോദിച്ചു.

“അല്ല. അത് ബിചാരിച്ച് പണി എട്ത്തോ. പണം പോയാലും ആളും കൂപിം മേണം. " (എൻ.പി. മുഹമ്മദ് & എം.ടി. വാസുദേവൻ നായർ, 1980 : 216)

കോയയുടെ ആഗ്രഹസഞ്ചാരപഥങ്ങളിൽ ഹാജിയാരുടെ ഉപദേശങ്ങൾ അസ്വസ്ഥതകളുണ്ടാക്കുന്നുണ്ട്.

താഹിർ എന്ന അറബിയുമായുള്ള പരിചയംവഴി കോയയ്ക്ക്, ഭാഗ്യനിർഭാഗ്യങ്ങളും വഞ്ചനയും നിറഞ്ഞ അറബിപ്പൊന്നുവ്യാപാരത്തിന്റെ അധോലോകത്തെക്കുറിച്ച് ഒരു ചിത്രം ലഭിക്കുന്നുണ്ട്. ഈ അധോസ്ഥലത്തെ പ്രധാനപ്പെട്ട ഒരുകൂട്ടർ അറബികളാണ്. അറബികളെക്കുറിച്ച് നിരവധി മിത്തുകൾ നഗരത്തിൽ പ്രചരിച്ചിരുന്നു. അവരുടെ സ്നേഹവും പകയും ഒരേ പോലെ തീവ്രമാണ്. അറബിപ്പകയെക്കുറിക്കുന്ന ഒരു സംഭവം നോവലിൽ വിവരിക്കുന്നുണ്ട്.

കുട്ടിക്കാലത്തുകണ്ട ഒരു ചിത്രം, ഒരു പേടിസ്വപ്നം പോലെ അയാളുടെ മനസ്സിൽ തങ്ങിനിൽപ്പുണ്ട്. ആലോചിക്കുമ്പോൾ ഭയവും അറപ്പും തോന്നും. പ്രഭാതത്തിൽ കടൽക്കരയിൽ വെള്ളമണലിൽഒരു ശവം. ഉടുതുണിയില്ല. പുരുഷനാണെന്നു വ്യക്തമാക്കുന്ന ഭാഗം ഛേദിച്ച് മരിച്ച മനുഷ്യന്റെ വായിൽ. . . . കണ്ടവർ കണ്ടവർ തമ്മിൽ പറഞ്ഞു:

*അറബിപ്പക!" (1980:286)

സ്വർണ്ണക്കടത്തിന്റെ അത്ഭുതലോകത്ത് അറബികൾക്കുള്ള മായികപരിവേഷമൊന്നും താഹിറിനില്ല. സാധാരണമനുഷ്യനുള്ള വ്യാകുലതകളും ദുഃഖങ്ങളും താഹിർ കോയയോട് പങ്കിടുന്നുണ്ട്. അറബിപ്പൊന്നുവ്യാപാരത്തിന്റെ ചതിയിൽപ്പെട്ടാണ് ഓാഹിറിന്റെ ജ്യേഷ്ഠൻ അബ്ദുള്ള ഭ്രാന്തനാകുന്നത്.

ആ വഞ്ചനയുടെ കഥ ഓർത്തപ്പോൾ താഹിറുടെ കണ്ണുകൾ പ്രകാശിച്ചു. മുഖത്ത് പ്രതികാരത്തിന്റെ ദാഹം പരന്നു. നോട്ടുകെട്ടുകൾക്കകത്ത് വൃത്തിയായി വെട്ടിയ കടലാസുകഷണങ്ങളായിരുന്നു; വെറും കടലാസുകഷണങ്ങൾ! മുകളിലും താഴെയും മാത്രം നോട്ടുകളാണ്.

"എണ്ണിയെടുത്തില്ലേ?"

അറുപതു ലക്ഷം വരുന്ന കെട്ടുകൾ ഓരോന്നായി എണ്ണിയെടുക്കാൻ സമയമെവിടെ? കെട്ടുകൾ എണ്ണി. അബ്ദുള്ള വിശ്വസിച്ചു. അവർ ചതിച്ചു.

"അയാളിപ്പോൾ എന്തുചെയ്യുന്നു?"

“അറിഞ്ഞുകൂടാ. "

"നാട്ടിലെത്തിയില്ലേ?"

“എങ്ങനെ നാട്ടിൽ വരും? ബോംബെയിൽ ഒരു ഭ്രാന്തനെപ്പോലെ അയാൾ അലഞ്ഞുനടക്കുന്നതു കണ്ടവരുണ്ട്. പിന്നെ വിവരമില്ല. ജീവിച്ചിരിപ്പുണ്ടോ എന്ന് അറിയില്ല. "

അയാളുടെ ഭാര്യ ഷെയ്ക്ക് കലീം ഉൽ ഫൈസലിന്റെ വെള്ളാട്ടിമാരിലൊരുത്തിയാണിപ്പോൾ. (എൻ.പി. മുഹമ്മദ് & എം.ടി. വാസുദേവൻ നായർ, 1980 : 273)

'സത്യത്തിന്റെ തുറമുഖം' എന്ന് പുകൾപെറ്റ തീരത്തുനിന്നാണ് അയാൾക്ക് ചതി പറ്റുന്നത്. സ്ഥലസ്വതം വിരുദ്ധതലത്തിലേക്ക് പ്രവേശിക്കുന്നത് ഇവിടെ കാണാനാവും അറേബ്യയിലെ ഷെയിക്കുമാരിൽനിന്നും സ്വർണ്ണവും വാങ്ങി കച്ചവടത്തിനായി മലബാറിലേക്കിലേക്ക് യാത്രതിരിക്കുന്ന അറബികൾ തങ്ങളുടെ സ്വത്തി

നൊപ്പം സ്വന്തം ഭാര്യമാരെയും പണയംവെക്കേണ്ടിവരും. കാമനാവിനിമയങ്ങളുടെ ലോകത്തെ തീർത്തും സംഘർഷപൂർണ്ണമായ ജീവിതമാണ് കച്ചവടക്കാരായ അറബികളുടേത്.

അറബിക്കടലിന്റെ ജലപാതകളിലെ ആഗ്രഹസഞ്ചാരപാതകളിലൂടെ മലബാർ തീരത്തേക്ക് യാത്രനടത്തുന്ന മറ്റൊരുകൂട്ടർ കപ്പലിലെ പണിക്കാരായ ആഫ്രിക്കൻ അറബികളാണ്. ഖിലാഫികൾ എന്നറിയപ്പെടുന്ന ഈ അടിമകളെ സംബന്ധിച്ച് കാമനാവസ്തുക്കൾ സ്വർണ്ണമോ, പണമോ അല്ല, മറിച്ച് ഭക്ഷണവും ഭോഗവുമാണ്. കപ്പൽ കടലിൽ ചരക്കുകാത്തുകിടക്കുന്ന കാലത്ത് അവർ തീരപ്രദേശത്തുനിന്നും പെണ്ണുകെട്ടുന്നു.

വെളുത്ത ചന്തമുള്ള ഒരുമ്മപ്പെൺകിടാവിന്റെ ശരീരം കൊതിച്ചുകൊണ്ടാണ് അവർ കൊട്ടിയ കയറുന്നത്. കരയിലെത്തി പെണ്ണുകിട്ടാത്തവർ ഏതെങ്കിലും ഒരു ചെക്കനെ തൽക്കാലത്തേക്ക് സ്വന്തമാക്കുന്നു. . . . . കോൽമരത്തിനും ദ്വീപുചക്കരയ്ക്കും കാരയ്ക്കയ്ക്കും ദല്ലാളിമാരുള്ളപോലെ അതിനും ദല്ലാളിമാരുണ്ട്. (1980:273)

ഇവിടെ കോഴിക്കോട്ടും, മറ്റു മലബാർതീരങ്ങളും ആഫ്രിക്കൻ അറബികളുടെ ആഗ്രഹസ്ഥലമായി മാറുകയാണ്.

അധോസ്ഥലത്തെ നിശായാത്രകൾ

നോവലിലെ അധോസ്ഥലത്തിന് തിടംവെക്കുന്നത് രാത്രിയാകുന്നതോടുകൂടിയാണ്. പകൽനേരങ്ങളിൽ സാധാരണവ്യവഹാരങ്ങൾക്ക് സാക്ഷിയായി നിലകൊള്ളുന്ന ഇടങ്ങൾക്ക് രാത്രിയുടെ നിഗ്രഢതയിൽ രൂപാന്തരം സംഭവിക്കുന്നു. കള്ളപ്പൊന്നുവിനിമയത്തിന്റെ കേന്ദ്രസ്ഥാനങ്ങളായി രാത്രിയുടെ സവിശേഷസന്ദർഭത്തിൽ ഈ സ്ഥലങ്ങൾ പകർന്നാടുന്നു. കോയയുടെ ആഗ്രഹസഞ്ചാരപഥങ്ങളായി മാറുന്നുണ്ട് ഈ സ്ഥലങ്ങൾ. അയാളുടെ ഒട്ടുമിക്കയാത്രകളും നിശായാത്രകളാണ്. നിശായാത്രയെ ആദിപ്രരൂപത്തിന്റെ (Archetype) മാതൃരൂപങ്ങളിലൊന്നായി വിവരിക്കപ്പെടുന്നുണ്ട്. (രാജകൃഷ്ണൻ, 2003: 11) യക്ഷിക്കഥകളിലെയും മിത്തുകളിലെയും നായകൻമാർ കടന്നുപോകുന്ന പലതരം പരീക്ഷണങ്ങളിലൊന്നാണ് അധോലോകത്തിലൂടെയുള്ള യാത്ര. എന്നും രാത്രിയായിരിക്കുന്ന ഈ അധോലോകത്തിലൂടെയുള്ള സഞ്ചാരം ഒന്നുകിൽ നായകന്റെ ബോധപൂർവ്വമായ

തീരുമാനത്തിന്റെ ഫലമായിരിക്കും. അല്ലെങ്കിൽ അയാൾ തന്റെ അലച്ചിലിനിടയിൽ ആകസ്മികമായി ഇരുട്ടിന്റെ സാമ്രാജ്യത്തിൽ ഇറങ്ങിച്ചെന്നതാവാം. അധോലോകത്തിലെ സന്ദർശനം കഴിഞ്ഞ് അയാൾ തിരിച്ചു വരുന്നത് കൂടുതൽ തന്റേടവും പക്വതയും ആത്മജ്ഞാനവും കൈവരിച്ചുകൊണ്ടായിരിക്കാം. എന്നാൽ ഈ യാത്ര ചിലപ്പോൾ അയാളെ തകർക്കുന്ന അനുഭവമായിത്തീരുകയും ചെയ്യും.

ജീവിതത്തിന്റെ നിത്യസാധാരണമായ തലത്തിലൂടെ (trivial plane) സഞ്ചരിക്കുന്ന ഒരു വ്യക്തി പെട്ടെന്ന് ദുരന്തത്തിന്റെ തലത്തിൽ (tragic plane) ചെന്നടുക്കുന്നതിന്റെ ദൃഷ്ടാന്തമായാണ് നിശായാത്രയെ നോവലിസ്റ്റും ചിന്തകനുമായ ആർതർ കെസർ (Arthur Koestler) നോക്കിക്കാണുന്നത്(Koestler, 1952: 74). യാത്രയുടെ പിന്നിലുള്ള പ്രേരണകളെ ഇങ്ങനെ സംഗ്രഹിക്കാം:

നിത്യസാധാരണമായ തലത്തിൽ താൻ നയിക്കുന്ന മാമൂലൊപ്പിച്ച ജീവിതത്തിന്റെ പൊള്ളത്തരത്തെയും, വ്യർത്ഥതയെയും കുറിച്ച് പെട്ടെന്ന് ബോധവാനായിത്തീരുന്നു. ഈ തോന്നൽ അയാളിലുണരുന്നത് ഏതെങ്കിലും ദാരുണസംഭവം സമ്മാനിച്ച നടുക്കത്തിന്റെ ഫലമായാവാം. അല്ലെങ്കിൽ പടിപടിയായി അയാൾ നേടുന്ന ആത്മീയവികാസത്തിന്റെ സമഗ്രഫലമായിട്ടാവാം. അതല്ലെങ്കിൽ ജീവിതത്തിലെ ഒരു സാധാരണസംഭവം അപ്രതീക്ഷിതമായ പ്രാധാന്യം കൈവരിച്ച് അയാളുടെ മനഃശാന്തി കെടുത്തിയതിനാലാവാം. അങ്ങനെ അയാൾ തന്റെ നിലനിൽപ്പിനെ അടിയറ്റത്തോളം കുലുക്കുന്ന ഒരു പ്രതിസന്ധിയിലൂടെ കടന്നുപോകുന്നു. ഇതേത്തുടർന്ന് അയാൾ തന്റെ നിശായാത്ര ആരംഭിക്കുന്നു.

കോയയുടെ നിശായാത്രകൾക്ക് രണ്ടു ഘട്ടമുണ്ട്. ആദ്യഘട്ടത്തിലെ നിശായാത്ര അയാൾ വ്യവസ്ഥാപിതസ്ഥലത്തുനിന്നും അധോലോകത്തിന്റെ വിഭ്രമാത്മകതകളിലേക്ക് പ്രവേശിക്കുന്ന യാത്രയാണ്. ഈയൊരു പ്രവേശനത്തിലേക്ക് അയാളെ നയിക്കുന്നത് പടിപടിയായി അയാൾക്കു സംഭവിക്കുന്ന സാമ്പത്തികതകർച്ചയും കല്യാണപ്രായം കഴിഞ്ഞിട്ടും വീട്ടിൽത്തന്നെ നിൽക്കുന്ന സഹോദരിമാരുടെ ദയനീയതകളുമാണ്. ഉമ്മയുടെ അപ്രതീക്ഷിത മരണം ഈയൊരു പ്രവേശനത്തിന്റെ പെട്ടെന്നുള്ള കാരണമാകുന്നു. പാലക്കാട്ടേക്കുള്ള നിശായാത്ര അധോലോകത്തിന്റെ സംഘർഷാത്മകലോകത്തിലേക്കുള്ള കോയയുടെ പ്രവേശനത്തെ കുറിക്കുന്നു. ഭയവും ആശങ്കയും നിറഞ്ഞതെങ്കിലും പാലക്കാടൻ രാത്രിയാത്ര കോയയിൽ ആഗ്രഹങ്ങളുടെ വിത്തിടുന്നുണ്ട്.

തെരുവിലെ ജനസഞ്ചാരം നിലച്ചിരിക്കുന്നു. ഇരുവശത്തും അടഞ്ഞ പീടികകൾ. റോഡുവക്കിൽ ഒഴിഞ്ഞ കാളവണ്ടികൾ മുട്ടുകുത്തി നിരനിരയായി വിശ്രമിക്കുന്നു. നുകങ്ങൾക്കരികെ അയവിറക്കിക്കിടക്കുന്ന കാളകളുടെ കണ്ണുകൾ ഞെരങ്ങിക്കൊണ്ടുകടന്നുപോയ ഒരു ലോറിയുടെ വെളിച്ചത്തിൽ പച്ചരത്നങ്ങൾപോലെ തിളങ്ങുന്നു. സഞ്ചിയിൽ അമ്പതിനായിരം ഉറുപ്പികയുടെ നോട്ടുണ്ട്. ആ ചെറുപ്പക്കാരനു വേണമെങ്കിൽ. . . . . ? അവന്റെ എണ്ണപുരണ്ടശരീരത്തിന് തന്നെക്കാളും കരുത്തുണ്ട്. ഇരുട്ട് കൊലപാതകങ്ങളെ ഭംഗിയായി മറച്ചുപിടിക്കുന്നു.

താൻ ഭീരുവാകയാണോ?

പേടിച്ച് വീട്ടിനകത്ത് അടങ്ങിയൊതുങ്ങിക്കഴിഞ്ഞവർ ഒന്നുംതന്നെ നേടിയിട്ടില്ല. . . . . (1980 : 180)

ആ യാത്ര കഴിഞ്ഞ് അയാൾ പുറത്തുവരുന്നത് ആത്മബലം നേടിയ ഒരു പുതിയ വ്യക്തിയായിട്ടാണ്. ഒടുവിലത്തെ യാത്രയായ മീഞ്ചന്തയിലെ ഇരുമ്പുകച്ചവടക്കാരൻ മമ്മദിന്റെ വീട്ടിലേക്കുള്ള യാത്ര അധോലോകത്തിൽനിന്നും മുക്തി നേടുന്ന യാത്രയാണ്. ചതിയും വഞ്ചനയും നിറഞ്ഞ അധോലോകത്തിന്റെ പരിതഃസ്ഥിതികൾ അയാളുടെ മനഃശാന്തി കെടുത്തിത്തുടങ്ങിയപ്പോൾ അയാൾ മടക്കയാത്രയ്ക്ക് തയ്യാറാവുന്നു. ഒടുവിൽ മരണഭീതി നിറഞ്ഞ അധോലോകത്തിലെ വിശ്രമമില്ലാത്ത ജീവിതം തന്ന, രോഗമുണ്ടാക്കുന്ന, ഭീതി അയാളെ ആ ലോകത്തുനിന്നും ഉടൻ ഒഴിവാകാൻ പ്രേരിപ്പിക്കുന്നു. എങ്കിലും അയാൾ പുറത്തുവരുന്നത് തീർത്തും തകർന്നവനായിട്ടാണ്.

കള്ളപ്പൊന്നു കച്ചവടത്തിന്റെ അധോലോകത്തേക്ക് പ്രവേശിച്ചതിനു ശേഷമുള്ള കോയയുടെ സഞ്ചാരങ്ങൾ മിക്കതും രാത്രിപാതകളിലൂടെയാണ്, ഹാജ്യാരുടെ വീട്ടിലേക്ക് പണം മാറ്റാനുള്ള യാത്രകൾ, താഹിറിന്റെ പണം കൊടുക്കാനുള്ള യാത്രകൾ, ഏലത്തൂരിൽനിന്നും സാഹിത്യകാരോടൊപ്പമുള്ള യാത്ര എന്നിങ്ങനെ അയാളുടെ രാത്രിസഞ്ചാരങ്ങളുടെ നിര നീളുന്നു. അവ അവസാനിക്കുന്നത് മീഞ്ചന്തയിലേക്കുള്ള ദീർഘയാത്രയോടെയാണ്. മീഞ്ചന്തയിലേക്ക് കല്ലായിറോഡിലൂടെ പെട്ടെന്നെത്താനാവും. ഈവഴി അധോലോകപാതകളിൽപ്പെടുന്നില്ല. എന്തെന്നാൽ, രണ്ടു പോലീസ് സ്റ്റേഷനുകളും റിക്ഷാക്കാരും ആളുകളും ഈ വഴിയെ നിശാസഞ്ചാരത്തിന് മുടക്കമുള്ളതാക്കുന്നു. കടൽത്തീരത്തിലൂടെ പള്ളിക്കണ്ടിയിൽ കയറി അവിടെനിന്ന് പുഴകടന്ന് പറമ്പിലേക്ക് കയറി, കണ്ണഞ്ചേരിയിലൂടെയും മീ

ഞ്ചന്തയിലെത്താം. അധോലോകയാത്രികർക്ക് ദുർഘടംപിടിച്ചതും വിജനവുമായ ഈ വഴിയാണ് ചേരുക. കോയ അത് തെരഞ്ഞെടുക്കുന്നു. കോയയുടെ തിരഞ്ഞെടുപ്പിൽ ഇസ്ലാംമത ദർശനങ്ങളിൽ പറയുന്ന, ലക്ഷ്യത്തിലെത്താൻ സ്വീകരിക്കേണ്ട രണ്ടുതരം മാർഗ്ഗങ്ങളുടെ സ്വാധീനം കാണാം. താരിക്ക് (tarique) എന്നും ഷാരിയ (sharia) എന്നും പേരുള്ള രണ്ടു പാതകളിൽ ആദ്യത്തേത് യാത്രയ്ക്ക് ദുർഘടം പിടിച്ചതാണെങ്കിലും എളുപ്പത്തിൽ ലക്ഷ്യത്തിലെത്താനുള്ള കുറുക്കുവഴിയാണ്. കോയ സ്വീകരിക്കുന്നത് ഇത്തരമൊരു പാതയാണ്.

അധോലോകത്തിന്റെ കെട്ടുപാടുകൾ നിറഞ്ഞ ലോകത്തുനിന്നും രക്ഷപ്പെട്ട് അതിന്റെ സന്നിധ്യമില്ലാത്ത മറ്റൊരു സ്ഥലത്ത് എത്തിച്ചേരാൻ കോയയുടെ മനസ്സ് ഈ യാത്രയിൽ കൊതിക്കുന്നുണ്ട്. വർത്തമാനജീവിതപരിതഃസ്ഥിതികളിൽനിന്നും കുതറിമാറി മറ്റ് സ്ഥലകാലങ്ങളിലെത്തിപ്പെടാൻ കൊതിക്കുന്ന കാല്പനികനെ കോയയിൽ കാണാം. കല്ലായിപ്പാലത്തിലൂടെ ജനതാ എക്സ്പ്രസ്സ് കടന്നുപോയപ്പോൾ അത്തരമൊരു ചിന്ത അയാളിൽ കടന്നുവരുന്നു.

ഒരാഗ്രഹത്തിന്റെ കുമിള ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നും നുരഞ്ഞുപൊങ്ങി. കൈയ്യിൽ ഒരുലക്ഷം ഉറുപ്പികയുണ്ട്. ഈ പണവുംകൊണ്ട് വണ്ടിയിൽ കയറി ദൂരെദൂരെ എവിടെയെങ്കിലും പോയാലോ? ഹിമാലയത്തിന്റെ താഴ്വാരത്തിലുള്ള ഏതെങ്കിലും നഗരത്തിൽ പോയി താമസിക്കാം. കച്ചവടം ചെയ്ത് പണം പെരുപ്പിക്കാം. ബാങ്കിലിട്ടാൽ പലിശകൊണ്ടു തന്നെ സുഖമായി ജീവിക്കാം. ആരും അറിയാത്ത നാട്ടിൽ സ്വതന്ത്രനായ ഒരു മനുഷ്യൻ. (1980:439)

കള്ളപ്പൊന്നു കച്ചവടത്തിന്റെ വലക്കണ്ണികൾക്കകത്തുള്ള നഗരത്തിൽനിന്നും ബഹുദൂരം അകലെ രാജ്യത്തിന്റെ അതിരായ ഒരു സ്ഥലിയിലേക്ക് രക്ഷപെടാനുള്ള വ്യഗ്രത, ഈ ലോകം കോയയിലുണ്ടാക്കുന്ന സമ്മർദ്ദങ്ങളുടെയും സംഘർഷങ്ങളുടെയും വലിപ്പത്തെ കാണിക്കുന്നു. എന്നാൽ പിന്നീട് വീടിന്റെ ഉത്തരവാദിത്തം നിറഞ്ഞ അകസ്ഥലങ്ങളുടെ ഓർമ്മ കോയയെ വീണ്ടും യാഥാർത്ഥ്യത്തിലേക്കെത്തിക്കുന്നു. ബന്ധങ്ങളുടെ കെട്ടുപാടുകൾ അയാളെ വർത്തമാനത്തിന്റെ നൈരാശ്യത്തിലേക്കുതന്നെ നയിക്കുന്നു.

ഞാൻ ഈ നശിച്ച പട്ടണത്തിന്റെ ഒരു മൂലയിൽ ജനിച്ചു. ഇവിടെത്തന്നെ കിടന്നു മരിക്കും. അവസാനം ചാവുപറമ്പിലെ പുല്ലാനികൾക്കും തൊട്ടാവാടികൾക്കും വളം കൂട്ടുവാൻ ജീവിക്കുന്നു. (1980:436)

ജീവിതസ്ഥലത്തോടുള്ള ഒരുതരം വൈരാഗ്യമാണ് കോയയുടെ ഈ ആത്മഗതങ്ങളിൽ നിറഞ്ഞുനിൽക്കുന്നത്. 'ആപത്ശങ്കകളോടുകൂടിയുള്ള ഈ യാത്രയിൽ പള്ളിയും അവിടെനിന്നുള്ള ചെറിയ വെളിച്ചവും കാണുമ്പോൾ പണ്ടൊരിക്കലുമില്ലാത്ത തരത്തിൽ ദൈവവിശ്വാസം കോയയിൽ രൂപപ്പെടുന്നുണ്ട്. മരണഭീതിയുടെ ഒരംശം മനസ്സിലുള്ള കോയ സ്വർഗ്ഗനരകങ്ങളെക്കുറിച്ച് ഭാവന ചെയ്യുന്നു. മരിച്ചു മരണാനന്തരസ്ഥലങ്ങളായ കഴിഞ്ഞാൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ എല്ലാ മനുഷ്യരും അന്ത്യവിധി കാത്ത് നിൽക്കും. ഓരോരുത്തരുടെയും നന്മതിന്മകൾക്കനുസരിച്ച് സ്വർഗ്ഗമോ നരകമോ ഉദിക്കുന്നു. ഒരാൾ ചെയ്ത പാപങ്ങൾകൊണ്ട് ചെകുത്താൻ നരകത്തിലേക്കുള്ള പാത പണിയുന്നു (1980:439). കുട്ടിക്കാലത്തു കേട്ട നരകസ്ഥലത്തെക്കുറിച്ചുള്ള വർണ്ണനകൾ ഈയൊരു യാത്രയിൽ കോയയുടെ മനസ്സിൽ ഭീകരചിത്രങ്ങൾ സൃഷ്ടിക്കുന്നു.

തീ കത്തിപ്പടർന്നാളി. തങ്കുറങ്കുള്ള ജ്വാലകൾ കൂറ്റൻ നാവുകളെപ്പോലെ ആകാശത്തിലേക്കുയർന്നു. അനന്തകോടി മനുഷ്യർ ആ കത്തിക്കാളുന്ന തീയിൽ കിടന്ന് പൊരിയുന്നു. മരണമില്ല, മരിക്കുമ്പോഴേക്ക് വീണ്ടും ജീവൻ ഊതിക്കയറ്റുന്നു. എണ്ണമറ്റ മലക്കുകൾ മനുഷ്യരെ വേദനിപ്പിക്കുന്നു.

"വെള്ളം! വെള്ളം!" ദാഹാർത്തനായ ഒരു മനുഷ്യൻ കരയുന്നു.

"വാ തുറക്ക്", തുറന്നപ്പോൾ മലക്കുകൾ ഒഴിച്ചുകൊടുത്തു. വെള്ളമല്ല; ഉരുക്കിയ ഈയത്തിന്റെ തിളച്ചുമറിയുന്ന ദ്രാവകം !
ആർത്തനാദങ്ങൾ (1980 : 441).

പാമ്പുകളുടെയും ചേരകളുടെയും വാഴ്ചയാണിപ്പോൾ. തീയിലൂടെ ഇഴഞ്ഞുവരുന്ന പാമ്പുകൾ! നരകപാപികളുടെ ശരീരത്തിലേക്ക് അരിച്ചു കയറുന്നു. പാപികൾ പേടിച്ചരണ്ട് ഓടാൻ കഴിയാതെ ബോധംകെട്ടു വീഴുന്നു. പാമ്പുകൾ വളഞ്ഞും പുളഞ്ഞും ശരീരത്തിലുരസിയും വീണും വീണ്ടും പറ്റിപ്പിടിച്ചും കേറിവരുന്നു. ചേരകൾ ചെവിട്ടിലേക്ക് വാൽ തിരുകുന്നു. വാലുകൾ മറുചെവിയിലൂടെ പുറത്തുവരുന്നു. മലക്കുകൾ, വെള്ളച്ചിറകുള്ള ദൈവദൂതന്മാർ, കല്യാണത്തിനധ്വാനിക്കുന്ന കള്ളിക്കാരെപ്പോലെ ഉത്സാഹപൂർവ്വം അങ്ങുമിങ്ങും ഓടിനടക്കുന്നു. . . . കോയ പ്രാർത്ഥിച്ചു. റബ്ബ എന്നെ കാക്ക് (1980 : 440).

രാത്രിയുടെ സവിശേഷസന്ദർഭത്തിൽ രോഗഭീതിയും, അപകടഭീതിയും കൂടിയിരിക്കുന്ന കോയയുടെ മനസ്സിൽ രൂപപ്പെടുന്ന ഒരു ഭീതിജനകസ്ഥലഭാവന

യാണിത്. സാധാരണ യാത്രയിൽ നിന്നും വിഭിന്നമായ നിശായാത്രയുടെ ദുഃസ്വപ്ന സമാനമായ അനുഭവമാണിവിടെ ഉണ്ടാവുന്നത്. നിശായാത്ര കേന്ദ്രമാക്കിയിട്ടുള്ള രചനകളിൽ കഥാനായകൻ ബാഹ്യസ്ഥലത്തുകൂടി നടത്തുന്ന യാത്രയും, മനസ്സിന്റെ അധഃസ്ഥലങ്ങളിലേക്കുള്ള അയാളുടെ മടക്കയാത്രയും തമ്മിൽ പൊരുത്തമുള്ളതായി ചിലപ്പോൾ കാണാറുണ്ട്. (രാജകൃഷ്ണൻ, 2003: 8) കോയ തന്റെ അധോലോകജീവിതം മതിയാക്കി പഴയ ജീവിതക്രമത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പുള്ള യാത്രയാണ് ഒടുവിലത്തേത്. ഈ യാത്രയിൽ തന്നെ ബാധിച്ചിരിക്കുന്ന രോഗം തീർക്കുന്ന മരണഭീതി അയാളുടെ മനസ്സിൽ അസ്വസ്ഥത നിറയ്ക്കുന്നുണ്ട്. എല്ലാതരത്തിലും ഒരു അവസാനത്തെ കുറിക്കുന്ന യാത്രയായിട്ടാണ് അയാൾ ഈയൊരു നിശായാത്രയെ കണക്കാക്കുന്നത്. രാത്രിയുടെ ഭീതിദമായ അന്തരീക്ഷത്തിൽ പലപല ആപത്തുകളും പരീക്ഷണങ്ങളും നേരിട്ടുകൊണ്ട് സഞ്ചരിക്കുമ്പോൾ അയാൾ തന്റെ ആന്തരികസ്ഥലത്തിന്റെ വിഭിന്ന പാതകളിലൂടെയും സഞ്ചരിക്കുന്നു. അതിനിടയിൽ അയാൾ തന്റെ നാശത്തോടൊപ്പം സ്ഥലനാശത്തെയും ഭാവനയിൽ കാണുന്നു.

. . . . . സർവ്വശക്തനായ അല്ലാഹു ലോകം നശിപ്പിക്കാൻ സൂർ എന്ന കാഹളവുമായി പ്രപഞ്ചോല്പത്തി മുതൽ കാത്തിരിക്കുന്ന ഇബ്രായിൻ എന്ന മലക്കിന് കല്പന കൊടുത്താൽ മതി.

നാശത്തിന്റെ ദിനത്തിൽ മരങ്ങൾ കടപുഴകി വീഴും, പർവ്വതങ്ങൾ നിരപ്പാവും, സമുദ്രം കരയിലേക്ക് പതച്ചൊഴുകും, കെട്ടിടങ്ങൾ നിലംപറ്റും, മനുഷ്യവർഗ്ഗം മുഴുവൻ മരിച്ചുവീഴും, ഭൂമി സമനിരപ്പാകും. . . (1980 : 441).

തന്റെ അവസാനം പ്രപഞ്ചസ്ഥലത്തിന്റെ അവസാനമായി കാണുന്ന മനുഷ്യമനസ്സിന്റെ വിഭ്രമാത്മകത ഇവിടെ ദർശിക്കാം. പല വിഘ്നങ്ങളും കടന്ന് ഒടുവിൽ കോയ ഇരുമ്പുകാരൻ മമ്മദിന്റെ വീട്ടിലെത്തുന്നുണ്ട്. ഈ ഒരു യാത്രയോടെ കോയയുടെ അധോലോകത്തെ നിശായാത്രകൾ അവസാനിക്കുകയാണ്. എന്നാൽ ആ ലോകത്തുനിന്നും അയാൾ പുറത്തുവരുന്നത് തന്റേടവും ആത്മജ്ഞാനവും കൈവരിച്ച വിജയിയായിട്ടല്ല. മറിച്ച്, എല്ലാതരത്തിലും തകർന്ന മനുഷ്യനായാണ്. കോയയുടെ കാമനാവിനിമയത്തിന്റെ പാതയും അതോടെ അവസാനിക്കുകയാണ്.

കാമനയുമായി ബന്ധപ്പെട്ട തന്റെ സൈദ്ധാന്തികനിലപാടുകളിൽ അതിനെ ഒരിക്കലും സാക്ഷാത്കൃതമാകാത്ത സത്തയായാണ് ലകാൻ അവതരിപ്പിക്കുന്ന

ത്. നോവലിലെ കാമനാവിനിമയങ്ങളും അതുപോലെ ആഗ്രഹപൂർത്തികളില്ലാതെ ഒടുങ്ങുന്നത് ഇവിടെ നമുക്ക് കാണാനാവും. വിഭ്രമാത്മകതലങ്ങളിൽ ഒരിക്കലും സാക്ഷാത്കരിക്കാതെ ചുറ്റിസഞ്ചരിച്ചു കൊണ്ടിരിക്കുന്ന കാമനയുടെ സഞ്ചാരപഥങ്ങളെ സ്വർണ്ണമെന്ന താക്കോൽസൂചകത്തിലൂടെ ആഖ്യാനം ചെയ്ത നോവലായി അറബിപൊന്ന് മാറുന്നു.

സഹായക ഗ്രന്ഥങ്ങൾ

1. ബ്രിയൻ, ഹെർബർട്ട്, "പൊന്ന്-കലർപ്പില്ലാത്ത പൊന്ന്", എൻ.പി. മുഹമ്മദ്, എം.ടി. വാസുദേവൻ നായർ, *അറബിപൊന്ന്*, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1980.

2. എൻ.പി. മുഹമ്മദ്, എം.ടി. വാസുദേവൻ നായർ, *അറബിപൊന്ന്*. സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1980.

3. രാഘവവാരിയർ, എം. ആർ., *മിത്തും സമൂഹവും*, ജാലകം പബ്ലിക്കേഷൻസ്, പേരാമ്പ്ര, 1996.

4. രാജകൃഷ്ണൻ, വി., *നഗ്നയാമിനികൾ*, ഡി. സി ബുക്ക്സ്, കോട്ടയം, 2003.

5. വർഗീസ് ജോർജ്, കെ., '*സ്വർണവും ആഗോളവൽക്കരണവും*' പച്ചക്കുതിര, പുസ്തകം 2 ലക്കം 2, കോട്ടയം, 2003.

6. ശ്രീവത്സൻ, ടി., *നവമനോവിശ്ലേഷണം*, ഡി. സി ബുക്ക്സ്, കോട്ടയം, 2001.

7. Koestler. Arthur, *The Act of Creation*, Routledge, London, 1952.

ആത്രേയകത്തിലെ അപരലോകങ്ങൾ

പ്രസീദ യു. വി.
അസി. പ്രൊഫസർ, മലയാള വിഭാഗം,
ടി. എം. ജി. സി. തിരൂർ

പ്രബന്ധസംഗ്രഹം:

മഹാഭാരതമെന്ന ഇതിഹാസകാവ്യം മലയാളഭാവനയുടെ എല്ലാത്തരം ആവിഷ്കാരങ്ങളോടും സംവദിച്ചാണ് ജീവിച്ചുകൊണ്ടിരിക്കുന്നത്. മഹാഭാരതത്തെ മുൻ നിർത്തി ആധുനിക കാലത്തുണ്ടായ സർഗാത്മകസൃഷ്ടികളെല്ലാം തന്നെ തികച്ചും സ്വതന്ത്രമായി എഴുതപ്പെട്ടവയാണ്. പുരാണപുനരാഖ്യാനമെന്നതിനപ്പുറം വ്യക്തമായ രാഷ്ട്രീയം അവതരിപ്പിക്കുന്ന നോവലാണ് ആർ രാജശ്രീ എഴുതിയ ആത്രേയകം. മുഖ്യധാരാ സംസ്കാരവും ഭരണകൂടവും പുറന്തള്ളുന്ന ദേശ, മനുഷ്യാദികളെ മുൻനിർത്തി മഹാഭാരതകഥയെ അപനിർമിക്കാനാണ് നോവൽ ശ്രമിക്കുന്നത്. ആത്രേയകത്തിൽ ദൃശ്യമാകുന്ന എതിർലോകങ്ങളെ, അവയുടെ രാഷ്ട്രീയമാനങ്ങളെ പരിശോധിക്കാനാണിവിടെ ശ്രമിക്കുന്നത്.

താക്കോൽ വാക്കുകൾ:

ദേശരാഷ്ട്രം, ലിംഗരാഷ്ട്രീയം, അപനിർമ്മാണം

ആമുഖം

ആഖ്യാനങ്ങളിലൂടെയും വ്യാഖ്യാനങ്ങളിലുടെയും എല്ലാ കാലങ്ങളിലേയ്ക്കും പടർന്നു കയറി ജീവിക്കുന്ന ഇതിഹാസ ഗ്രന്ഥമാണ് മഹാഭാരതം. ജയം എന്ന പേരിൽ രചിക്കപ്പെട്ട ലളിതമായ കൃതി പതിനെട്ട് പർവങ്ങളും ആയിരത്തി ഇരുനൂറ് ഉപപർവങ്ങളും രണ്ട് ലക്ഷത്തിലേറെ വരികളും ഉള്ളടങ്ങിയ കൃതിയായി, മഹാഭാരതമായി മാറിയത് നിരവധിയായ കൂട്ടിച്ചേർക്കലുകളിലൂടെയാണ്1. മലയാള സാഹിത്യത്തിന്റെ ആരംഭകാലം മുതലേ മഹാഭാരതം പല മട്ടിൽ ആഖ്യാനം ചെയ്തുവരുന്നുണ്ട്. നാടൻപാട്ട് മുതൽ ആരംഭിക്കുന്നുണ്ട് മഹാഭാരതത്തിന്റെ മലയാളജീവിതം. പാട്ട്, നാടൻപാട്ട്, കിളിപ്പാട്ട്, മണിപ്രവാളം, വാചികാഖ്യാനം, ദൃശ്യകല എന്നിങ്ങനെ ആറുവഴികളിലൂടെയാണ് മറ്റ് ഇതിഹാസ പുരാണങ്ങളോടൊപ്പം മഹാഭാരതവും മുഖ്യമായി മലയാളത്തിൽ പ്രചരിച്ചത് എന്ന് എൻ. അജയകുമാർ നിരീക്ഷിക്കുന്നുണ്ട് (2023 :193). ഭാരതമാല, കണ്ണശ്ശഭാരതം, ഭാഷാ ഭഗവത് ഗീത തുടങ്ങിയ പാട്ട് കൃതികൾ, കുറത്തിത്തോറ്റം, കൈകൊട്ടിക്കളിപ്പാട്ടുകൾ പോലുള്ള നാടോടിയാഖ്യാനങ്ങൾ, മഹാഭാരതം, ഭീഷ്മോപദേശം കിളിപ്പാട്ടുകൾ, ഭാഷാ നൈഷധം ചമ്പു, ഭാരതചമ്പു തുടങ്ങിയ മണിപ്രവാളകൃതികൾ, കല്യാണസൗഗന്ധികം, ഉത്തരാസ്വയംവരം, കീചകവധം തുള്ളലുകൾ, നളചരിതം, കീചകവധം, ബകവധം ആട്ടക്കഥകൾ- ഇങ്ങനെ സാഹിത്യത്തിലെ എല്ലാ ആഖ്യാനവഴികളിലും മലയാളഭാവന മഹാഭാരതത്തെ ആവിഷ്കരിക്കുന്നുണ്ട്.

മഹാഭാരതത്തെ ഉപജീവിച്ചെഴുതപ്പെട്ട സാഹിത്യസൃഷ്ടികൾ കാലങ്ങൾക്ക് ശേഷം വളരെ സ്വതന്ത്രമായ ആഖ്യാനങ്ങളിലേക്ക് പ്രവേശിക്കുന്നതായി കാണാം. ഇരുപതാം നൂറ്റാണ്ടിൽ എഴുതപ്പെട്ട മഹാഭാരതത്തെ ആശ്രയിച്ച സാഹിത്യ സൃഷ്ടികളെല്ലാം തന്നെ തികച്ചും സ്വതന്ത്രമായ രീതിയിൽ എഴുതപ്പെട്ടവയാണ്. ഉള്ളൂരിന്റെ കർണ്ണഭൂഷണം, ബാലാമണിയമ്മയുടെ യയാതി, കക്കാടിന്റെ വജ്രകുണ്ഡലം, അയ്യപ്പപ്പണിക്കരുടെ കുരുക്ഷേത്രം തുടങ്ങിയ കവിതകൾ ഇതിനുദാഹരണമാണ്. ഷീജ വക്കത്തിന്റെ ശിഖണ്ഡിനിയിൽ എത്തിനിൽക്കുന്നതാണ് മഹാഭാരതത്തിന്റെ മലയാളകവിതാപരമ്പര. നാടകം, ഗദ്യവിവർത്തനം, ബാലസാഹിത്യം, ചിത്രകല, ജനപ്രിയസിനിമകൾ തുടങ്ങിയ ആവിഷ്കാരരൂപങ്ങളിലെല്ലാം മഹാഭാരതം കേരളക്കരയിൽ വ്യാപിച്ചുകിടക്കുന്നു.

ഇന്ത്യൻ ഭാഷകളിൽ മഹാഭാരതകഥകളെ മുൻനിർത്തി ധാരാളം

മികച്ച നോവലുകൾ പുറത്തിറങ്ങിയിട്ടുണ്ട്. മറാഠി നോവലുകളായ യയാതി (വി. എസ്. ഖണ്ഡേക്കർ-1959), കർണൻ (ശിവാജി ഗോവിന്ദ് സാമന്ത്- 1995), ഒറിയ നോവലായ ദ്രൗപതി (പ്രതിഭാറായ് -1984) തുടങ്ങിയ കൃതികൾ മൂലകൃതിയിൽ നിന്നു വേറിട്ട് സ്വതന്ത്രമായി ഭാരതഭൂമിയിൽ സഞ്ചരിച്ചവയാണ്. ധാരാളം നിധികളൊളിപ്പിച്ച സമുദ്രമാണ് മഹാഭാരതമെന്ന് ചൂണ്ടിക്കാണിച്ച നോവലുകളാണിവ. 'മാനുഷികമായ ദൗർബല്യങ്ങളോടെ കൂടിയ മനുഷ്യരുടെ കഥയാണ് മഹാഭാരതം. നേരെ മറിച്ച് രാമായണം ഒരു ആദർശ പുരുഷനെക്കുറിച്ചുള്ള സങ്കീർത്തന'മാണെന്ന ഇരാവതി കാർവേയുടെ നിരീക്ഷണം (2021 : 67) ശരിവെയ്ക്കുന്നവയാണ് ഈ നോവലുകൾ.

കുട്ടികൃഷ്ണമാരാരുടെ ഭാരതപര്യടനത്തിന് (1948)ശേഷമാണ് മഹാഭാരതത്തിന്റെ വിശാലസ്ഥലികയിലേക്ക് മലയാള നോവലിസ്റ്റുകളുടെ കണ്ണെത്തുന്നത്. മഹാഭാരതത്തിൽ തമസ്കരിക്കപ്പെട്ടവരുടെ ജീവിതത്തെ പൂരിപ്പിക്കാൻ ശ്രമിച്ച എഴുത്തുകാർ ഇതിഹാസസന്ദർഭങ്ങളിലേക്ക് ഭാവനാസഞ്ചാരം നടത്തിയതിന്റെ ഫലങ്ങളാണ് പി.കെ. ബാലകൃഷ്ണന്റെ ഇനി ഞാൻ ഉറങ്ങട്ടെ, എം.ടി. വാസുദേവൻ നായരുടെ രണ്ടാമൂഴം, കെ.പി. ജെയിംസിന്റെ വ്യാധഭാരതം, വി.ടി. നന്ദകുമാറിന്റെ എന്റെ കർണൻ, കവിതയുടെ അംബ, ദമയന്തി, മാധവി തുടങ്ങിയ നോവലുകൾ. ബഹുപാഠങ്ങളിലൂടെ പടർന്നു പന്തലിച്ച മഹാഭാരതത്തിന്റെ മലയാള വഴി എത്തിനിൽക്കുന്നത് ആർ. രാജശ്രീയുടെ ആത്രേയകത്തിലാണ്. ശിഖണ്ഡി 2 എന്ന പേരിൽ അറിയപ്പെടുന്ന മഹാഭാരതകഥാപാത്രത്തെ, നിരമിത്രനെ മുൻനിർത്തി എഴുതപ്പെട്ട നോവലാണിത്.

ആത്രേയകമെന്ന ഔഷധഭൂമിക

ആർ. രാജശ്രീയുടെ രണ്ടാമത്തെ നോവലായ ആത്രേയകം നിരമിത്രന്റെ കണ്ണുകളിലൂടെ മഹാഭാരതകഥയെ നോക്കിക്കാണാനാണ് ശ്രമിക്കുന്നത്. മഹാഭാരതത്തിൽ തെളിഞ്ഞു കാണാത്ത കഥാപാത്രങ്ങളെ, അവരിലെ ആന്തരിക യുദ്ധഭൂമിയെ മുൻനിർത്തിയുള്ള അന്വേഷണങ്ങളാണീ നോവൽ പങ്കുവെയ്ക്കുന്നത്.

പാഞ്ചാല ദേശത്തിന് തൊട്ടടുത്തുള്ള, ആളും അധികാരവും കടന്നു വരാത്ത ഗ്രന്ഥരഹസ്യങ്ങൾ ഉള്ളിലൊതുക്കിയ പൌരാണികദേശമായാണ് രാജശ്രീ ആത്രേയകത്തെ അവതരിപ്പിക്കുന്നത്. 'ആർദ്രതയുള്ള മനസ്സും സ്നേഹപൂർണ്ണമായ ജീവിത

വുമല്ല ഒരു രാജാവിന് വേണ്ടതെ'ന്ന് നിരന്തരം ഓർമിപ്പിക്കപ്പെടുന്ന പുരുഷ യോഗ്യ തകളില്ലാത്ത കഥാപാത്രമാണ് നിരമിത്രൻ. ലക്ഷണത്തികവുള്ള മകനോ രാജാവോ അല്ലാത്തതിനാൽ കൊട്ടാരത്തിനകത്തും പുറത്തും നിരന്തരം അപമാനിക്കപ്പെടുന്ന കഥാപാത്രം. 'പുരുഷനായി' ജീവിക്കേണ്ടി വന്ന നിരമിത്രന് ദശാർണ്ണത്തിലെ രാജകു മാരിയെ വിവാഹം കഴിക്കേണ്ടി വരുന്നു. വിവാഹദിവസം തന്നെ രാജകുമാരി നിരമി ത്രനെ 'തിരിച്ചറിയുന്നു'. ആ അപമാനത്തിൽ നിന്നും രക്ഷപ്പെടാൻ രാജ്യം പുറന്തള്ളു ന്ന നിരമിത്രന് ആശ്രയമാകുന്നത് ആത്രേയകമാണ്. ചൂഡകനും ഇളയും നേതൃത്വം നല്കുന്ന ആത്രേയകത്തിന്റെ വൈദ്യശ്രുശ്രൂഷകൊണ്ട് നിരമിത്രൻ പുതിയൊരു ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നു. ദശാർണ്ണ രാജാവ് പുരുഷത്വം പരിശോധിക്കുവാൻ വേണ്ടി നിരമിത്രനെ തേടിയെത്തുമ്പോൾ അവർക്ക് മുന്നിൽ നിളയുടെ, ആത്രേയക ത്തിന്റെ തനതായ വൈദ്യസഹായത്തോടെ പുരുഷനായി താത്ക്കാലികമായി മാറി നിരമിത്രന് നിന്നു കൊടുക്കേണ്ടി വരുന്നത് രാജ്യതന്ത്രത്തിന്റെ ഭാഗമായിട്ടാണ്.

ദശാർണ്ണ രാജാവിന്റെ പരീക്ഷയിൽ ജയിച്ചെങ്കിലും കൂറ്റബോധം മറികട ക്കാൻ നിരമിത്രന് കഴിയുന്നില്ല. ആത്രേയകത്തിൽ തിരിച്ചെത്തി ആ ദേശത്തെ, അതിന്റെ പച്ചപ്പിനെ സംരക്ഷിക്കാൻ നിരമിത്രൻ ശക്തനായ ഒരു പോരാളിയാ യി തീരുന്നു. എന്നാൽ നിരമിത്രനെ വിടാതെ പിന്തുടരുകയാണ് പാഞ്ചാലവും അധികാര തന്ത്രങ്ങളും. അധികാര ലോകം തങ്ങളുടെ വഴിയിലുള്ളവരെയെല്ലാം ചതിച്ചും കൊന്നും വെട്ടി മാറ്റുമ്പോൾ നിസ്സഹായനായി നിരമിത്രനത് നോക്കി നിൽ ക്കേണ്ടിവരുന്നുണ്ട്.

ദേശരാഷ്ട്രത്തോടുള്ള കലഹങ്ങൾ

ദേശീയതയുടേയും ദേശ-രാഷ്ട്രത്തിന്റെയും സാഹിത്യരൂപമാണ് നോവൽ. ദേശീയതയെ പരിപോഷിപ്പിക്കുമ്പോൾത്തന്നെ അതിന്റെ വിമർശനം കൂടിയായി നോവൽ മാറുന്നതായി കാണാം. 'കവിത, നാടകം മുതലായ സാഹിത്യരൂപങ്ങ ളിൽ നിന്നു വ്യത്യസ്തമായി ദേശീയതയുടെ ഉള്ളടക്കവുമായി ഗാഢബന്ധം പുലർ ത്തുന്ന സാഹിത്യരൂപമാണ് നോവൽ. ആധുനിക-ദേശ-രാഷ്ട്രത്തിന്റെ ഉത്ഭവവും വികാസവും യൂറോപ്പിൽ സംഭവിച്ച കാലത്തുതന്നെയാണ് നോവലെന്ന സാഹിത്യ രൂപവും ആവിർഭവിച്ചത് എന്നത് തികച്ചും യാദൃച്ഛികമല്ല. പലതരം ശൈലികളെയും ഭാഷാവ്യത്യാസങ്ങളെയും ആഖ്യാനഘടനയുടെ വരുതിയിൽ കൊണ്ടുവരികവഴി

നോവൽ ദേശ- രാഷ്ട്രത്തിന്റെ അന്യാപദേശമായിത്തീരുന്നു. ഭൂപ്രകൃതിയും ആചാര വിശേഷങ്ങളും ദേശ്യഭാഷകളും സാമൂഹ്യസ്മരണകളും മറ്റും നോവലിന്റെ ആഖ്യാന ത്തിൽ സ്വാഭാവികമായിത്തന്നെ ഉൾച്ചേരുന്നുണ്ട്' എന്ന് ഇ. വി. രാമകൃഷ്ണൻ നിരീ ക്ഷിക്കുന്നുണ്ട് (2001 : 88).

ആത്രേയകം ഒരു പൌരാണികദേശമാണ്, ഔഷധച്ചുവയുള്ള ദേശം. നിര മിത്രന്റെ ജീവിതം ആത്രേയകത്തെ കെട്ടിഘിണരുമ്പോഴാണ് അഥവാ അധികാര ത്തിന്റെ കണ്ണുകൾ ആ ദേശത്തേയ്ക്ക് നീളുന്നതോടെയാണ് അത് തകർന്നടിയുന്ന ത്. ആർക്കും പ്രവേശനമുള്ള ഏതു മുറിവിനെയുമുണക്കുന്ന മരുന്നിന്റെ മണമുള്ള, കാടിന്റെ കാരുണ്യമുള്ള ദേശമായിരുന്നു അതുവരെ ആത്രേയകം. സ്റ്റേറ്റിന്റെ ഏക പക്ഷീയമായ അധികാരത്തോടുള്ള ചെറുദേശങ്ങളുടെ എതിർപ്പുകൾ പൌരാണിക കാലം മുതലേ ആരംഭിക്കുന്നതിനുള്ള ഉദാഹരണമാണീ സ്ഥലം. ദേശരാഷ്ട്രങ്ങൾക്ക് മുഴുവനായി ഉൾക്കൊള്ളാനാവാത്ത സ്വത്വങ്ങൾ എത്തിച്ചേരുന്ന ഇടമാണ് ആത്രേയ കം. സ്വന്തമായ ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും അറിവുകളുമുള്ള ദേശം. പാ ഞ്ചാലത്തിനോ ഹസ്തിനപുരിയ്ക്കോ മെരുക്കിയെടുക്കാൻ കഴിയാത്ത 'അപരിഷ്കൃതഭൂമി'.

മരിച്ചവരെയും പാതി പ്രാണനായവരെയും ഉപേക്ഷിച്ചിരുന്ന പ്രദേശമാണ് ആത്രേയകം. തനതായ ചികിത്സാവിധികളെ മുറുകെ പിടിച്ചിരുന്ന ആത്രേയക ത്തിന്റെ പാരമ്പര്യം കർമ്മം കൊണ്ടുണ്ടായതാണ്. വലിയ രാജ്യങ്ങൾ അവർക്ക് വേണ്ടാത്തതിനെയെല്ലാം ഉപേക്ഷിച്ചത് ഈ ദേശത്താണ്. മരിച്ചവരെ പ്രത്യേകം മരങ്ങളുടെ ചുവട്ടിൽ കുഴിയെടുത്ത് മറവു ചെയ്യും. ദേശീയതയുടെ വ്യവഹാരങ്ങൾ തമസ്കരിക്കുന്ന അഭയാർത്ഥികൾ, പരദേശികൾ, രോഗികൾ, ഇതരലൈംഗികതയു ള്ളവരുടെയെല്ലാം അഭയസ്ഥാനമായാണ് നോവൽ ആത്രേയകത്തെ വിഭാവനം ചെയ്യുന്നത്. പാഞ്ചാലത്തിന്റെ സത്രവും വൈദ്യഗ്രാമവും ആയുധപരിശീലനകളരിയു മാണ് ആത്രേയകം. എന്നാൽ ആ ചെറുദേശത്തെ മുഖ്യധാരാസംസ്കാരം എപ്പോഴും ഇകഴ്ത്തിപ്പോന്നു. 'ഒരങ്ങാടിയിലും ചെലവാകാത്ത ചരക്ക്' എന്ന നിലയിലാണ് ആ ദേശത്തിന് നല്കിപ്പോന്നത്. ഹസ്തിനപുരം പോലുള്ള പ്രബലരാജ്യങ്ങൾ അവിടുത്തെ ജനങ്ങളെ കാട്ടുവാസികളായാണ് കണക്കാക്കിയിരുന്നത്. 'ഞങ്ങൾക്കറിയില്ല നാ ഗരികരെ എങ്ങനെ സ്നേഹിക്കണമെന്ന് ! അവർക്കതാവശ്യമുണ്ടോ എന്നു പോലും ഞങ്ങൾക്കറിയില്ല' എന്ന് ചൂഢകൻ നിരമിത്രനോട് പറയുന്നുണ്ട്. പരിഷ്കൃത/അപരി ഷ്കൃതദ്വന്ദ്വം കൃതിയിൽ പലയിടങ്ങളിൽ കടന്നുവരുന്നുണ്ട്.

കൊട്ടാരത്തിലെത്തുന്ന ഇളയെ വനവാസിയായാണ് കുന്തി നോക്കിക്കാണുന്നത്. പ്രയോഗിക്കാത്ത അറിവ് ചികിത്സയിൽ അനുവദിക്കപ്പെട്ടതല്ല എന്നു പറയുന്ന ഇളയോട് അത്തരം വിലക്കുകൾ ആര്യമായ ജ്ഞാനത്തെ സംബന്ധിച്ചുള്ളതാണ്. വനവാസിയുടെ ക്ഷുദ്രവിദ്യകൾക്ക് വിധിയും പ്രകാരവും നോക്കേണ്ടതില്ല. തത്കാലം കൃഷ്ണയെ ശ്രദ്ധിക്കുക (2024 : 268) എന്നാണ് കുന്തി പറയുന്നത്. ഇത്തരത്തിൽ മുഖ്യധാരാസംസ്കാരം എങ്ങനെയൊക്കയാണ് അപരജീവിതങ്ങളെ കണ്ടിരുന്നതെന്ന് നോവൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആത്രേയകത്തിന്റെ പൈതൃകങ്ങളുടെയും പാരമ്പര്യങ്ങളുടെയും തുടർച്ചകൾ ഇല്ലാതാക്കി ആ ദേശത്തെത്തന്നെ ആര്യസംസ്കാരം തകർത്തെറിയുന്ന കാഴ്ച നോവലിന്റെ അവസാനഭാഗങ്ങളിൽ കാണാം.

ആത്രേയകം പോലെ അപമാനിക്കപ്പെടുന്ന മറ്റൊരു ദേശമാണ് മദ്രവും. മുഖ്യധാരാസംസ്കാരത്തിൽ നിന്നും അകന്നു നില്ക്കുന്ന, തനതായ ആചാരങ്ങളും മന്ത്രവിദ്യകളുമുള്ള ദേശം. പ്രലോഭനങ്ങൾക്കു പെട്ടെന്നു വഴങ്ങുന്ന സ്ത്രീകളും കൃപ്രസിദ്ധ ചികിത്സാരീതികളുമുള്ള രാജ്യമെന്നുമൊക്കെ മദ്രത്തെ വിശേഷിപ്പിക്കുന്നതു കാണാം. രാജ്യവിസ്തൃതിയ്ക്കായുള്ള പ്രബലരാജ്യങ്ങളുടെ ആവേശങ്ങൾക്കിടയിൽ പരിക്കുകൾ പറ്റുന്നത് ദുർബലരാജ്യങ്ങൾക്കു മാത്രമാണ്. കാടുകളെ നഗരങ്ങളാക്കിയെടുക്കുന്ന പ്രവർത്തനങ്ങൾക്കിടയിൽ അവിടെയുള്ളവർ വേട്ടയാടപ്പെട്ടു. പാണ്ഡവർമൂലം ഇടം നഷ്ടമായ നാഗന്മാരുടെ പോരാട്ടങ്ങൾ നോവലിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. അരികുവത്കരിക്കപ്പെട്ടവരെല്ലാം ഐക്യപ്പെടുന്ന ധാരാളം സന്ദർഭങ്ങൾ നോവലിലുണ്ട്. ശരീരമാസകലം പൊള്ളലേറ്റ അശ്വസേനനെ സംരക്ഷിക്കുന്നത് ഉലൂപിയുടെ മകനായ ഇരവാനാണ്. നാഗന്മാരെ സംഘടിപ്പിച്ച് പരിശീലിപ്പിക്കുന്നത് ഘടോത്കചനും ഇരവാനും കൂടിയാണ്. 'നാഗന്മാർ കൂടുതലുണ്ടായിരുന്ന ഇടങ്ങളെയെല്ലാം വനം എന്നാണ് രാജാക്കന്മാർ വിളിച്ചിരുന്നത്. എല്ലാ നായാട്ടുയാത്രകളും വനത്തിലേക്കാണ്. അത് അവർക്ക് വേട്ടയാടിയും എരിച്ചും നശിപ്പിക്കാനുള്ള ഇടമാണ്. അതിൽ സ്ത്രീയും പുരുഷനും കുട്ടികളുമെന്ന പരിഗണനയില്ല. എല്ലാവരും നായാട്ടിനുള്ള ഇരകൾ മാത്രമാണ്' (2024: 301). അത്തരത്തിൽ പാണ്ഡവർ നടത്തിയ നായാട്ടിലാണ് ഘടോത്കചനും ഇരാവാനുമൊക്കെ പിറന്നത്.

അപരങ്ങളെ സൃഷ്ടിച്ചുകൊണ്ടാണ് ദേശരാഷ്ട്രത്തിന് നിലനില്ക്കാൻ കഴിയുന്നത്. സ്ത്രീകളും അഭയാർത്ഥികളും വ്യത്യസ്തങ്ങളായ ലൈംഗികതയുള്ളവരുമെല്ലാം അപരസ്ഥാനത്താണ് നില്ക്കുന്നത്. രാഷ്ട്രത്തിന്റെ മുഖ്യവ്യവഹാരങ്ങൾക്ക് അന്യരാ

ണ് ഇവരെല്ലാം. എല്ലാത്തരം അധിനിവേശങ്ങൾക്കുമെതിരെ ചെറുത്തുനില്പുകളുടെ അടയാളങ്ങൾ ആത്രേയകത്തിലുണ്ട്. ദേശരാഷ്ട്രയുക്തിയിൽ നിന്ന് നിഷ്കാസിത രായ ന്യൂനപക്ഷങ്ങളുടെ ശബ്ദങ്ങളുടെ മുഴക്കം നോവലിന്റെ ആഖ്യാനഘടനയിൽ നിന്നും വായിച്ചെടുക്കാൻ കഴിയും.

ആത്രേയകത്തിലെ സ്ത്രീലോകം

ആണിന്റെ അധികാര തന്ത്രങ്ങളെ കൃത്യമായി വിശകലനം ചെയ്യുന്ന നോവലാണ് ആത്രേയകം. ഇള, കൃഷ്ണ, ഹരിണി, മഹാറാണി, ഉലൂഹി, ഹിഡിംബി, ചിത്രാംഗദ, വിശാഖ തുടങ്ങിവരെല്ലാം അധികാര ഭ്രാന്തിനാൽ മുറിവേറ്റവരാണ്. ആണധികാരത്തിന്റെ വെച്ചുകെട്ടലുകളില്ലാത്ത നിരമിത്രന് മാത്രമാണ് അവരെ മനസ്സിലാക്കാൻ കഴിയുന്നത്. സ്നേഹം കൊണ്ടും പ്രണയം കൊണ്ടും ജീവിതം നഷ്ട പ്പെട്ട, വ്യക്തിത്വം നഷ്ടപ്പെട്ട സ്ത്രീകളുടെ കഥയാണ് ആത്രേയകം പറയുന്നത്.

യാഗത്തിന്റെ മറവിലൂടെ പാഞ്ചാല രാജകുമാരിയുടെ സ്ഥാനത്തെത്തിയ കൃഷ്ണയാണിവരിൽ പ്രധാനി. ദ്രൌപതി, പാഞ്ചാലി എന്നീ വിശേഷണങ്ങളിലൊ തുക്കാതെ കൃഷ്ണ എന്ന സ്വന്തം പേര് തന്നെയാണ് നോവലിൽ നല്കിയിരിക്കുന്നത്. സഹോദരന്റെ അധികാരമോഹത്താൽ അഞ്ചുപേരുടെയും ഭാര്യയായി തീരാനു ള്ള ദൗർഭാഗ്യമാണ് കൃഷ്ണയ്ക്ക് വിധിക്കപ്പെട്ടത്. 'വലിയ രാജവംശങ്ങൾക്കൊക്കെ വിവാഹം രാജ്യ തന്ത്രമാണ്. ഉപായവും മറയും ആണ് അവരെ സംബന്ധിച്ചിടത്തോ ളം കേവല മനുഷ്യർ തമ്മിലുണ്ടാകുന്ന സ്നേഹം കൊണ്ടുള്ള കെട്ടല്ല അത്' (രാജശ്രീ, 2024: 227). ഈയൊരു രാജ്യതന്ത്രത്തിന്റെ ഇര മാത്രമായി കൃഷ്ണ മാറുന്നുണ്ട്. വിഭിന്ന സ്വഭാവക്കാരായ അഞ്ചുപേരെയും ഒറ്റ ചരടിൽ കൊണ്ടുനടക്കുക എന്നതാ ണ് കൃഷ്ണയുടെ നിയോഗം. അതിനായവളുടെ ശരീരത്തെ ഒരുക്കി നിർത്തേണ്ടതിന്റെ ആവശ്യകത പറഞ്ഞുകൊടുക്കുന്നത് കുന്തിദേവിയാണ്. സ്ത്രീശരീരത്തെ മെരുക്കി കൊണ്ടാണ് കാലാകാലങ്ങളായി മതവും സംസ്കാരവും രാഷ്ട്രവുമെല്ലാം സുഭദ്രമായി നിലകൊണ്ടത്. സ്ത്രീശരീരത്തെ അടക്കിഭരിക്കാവുന്ന ദുർബലരാജ്യം പോലെയാണ് പുരുഷാധികാരലോകം കണക്കാക്കിയിരുന്നത്. ദേശത്തിന്റെ/ദേശീയതയുടെ സംരക്ഷകരെല്ലാം അധികാരത്തിനുവേണ്ടിയുള്ള യുദ്ധം സ്ത്രൈണശരീരത്തിൽ നിന്നാണ് ആരംഭിക്കുന്നത്. മഹാന്മാരായ പുരുഷന്മാരുടെ ബീജങ്ങളെ ഏറ്റുവാങ്ങാ നുള്ള ക്ഷേത്രം എന്ന നിലയിൽ നിരന്തരം പുതുക്കപ്പെടുന്ന സ്ത്രീ ശരീരമായി കൃഷ്ണയെ

മാറ്റിയെടുക്കുന്നത് നോവലിൽ കാണാം. അതിനായാണ് ഇളയെന്ന ആത്രേയകത്തിന്റെ ജീവനാഡിയെ ആ ദേശത്തിൽ നിന്നടർത്തി കൊട്ടാരത്തിലെത്തിച്ചത്. 'കൃഷ്ണയുടെ കാര്യം അങ്ങനെയല്ല. ഓരോ വേഴ്ചയിലും അവൾ പുതിയതായിരിക്കണം, അവൾക്കൊപ്പം കഴിയുന്ന പുരുഷന് അങ്ങനെ അനുഭവപ്പെടുകയെങ്കിലും ചെയ്യണം. ഒരൊറ്റ നൂലിലെ മുത്തുകളായി അഞ്ചുപേരും അവൾക്കൊപ്പമുണ്ടാകാൻ അവൾ ചിലതു പരിശീലിച്ചേ പറ്റൂ. അവയിൽ പലതും ആജീവനാന്തം പാലിക്കുകയും വേണം. അതുകൊണ്ട് ചികിത്സക ഇനിയങ്ങോട്ട് ഒപ്പമുണ്ടാകും' (2024 : 265)

അർജ്ജുനൻ കൃഷ്ണയുടെ പ്രണയം തിരിച്ചറിയുന്നില്ല. താനല്ല ആ പന്തയമാണ് അർജ്ജുനനെ ആകർഷിച്ചതെന്ന് വിവാഹദിവസം തന്നെ കൃഷ്ണയ്ക്ക് മനസ്സിലായിരുന്നു. 'കൃഷ്ണയോട് ഏറ്റവും കൂറച്ചു മാത്രം സംസാരിക്കുന്നത് അർജ്ജുനനാണ്. അയാൾക്ക് കൃഷ്ണ മറ്റൊരു അസ്ത്രമാണ്. ചെവിയോളം വലിച്ചുപിടിച്ച് തൃസിപ്പിച്ച ശേഷം പൊടുന്നനെ വിട്ടയയ്ക്കുന്ന ഒന്ന്. അവൾക്കാകട്ടെ അർജ്ജുനൻ നിരാശ നിറഞ്ഞ ആനന്ദമായിരുന്നു. നിറഞ്ഞിരിക്കുന്ന ചഷകമാണെങ്കിലും തുള്ളികൾക്കു പോലും കണക്കുണ്ട്. അധികമായി ഒരു കണംപോലും കൈപ്പറ്റരുത് (2024 : 324).

കൃഷ്ണയ്ക്ക് മാത്രം അപ്രാപ്യമായ അർജ്ജുനനോടുള്ള പ്രണയം മുലക്കച്ചയിൽ കുടുങ്ങിയ പാമ്പിനെ പോലെ അവളിൽ വിഷം കയറ്റി കൊണ്ടിരുന്നു എന്നു ഇള മനസ്സിലാക്കിയിരുന്നു. 'ആത്രേയകത്തിന്റെ എല്ലാ അറിവുകളും നിഷ്ഫലമാകുന്നത് അവിടെയാണ്. സ്വന്തം ജീവിതംകൊണ്ട് അടിമുടി മുറിവേറ്റ ഒരു മനുഷ്യജീവിയുടെ വ്രണങ്ങൾ ഉണങ്ങുന്നതിന് അവൾക്ക് കൂട്ടിയിരിക്കുകയാണ് ഇള ചെയ്തത് ' (2024 : 329). വേട്ടയാൾക്ക് ആയുധങ്ങളോടുള്ള ഭ്രമം പോലും തന്നോടില്ല എന്ന് തിരിച്ചറിയുന്ന കൃഷ്ണയുടെ മാനസിക സംഘർഷങ്ങളെ നോവൽ സൂക്ഷ്മമായി അടയാളപ്പെടുത്തുന്നുണ്ട്.

ആത്രേയകത്തിന്റെ കാതലറിഞ്ഞവളായിരുന്നു ഇള. ഏതൊരു മുറിവിനെയും സുഖപ്പെടുത്താനുള്ള അറിവുള്ളവൾ. 'അവളുടെ വിദ്യകൾ കൊണ്ട് കൃഷ്ണ ജ്വലിച്ചു' എന്നാണ് നോവൽ അവതരിപ്പിക്കുന്നത്. എന്നാൽ ഇള കണ്ടതധികവും കൃഷ്ണയുടെ വ്യഥകളാണ്, അവളുടെ ഉള്ളിലുള്ള സംഘർഷങ്ങളാണ്, ആന്തരികയുദ്ധങ്ങളാണ്. ആ മുറിവുകളൊപ്പാൻ, ഇരയായി മാറിയ ഒരു സ്ത്രീയ്ക്ക് താങ്ങാകാൻ അതേയവസ്ഥയുള്ളവൾക്ക് മാത്രമാണ് കഴിയുകയെന്ന തിരിച്ചറിവുകൊണ്ടാണ് ഇള പിന്നീടൊരിക്കലും ആത്രേയകത്തിലേയ്ക്ക് മടങ്ങാതിരുന്നത്. ശരീരത്തിന്റെയും മനസ്സിന്റെയും നേരിയ അസ്വസ്ഥതകളും ആനന്ദങ്ങളും വരെ കൃഷ്ണ ഇളയോടായിരുന്നു പറഞ്ഞി

രുന്നത്. ഇള പോയപ്പോൾ ഉള്ളുണങ്ങിയ മരമായി ആത്രേയകം മാറിയെങ്കിലും അറിവിനെ വിലമതിക്കുന്ന ഏതു ദേശവും തനിക്ക് സ്വീകാര്യമാണെന്ന നിലയിലേക്ക് ഇള മാറിയിരുന്നു. അറിവ് ഇളയുടെ ഉണ്മയുടെ ഭാഗമായിരുന്നു.

ദ്രുപദന്റെ രാജ്ഞിയായ നിരമിത്രന്റെ അമ്മയായ മഹാറാണി ലക്ഷണയുക്തനല്ലാത്തവന്/ൾക്ക് ജന്മം നല്കേണ്ടതിന്റെ അപമാനം അനുഭവിക്കുന്നവളാണ്. ആണെന്തെന്ന് മനസ്സിലാക്കിക്കൊടുക്കാൻ മകന്റെ മുന്നിൽ വെച്ച് ഭാര്യയെ സംഭോഗം ചെയ്ത ദ്രുപദന്റെ പ്രവൃത്തിയ്ക്ക മുന്നിലാണവർ വീണു പോയത്. മകൻ ഇറങ്ങിപ്പോയ രാജ്യത്തെ സർവ്വസുഖങ്ങളും ഉപേക്ഷിച്ച്, പ്രാർത്ഥിച്ച്, മരണം വരിച്ച മഹാറാണിക്ക് തനിക്ക് പകരം വന്നിട്ടുള്ള ഹരിണിയോട് ക്ഷമിക്കാൻ കഴിയുന്നത് രാജ കൊട്ടാരത്തിലെ സ്ത്രീയവസ്ഥകളെ, അതിന്റെ നിസ്സഹായതകളെ തിരിച്ചറിയാൻ കഴിയുന്നതുകൊണ്ടാണ്. കൊട്ടാരത്തിലെത്തി ചേർന്നതിനുശേഷമാണ് ഹരിണിയും അധികാരമോഹത്തിന്റെ തേരോട്ടത്തിൽ രാജവംശത്തിലെ സ്ത്രീകൾ എത്ര അരക്ഷിതരാണെന്ന് തിരിച്ചറിയുന്നത്. മകളെയെങ്കിലും സുരക്ഷിതയാക്കണമെന്നുള്ള അവരുടെ ആഗ്രഹവും സാധിച്ചില്ല.

വിശാഖ എന്ന നിരമിത്രന്റെ തോഴിയാണ് മറ്റൊരു സ്ത്രീ കഥാപാത്രം. ഏറ്റവും നിർണായകമായ നിമിഷങ്ങളിൽ നിരമിത്രന് കൂട്ടായത്, ആശ്വാസമായത് വിശാഖയാണ്. അവളെ നിരമിത്രനിൽ നിന്നടർത്തിയത് രാജനീതിയാണ്. എന്നാൽ വിശാഖ വീണ്ടും ദശാർണ്ണ രാജകുമാരിയുടെ കൂടെ നിരമിത്രന്റെ മുന്നിലെത്തുന്നുണ്ട്. ദശാർണ്ണ രാജകുമാരിയുടെ ദുരിതക്കടലുകൾക്ക് ഒരു പരിധി വരെ ശമനം നൽകിയത് വിശാഖയുടെ കാരുണ്യമാണ്.

രാജസിംഹാസനത്തിന് ഇളക്കം തട്ടാതിരിക്കാനും രാജ്യവിസ്തൃതിക്ക് വേണ്ടിയും യുദ്ധം നടത്തുകയും അവിടുത്തെ രാജകുമാരിമാരെ വിവാഹം കഴിക്കുകയും ചെയ്യുന്ന അർജ്ജുനന്റെ തന്ത്രത്തിൽ പെട്ട് പ്രണയം നഷ്ടപ്പെടുന്നവരാണ് ഉലൂപിയും ചിത്രാംഗദയുമെല്ലാം. ലക്ഷ്യമാണ് വലുതെന്നു കരുതി അതിനേതു മാർഗ്ഗവും സ്വീകരിച്ച് മുന്നേറിയ അർജ്ജുനന്റെ ചതിക്കുഴിയിൽ പെട്ട് തകർന്നു പോകുന്നവരാണ് ഈ രണ്ടു സ്ത്രീകളും. മകന്റെ വിവാഹ വേളയിൽ കടന്നുചെന്ന് യുദ്ധവിജയത്തിനു വേണ്ടി യാഗം നടത്തുമ്പോൾ ഫലത്തിനായി നാഗസാന്നിധ്യം ആവശ്യമാണെന്നും രക്തബന്ധുവായി യാഗത്തിൽ ഇരവാൻ തന്റെ കൂടെ ഉണ്ടാവണമെന്നും അർജ്ജുനൻ ഉലൂപിയോട് ആവശ്യപ്പെടുന്നുണ്ട്. പ്രണയതാതുരയായ ഉലൂപി അർജ്ജുനന്റെ

ചതി മനസ്സിലാക്കുന്നില്ല. അമ്മയ്ക്ക് വേണ്ടി മകൻ ആ കർമ്മം ഏറ്റെടുക്കുന്നു. എന്നാൽ ബലി നൽകാനായി അർജ്ജുനൻ കണ്ടെത്തിയത് സ്വന്തം മകനായ ഇരവാനെയാണ്. അർജ്ജുനനെ പോലെ ഉത്കർഷേച്ഛവും സ്വാർത്ഥനുമായ ഒരാൾ വേറെയില്ല എന്നീ പ്രവൃത്തി തെളിയിക്കുന്നു.

അതേ ചതിയുടെ തന്ത്രം തന്നെയാണ് ഘടോത്കചനെ വധിക്കാനായി പാണ്ഡവർ പ്രയോഗിക്കുന്നത്. ഹിഡിംബിയെ സ്വാധീനിച്ചാണ് ഘടോത്കചനെ പാണ്ഡവർ കൂടെ നിർത്തിയത്. മിത്രങ്ങളായി നടിച്ച് കൂടെ നിർത്തി പിന്നീട് അരിഞ്ഞുവീഴ്ത്തുന്ന യുദ്ധ തന്ത്രമാണ് നാഗന്മാർക്ക് നേരെ പാണ്ഡവർ പ്രയോഗിച്ചത്. പ്രണയമാണ് ഹിഡിംബിയെയും ഉലൂപിയെയുമെല്ലാം തകർത്തെറിയുന്നത്. പാണ്ഡവരുടെ വിജയത്തിനുള്ള ബലി മൃഗങ്ങളായി മക്കൾ മാറുന്നത് അവരുടെ പ്രണയം മൂലമാണ്. അതീവ നിശബ്ദതയോടെ പാണ്ഡവരുടെ ചതിക്കുഴിയിൽ വീണ മറ്റ സ്ത്രീകളെയും നോവലിൽ കാണാം. നോവലിലുടനീളം പ്രണയവും കാമനയുമുള്ള വ്യക്തിത്വമുള്ള സ്ത്രീ ജീവിതങ്ങളെ കാണാൻ കഴിയും. എന്നാൽ ഇവരെ നിഷ്കരുണം തള്ളിമാറ്റി അധികാരഭ്രമത്താൽ മുന്നോട്ടു കുതിക്കുകയാണ് ആൺലോകം.

ഇതിഹാസത്തിന്റെ പാഠങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ സ്ത്രീ കൂട്ടായ്മയുടെ, സൗഹൃദത്തിന്റെ, കരുത്തിന്റെ ആഖ്യാനമായി ഈ നോവൽ മാറുന്നുണ്ട്. ഇളയും കൃഷ്ണയും, ദശാർണ രാജകുമാരിയും വിശാഖയും, ഉലൂപിയും ചിത്രാംഗദയും തമ്മിലുള്ള സൌഹൃദത്തെ അതിമനോഹരമായി വരച്ചിടാൻ കല്യാണിയുടെയും ദാക്ഷായണിയുടെയും എഴുത്തുകാരി അതീവശ്രദ്ധ പുലർത്തിയിട്ടുണ്ട്. അധികാരമുക്തമായിട്ടുള്ള സ്ത്രീസൗഹൃദങ്ങളുടെ ലോകമാണിത്. സ്ത്രീസൌഹൃദങ്ങളുടെ ആഖ്യാനത്തിലൂടെ ആൺലോകത്തിന്റെ അധികാരാഹ്ലാദങ്ങളെ പൊളിച്ചെഴുതാൻ ആദ്യകാലം മുതലേ സ്ത്രീയെഴുത്തുകാർ ശ്രമിച്ചിട്ടുണ്ടായിരുന്നു. സരസ്വതിയമ്മയും ലളിതാംബിക അന്തർജനവുമെല്ലാം തുടങ്ങിവെച്ച സ്ത്രൈണസൗഹൃദസംവാദലോകത്തെ വ്യക്തമായ രാഷ്ട്രീയത്തോടെ പുതുതലമുറ ഏറ്റെടുത്തതിനുദാഹരണമാണീ നോവൽ[3]. യാതൊരു അതിരുകളുമില്ലാതെ വേദനകളിൽ ഒന്നിച്ചിരിക്കാനും ചേർത്തു പിടിക്കാനും കഴിയുന്ന സ്ത്രീ ജീവിതങ്ങളെ, സഖിത്വത്തെയാണ് ആത്രേയകം അവതരിപ്പിക്കുന്നത്.

സ്ത്രീയുടെയും പ്രകൃതിയുടെയും മേലുള്ള പുരുഷാധിപത്യത്തെയും അവർക്ക് നേരെയുള്ള കടന്നാക്രമണങ്ങളെയും തുറന്നു കാണിക്കാൻ നോവൽ ശ്രമിക്കുന്നു

ണ്ട്. പെണ്ണും പ്രകൃതിയും ഒന്നായി മാറുന്ന ഇത്തരം ജൈവപാഠങ്ങൾ നോവലിൽ കാണാം. പഞ്ചപാണ്ഡവരെ ചേർത്തു നിർത്തുന്ന ഘടകമായി ജീവിതം ഹോമിക്കേണ്ടി വന്ന കൃഷ്ണയെ ആത്രേയകമെന്ന ദേശത്തിന്റെ ജീവനാഡിയായ ഇളയ്ക്ക് മാത്രമാണ് മനസ്സിലാകുന്നത്. ആത്രേയകത്തെ പോലെ ഉടമസ്ഥരുടെ കാര്യത്തിൽ സമ്പന്നമാണെങ്കിലും എല്ലാവരും തിരസ്കരിക്കപ്പെട്ട ഭൂമിയാണവൾ എന്നാണ് ഇള ചിന്തിക്കുന്നത് (2024 : 329). സ്ത്രീയും പ്രകൃതിയും ഉപഭോഗ വസ്തുക്കൾ മാത്രമായി മാറുന്ന സ്ഥിതിവിശേഷമാണിവിടെ തെളിയുന്നത്. സ്ത്രൈണപാരിസ്ഥിതികവായനകളുടെ സാധ്യതകളും നോവൽ തുറന്നിടുന്നുണ്ട്.

ലിംഗാധികാരം

സമകാലമലയാളനോവലുകളിൽ ലിംഗപദവിയുടെ രാഷ്ട്രീയം പ്രധാന വിഷയമാണ്. പ്രമുഖ ലിംഗനിലകളിലൊന്നുമല്ലാത്ത, പാർശ്വവത്കരിക്കപ്പെടുന്ന മനുഷ്യരുടെ പ്രതിനിധിയാണ് ആത്രേയകത്തിലെ പ്രധാന കഥാപാത്രം. സമൂഹമാണ് ആൺ-പെൺ ലിംഗപദവികളെ ഉത്പാദിപ്പിക്കുന്നതെന്ന വീക്ഷണം അവതരിപ്പിച്ചത് ജൂഡിത്ത് ബട്‌ലറാണ്. ബട്‌ലറുടെ അഭിപ്രായത്തിൽ ശരീരമെന്നത് സാംസ്കാരിക അർത്ഥങ്ങൾ ആലേഖനം ചെയ്തിരിക്കുന്ന ഒരു നിഷ്ക്രിയമാധ്യമമോ അല്ലെങ്കിൽ ഒരു സാംസ്കാരിക അർത്ഥം സ്വയം നിർണ്ണയിക്കുന്ന ഉപകരണമോ ആണ് (1999: 12-13). ലിംഗപദവി (gender) എന്നത് ഒരാളിൽ സഹജമായോ സാമൂഹ്യവത്കരണത്തിലൂടെയോ മുളച്ചുവരുന്ന വ്യക്തിഗുണമല്ല. ജനനസമയം മുതലേ ആൺ-പെൺ ശരീരങ്ങൾക്കുമേൽ സമൂഹം ചാർത്തി നല്കുന്ന അടയാളങ്ങളിലൂടെ, നിരന്തരവും ആവർത്തിച്ചുള്ളതുമായ പ്രകടനങ്ങളിലൂടെ വ്യക്തി സ്വായത്തമാക്കുന്ന ശീലമാണത്. സ്ത്രീകൾ മാത്രമല്ല പുരുഷന്മാരും തങ്ങളുടെ വിമോചനത്തിന് ലിംഗപദവി കൈവെടിയണം. ക്വീർശരീരമെന്ന ആശയത്തിന്റെ പ്രസക്തിയാണിവിടെ തെളിയുന്നത് 4. ലിംഗപദവിയെക്കുറിച്ചുള്ള ബട്‌ലറുടെ നിരീക്ഷണങ്ങളോട് നോവൽ അടുത്തുനിൽക്കുന്നതായി കാണാം.

പൗരുഷവും സ്ത്രൈണതയും ഒരു ശരീരത്തിനുള്ളിൽ സമ്മേളിച്ച ട്രാൻസ്ജെൻഡർ ജീവിതങ്ങളുടെ സംഘർഷാവസ്ഥയെ നിരമിത്രനിലൂടെ അവതരിപ്പിക്കാനാണ് നോവൽ ശ്രമിക്കുന്നത്. നിരമിത്രൻ / നിരമിത്ര എന്ന പേര് മാത്രമാണ് നോവലിൽ കടന്നുവരുന്നത്. മനുസ്മൃതി 'ക്ലീബൻ' എന്നാണ് ട്രാൻസ്ജെൻഡറെ

വിശേഷിപ്പിക്കുന്നത്. നോവലിലും ഈയൊരു പദം കടന്നു വരുന്നുണ്ട്. രാജ്യത്തിനു വേണ്ടിയാണ് ദശാർണ്ണ രാജകുമാരിയുമായുള്ള വിവാഹത്തിന് നിരമിത്രൻ ഇറങ്ങിപ്പുറപ്പെടുന്നത്. രക്ഷപ്പെടാനുള്ള എല്ലാ തന്ത്രങ്ങളും പാഴായിപ്പോകുമ്പോൾ മാത്രം വരന്റെ വേഷം കെട്ടിയ നിരമിത്രന് രാജകുമാരിയോട് അനുരാഗം തോന്നുന്നുണ്ട്. കെട്ടിപ്പിടിക്കുമ്പോൾ തന്നിലാരാണ് ഉണരുന്നതെന്നറിയാൻ അയാൾ കാത്തു നില്ക്കുന്നുണ്ട്.

ശരീരങ്ങളെല്ലാം വിവിധാകാരമുള്ള പാത്രങ്ങൾ മാത്രമാണ്. അവയിൽ ഒഴുകി നിറയുന്ന ആനന്ദമാണ് ശാശ്വതമായ സത്യം. ഒഴുകാനുള്ള വഴികൾ തടയാതിരിക്കാൻ മനുഷ്യർക്കാവും. പക്ഷേ അവയെ ഏതു വിധേനയും അടച്ചുകളയണമെന്നാണ് അവർ പഠിപ്പിക്കപ്പെടുന്നത് (2024: 36)

എന്നാൽ നിരമിത്രനെ തിരിച്ചറിഞ്ഞ രാജകുമാരി കണ്ണീരും ശാപവാക്കുകളും ചൊരിഞ്ഞ് തന്റെ രാജ്യത്തേയ്ക്ക് മടങ്ങുകയാണുണ്ടായത്. നിരമിത്രനെ രാജ്യത്തെ അപമാനിച്ച മൃതപിണ്ഡമെന്നു വിശേഷിപ്പിക്കുന്ന ദ്രുപദൻ, സ്ത്രീ പുരുഷന് മുന്നിൽ വിളമ്പി വെച്ച വിഭവമാണെന്ന് കരുതുന്ന രാജാവാണ്. ആണത്തത്തിന്റെ കെട്ടുക്കാഴ്ചകളില്ലാത്ത, കാരുണ്യത്തിന്റെ മാത്രം അരുവികളൊഴുകിയ ശരീരമായാണ് നോവലിലുടനീളം നിരമിത്രൻ നിലകൊള്ളുന്നത്. പുരുഷത്വ പരിശോധനക്കെത്തിയ ധാത്രി അത് തിരിച്ചറിയുന്നുണ്ട്. നിറയെ സ്നേഹമുള്ള ഒരു മനുഷ്യന്റെ ശരീരത്തിൽ തൊടുന്നുവെന്നാണ് ഇന്നെന്റെ വിരലുകൾ പറഞ്ഞത്. സ്ത്രീയോ പുരുഷനോ എന്നൊന്നും അവ നോക്കിയിരിക്കില്ല. ആകാശത്തെ തൊട്ടളക്കാനാണ് ഞാനവയെ നിർബന്ധിച്ചത് എന്നറിയാം. പക്ഷേ, ആയിരത്തിലൊന്നു പോലും എനിക്ക് സാധിച്ചില്ല (2024 :172) എന്നാണ് ധാത്രി പരിശോധനയ്ക്കു ശേഷം പറയുന്നത്.

ചൂഡകനും ഇളയും നടത്തിയ ക്ലൈബ്യചികിത്സയിലൂടെ ദശാർണ്ണരാജാവിന്റെ പരീക്ഷയിൽ നിരമിത്രൻ ജയിച്ച നിമിഷമാണത്. അപമാനത്തിൽ നിന്ന് രാജ്യത്തെ രക്ഷപ്പെടുത്തിയിട്ടും വിടനെന്ന പരിഹാസമാണ് നിരമിത്രന് ദ്രുപദനിൽ നിന്നും കേൾക്കേണ്ടി വന്നത്. ആത്രേയകമെന്ന ദേശമാണ് സ്വന്തം ഉണ്മയെ സ്നേഹിക്കാൻ വിശ്വസിക്കാൻ നിരമിത്രനെ പഠിപ്പിച്ചത്. ആത്രേയകത്തിന്റെ രാജാവായി പ്രതിനിധിയായി നിരമിത്രൻ പാഞ്ചാലദേശത്തേയ്ക്ക് ക്ഷണിക്കപ്പെടുമ്പോൾ തന്റെ തെറ്റുകൾ മനസ്സിലാക്കിയ രാജാവിനെയാണ് കാണുന്നത്.

മനുഷ്യൻ ഏതു യോനിയിൽ ജനിക്കുന്നുവെന്നതും ഏത് രൂപത്തിലായിരിക്കു

ന്നുവെന്നതും പ്രസക്തമല്ല. ജലം നിരാകാരമാണ്. ആവശ്യമുള്ള സമയത്ത് അത് വിവിധമായ ആകാരങ്ങൾ കൈകൊള്ളും. മനുഷ്യന്റെ ജന്മവും അതുപോലെയാണ്. മനസാവാചാകർമ്മണാ അബദ്ധങ്ങളുടെ ശൃംഖലയിൽ പെട്ടുപോയിരുന്നതുകൊണ്ട് അത്രയും നിസ്സാരമായ ഒരു കാര്യം അംഗീകരിക്കാനായില്ല. പ്രജ്ഞയിൽ വിഷം കലങ്ങിയാൽ ഔചിത്യം പ്രവർത്തിക്കുന്നതെങ്ങനെ? (2024 :335)

തന്റെ കുഞ്ഞിന്റെ സുരക്ഷയെക്കുറിച്ച് ആദ്യമായി ആകുലപ്പെടുന്ന പിതാവിനെ കാണുന്ന സന്ദർഭമാണിത്. അവയവപരമായ ശാരീരിക വേഴ്ചയായി രതിയെ ചുരുക്കിക്കെട്ടാതെ ലിംഗവൈജാത്യങ്ങൾക്കതീതമായി പരസ്പരം പ്രണയത്തിലാകുന്ന/ സൌഹാർദ്ദത്തിലാകുന്ന ബന്ധങ്ങളിലേയ്ക്ക് സഞ്ചരിക്കുന്നവരാണ് നിരമിത്രനും വിശാഖയും. ഈ പാതയിലേയ്ക്ക് വിശാഖയുമായുള്ള സഖിത്വത്തിലൂടെ ദശാർണ്ണ രാജകുമാരിയും എത്തിച്ചേരുന്നുണ്ട്. 'വിവാഹദിനത്തിൽ കാമ്പില്യത്തിൽ നിന്ന് ഓടിപ്പോകുമ്പോൾ മനുഷ്യരുടെ വിജയങ്ങളെക്കുറിച്ചല്ലാതെ പരാജയങ്ങളെയും ദൌർബല്യങ്ങളെയും കുറിച്ച് ഞാൻ ചിന്തിച്ചിരുന്നില്ല. അതിനെയൊക്കെയും നിഷ്പ്രഭമാക്കുന്ന സ്നേഹത്തിന്റെ അനന്തസാദ്ധ്യതകളെക്കുറിച്ചും എനിക്കറിയില്ലായിരുന്നു. സ്നേഹം ഭയങ്ങളെ ഇല്ലായ്മ ചെയ്യുമെന്ന് പിന്നീട് പഠിച്ചു. അക്കാര്യത്തിൽ കാലമാണ് എന്റെ ഗുരു, ഒപ്പം വിശാഖയും' (2024 :342) എന്ന രാജകുമാരിയുടെ വാക്കുകളിലിത് തെളിയുന്നുണ്ട്.

അധികാരത്തിന്റെയോ ആണത്തത്തിന്റെയോ മേല്പതപ്പില്ലാത്തതിനാൽ അധർമത്തിന്റെ യുദ്ധമുഖങ്ങളിൽ ചതഞ്ഞരയ്ക്കപ്പെട്ടവരുടെ ജീവിതത്തെ സമഭാവനയോടെ നോക്കി കാണാൻ നിരമിത്രന് കഴിയുന്നുണ്ട്. ഒരേ അനുഭവത്തിന്റെ രണ്ടറ്റത്തുനിൽക്കുന്ന മനുഷ്യരായി, ഒരു ആയുധം കൊണ്ട് മുറിവു പറ്റിയ ജീവികളായാണ് നിരമിത്രൻ തന്നെയേയും കൃഷ്ണയെയും സങ്കൽപ്പിക്കുന്നത്. 'അകത്തും പുറത്തുമുള്ള അനന്തമായ യുദ്ധങ്ങളിലേക്ക് സ്വയംവരത്തിലൂടെ വലിച്ചെറിയപ്പെട്ട ഒരു സ്ത്രീക്കുവേണ്ടിയാകട്ടെ നിരമിത്രന്റെ അവസാനത്തെ യുദ്ധം' (2024: 332) എന്നു കരുതുന്ന നിരമിത്രൻ മരണവേളയിലും കൃഷ്ണയുടെ കുഞ്ഞുങ്ങൾക്ക് വേണ്ടിയാണ് പൊരുതുന്നത്.

ഉപസംഹാരം

മഹാഭാരതത്തിന്റെ വിള്ളലുകൾ കണ്ടെത്തി പൂരിപ്പിക്കുന്ന സ്വതന്ത്ര ആഖ്യാനങ്ങളിലൊന്നാണ് ആത്രേയകം. ആത്രേയകം എന്ന അരികുവത്ക്കരിക്കപ്പെട്ട

ദേശത്തെ മുൻനിർത്തിക്കൊണ്ട് ദേശരാഷ്ട്രത്തിന്റെ യുക്തികളോട് കലഹിക്കാനാണ് നോവൽ ശ്രമിക്കുന്നത്. ഇതിഹാസങ്ങൾ തമസ്കരിച്ച ശബ്ദങ്ങൾ, സ്ഥലങ്ങൾ, നീതിബോധങ്ങൾ എന്നിവയുടെ ഖനനമാണ് ഈ നോവൽ നിർവ്വഹിക്കുന്നത്. രാഷ്ട്രരൂപീകരണം നടക്കുന്നത് അപരങ്ങളെ സൃഷ്ടിച്ചുകൊണ്ടാണെന്ന നോവൽ വരച്ചിടുന്നുണ്ട്. എത്രമാത്രം ആണത്തത്തിന്റെ അട്ടഹാസങ്ങളാണ് പുരാണേതിഹാസങ്ങളിൽ മുഴങ്ങിക്കേൾക്കുന്നത് എന്നതിന്റെ സാക്ഷ്യപത്രമായി ഈ കൃതി മാറുന്നുണ്ട്.

കുറിപ്പുകൾ

1. മഹാഭാരതത്തിന്റെ പ്രഥമരൂപം അത്രയൊന്നും വലുതായിരുന്നില്ല എന്നും പ്രബോധനപരമായ ഭാഗങ്ങൾ പിന്നീട് കൂട്ടിച്ചേർത്തവയാണെന്നും പഠനങ്ങൾ പറയുന്നുണ്ട്. വ്യത്യസ്ത കാലഘട്ടങ്ങളിലെ വ്യാഖ്യാതാക്കൾ ഭാവനാത്മകമായ കഥകളും പുരാവൃത്തങ്ങളും മറ്റും കൂട്ടിച്ചേർത്താണ് മഹാഭാരതം ഇന്നത്തെ രൂപത്തിലെത്തിച്ചേർന്നത്.

2. മഹാഭാരതത്തിൽ ഉദ്യോഗപർവ്വം - അംബോപാഖ്യാനത്തിലാണ് ശിഖണ്ഡിയുടെ കഥയുള്ളത്. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ വിവർത്തനം ചെയ്ത ശ്രീമഹാഭാരതം മൂന്നാം വാള്യം കാണുക

3. ജെ. ദേവിക വുമൺ റൈറ്റിംഗ് മാൻ റീഡിംഗ് എന്ന കൃതിയിൽ സ്ത്രീസൌഹൃദങ്ങളുടെ സവിശേഷതകൾ വിവരിക്കുന്നുണ്ട്. 2013 : 119 കാണുക

4. സ്ത്രീകൾ മാത്രമല്ല, പുരുഷന്മാരും തങ്ങളുടെ വിമോചനത്തിന് അധീശപരമായ സ്വത്വസ്ഥാനത്തെ മുറുകെപ്പിടിക്കുന്നതിനു പകരം ആത്മബോധത്തിന്റെ വിഘടനത്തിനു തയ്യാറാവുകയാണ് യഥാർത്ഥത്തിൽ വേണ്ടത്. അതിനായി മർദ്ദകകർതൃസ്ഥാനങ്ങളായ പുരുഷലിംഗപദവിയും സ്ത്രീലിംഗപദവിയും വെടിയേണ്ടതുണ്ട്. അത് ബഹുതരങ്ങളായ അനുഭൂതികൾക്കു വിധേയരാകുന്നതിനു മനുഷ്യരെ പ്രാപ്തരാക്കി മാറ്റുന്നു. ഇവിടെയാണ് ക്വീർ (queer) ശരീരം എന്ന ആശയത്തിനു ഇന്നു പ്രസക്തി കൈവരുന്നത് (എബി കോശി, 2020 : 136)

സഹായക ഗ്രന്ഥങ്ങൾ

1. അജയകുമാർ, എൻ., ആധുനികതയുടെ പശ്ചാത്തലത്തിൽ - സാഹിത്യം, ഭാഷ, സംസ്കാരം, ആത്മ ബുക്ക്സ്, കോഴിക്കോട്, 2023.

2. ഇരാവതി കാർവെ, മഹാഭാരതപഠനങ്ങൾ, പുസ്തക പ്രസാധകസംഘം, കോഴിക്കോട്, 2021.

3. എബി കോശി, ജീവിതേച്ഛകളുടെ ആഘോഷം, സൂതിക ബുക്ക്സ്, മലപ്പുറം, 2020.

4. കുഞ്ഞിക്കുട്ടൻ തമ്പുരാൻ കൊടുങ്ങല്ലൂർ, ശ്രീമഹാഭാരതം, സുലഭ പബ്ലിഷേഴ്സ്, തൃശ്ശൂർ, 1995.

5. Devika, J., Women writing= Man Reading, Penguin books, New Delhi, 2013. രവി, ഇരിഞ്ഞയം, ഭാഷാവ്യവഹാരരൂപങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2009.

6. രാജശ്രീ, ആർ., ആത്രേയകം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2024.

7. രാമകൃഷ്ണൻ, എ. കെ., 'ജൂഡിത്ത് ബട്‌ലറുടെ രാഷ്ട്രീയം', എഡി. മിനി ആലീസ്, ഷിമി പോൾ ബേബി, ഉത്തരസ്ത്രീവാദസിദ്ധാന്തങ്ങൾ, ഡിസി ബുക്സ്, കോട്ടയം, 2022, പു. 47-53

8. രാമകൃഷ്ണൻ ഇ. വി., ദേശീയതകളും സാഹിത്യവും, ഡിസി ബുക്സ്, കോട്ടയം, 2001.

9. സുനിൽ, പി., ഇളയിടം, മഹാഭാരതം സാംസ്കാരികചരിത്രം, ഡിസി ബുക്സ്, കോട്ടയം, 2020.

10. Butler, Judith, Gender Trouble - Feminism and the subversion of Identity, Routledge, London, 2002.

ISSN: 2320-3889 • ഊടി - 12 • ലക്കം - 1

അവതാരിക എന്ന രാഷ്ട്രീയപ്രയോഗം

ഡോ. പി. കൃഷ്ണദാസ്
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം
കണ്ണൂർ സർവകലാശാല

പ്രബന്ധസംഗ്രഹം:

ഇടശ്ശേരി ഗോവിന്ദൻ നായരുടെ പണിമുടക്കം എന്ന കവിത സമാഹാരത്തിന് സി.ജെ. തോമസ്സാണ് അവതാരിക രചിച്ചിരിക്കുന്നത്. രാജ്യദ്രോഹിയായ ഇടശ്ശേരി എന്ന അവതാരികയ്ക്ക് കവിതസമാഹാരം പ്രസിദ്ധീകരിച്ച സന്ദർഭത്തിൽ തന്നെ കേസരിയടക്കമുള്ള നിരൂപകരുടെ പരാമർശം ലഭിച്ചിട്ടുണ്ട്. അവതാരികയുടെ സ്ഥിരം ശൈലിയെ ഭഞ്ജിച്ച് ഐറണിയുടെ മുഴക്കത്തിലാണ് സി.ജെ.യുടെ അവതാരിക പുറത്തു വന്നത്. അതിരൂക്ഷമായ രാഷ്ട്രീയവിമർശനത്തിനുള്ള വേദിയായി ഇടശ്ശേരിയുടെ കവിതാസമാഹാരത്തിന്റെ ആദ്യ പേജുകൾ സി.ജെ. ഉപയോഗപ്പെടുത്തി. സി.ജെ. തോമസിന്റെ അവതാരികയുടെ പുനർവായനയും അവതാരികചരിത്രത്തിൽ ഈ അവതാരികയ്ക്കുള്ള സവിശേഷ സ്ഥാനവും വിശകലനം ചെയ്യലാണ് പ്രബന്ധ ലക്ഷ്യം.

താക്കോൽ വാക്കുകൾ:

ദേശീയതാവാദം, ഭാവുകത്വം, ബഹുസ്വരത, അധികാരം, ഐറണി

ആമുഖം

1948ൽ സ്കോളർ ബുക്ക്സ് പുറത്തിറക്കിയ ഇടശ്ശേരിയുടെ 'പണിമുടക്കം' എന്ന കവിതാസമാഹാരത്തിന് 'രാജ്യദ്രോഹിയായ ഇടശ്ശേരി' എന്ന ശീർഷകത്തിൽ സി. ജെ തോമസ്സാണ് അവതാരിക എഴുതിയത്. പണിമുടക്കം എന്ന കവിതയെ കേന്ദ്രമാക്കി ഐറണിയുടെ രൂപത്തിലാണ് അവതാരിക രചിച്ചിരിക്കുന്നത്. ശീർഷകത്തിൽ നിന്ന് തന്നെ അവതാരികയുടെ രാഷ്ട്രീയധ്വനി വ്യക്തമാണ്. അതുവരെ കേവലം അവതാരിക എന്ന ശീർഷകത്തിൽ കവിഞ്ഞ് സവിശേഷമായ ശീർഷകങ്ങൾ അവതാരികൾക്ക് ഉണ്ടായിരുന്നില്ല. പണിമുടക്കം എന്ന കൃതിയുടെ അവതാരിക ഘട്ടം എത്തുമ്പോഴേക്കും പാഠവുമായി ബന്ധപ്പെടുന്ന ശീർഷകത്തിലേക്ക് അവതാരിക രചനരീതി പ്രവേശിക്കുന്നതായി കാണാം. അവതാരികഘടനയിൽ വന്ന ഒരു മാറ്റത്തെയാണ് ഇത് കുറിക്കുന്നത്. ഭാവുകത്വപരമായി നിലവിലുള്ള രീതികളെ ഭേദിച്ചുകൊണ്ട് വിരുദ്ധോക്തിയുടെ ഭാഷയിലാണ് ഈ കൃതിക്ക് സി.ജെ. അവതാരിക രചിച്ചിട്ടുള്ളത്. 'രാജ്യദ്രോഹിയായ ഇടശ്ശേരി' എന്ന ശീർഷകം അതിലേക്ക് നയിക്കുന്ന ഒന്നാണ്. ഭരണകൂടത്തിന്റെ സ്ഥാപിതതാൽപര്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കാതെ അതിനെ ചോദ്യം ചെയ്യുന്ന ഒരാളാണ് ഈ കവിതയുടെ കവി ശീർഷകത്തിൽ നിന്ന് നമുക്ക് വ്യക്തമാകുന്നു. അവതാരിക ഭരണകൂടം, മതം തുടങ്ങി നിരവധി സാമൂഹിക സ്ഥാപനങ്ങളെ സൂക്ഷ്മമായ വിമർശനത്തിന് വിധേയമാക്കുന്നു. ഭാവുകത്വത്തെ രൂപപ്പെടുത്തുന്നതിൽ ഓരോ കാലത്തെയും അധീശത്വസമൂഹത്തിന് പ്രധാന പങ്കുണ്ട്. അവർ രൂപപ്പെടുത്തിയ കാവ്യസങ്കല്പങ്ങളെയും രാഷ്ട്രസങ്കല്പങ്ങളെയുമാണ് സി. ജെ പ്രധാനമായും വിമർശിക്കുന്നത്. കവിതയുടെ രാഷ്ട്രീയ ഉള്ളടക്കത്തെ വിശകലന വിധേയമാക്കിയാണ് സി. ജെ അവതാരിക രചിച്ചിരിക്കുന്നത്.

ദേശീയതവാദമടക്കമുള്ള രാഷ്ട്രീയപ്രശ്നങ്ങളിലേക്ക് വിരൽചൂണ്ടുന്ന തരത്തിലാണ് അവതാരികരചന. ഇടശ്ശേരിയുടെ 'പണിമുടക്കം' എന്ന കവിത തുണിമില്ലിലെ തൊഴിലാളികളുടെ ജീവിതസമരവും ദാരിദ്ര്യവുമാണ് പ്രമേയമാക്കുന്നത്. ഇടശ്ശേരിയുടെ അടിസ്ഥാനവർഗ്ഗാനുഭാവം ശക്തവും പ്രത്യക്ഷവുമായി വെളിപ്പെടുത്തുന്ന കവിതയാണ് പണിമുടക്കം എന്ന് സച്ചിദാനന്ദൻ അഭിപ്രായപ്പെടുന്നു(2012:148). ഒരിടത്ത്

തൊഴിലാളികളുടെ വീട്ടിലെ ദാരിദ്ര്യം, മറ്റൊരിടത്ത് മുതലാളിയുടെ വീട്ടിലെ ധൂർത്ത്. ഇപ്രകാരം ജീവിതത്തിന്റെ വിരുദ്ധകോടികളെ സമന്വയിപ്പിച്ചാണ് ഇടശ്ശേരി കവിത നിർമ്മിച്ചിരിക്കുന്നത്. ഇടശ്ശേരി തന്നെ കവിതയുടെ ആമുഖത്തിൽ രചനാപശ്ചാത്തലം വ്യക്തമാക്കുന്നു. "എന്റെ ചില സുഹൃത്തുക്കൾ ഒരു കാലത്ത്, പണിമുടക്കത്തിന്നു പ്രസിദ്ധമായ തൃശ്ശൂരിൽ സ്ഥിരതാമസക്കാരായിരുന്നു. അവരിലൂടെയാണ് വിശാല ലോകത്തിന്റെ കാറ്റ് എന്നിലേയ്ക്ക് അടിച്ചിരുന്നത്. ഒരു കോളറക്കാലത്ത്-1914-ൻ മുമ്പാവണം, കുറച്ചു ദിവസങ്ങൾക്കുള്ളിൽ തുടർച്ചയായി മരിച്ചുകൊണ്ടിരുന്ന സ്വന്തം ഭാര്യയേയും രണ്ടോ മൂന്നോ കുട്ടികളേയും അപ്പപ്പോൾ ചെന്ന് മറചെയ്ത് ഭാരതപ്പുഴയിൽ കുളിയും കഴിഞ്ഞ് വീട്ടിലെത്താറുള്ള ഒരമ്മാമൻ, കുട്ടികളുണ്ടാവാൻ പല വഴിപാടുകളും ചെയ്തു നിരാശതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്ന മറ്റൊരു സുഹൃത്ത്, വൃദ്ധനായി, അവശനായി, അവശതയിൽ പെടുന്തോറും അപാരമായ കുടുംബസ്നേഹം ശ്രുണ്ടിയുടെ രൂപത്തിൽ പ്രകടമാക്കാറുള്ള സ്വന്തം പിതാവ്, ഇവരെല്ലാവരും ഈ കാവ്യഖണ്ഡമാകുന്ന നാടകത്തിലെ കർട്ടൻ വലിക്കാരും പ്രോംപ്റ്റർമാരും നടന്മാരുമാണ്"(2020:23). ഇടശ്ശേരിയുടെ മുഖവുരയിൽ നിന്ന് കവിതയിലേക്ക് നയിച്ച വസ്തുതകൾ വ്യക്തമാകും. ഈ സംഭവത്തിന് ഒരു രാഷ്ട്രീയമാനം നൽകിയാണ് ഇടശ്ശേരി അവതരിപ്പിക്കുന്നത്.

അവതാരികയിലെ അധികാരവിമർശനതലം

സി. ജെ. തോമസ് അധികാരകേന്ദ്രങ്ങളോടുള്ള തന്റെ പരിഹാസമാണ് അവതാരികയിലൂടെ സാക്ഷാത്കരിക്കുന്നത്. പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും ഹങ്കിൽ തൊഴിലാളികളെ ചൂഷണം ചെയ്യുന്ന മുതലാളിത്തതോടുള്ള രോഷം മുഴുവൻ സി.ജെ.യുടെ അവതാരികയിൽ കാണാം. 'മയോക്കോവ്സിയുടെ മട്ടിലുള്ള വളരെ നല്ല ഒരു ഫ്യൂച്ചറിസ്റ്റ് പാട്ടുകാവ്യമാണു വാസനാനുഗ്രഹീതനായ ശ്രീ ഇടശ്ശേരി ഗോവിന്ദൻ നായരുടെ പ്രകൃതഗ്രന്ഥം. ശ്രീ സി.ജെ. തോമസിന്റെ സരസവും ഉചിതവും അയൊറൊണി നിറഞ്ഞതുമായ ഒരു കൊച്ചു അവതാരിക ഇതിനെ അലങ്കരിക്കുന്നുമുണ്ട്. ഇന്നു സാധാരണയായി ഭാരതത്തിലെങ്ങും കാണാവുന്നതരത്തിലുള്ള ഒരു തുണിമിൽ പണിമുടക്കാണ് ശക്തിയേറിയ ഈ എപ്പിക് ലിറിക്ക് കൃതിയുടെ വിഷയം" (1984:23) എന്ന് കേസരി ബാലകൃഷ്ണപിള്ള 'പണിമുടക്ക'ത്തെക്കുറിച്ച് എഴുതുന്ന വേളയിൽ അഭിപ്രായപ്പെടുന്നുണ്ട്.

തുണിമിൽ തൊഴിലാളിയായ രാമനും അയാളുടെ പത്തുമക്കളും ഭാര്യയും മില്ലടച്ചതിനാൽ പട്ടിണിയിലാണ്. മിൽ തുറക്കാനായി അവർ നിരന്തരം സമരം ചെയ്യുന്നു. അതേ സമയം മുതലാളി അഭീഷ്ടസിദ്ധിക്കായി യാഗം നടത്തി പണം ദുർവ്യയം ചെയ്യുന്നു. വിശപ്പ് കാരണം രാമന്റെ കുട്ടികൾ നിലവിളിക്കുകയും ഒരിടത്ത് ഹോമാഗ്നി ആളിക്കത്തുകയും ചെയ്യുന്നു. യാഗത്തിന്റെ ഭാഗമായി കിട്ടിയ പായസം ആർത്തിയോടെ കഴിച്ച കുട്ടികൾക്ക് ശാരീരിക അസ്വസ്ഥതകൾ ഉണ്ടാവുകയും അവർ മരിക്കുകയും ചെയ്യുന്നു. അവരെ കുഴിയെടുത്ത് മണ്ണിലേക്ക് ചേർത്തതിന് ശേഷം രാമൻ തൊഴിലാളിജാഥയിലേക്ക് അണിചേരുന്നു. ഈ കഥാതന്തുവിനെയാണ് ഇടശ്ശേരി പണിമുടക്കമായി വികസിപ്പിച്ചത്. "സമുദായത്തിന്റെ പൂതലിച്ച അസ്ഥിവാരത്തെ തകർക്കുന്ന രണഗീതിയുമായി മർദ്ദനങ്ങൾ ഏറ്റുവാങ്ങി പട്ടിണി കടിച്ചിറക്കി പ്രക്ഷോഭരംഗത്തുറച്ചു നിൽക്കുന്ന രാമന്റെ ചിത്രം ഒരു കാലഘട്ടത്തിന്റെ ആദർശോജ്ജ്വലത മുഴുവൻ ഉൾക്കൊള്ളുന്നു" (സച്ചിദാനന്ദൻ, 2012:150). ഇടശ്ശേരിയുടെ രാഷ്ട്രീയനിലപാട് ഉൾകൊള്ളുന്ന കവിതയ്ക്ക് രാഷ്ട്രീയമായ അവതാരിക തന്നെയാണ് സി.ജെ. തോമസ്സ് രചിച്ചത്.

ആർഷഭാരതത്തിലെ അനേകായിരം റേഡിയോകളിൽ കൂടി ആ ദിവ്യസന്ദേശം അനർഘളം പ്രവഹിക്കുകയാണ് എന്ന വാക്യത്തോടെയാണ് സി. ജെ അവതാരിക ആരംഭിക്കുന്നത്(2020:617) ഈ വാക്യം പരിശോധിക്കുമ്പോൾ സി.ജെ. യുടെ അവതാരിക ലക്ഷ്യം വ്യക്തമാണ്. ഭരണകൂടത്തിന്റെ സ്ഥാപിത യുക്തികളെയും മതാധികാരം ഒരു രാഷ്ട്ര സങ്കല്പത്തിൽ ഇടപെടുമ്പോൾ ഉണ്ടാകുന്ന പ്രതിലോമകരമായ മൂല്യബോധത്തെയും വിമർശനവിധേയമാക്കാനാണ് സിജെ ശ്രമിക്കുന്നത്. 'റേഡിയോകളിൽ കൂടി' എന്ന് വാക്കുകൾ പരിശോധിച്ചാൽ മനസ്സിലാവുന്നത് റേഡിയോ ഒരു ഭരണകൂടത്തിന്റെ ഏകഭാഷണയുക്തിയെ പ്രതിഫലിപ്പിക്കുന്നതാണ്. അശരീരരിയായി ഏതോ കേന്ദ്രത്തിലിരുന്ന് അധികാരം ജനതയെ ഭരിക്കുന്നു. ബഹുസ്വരത അപ്രധാനമായ ഒരു രാഷ്ട്രവ്യവസ്ഥയുടെ വിമർശനമാണ് സി. ജെ നടത്തുന്നത്. ഭരണാധികാരി റേഡിയോയിൽ കൂടി തനിക്ക് പറയാനുള്ളത് ജനങ്ങളോട് പറയുകയും ജനങ്ങളുടെ പ്രതിസന്ധികളെയും പ്രശ്നങ്ങളെയും കേൾക്കാതിരിക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയെയാണ് ഇത് സൂചിപ്പിക്കുന്നത്. കൊളോണിയൽ ശക്തികളുടെ ഏകാധിപത്യഭരണസ്വഭാവവും ജർമ്മനിയിലെ ഫാസിസ്റ്റ് ഭരണകൂടത്തെ കുറിച്ചുള്ള അറിവും സി.ജെ.യുടെ അവതാരികയെ സ്വാധീനിച്ചിരിക്കാൻ

സാധ്യതയുണ്ട്. 'ആർഷഭാരതം', 'റേഡിയോ' തുടങ്ങിയ പ്രയോഗങ്ങൾ സമകാലീനഇന്ത്യയിൽ ഇരുന്ന് വായിക്കുമ്പോഴും ഏറെ പ്രസക്തിയാർജിക്കുന്നു. തൊഴിലാളികളുടെ പണിമുടക്കം രാജ്യദ്രോഹമാണ്, ഉത്തരവാദിത്വബോധം ഇല്ലായ്മയാണ് എന്ന് പറയുന്ന ഭരണകൂടം ബഹുസ്വരതയുടെ ശബ്ദങ്ങൾ എല്ലാം ഭയക്കുന്ന ഭരണകൂടമാണ്. ഭരണകൂടത്തിന്റെ ഏകാധിപത്യയുക്തികളെ ചോദ്യം ചെയ്യാൻ ശക്തനായ കവിയാണ് ഇടശ്ശേരി എന്നാണ് സി.ജെ. പറയാതെ പറയുന്നത്. അതുകൊണ്ടാണ് ഇടശ്ശേരിയെ സംബന്ധിച്ചിടത്തോളം പോത്തിന്റെ ചെവിയിൽ വേദമോതുകയാണ് ഈ ഭരണകൂടസന്ദേശം എന്ന് സി.ജെ. പറയുന്നു (2020:617).

1948ലാണ് സി. ജെ. തോമസ് ഈ അവതാരിക രചിക്കുന്നത് സ്വതന്ത്ര്യാനന്തര ഘട്ടത്തിലേക്ക് ഇന്ത്യ പ്രവേശിച്ച കാലയളവായിരുന്നു അത്. ഇന്ത്യവിഭജനവും ഗാന്ധിജിയുടെ മരണവും ആ കാലഘട്ടത്തിലെ പ്രധാനസംഭവങ്ങളാണ്. അതിനോടൊപ്പം തന്നെ വിഭജനം സൃഷ്ടിച്ച തൊഴിലില്ലായ്മയും ദാരിദ്ര്യവും രാജ്യത്തിന്റെ ഒരു ഭാഗത്ത് ശക്തമായി നിലനിന്നിരുന്നു. ഇതിന്റെയെല്ലാം പശ്ചാത്തലത്തിലാണ് ഈ അവതാരികയുടെ സാമൂഹികചരിത്രം രൂപപ്പെടുന്നത്. തൊഴിലാളികളുടെ സംഘടിതസ്വഭാവം ശക്തമാവുകയും മതരാഷ്ട്രയുക്തികളിൽ പ്രവർത്തിക്കുന്ന സംഘടനകൾ ഒരു ഭാഗത്ത് രാജ്യത്ത് വർഗീയധ്രുവീകരണത്തിന് ആക്കം കൂട്ടുകയും ചെയ്യുന്ന ഒരു സവിശേഷകാലയളവിലാണ് സി.ജെ. അവതാരിക രചിക്കുന്നത്. ഭരണകൂടവും മതാധികാരവും പാരമ്പര്യവാദികളും മുതലാളിത്തവും ചേർന്നുസൃഷ്ടിച്ച ലോകക്രമം തൊഴിലാളികളെ ശ്വാസം മുട്ടിക്കുന്നതിന്റെ ആവിഷ്കാരമെന്നോണമാണ് പണിമുടക്കം എഴുതുന്നത്. സി.ജെ. ആർഷഭാരത അഭിമാനികളെയും അവതാരികയിൽ പരിഹസിക്കുന്നുണ്ട്. "എടോ ഇടശ്ശേരി, താൻ വ്യാമോഹിക്കുകയാണ്. ഋഷിപുംഗവന്മാരുടെയും ശിവജിമാരുടെയും പാരമ്പര്യമുള്ള ഭാരതത്തിൽ ഈ ചരക്ക് ചെലവാകുകയില്ല. ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ " എന്ന് പറഞ്ഞാണ് സി.ജെ. അവതാരിക അവസാനിപ്പിക്കുന്നത്. ഭരണകൂടത്തെയും അന്ധമായ പാരമ്പര്യസ്നേഹത്തെയും ഭൂതകാല ആരാധനയെയും സി.ജെ. വിമർശനാത്മകമായാണ് സമീപിക്കുന്നത്. പണിമുടക്കം എന്ന കവിതയ്ക്ക് ആധാരം 1914 ലെ ഒരു സംഭവമാണെന്ന് ഇടശ്ശേരി പറയുന്നുണ്ട്. എന്നാൽ ഈ അവതാരികയെ രൂപപ്പെടുത്തിയത് ആ കാലയളവല്ല, മറിച്ച് 1940കൾക്ക് ശേഷമുള്ള രാഷ്ട്രസങ്കല്പവും, ഭരണകൂടവുമാണ്.

കവിതയോടുള്ള വായനസമൂഹത്തിന്റെ സമീപനത്തിൽ വന്ന വ്യതിയാന

ത്തിന്റെ സാക്ഷ്യം കൂടിയാണ് സി.ജെ.യുടെ അവതാരിക. പാരായണവഴികളെ കൂടുതൽ രാഷ്ട്രീയാത്മകമാക്കാനുള്ള ശ്രമമായും ഈ അവതാരികയെ പരിഗണിക്കാവുന്നതാണ്. പാരായണം പ്രത്യക്ഷമായി തന്നെ രാഷ്ട്രീയത്തെയും രാജ്യത്തിന്റെ ആഭ്യന്തരപ്രശ്നങ്ങളെയും സ്പർശിക്കുന്നു.

അവതാരികയുടെ രൂപതലം

സി. ജെ. തോമസ് ഈ കവിതയെ ഐറണിയിലൂടെയാണ് സമീപിച്ചത്. പ്രതിസന്ധിഘട്ടങ്ങളിൽ പണിമുടക്കുന്ന തൊഴിലാളിയുടെ ഉത്തരാവാദിത്ത ബോധമില്ലായ്മയെയും പട്ടിണികിടക്കുള്ള അയാളുടെ പരിചയസമ്പത്തുമാണ് സി. ജെ പരിഹാസപൂർവ്വം എടുത്തുകാട്ടുന്നത്. അധികാരകേന്ദ്രത്തിന്റെ ആളായി ചമഞ്ഞ് ദുരാധികാരത്തിന്റെ ചെയ്തികളെ രൂക്ഷമായി സി.ജെ. വിമർശിക്കുന്നു. ഇടശ്ശേരി സ്വവർഗ്ഗദ്രോഹിയും സംസ്കാരമില്ലാത്തവനും നിയമപാലകരെ അധിക്ഷേപിക്കുന്നവനുമാണെന്ന് സി. ജെ. തോമസ് അഭിപ്രായപ്പെടുന്നു(2020:618). പണിമുടക്കുന്നതിനാൽ ഇടശ്ശേരി ശുദ്ധവങ്കനാണെന്ന് സി.ജെ. കൂട്ടിച്ചേർക്കുന്നു. അവതാരികരചനയുടെ ഘടന തന്നെ തിരുത്തുകയാണ് അവതാരികകൃത്ത്. ഇടശ്ശേരിയുടെ ഈ വൈരുധ്യസൗന്ദര്യം കണ്ടെത്തിയ അപൂർവം ചില നിരൂപകരിലൊരാളാണ് സി. ജെ. തോമസ്. വ്യംഗ്യമര്യാദയിൽ സി.ജെ. ഇടശ്ശേരിയെ ഭർത്സിക്കുന്നുണ്ട് "പണിമുടക്കം' എന്ന കവിതയ്ക്കെഴുതിയ അവതാരികയിൽ രാജ്യദ്രോഹിയായ ഇടശ്ശേരി' എന്ന ശീർഷകത്തിൽ പ്രത്യക്ഷഭർത്സനം കൊണ്ട് സി.ജെ. ഇടശ്ശേരിയിലെ സ്വത്വം വ്യക്തമാക്കുന്നു" (2018:72) എന്ന് അയ്യപ്പപ്പണിക്കർ പണിമുടക്കത്തിന്റെ അവതാരികയെക്കുറിച്ച് പറയുന്നു. അയ്യപ്പപ്പണിക്കർ ആ ഭാഗം ഇങ്ങനെ അവസാനിപ്പിക്കുന്നു' 'ഇടശ്ശേരിയെ കണ്ടെത്താനുള്ള മാർഗം ഈ പരോക്ഷദർശനമാണ്. പലരും ഇടശ്ശേരിക്കവിതയെ അക്ഷരാർഥത്തിൽ എടുത്ത് ശക്തിയുടെ കവി എന്ന് മുദ്രചാർത്തിയിട്ടുണ്ട്. ഈ മുദ്ര ചാർത്തലിൽ നിന്ന് ആർക്കും അക്കാലത്തു രക്ഷപ്പെടാൻ സാധ്യമായിരുന്നില്ല. സി.ജെ. മുദ്രയ്ക്കപ്പുറം പോയി ഇടശ്ശേരിയുടെ അന്തസ്സത്ത വ്യക്തമാക്കിത്തരുന്നു. അത്തരത്തിൽ ഒരവതാരിക സി.ജെ.യ്ക്കു മാത്രമേ എഴുതാൻ കഴിയുമായിരുന്നുള്ളു. അതു ചേർത്തു പ്രസിദ്ധീകരിക്കാൻ അന്ന് ഇടശ്ശേരി എന്ന കവിക്കു മാത്രമേ സാധിക്കുമായിരുന്നുള്ളൂ. "(2018:73). അയ്യപ്പപ്പണിക്കർ പറഞ്ഞതുപോലെ ഇടശ്ശേരിയുടെ രാഷ്ട്രീയ അന്തസത്തയെ വ്യക്തമാക്കിയതാണ് അവതാരികയുടെ

പ്രധാന്യം. അവതാരികയുടെ സാമ്പ്രദായിക ശൈലിയിൽ നിന്ന് വിഭിന്നമായൊരു ശീർഷകവും ഉള്ളടക്കവും ചേർന്ന അവതാരികയെ ഇടശ്ശേരി തയ്യാറായത് ഭാവുകത്വമാറ്റത്തെ സംബന്ധിച്ച് ഇടശ്ശേരിക്കുണ്ടായ ധാരണയാണ് കാണിക്കുന്നത്. ഭാവുകത്വത്തിന്റെ രാഷ്ട്രീയമാണ് ഇതിലൂടെ വെളിവാകുന്നത്.

കവിതയിലെ അധികാരബന്ധങ്ങൾ

അലങ്കാരങ്ങളിലെ അധികാര ബന്ധത്തെക്കുറിച്ച് സിജെ പരാമർശിക്കുന്നു. ചമൽക്കാരം എങ്ങനെയാണ് സവിശേഷമായ അധികാര രൂപത്തെ സംബന്ധിച്ച കാഴ്ചകളെ ഉത്പാദിപ്പിക്കുന്നു എന്നാണ് അവതാരികയിൽ സൂചിപ്പിക്കുന്നത്. "അസ്ഥാനത്ത് ചമൽക്കാരം പ്രയോഗിക്കുന്നതിൽ ഇടശ്ശേരി വിദഗ്ധനാണ്. കവികൾ പ്രായമധികമാകാത്ത ആകാത്ത മഹിളാമണികളെ വർണ്ണിക്കാറുണ്ട്. പക്ഷേ തൊഴിലാളി രാജന്റെ പെൺപിറന്നോത്തി നിഴലായെന്നും നിലാവായെന്നുമൊക്കെ പറയാൻ തുടങ്ങിയാലോ, ഇടശ്ശേരി കവിയേയല്ല. " (തോമസ് സി.ജെ., 2017:618). മഹിളാമണികൾ ചമത്കാരത്തിന് യോഗ്യരാണെന്നും തൊഴിലാളിസ്ത്രീ നിഴൽ, നിലാവ് തുടങ്ങിയ അലങ്കാരങ്ങളാൽ വർണ്ണിക്കപ്പെടാൻ അയോഗ്യയാണെന്നുമുള്ള പരമ്പരാഗത സൗന്ദര്യസങ്കല്പം എന്ന സ്ഥാപനരൂപത്തെയാണ് സി. ജെ വിമർശിക്കുന്നത്. ചമത്കാരപ്രയോഗങ്ങളിൽ പരമ്പരാഗത സൗന്ദര്യസങ്കല്പം പാലിക്കാൻ പരാജയപ്പെട്ടതിനാൽ ഇടശ്ശേരി കവിയല്ല എന്നാവും യാഥാസ്ഥിതിക വീക്ഷണം. കവിയെ നിർവചിക്കാനുള്ള മാനദണ്ഡങ്ങളിലെ ഭാരതീയ കാഴ്ച്ചപ്പാടുകളിലുള്ള അധികാരവിധേയത്വ യുക്തിയാണ് സി.ജെ.യുടെ വിമർശനലക്ഷ്യം എന്ന് ഈ വാക്യങ്ങളിൽ നിന്ന് വ്യക്തമാണ്.

പൗരസ്ത്യസൗന്ദര്യശാസ്ത്രപ്രകാരം ഉള്ള മേൽ-കീഴ്ബന്ധങ്ങൾക്ക് അനുസൃതമായി വേണം അലങ്കാരങ്ങളുടെ പ്രയോഗം എന്നുള്ള സമ്പ്രദായികമായ വീക്ഷണത്തോടുള്ള ഈ വാക്യത്തിലൂടെ പ്രകടിപ്പിക്കുന്നത്. സൗന്ദര്യശാസ്ത്രം എന്ന സ്ഥാപനത്തോടും അതിനെ നിലനിർത്തിപ്പോരുന്ന അധീശത്വഘടനയോടും സൗന്ദര്യശാസ്ത്രത്തിലെ മേൽ-കീഴ് ബന്ധത്തോടുമുള്ള വിമർശനമാണ് സി.ജെ. ഉന്നയിക്കുന്നത്." ഇടയ്ക്കിടയ്ക്ക് ഇടശ്ശേരിക്കു കവിത വരുന്നുണ്ട്. യജ്ഞത്തിന് ചരുവം പടിഞ്ഞിരിക്കുന്ന ദമ്പതികളുടെ കസവിന്റെ പുളപ്പ്, തിക്കനലിൽ വീണ് എരിയുന്ന സുഗന്ധദ്രവ്യങ്ങളുടെ മണം, ആ അന്തരീക്ഷത്തിന്റെ ഭക്തിപാരവശ്യം-ഹോ,

എന്തൊരു ചമൽക്കാരം, എന്തൊരു അഭൗമസൗന്ദര്യം, എന്തൊരു. . . പക അതിന്നടുത്തുതന്നെ ആ മനുഷ്യൻ എഴുതിക്കൂട്ടുന്ന വേണ്ടാസനങ്ങൾ നോക്കുക, ദേശികന്റെ മധുരനിർദ്ദേശപ്പടി ഗേഹിനി തീയിൽ ഇടുന്നതോടൊപ്പംതന്നെ ആ വൃത്തികെട്ട തൊഴിലാളിച്ചി, അവ ചത്തുചീഞ്ഞളിഞ്ഞ കൊച്ചിന്റെമേൽ മണ്ണെടുത്തിടുന്നു. ഓടയുടെ ദുർഗന്ധം വമിക്കുന്ന കവിത! അശ്രീകരം എന്നല്ലാതെ മറ്റെന്തു പറയാനാണ്?" (2020:619) കവിതയുടെ സൗന്ദര്യം ഹോമകുണ്ഡത്തിനോടും അധികാര സമൂഹത്തിന്റെ ജീവിതപരിസരത്തോടും ബന്ധപ്പെട്ടതാണെന്ന പ്രബലമായ കാവ്യ ബോധത്തെയാണ് സി.ജെ. വിമർശിക്കുന്നത്. കസവിന്റെ പുളപുള്ളപ്പ് കവിതയുടെ സൗന്ദര്യമാവുകയും ഓടയുടെ ദുർഗന്ധം അശ്രീകരമാവുകയും ചെയ്യുന്ന സൗന്ദര്യാസ്വാദന ശീലത്തെയാണ് അവതാരികാകൃത്ത് പരിഹസിക്കുന്നത്. ഭാവുകത്വാന്തരീക്ഷത്തിന്റെ വിപുലപ്പെടുത്തലാണ് ഈ അവതാരികയിലൂടെ സി.ജെ. നടത്തിയത്.

കവിതയുടെ ഉള്ളടക്കം എന്താവണമെന്നതിന് ആ കാലത്ത് അതീശത്വ കാവ്യബോധം പ്രാധാന്യം കൊടുത്ത കാവ്യ ഉള്ളടക്കങ്ങളിൽ നിന്ന് വിഭിന്നമായി 'പണിമുടക്കം' എന്ന കവിതയിലൂടെ ഇടശ്ശേരി അവതരിപ്പിക്കുന്ന രാഷ്ട്രീയ ഉള്ളടക്കത്തിന്റെ പ്രസക്തി എന്താണെന്ന് സിജെ പറയുന്നുണ്ട്. "കവിതാവിഷയങ്ങൾ വേറെയില്ലേ, അഹിംസയുണ്ട്, അമേരിക്കയുണ്ട്, അരവിന്ദ ഘോഷുമുണ്ട് എന്നിട്ടും പണിമുടക്കാണ് വിഷയം. ഇത് പ്രതിസന്ധിഘട്ടത്തിൽ യോജിച്ചതല്ല. ഇത് ഹിന്ദുസ്ഥാനത്തിന്റെ പാരമ്പര്യത്തിന് യോജിച്ചതല്ല. ഇടശ്ശേരി കാപിരിയാണ്. അയാൾ നിരീശ്വരനാണ്." (2020:68) കാപിരി, നിരീശ്വരൻ തുടങ്ങിയ പദങ്ങൾ ഏതാനും കാലഘട്ടത്തിലെയും അധീശത്വബോധം തെറിവാക്കായി ഉപയോഗിച്ചതായിരുന്നു. ഇത്തരം അധീശത്വഭാവുകത്വനിർമ്മിതികളെ വിമർശിക്കുവാനും പരിഹസിക്കുവാനും സിജെ തോമസ് ഈ വാക്കുകൾ തന്നെ വിരുദ്ധോക്തിയിലൂടെ ഉപയോഗിക്കുന്നു. മാത്രമല്ല കാവ്യ വിഷയത്തെ രൂപപ്പെടുത്തുന്ന സാമൂഹികവ്യവഹാരങ്ങളെയും വിമർശിക്കുന്നു. അഹിംസ ആ കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക സ്ഥാപനങ്ങളിൽ ഒന്നായിരുന്നു. എന്നാൽ അഹിംസയടക്കമുള്ള സാമൂഹിക സ്ഥാപനങ്ങൾ മാത്രമല്ല കാവ്യവിഷയമാക്കേണ്ടതെന്നും കവിതയുടെ രാഷ്ട്രീയഉള്ളടക്കം വിവിധ വിഷയങ്ങളിലേക്ക് ശ്രദ്ധ തിരിക്കണം എന്നുള്ള ഇടശ്ശേരിയുടെ നിലപാടാണ് ' പണിമുടക്ക' മായി പരിണമിച്ചത്.

ഉപസംഹാരം

അവതാരിക കേവലവ്യക്തി സ്തുതിയോ സൗഹൃദ ഭാഷണമോ അല്ലാതെ ഒരു രാഷ്ട്രീയ പ്രയോഗമായി മാറുന്ന സന്ദർഭമാണ് സി. ജെ. തോമസിന്റെ അവതാരികയിലൂടെ രൂപപ്പെട്ടത്. അവതാരിക രചനയുടെ പിറകിൽ അതുവരെ പ്രവൃത്തിച്ചിരുന്ന യുക്തിയെ തന്നെ അട്ടിമറിക്കുവിധം സംവാദാത്മകമായൊരു മണ്ഡലത്തെ നിർഹിക്കുന്നുണ്ട് 'രാജ്യദ്രോഹിയായ ഇടശ്ശേരി' ദേശീയതാവാദം രൂക്ഷമാക്കുന്ന ഏത് രാഷ്ട്ര സാഹചര്യത്തിലും ഓർമ്മിക്കും വിധം ആഴം ഹ്രസ്വമായ ഈ അവതാരികയുണ്ട്. ഫ്യൂഡൽ ഭരണകൂടപരിസരത്തെയും ദേശീയതാവാദത്തിന്റെ ഏകാധിപത്യയുക്തികളെയും ഈ അവതാരിക സമർത്ഥമായി വിമർശിക്കുന്നു.

സഹായക ഗ്രന്ഥങ്ങൾ

1. അയ്യപ്പപ്പണിക്കർ, കവിദർശനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018.
2. ഗോവിന്ദൻ നായർ ഇടശ്ശേരി, ഇടശ്ശേരിക്കവിതകൾ സമ്പൂർണ്ണസമാഹാരം വാല്യം രണ്ട്, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2020.
3. തോമസ് സി. ജെ., സി. ജെ. യുടെ ലേഖനങ്ങൾ, കേരള സാഹിത്യ അക്കാദമി തൃശ്ശൂർ, 2017.
4. ബാലകൃഷ്ണപിള്ള, എ. കേസരി, കേസരിയുടെ സാഹിത്യവിമർശനങ്ങൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1984.
5. സച്ചിദാനന്ദൻ, വിത്തും വൃക്ഷവും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2012.

'ധർമ്മപദ' വിവർത്തനങ്ങളിലെ നീതിസങ്കൽപ്പം : കേരളീയനവോത്ഥാന പശ്ചാത്തലത്തിൽ

ആയിഷ തസ്‌ല. ഇ
ഗവേഷക, സാഹിത്യപഠന വിഭാഗം
മലയാളസർവകലാശാല, തിരൂർ

പ്രബന്ധസംഗ്രഹം:

ബുദ്ധന്റെ ധർമ്മപദത്തിലെ നീതിസങ്കല്പം എങ്ങനെയാണ് നവോത്ഥാനകാല സന്ദർഭത്തിൽ വിവർത്തനം ചെയ്യപ്പെട്ടത് എന്നാണ് പ്രബന്ധം അന്വേഷിക്കുന്നത്. വിവർത്തനപഠനങ്ങളിലെ പോസ്റ്റ്കൊളോണിയൽ ചിന്താപരിസരത്തിൽ നിന്ന് കൊണ്ട് കേരളീയ നവോത്ഥാന സന്ദർഭത്തിൽ ബുദ്ധാദർശങ്ങളുടെ സ്വാധീനം എങ്ങനെയാണ് നിർവഹിക്കപ്പെട്ടത് എന്ന് ധർമ്മപദത്തിലെ ദ്വന്ദങ്ങൾ, ഉപമകൾ, വിവർത്തനശൈലി എന്നിവയെ മുൻനിർത്തിയാണ് വിശകലനം ചെയ്യുന്നത്. ബുദ്ധന്റെ ദിവ്യവൽക്കരണവും വിഗ്രഹവൽക്കരണവും ചർച്ചയാകുന്ന കാലത്ത് അതിലെ നവോത്ഥാനമൂല്യങ്ങൾ കേരളീയ പരിസരത്തിൽ വിവർത്തനത്തിലൂടെ എങ്ങനെ സമൂഹഘടനയെ പുതുക്കുന്നതിന് ഉതകി എന്ന അന്വേഷണം പ്രസക്തമാണ്. യൂറോപ്യൻ ആധുനികതയുടെ സ്വാതന്ത്ര്യബോധത്തിന്റെയും മാനവികതാബോധത്തിന്റെയും പരി

സരത്തിൽ കേരളത്തിന്റേതായ നവോത്ഥാനം കെട്ടിപ്പടുക്കുന്നതിൽ ധർമ്മപദം മുന്നോട്ട് വെക്കുന്ന നീതിയുടെ ജനാധിപത്യബോധവും മതേതരബോധവും പ്രബന്ധം പരിശോധിക്കുന്നുണ്ട്.

താക്കോൽ വാക്കുകൾ:

വിവർത്തനം, നവോത്ഥാനം, ജാതി, ബുദ്ധൻ, ബ്രാഹ്മണൻ, സനാതനധർമ്മം

ആമുഖം

ഇന്ത്യയുടെയും കേരളത്തിന്റെയും നവോത്ഥാനമെന്നത് ജാതി ബ്രഹ്മണ്യത്തിലധിഷ്ഠിതമായ ഉച്ചനീചത്വങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ പ്രവർത്തനങ്ങളും പ്രക്ഷോഭങ്ങളുമാണ്. എന്നാൽ ഇന്ത്യൻ നവോത്ഥാനത്തെ പോലെ കേവല മതനവീകരണശ്രമങ്ങളായിരുന്നില്ല കേരളീയനവോത്ഥാനം. ഭാരതത്തിലെ പൊതുവായ നവോത്ഥാനപ്രവർത്തനങ്ങളിൽ നിന്ന് കേരളനവോത്ഥാനത്തിനുള്ള രണ്ട് അടിസ്ഥാന വ്യത്യാസങ്ങളെ കെ.ജി. പൌലോസ് ചൂണ്ടികാണിക്കുന്നുണ്ട്[1]. ഒന്ന് കീഴാളസാമൂഹത്തിന്റെ ഉണർവ്വിൽ നിന്നാണ് കേരളനവോത്ഥാനം ആരംഭിച്ചത് എന്നതാണ്. മറ്റൊന്ന് അതിന്റെ ലക്ഷ്യം കേവല മതനവീകരണം മാത്രമല്ല മറിച്ച് മാനവികതയുടെ മഹത്വമുൾകൊണ്ട് സമൂഹത്തെ പുനർനിർമിക്കുക എന്നതുകൂടി ആണ്(2021:136). കേരള നവോത്ഥാന സന്ദർഭത്തിൽ വിവർത്തനങ്ങൾ നിർവഹിച്ച പങ്ക്, കാവ്യവിവർത്തനം രാഷ്ട്രീയ പ്രവർത്തനമായിമാറുന്നതെങ്ങനെ, സാമൂഹികപരവും രാഷ്ട്രീയപരവുമായ സ്വാതന്ത്ര്യചിന്തയിൽ ബുദ്ധന്റെ ആദർശങ്ങളുടെ പ്രസക്തി, എന്നിവയെല്ലാം പ്രബന്ധത്തിന്റെ അന്വേഷണമേഖലകളാണ്.

കൃതികളെ അവയുടെ ചരിത്രസന്ദർഭങ്ങളുമായി ബന്ധപ്പെടുത്തി അപഗ്രഥിക്കുകയെന്നത് പ്രധാനമാണ്. ഏതൊരു കൃതിക്കും അതുണ്ടായ കാലത്തെ അധികാരബന്ധങ്ങളെ നിർമ്മിക്കുന്ന സ്ഥാപനങ്ങളെ അഭിസംബോധന ചെയ്യേണ്ടി വരും. ബുദ്ധന്റെ ജീവിതകാലത്തെ ഇന്ത്യൻ സാഹചര്യത്തിൽ ആ സ്ഥാപനം ജാതി ആണ്. ബുദ്ധൻ വിവിധ സന്ദർഭങ്ങളിൽ തന്റെ അനുയായികൾക്കും ഭിക്ഷുക്കൾക്കും നല്കിയ ഉപദേശങ്ങൾ വിഷയത്തിന്റെ അടിസ്ഥാനത്തിൽ ക്രോഡീ

കരിച്ചിട്ടുള്ളതാണ് ധർമ്മപദം[2]. അക്കാലത്തെ പ്രബലചിന്താഗതി എന്ന നിലക്ക് ജാതിസമ്പ്രദായത്തിന് അനുകൂലമായിട്ടോ പ്രതികൂലമായിട്ടോ വ്യവഹാരത്തിൽ ഇടപെടാതിരിക്കാൻ ബുദ്ധന് സാധിക്കുമായിരുന്നില്ല. ഒരു സാമൂഹിക പ്രതിഷേധ പ്രസ്ഥാനം എന്ന നിലക്കാണ് ബുദ്ധമതത്തെ ഇന്ന് മനസ്സിലാക്കുന്നത്. നിലവിലുള്ള വർണ്ണ-ജാതി സമ്പ്രദായത്തിലെ അനീതികൾ, യുദ്ധം യാഗം മൃഗബലി തുടങ്ങിയ ഹിംസകൾ, ലിംഗവിവേചനം എന്നിവയ്ക്കുള്ള നിവാരണമാർഗ്ഗമായാണ് ബുദ്ധവച നങ്ങൾ സ്വീകരിക്കപ്പെട്ടത്. ആ കാലത്തിൽ നിന്നും സന്ദർഭത്തിൽ നിന്നുമെല്ലാം വ്യത്യസ്തമായി അതേ ആശയങ്ങൾ മറ്റൊരു കാലത്ത് മറ്റൊരു ദേശത്ത് വിവർ ത്തനം ചെയ്യപ്പെടുന്നതിന്റെ രാഷ്ട്രീയം പ്രധാനമാണ്. വിവർത്തനം ചെയ്യപ്പെടുന്ന കൃതിയുടെ ഭാഷ, ആഖ്യാനരീതി, സാഹിത്യരൂപം എന്നിവയെല്ലാം കാലത്തിനും ദേ ശത്തിനും അനുസരിച്ച് മൂലകൃതിയിൽ നിന്ന് വ്യത്യസ്തമായിരിക്കും.

ഇന്ത്യയുടെ സവിശേഷ വിവർത്തന സാഹചര്യം

1794 ൽ വില്യം ജോൺസ് നിർവഹിച്ച മനുവിന്റെ 'ധർമ്മശാസ്ത്ര തർജമ'യുടെ യും 1801 ൽ കോൾ ബ്രൂക്ക് നിർവഹിച്ച 'ഹിന്ദു നിയമ സംഹിത തർജമയു'ടെയും അടി സ്ഥാനത്തിൽ എങ്ങനെയാണ് ഇന്ത്യൻ ചരിത്രത്തിൽ സർഗാത്മകമായ രാഷ്ട്രീയ തത്ത്വചിന്ത ഇല്ല എന്ന തീർപ്പിൽ പടിഞ്ഞാറൻ രാഷ്ട്രമീമാംസകർ എത്തിച്ചേർന്നത് എന്ന് കാഞ്ച ഐലയ്യ തന്റെ പുസ്തകത്തിൽ തെളിയിക്കുന്നുണ്ട് (2017:25). മനശാസ്ത്ര ജ്ഞനായും മതപ്രബോധകനായും രാഷ്ട്രീയതത്ത്വചിന്തകനായും ജനാധിപത്യവാദി യായും എല്ലാം ബുദ്ധനെ ഇന്ന് വായിക്കപ്പെടുന്നുണ്ട്. ഇന്ത്യൻ സവർണ്ണ രാഷ്ട്രീയമീ മാസകർ പടിഞ്ഞാറിന്റെ എഴുത്തുകാരാലും കൊളോണിയൽ പ്രത്യയശാസ്ത്രത്താലും സ്വാധീനിക്കപ്പെട്ടത് കൊണ്ടും ജാതി-വർണ്ണ അനുകൂല രാഷ്ട്രീയം സംരക്ഷിക്കുക എന്ന പ്രത്യയശാസ്ത്രം കൊണ്ടും ഇന്ത്യൻ രാഷ്ട്രീയതത്ത്വചിന്തയിലെ ജനാധിപത്യപാ രമ്പര്യം കണ്ടെടുക്കുന്നതിൽ തല്പരരായിരുന്നില്ല.

കൊളോണിയൽ കാലഘട്ടത്തിൽ ഇന്ത്യയിൽ നിന്ന് ഇംഗ്ലീഷിലേക്ക് നട ത്തിയ വിവർത്തനങ്ങളുടെ സ്വഭാവവും അതിന്റെ പരിമിതികളും മനസ്സിലാക്കി ഇന്ത്യയുടെ സമ്പന്നമായ സാഹിത്യപരവും സംസ്കാരികപരവും രാഷ്ട്രീയപരവുമായ ചരിത്രം തിരിച്ചു പിടിക്കുക എന്ന ദൗത്യം വിവർത്തകന്റേതാണ്. അപനിർമ്മാണ ത്തിന്റെയും അപകോളനീകരണത്തിന്റെയും അതിരുകൾക്കുള്ളിലെ സാംസ്കാരിക

പ്രതിരോധപ്രക്രിയയായിട്ടാണ് വിവർത്തനത്തെ ബർബെറാ ഹാർലൊ[3] നിർവചിക്കുന്നത്. വിവർത്തനത്തിന്റെ മേൽ പറഞ്ഞ ദൌത്യത്തെ ആണ് ഹാർലൊ സൂചിപ്പിക്കുന്നത്. ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയിലും വികാസത്തിലും ഇടപെടാൻ ശേഷിയുള്ള വിവർത്തനങ്ങൾ പോസ്റ്റ്കൊളോണിയൽ ചരിത്രരചനയിലും ഇടപെടാൻ സഹായകമാണ്.

പാശ്ചാത്യ വിവർത്തനപഠനങ്ങളിൽ പ്രവാസം (exile), പതനം (fall) തുടങ്ങിയരൂപകങ്ങളോടാണ് വിവർത്തനത്തെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത് എന്ന് ഗണേശ് ഡെവി നിരീക്ഷിക്കുന്നുണ്ട്[4]. ബാബേൽ ഗോപുര പ്രതിസന്ധിയായാലും ഹില്ലീസ് മില്ലറിന്റെ അലഞ്ഞുതിരിയുന്ന പ്രവാസമായാലും വിവർത്തനകൃതിയുടെ സഹിത്യാധികാരികത കുറക്കുന്ന പഠനങ്ങളാണെന്നാണ് ഡെവിയുടെ വീക്ഷണം. ഒരു കൃതിയെ ഉപജീവിച്ചുണ്ടായ വിവർത്തനകൃതിയെ മൂലകൃതിയുടെ മരണാനന്തരജീവിതമായാണ് പാശ്ചാത്യ സൌന്ദര്യശാസ്ത്രം കാണക്കാക്കുന്നത്[5]. ഇവിടെ മൂലകൃതിക്ക് ശേഷം വിവർത്തനകൃതിയുണ്ടാവുക എന്നത് ആ കൃതിക്ക് അപരാധബോധമോ കുറ്റബോധമോ ആണ് പ്രദാനം ചെയ്യുന്നത്. യൂറോപ്യൻ ആധുനികതയുടെ വ്യക്തിബോധം വിവർത്തനത്തെ അപരന്റെ മേലുള്ള കടന്നുകയറ്റമായും ലേഖനത്തിൽ നിരീക്ഷിക്കുന്നുണ്ട്.

എന്നാൽ ഏകഭാഷാസംസ്കാരമുള്ള യൂറോപ്യൻ വിവർത്തനസിദ്ധാന്തങ്ങൾ ബഹുഭാഷാ ഇന്ത്യൻ വിവർത്തന സംസ്കാരത്തെ പഠിക്കാൻ പര്യാപ്തമല്ല. മൌലികതയെ കുറിച്ചുള്ള ദൃഢവാദങ്ങളോ വിശ്വസ്തതയെ കുറിച്ചുള്ള ഉത്കണ്ഠകളോ വ്യതിയാനങ്ങളെ കുറിച്ചുള്ള ഭീതികളോ ഇല്ലാതിരുന്ന ഇന്ത്യൻ വിവർത്തന സംസ്കാരത്തെ സച്ചിദാനന്ദൻ സൂചിപ്പിക്കുന്നുണ്ട്[6]. ഇവിടെ ആത്മാവ് തന്റെ പഴയ ദേഹം ഉപേക്ഷിച്ച് പുതിയ ദേഹത്തിലേക്ക് പ്രവേശിക്കുന്ന പുനഃർജന്മസങ്കല്പത്തെ ആണ് പാശ്ചാത്യ മരണാനന്തരജീവിത (Afterlife) ഉപമയ്ക്ക് പകരമായി ഡെവി നിർദേശിക്കുന്നത്. ഇവിടെ ആത്മാവിനാണ് പ്രധാന്യം. കൃതിയുടെ മൌലികതയ്ക്കല്ല. അത്കൊണ്ട് തന്നെ മൂലകൃതിയെ പരിവർത്തനം ചെയ്യാനും പുനസ്ഥാപിക്കാനും പുനരുജ്ജീവിപ്പിക്കാനും വിവർത്തകർക്ക് സാധിക്കും.

ബുദ്ധാദർശങ്ങൾ കേരളത്തിൽ

ബി.സി. മൂന്നാം നൂറ്റാണ്ട് മുതൽ എ.ഡി. ഏട്ടാം നൂറ്റാണ്ട് വരെ കേരളീയ

ജീവിതത്തിൽ ശക്തമായ സ്വാധീനം ചെലുത്തിയിരുന്ന ബുദ്ധമതം ആദർശങ്ങൾ ബ്രഹ്മണമതത്തിന്റെ ആക്രമണത്തിൽ ചെറുത്തുനിൽക്കാൻ കഴിയാതെ രംഗമൊഴിയുന്നതായി ചരിത്രത്തിൽ കാണാം. പിന്നീട് മലയാള സാഹിത്യത്തിൽ ബുദ്ധനെ വീണ്ടും കണ്ടെത്തുക എന്ന ശ്രമങ്ങൾ ആരംഭിക്കുന്നത് നവോത്ഥാനസംരംഭങ്ങളാണ്. ബുദ്ധൻ കരുണ, അഹിംസ എന്നിവയിലൂടെ ജനങ്ങളുടെ സമത്വം, സ്വാതന്ത്ര്യം എന്നിവയ്ക്ക് ഊന്നൽ നല്കി. കൊളോണിയൽ യൂറോ സമീപനങ്ങളോ അതിന്റെ ചുവടുപിടിച്ചുണ്ടായ പൌരസ്ത്യ സവർണ സമീപനങ്ങളോ ബുദ്ധന്റെ രാഷ്ട്രീയതത്വചിന്ത ഇന്ത്യൻ ജനാധിപത്യപാരമ്പര്യം എന്ന നിലയിൽ തിരിച്ചറിഞ്ഞിരുന്നില്ല. പാശ്ചാത്യവർഗനീതിയിൽ നിന്നും സവർണ ജാതിനീതിയിൽ നിന്നും വ്യത്യസ്തമാണ് ബുദ്ധന്റെ നീതിസങ്കൽപ്പം. നവോത്ഥാനത്തിലെയും ആധുനികതയുടെയും പ്രധാന ആലോചനകളിൽ ഒന്ന് മനുഷ്യനാവുക എന്നതായിരുന്നു. സമൂഹത്തിലെ അനേകമനേകം കെട്ടുപാടുകളിൽ നിന്ന് മനുഷ്യത്വത്തെ നിർദ്ധാരണം ചെയ്യുക എന്നത് സാമൂഹിക പരിഷ്കർത്താക്കളുടെ മുഖ്യ ആശയമായിരുന്നു.

ധർമ്മപദ വിവർത്തനങ്ങൾ

ബുദ്ധമതസാഹിത്യത്തിലെ വിശിഷ്ടഗ്രന്ഥമായ 'ധർമ്മപദ'ത്തിന് ഹിന്ദിയിലും തമിഴിലും ഇംഗ്ലീഷിലും മലയാളത്തിലും ആയി ഇന്ത്യയിൽ തന്നെ ധാരാളം വിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്[7]. ശ്രീബുദ്ധന്റെ ധർമ്മ ഉപദേശങ്ങളുടെ സമാഹാരമാണ് 'ധർമ്മപദം'. ബുദ്ധമതത്തിന്റെ മൂന്ന് പിടകങ്ങളിലൊന്നായ സുത്തപിടകത്തിലെ അഞ്ച് വിഭാഗങ്ങളിലൊന്നായ ഖുദ്ദകനികായത്തെ പതിനഞ്ച് ഉപവിഭാഗങ്ങളാക്കിയതിൽ ഒന്നാണ് ധമ്മപദം അഥവാ ധർമ്മപദം. 1925ലാണ് മൂലൂർ എസ് പത്മനാഭപണിക്കർ പാലി ഭാഷയിൽ നിന്ന് മലയാളത്തിലേക്ക് ഈ കൃതി നേരിട്ട് വിവർത്തനം ചെയ്തത്[8]. അതിന് മുമ്പ് 1915 ൽ തേലപ്പുറത്ത് നാരായണനമ്പി ഈ കൃതി പാലി ഗാഥയും സംസ്കൃതച്ഛായ ശ്ലോകവും ഉൾപ്പെടുത്തി മലയാളത്തിലേക്ക് പരിഭാഷപെടുത്തിയിരുന്നു. ധർമ്മപദത്തിന് മലയാളത്തിൽ പിന്നീടും പരിഭാഷകൾ ഉണ്ടായി എങ്കിലും നവോത്ഥാനസന്ദർഭത്തിൽ ഉണ്ടായ രണ്ട് വ്യത്യസ്ത പരിഭാഷകൾ എന്ന നിലയ്ക്ക് മൂലൂരിന്റെയും നാരായണനമ്പിയുടെയും കൃതികളാണ് ഇവിടെ പരിഗണിച്ചിരിക്കുന്നത്.

ധർമ്മപദം ഗദ്യത്തിലും കിളിപ്പാട്ടിലും

മേൽ സൂചിപ്പിച്ച വിവർത്തനങ്ങൾ ഒരേ കൃതിയുടെ തന്നെ ഒരേ കാലഘട്ടത്തിൽ വരുന്ന വ്യത്യസ്ത രൂപത്തിലുള്ള രണ്ട് ആഖ്യാനങ്ങളാണ്. ഇരുപത്തിയാറ് അധ്യായങ്ങളിലായി 423 ഗാഥകളടങ്ങിയ 'ധർമ്മപദം' നമ്പി ഗദ്യത്തിൽ പരിഭാഷപ്പെടുത്തിയപ്പോൾ മൂലൂർ കിളിപ്പാട്ട് രൂപത്തിലാണ് പരിഭാഷപ്പെടുത്തിയത്. ആധുനികതയുടെ പുതിയ ആശയങ്ങൾ നിർമിക്കുന്ന അനുഭവലോകങ്ങളെ ആവിഷ്കരിക്കുന്ന രൂപം എന്ന നിലക്കാണ് ഗദ്യത്തെ മനസ്സിലാക്കുന്നത്. പത്രാധിപനും ബഹുഭാഷാ പണ്ഡിതനുമായ തേലപ്പുറത്ത് നാരായണനമ്പി ധാരാളം പദ്യഗദ്യങ്ങൾ എഴുതിയിട്ടുണ്ട്. നിരവധി മാസികകളിൽ ലേഖനങ്ങൾ എഴുതിയിരുന്ന നമ്പി തന്റെ ഇംഗ്ലീഷ് സമ്പർക്കം കൊണ്ടും കർമ്മമേഖല പത്രമായതുകൊണ്ടും ഗദ്യത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ ഫ്യൂഡൽഘട്ടത്തിന്റെ വ്യവഹാരരൂപമായ പദ്യത്തിൽ തന്നെയാണ് മൂലൂർ കാവ്യം രചിച്ചത് എന്നത് ശ്രദ്ധേയമാണ്. ഭക്തിപ്രസ്ഥാനത്തിന്റെ സാഹിത്യജനുസ്സായ കിളിപ്പാട്ട് രൂപത്തിൽ കേകവൃത്തത്തെയാണ് കവി തെരെഞ്ഞെടുത്തത്. അതുവരെ ഇതിഹാസപുരാണങ്ങളും മഹാകാവ്യങ്ങളും മാത്രം പ്രതിപാദിച്ച രൂപത്തിൽ ബുദ്ധന്റെ ചരിതം രചിക്കുക എന്നതിന് തുടക്കം കുറിച്ചത് കുമാരനാശാനാണ്. അതേ രാഷ്ട്രീയചിന്ത തന്നെയാണ് ബുദ്ധന്റെ ഉപദേശങ്ങളും ഈ രൂപത്തിൽ അവതരിപ്പിക്കാൻ മൂലൂരിനെ പ്രേരിപ്പിച്ചത്. ഏതു ഗൌരവമുള്ള വിഷയം പ്രതിപാദിക്കാനും ദ്രാവിഡവൃത്തങ്ങൾക്ക് കരുത്തുണ്ടെന്ന് മൂലൂർ തിരിച്ചറിഞ്ഞിരുന്നു.

സാമൂഹ്യപരിഷ്ക്കരണ സന്ദർഭത്തിലെ ബുദ്ധസ്വാധീനം

ശ്രീനാരായണഗുരുവിന്റെ സഹഗാമിയായ മൂലൂർ തന്റെ സാമൂഹിക പരിഷ്ക്കരണ പ്രവർത്തനത്തോടൊപ്പം കാവ്യസപര്യയും കൊണ്ടുപോയതിന്റെ തെളിവാണ് 'ധർമ്മപദ വിവർത്തനം'. അത്തരമൊരു കൃതി മലയാള കാവ്യസരണിയിലേക്ക് വിവർത്തനം ചെയ്യപെടുന്ന സന്ദർഭം (Context) പ്രധാനമാണ്. അവഗണിക്കുകയും അടിച്ചമർത്തപ്പെടുകയും ചെയ്ത പിന്നോക്ക വിഭാഗത്തിന്റെ മോചനവും പുരോഗതിയും ബുദ്ധമതാശയങ്ങളുടെ പ്രചരണത്തിലൂടെ സാധ്യമാകുമെന്ന മൂലൂരിന്റെ ദർശനമാണ് അദ്ദേഹത്തെ ഈ വിവർത്തനദൗത്യത്തിലേക്കെത്തിച്ചത്. 1894 ൽ തന്നെ മൂലൂർ കവിരാമായണത്തിലൂടെ അവർണരെ സാഹിത്യക്ഷേത്രത്തിൽ

പ്രവേശിപ്പിച്ച് അവർക്കർഹമായ സ്ഥാനം നല്കുന്നതിൽ വിജയിച്ചിരുന്നു.

മൂലൂർ സമുദായപരിഷ്കരണത്തിന് വേണ്ടി എസ് എൻ ഡി പി യോഗ പ്രവർത്തനങ്ങളുമായി വ്യാപൃതനായിരുന്നു. അതേ സമയം നാരായണനമ്പി പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ കേരളത്തിന്റെ സാമൂഹികപരിഷ്കരണങ്ങൾക്കും മതനവീകരണത്തിനും സ്വതന്ത്ര്യസമരപോരാട്ടങ്ങൾക്കും ഊർജം പകർന്ന തിയോസഫിക്കൽ സൊസൈറ്റിയുമായി ബന്ധപ്പെട്ട സാഹിത്യപ്രവർത്തനങ്ങളിൽ പ്രധാനി ആയിരുന്നു. 1911 ൽ തിയോസഫിക്കൽ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇറങ്ങിയിരുന്ന 'സനാതനധർമ്മം' മാസികയുടെ പത്രാധിപനായിരുന്നു അദ്ദേഹം. ഈ മാസികയിലൂടെ ആണ് നാലപ്പാടന്റെ 'പൌരസ്ത്യദീപം' പരിഭാഷ, ഗീതഞ്ജലിയുടെ മലയാള പരിഭാഷ എന്നിവ പ്രസിദ്ധീകരിച്ചത്.

സാമൂഹികപരിഷ്ക്കരണപ്രസ്ഥാനങ്ങൾ വിവർത്തനത്തെ സാംസ്കാരിക പ്രതിരോധമായാണ് കാണുന്നത്. പുതിയ സമൂഹസൃഷ്ടിക്ക് പറ്റിയ ബോധമണ്ഡലം നിർമ്മിക്കുന്നതിൽ ഇത്തരം സാഹിത്യകൃതികളുടെ വിവർത്തനങ്ങളുടെ പങ്ക് വലുതാണ്. സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾക്ക് പുറമെ നവോത്ഥാനകാലത്ത് ബുദ്ധന്റെ ആശയങ്ങൾ കേരളത്തിൽ പ്രചരിപ്പിക്കുന്നതിന് മറ്റ് മൂന്ന് ഘടകങ്ങൾ കൂടി ശ്രമിച്ചതായി 'ബൌദ്ധസ്വാധീനം കേരളത്തിൽ' എന്ന കൃതിയിൽ പവനൻ പരാമർശിക്കുന്നുണ്ട്. കുട്ടികൾക്ക് വേണ്ടി മലയാളത്തിലെയും ചരിത്രത്തിലെയും പാഠപുസ്തങ്ങളിൽ വന്നിട്ടുള്ള സദുദ്ദേശ്യ ബുദ്ധമതകഥകളാണ് ഒന്നാമത്തേത്. കേരളത്തിലെ തിയോസഫിസ്റ്റ് അനുയായികൾ 1896 ൽ ആനിബസന്റ് അഡയാറിൽ വെച്ച് നടത്തിയ പ്രഭാഷണത്തിന്റെ പിൻപറ്റി നടത്തിയ വിവർത്തനങ്ങളാണ് രണ്ടാമത്തേത്. ഹിന്ദുമതത്തെയും ബുദ്ധമതത്തെയും ഒരേ കുരക്ക് കീഴിൽ കൊണ്ട് വരാൻ തീവ്രശ്രമം നടത്തുക എന്നതായിരുന്ന ആ ആഹ്വാനം. മൂന്നാമത്തേത് മാതൃഭാഷയെ പരിപോഷിപ്പിക്കാനാഗ്രഹിച്ച് സാഹിത്യപ്രണയികൾ നടത്തിയ വിവർത്തനശ്രമങ്ങളാണ്.

ധമ്മവും സനാതനധർമ്മവും നവോത്ഥാനവും

വൈദിക വേദാന്ത സനാതനധർമ്മത്തിൽ നിന്നും പ്രബുദ്ധ നൈതികമായ ബുദ്ധധർമ്മത്തെ വേർതിരിക്കാനാണ് ധമ്മം എന്ന പാലി പദം ഉപയോഗിക്കാറ്. എന്നാൽ സനാതനധർമ്മം എന്ന് തന്നെ രണ്ട് വിവർത്തനങ്ങളിലും

ഉപയോഗിച്ചിരിക്കുന്നു. ധർമ്മം ഇച്ഛാപൂർവ്വമായ കർമ്മമാണ്. മനസ്സാണ് മനുഷ്യ പ്രവർത്തനങ്ങളുടെ നിദാനം. പ്രാചീന ഇന്ത്യയിലെ മനുഷ്യനെ വേർതിരിച്ചിരുന്നത് ശുദ്ധാശുദ്ധബോധത്തിൽ നിന്നാണ്. ആര്യാവർത്തത്തിലെ പ്രാചീനസമൂഹത്തിന് അവരൊഴികെ മറ്റെല്ലാവരും മ്ലേച്ഛന്മാരായിരുന്നു. ആര്യൻ-മ്ലേച്ഛൻ എന്നൊരു ദ്വന്ദം തന്നെ നിലനിന്നിരുന്നു. വർണ്ണം, ഭാഷ, ശുദ്ധി, തൊഴിൽ എന്നിങ്ങനെ എല്ലാത്തിലും അപരത്വം (otherness) ബോധപൂർവം അവർ സൃഷ്ടിച്ചു. അപരനെ തന്നോടുപമിച്ചു കാണുന്ന "ആത്മാനം ഉപമം കൃത്വാ" എന്ന ബുദ്ധന്റെ നിർദേശം സ്വാർത്ഥചിന്തയിൽ നിന്ന് പിന്തിരിപ്പിക്കും. ആര്യൻ, ഉത്തമപുരുഷൻ, ശുദ്ധഭാഷ സംസാരിക്കുന്നവർ എന്നിങ്ങനെ ബ്രാഹ്മണൻ തങ്ങളാണ് ഉത്കൃഷ്ടർ എന്ന് ധരിക്കുമ്പോഴാണ് ധർമ്മപദത്തിലെ മൂലൂരിന്റെ വരികൾ പ്രസക്തമാവുന്നത്.

"ഒരുവൻധനമത്തനധികപ്രസംഗിതാ
നൊരുബ്രഹ്മണിയുടെ ഗർഭത്തിൽപിറന്നുപോൽ
പരമിത്തുച്ഛമായഹേതുവേമുൻനിർത്തി
പറകില്ലവനെ ഞാൻ ബ്രഹ്മണപദത്തിനാൽ
ദരിദ്രനാശാതീതനീദൃശനായൊരാളെ
പറയാൻമടീക്ക ഞാൻ 'ബ്രാഹ്മണ'നെന്നപേരാൽ" (മൂലൂർ, 1960:85)

ജന്മം കൊണ്ടല്ല ഒരാൾ ബ്രാഹ്മണൻ ആകുന്നത് കർമ്മം[9] കൊണ്ടാണ് എന്ന് സമൂഹത്തിൽ ഉറപ്പിക്കാനുള്ള ശ്രമമാണ് ബ്രാഹ്മണവർഗ്ഗം എന്ന അവസാന അധ്യായം കൊണ്ട് കാവ്യം ശ്രമിക്കുന്നത്. എന്താണ് യഥാർത്ഥ സനാതനാധർമ്മം[10], യഥാർത്ഥ ബ്രാഹ്മണൻ, ആര്യധർമ്മം, പരമുക്തി, എന്നിവ കാവ്യം വിവരിക്കുന്നുണ്ട്. വൈദികമതത്തിന്റെ വരേണ്യചിന്തകളിൽ ഉറച്ചുപോയ വിശ്വാസപ്രമാണങ്ങളിൽ നിന്നും ഇവ തികച്ചും വ്യത്യസ്തമാണ്. "ധർമ്മത്തെ പാലിക്കുന്നവൻ പ്രസന്നചിത്തനായി സുഖമായി ശയിക്കുന്നു(ഉറങ്ങുന്നു). പണ്ഡിതൻ (ബുദ്ധിമാൻ) ആര്യന്മാർ പ്രതിപാദിച്ച ധർമ്മത്തിൽ സദാ രമിക്കുന്നു"(നാരായണനമ്പി 2012:62) എന്നതിലൂടെ പ്രമാണങ്ങളെ മാറ്റി ചിന്തിക്കുന്നുണ്ട്.

പൌരസമൂഹത്തിന് അനുയോജ്യമായ പെരുമാറ്റസംഹിത രൂപവൽക്കരിച്ച പ്രാചീന ചിന്തകനായാണ് കാഞ്ച ഐലയ്യ ബുദ്ധനെ കാണുന്നത് (87:2017). കാർഷികവൃത്തി പ്രധാന ഉപജീവനമാർഗമായിരുന്ന കാലത്ത് ബ്രാഹ്മണരുടെ മൃഗബലി, യാഗയജ്ഞങ്ങൾ[11] എന്നിവയെ നിവാരണം ചെയ്യുന്ന ചിന്തകളാണ്

ബുദ്ധൻ മുന്നോട്ട് വെച്ചത്. ചുരുക്കത്തിൽ ബുദ്ധൻ വിഭാവനം ചെയ്യുന്ന മനുഷ്യന്റെ മനസ്സ്, കർമ്മം, ചിന്തകൾ എന്നിവ പ്രകൃതിയെയും മറ്റ് ജീവജാലങ്ങളെ കൂടി ഉൾ കൊള്ളുന്നതാണ്.

ശരീരം-മനസ്സ്, മനുഷ്യൻ -പ്രകൃതി ദ്വന്ദങ്ങൾ

ശരീരം-മനസ്സ് എന്ന ദ്വന്ദത്തിൽ ബുദ്ധചിന്തകളിൽ ശരീരത്തോടൊപ്പം ഒരുപക്ഷേ ശരീരത്തേക്കാൾ പ്രധാനം മനസ്സിനുണ്ട്. ബുദ്ധചിന്തകളിലെ പ്രലോഭകൻ മാരൻ ആണ്. മനസ്സിനെ ഇന്ദ്രിയങ്ങളെ വികാരത്തെ നിയന്ത്രിക്കുന്നവൻ ശ്രേഷ്ഠനാണ്. അവർ മാരനെ ജയിച്ചവരാണ്. അത്കൊണ്ട് തന്നെ ധർമ്മപദത്തിൽ ഉടനീളം മാരനെ അപരനായി കാണുന്നുണ്ട്. കേരളത്തിന്റെ അന്നത്തെ അവസ്ഥയിൽ ശരീരം ജാതിശരീരങ്ങളായിരുന്നു. ശരീരം പ്രധാനമായിരുന്ന സമൂഹത്തിൽ ഓരോ വ്യക്തിയുടെയും മനസ്സിലെ ചിന്തകളിൽ നവോത്ഥാനം കൊണ്ടുവരിക എന്ന ദൌത്യമാണ് മൂലൂരായാലും നാരായണനമ്പിയായാലും ഏറ്റെടുത്തത്. വൈദിക ചിന്തയിൽ പ്രധാനമായ ശരീരം-ആത്മാവ് ദ്വന്ദത്തിൽ ആത്മാവിന് പകരമാണ് മനസ്സിനെ ബുദ്ധൻ പ്രതിഷ്ഠിക്കുന്നത്.

മനുഷ്യൻ-പ്രകൃതി എന്ന ദ്വന്ദത്തിലും മനുഷ്യനോടൊപ്പം തന്നെ പ്രധാനമാണ് പ്രകൃതി എന്നത്. എല്ലാത്തിലും മധ്യമാർഗമാണ് ബുദ്ധൻ ദീക്ഷിച്ചത്. കാവ്യത്തിലുടനീളം പ്രകൃതിയെ മനുഷ്യനിൽ നിന്ന് വ്യത്യസ്തമായി കാണുന്നില്ല. പണ്ഡിതന്മാർ പർവ്വതം പോലെ ഇളക്കം തട്ടാത്തതാണ്, അവർ അഗാധജലാശയം പോലെ ആണ്, ഹംസങ്ങൾ പൊയ്കയിൽ എന്ന പോലെ, ആകാശത്തിലെ പക്ഷിയുടെ മാർഗം, ഭൂമിയെ പോലെ ക്ഷമ, വിട്ട് പോകാത്ത നിഴൽ, കൊടുങ്കാറ്റ്, വൃക്ഷം, വെള്ളപ്പൊക്കം, മഴ, തുടങ്ങി എല്ലാ പ്രകൃതി പ്രതിഭാസങ്ങളും മനുഷ്യന്റെ മനസ്സിനെയും കർമ്മത്തെയും ചിന്തകളെയും വിശദീകരിക്കാൻ കാവ്യം പര്യാപ്തമാക്കുന്നു.

ഇഹലോകം-പരലോകം, പാപം-പുണ്യം, സ്വർഗം-നരകം ദ്വന്ദങ്ങൾ മറ്റു മതങ്ങളിൽ നിന്ന് വ്യത്യസ്തമായി വൈദികമതത്തിൽ പുനർജന്മവുമായി ബന്ധപ്പെട്ടതാണ്. ബുദ്ധനെ ഭൌതികവാദത്തിന്റെയും ആത്മീയവാദത്തിന്റെയും സംയോജിതരൂപത്തിന്റെ വക്താവായിട്ടാണ് കാഞ്ച ഐലയ്യ രേഖപ്പെടുത്തുന്നത്(2017:84). പൌരോഹിത്യം പഠിപ്പിച്ച പാപപുണ്യ സങ്കൽപത്തിന്റെ സ്ഥാനത്ത് എല്ലാ ജീവികളും തങ്ങളുടെ കർമ്മങ്ങൾക്കനുസരിച്ചാണ് സ്ഥാനം എന്ന് കാവ്യം

സ്ഥാപിക്കുന്നു.

"പാപങ്ങൾനീക്കിവാഴ്വോൻ ബ്രഹ്മണനത്രേ, ശമ-
മാപന്നമാക്കിസഞ്ചരിപ്പവൻ ശ്രമണനാം
തന്നശ്രുദ്ധിയെക്കളയുന്നതുകാരണത്താൽ
മിന്നുന്നു 'പതിവ്രാജകാ' ഭിഖ്യകൊണ്ടുമർത്ത്യൻ " (മൂലൂർ, 1960:84)

ഉപമകളിലെ തൊഴിൽബോധം

ഈ കാവ്യത്തിലെ ഉപമകൾ സാധാരണക്കാരന്റെ ദൈന്യദിനജീവിത ത്തോട് അഭേദ്യബന്ധം പുലർത്തുന്നവയാണ്. ഉദ്ബോധനത്തിന് സാധാരണക്കാ രന്റെ പാലിഭാഷ തെരെഞ്ഞെടുത്ത അതേ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഉപമകളെയും ചിന്തകളുമായി കൂട്ടിയോചിപ്പിക്കുന്നത്.

"തോയശില്പികൾ തോയംസ്വേച്ഛയാനായിക്കുന്നു-
ണ്ടായുധംചൊവ്വാക്കുന്നു ശാസ്ത്രവേലക്കാർനാട്ടിൽ
തക്ഷാവു മരത്തിനേച്ചിന്തിച്ചപോലാക്കുന്നു
പ്രേക്ഷാവാനാത്മാവിനേത്തന്റെകീഴടക്കുന്നു" (മൂലൂർ, 1960:19)

സാധാരണക്കാരന്റെ തൊഴിലുകളിലെ സന്ദർഭങ്ങൾ കാവ്യോപമകളിലൂ ടെ അവതരിപ്പിക്കുക വഴി സമൂഹത്തിലെ തൊഴിലുകാരണം താഴെ തട്ടിലായവരെ കൂടി ഉൾപ്പെടുന്ന ഒരു സംഘബോധനിർമിതിക്ക് ബുദ്ധന് സാധിച്ചു. കാളവണ്ടിക്കാ രൻ, പശുവിനെ നോക്കുന്ന ഇടയൻ, ആയുധവേലക്കാരൻ, മീൻപിടുത്തക്കാരൻ, മൺകൂടനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നവർ, മാലകെട്ടുന്നയാൾ എന്നിവരുടെ കഴിവിനെ ആണ് കർമ്മത്തിനും ധർമ്മത്തിനും ഇന്ദ്രിയവിജയത്തിനും ഉദാഹര ണങ്ങളും ഉപമയും ആയി കാവ്യം മുന്നോട്ട് വെക്കുന്നത്. തൊഴിൽവിഭജനം ഉത്പാ ദകതൊഴിൽക്കൂട്ടങ്ങളായാണ് കാവ്യം പരിഗണിക്കപ്പെട്ടത്, ജാതികളായല്ല. അത് കൂടാതെ കറിയിലെ തവി, ഉറകൂടുന്ന പാൽ, വാതിൽ തഴുത്, തേൻ തുടങ്ങി സാധാ രണക്കാരന്റെ ജീവിതത്തിലൂടെ ആണ് തത്വചിന്തകൾ അവതരിപ്പിക്കുന്നത്[12].

ഉപസംഹാരം

മൂലൂരിന്റെയും നാരായണനമ്പിയുടെയും ധർമ്മപദവിവർത്തനങ്ങൾ മൂ ലകൃതിയെ പാദാനുപദമായി തന്നെ പിൻപറ്റുന്നവയാണ്. പത്തൊമ്പതാം നൂറ്റാ

ണ്ടോടുകൂടി ഇന്ത്യപോലുള്ള ദേശരാഷ്ട്രങ്ങൾ കൊളോണിവാഴ്ചയ്ക്കും അവരുടെ ഭരണവ്യവസ്ഥയ്ക്കും പൂർണമായി അടിപ്പെട്ടപ്പോൾ സമമൂല്യത, വിശ്വസ്തത തുടങ്ങിയ പരിഭാഷയുടെ കോളണീകരണ യുക്തിക്ക് കൂടി അടിമപ്പെട്ടതായി കാണാം. എങ്കിലും ആഖ്യാനരീതി കൊണ്ടും ആശയം കൊണ്ടും മനവികമായ സംസ്കാരത്തിന്റെയും നീതിയുടെയും ജനായത്തത്തിന്റെയും പുത്തനുണർവ്വായ കേരളനവോത്ഥാനത്തിന്റെ ചാലക ശക്തിയാവാൻ ഇന്ത്യനായ ബുദ്ധപാരമ്പര്യത്തെ കണ്ടെടുത്തു എന്ന നിലക്ക് ഈ രണ്ട് വിവർത്തനകൃതികളും പ്രസക്തമാണ്. നാരായണനമ്പിയുടെ വിവർത്തനം തിയോസഫിക്കൽ സൊസൈറ്റിയുടെ കേവലമതനവീകരണത്തെ ലക്ഷ്യം വെച്ച ഇന്ത്യൻ നവോത്ഥാനത്തിന്റെ പ്രതിനിധാനമാകുമ്പോൾ മൂലൂരിന്റെ വിവർത്തനം സമൂഹത്തിന്റെ ഘടനയിൽ തന്നെ മാറ്റംവരുത്താൻ തുനിഞ്ഞ കേരളീയനവോത്ഥാനത്തിന്റെ താഴെ അടരുകളിൽ നിന്നുണ്ടായ ശബ്ദത്തിന്റെ പ്രതിനിധാനമാണ്.

കുറിപ്പുകൾ

1. രാജാറാം മോഹൻറായിയുടെ നേതൃത്വത്തിൽ നടന്ന സതിനിരോധനം, വിധവാ വിവാഹം, ശൈശവവിവാഹ നിരോധനം തുടങ്ങിയ പരിഷ്കരണ ദൌത്യങ്ങളെ കെ. ജി. പൌലോസ് നവോത്ഥാനമായല്ല കാണുന്നത്. മതനവീകരണ ശ്രമങ്ങളായാണ്.
2. സൂത്രങ്ങളിലും പിടകങ്ങളിലും ഉള്ളതിന്റെ ആധികാരികതയെ സംബന്ധിച്ച ചർച്ചകൾ യൂറോകേന്ദ്രിത ചിന്തകരുടെയും വരേണ്യപണ്ഡിതന്മാരുടെയും വിനോദങ്ങളാണെന്ന് കാഞ്ച ഐലയ്യ (ഗോഡ് ആസ് പൊളിറ്റിക്കൽ ഫിലോസഫർ :ബുദ്ധാസ് ചലഞ്ച് ടു ബ്രഹ്മണിസം)
3. റോമി ഹേലെൻ (Translation, Poetics, and the Stage) തന്റെ പുസ്തകത്തിന്റെ അവതാരികയിൽ ബാർബെറാ ഹാർലോ മൂന്നാം ലോകസംസ്കാരം എന്ന് വിളിക്കപ്പെടുന്നിടങ്ങളിലെ വിവർത്തനപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനെ പരാമർശിക്കുന്നുണ്ട്. ഹാർലൊ തന്റെ 'അപനിർമാണത്തിൽ നിന്ന് അപകോളൊണീകരണത്തിലേക്ക്:വിവർത്തനത്തിന്റെ രാഷ്ട്രീയ അജൻഡ' എന്ന പേപ്പറിൽ ഭിന്ന സമൂഹങ്ങൾ തമ്മിലുള്ള ആശയവിനിമയത്തിന്റെ രാഷ്ട്രീയതന്ത്രമായും വിവർത്തനത്തെ നിർവചിക്കുന്നുണ്ട്.
4. പോസ്റ്റ് കൊളോണിയൽ വിവർത്തനം : സിദ്ധാന്തവും പ്രയോഗവും (Eds.)സൂസൻ ബാസ്നെറ്റ്. ഹരീഷ് ത്രിവേദി

5. വാൾട്ടർ ബെന്യമിൻ (ദി ടാസ്ക് ഓഫ് ട്രാൻസിലേറ്റർ) തന്റെ ലേഖനത്തിൽ വിവർത്ത നകൃതിയെ മൂലകൃതിയുടെ മരണാനന്തരജീവിതമായാണ് (After life) കാണുന്നത്.

6. മൂലകൃതി എന്ന സങ്കൽപത്തെ പാശ്ചാത്യ സിദ്ധാന്തങ്ങൾ ചോദ്യം ചെയ്യുന്നതിന്ന് മുമ്പ് തന്നെ ഇന്ത്യൻ സംസ്കാരം ചോദ്യം ചെയ്തിരുന്നു എന്ന് സച്ചിദാനന്ദൻ. (വിവർത്തന വും സംസ്കാരപഠനവും, 2012:12)

7. നാല് പുരാതന പാഠങ്ങളാണ് ധർമ്മപദത്തിനുള്ളത്. ഒന്ന് പാലി ധർമ്മപദം, രണ്ട് ഖരോഷ്ഠി ലിപിയിലുള്ള ഗാന്ധാരി ധർമ്മപദം, മൂന്ന് സംസ്കൃത ധർമ്മപദം, മഹാസാം ഘിക ധർമ്മപദം എന്നിവയാണവ. മലയാളത്തിൽ ഉണ്ടായിട്ടുള്ള ധർമ്മപദ വിവർ ത്തനങ്ങളിൽ ആദ്യത്തേത് 1914ൽ പ്രസിദ്ധീകരിച്ച തേലപ്പുറത്ത് നാരായണനമ്പിയു ടെ ഗദ്യപരിഭാഷയാണ്. പിന്നീട് മൂലൂർ 1925 ൽ കിളിപ്പാട്ട് രൂപത്തിൽ വിവർത്തനം ചെയ്തു. 1931 ൽ കെ ജി പണിക്കർ ഗദ്യത്തിൽ തന്നെ വ്യാഖ്യാനം നിർവഹിക്കുന്നുണ്ട്. 1959 ൽ കെ രാഘവൻ തിരുമുൽപ്പാട് ബുദ്ധധർമ്മം എന്ന പേരിൽ പദ്യത്തിലും 1998 ൽ വിജ്ഞ വി നായർ ഗദ്യത്തിലും 2000 ൽ മാധവൻ അയ്യപ്പത്ത് പദ്യത്തിലും ധർമ്മപദം വിവർത്തനം ചെയ്തിട്ടുണ്ട്. ഓരോ വിവർത്തനങ്ങളുടെയും ലക്ഷ്യം വ്യത്യസ്തമാണ്.

8. "വാഗ്മികൾ മകുടമാ 'മയ്യപ്പൻ ബി- എ'യുടെ
വാക്കിനേയനുസരിച്ചാദരാൽ ഞാനിങ്ങനെ
കോളംബമായിരത്തിയൊരു നൂറാമതാണ്ടിൽ
മേളിക്കും കുംഭമാസമിരുപത്തൊമ്പതാം നാൾ
ഘടികായന്ത്രമൊന്നേകാലടിക്കവേ ധർമ്മ-
ഘടിതഗ്രന്ഥത്തിന്റെ തർജ്ജിമ പൂർണ്ണമാക്കി"

   എന്ന വരികളിൽ നിന്നും കൊല്ലം 1100 ആണ്ടിൽ തർജമ പൂർത്തിയാക്കി എന്ന് മന സിലാക്കാം. എന്നാൽ ഈ കൃതി പ്രസിദ്ധീകരിച്ചത് 1960 കളിലാണ്. 1925 ൽ നവോ ത്ഥാനകാലത്ത് സഹോദരൻ കെ അയ്യപ്പന്റെ പ്രേരണയാൽ ആണ് വിവർത്തനം ചെയ്തത് എന്നും വരികളിൽ കാണാം. നവോത്ഥാനകാലത്ത് നടത്തിയ വിവർത്തന ശ്രമം എന്ന നിലക്കാണ് പ്രബന്ധം ഈ കൃതിയെ പരിഗണിക്കുന്നത്.

9. ഇച്ഛാപൂർവ്വമായ കർമ്മം ആണ് ധർമ്മം ഓരോ കാർമ്മത്തിന്റെയും ഉദയം മനസ്സിലാ കുന്നു. കർമ്മവും അതിന്റെ ഫലവും അപ്പോൾ മനസ്സിന്റെ സൃഷ്ടിയാകുന്നു. നന്മക്കും തിന്മക്കും കാരണക്കാരൻ/കാരി കർത്താവിന് തന്നെ ആകുമ്പോൾ മോക്ഷസ്ഥാനം മനസ്സായി മാറുന്നു. മനസ്സിനെ ശിക്ഷണം കൊണ്ടും പരിശീലനം കൊണ്ടും നിയന്ത്രി ക്കാം എന്നും ബുദ്ധൻ ഉപദേശിച്ചു. അത് കൊണ്ടാണ് ലോകത്തെ ആദ്യത്തെ മനശാ സ്ത്രജ്ഞനായി ബുദ്ധനെ വിശേഷിക്കപ്പെടുന്നത്.

10. ദ്വേഷം കൊണ്ട് ദ്വേഷം ശമിക്കുന്നില്ല ദ്വേഷം മൈത്രി കൊണ്ടേ നശിക്കുകയുള്ളൂ. ഇത് സനാതനധർമ്മമാണ് എന്ന് നാലാമത്തെ ശ്ലോകത്തിൽ പറയുന്നുണ്ട് (നാരായണന മ്പി, 2012:30).

11. സഹസ്രവർഗ്ഗം എന്ന അദ്ധ്യായത്തിൽ വലിയ ദ്രവ്യം ചെലവഴിച്ച് നടത്തുന്നതിന്റെ വ്യർത്ഥതയെ സചിഷ്ക്കുന്നുണ്ട്.

12. വചനകാവ്യങ്ങളിലും സാധാരണക്കാരന്റെ ജീവിതവും സന്ദർഭങ്ങളും കാവ്യത്തിൽ ഉപയോഗിച്ചതായി കാണാം.

സഹായക ഗ്രന്ഥങ്ങൾ

1. കാഞ്ച, ഐലയ്യ, ദൈവമെന്ന രാഷ്ട്രമീമാംസകൻ ബ്രാഹ്മണിസത്തോടുള്ള ബുദ്ധന്റെ വെല്ലുവിളി (വിവ. ശിവദാസൻ പി.കെ.), ഡി സി ബുക്സ്, കോട്ടയം, 2006.

2. തങ്കപ്പൻ, പൂയപ്പിള്ളി, സരസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കർ കവിതയിലെ പോരാട്ടവീര്യം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2023.

3. പത്മനാഭപ്പണിക്കർ, എസ്. മൂലൂർ, ധർമ്മപദം കിളിപ്പാട്ട്, പി.കെ. ദിവാകരൻ (പ്രസ), കേരള സാഹിത്യ അക്കാദമിയുടെ സഹായത്തോടെ, 1960.

4. പവനൻ; സി.പി. രാജേന്ദ്രൻ, ബുദ്ധസ്വാധീനം കേരളത്തിൽ ഒരു സാംസ്കാരിക പഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015.

5. പൌലോസ്, കെ. ജി, നവോത്ഥാനത്തിന്റെ സാംസ്കാരികധാരകൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2021.

6. മാധവൻ, അയ്യപ്പത്ത് (വിവ), ധർമ്മപദം, കറന്റ് ബുക്സ് തൃശ്ശൂർ, 2007.

7. മുകുന്ദൻ, എൻ, കിളിപ്പാട്ട്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011.

8. സച്ചിദാനന്ദൻ, കെ, "വിവർത്തനം, സംസ്കാരം, അധികാരം", എഡി. ശ്രീധരൻ, എ. എം, വിവർത്തനവും സംസ്കാരപഠനവും, സാഹിതി മലയാളവിഭാഗം കൂട്ടായ്മ ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, പയ്യന്നൂർ, 2012.

9. ശേഖർ, അജയ്, "കാവ്യവും നാടകവും ചരിത്രവും ചലച്ചിത്രവും:ആശാനും ടാഗോറും അംബേദ്കറും അജയനും തേടുന്ന വിമോചനത്തിന്റെ പുതുപാതകൾ", ജന എഡി, അനിതകുമാരി, വിവർത്തന താരതമ്യപാഠനത്തിലെ നൂതന പ്രവണതകൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല പ്രസിദ്ധീകരണം

10. Devy Ganesh, "Translation and literary history:An Indian views", (Eds.) Susan Bassnett and Harish Trivedi, Post-colonial Translation:Theory and Practice, Routledge, London and New York, 1999

11. നാരായണനമ്പി തേലപ്പുറത്ത്, ധർമ്മപദ പരിഭാഷ, E-book published by http://malayalamebooks. org January 2012.

12. ആദ്യ മിശ്രഭോജനത്തിന്റെ സ്മരണയിൽ ആനിഹാൾ, newspaper. mathrubhumi. com, 2 oct 2022,

ഊടി നിസർച്ച് ജേണൽ • ISSN: 2320-9860 • ഭാഗം - 12 • ലക്കം - 4

പ്രാദേശികഭാഷയും പ്രതിരോധവും നവീനമലയാളസിനിമയിൽ

റിജോയ് എം രാജൻ
ഗവേഷകൻ, കേരളപഠനവിഭാഗം
കാര്യവട്ടം ക്യാമ്പസ്, കേരളസർവകലാശാല

പ്രബന്ധസംഗ്രഹം:

മലയാളസിനിമയുടെ ആദ്യകാലം മുതൽ പ്രാദേശികഭേദങ്ങളെ അടയാളപ്പെടുത്താനുള്ള ശ്രമങ്ങൾ തുടങ്ങിയെങ്കിലും ക്രിയാത്മകമായ ഇടപെടലുകൾ നടത്താൻ സാധിച്ചിരുന്നില്ല. മാനകീകരിക്കപ്പെട്ട ഒരു ഏകലോകക്രമത്തിലേക്ക് സമൂഹം പരിവർത്തനപ്പെടാൻ ശ്രമം നടത്തുന്നത് ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിലാണ്. ആഗോളവൽകരണം സാമ്പത്തികമേഖലയെ മാത്രമല്ല മനുഷ്യന്റെ സാമൂഹികാവസ്ഥയെയും സംസ്കാരത്തെയും ഏറെ സ്വാധീനിച്ച പ്രതിഭാസമാണ്. സംസ്കാരത്തിന്റെ അടിത്തറയായ ഭാഷയെ കീഴടക്കാനുള്ള ശ്രമമാണ് അത് ആദ്യം നടത്തിയത്. അത് ഭാഷയിൽ വലിയ പ്രതിരോധങ്ങൾക്കും വഴിതുറന്നു. സാഹിത്യം, കല എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ ഈ പ്രതിരോധം കാണാം. സമൂഹത്തിൽ വലിയ സ്വാധീനം സൃഷ്ടിക്കുന്ന ബഹുജനമാധ്യമമായ സിനിമയും ഇത്തരം ഭാഷാപ്രതിരോധങ്ങൾക്ക് പ്രാധാന്യം നൽകി. അത്തരത്തിൽ പ്രാദേശികഭാഷയിൽ പ്രതിരോധം സൃഷ്ടിക്കുന്ന മലയാളത്തിലെ തിരഞ്ഞെടു

ത്ത സിനിമകളെ അവയുടെ സാംസ്കാരികപരിസരത്തിൽനിന്നുകൊണ്ട് പഠനവിധേയമാക്കാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

താക്കോൽ വാക്കുകൾ:

പ്രാദേശികഭാഷ, പ്രതിരോധം, നവീനമലയാളസിനിമ

ആമുഖം

ഭൂപ്രകൃതി, ജാതി, മതം, ലിംഗം, പ്രായം, തൊഴിൽ തുടങ്ങിയവ ഭാഷയുടെ പ്രയോഗത്തിൽ വ്യത്യസ്തത വരുത്തുന്ന ഘടകങ്ങളാണ്. ഒരു ഭാഷാസമൂഹത്തിൽ തന്നെ ഭൂമിശാസ്ത്രപരവും സാംസ്കാരികവും സാമൂഹ്യവുമായ വിവിധ കാരണങ്ങളാൽ ഭാഷാപ്രയോഗത്തിൽ വൈവിധ്യം സംഭവിക്കാറുണ്ട്. പരസ്പരം ആശയവിനിമയത്തിന് സാധ്യതകളില്ലാതിരുന്ന കാലത്ത് ഓരോ പ്രദേശത്തെയും ഭാഷകൾക്ക് തനതായ വ്യത്യാസങ്ങൾ സ്വാഭാവികമായി സംഭവിക്കും. ഗതാഗത മാർഗങ്ങൾ ഇല്ലാതിരുന്ന അവസ്ഥയിൽ വ്യത്യസ്ത പ്രദേശങ്ങളിൽ വസിച്ചിരുന്നവരുടെ ഭാഷയിൽ വൈവിധ്യം സംഭവിക്കുക സ്വാഭാവികമാണ്. മലകൾ, നദികൾ തുടങ്ങിയ ദേശവിഭജനത്തിന്റെ സാധ്യതകൾ ഭാഷാഭേദം ഉണ്ടാകുന്നതിന് പ്രധാന പങ്കുവഹിച്ച ഘടകങ്ങളാണ്. ഇങ്ങനെ ഭൂമിശാസ്ത്രപരമായ നിരവധി കാരണങ്ങൾ മൂലം ഭാഷാപ്രയോഗങ്ങളിലും ഭാഷണരീതികളിലും മാറ്റം വന്നുചേരുകയും വ്യത്യസ്ത ഭാഷാഭേദങ്ങൾ രൂപപ്പെടുകയും ചെയ്യുന്നു.

ഒരു വ്യക്തിയെ അല്ലെങ്കിൽ സമൂഹത്തെ പ്രതിരോധത്തിലേക്ക് നയിക്കുന്നതിനുള്ള കാരണങ്ങൾ പലതായിരിക്കും. ഭാഷ, സാഹിത്യം, കല, ചരിത്രം എന്നിങ്ങനെയുള്ള സാംസ്കാരികധാരകൾ ഒരു സമൂഹത്തിന്റെ സർഗാത്മക പ്രതിരോധത്തിന്റെ ഉറവിടങ്ങളാണ്. അനീതിയെക്കുറിച്ചുള്ള തിരിച്ചറിവും അസ്വാതന്ത്ര്യവും പ്രാഥമികമായി ഏതൊരു മനുഷ്യനെയും പ്രതിരോധത്തിലേക്ക് നയിക്കാം. വ്യക്തിയുടെ പ്രതിരോധത്തിന് സാമൂഹികബോധവും കൂടിച്ചേരുമ്പോൾ ആ പ്രതിരോധത്തിന് സാമൂഹികാംഗീകാരം കൈവരുന്നു. അധികാരത്തിന്റെ സാന്നിധ്യവും ഇടപെടലും എപ്രകാരമായിരിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് പ്രതിരോധപ്രവർത്തനങ്ങളും അവയുടെ രീതിശാസ്ത്രവും രൂപപ്പെടുന്നത്. സാമൂഹികാംഗീകാരം നേടിയ പ്രതിരോധങ്ങളെ ഏതുതരം അധികാരപ്രയോഗത്തിന്റെയും ഇടപെടലുകളിലൂടെ

അത് വിവിധങ്ങളായ പ്രതിരോധരീതികളെ സ്വയമേവ ക്ഷണിച്ചു വരുത്തുന്നു എന്നുള്ളതാണ്. ജീവിതത്തിന്റെ സമസ്തമേഖലകളെയും ആഴത്തിലും പരപ്പിലും സ്വാധീനിച്ച പ്രതിഭാസമാണ് ആഗോളവൽക്കരണം. അടിസ്ഥാനപരമായി അത് ലോകരാഷ്ട്രങ്ങളെ മുഴുവൻ ബാധിക്കുന്ന സാമ്പത്തിക മാറ്റമാണ്. എന്നാൽ ആഗോളവൽക്കരണം വലിയൊരു മൂലധനവ്യാപനം മാത്രമല്ല സാധ്യമാക്കിയത്. മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്പർശിച്ച് എല്ലാ സാംസ്കാരികപ്രവർത്തനങ്ങളെയും കടന്ന് മനുഷ്യന്റെ ആശയവിനിമയോപാധികളിൽ പ്രധാനമായ ഭാഷയെതന്നെയും സ്വാധീനിക്കുകയും മാറ്റിത്തീർക്കുകയും ചെയ്തിരിക്കുന്നു. സംസ്കാരത്തിന്റെ അടിത്തറയായ ഭാഷയെ കീഴടക്കാനുള്ള ശ്രമമാണ് അത് ആദ്യം നടത്തിയത്. അത് ഭാഷയിൽ വലിയ പ്രതിരോധങ്ങൾക്കും വഴിതുറന്നു. സാഹിത്യം, കല എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ ഈ പ്രതിരോധം ശക്തമായി. സമൂഹത്തിൽ വലിയ സ്വാധീനം സൃഷ്ടിക്കുന്ന ബഹുജനമാധ്യമമായ സിനിമയും ഇത്തരം ഭാഷാപ്രതിരോധങ്ങൾക്ക് പ്രാധാന്യം നൽകി.

പ്രാദേശികഭാഷയും മലയാളസിനിമയും

സമൂഹത്തിന്റെ പ്രതിച്ഛായ എന്ന പ്രതീതി ജനിപ്പിക്കുകയും സാമൂഹികമായ മിക്ക വൈജാത്യവ്യവഹാരങ്ങളെയും ഉൾക്കൊള്ളുകയും ചെയ്യുന്ന ഒരു കലാരൂപമാണ് സിനിമ. ഈ പ്രവണത ദേശഭേദമനുസരിച്ച് ഭാഷയെ അതിന്റെ ആഖ്യാനത്തിൽ ഉപയോഗിക്കുന്നതിന് സിനിമയെ നിർബന്ധിതമാക്കുന്നു. ഭാഷയുടെ സാമൂഹികമായ വികാസപരിണാമങ്ങളെ പല പ്രകാരത്തിലും സിനിമയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. ആദ്യകാലമലയാളസിനിമയിൽ കഥാപാത്രങ്ങളുടെ സംസാരഭാഷ അവരുടെ ജാതിയെയും മതത്തെയും സ്ഥലത്തെയും സൂചിപ്പിക്കുന്നതായിരുന്നു. തമിഴ്-പാഴ്സി നാടകങ്ങളിൽനിന്നു വിഭിന്നമായി മലയാളസിനിമയിലും നാടകത്തിലും തനതായ സംസാരഭാഷ രൂപപ്പെട്ടു. നായികാ-നായകന്മാരിൽ നിന്ന് വ്യത്യസ്തമായി ഇവരുപയോഗിച്ച ഭാഷയും, വേഷഭ്രഷാദികളും അക്കാലത്തെ പ്രാദേശികതയും സംസ്കാരവും പ്രതിഫലിപ്പിക്കുന്നതായിരുന്നു. മലയാളത്തിലെ ആദ്യകാല നടീനടന്മാർ ഓണാട്ടുകര തെക്കുള്ളവരായതിനാൽ സിനിമയുടെ ഭാഷ ആ പ്രദേശത്തെ മുൻനിർത്തിയുള്ളതായിരുന്നു.

1965ൽ എം. ടി. വാസുദേവൻനായരുടെ തിരക്കഥയിലുള്ള 'മുറപ്പെണ്ണ്' എന്ന

സിനിമ പുറത്തിറങ്ങി. അന്നുവരെ മലയാളസിനിമ സംസാരിച്ചു വന്ന ഭാഷയിൽ നിന്ന് വ്യത്യസ്തമായി വള്ളുവനാടൻ മലയാളമാണ് എം.ടി. ഈ സിനിമയിൽ ഉപ യോഗിച്ചിട്ടുള്ളത്. കുലശേഖരപെരുമാളിന്റെ ഭരണസ്വാധീന പ്രദേശങ്ങളായിരുന്ന ഒറ്റപ്പാലം, ചെർപ്പുളശ്ശേരി, പട്ടാമ്പി, തിരുനാവായ, നിലമ്പൂർ എന്നീ ഭാഗങ്ങളിൽ മേൽജാതി വ്യവഹാരഭാഷയായി ഉപയോഗിക്കപ്പെട്ടിരുന്നതാണ് ഈ ഭാഷ. പി. എൻ. മേനോനും എം. വിൻസെന്റുമടക്കമുള്ളവർ സിനിമകൾ എടുത്ത സമയത്തുത ന്നെയാണ് മലയാളസിനിമയിലേക്കു വള്ളുവനാടൻഭാഷ കടന്നുവരുന്നത്. എം. ടി. രൂപപ്പെടുത്തിയ ഈ ഭാഷാശൈലി പിൽക്കാല സിനിമകളെ വലിയ രീതിയിൽ സാ ധിച്ചതായി കാണാം. "അതേവരെ അത്തരം പ്രാദേശികമൊഴികളുടെ പ്രയോഗം താ രതമ്യേന അപൂർവമായിരുന്നുവെന്നതിനാലും വള്ളുവനാടൻ മൊഴിയുടെ സവിശേ ഷമായ വൈകാരിക ക്ഷമതകൊണ്ടും ആവണം, ആ മൊഴി, സിനിമയ്ക്ക് പൊതുവേ പ്രിയങ്കരമായത്. എന്നാൽ പ്രാദേശികസീമകൾ കടന്ന വള്ളുവനാടൻ സവർണഭാ ഷണം മലയാളസിനിമയ്ക്ക സ്വീകാര്യമായ ഒരു ചലച്ചിത്രസാമഗ്രിയായി പരിണമിച്ചതി ന് അടുത്തകാലത്തായി മലയാളസിനിമ കാരണം പ്രകടിപ്പിക്കുന്ന സവർണാഭിമുഖ്യ വും മതപുനരുദ്ധാരണ പ്രവണതകളും മറ്റുമായി ചേർത്തുവായിക്കേണ്ടതാണ്" എന്ന് രവീന്ദ്രൻ അഭിപ്രായപ്പെടുന്നുണ്ട് (രവീന്ദ്രൻ, 2007:72). രവീന്ദ്രൻ ചൂണ്ടിക്കാട്ടിയതു പോലെ അത് നാടുമൊഴിതനിമയോടുള്ള സ്നേഹം കൊണ്ടുമാത്രമല്ല. ആ ഭാഷയുടെ തുടർച്ചയിൽ അനുഗമിച്ച ഒന്ന്, കേരളീയ സാംസ്കാരിക മേൽക്കോയ്മ കൂടിയാണ്. തറവാട്, തറവാടിത്തം എന്നുള്ളതിനൊക്കെ സിനിമയിലും അല്ലാതെയുമൊക്കെ വലിയ വിപണിമൂല്യമുള്ള ഒന്നാണ്. തറവാടുകളുടെ മഹത്വം, തറവാടുകളുടെ തകർ ച്ച, പുനരുദ്ധാരണം എന്നതൊക്കെ സിനിമയിൽ ആവർത്തിച്ചുവരുന്ന ഘടകങ്ങളാ ണ്. ഇത്തരം സിനിമകൾക്ക് ചേർച്ചയുള്ള ഒരു ഭാഷയായാണ് വള്ളുവനാടൻഭാഷ യെ അവർ കണ്ടത്.

എം.ടി.യുടെ വള്ളുവനാടൻ പ്രഭാവം ലംഘിക്കപ്പെടുന്നത് പ്രധാനമായും പത്മരാജന്റെയും ഭരതന്റെയും മറ്റും സിനിമകൾ വരുമ്പോഴാണ്. 'പെരുവഴിയമ്പലം' (1979), 'കളളൻ പവിത്രൻ' (1981), 'ഒരിടത്തൊരു ഫയൽവാൻ' (1981) തുടങ്ങിയ സി നിമകളിലൂടെ പത്മരാജൻ തന്റെ പ്രദേശത്തെ ഭാഷയ്ക്ക് സിനിമയിൽ ഇടം നല്കി. "എം. ടി. വാസുദേവൻ നായർ മലയാളകഥയേയും ചലച്ചിത്രത്തേയും വള്ളുവനാടൻഭാഷയും സംസ്കാരവും ശീലിപ്പിച്ചു. ഈ ശീലത്തിൽ നിന്നു മോചിപ്പിച്ചത് പത്മരാജനാണ്. മദ്ധ്യകേ

രളത്തിന്റെയും തെക്കൻകേരളത്തിന്റെയും പ്രാദേശികസംസ്കാരത്തിന്റെ സന്നിവേശം കൊണ്ട് പത്മരാജൻ തന്റെ കലയെ മൂർത്തവും ചടുലവുമാക്കി" എന്ന് രാജേഷ് ആർ അഭിപ്രായപ്പെടുന്നുണ്ട് (2019:106). ഇവിടെ പത്മരാജന്റെ കൃതികളെ മുൻനിർത്തി, അതിൽ ഓണാട്ടുകരയുടെ ദേശസംസ്കൃതികൾ എപ്രകാരം അടയാളപ്പെടുന്നു എന്ന് പരിശോധിച്ചുകൊണ്ടാണ് ഈ നിരീക്ഷണം മുന്നോട്ട് വയ്ക്കുന്നത്.

പ്രാദേശികഭാഷാപഠനത്തിൽ ഏറെ പ്രസക്തമായ ഒരു മേഖലയാണ് തീര ദേശഭാഷ. തീരദേശവും അവരുടെ ജീവിതവും അടയാളപ്പെടുത്തുന്ന നിരവധി സിനിമകൾ മലയാളത്തിലുണ്ട്. 'ചെമ്മീൻ' (1965), 'സീസൺ' (1989), 'ചമയം' (1993), 'പുതിയ തീരങ്ങൾ' (2012), 'അമരം' (1991), 'മൂന്നാംപക്കം' (1988), 'തുമ്പോളി കടപ്പുറം' (1995), 'മഹാസമുദ്രം' (2006), 'ചാന്ത് പൊട്ട്' (2005), 'മാലിക്' (2021) എന്നിവ തീരദേശവുമായി ബന്ധപ്പെട്ട സിനിമകളാണ്. അതത് പ്രദേശത്തെ പ്രാദേശിക വഴക്കവുമായി ബന്ധപ്പെടുത്തിയാണ് തീരദേശത്ത് ആളുകൾ സംസാരിക്കുന്നത്. തിരുവനന്തപുരത്തെ പൊഴിയൂരിലെയും അഞ്ചുതെങ്ങിലെയും കടലോരദേശക്കാർ സംസാരിക്കുന്ന ഭാഷയിൽ വ്യത്യാസമുണ്ട്. ഇങ്ങനെ ഓരോ ജില്ലയിലെയും തീര ദേശങ്ങളിലെ ഭാഷാപ്രയോഗങ്ങളിൽ വ്യത്യാസമുണ്ട്. ഭരതന്റെ 'അമരം' പോലെ വലിയ സ്വാധീനമുണ്ടാക്കിയ സിനിമയിലെ കഥാപാത്രങ്ങൾ ഉപയോഗിക്കുന്ന ഭാഷ, തുടർന്ന് തീരദേശം പശ്ചാത്തലമായ പല സിനിമകളും ഉപയോഗിക്കുന്നതു കാണാം. യഥാർഥത്തിൽ സിനിമയ്ക്കുവേണ്ടി സൃഷ്ടിക്കുന്ന ഒരു ഭാഷ ഏതെങ്കിലുമൊരു പ്രദേശത്തിന്റെ തനത് ഭാഷയല്ല. എന്നാൽ ഇതാണ് കടലോരങ്ങളിൽ ഉപയോഗിക്കുന്ന ഭാഷയെന്ന പൊതുബോധത്തെ സംതൃപ്തിപ്പെടുത്താനുള്ള ശ്രമങ്ങളാണ് പിൽക്കാല സിനിമകളെല്ലാം ശ്രമിച്ചത്.

ഗോത്രജീവിതസംസ്കാരവും അവരുടെ ഭാഷയും ആവിഷ്കരിക്കുന്ന സിനിമകൾ മലയാളത്തിൽ പരിമിതമാണ്. മനോജ് കാനയുടെ 'കെഞ്ചിര', ജയൻ ചെറിയാന്റെ 'പപ്പിലിയോ ബുദ്ധ' തുടങ്ങിയ ചുരുക്കം സിനിമകൾ ഒഴികെ മിക്ക സിനിമകളിലും ആദിവാസികൾ തമിഴോ, തമിഴ് പദങ്ങൾ കലർന്ന മലയാളമോ, മലയാളത്തെത തന്നെ വികലമാക്കി ഉച്ചരിച്ചോ രൂപപ്പെടുത്തിയെടുത്ത ഭാഷകളാണ് ഉപയോഗിച്ചത്. മാതൃഭാഷാവികാരവും മാതൃഭാഷയിൽ സംവേദനം ചെയ്യുമ്പോഴുള്ള കാര്യക്ഷമതയുമെല്ലാം ചർച്ച ചെയ്യുകയും ചെയ്യുന്ന നമ്മൾ തന്നെ ആദിവാസികളെ അവരുടെ ഭാഷയിൽ നിന്നകറ്റുന്നു. "ഒരൊറ്റ ജനത ഒരൊറ്റ ഭാഷ എന്ന ആശയം പ്രാവർത്തി

കമാക്കുന്നതിലൂടെ ആദിവാസികളെ മലയാളികളാക്കുന്ന സാമൂഹികതയ്ക്കാണ് മുൻ ഗണന ലഭിച്ചത്. അത് മുഖ്യഭാഷാലയനം സാധ്യമാക്കുന്ന ആസൂത്രണമായിരുന്നു. ആഗോളതലത്തിൽ ഇംഗ്ലീഷിന്റെ ആധിപത്യം പ്രാദേശികഭാഷകളെ കൊന്നൊടുക്കുന്നു എന്ന് പറയുന്നതുപോലെ മലയാളത്തിന്റെ കടന്നുകയറ്റം കേരളത്തിലെ ആദിവാസിഭാഷാവൈവിധ്യത്തെ മറയ്ക്കുന്നുവെന്നത് വസ്തുതയാണ്" (എം. ശ്രീനാഥൻ, 2019:455). ആദിവാസിഭാഷകളിലുള്ള മലയാളസ്വാധീനം മുഖ്യഭാഷാസമ്പർക്കം വഴി ഉണ്ടായതാണെന്ന നിഗമനത്തിൽ ആദിവാസിഭാഷകളുടെ സവിശേഷതകളെ പരിശോധിക്കുകയും വിശദീകരിക്കുകയും ചെയ്യുന്ന പഠനങ്ങളുണ്ടായിട്ടുണ്ടെങ്കിലും അവയെ സ്വതന്ത്രഭാഷകളായി കണക്കാക്കണോ മുഖ്യഭാഷയുടെ ഭേദങ്ങളായി കണക്കാക്കണോ എന്നെല്ലാം കൃത്യമായി പറയാൻ ഇനിയും പഠനങ്ങൾ ഉണ്ടാവേണ്ടതുണ്ട് എന്നാണ് ശ്രീനാഥൻ തന്റെ ലേഖനത്തിൽ അഭിപ്രായപ്പെടുന്നത്.

സിനിമയിൽ നായകന്റെ മാനകഭാഷയിൽ നിന്നു വിഭിന്നമായി ഉപനായകരുടെ ഭാഷ നമുക്ക് ചിരിയുണർത്തുന്നവയായിരുന്നു. കാരണം അവ നായകനുപയോഗിക്കുന്ന മാനകഭാഷയിൽ നിന്നും വ്യതിചലിച്ചവയായിരുന്നു. അധികാരം എന്നും മേലാളനിൽ നിക്ഷിപ്തമായിരുന്നു. അത് ഭാഷയിലും പ്രകടമായി. അതിന്നും മറ്റൊരു തരത്തിൽ സിനിമയിലെ ഉപനായകരിൽ കാണാം. ആദ്യകാലങ്ങളിൽ നായകന് മാനകഭാഷ നൽകിയപ്പോൾ ഹാസ്യകഥാപാത്രങ്ങൾക്ക് പ്രാദേശികഭാഷ നൽകിയിരുന്നത് ചിരിയുണർത്താനുള്ള ഒരുതരം കുറുക്കുവഴിയായിരുന്നു. ആദ്യകാല സിനിമകളിൽ പ്രധാനകഥാപാത്രത്തോട് നേരിട്ട് ബന്ധമില്ലാതെ ഹാസ്യത്തിനായിതന്നെ വിളക്കിച്ചേർക്കുന്ന രംഗങ്ങളോ സംഭാഷണങ്ങളോ ആണ് ഉണ്ടായിരുന്നത്. ബഹദൂർ, എസ്. പി. പിള്ള തുടങ്ങിയ ആദ്യകാല ഹാസ്യനടന്മാർ പ്രധാനമായും ആംഗ്യങ്ങളും മുഖചേഷ്ടകളും തങ്ങൾക്ക് പിണയുന്ന അമളികളും കൊണ്ടാണ് ഹാസ്യം മെനയാൻ ശ്രമിച്ചിരുന്നത്. മറ്റുള്ളവരുടെ വീഴ്ച കണ്ടാൽ ചിരിക്കാത്തവരില്ല എന്ന് എം. പി. പോൾ തന്റെ ഹാസ്യത്തെക്കുറിച്ചുള്ള നിരീക്ഷണത്തിൽ സൂചിപ്പിക്കുന്നതുപോലെ സൈക്കിളിൽ നിന്ന്, ഏണിയിൽ നിന്ന്, മരത്തിൽ നിന്ന്, പാടവരമ്പത്തു നിന്ന്, പുഴയിലേക്ക് ഒക്കെയുള്ള വീഴ്ചകളും ചിരിക്കുള്ള മരുന്നായി പരിചരിച്ചു പോന്നിരുന്നു. എന്നാൽ വിളക്കിച്ചേർത്ത ഭാഗങ്ങളിൽ നിന്ന് കഥയുടെ ഒഴുക്കിൽ ലയിക്കുന്നതായും ആസ്വാദനത്തെ നിർണയിക്കുന്ന വലിയൊരു സ്വാധീനശക്തിയായും ഹാസ്യം പിന്നീട് മാറിയിട്ടുണ്ട്.

തെക്കൻകേരളത്തിലെ ഭാഷ മലയാളസിനിമയിൽ

തെക്കൻകേരളത്തിലെ പ്രാദേശികഭാഷകൾ ഉൾക്കൊള്ളുന്ന മൂന്ന് സിനിമകളെ ഇവിടെ സവിശേഷപഠനത്തിന് വിധേയമാക്കുന്നു. അൻവർ റഷീദ് സംവിധാനം നിർവ്വഹിച്ച 'രാജമാണിക്യം', ഫാന്റം പ്രവീൺ സംവിധാനം നിർവ്വഹിച്ച 'ഉദാഹരണം സുജാത', മഹേഷ് നാരായണൻ സംവിധാനം നിർവ്വഹിച്ച 'മാലിക്' എന്നീ സിനിമകളെയാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

പ്രാദേശികഭാഷയെ ഭാഗികമായോ പൂർണമായോ ഉപയോഗപ്പെടുത്തിയ നിരവധി സിനിമകളുണ്ട്. ഒരു സിനിമയിലെ ഏതെങ്കിലും ഒരു കഥാപാത്രമോ സിനിമയിലെ മുഴുവൻ കഥാപാത്രങ്ങളോ പ്രാദേശികഭാഷ ഉപയോഗിക്കുന്ന സിനിമകളുണ്ട്. ടി. എ. ഷാഹിദ് തിരക്കഥ രചിച്ച് അൻവർ റഷീദ് സംവിധാനം നിർവ്വഹിച്ച 'രാജമാണിക്യം' എന്ന സിനിമയിൽ കേന്ദ്രകഥാപാത്രം പ്രാദേശികഭാഷയും സിനിമയിലെ മറ്റു കഥാപാത്രങ്ങളെല്ലാം മാനകഭാഷയുമാണ് സംസാരിക്കുന്നത്. പ്രാദേശികഭാഷയുടെ വേറിട്ട രൂപം പ്രത്യേകമായി പ്രേക്ഷകരിൽ ആസ്വാദനമുണർത്തും എന്ന തന്ത്രമാണ് ഇവിടെ പ്രയോഗിക്കപ്പെട്ടത്. വ്യക്തമായ സ്വത്വബോധമില്ലാത്ത, അതിർത്തിഗ്രാമങ്ങളിലെ ജനങ്ങളുടെ ജീവിതസംസ്കാരത്തെയാണ് 'രാജമാണിക്യം' അതിന്റെ വാചികഭാഷയിലൂടെ അവതരിപ്പിക്കുന്നത്. എന്നാൽ ഒരു പ്രയോഗകൗതുകം എന്ന നിലയിലേക്ക് ഭാഷയെ ചുരുക്കുന്നത് അതിന്റെ വിപണിസാധ്യത മുന്നിൽ കണ്ടാണ്. ഒരു പ്രത്യേക പ്രദേശത്ത് മാത്രം പ്രയോഗത്തിൽ നിലനിന്നിരുന്ന ഭാഷയെ ജനപ്രിയതാരം അവതരിപ്പിക്കുന്നതിലൂടെ അതിന്റെ അപരിചിതത്വം മറികടക്കാമെന്ന തന്ത്രം ഭാഷാപ്രതിരോധമായി മാറുന്നുണ്ട്. "ആംഗികം കൊണ്ടും വാചികം കൊണ്ടും മമ്മൂട്ടിയുടെ പ്രതിഭ അവിസ്മരണീയമാക്കിയ രാജമാണിക്യം സിനിമാരംഗത്തെ വിപണി അധിഷ്ഠിതമായ ക്ലാസ് കഥാപാത്രമാണ്" (മനോജ് ഭാരതി, 2012:20). വിപണി ലക്ഷ്യം വയ്ക്കുന്ന സിനിമയുടെ നായകനിർമിതിയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

അരികുവൽക്കരണത്തിന്റെ ഭാഗമായി ഭാഷയിൽ പ്രാദേശികഭേദങ്ങൾ രൂപപ്പെടുക സ്വാഭാവികമാണ്. ഈ അർത്ഥത്തിൽ സ്ത്രീഭാഷ എന്ന വ്യവഹാരത്തിന് സമൂഹ്യപ്രകൃതിയിൽ ഏറെ പ്രസക്തിയുണ്ട്. അതിജീവനത്തിന്റെ പ്രതീകമായി അത് പ്രയോഗിക്കപ്പെടേണ്ടതുമുണ്ട്. മലയാളത്തിലിറങ്ങിയ സ്ത്രീഭാഷയെ അടയാളപ്പെടുത്തുന്ന ചുരുക്കം സിനിമകളിൽ പ്രധാനപ്പെട്ടതാണ് ഫാന്റം പ്രവീൺ സംവിധാനം നിർവ്വഹിച്ച 'ഉദാഹരണം സുജാത'. പേരിന് പ്രസക്തിയില്ലാത്ത, എന്നാൽ നമുക്ക്

സുപരിചിതമായ, ഭാവിയെക്കുറിച്ച് ചിന്തകളില്ലാത്ത അപരവൽക്കൃതസമൂഹത്തിന്റെ അടയാളമാണ് ഇതിലെ മഞ്ജു വാര്യരുടെ കഥാപാത്രം. അമ്മയും മകളും തമ്മിലുള്ള ആത്മബന്ധത്തിന്റെ പശ്ചാത്തലത്തിൽ സമകാലികസമൂഹത്തിൽ ജീവിക്കുന്ന വിധവയായ ഒരു അമ്മ കടന്നുപോയേക്കാവുന്ന വിഭിന്നങ്ങളായ സാഹചര്യങ്ങളാണ് കഥയുടെ പ്രമേയം. സ്ത്രീകേന്ദ്രീകൃതസിനിമകൾ പലപ്പോഴും മാനകഭാഷയിൽ അവതരിപ്പിക്കുമ്പോൾ 'ഉദാഹരണം സുജാത' വ്യത്യസ്തമാകുന്നത് അതിന്റെ പ്രാദേശികഭാഷയുടെ അടയാളപ്പെടുത്തലിലൂടെയാണ്. തിരുവനന്തപുരം നഗരകേന്ദ്രീകൃത ഭാഷയാണ് സിനിമയിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഏറെക്കുറെ കൃത്രിമത്വം പുലർത്താതെ വിപണിവൽക്കൃതനേട്ടങ്ങളെ ലക്ഷ്യംവയ്ക്കാതെ സ്ത്രീഭാഷയെ അടയാളപ്പെടുത്താൻ സിനിമയ്ക്ക് സാധിക്കുന്നുണ്ട്. അരികുവൽക്കരിക്കപ്പെട്ട ഭാഷാപ്രയോഗങ്ങൾ ജനപ്രിയമാധ്യമമായ സിനിമയിലൂടെ അവതരിപ്പിച്ച് പ്രതിരോധം സൃഷ്ടിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

വ്യത്യസ്ത ജാതിസമുദായങ്ങൾ നിലനിൽക്കുന്ന കേരളത്തിൽ ഓരോ സമുദായങ്ങളുടെയും ആചാരനുഷ്ഠാനങ്ങളിലെ പ്രത്യേകതകൾ കൊണ്ട് അവർ പ്രയോഗിക്കുന്ന ഭാഷയിലും ചില വ്യതിയാനങ്ങൾ കാണാം. തീരദേശമുസ്ലീംസമുദായത്തിന്റെ ഭാഷാശൈലിയിൽ ഒരു ജനതയുടെ നിലനിൽപ്പിന്റെ രാഷ്ട്രീയം പറയുന്ന സിനിമയാണ് മഹേഷ് നാരായണൻ സംവിധാനം നിർവ്വഹിച്ച 'മാലിക്'. തീരപ്രദേശമായ റമദാപള്ളി എന്ന സാങ്കൽപിക ഗ്രാമമാണ് സിനിമയുടെ പശ്ചാത്തലം. മുസ്ലീങ്ങളും ക്രിസ്ത്യാനികളും തിങ്ങിപ്പാർക്കുന്ന രണ്ട് തുറകളാണ് ഇവിടെയുള്ളത്. ജനങ്ങളെ വഞ്ചിക്കുന്ന സർക്കാർനയങ്ങളേയും ജനപ്രതിനിധികളേയും സിനിമ കാണിച്ചു തരുന്നുണ്ട്. അലി എന്ന കഥാപാത്രത്തിലൂടെയാണ് സിനിമ സഞ്ചരിക്കുന്നതെങ്കിലും റമദാപള്ളിയിലെ നിരവധി ജീവിതങ്ങളെയും അവർ അനുഭവിക്കുന്ന ദുരിതങ്ങളെയും അവതരിപ്പിക്കാൻ സിനിമയ്ക്ക് സാധിച്ചിട്ടുണ്ട്. തീരപ്രദേശത്തോട് സർക്കാരുകൾ കാണിക്കുന്ന അവഗണന, അവരുടെ പേരിൽ നടത്തുന്ന തട്ടിപ്പുകൾ, വികസനത്തിന്റെ പേരിൽ നടക്കുന്ന കുടിയൊഴിപ്പിക്കലുകൾ, ഭ്രമികയ്യേറ്റങ്ങൾ അങ്ങനെ നിരവധി പ്രശ്നങ്ങളെ സിനിമ ഉയർത്തിക്കാണിക്കുന്നുണ്ട്. ജനപ്രിയതയുടെ ഘടകങ്ങളെയെല്ലാം ഉൾപ്പെടുത്തി നിർമ്മിച്ച സിനിമയിലെ ഭാഷയും ജനപ്രിയമാകുന്നത് അതിന്റെ സ്വാഭാവികത കൊണ്ടാണ്. ഭീമാപള്ളിയിലെയും അതിനോട് ചേർന്ന കടലോരത്തിലെയും സമുദായ ഭാഷയെ മനസിലാക്കി അവതരിപ്പിക്കാനുള്ള ശ്രമം 'മാലിക്കി'ൽ നടത്തുന്നുണ്ട്.

മധ്യകേരളത്തിലെ ഭാഷ മലയാളസിനിമയിൽ

മധ്യകേരളത്തിലെ പ്രാദേശികഭാഷകൾ ഉൾക്കൊള്ളുന്ന മൂന്ന് സിനിമകളെ ഇവിടെ സവിശേഷപഠനത്തിന് വിധേയമാക്കുന്നു. രഞ്ജിത്ത് സംവിധാനം നിർവ്വഹിച്ച 'പ്രാഞ്ചിയേട്ടൻ ആൻഡ് ദി സെയ്ന്റ്' സുഗീത് സംവിധാനം നിർവ്വഹിച്ച 'ഓർഡിനറി', രാജീവ് രവി സംവിധാനം നിർവ്വഹിച്ച 'കമ്മട്ടിപ്പാടം' എന്നീ സിനിമകളെയാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

തൃശ്ശൂർ നഗരത്തിന്റെ ഭാഷയെ ഉപയോഗപ്പെടുത്തി രഞ്ജിത്ത് തിരക്കഥ എഴുതി സംവിധാനം നിർവ്വഹിച്ച സിനിമയാണ് 'പ്രാഞ്ചിയേട്ടൻ ആൻഡ് ദി സെയ്ന്റ്'. തൃശ്ശൂർ പൂരവും അവിടുത്തെ വ്യാപാരസ്ഥാപനങ്ങളും തൃശ്ശൂർനഗരത്തിന്റെ ഭാഷാശൈലിയിൽ വലിയ സ്വാധീനമുളവാക്കിയിട്ടുണ്ട്. ഇത്തരം ഭാഷാപ്രയോഗങ്ങൾ സിനിമയിൽ പലയിടങ്ങളിലും കാണാം. തിരുവനന്തപുരംഭാഷ എന്ന് പൊതുവായി 'രാജമാണിക്യ'ത്തിന് ചാർത്തപ്പെട്ടതുപോലെ തൃശ്ശൂർഭാഷ എന്ന് പ്രാഞ്ചിയേട്ടനെ വിശേഷിപ്പിക്കപ്പെട്ടു. ഒരു ജില്ലയ്ക്കകത്തുതന്നെ നിലനിൽക്കുന്ന നിരവധി പ്രാദേശികഭേദങ്ങളെ ഏകശിലാത്മകമാക്കുന്ന സമീപനമാണ് ഇവിടെ പ്രയോഗിക്കപ്പെട്ടത്. തൃശ്ശൂർ നഗരത്തിന്റെ പരിസരപ്രദേശങ്ങളായ അയ്യന്തോൾ, പൂങ്കുന്നം, വെളിയന്നൂർ, അരണാട്ടുകര എന്നിവിടങ്ങളിലെ ഭാഷയിൽ പ്രാദേശികഭേദങ്ങൾ ഉണ്ട്. എന്നാൽ സിനിമയിൽ ഇത്തരം ഭേദങ്ങൾ കാണുന്നില്ല. തൃശ്ശൂർപൂരം, വെടിക്കെട്ട്, വ്യാപാരസ്ഥാപനങ്ങൾ എന്നിവ തൃശ്ശൂർനഗരത്തിന്റെ ഭാഷാശൈലിയിൽ വലിയ സ്വാധീനമുളവാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഭാഷാപ്രയോഗങ്ങൾ സിനിമയിൽ പലയിടങ്ങളിലും കാണാം. പത്മശ്രീ അവാർഡിന് പണം മുടക്കിയശേഷം അവാർഡ് പ്രഖ്യാപനം ടി. വി. യിൽ കാണുന്ന സമയത്ത് "എനിക്ക് ടെൻഷൻ കേറ്ണ്ട്ട്ടാ" എന്ന് ഫ്രാൻസിസ് പറയുമ്പോൾ "എന്റെ നെഞ്ചില് പാണ്ടീം പഞ്ചാരീം ഒരുമിച്ചാ കൊട്ടണേ" എന്ന് വാസുമേനോൻ മറുപടി പറയുന്നുണ്ട്. തൃശ്ശൂർപൂരവുമായി ബന്ധിപ്പിച്ചുള്ള ഒരു പ്രാദേശികശൈലി പ്രയോഗമാണിത്. പ്രാദേശിക സംസ്കാരത്തിന്റെ അടയാളങ്ങൾ ഭാഷയിൽ കടന്നുവരുന്നത് സമർത്ഥമായി ഉപയോഗിക്കുകയാണിവിടെ.

എം. ടി. സിനിമകളിൽ ഉപയോഗിച്ച വള്ളുവനാടൻഭാഷയ്ക്കു പുറമെ പാലക്കാടിന്റെ മറ്റു ഭാഷാസംസ്കൃതികളെയും മലയാളസിനിമ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് അതിർത്തിഗ്രാമങ്ങളിലെ ഭാഷാപ്രയോഗങ്ങൾ സിനിമകളിൽ കടന്നുവരുന്നുണ്ട്. നിഷാദ് കെ. കോയയും മനു പ്രസാദും ചേർന്ന് തിരക്കഥ രചിച്ച് സുഗീത്

സംവിധാനം നിർവ്വഹിച്ച 'ഓർഡിനറി' എന്ന സിനിമയിൽ പാലക്കാട് അതിർത്തി ഗ്രാമങ്ങളിലെ ഭാഷ കൈകാര്യം ചെയ്യുന്നുണ്ട്. ബസ് ഡ്രൈവറായി ബിജു മേനോൻ അവതരിപ്പിച്ച സുകു എന്ന കഥാപാത്രം പാലക്കാടിന്റെ പ്രാദേശികഭേദത്തെയാണ് അടയാളപ്പെടുത്തുന്നത്. പത്തനംതിട്ടയിലെ ഗവി പശ്ചാത്തലമായ സിനിമയിലെ മറ്റു കഥാപാത്രങ്ങൾ മിക്കവാറും മാനകഭാഷയിലാണ് സംസാരിക്കുന്നത്. പൊതുവെ അപരിചിതമായ ഒരു പ്രാദേശികഭാഷാഭേദത്തെ നായകനിലൂടെ അവതരിപ്പിച്ച് പ്രേക്ഷകരിൽ ഹാസ്യമുണർത്താം എന്ന തന്ത്രമാണ് ഇവിടെ പ്രയോഗിക്കപ്പെട്ടത്. ഹാസ്യത്തിന് മാത്രമായി ഉപനായക കഥാപാത്രത്തിന് നൽകിയിരുന്ന പ്രാദേശികഭാഷ നായകൻ പ്രയോഗിക്കുമ്പോഴുണ്ടാകുന്ന സ്വീകാര്യത തിരിച്ചറിഞ്ഞ സിനിമാപ്രവർത്തകർ ഭാഷയെ വിപണിവൽക്കൃത ഉല്പന്നമാക്കി മാറ്റി. സിനിമയിലെ കഥാപാത്രമായ സുകുവിന്റെ സംഭാഷണങ്ങൾ പലപ്പോഴും പ്രയോഗത്തിൽ കൗതുകമുണർത്തുന്നവയാണ് എങ്കിലും വൈകാരികത നിറഞ്ഞ സന്ദർഭങ്ങളിൽ പ്രയോഗകൗതുകതിനപ്പുറം കഥാപാത്രത്തിന്റെ ജീവിതാവസ്ഥകളോട് ചേർന്ന് നിൽക്കാൻ പ്രേക്ഷകനെ പ്രേരിപ്പിക്കുന്നുണ്ട്. സിനിമയിലെ മറ്റു കഥാപാത്രങ്ങളുടെ മാനകഭാഷയ്ക്കിടയിൽ സുകു എന്ന കഥാപാത്രത്തിന്റെ പ്രാദേശികഭാഷയുടെ ശ്രദ്ധപിടിച്ചെടുക്കൽ തന്ത്രം സമർത്ഥമായി പ്രയോഗിക്കപ്പെടുകയാണിവിടെ.

രാജീവ് രവി സംവിധാനം നിർവ്വഹിച്ച 'കമ്മട്ടിപ്പാടം' പ്രതിപാദ്യവിഷയം കൊണ്ടും വ്യക്തമായ രാഷ്ട്രീയം പറയുന്ന സിനിമ എന്ന നിലയ്ക്കും കൊച്ചിയിലെ പ്രാദേശികഭാഷയുടെ പ്രയോഗംകൊണ്ടും ശ്രദ്ധേയമാണ്. എറണാകുളം റെയിൽവേസ്റ്റേഷന് അടുത്ത് കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാൻഡ് പരിസരത്ത് 40 വർഷം മുമ്പുണ്ടായിരുന്ന സ്ഥലമാണ് കമ്മട്ടിപ്പാടം. സവർണ്ണസമൂഹത്തിന്റെ ഉപരിപ്ലവനോട്ടത്തിന്റെ പരിധിയിൽ ഉൾപ്പെടാതെപോയ പുലയർ താമസിക്കുന്ന ഇടമാണത്. പ്രാദേശികവും സാമൂഹികവുമായ ഭാഷാസ്വത്വങ്ങൾ വർഗ്ഗദേശവ്യത്യാസങ്ങളെ സൂചിപ്പിക്കുക മാത്രമല്ല, കഥാപാത്രങ്ങളുടെ സ്വത്വപരിണാമത്തെ അടയാളപ്പെടുത്തുകകൂടി ചെയ്യുന്നുണ്ട്. സൗന്ദര്യ - സദാചാരസങ്കല്പങ്ങൾക്ക് പുറത്തുനിൽക്കുന്ന അരികുവൽകരിക്കപ്പെട്ട ഒരു ജനതയെ അവരുടെ പ്രാദേശികഭാഷയിൽ അവതരിപ്പിക്കുന്നതിലൂടെ സൃഷ്ടിക്കുന്ന സാംസ്കാരികപ്രതിരോധം സിനിമയിലൂടെ സാധ്യമാകുന്നുണ്ട്. പുലയൻ, പെലക്കള്ളി തുടങ്ങിയ പദങ്ങൾ ഉപയോഗിച്ചു എന്ന കാരണത്താൽ സെൻസർ ബോർഡ് 'എ സർട്ടിഫിക്കറ്റ്' നൽകിയ സിനിമയാണ്

'കമ്മട്ടിപ്പാടം'. പ്രാദേശികഭാഷണങ്ങൾക്ക് സിനിമയുടെ ഉള്ളടക്കത്തെ നിർണയിക്കുന്നതിന് അധികാര കേന്ദ്രങ്ങളെ സ്വാധീനിക്കാൻ ശക്തിയുണ്ട് എന്നതിന് തെളിവ് കൂടിയാണിത്.

വടക്കൻകേരളത്തിലെ ഭാഷ മലയാള സിനിമയിൽ

വടക്കൻകേരളത്തിലെ പ്രാദേശികഭാഷകൾ ഉൾക്കൊള്ളുന്ന മൂന്ന് സിനിമകളെ ഇവിടെ സവിശേഷപഠനത്തിന് വിധേയമാക്കുന്നു. രഞ്ജിത്ത് സംവിധാനം നിർവഹിച്ച 'പാലേരിമാണിക്യം ഒരു പാതിരാക്കൊലപാതകത്തിന്റെ കഥ', മനോജ് കാന സംവിധാനം നിർവ്വഹിച്ച 'കെഞ്ചിര', സെന്ന ഹെഗ്ഡെ സംവിധാനം നിർവ്വഹിച്ച 'തിങ്കളാഴ്ച നിശ്ചയം' എന്നീ സിനിമകളെയാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

സിനിമയെ ജനകീയമാക്കുന്നതിലും കഥയ്ക്കും കഥാപാത്രത്തിനും സ്വാഭാവികത നൽകുന്നതിനും പ്രധാന പങ്കുവഹിക്കുന്നത് സിനിമയിലെ സംഭാഷണങ്ങൾ തന്നെയാണ്. വടക്കൻകേരളത്തിലെ, പ്രത്യേകിച്ച് കോഴിക്കോട് ജില്ലക്കകത്തെ ഭാഷാശൈലി മലയാളസിനിമകളിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ടി. പി. രാജീവന്റെ നോവലിന്റെ ചലച്ചിത്രാവിഷ്കാരമായ രഞ്ജിത്ത് സംവിധാനം നിർവ്വഹിച്ച 'പാലേരിമാണിക്യം ഒരു പാതിരാക്കൊലപാതകത്തിന്റെ കഥ' കോഴിക്കോട് ജില്ലയിലെ പാലേരി എന്ന ഗ്രാമത്തിന്റെ പശ്ചാത്തലത്തിലുള്ള സിനിമയാണ്. പ്രാദേശികതയുടെയും ഉച്ചാരണഭേദത്തിന്റെയും താരതമ്യപഠനത്തിന് ഉതകുന്ന മൂന്ന് കഥാപാത്രങ്ങളായി ഈ സിനിമയിൽ മമ്മൂട്ടി കടന്നുവരുന്നുണ്ട്. ഇതിൽ ഹരിദാസ്, ഖാലിദ് എന്നീ കഥാപാത്രങ്ങൾ ജോലി സംബന്ധമായ ആവശ്യങ്ങളാൽ വിദേശത്ത് ഉള്ളവരായതിനാൽ പ്രാദേശികതയിൽ നിന്നും തെന്നിമാറുമ്പോഴും അഹമ്മദ് എന്ന കഥാപാത്രം കോഴിക്കോടിന്റെ വടക്കൻ പ്രദേശങ്ങളിലെ പ്രാദേശികഭാഷയിൽ തന്നെയാണ് സംസാരിക്കുന്നത്. പ്രദേശം, തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ ഘടകങ്ങൾ ഒരു വ്യക്തിയുടെ ഭാഷയിൽ ഇടപെടുന്നതെങ്ങനെയെന്ന് സിനിമ വരച്ചു കാട്ടുന്നു. മയ്യഴിപ്പുഴക്കും കോരപ്പുഴക്കും ഇടയിലുള്ള വാമൊഴിയാണ് സിനിമയിലെ മിക്ക കഥാപാത്രങ്ങളും പറയുന്നത്. വടകര താലൂക്കിലെ പ്രാദേശികഭേദമായി ഇതിനെ പരിഗണിക്കാം എന്ന നിരീക്ഷണങ്ങളുമുണ്ട്. "കൂടുതൽ സൂക്ഷ്മാംശങ്ങളിലേക്ക് പോയാലത് വടകരത്താലൂക്കിലെ കുറുമ്പ്രനാട്, കടത്തനാട് പ്രദേശങ്ങളിൽ വിപുലമായിട്ടുള്ള ഭാഷ എന്ന നിലക്കും വിവക്ഷിക്കാം. കുറ്റ്യാടിയിലും നാദാപുരത്തും പാലേരിയിലും

ആവളയിലുമെല്ലാം അതിന് സാമുദായിക പ്രാധാന്യവും സമാനതയും ലഭിക്കുന്ന സാഹചര്യത്തിലാണിത്" (മനോജ് ഭാരതി, 2012:90).

പണിയസമുദായത്തിന്റെ ജീവിതവും സംസ്കാരവും ഭാഷയും അതിശയോക്തിയില്ലാതെ അവതരിപ്പിച്ച മനോജ് കാന സംവിധാനം നിർവഹിച്ച സിനിമയാണ് 'കെഞ്ചിര'. ഒരു ജനത എന്ന നിലയിൽ ആദിവാസി ജീവിതത്തെ അടയാളപ്പെടുത്തുന്ന, പ്രാദേശികസംസ്കാരത്തെ ഉയർത്തിപ്പിടിക്കുന്ന നിരവധി സിനിമകൾ ലോകത്താകമാനം ഉണ്ടായിക്കൊണ്ടിരിക്കുന്നു. പലപ്പോഴും അതിഭാവുകത്വം നിറഞ്ഞ അവതരണത്തിലൂടെ സിനിമ സൃഷ്ടിക്കുന്ന ആശയതലം നഷ്ടപ്പെടുന്ന പതിവ് രീതികളിൽ നിന്ന് 'കെഞ്ചിര' വേറിട്ടുനിൽക്കുന്നത് അത് പുലർത്തുന്ന സത്യസന്ധതയും സ്വാഭാവികതയും കൊണ്ടാണ്. പണിയവിഭാഗത്തിലെ ഭാഷയെ കൃത്യമായി അടയാളപ്പെടുത്തുന്നതിൽ ഈ സിനിമ ഏറെക്കുറെ ശ്രദ്ധിച്ചിട്ടുണ്ട്. മലയാളം, തമിഴ്, കന്നട എന്നീ ദ്രാവിഡ ഭാഷകളോട് ഏറെ സാദൃശ്യം പുലർത്തുന്നതാണ് പണിയഭാഷ. പണിയർ സംസാരിക്കുന്നത് വാമൊഴിയായി മാത്രം കൈമാറിവരുന്ന ഭാഷയിലാണ്. വാമൊഴിവഴക്കമായതു കൊണ്ടും ഒരുതരത്തിലുമുള്ള ലിപിവൽക്കരണം വന്നിട്ടില്ലാത്തതു കൊണ്ടും മലയാളമെന്ന ഭാഷയ്ക്ക് ഇവർക്കിടയിലേക്ക് എളുപ്പത്തിൽ ചെന്നെത്താൻ സാധിക്കുമെന്നതാണ് ഇന്നത്തെ സ്ഥിതി. ഇവിടെ മലയാളഭാഷയ്ക്ക് ഒരു ആധിപത്യസ്വഭാവം കൈവരികയും പണിയഭാഷയിലെ പദങ്ങൾ നഷ്ടപ്പെടുകയും ചെയ്യുന്നു. അതുവഴി ഒരു ജനതയുടെ സ്വത്വബോധം നഷ്ടപ്പെടുന്നു. 'കെഞ്ചിര'യിൽ പണിയഭാഷയിലെ ഭാഷാപ്രയോഗങ്ങളും ശൈലികളും ഉപയോഗിച്ചുകൊണ്ടാണ് സംഭാഷണം രചിച്ചിട്ടുള്ളത്. 'മുരുക്കുംപൂവേ മുരുക്കുംപൂവേ' എന്ന് തുടങ്ങുന്ന ഗാനംപോലും പണിയഭാഷയിലാണ് സിനിമയിൽ അവതരിപ്പിച്ചിട്ടുള്ളത്. മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തപ്പെടുന്ന ആദിവാസിവിഭാഗങ്ങൾ അവരുടെ ജീവിതംകൊണ്ടും നിരന്തരമുള്ള പലായനംകൊണ്ടും വ്യവസ്ഥകളോടും ചൂഷണങ്ങളോടും മല്ലടിച്ച് അതിജീവിക്കുന്നതിന്റെ രാഷ്ട്രീയമാണ്, ഭാഷയുടെ ഏകതാനതയോട് കലഹിച്ച് നില്ക്കുന്ന ആദിവാസി ഗോത്രഭാഷയിലുള്ള സിനിമയ്ക്ക് പങ്ക് വെയ്ക്കാനുള്ളത്. മറ്റുള്ളവരുടെ ആഖ്യാനത്തിൽ നരഭോജികളും സംസ്കാരമില്ലാത്ത കാടന്മാരൊക്കെയായി അവതരിപ്പിക്കപ്പെട്ടിരുന്നിടത്ത് നിന്ന് തങ്ങളുടെ സ്വന്തം ഭാഷയിൽ തങ്ങൾതന്നെ അഭിനയിച്ച് മുഖ്യധാരാമാധ്യമങ്ങളിൽ തങ്ങളെ സ്വയം അടയാളപ്പെടുത്തുന്നതിലേക്കുള്ള മുന്നേറ്റം വലിയ സാംസ്കാരികപ്രതിരോധം തന്നെയാണ്.

'കാഞ്ഞങ്ങാട് സിനിമ' എന്ന ടാഗ് ലൈനിലൂടെ സെന്ന ഹെഗ്ഡെ രചനയും സംവിധാനവും നിർവ്വഹിച്ച ഹാസ്യപ്രധാനമായ സിനിമയാണ് 'തിങ്കളാഴ്ച നിശ്ചയം'. പൂർണ്ണമായും കാഞ്ഞങ്ങാട്ഭാഷയിൽത്തന്നെയാണ് സിനിമ ഒരുക്കിയിട്ടുള്ളത്. അഭിനേതാക്കളിൽ വലിയൊരു ശതമാനവും കാഞ്ഞങ്ങാട്ടുകാർത്തന്നെയാണെന്നതും ഇതിന്റെ സവിശേഷതയാണ്. സിനിമയെ ജനകീയമാക്കുന്നതിലും കഥയ്ക്കും കഥാപാത്രത്തിനും സ്വാഭാവികത നൽകുന്നതിനും പ്രധാന പങ്കുവഹിക്കുന്നത് സിനിമയിലെ സംഭാഷണങ്ങൾ തന്നെയാണ്. കാസറഗോഡ് പ്രദേശത്തെ സാംസ്കാരികമുദ്രകൾ ഭാഷയിൽ പ്രതിഫലിക്കുന്നുണ്ട്. സിനിമയിൽ രണ്ടു പാട്ടുകളാണ് പ്രധാനമായും ഉള്ളത്. അതിൽ ഒരു പാട്ട് മംഗലംകളിയുടേതാണ്. പോയ്മറഞ്ഞ ഗോത്രകാലജീവിതത്തെ ഈ പാട്ടിലൂടെ അടയാളപ്പെടുത്തുന്നു. പദതലത്തിൽ വളരെയധികം വ്യത്യസ്തത പുലർത്തുന്ന പ്രദേശമാണ് കാഞ്ഞങ്ങാട്. സിനിമയിൽ അത്തരം പദപ്രയോഗങ്ങൾ കാണാം. ദീർഘസ്വരം ഹ്രസ്വമാവുക, വ്യഞ്ജനാക്ഷരം ഇരട്ടിക്കുക, ഒരേ പദത്തിന് തന്നെ വ്യത്യസ്തരൂപങ്ങൾ ഉണ്ടാവുക, ചില്ലുകൾക്ക് രൂപപരിണാമം സംഭവിക്കുക എന്നീ പ്രത്യേകതകളും കാണാം. പി. വി. ഷാജികുമാറിന്റെയും, അംബികാസുതൻ മാങ്ങാടിന്റെയും ചില ചെറുകഥകളിൽ കാഞ്ഞങ്ങാടിലെ പ്രാദേശികഭാഷാഭേദമാണ് കാണാൻ സാധിക്കുക. ഉച്ചാരണരീതിയിൽ നീട്ടലും കുറുക്കലുകളും ചില വേഗതയും ഒക്കെ ആ ഭാഷയുടെ ജൈവികതയെ കാണിക്കുന്നു. 'തിങ്കളാഴ്ച നിശ്ചയം' എന്ന സിനിമയിലൂടെ ഒരു നാടിന്റെ ജനകീയ ഭാഷാബോധം അവതരിപ്പിക്കുന്നു. അതിലൂടെ ജനകീയപ്രതിഫലനം ഉണ്ടാകുന്നു.

ഉപസംഹാരം

സിനിമ കേവലം ഒരു തിരക്കഥാകൃത്തിന്റെയോ സംവിധായകന്റെയോ മാത്രമല്ല. അത് ഒരു കൂട്ടായ പ്രവർത്തനമാണ്. രൂപശില്പഭാവുകത്വപരമായ വലിയ കുതിച്ചുചാട്ടം സൃഷ്ടിച്ച പുതുതലമുറയുടെ സിനിമകളിൽ കഥനരീതികളിലും കഥാപാത്രസൃഷ്ടിയിലും അവർ ധീരമായ പരീക്ഷണങ്ങൾ നടത്തി. അതിലൊന്നാണ് സംസ്കാരത്തെ ഉൾക്കൊണ്ടുള്ള ഭാഷാഭേദവും. ഈ സിനിമകളിലൊക്കെ ഭാഷാഭേദത്തെ അടയാളപ്പെടുത്തുവാനിടയാക്കിയത് അവയ്ക്ക് മുൻപുണ്ടായ സിനിമകളിലെ പ്രാദേശികഭാഷാ ഉപയോഗത്തിലൂടെ കൈവരിച്ച ജനപ്രിയത്വമാണ്. സിനിമ ഒരു കല എന്നതിനൊപ്പം ഒരു വിപണികേന്ദ്രീകൃത ഉത്പന്നം കൂടിയായി മാറിയിട്ടുള്ള സാഹചര്യത്തിൽ

കൃത്യത എന്ന വാദത്തിന് ഇവിടെ പ്രസക്തിയില്ല. പ്രാദേശികതകളെ കീഴടക്കാൻ ശ്രമം നടത്തുന്ന ഒരു സാമൂഹിക അന്തരീക്ഷത്തിൽ അതിനെ പ്രാദേശികതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രതിരോധിക്കുക എന്ന തന്ത്രം സമർത്ഥമായി പ്രയോഗിക്കാൻ മലയാളസിനിമ ശ്രമിക്കുന്നുണ്ട് എന്നതാണ് പ്രധാനം.

സഹായക ഗ്രന്ഥങ്ങൾ

1. അനിതകുമാരി, ടി. ഡോ. (എഡി.), സിനിമ ആസ്വാദനത്തിന്റെ ചരിത്രവഴികൾ 1930-1960, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, മലപ്പുറം, 2017.
2. ഉഷാകുമാരി, കെ എസ്., പ്രമേയവും ഭാഷയും പെണ്ണെഴുത്തിൽ, എൻ. ജയകൃഷ്ണൻ (എഡി), പെണ്ണെഴുത്ത്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2002.
3. ജയകുമാർ, കെ. പി., ജാതിവ്യവസ്ഥയും മലയാളസിനിമയും, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2014.
4. ജയന്തി, ജെ., ഡോ. ജെ സി ഡാനിയൽ മലയാള സിനിമയുടെ പിതാവ്, ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2016.
5. ജിതേഷ്, ടി., ചലച്ചിത്രസിദ്ധാന്തങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.
6. ജോസ് കെ. മാനുവൽ, ഡോ. (എഡി.), മാറുന്ന മലയാള സിനിമ ഭാഷ സംസ്കാരം സമൂഹം, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 2015.
7. മനോജ് ഭാരതി, മമ്മൂട്ടി ഭാഷയും ദേശവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2012.
8. രവീന്ദ്രൻ, സിനിമ സമൂഹം പ്രത്യയശാസ്ത്രം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2007.
9. രാജേഷ് ആർ., ഓണാട്ടുകര ദേശം ഭാഷ സംസ്കാരം, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 2019.
10. രാമചന്ദ്രൻ, ജി. പി, മലയാള സിനിമ ദേശം ഭാഷ സംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2009.
11. വിജയൻ, എം. എൻ., പ്രകൃതിപാഠങ്ങൾ, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, 2023.
12. ശ്രീനാഥൻ, എം., ആദിവാസിഭാഷ, മലയാളഭാഷ പഠനങ്ങൾ, എഡി. എ. എം. ഉണ്ണികൃഷ്ണൻ, പി കെ പരമേശ്വരൻ നായർ സ്മാരക ട്രസ്റ്റ്, 2019.
13. ഷീബ എം. കുര്യൻ., ഡോ., (എഡി.), സംസ്കാരപഠനത്തിന്റെ പുതുവഴികൾ, കേരളസർവകലാശാല പ്രകാശനവിഭാഗം, തിരുവനന്തപുരം, 2018.
14. സോമശേഖരൻ നായർ, പി., ഭാഷാഭേദവിജ്ഞാനീയം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2016.

15. സോളി, വി. ആർ., ജോപോൾ, കെ., ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, മലയാള പഠനഗവേഷണകേന്ദ്രം, തൃശ്ശൂർ, 2021.
16. Anderson, Nathan. Shadow Philosophy: Plato's Cave and Cinema, Oxon: Routledge, 2014.
17. Furstenau, Marc. (Ed.), The Film Theory Reader: debates & Arguments, Oxon: Routledge, 2017.
18. Hall, Stuart. Cultural Studies 1983: A Theoretical History, Jennifer Daryl Slack and Lawrence Grossberg (ed), Hyderabad: Orient Black Swan Private limited, 2017.
19. Niladri sekhar das (dr.), language and linguistics, heritage publication, new delhi, 2011.

പുതുകവിതയിലെ വൈജ്ഞാനിക മണ്ഡലം; സ്വത്വവും പ്രതിരോധരാഷ്ട്രീയവും

ശ്രീജയ സി. എം.
ഗവേഷക, ഡോ ഹെർമ്മൻ ഗുണ്ടർട്ട് സെൻട്രൽ ലൈബ്രറി
ആന്റ് റിസേർച്ച് സെന്റർ, കണ്ണൂർ സർവ്വകലാശാല

പ്രബന്ധസംഗ്രഹം:

പുതുകവിതയിലെ ഭാവുകത്വം വൈജ്ഞാനികപരമായ പൂർവ്വധാരണകളെ ഭേദിക്കുന്നത് ആശയപരമായ സമീപനത്തിലൂടെയും ആവിഷ്കരണത്തിലെ പുതുമയിലൂടെയുമാണ്. പുതുകവിതയിലെ വൈജ്ഞാനിക മണ്ഡലം പ്രതിരോധത്തിന്റെ കൂടി അടയാളപ്പെടുത്തലാണെന്നിരിക്കെ ഡി അനിൽകുമാർ, അശോകൻ മറയൂർ എന്നിവരുടെ രചനകളിലെ പ്രാദേശികതയുടെ അടയാളപ്പെടുത്തലുകൾ അനുഭവപരിസരങ്ങളുടേയും അറിവിന്റേയും മണ്ഡലങ്ങളാകുകയും നിലനിന്നുപോന്ന അറിവധികാരരൂപങ്ങൾക്കെതിരെയുള്ള, അധീശത്വത്തിനെതിരെയുള്ള പ്രതിരോധരാഷ്ട്രീയത്തിന്റെ സമുന്നത ഇടമായും വർത്തിക്കുന്നുണ്ട്. ഭാഷ, സംസ്കാരം, അനുഭവമെന്നിവയൊക്കെയും നാനാ ജനസമൂഹങ്ങളുടെ സ്വത്വത്തിന്റെ കൂടി ഭാഗമാണെന്നിരിക്കെ അവയിലൂടെ പുതുകവിത സൃഷ്ടിച്ച പൂർവ്വമാതൃകകളുടെ തിരസ്കാരവും മനുഷ്യരുടെ നൈതികജീവിതബോധ്യങ്ങളുടെ വീണ്ടെടുപ്പും പഠനവിധേയമാക്കേണ്ടതനിവാര്യമാണ്.

താക്കോൽ വാക്കുകൾ:

പുതുകവിത, വൈജ്ഞാനികത, പ്രാദേശികത, സ്വത്വം, പ്രതിനിധാനം, അധികാരം, പ്രതിരോധം

ആമുഖം

കവിത എല്ലായ്പോഴും മറ്റേതൊരു സാംസ്കാരികോല്പന്നത്തേയും കലയേയും പോലെ കാലത്തിന്റെ സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളെ അടയാളപ്പെടുത്തുന്നുണ്ട്. കവിതയുടെ ഭാവുകത്വപരിസരത്തിൽ സമൂഹത്തിന്റെ പരിച്ഛേദമെന്ന നിലയിലോ ചിലപ്പോഴെങ്കിലും സ്ഥായിയായി ഔന്നത്യവത്കരിക്കപ്പെട്ടവയ്ക്കെതിരെയുള്ള ഭാഷാപരമായതോ അതുവഴി സാംസ്കാരികമായതോ ആയ പ്രതിരോധമെന്ന നിലയിലോ ആണ് വൈജ്ഞാനിക മണ്ഡലം നിലകൊള്ളുന്നത്. കവിതയിലെ ഇതിവൃത്ത സ്വീകരണം, ഭാഷ, പ്രയോഗം എന്നിവയിലൂടെയൊക്കെ പൂർവവൈജ്ഞാനിക നിർമ്മിതികളെ മാറ്റത്തിനു വിധേയമാക്കുന്നതിന്റെ അടയാളപ്പെടുത്തലുകൾ ദൃശ്യമാണ്. ആധുനികപൂർവ്വ വൈജ്ഞാനികത സംസ്കൃതത്തിന്റെ അധീശത്വത്തിൽ പുലർന്നിരുന്നതും അറിവിന്റെ ശ്രുഢവത്കരണത്തിന്റെ പ്രതിഫലനങ്ങൾ കാവ്യരൂപങ്ങളിലും നിലനിന്നിരുന്നതായും മലയാളകവിതയുടെ ചരിത്രപരമായ പരിശോധനയിൽ തെളിഞ്ഞുകാണാം. മണിപ്രവാളത്തിൽ നിന്നും കാവ്യം, കാവ്യഭാഷ നേടിയ വിടുതൽ കൂടുതൽ ചരിത്രപരവും സാംസ്കാരികപരവുമായ മാനങ്ങളുള്ളവയാണ്. സവർണജനഭാഷ്യമായി അടയാളപ്പെടുത്തപ്പെട്ടതിൽ നിന്നും മറിച്ചൊരു കാഴ്ചപ്പാട് കവിതയ്ക്കുണ്ടെന്ന്, മണിപ്രവാളഭിന്നമായ ഒരു സാമൂഹിക-സാംസ്കാരിക മണ്ഡലം കൂടിയുണ്ടെന്ന് പാട്ടുപ്രസ്ഥാനത്തിന്റെ വഴി തെളിയിക്കുമ്പോൾ ബോധ്യപ്പെട്ടെങ്കിലും ആ മാറ്റം കൂടുതൽ പ്രത്യക്ഷമായി സാധാരണക്കാർക്ക് അഭിവ്യക്തമാകുന്ന ഭാഷയായി തെളിഞ്ഞുവരുന്നതിന് നൂറ്റാണ്ടുകളെടുത്തു. ആധുനിക മലയാളഭാഷയും സാഹിത്യവും വളരുമ്പോൾ കവിതയും വികസിച്ചു. പച്ചമലയാളപ്രസ്ഥാനം പോലെ, പ്രാസവാദം പോലെയുള്ളവയൊക്കെ കവിതയുടെ യാഥാസ്ഥിതിക വൈജ്ഞാനിക നിർമ്മിതികളെ ചെറിയ തോതിലെങ്കിലും ചോദ്യം ചെയ്തു. തുടർന്ന് ആശയ സ്വീകരണത്തിലും ഭാഷാപ്രയോഗങ്ങളിലുമൊക്കെ കവിത അതുവരെ പിന്തുടർന്ന ലാവണ്യബോധത്തെ തിരസ്കരിക്കുന്നതു കാണാം. പുതുമലയാളകവിതയിൽ ജ്ഞാനം നിർമ്മിക്കപ്പെടുന്നത് കവിതയെന്ന

ജനസ്സിനെ തന്നെ ആകമാനമുടച്ചുവാർത്തുകൊണ്ടാണ്. അതിൽ പ്രധാനമായും കടന്നു വരുന്ന സാമൂഹിക-സാംസ്കാരിക പരിസരം പ്രാദേശിക സ്വത്വത്തിന്റെ ഭാഷാപരവും സാംസ്കാരികപരവുമായ അടയാളപ്പെടുത്തലാണ്. നിർദ്ദിഷ്ട പൊതു സമൂഹത്തിന്റെ ജ്ഞാനമണ്ഡലത്തിനവകാശപ്പെടാനാവാത്ത, ജ്ഞാനപരിധിയിൽ കാലങ്ങളായി ഇടംപിടിക്കാത്ത ജൈവിക-അജൈവിക പരിസരത്തെ പ്രതിയുള്ള അറിവ്, ജീവിതരീതി, ആചാരവിശ്വാസങ്ങളെന്നിവ പുതുകവിതയുടെ ഭാഷയുടെ ജ്ഞാനനിർമ്മിതിയുടെ ഭാഗമായി വരുന്നു. അവ ഭാഷയ്ക്കപുറത്തേക്കും വഴിതെളിയിക്കുന്നു. ഭ്രരിപക്ഷമംഗീകരിക്കുന്ന, ഭ്രരിപക്ഷം വരുന്ന ജനജീവിതത്തിന്റെ അധീശത്വത്തിന്റെ രൂപമാണ് അറിവെന്ന സാമ്പ്രദായിക ബോധ്യത്തെ പുതുകവിത(ആധുനികാനന്തര കവിത) കീഴ്മേൽ മറിച്ചു. തീരദേശ-ഗോത്രവർഗ്ഗ കവിതകളിൽ വിജ്ഞാനത്തിന്റെ മണ്ഡലം കൂടുതൽ വികസിക്കുകയും അവ പ്രതിരോധത്തിന്റെ ഭാഷയായി മാറുന്നുമുണ്ട്. ഡി. അനിൽകുമാർ, അശോകൻ മറയൂർ എന്നിവരുടെ രചനകളെ മുൻനിർത്തി മലയാള പുതുകവിതയിലെ വൈജ്ഞാനിക നിർമ്മിതികളെ മനസ്സിലാക്കുന്നതിന് സാധിക്കും.

ഫ്രാൻസിസ് ബേക്കൺ നിർദ്ദേശിച്ച, പരീക്ഷണ നിരീക്ഷണ നിഗമന സിദ്ധാന്തങ്ങളിലൂടെ രൂപപ്പെടുന്നതും എവിടേയും ഒരുപോലെ ആവർത്തിക്കാൻ കഴിയുന്നതും ആ അറിവിനെ നോക്കുന്ന വ്യക്തിയുടെ വ്യക്തിഗതമായ താത്പര്യങ്ങളൊന്നും കൂടിക്കലരാത്തതുമായത് വസ്തുനിഷ്ഠജ്ഞാനമാണ്(2017:116) എന്ന സുനിൽ പി. ഇളയിടത്തിന്റെ വാക്കുകൾ പുതുകവിതയെ സംബന്ധിച്ചിടത്തോളം ശാസ്ത്രപരമായ ആധുനികയുക്തിക്കു ബദലാണെന്നു കാണാം. ജ്ഞാനം മൻപേ തന്നെ അവിടെയുള്ളതാണെന്നും സാങ്കേതികമായ നിരീക്ഷണ-പരീക്ഷണങ്ങൾക്കപ്പുറം അതിന് സാമാന്യമായ അനുഭവപരമായ സാധ്യതകളുണ്ടെന്നും സവിശേഷവ്യവഹാരങ്ങളാൽ കേന്ദ്രിതവുമാണവയെന്നും പിന്നീട് തിരിച്ചറിയപ്പെടുകയാണ്. ശാസ്ത്രത്തിന്റെ ശുദ്ധജ്ഞാനമെന്ന യുക്തി പലതരത്തിൽ ചോദ്യം ചെയ്യപ്പെട്ട പൂർവകാലത്തിന്റെ തുടർച്ചയാണ് പുതുകവിതയിലും വ്യക്തമാകുന്നത്. ഭൗതിക മണ്ഡലത്തെ, സാധാരണക്കാരുടെ അറിവിനെ, പരമ്പരാഗത അറിവിനെ കൊളോണിയൽ കാലഘട്ടത്തിലാണ് ഇവിടെ ആദ്യമായി അംഗീകരിക്കുന്നത്. അതിനുശേഷം ജനത തിരസ്കാരത്തിന്റെയും അറിവിന്റേയും വിനിമയ മണ്ഡലങ്ങളെ യുക്തിപൂർവ്വം പുനരാലോചിക്കുന്നതിനാരംഭിച്ചതിന്റെ കൂടി ഇങ്ങേതലയ്ക്കലാണ് പുതുകവിതയും നി

ലനിൽക്കുന്നത്. അത്തരത്തിൽ പുതുകവിതയിലെ വിജ്ഞാനമണ്ഡലം ഭാഷയേയും ദേശത്തിനേയും പാരമ്പരാഗത അറിവും നിർമ്മിതിയേയുമാണ് അടയാളപ്പെടുത്തുന്നതെന്നു വ്യക്തം. ചരിത്രമെന്നതിന് ഭൂതകാലത്ത് സംഭവിച്ച കാര്യങ്ങൾ എന്ന അർത്ഥമുണ്ടെന്ന (ഗോവിന്ദപ്പിള്ള, 2010:1) വാക്കുകൾ സ്വീകരിക്കുമ്പോൾ ചരിത്രത്തിന്റെ പുനർവിചിന്തനമാണ് അല്ലെങ്കിൽ തിരസ്കാരമാണ്, അല്ലെങ്കിൽ അവയോടുള്ള പ്രതിരോധമാണ് പുതുകവിതയിൽ തെളിയുന്നതെന്നു പറയാം.

അശോകൻ മറയൂരിന്റെ രചനകളിൽ കാണുന്ന ഗോത്രജീവിതപശ്ചാത്തലവും ഡി. അനിൽ കുമാറിന്റെ കവിതകളിൽ തെളിഞ്ഞു കാണുന്ന തീരദേശ ജീവിതവും കാലങ്ങളായി പുറത്താക്കപ്പെട്ട അറിവിന്റെ വെളിപ്പെടുത്തലാകുമ്പോൾ സാമൂഹികമെന്ന തലത്തിൽ സാധാരണക്കാരുടെ അറിവ്, ഭാഷ, ജീവിതമെന്നിവയൊക്കെ സമൂഹത്തിന്റെ ഭാഗമായി തന്നെ സ്ഥാനം കണ്ടെത്തുന്നു. അറിവിന്റെ പൂർവ ധാരണകളെയൊക്കെ തിരുത്തിക്കുറിക്കുന്നുഅശോകൻ മറയൂരിന്റെ പച്ച വ്ട് എന്ന കൃതിയിലെ കവിതകൾക്കൊപ്പം ഡി അനിൽകുമാറിന്റെ അവിയങ്കോര യെന്ന കൃതിയിലെ കവിതകളാണ് പ്രധാനമായും ഇവിടെ പഠനവിധേയമാക്കുന്നത്. അശോകൻ മറയൂരിന്റെ കൃതിയുടേയും ഡി. അനിൽ കുമാറിന്റെ ചങ്കൊണ്ടോ പറക്കൊണ്ടോ, തീരഭാഷാ നിഘണ്ടുവായ കടപ്പെറപാസ, അവിയങ്കോര എന്നീ കൃതികളൊക്കെ അവയുടെ ശീർഷകത്തിൽ തന്നെ തീരദേശ ജീവിതസംസ്കാരത്തെ അടയാളപ്പെടുത്തുന്നുണ്ട്.

അറിവും അധികാരവും

ജ്ഞാനം ദൈവശാസ്ത്രപരമായ അന്വേഷണവും പരമമായ ജ്ഞാനം ബ്രഹ്മാനന്ദമെന്ന പരികല്പനയും രൂപംകൊണ്ടതിനേത്തുടർന്ന് ഭൗതികമായ, പ്രകൃതിയുമായി ബന്ധപ്പെട്ടവയേയൊക്കെയും അറിവിന്റെ മേഖലകളിൽ നിന്നും അകറ്റിനിർത്തി. ആ മേഖലയിലെ പ്രത്യേക ജനവിഭാഗങ്ങൾ അജ്ഞാനികളെന്ന് മുദ്രകുത്തപ്പെട്ടു. അറിവിൽ ജ്ഞാനം, അജ്ഞാനം എന്നിങ്ങനെ രണ്ടു ദ്വന്ദ്വങ്ങൾ കടന്നുവന്നപ്പോൾ അധീശ-അധീന സംവർഗ്ഗങ്ങൾ രൂപപ്പെട്ടു. അറിവിന്റെ ലോകമില്ലെങ്കിൽ അധികാരത്തിന് നിലനില്പ സാധ്യമല്ല. കാലാകാലങ്ങളായി അധീശത്വം സ്ഥാപിക്കപ്പെടുന്നതിത്തരത്തിലാണ്. അതിനെ പ്രാദേശികമായ അറിവിലൂടെ, പ്രാദേശിക ജീവിതസംസ്ഥാപനത്തിലൂടെ പുനർവായനയ്ക്ക്, പൊളിച്ചെഴുത്തിന് വി

ധേയമാക്കുകയാണ് തീരദേശ-ഗോത്രവർഗ്ഗ കവിതകളിലൂടെ ചെയ്യുന്നത്. വ്യക്തിയിൽ നിന്നും അവന്റെ/അവളുടെ ചെറുതും വലുതുമായ അറിവ്, ജീവിത പരിസരം, ഭാഷ, സംസ്കാരം എന്നിവയിലൂടെ നിലനില്പിനെ അടയാളപ്പെടുത്തുന്ന മാധ്യമമായി കവിത പരിവർത്തനം ചെയ്യുന്നു. അവിടെ അതിവൈകാരിക-പൂർവ്വ കാല്പനിക ബോധങ്ങളിൽ നിന്ന് കവിത പുറത്തുകടന്ന് പരുക്കൻ ജീവിതത്തെ, സൂക്ഷ്മമായ ജീവിതാവസ്ഥകളെ കെട്ടുപാടില്ലാതെ അവതരിപ്പിക്കുന്നു. സ്വത്വം പ്രാദേശികതയിലൂടെ വീണ്ടെടുക്കപ്പെടുകയും അറിവിലൂടെ അധികാരത്തിന്റെ ചരിത്രം പുനർവായനയ്ക്കുമെഴുത്തിനും വിധേയമാക്കുകയും ചെയ്യുന്നു.

പ്രാദേശികതയും സ്വത്വവും

ആധുനികതയോടുകൂടി ഏറെ ചർച്ചചെയ്യപ്പെട്ട, സൂക്ഷ്മവായനയിൽ സങ്കീർണ്ണമായ വിശകലനസാധ്യത നിലനിൽക്കുന്നതുമായ സ്വത്വം ആത്മം, സ്വം എന്നീ പദങ്ങളിൽ നിന്നും വിഭിന്നമായ അർത്ഥവ്യാപ്തി കൈക്കൊള്ളുന്നുണ്ട്. ഒരു വ്യക്തി തങ്ങൾക്കുണ്ടെന്നു കല്പിക്കുന്ന സ്വത്വമെന്ന പരികല്പന ഒരേ സമയം സാമൂഹികവും സാംസ്കാരികവുമായ പരിച്ഛേദം കൂടിയാണ്. അത് വ്യക്തിയുടെ ഭാവനാത്മകമായ അനന്യതതയാണെന്ന സങ്കല്പം നിലനിൽക്കുന്നുണ്ട്. സ്വത്വം അധികാരത്തിന്റെ പലതരത്തിലുള്ള അടിച്ചമർത്തലുകളിൽ കീഴടങ്ങിയോ അല്ലെങ്കിൽ അവയെ അതിജീവിച്ചോ ആണ് നിലനിൽക്കുന്നത്.

പുതുകവിതയിലെ അനുഭവങ്ങളുടെ ആവിഷ്കരണങ്ങൾ പലപ്പോഴും സൂക്ഷ്മമായ പ്രാദേശിക ചരിത്രത്തിന്റെ, കാലഘട്ടത്തിന്റെ കൂടി അവതരണമാകുന്നുണ്ട്. പ്രാദേശികത ഒരു പ്രദേശത്തിന്റെ തനത് സാമൂഹിക-സാംസ്കാരിക ക്രമങ്ങളുടെ, ചുറ്റുപാടിന്റെ തനത് സത്തയാണ്. ഒരു ജനസമൂഹത്തിന്റെ, നിശ്ചിത പ്രദേശത്തിൽ വസിക്കുന്നവരുടെ ജീവിതരീതിയുടെ സാംസ്കാരിക വിനിമയങ്ങളുടെ ആകെത്തുകയാണ്. ആധുനികതയുടെ സാർവ്വലൗകികതയെന്ന ആശയത്തിന്റെ നേർവിപരീതമായ അർത്ഥമോ അതിൽ നിന്നുള്ള വിഘടനസ്വഭാവമോ ആണ് പ്രാദേശികതയ്ക്കുള്ളത്. വിശാലാർത്ഥത്തിൽ ഒരു ഇടമെന്നതിനപ്പുറം വ്യക്തിയെ പരുവപ്പെടുത്തുന്ന സാമൂഹിക-സാംസ്കാരിക ചുറ്റുപാടിന്റെ സ്വാഭാവികതയാണത് ഉൾക്കൊള്ളുന്നതെന്നു പറയാം. ദേശീയതയുടേയും ഉപദേശീയതയുടേയും മൂല്യസങ്കല്പങ്ങളിൽ നിന്നും പുറത്താക്കപ്പെട്ട ജനസമൂഹങ്ങളുടെ, പ്രാദേശികസ്വത്വത്തിന്റെ വീണ്ടെടുപ്പ് ഭ്രരിപ

ക്ഷ-മുതലാളിത്ത നയങ്ങൾക്ക് വിപരീതമാണ്. ചെറുതുകൾ വലുതുകളിൽ നിന്ന് വേർതിരിക്കപ്പെട്ടത് വലുതുകളുടെ ചരിത്രത്തെ മാത്രം പരിഗണനയിൽ നിർത്തിക്കൊണ്ടാണ്. 1960 കളിലെ ചരിത്ര രചയീതാക്കൾ കീഴാളപഠനങ്ങളിൽ പ്രാദേശികഘടനകൾക്കു നേരെ നടന്ന കൊളോണിയൽ കടന്നുകയറ്റത്തേക്കുറിച്ചുള്ള കാര്യങ്ങൾ വിശദീകരിക്കുന്നുണ്ട്. പ്രാദേശികതയേപ്രതിയുള്ള വീണ്ടുവിചാരങ്ങൾ അധിനിവേശത്തിന്റേയും അധികാരത്തിന്റെ കീഴ്പ്പെടലത്തലുകൾക്കും സമാന്തരമായാണ് വിനിമയം ചെയ്യപ്പെട്ടിരുന്നത്. അത് ഒരു സമൂഹത്തിന്റേയും സംസ്കാരത്തിന്റേയും അടയാളപ്പെടുത്തലാണെന്ന തിരിച്ചറിവിൽ നിന്നുമാണ് സ്വത്വമവിടെ തിരിച്ചറിയപ്പെടുകയും വ്യക്തിയെ പരുവപ്പെടുത്തിയ നിർണ്ണായക സത്തയായി സ്വയം വ്യതിരിക്തമാവുകയും ചെയ്യുന്നത്. ആധുനികതയുടെ രേഖീയമായ നിയത കാഴ്ച്ചപാടിൽ പ്രാദേശികത അറിവില്ലായ്മയും അന്ധവിശ്വാസവും പഴമ മാത്രമായും തിരസ്കരിക്കപ്പെട്ടതിൽ നിന്നും അവയുടെ സൗന്ദര്യാവബോധത്തിന്റെ വീണ്ടെടുപ്പിന്റെ തുടർച്ചയായാണ് പിന്നീട് സാഹിത്യത്തിലും ആധുനികാനന്തര കവിതയിലും ദൃശ്യമാകുന്നത്. അകൃത്രിമമായവയെ അവ നിരാകരിക്കുന്നു. അമൂർത്തതയല്ല, മറിച്ച് നേരനുഭവങ്ങൾക്കിവിടെ പ്രാധാന്യം കൈവരുന്നു. ഗോത്രവർഗ്ഗ-തീരദേശ ജനതയുടെ ജീവിതചുറ്റുപാടുകളും സംസ്കാരവും പ്രതിഫലിപ്പിക്കുന്ന പുതുകവിതയിലെ സവിശേഷധാര ഒരു ജനവിഭാഗത്തിന്റെ സ്വത്വത്തിന്റ പ്രതിനിധാനമാകുമ്പോൾ അത് പ്രതിരോധാത്മകം കൂടിയാകുന്നു. ഡി. അനിൽകുമാർ, അശോകൻ മറയൂർ എന്നിവരുടെ രചനകളിത്തരത്തിൽ സുപ്രധാനമാണ്. ഇതിവൃത്തസ്വീകരണവും കവിതയിലെ പ്രാദേശിക ചുറ്റുപാടുകളുടെ അടയാളപ്പെടുത്തലും ഭാഷാപ്രയോഗങ്ങളുമൊക്കെ ഇവിടെ പഠനവിഷയമാക്കേണ്ടതുണ്ട്. കവിതകളുടെ ഇതിവൃത്ത സ്വീകരണം പുതുകവിതയുടെ ജനുസ്സിന്റെ ഭാവുകത്വമാറ്റത്തിൽ സുപ്രധാനമാണ് എന്നതുപോലെ തന്നെ ഇതിവൃത്ത സ്വീകരണത്തിലൂടെ ഉരുത്തിരിയുന്ന രാഷ്ട്രീയം, സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങൾ എന്നിവയും ഏറെ പ്രധാനമാണ്.

കവിതകളിലെ ഇതിവൃത്തസ്വീകരണം

ജീവിക്കുന്ന ചുറ്റുപാടും ജീവിതവും ഇടകലർന്നാണ് അശോകൻ മറയൂരിന്റെ മിക്ക കവിതകളിലും കാണുന്നത്. ജീവിതത്തെ ജീവിക്കുന്ന ചുറ്റുപാടിൽ നിന്നും സാമൂഹിക-സാംസ്കാരികമണ്ഡലത്തിൽ നിന്നും വേർതിരിച്ച് ഒരു പൊതുസമൂഹത്തി

ന്റെ, നിയത മാനക-സാമൂഹിക മണ്ഡലത്തിൽ പ്രതിഷ്ഠിക്കാനാവില്ല എന്നതാണ് അദ്ദേഹത്തിന്റെ കവിതകളെ പുതുകവിതയുടെ സവിശേഷ ധാരയിൽ നിലനിർത്തുന്നത്. ഒരു വംശത്തിന്റെ, സംവർഗത്തിന്റെ ആവിഷ്കാരമവയിലുണ്ടെന്നിരിക്കെ തന്നെ വ്യക്തിയുടെ സ്വാനുഭവപരത വേറിട്ട് വ്യക്തമാകുന്നുവെന്നത് ഈ കവിതകളെ സവിശേഷമാക്കുന്നു. കവിത ഒരു സാമൂഹിക-സാംസ്കാരിക രേഖയാകുമ്പോൾ ചരിത്രപരമായി കൂടി അവയ്ക്ക് പ്രാധാന്യം കൈവരുന്നുണ്ട്.

പ്രണയം, വിവാഹം, ആചാരവിശ്വാസങ്ങൾ, ജീവിതത്തെ നിലനിർത്തുന്ന മൂല്യബോധങ്ങളെന്നിവ ഒരു വശത്ത് ഇതിവൃത്തമാകുമ്പോൾ മറുവശത്ത് വിശപ്പ്, ജീവിതാനുഭവങ്ങളെന്നിവയും കവിതകളുടെ കാതലാകുന്നു. പ്രണയവും കാമവും വിരഹവുമൊക്കെ കാലാകാലങ്ങളായി മലയാളകവിതയുടെ വിഷയമാണെന്നിരിക്കിലും ഓരോ കാലഘട്ടത്തിലും അവ അവതരിപ്പിക്കപ്പെടുന്നതിൽ വ്യതിരിക്തത കാണാം. അതിൽ കാലഘട്ടത്തിന്റെ, എഴുത്തുകാരന്റെ, അനുവാചകന്റെ ഭാവുകത്വമണ്ഡലം പ്രതിഫലിക്കുന്നതു കാണാം. രസിപ്പിക്കുന്നതിൽ നിന്നും, വർണ്ണനകളാലും അതിഭാവുകത്വത്താലും മതിമറന്നു പോകുന്നുവെന്ന് തോന്നിപ്പിക്കുന്നതിൽ നിന്നും മലയാളകവിത യഥാർത്ഥ ജീവിതത്തെ, സാധാരണമനുഷ്യനെ, അവന്റെ/അവളുടെ വൈകാരികതയെ അടയാളപ്പെടുത്തുന്നത് അതിനുശേഷമാണ്. .

പച്ചവ്ട് എന്ന കൃതിയിൽ "കേണിത്തണ്ണിപ്പൊടവ" എന്ന ഭാഗത്ത് മുതുവാൻ ഭാഷാകവിതകളും പരിഭാഷയും "പൂവിനുള്ളിലെ തേൻ തിളയ്ക്കുകയാണ്"എന്ന രണ്ടാം ഭാഗത്ത് മലയാളകവിതകളുമാണ് ചേർത്തിട്ടുള്ളത്. അതിൽ "കേണിത്തണ്ണിപ്പൊടവ"(മലയിടുക്കിലെ തണ്ണീർപ്പുടവ), "അള"(ആള്ള്), "കാട്", "പെസി"(പശി), "യെന്ന പുലിയെടുത്തെ"(എന്നെ പുലി പിടിച്ചാൽ), "അടയാളം", "കാക്ക", "മുളപൂക്കുമാണ്ട്", "ഇതുമതി നമുക്ക്", "{രാത്രിരാഗം", "നനഞ്ഞ്", "വാല്", "തുടിപ്പ്" എന്നിവയൊക്കെ വിശപ്പും ജീവിതപര്യവസ്ഥകളുമൊക്കെ അടയാളപ്പെടുത്തുമ്പോൾ} "പാലാപ്പൊങ്ങും പാറ"(പാലുപൊങ്ങും പാറ), "തുപ്പ", "പൊറമല" എന്നിവ ജീവിതരീതിയും ആചാരവിശ്വാസങ്ങളും സാംസ്കാരിക ചുറ്റുപാടും അവതരിപ്പിക്കുന്നു. വ്യക്തിപരത സ്വത്വത്തിന്റേയും അതുവഴി സമൂഹത്തിന്റേയും ഒരു ജനവിഭാഗത്തിന്റേയും രൂപമായി ഇവിടെ മാറുന്നതു കാണാം. വ്യക്തിവത്കൃത ഭാവുകത്വത്തിൽ നിന്നും ഭിന്നമാണിത്. അത് മധ്യവർഗ്ഗത്തിന്റെ സംഭാവനയല്ല മറിച്ച് അതിജീവനത്തിന്റെ ഭാഷ്യമതിനുണ്ട് എന്നതാണ് ഇവിടെ തെളിയുന്നത്. അധഃസ്ഥിതവർഗ്ഗരാഷ്ട്രീയവും

സംസ്കാരവുമൊക്കെ വ്യക്തിവത്കൃത ഭാവുകത്വത്തിൽ നിഷിദ്ധപദങ്ങളായിത്തീരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്(ബാലറാം, 2016: 234). അത്തരത്തിലുള്ള മധ്യവർഗ്ഗ നവവ്യക്തികർതൃത്വമല്ല ഇവിടെ പുതുകവിതയിൽ ഉരുവംകൊള്ളുന്നതെന്നു വ്യക്തം. വ്യക്തിപരതയെ സാമൂഹികപരതയോടൊപ്പമല്ലാതെ വായിക്കാൻ കഴിയാത്ത അശോകൻ മറയൂരിന്റെ "പാലാപ്പൊങ്ങും പാറ, പാലുപൊങ്ങും പാറ" എന്ന കവിതയിൽ, കോറായ് കൊടുത്ത്/നെല്ല് വാങ്ങ്വായ് പോയന്റ്/മൂത്തമാറും കയറും/നാമും പോന്റയ"(2017:21) എന്നും അതിന്റെ മുതുവാൻ ഭാഷാവിവർത്തനമായി,

"കോറ കൊടുത്ത്/നെല്ലും വാങ്ങാൻ/പോവുകയാണല്ലാരും/വൃദ്ധരും ചെറുപ്പക്കാരും/ഞാനും പോവുന്നു"(ibid:21) എന്നിങ്ങനെ കോറകൊടുത്ത് നെല്ലും വാങ്ങാൻ പോകുന്ന ജനസമൂഹത്തെ അവതരിപ്പിക്കുന്നു. തുക്കിയെടുത്ത് കൊണ്ടുവരാനുള്ള സൗകര്യത്തിന് മുപ്പതുപെടി നെല്ലുമാത്രമേ അവർ ആഗ്രഹിക്കുന്നുള്ളൂ. അളതേടി വരുന്ന പുലിയെ ചെറുക്കാൻ മരക്കുറ്റി വെട്ടിയെടുക്കുന്ന അവരുടെ അതിജീവനത്തിനും കൂട്ടായ്മ ശക്തിയായി നിലകൊള്ളുന്നു. അവരുടെ ആചാര വിശ്വാസങ്ങളിലൂടെയും ഒരു ജനസമൂഹമാണ് ആവിഷ്കരിക്കപ്പെടുന്നത്.

"കുഞ്ചിതക്കാത/പെണ്ണ്ക്ക്/കുഞ്ചിപെറണെ/കാട്ടിലി ഒള്സ്ടണം/കേട്ട സത്തം കേട്ട്/വെറും പെണ്ണാകപിയ്യി/തുപ്പന്റ് പേറ്ട്ട്/എട്ത്ത് വെറണം"(ibid:24) എന്നും ഗോത്രഭാഷാവിവർത്തനത്തിൽ,

"പലകുറി പെറ്റിട്ടും/കുഴഞ്ഞു വാഴാത്ത പെണ്ണിന്/അടുത്ത തവണ/കുഞ്ഞുണ്ടായാൽ/കരച്ചിൽ കേട്ട്/വെറും പെണ്ണായിച്ചെന്ന്/തുപ്പ എന്നു പേരിട്ട്/എടുത്തുവരണം"(ibid, 25) എന്ന് "തുപ്പ"യിൽ അപ്പനുമമ്മയുമില്ലാത്ത കുഞ്ഞിനെ വിളിക്കുന്ന പേരിനു പിന്നിലെ കഥ ഒരു കവിതയിലാവിഷ്കരിക്കപ്പെടുന്നു. ഊരുസഭയേക്കുറിച്ചും കണയാട്ടുകൂട്ടം, സൂസനക്കൂട്ടം, എല്ലിക്കൂട്ടം എന്നീ ഗോത്രവിഭാഗത്തിലെ കൂട്ടങ്ങളേക്കുറിച്ചും ഊരിലെ യുവജനസംഘത്തലവന്റെ അധികാരത്തേക്കുറിച്ചുമൊക്കെ അദ്ദേഹം "പൊറമല"യെന്ന മറ്റൊരു കവിതയിൽ ആവിഷ്കരിക്കുന്നുണ്ട്.

"ആമ്പളക്കി സാവ്ടി/പൊമ്പളക്കി തിണ്ണവ്ട്"(ibid:33) "തുപ്പ"യിൽ, "ആമ്പിള്ളാർക്ക് ഒന്നിച്ചിരിക്കാൻ ചാവടി/പെമ്പിള്ളാർക്ക് തിണ്ണവീട്"(ibid:42). ഒരു ഗോത്രസമൂഹത്തിന്റെ ജീവിതക്രമവും ജീവിതരീതിയും വംശചരിത്രവുമൊക്കെ ഈ കവിതയിൽ അഭിവ്യക്തമാണ്. നിലനിൽക്കുന്ന ഭ്രരിപക്ഷ, അധീശ സമൂഹത്തിന്റെ ജ്ഞാനബോധ്യങ്ങൾക്കപ്പുറമുള്ള ജീവിതവും അതിനെ ചൂഴ്ന്നു നിൽക്കുന്ന വിശ്വാസവും

തുറന്നവതരിപ്പിക്കപ്പെടുന്ന, അതിന്റെ അന്തഃസത്ത അവതരിപ്പിക്കപ്പെടുന്ന പുതുക വിതയിലെ സവിശേഷധാര സവർണ-അധീശ യുക്തികളെ വെല്ലുവിളിക്കുന്നത് സ്വയം ആവിഷ്കൃതമാകുന്നതിലൂടെയാണ്. കവി "മുളപൂക്കുമാണ്ട്" എന്ന കവിതയിൽ,

"മുളകളിലെല്ലാം/മരപ്പുഴുക്കളിട്ട/പുഴകൾ/അതിൽ/കാനാംകോഴി/കൊക്കു കളമർത്തി/പ്രഭാതത്തെ വരവേറ്റ്/കൂകുന്ന ഊതുന്ന"(ibid:106) എന്ന് പ്രകൃതിയെ അതിഭാവുകത്വങ്ങളില്ലാതെ, കാഴ്ചയെ അതുപോലെ പകർത്തുന്ന രീതിയിൽ അവ തരിപ്പിക്കുകയും അതിൽ തങ്ങളും ഭാഗഭാക്കാണെന്ന് ഉൾക്കൊള്ളുകയും ചെയ്യുന്നു ണ്ട് കവി. "കേണിത്തണ്ണിപ്പൊടവ/കേണിത്തണ്ണിപ്പുടവ" എന്ന രചനയിൽ അല ക്കിയലക്കി നൂല് പിഞ്ഞിയ പുടവ പിഴിഞ്ഞ് മുകളിലാരോ പാടുന്നുണ്ടെന്നു പറയുന്ന കവി കാറ്റത്താടിയുണങ്ങുന്ന ആ പുടവ തന്നെയാണ് തങ്ങൾക്കുള്ള മറയെന്ന്, ഏതെങ്കിലും തരത്തിൽ സംരക്ഷണം നൽകി നിലനിർത്തുന്നതെന്ന് തിരിച്ചറിയു ന്നുണ്ട്. പാറയും നീർ ചുരത്തട്ടെയെന്ന പ്രത്യാശ നിലനിൽക്കുമ്പോഴും മനസ്സുരുകി തോരാതെ കിടക്കുന്ന തണ്ണീർപ്പുടവ, ഓർമ്മയുടേയും ഉണർച്ചയുടേയും ചരിത്രത്തി ന്റേയും തണ്ണീർപ്പുടവ കവി നിലനിർത്താൻ ആഗ്രഹിക്കുന്നു. രണ്ടും തുടർച്ചയോ ഏകതാനസ്വഭാവമുള്ളതോ ആയവയായി ഇവിടെ നിലനിൽക്കുന്നു. അതിന് ജീവി തത്തോടാണ് എല്ലായ്പ്പോഴും ചായ്വ്. "കവി പെസി" എന്ന കവിതയിൽ,

"പെപ്സി തോണ്ടി തിന്റാലും/മൊളേന മൂട്ടിവെയ്യി"(ibid:55) എന്നും "പശി തോണ്ടിത്തിന്നാലും/കിഴങ്ങിന്റെ മുള മണ്ണിലേയിട്ച്ചു മൂട്"(ibid:55) എന്ന് അതിന്റെ ഗോത്രഭാഷാകവിതയിലും പറയുമ്പോൾ വിശപ്പിനേയും ദാരിദ്ര്യത്തിനേയുമുല്ലംഘിച്ചു നിൽക്കുന്ന പ്രകൃതിയോട്, ജീവിതത്തോടുള്ള മനോഭാവമാണ് വെളിപ്പെടുന്നത്. അതിന്റെ മൂല്യം ഒരു സമൂഹം അനുഭവത്തിൽ നിന്നും ആർജ്ജിച്ചെടുത്തതാണ്. അത് അറിവാണ്. പ്രബുദ്ധരെന്ന് കാലങ്ങളായി ഗണിക്കപ്പെട്ട സമൂഹത്തിന് അന്യ മാകുന്ന സാമൂഹികത. ആ മരം മുത്തശ്ശിയാണ് എന്നും എനിക്ക് ഊഞ്ഞാലിടാൻ കൈനീട്ടിനിൽക്കുന്നവളുമെന്ന മഴഗ്രാമത്തിലെ ചിന്തയ്ക്ക് ഒരു വംശത്തിന്റെ അതി ജീവനത്തിന്റെ മറുവശമുണ്ട്. പക്ഷിനഖങ്ങളിൽ തണൽ വാരിയെടുത്ത് പറന്നു നി ലവിളിക്കുന്ന ഭൂമി സൂക്ഷ്മമായ നോട്ടത്തിന്റെ പ്രത്യക്ഷവത്കരണമാണ്.

ഡി. അനിൽകുമാറിന്റെ കവിതയിലുടനീളം കാണുന്നത് തീരദേശജീവി താവതരണമാണ്. സാങ്കല്പികതയ്ക്ക് നിർദ്ദിഷ്ട പരിധി നിർണ്ണയിച്ചെഴുതുന്ന പുതുക വിതയ്ക്ക് ഉദാഹരണങ്ങളാണവ. ഇവിടെ യഥാർത്ഥ ജീവിതത്തിൽ നിന്നുള്ള വി

ടുതലല്ല കവിത. അതിനോടൊപ്പമുള്ള സഞ്ചാരമാണ്. ജീവിതരീതിയും ചുറ്റുപാടും കവിതയുടെ സമഗ്രതയായി വികസിക്കുന്നത് അനിൽകുമാറിന്റെ കവിതകളിൽ കാണാം. "കിണറ്റിൻകര", "കാറ്റ് കൊണ്ടുപോയവർ", "കൊറ്റിനക്ഷത്രം", "ഇടുക്ക് "എന്നീ രചനകളിൽ ഒരു ജനവിഭാഗത്തിന്റെ വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും രീതികളും അവതരിപ്പിക്കപ്പെടുന്നു. ഡി. അനിൽകുമാറിന്റെ പല കവിതകളും നിത്യജീവിതത്തെ, തൊഴിലിനെ, പ്രേമത്തെ, കാമത്തെ, ഏകതാനമായ ഒരു കൂട്ട മാളുകളുടെ അവതരണം കാണാം. ആർക്കും അറിയാത്ത വീടിരിക്കണ ഇടത്തെ, മുന്നിൽ ഓടയും പിന്നിൽ ചേണിയുമുള്ള ഇടത്തെ കവി 'വീടിരിക്കെണെടം'എന്ന കവിതയിൽ അവതരിപ്പിക്കുന്നുണ്ട്. "സൊകമെ"ന്ന കവിതയിൽ, "പെണ്ണുങ്ങളുമായി അടിവയ്ക്കുമ്പോൾ/ഞങ്ങടെ നാട്ടിലെ ആണുങ്ങൾ/ഒറങ്ങാൻ പോകുന്നത്/കടപ്പെറത്താണ്"(2021:67) എന്നും "കടല് വരുന്ന പോലാണമ്മേ/അപ്പൻ കുടിച്ച് കൂത്താടണ/അപ്പന് പെറക്കാത്ത വേല ചെയ്യണ"(2021:61) എന്നും "കടല് വരുന്ന പോലാണമ്മേ" എന്ന കവിതയിൽ കവി തീരദേശജീവിതത്തിലെ ജീവിതപരിവേഷങ്ങളെ അവതരിപ്പിക്കുന്നു. "പെരട്ട"മെന്ന മറ്റൊരു കവിതയിൽ വിസർജ്ജനം കവിതയുടെ വിഷയമാകുന്നുണ്ട്. നിയത കാവ്യവിഷയങ്ങളെ, ഇതിവൃത്തസ്വീകരണമാനദണ്ഡങ്ങളെ പുതുകവിത പൊളിച്ചെഴുതുന്നുണ്ട്.

"വള്ളം പൂമ്പം/കെട്ടാതെ വച്ച(മീൻ പിടിക്കാനുപരോഗിക്കുന്ന വസ്തുക്കളുടെ കൂട്ട്)/മയക്ക/എടുക്ക മറന്ത തുക്കുപാത്രം/കെട്ട്പോണ ഒറക്കം/നിന്ന കാത്തിര്ക്കും/നിക്ക് കുളിച്ച്/കോരിവച്ച വെള്ളം/രാത്രി മൊത്തം/മുളിച്ച്ക്കും(ഉണർന്നിരിക്കും)"(ibid:40) എന്ന് ഏക്കരെന്ന കവിതയിൽ ജീവിതത്തിന്റെ അലച്ചിലും കരയിലെ കാത്തിരിപ്പും കവിതയിൽ തനത് ജീവിതത്തിന്റെ ഭാഷ്യമാകുന്നു. അവിടെ,

"നീ വള്ളമണഞ്ഞ/താനേ നിക്കും പേനടമാട്ടം(ibid:41). നീ എന്ന സംബോധന ഇവിടെ ആശ്വാസത്തിന്റെ, സ്നേഹത്തിന്റെയൊക്കെ പ്രതിരൂപമാകുന്നു. "കണവാമൊശട്" എന്ന ഡി. അനിൽകുമാറിന്റെ മറ്റൊരു കവിത അമ്മയേക്കുറിച്ചുള്ള, അധീനരാക്കപ്പെട്ട സ്ത്രീ ജീവിതത്തിന്റെ ദൈന്യതയുടെ ചിത്രീകരണമായാണ് അവതരിപ്പിക്കുന്നത്. കവിയുടെ മറ്റ പല കവിതകളിലും മറുശബ്ദമില്ലാതെ, കീഴടക്കപ്പെടുന്ന സ്ത്രീജീവിതങ്ങൾ ദൃശ്യമാണ്. കണ്ണീരുണങ്ങാത്ത അമ്മയേക്കുറിച്ചുള്ള കൃതിയിലെ ആമുഖപരാമർശവും അതിന് ഉദാഹരണമാണ്. മാസങ്ങളോളം

പലരുടേയും വീട് ടോളിംഗ് നിരോധനക്കാലത്തെ ഉപവാസക്കുടെന്ന്(ibid:57) "സെന്റ് ആൻഡ്രൂസെ"ന്ന കവിതയിൽ പറയുമ്പോൾ ജീവിതത്തിന്റെ നിശ്ചലതയും നിസ്സഹായതയും മറയില്ലാതെ വെളിപ്പെടുത്തുന്നു. തിന്നതെല്ലാം പലരുടേയും നോട്ടം ദഹിപ്പിച്ചുകളഞ്ഞുവെന്നു പറയുന്ന കവി 'വിശപ്പെ'ന്ന കവിത നേരിട്ട അവഗണനയുടേയും അതിജീവനത്തിന്റേയും കൂടിയാണ്. "മുക്കുവനെ"ന്ന കവിത മീൻ കടിച്ചാൽ മറുമീൻകൊണ്ട് വൈദ്യം നോക്കുന്ന, ഒരു മുള്ള് കൂത്തിയാൽ മറുമുള്ളുകൊണ്ട് വിഷമെടുക്കുന്ന അറിവുലോകത്തെ, അനുഭവസമ്പന്നതയെ അടയാളപ്പെടുത്തുന്നു.

"അവർക്ക് പാലം നമ്മുടെ നല്ല/അവർക്ക് തുമ്പ നമ്മുടെ പൂവല്ല...../കടലിലിരുന്നു കര കണ്ട് അവരെ/കരയിലിരുന്ന് നമ്മളെന്തു കണ്ടു?"(ibid:29) എന്ന "മുക്കുവനി"ലെ ചോദ്യത്തിലൂടെ ജീവിതങ്ങളെ, അവരുടെ അറിവിനെ തിരസ്കരിച്ചതിനെ ആവിഷ്കരിക്കുന്നു. വലയെറിഞ്ഞിട്ടും അവനൊന്നും കിട്ടിയില്ല എന്ന തുടർന്നു വരുന്ന വരിയിൽ ഒരു ജനസമൂഹത്തിന്റെ കാലങ്ങളായുള്ള ജീവിതാവസ്ഥ നിഴലിക്കുന്നുണ്ട്.

"കിണറ്റിൻ കര"യെന്ന കവിതയിൽ സന്ധ്യകഴിഞ്ഞാൽ കിണറ്റിൻ കര പോയാൽ അവിടെയുണ്ടെന്നു കരുതുന്ന പൂർവ്വികരെ, അല്ലെങ്കിൽ ദൈവികപരിവേഷത്തെ, അഭൗതിക ശക്തികളെ ആവിഷ്കരിക്കുന്നുണ്ട്. തെളിഞ്ഞ പാറയിൽ അള്ളിപ്പിടിച്ചിരിക്കുന്ന കരിഞ്ഞണ്ട് നുള്ളിയിട്ട കണ്ണാൽ അടയാളപ്പെടുത്തുന്നത് അവരെയാണെന്നു പറയുമ്പോൾ ഭൗതികജീവിതമണ്ഡലത്തിനുമപ്പുറം മറ്റൊരു പ്രഭാവം അവരുടെ വിശ്വാസത്തിലുണ്ടെന്നിവിടെ അവതരിപ്പിക്കപ്പെടുന്നു. കാറ്റ് കൊണ്ടുപോയവർ ഉപ്പുവെള്ളത്തിലലിഞ്ഞ് മീൻതെവളകളിൽ വസിക്കുകയോ പെണമായോ പ്രേതമായോ കടലിന്നടിത്തട്ടിൽ ഒഴുകി നടക്കുകയും ചെയ്യുന്നുവെന്നത് കവിയുടെ ഭാഷ്യത്തിനപ്പുറം യുക്തിക്കപ്പുറം ജീവിക്കുന്ന ചുറ്റുപാടുമായി, പ്രകൃതിയുമായുള്ള ബന്ധത്തിന്റെ ജീവിക്കാനുള്ള പ്രേരണയോ സംസ്കാരത്തിന്റെ ലീനഭാഗമോ ആണ്.

"പള്ളിനക്ഷത്രം/കൊറ്റിനക്ഷത്രം/കൂട്ടനക്ഷത്രം/ആറുമാസം കിഴക്കും/ആറുമാസം പടിഞ്ഞാറുമുദിക്കും/ അതുകണ്ടു മാത്രം/പത്തേമാരിയിൽ/വഞ്ചിയിൽ/വള്ളത്തിലോടത്തിലുരുവിൽ/പല നാടുകൾ കണ്ടു"(ibid: 55) എന്ന കൊറ്റിനക്ഷത്രത്തിലെ അനുഭവത്തിൽ നിന്നുമാർജ്ജിച്ച അറിവ് ശാസ്ത്രമറിഞ്ഞു കൊണ്ടുള്ളതല്ല.

"ഇടുക്കി"ൽ, "വീടുവളഞ്ചാലിടുക്ക്/കാ സെന്റ് തെവയാത്ത മണ്ണ്/എച്ചി(പ്രേതം) യൊണ്ടണ് പേടിച്ച രാവ്"(ibid:30). ഇത് സാധാരണ മനുഷ്യന്റെ വിചാരമാണ്. ആ പ്രേതത്തെ ഇല്ലാതാക്കാൻ നാട്ടുമന്ത്രവും ചരടുകെട്ടലുമൊക്കെ നടക്കുന്നതായി ഈ കവിതയിൽ പറയുന്നുണ്ട്. അവയൊക്കെയും ആ സമൂഹത്തിന്റെ ഭാഗമാണ് എന്നിരിക്കിലും നിഷേധിക്കപ്പെട്ടതിന്റെ, അടിച്ചമർത്തപ്പെട്ടതിന്റെ ബാക്കിപത്രമാണവയെന്ന് പുതിയകാല വായനയ്ക്ക് പ്രത്യക്ഷത്തിൽ തന്നെ വ്യക്തമാണ്.

അശോകൻ മറയൂരിന്റേയും ഡി. അനിൽ കുമാറിന്റേയും രചനകളിലുള്ള ജീവിതപരിസരങ്ങളും ജൈവിക-അജൈവിക മണ്ഡലവും അതാത് ജനസമൂഹത്തിന്റെ സ്വത്വത്തെ, പ്രതിരോധത്തെ, അതിജീവനത്തെയാണ് അവതരിപ്പിക്കുന്നത്. അവിടെ വൈജ്ഞാനികത എന്നത് നിയത ശാസ്ത്രബോധമല്ല, മറിച്ച് ജീവിതബോധ്യവും അതിജീവനത്തിന്റെ, ചിലപ്പോൾ സാധാരണ ജീവിതത്തിനു മാത്രം മനസ്സിലാകുന്ന ജീവിതരീതിയും വിശ്വാസവുമാണ്. അവിടെ അന്ധവിശ്വാസം യുക്തിക്കുനിരക്കാത്തതാകുന്നുവെങ്കിലും അടിച്ചമർത്തപ്പെട്ട ജീവിതങ്ങളുടെ പ്രതിരോധത്തിന്റെ, ജീവിക്കാനുള്ള ആഗ്രഹത്തിൽ നിന്നും ഉയർന്നുവരുന്ന സ്വാഭാവിക ഭയങ്ങളുമാണ് അവതരിപ്പിക്കുന്നത്. ചുറ്റുപാടുകളും ജീവിതം പരിസരവും ഇവിടെ ഒഴിവാക്കത്തക്കതല്ല.

ജൈവികവും അജൈവികവുമായ ചുറ്റുപാടുകൾ, അറിവിന്റെ ബഹുതലം

അശോകൻ മറയൂർ, ഡി. അനിൽ കുമാർ എന്നിവരുടെ രചനകളിലെ ജൈവിക, അജൈവിക ഘടകങ്ങൾ തൊഴിൽ, സാമൂഹിക-സാംസ്കാരിക ജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്നു.

ഇടമലക്കുടിയും മൂന്നാറും മറയൂരുമൊക്കെ അശോകൻ മറയൂരിന്റെ കവിതകളുടെ പ്രാദേശിക ഭ്രമികയാകുമ്പോൾ സ്വാഭാവികമായും അവിടുത്തെ വനപ്രകൃതിയാണ് കവിതകളുടെ ജൈവികതയ്ക്ക് നിദാനമാകുന്നതെന്നു കാണാം. അങ്ങനെയാണെന്നതിന് പൂർവ കാല്പനിക സങ്കല്പത്തിന്റെ ധാരാളിത്തം കവിതകളിലുണ്ട് എന്ന അർത്ഥമല്ല ഇവിടെയുള്ളത്. ബിംബകല്പനകളുടെ തിരഞ്ഞെടുപ്പിലും പ്രയോഗപരതയിലും യഥാർത്ഥ അനുഭവപശ്ചാത്തലമുണ്ടാകുന്നുവെന്നതും അത് സവിശേഷ ജനവിഭാഗത്തിന്റെ ചുറ്റുപാടിൽ നിന്നും ഉരുത്തിരിയുന്നുവെന്നതും പ്രസക്തമാണ്. കാട്, മലയിടുക്കിലെ തണ്ണീർപ്പുടവ, പാലുപൊങ്ങും പാറ, ഇലകൊ

ഴിച്ച മരം, പിടിയൊടിഞ്ഞ കോടാലി, തെന വിതയ്ക്കൽ, കോറ വിതയ്ക്കാൻ, നിലാവെ ട്ടം, തുവൽത്തണൽ, മഞ്ഞ്, മറയൂർ മലനിര, തുടങ്ങിയവയൊക്കെ കവിതയിലെ ജീവിതവുമായി ഇഴചേർന്നു പോകുന്ന ഘടകങ്ങളാണ്. ചെറുകിളികൾ, ശലഭം, ആകാശത്തെ പരുന്ത്, കൂട്ടിലടച്ച പ്രാവ്, ആന, കരിവണ്ടുപോലുള്ള ബാല്യം എന്നി വയൊക്കെ അവിടുത്തെ ജൈവികതയാണ്.

ഡി. അനിൽകുമാറിന്റെ രചനകളിൽ പശ്ചാത്തലമായി വരുന്ന ത് വിഴിഞ്ഞം തീരദേശജീവിതമാണ്. ജീവിതവും പരിസ്ഥിതിയും അവയിൽ അശോകൻ മറയൂരിന്റെ കവിതകളിലെന്നപോലെ ഇഴചേർന്നിരിക്കുന്നു. അനിൽ കുമാറിന്റെ രചനകളിൽ കടലാപ്പ്, തങ്കൽവള്ളം, നെല്ല് വെട്ടമിട്ട രാച്ചിരി, ഇരുട്ട്, തിരമാല, ഊസിപാറ, കടൽ, പാട്ടവെളക്കും റോപ്പും അങ്ങനെ ഒട്ടേറെ ഘടകങ്ങ ളെ ജൈവികതയുമായി, ജീവിതവുമായി ചേർത്തിരിക്കുന്നത് കാണാം. സ്രാവ് മുട്ട, അവിയങ്കോര പോലുള്ള ധാരാളം മീനുകൾ, പറവകൾ എന്നിവയൊക്കെ ജൈവി കമണ്ഡലത്തിന്റെ ഭാഗമായി ചുറ്റുപാടായി നിലനിൽക്കുന്നുണ്ട്. അനിൽ കുമാറിന്റെ "പാര്" എന്ന കവിതയിൽ വിവിധ മത്സ്യവൈവിധ്യത്തെ, കടലിന്റെ സമ്പന്നതയെ അവതരിപ്പിക്കുന്നുണ്ട്. ബഹുതലസ്പർശിയായ അറിവ് ഈ കവിതകളുടെ പ്രാദേശി കപമണ്ഡലം സജീവമായി നിലനിർത്തുന്നു. അവ കവിതയുടെ ആസ്വാദ്യതയിൽ കവിഞ്ഞ് അനുഭവപരതയിലേക്കും അറിവിന്റെ ആകാംക്ഷയിലേക്കും കൂടി ആന യിക്കുന്നുണ്ട്. അവിടെ ഭാഷ, പദപ്രയോഗങ്ങൾ എന്നിവയൊക്കെയും സവിശേഷ ജീവിതചുറ്റുപാടുകളേയും സംസ്കാരത്തേയും ചേർത്തുവയ്ക്കുന്നുണ്ട്.

പദപ്രയോഗങ്ങൾ

കവിതയിലെ ഭാഷാപ്രയോഗങ്ങൾ ആശയത്തേയും അതിന്റെ വിനിമ യത്തേയും ഏറെ സ്വാധീനിക്കുന്നുണ്ട്. പുതുകവിതകളിൽ സൂക്ഷ്മമായി, എന്നാൽ സാധാരണമായി ഉപയോഗിക്കുന്ന പദപ്രയോഗങ്ങൾ കൂടുതൽ ദൃശ്യമാണ്. അവ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെ, പ്രതിരോധത്തിന്റെ വാമൊഴിരൂപമായി മാറുന്നത് കാണാം.

പച്ചവ്ട് എന്ന കൃതിയുടെ ശീർഷകത്തിലൂടെ തന്നെ മുതുവാൻ ഭാഷയുടെ ശബ്ദഘടനയോട് നീതി പുലർത്താൻ അശോകൻ മറയൂർ ശ്രമിക്കുന്നത് കാണാം. ഇരട്ടച്ചന്ദ്രക്കല(മീത്തൽ) ലിപിയില്ലാത്ത ഭാഷയുടെ വീണ്ടെടുപ്പിന്റെയോ വികാസ

ത്തിന്റേയോ പ്രതിരൂപമാണ്. കേണിതണ്ണിപ്പൊടവ(മലയിടുക്കിലെ തണ്ണീർപ്പുടവ/വെള്ളച്ചാട്ടം), ഏറ്റുക(അലക്കുക), പീന്(പിഴിയുക), പാട്ട്(പാടത്തെ), ആടട്ട(ആടട്ടെ)സൂളയട്സ്(ചൂളമിട്ട്), വാങ്ങ്വായ്(വാങ്ങാൻ), വാനം വെള്സേ(വെട്ടം വീഴുമ്പോൾ), സാരി വെച്ച്(ചാരി വെച്ചു) എന്നിങ്ങനെയുള്ള ക്രിയാപദങ്ങൾ അദ്ദേഹത്തിന്റെ കവിതകളിൽ ദൃശ്യമാണ്.

കുയില്(കുയിൽ), പുള്ളിമാവ്(പുള്ളിമാൻ), കോയ(കോഴി) എന്നിങ്ങനെ ജീവജാലങ്ങളെ കവിതകളിൽ ഗോത്രവർഗ ഭാഷയിൽ അവതരിപ്പിച്ചിരിക്കുന്നു. മറം(മരം), പാറ(പാറ), മറക്കൊറണ്ട (മരക്കുറ്റി), ചെല്ല്(കല്ല്) തുപ്പ(എടുത്തുവളർത്തപ്പെടുന്ന അപ്പനുമമ്മയുമില്ലാത്ത കുട്ടിക്കിടുന്ന പേര്, താഴ്ത്തി(മുത്തശ്ശി), നമ്മക്ക്(നമുക്ക്), മൂത്തമാർ(വൃദ്ധർ), കയറ്(ചെറുപ്പക്കാർ), വേണ്ടി(മുണ്ട്) എന്നിങ്ങനെയുള്ള പദപ്രയോഗങ്ങളും അശോകൻ മറയൂരിന്റെ രചനകളിൽ കാണാം.

തീരദേശഭാഷാപദങ്ങൾ മാത്രമുപയോഗിച്ചുള്ളതും ചില പ്രാദേശിക പദങ്ങൾ മാത്രം ചേർത്തിരിക്കുന്നതുമായ രചനകൾ അനിൽകുമാറിന്റെ കവിതകളിലുണ്ട്. പ്രകൃതി, പ്രത്യയങ്ങളെയൊന്നും കാര്യമാക്കേണ്ടയെന്ന് പറഞ്ഞുതുടങ്ങുന്ന "പാണിനീയം" എന്ന അദ്ദേഹത്തിന്റെ കവിതയിലുമുണ്ട് കവിതയുടെ രാഷ്ട്രീയം.
"പവർഗത്തിലെ/ അനുനാസിക/'മ'കാരമാകുമ്പോൾ/മീൻപിടിക്കുന്നവർ/വർഗ്ഗാക്ഷരത്തെ/ലേലം ചെയ്യുന്നു"(2021: 93) എന്നാണ് കവി താനടങ്ങുന്ന സമൂഹത്തിന്റെ ഭാഷയെ അടയാളപ്പെടുത്തുന്നത്. ഒടുവിൽ "ലിപിയില്ലാത്ത ഭാഷ/ഊരിവയ്ക്കുന്നു/കേരളപാണിനീ പട്ടം"(2021: 94) എന്ന് മലയാളത്തിലെ വൈയാകരണ നിയമാനുശാസന ഗ്രന്ഥത്തെ തന്നെ കവിയുടെ ഭാഷ തിരസ്കരിച്ചുന്നു. അല്ലെങ്കിൽ സ്വയം നിലനിൽപ്പുള്ള നിയമങ്ങളുള്ള പാണിനീയമാകുന്ന എതധകൃതന്റെ ഭാഷയുമെന്ന് അവിടെ സ്ഥാപിക്കപ്പെടുന്നു. അത്തരത്തിൽ അദ്ദേഹത്തിന്റെ കവിതകളിലെ പദപ്രയോഗങ്ങളിൽ ഒരു ജനസമൂഹത്തിന്റെ സ്വത്വം വെളിപ്പെടുന്നു.

കാൽപ്പാത്തടി(ബോട്ടിന്റെ വിടവടയ്ക്കുക), പണ്ടാരി(ബോട്ടിൽ വച്ചുവിളമ്പുന്നവൻ), മൊശട്(മീൻ മണം), തൊറക്കാരൻ(തുറയരയൻ), വത്തിക്കാൻ(വലിയ കപ്പലുകളിൽ നിന്ന് ചരക്കുകൾ കരയിലെത്തിക്കുന്നവർ), തുമ്പിയെറിയുക(കരയിൽ നിന്ന് ചൂണ്ടയെറിയുക)എന്നിങ്ങനെ തൊഴിലുമായി ബന്ധപ്പെട്ട പദങ്ങൾ കവിതകളിൽ ധാരാളമായി കാണാം.

പരന്തക്കിളി(ആമ), പെരമ്പ്ത്തോല്(തെരണ്ടിമീൻ), കൊട്ട്രോളെ(തിര

യടിക്കുന്നിടത്ത് കാണുന്ന ഞണ്ടും പോലുള്ള ജീവി, അവിയങ്കോര(ഒരു തരം കു ഞ്ഞുമത്സ്യം), കല്ലടി, കല്ലത്തി(കടലടിത്തട്ടിലെ മീനുകൾ)തുടങ്ങിയ ജീവജാലങ്ങ ളെ കുറിക്കുന്ന അവിടുത്തെ പ്രാദേശിക പദപ്രയോഗങ്ങൾ കവിതകളിൽ പുതിയ ജ്ഞാനമണ്ഡലത്തെ ഉല്പാദിപ്പിക്കുന്നുണ്ട്.

പയപ്പാട്(പേടി മാറാനുള്ള നാട്ടു മന്ത്രം)പീനാറിപ്പട്ട(വീടിനെ പ്രേതം ശല്യപ്പെടുത്താൻ കെട്ടുന്നത്), പീച്ചാംക്കാത്തി(ആളുകളെ നിസ്സാരവത്കരിച്ചുപ റയുന്നത്), പാര്(കടലിലെ മത്സ്യവൈവിധ്യവും ജൈവവൈവിധ്യവും നിറഞ്ഞ സ്ഥലം), ചേല്(കടലിനേക്കുറിച്ചുള്ള വർത്തമാനം), അയനം(ശ്രാദ്ധം) എന്നിങ്ങ നെയുള്ള പ്രയോഗങ്ങൾ കവിതകളിലുണ്ട്. അവയിലെ പെണ്ടിയോ(പെണ്ണുങ്ങൾ), കുട്ടിക്ക് (കുട്ടികൾക്ക്), അപ്പൻ, അവങ്കള(അവരുടെ) എന്നീ പദപ്രയോഗങ്ങൾ കവിതകളുടെ പ്രതിരോധത്തെ, സത്തയെ, ഒരു ജനസമൂഹത്തിന്റെ അടയാളങ്ങ ളെ അവതരിപ്പിക്കുന്നു.

ഇത്തരം പദപ്രയോഗങ്ങളൊക്കെയും ജീവിതത്തിന്റെ തന്നെ നേർ അവ തരണമാണ്. സാംസ്കാരികവും ചരിത്രപരവും സാമൂഹികവുമായ കീഴ്പ്പെടുത്ത ലുകൾക്കെതിരെ അവനവന്റെ ജ്ഞാനത്തെ, അറിവിനെ പരിചയപ്പെടുത്തുക യാണിവിടെ കവികൾ. അവിടെ ജീവിതരീതിയും ചുറ്റുപാടുമൊക്കെ ഭാഷയിലൂടെ തലമുറകളിലേക്ക് വികസിക്കുന്നു. അധികാരത്തിനെതിരെയുള്ള, അറിവധികാര ത്തിനെതിരെയുള്ള പ്രതിരോധമാകുമ്പോഴും ജീവിതങ്ങളുടെ നേരവതരണങ്ങളാ യവ കവിതയുടെ അകൃത്രിമശൈലിയുടെ ഭാഗമായിത്തീരുന്നു.

ജീവിതപരിസരങ്ങൾ

യഥാതഥമായ ജീവിതപരിസരങ്ങൾ കവിതയുടെ ഭാവുകത്വത്തെ അടയാ ളപ്പെടുത്തുന്നത് നിയത കവിതകളിലൊക്കെയും ദൃശ്യമാണ്. അവരുടെ ജീവിതരീ തി, വിശ്വാസം, അന്ധവിശ്വാസം, തൊഴിൽ, മൂല്യബോധം, സംസാരഭാഷ, പ്രകൃതി, ഇതര ജൈവിക ഘടകങ്ങൾ, അജൈവിക ഘടകങ്ങൾ എന്നിവയൊക്കെ ജീവി തരീതിയെ സ്വാധീനിക്കുന്നവയാണ്. അതിജീവനത്തിന്റേയും പ്രതിരോധത്തിന്റേ യും രാഷ്ട്രീയമാണ് അവിടെയുള്ളത്.

അശോകൻ മറയൂരിന്റെ 'ഇതുമതി നമുക്കെ'ന്ന കവിതയിൽ പൊളിതെറ്റി നെയ്യാത്ത ഈറ്റപ്പായ നെയ്തെടുക്കാനും മുറവും ചെറുകുട്ടകളും നെയ്തെടുക്കാൻ പറ

യുന്നുണ്ട്. അറുപതാണ്ടിലൊരിക്കൽ മാത്രം പൂക്കുന്ന മുളയരി പേറ്റിയെടുക്കാനുള്ള മുൻകരുതലുകളിൽ കവി പ്രതിനിധീകരിക്കുന്ന സമൂഹത്തിന്റെ ജീവനോപാധി തെളിയുന്നുണ്ട്. ആ ചുറ്റുപാട്, ജീവിതം എന്നിവയിൽ സംതൃപ്തി കണ്ടെത്തുമ്പോൾ അവരുടെ പ്രകൃതിയിലുള്ള അറിവു കൂടി വെളിപ്പെടുന്നുണ്ട്. സ്വയം മറന്നു പ്രവർത്തിക്കുന്ന ഭ്രരിപക്ഷത്തിന്റെ മറ്റൊരു ലോകത്തിനു മുന്നിലാണ് ആ ജീവിതത്തിന്റെ ഭംഗി തുറന്നവതരിപ്പിക്കുന്നത്. മലകൾ കയറി വീക്ഷിച്ച് പച്ചപ്പൊന്നും കാണാതെ തിരിച്ചിറങ്ങേണ്ടി വരുന്ന കവി സാമൂഹിക-പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടി ചൂണ്ടിക്കാട്ടുന്നുണ്ട്.

വള്ളം പോകുമ്പോൾ കെട്ടാതെവെച്ച മായക്കയെന്ന മീൻപിടിക്കാനുപയോഗിക്കുന്ന വസ്തുക്കളുടെ കൂട്ടും എടുക്കാൻ മറന്ന തുക്കുപാത്രവും കെട്ടുപോയ ഉറക്കവും ഡി അനിൽകുമാറിന്റെ 'ഏക്കരെ'ന്ന കവിതയിലുണ്ട്. മത്സ്യബന്ധനം ഉപജീവനമാക്കിയ മനുഷ്യരുടെ ജീവിതം, അവർക്കൊപ്പം കടലിൽ പോയ അച്ഛനെ കാത്തിരിക്കുന്ന മക്കളിലും ഭാര്യയിലും ചെറിയ കുടിലിലും കൂടി ഉൾച്ചേർന്നിരിക്കുന്നു. വീടിരിക്കുന്ന ഇടം ആർക്കുമറിയില്ലെന്നും വീടിനു മുന്നിൽ ഓടയും പിറകിൽ ചേണിയുമാണെങ്കിലും ഉലകം ചുറ്റി വന്നാലും ഇതിനപ്പുറം നാടോ വീടോ കൂടോ ഒന്നുമില്ലെന്ന ആത്മബന്ധം അനിൽകുമാറിന്റെ 'വീടിരിക്കെണെടം' എന്ന ഒറ്റക്കവിതയിൽ മാത്രമല്ല, മറ്റു കവിതകളിലും തന്നെ താനാക്കിയ, സ്വത്വം നിലനിൽക്കുന്ന ഇടത്തിന്റെ ഭൗതിക-അഭൗതികചുറ്റുപാടുകളെ കേന്ദ്രീകരിച്ചാണ് നിലനിൽക്കുന്നത്. മരച്ചീനിയും പുട്ടും ചക്കയും തിന്നുമെന്നും പണ്ട് ആമരക്തവും ഇറച്ചിയും തിന്നുമായിരുന്നെന്നും പറയുന്ന കവി തിന്നതെല്ലാം ദഹിപ്പിച്ചുകളഞ്ഞ അധീശത്തിന്റെ, പരിഹാസച്ചുവയുള്ള നോട്ടത്തെ വിശപ്പെന്ന കവിതയിൽ തള്ളിക്കളയാനാകാത്ത ജീവിതവാസ്ഥകളുമായാണ് ബന്ധിപ്പിക്കുന്നത്. സ്രാവ് മുട്ട കലത്തിലിടുന്ന സമയത്തെ കൊതിയും കൊട്രോൾ ചുട്ടെടുക്കുമ്പോൾ തോടുപൊളിച്ചു കഴിക്കുന്നതും കവിയുടെ ഇന്ന് നഷ്ടമായ ജീവിതാനുഭവങ്ങളായി കൂടിയാണിവിടെ അവതരിപ്പിച്ചിരിക്കുന്നത്.

അറിവും അധികാരവും ഭാഷയും പരസ്പരം ബന്ധിതമായതുകൊണ്ടു തന്നെ കോളനിയാനന്തര ചരിത്രനിർമ്മിതിയിലേക്കും നാനാമേഖലകളിലെ അധീശ-അധീനവത്കരണങ്ങളുടെ ബോധ്യങ്ങളിലേക്കും കൂടി നീളുന്നതാണ് പുതുകവിതയുടെ ഭാവുകത്വത്തിലെ ഈ സജീവധാരയെന്നുമുള്ള ചിന്ത പ്രബന്ധത്തി

ന്റെ കേന്ദ്രസ്ഥാനത്തു നിലനിൽക്കുന്നു. അറിവിന്റെ പിൽക്കാല സങ്കല്പനങ്ങളിൽ നിന്നും വിടുതൽ നേടിയ പുതിയ മണ്ഡലം വികസിക്കുന്നതിന്റെ ദൃഷ്ടാന്തമായി കൂടി പുതുകവിതയെ വിലയിരുത്താം. അത്തരത്തിൽ ജനവിഭാഗങ്ങളുടെ ദൃശ്യതയിലേക്കും തിരിച്ചറിവുകളിലേക്കും ഭാവുകത്വം വികസിച്ചതിന്റെ അടയാളപ്പെടുത്തൽ കൂടിയാണ്. അന്തർജ്ഞാനപരമായ ജ്ഞാനം(Intuitive knowledge) പുതുകവിതയേ സംബന്ധിച്ച് ജ്ഞാനത്തിന്റെ വ്യത്യസ്ത രൂപമായ വസ്തുനിഷ്ഠജ്ഞാനവുമായുള്ള സവിശേഷമായ സംയോജനമാണെന്ന ഉൾക്കാഴ്ച ഈ കവിതകളിലൂടെ ഉരുത്തിരിയുന്നുണ്ട്. പ്രായോഗികജീവിതം ബൗദ്ധിക ജ്ഞാനത്തിന്റെ കൂടി ഭാഗമാണ്. ഇവിടെ ആനുഭവമണ്ഡലത്തിന്റെ, യഥാർത്ഥ ജീവിതപശ്ചാത്തലത്തിന്റെ അവതരണത്തിൽ നിന്നുമാണ് അവ അടയാളപ്പെടുത്തുന്നത് എന്ന് പുതുകവിതയെ മുൻനിർത്തി തീർച്ചയായും പറയാൻ സാധിക്കും. അനുഭവങ്ങൾ പ്രതിരോധത്തിന്റെ മാധ്യമമാകുന്നത് അതിന്റെ അന്തസത്തയുടെ കണ്ടെടുക്കലിലൂടെയാണ്.

പ്രതിരോധം എല്ലായ്പ്പോഴും അതിജീവനത്തിന്റെ ഭാഗമാണ്. ഇവിടെ കവിത പ്രതിരോധമാകുന്നത് പ്രാദേശിക ജീവിതപരിസരങ്ങളുടെ തനത് അവതരണങ്ങളിലൂടെയാണ്. അവിടെ കവിക്കൊപ്പം കവിതയും മുഖ്യധാരാസമൂഹം ഒരിക്കലും പരിഗണിക്കാതിരുന്ന മനുഷ്യരുടെ പ്രതിനിധാനമാകുന്നു. പ്രതിനിധാനം എന്ന പദത്തിന് പകരം നിൽക്കുക(stand for)എന്ന പദം സാമാന്യമായി ഉപയോഗിക്കാറുണ്ട്. എന്നാൽ ആ കേവലധാരണയിൽ നിന്ന് പ്രതിനിധാനം അർത്ഥം, ഭാഷ എന്നിവയെ സംസ്കാരവുമായി ബന്ധിപ്പിക്കുകയും സംസ്കാരത്തിലെ അർത്ഥോല്പാദനത്തിലും വിനിമയത്തിലും പ്രതിനിധാനം സുപ്രധാന പങ്ക് വഹിക്കുകയും ചെയ്യുന്നു. (Hall, 2015:12). സ്വാത്മജീവിതാവതരണത്തിലൂടെ തങ്ങളുൾപ്പെടുന്ന സമൂഹത്തിന്റെ കൂടി പ്രതിഫലനമാണ് വെളിപ്പെടുന്നത് എന്നുവരുമ്പോൾ കവിതകളിൽ വ്യക്തമായ പ്രതിരോധത്തിന്റെ രാഷ്ട്രീയം ഉയർന്നുവരുന്നു. അവിടെ പൂർവ്വവൈജ്ഞാനികതയും അതിന്റെ നാനാതുറകളും ചോദ്യം ചെയ്യപ്പെടുകയും തിരുത്തിയെഴുതപ്പെടുകയും ചെയ്യുന്നു. ഡി. അനിൽകുമാർ, അശോകൻ മറയൂർ എന്നിവരുടെ കവിതകൾ പുതുകവിതയുടെ പ്രതിരോധത്തിന്റേയും സ്വത്വപ്രതിഷ്ഠാപനത്തിന്റേയും രൂപമാകുമ്പോൾ വൈജ്ഞാനികമണ്ഡലം പ്രാദേശികപരതയുടെ അറിവനുഭവമായി നിലനിൽക്കുന്നു.

സഹായക ഗ്രന്ഥങ്ങൾ

1. അനിൽ കുമാർ, ഡി., അവിയങ്കോര, ഡിസി ബുക്സ്, കോട്ടയം, 2021
2. അശോകൻ മറയൂർ., പച്ചവ്ട്, ഡിസി ബുക്സ്, കോട്ടയം, 2017
3. ഗോവിന്ദപിള്ള, പി., വൈജ്ഞാനിക വിപ്ലവം; ഒരു സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014
4. പ്രസന്നരാജൻ., കവിതയും രാഷ്ട്രീയ ഭാവനയും, കറന്റ് ബുക്സ്, കോട്ടയം, 2014
5. ബാലറാം എം. പി., സ്വത്വം സംസ്കാരം സങ്കല്പം: വിമർശന പാഠങ്ങൾ, കോറസ്, കണ്ണൂർ, 2016
6. സുനിൽ, പി., ഇളയിടം, "അന്തർവൈജ്ഞാനികതയും സംസ്കാരപഠനവും", എഡി. ടി. അനിതകുമാരി, രാധാകൃഷ്ണൻ ഇളയിടത്ത്, ഗവേഷണ പഠനവും രീതിശാസ്ത്രവും അറിവുല്പാദനത്തിന്റെ പുതുവഴികൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ, 2017
7. Hall, Stuvart. Represntation: Cultural Representations and Signifying practices, Sage Publications & Open University, London, 1997.

വിഭവാധികാരത്തിന്റെ രാഷ്ട്രീയം : ദലിത് സ്ത്രീ ആത്മാഖ്യാനങ്ങളിൽ

അശ്വതി കെ.
ഗവേഷക, മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

പ്രബന്ധസംഗ്രഹം:

ദലിത് എന്ന നിലയിലും സ്ത്രീ എന്ന നിലയിലും പലമട്ടിലുള്ള വിവേചനങ്ങളനുഭവിച്ചാണ് ദലിത് സ്ത്രീകൾ ജീവിച്ചുപോന്നിട്ടുള്ളത്. സാക്ഷരതയിലും സാമൂഹികനീതിയിലും മുന്നോട്ടുപോയെന്ന് പറയുമ്പോഴും ഈ വിവേചനങ്ങളുടെ തോതിൽ വലിയ മാറ്റങ്ങളുണ്ടായിട്ടില്ലെന്ന് അവരുടെ അനുഭവാഖ്യാനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. 2010-ന് ശേഷമുണ്ടായ തെരഞ്ഞെടുത്ത ദലിത് സ്ത്രീ ആത്മാഖ്യാനങ്ങളെ മുൻനിർത്തി ജാതി വിഭവാധികാരത്തെ നിർണയിക്കുന്നതിന്റെ രാഷ്ട്രീയത്തെ വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിലൂടെ. ദലിത് സ്വത്വം, ലിംഗപദവി എന്നിവയെ സംബന്ധിച്ച് പുതിയ കാലത്തെ സ്ത്രീകൾ ആർജ്ജിച്ച അവബോധം അവരുടെ ജീവിതത്തിന്റെ പ്രതിരോധത്തെ സാധ്യമാക്കിയത് എപ്രകാരമെന്നും അന്വേഷിക്കാൻ ശ്രമിക്കുന്നു.

താക്കോൽ വാക്കുകൾ:

ദലിത് സ്ത്രീ, വിഭവാധികാരം, സ്വത്വം, ലിംഗപദവി, കേട്ടെഴുത്ത്, ആത്മാഖ്യാനം

ആമുഖം

ഇന്ത്യൻ സാമൂഹികാവസ്ഥയിൽ മനുഷ്യരുടെ ജീവിതത്തെ രൂപപ്പെടുത്തിയെടുക്കുന്നതിൽ ജാതിക്ക് വളരെയധികം പങ്കുണ്ട്. മനുഷ്യരെ തട്ടുകളായി വിഭജിച്ച ജാതിവ്യവസ്ഥയിൽ മേൽജാതിയെന്ന് അംഗീകരിക്കപ്പെട്ടവർ ആ വ്യവസ്ഥിതി അവർക്കായി വിഭാവനം ചെയ്ത ഗുണാത്മകമായ വശങ്ങളെല്ലാം അനുഭവിച്ചുപോന്നു. കീഴ്ജാതിക്കാരെന്ന് അടിച്ചമർത്തപ്പെട്ട ഭൂരിപക്ഷജനത സാമൂഹികപദവി, സമ്പത്ത്, അറിവ്, അധികാരം തുടങ്ങി എല്ലായിടത്തുനിന്നും പുറന്തള്ളപ്പെടുകയാണുണ്ടായത്. അതിൽത്തന്നെ സ്ത്രീകൾക്ക് കൂടുതൽ ചൂഷണങ്ങൾക്ക് വിധേയരായി ജീവിക്കേണ്ടിവന്നു. ദലിതരെന്ന നിലയിൽ ഉപരിവർഗസമൂഹത്തിൽനിന്നും, സ്ത്രീയെന്ന നിലയിൽ സ്വന്തം ജാതിക്കുള്ളിൽനിന്നും അവർക്ക് കീഴാളത്തം അനുഭവിക്കേണ്ടി വന്നു. ജീവിതത്തെ സംബന്ധിച്ചുള്ള അവരുടെ വീക്ഷണങ്ങൾ പരിഗണിക്കപ്പെടാതെ പോയി. ജാതിപീഡനങ്ങളുടെ തീവ്രമായ വിവരണം ദലിത് ആത്മകഥകളിൽ പൊതുവായി കാണപ്പെടുന്നു. ദലിത് സ്ത്രീകൾ ജീവിതം പറയുമ്പോൾ സ്ത്രീ എന്ന നിലയിൽ അവർക്കനുഭവിക്കേണ്ടിവന്ന വിവേചനങ്ങളുടെയും മനുഷ്യാവകാശധ്വംസനത്തിന്റെയും ചരിത്രം വെളിവാകുന്നു. മുൻതലമുറയെ അപേക്ഷിച്ച് പുതിയ കാലത്തെ സ്ത്രീ ആത്മകഥകളിൽ തീവ്രമായ സ്വത്വബോധം കാണാനാകുന്നു. തങ്ങളുടെ ജീവിതത്തിന്റെ തെരഞ്ഞെടുപ്പുകളെക്കുറിച്ചും നിലപാടുകളെക്കുറിച്ചും അവർക്ക് കൃത്യമായ കാഴ്ചപ്പാടുകളുണ്ട്. കേട്ടെഴുത്തിന്റെ രൂപത്തിലാണ് ദലിത് സ്ത്രീ ആത്മകഥകൾ പ്രധാനമായും പുറത്തുവന്നത്. ദലിത് സ്ത്രീ ജീവിതാനുഭവങ്ങൾ മുൻനിർത്തി *ചെങ്ങറ സമരവും എന്റെ ജീവിതവും* - സെലീന പ്രക്കാനം (എം. ബി. മനോജ്, ഒ. കെ സന്തോഷ്), *ചെങ്കൽച്ചൂളയിലെ എന്റെ ജീവിതം* - ധനുജ കുമാരി (വിജില ചിറപ്പാട്), *ആ നെല്ലിമരം പൂല്ലാണ്* - രജനി പാലാമ്പറമ്പിൽ എന്നീ കൃതികളെയാണ് ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കുന്നത്.

ജാതിയും സാമൂഹ്യബഹിഷ്കരണവും

ജാതിപദവി സാമൂഹികപദവിയായാണ് ഇന്ത്യൻ സാഹചര്യത്തിൽ കണക്കാക്കപ്പെടുന്നത്. തങ്ങളുടെ സ്വാർത്ഥതാൽപര്യങ്ങൾ സംരക്ഷിക്കാനുള്ള ഒരു ഉപാധിയായിരുന്നു സവർണർക്ക് ജാതിവ്യവസ്ഥ. ഇതിന് ഇരയായ ദലിതർക്ക് അന്തസുള്ള മനുഷ്യജീവിതം നിഷേധിക്കപ്പെടുകയും അവരുടെ അധ്വാനശേഷി ചൂഷണം ചെയ്യപ്പെടുകയും ചെയ്തു. "ജാതി ഒരു സാമൂഹിക പരിധി നിർണയ സംവിധാനമാണ്. കാരണം ഒരുവൻ ജനിച്ചു വീഴുന്ന ജാതി അവന്റെ അല്ലെങ്കിൽ അവളുടെ തൊഴിലും ജീവിതപദവിയും നിർണയിക്കുന്നതായി കരുതുന്നു. തന്നെയുമല്ല, ഒരു സാമൂഹിക പരിധി നിർണയ സംവിധാനമെന്ന നിലയിൽ അത്- വംശീയതയെപ്പോലുള്ള മറ്റു പലതിൽനിന്നും വ്യത്യസ്തമായി - ഇന്ത്യൻ സമൂഹത്തിൽ അധീശത്വം പുലർത്തുന്നതായി കരുതപ്പെടുന്ന മതഗ്രന്ഥങ്ങളുടെ അംഗീകാരമുണ്ട്". എന്ന് ജാതിവ്യവസ്ഥയെക്കുറിച്ച് ഗെയ്ൽ ഓംവേദ് അഭിപ്രായപ്പെട്ടിട്ടുണ്ട് (ഗെയ്ൽ ഓംവേദ്, 2010:8).

വിമോചനത്തിന്റെയും സർഗാത്മകതയുടെയും ആഖ്യാനങ്ങൾ

പല കാലങ്ങളിലും ഇടങ്ങളിലുമായി നടന്ന വിമോചനപ്രവർത്തനങ്ങളുടെയും സാംസ്കാരികയത്നങ്ങളുടെയും ഫലമായാണ് സ്വത്വബോധവും സ്വതന്ത്രചിന്തയും ഉൾച്ചേർന്ന ദലിത് മുന്നേറ്റമുണ്ടായത്. ഇതിന്റെ ഭാഗമായാണ് ദലിത് സാഹിത്യം വികസിച്ചത്. വാമൊഴി പാരമ്പര്യത്തെ മാത്രം ദലിതരുടെ സർഗാത്മകതയായി കണക്കാക്കിയിടത്തുനിന്ന് എല്ലാ സാഹിത്യമേഖലകളിലും അക്കാദമിക് ഇടങ്ങളിലും ദലിത് സാഹിത്യത്തിന് വളർച്ചയുണ്ടായി. തങ്ങളുടെ ജീവിതത്തിലനുഭവിച്ച ദുരിതങ്ങളുടെ ആവിഷ്കരണവും വ്യവസ്ഥിതിയോടുള്ള പ്രതിഷേധവുമെല്ലാം ഇത്തരം ആഖ്യാനങ്ങളിൽ കടന്നുവന്നു. ഇതിൽ ഏറ്റവും തീവ്രമായ ആവിഷ്കാരം ആത്മകഥകളാണ്. സാമൂഹികപദവിയും സാഹിത്യപാരമ്പര്യവുമുള്ളവരുടെ ജീവിതങ്ങൾക്കാണ് ആത്മകഥയായി പുറത്തുവരാൻ അർഹതയുള്ളതെന്ന പ്രഖ്യാപിതധാരണയെ ദലിത് ആത്മകഥകൾ കീഴ്മേൽ മറിച്ചു. മുഖ്യധാരാസമൂഹം പരിഗണിക്കാതിരുന്നവരുടെ ജീവിതത്തിന് സാഹിത്യത്തിൽ സ്ഥാനമുണ്ടായത് ഇതോടെയാണ്. വിദ്യാഭ്യാസം നേടിയ ദലിത് വിഭാഗത്തിന്റെ പ്രധാന ആഖ്യാനങ്ങൾ ആത്മകഥാപരമായിരുന്നു. "ദലിതരും ഇതര ബഹിഷ്കൃതരും തങ്ങളുടെ ജീവിതം എഴുതുന്നതിലൂടെ വെളിപ്പെടു

ത്തുന്നത് ജാതിവിമർശനം എന്ന നവീനപ്രമേയമാണ്. എഴുത്തിന്റെ സൌന്ദര്യശാസ്ത്രത്തെ പരിമിതപ്പെടുത്തുന്ന ഉപാധികളെ അതിലംഘിക്കാനുള്ള ആഭിമുഖ്യം ഇവ പ്രകടിപ്പിക്കുന്നു. സവർണതയുടെ പൊതുനിർമിതികൾ, വ്യവസ്ഥാപിതമായ അവബോധങ്ങൾ, ഉറപ്പിച്ചെടുത്ത ധാർമികമൂല്യങ്ങൾ എന്നിവക്കെല്ലാം ഇത്തരം വ്യവഹാരങ്ങൾ സജീവമാകുന്നതിലൂടെ പരിക്കേൽക്കുന്നുണ്ട്" (സന്തോഷ്, 2022:117). ഓംപ്രകാശ് വാൽമീകിയുടെ '*ഝൂട്ടാൻ*' അഥവാ '*എച്ചിൽ*', ശരൺകുമാർ ലിംബാളെയുടെ '*അക്കർമാശി*', പാമയുടെ '*കരുക്ക്*' തുടങ്ങിയവയെല്ലാം പുതിയ സംവാദങ്ങൾക്ക് തുടക്കം കുറിച്ച കൃതികളാണ്.

കേട്ടെഴുത്തിന്റെ രൂപത്തിലാണ് മലയാളത്തിൽ ദലിത് ആത്മകഥാശാഖ വികസിച്ചത്. സ്വന്തം നിലയിൽ ജീവിതാഖ്യാനം സാധ്യമാകാത്ത മനുഷ്യർക്ക് മറ്റുള്ളവരുടെ സഹായത്തോടെ സ്വന്തം ജീവിതകഥ പറയാനുള്ള സാധ്യതയാണ് കേട്ടെഴുത്ത് ജീവിതത്തിലൂടെയുണ്ടായത്. "എഴുത്തറിയാത്തവർക്കും ജീവിതം ആവിഷ്കരിക്കാനാകാത്തവർക്കും ജീവിതമുണ്ടെന്നും അത് സമൂഹം ശ്രദ്ധിക്കേണ്ടതുണ്ടെന്നും ഉള്ള കാഴ്ചപ്പാടാണ് കേട്ടെഴുത്തുകൾക്ക് പിന്നിലുള്ളത്" (രമാദേവി, 2019:18). സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരുടെ അനുഭവങ്ങൾക്കും സാഹിത്യത്തിൽ ഇടം ലഭിച്ചു എന്നത് സുപ്രധാനമാണ്. ദലിത് സ്ത്രീകളുടെ ജീവിതകഥകൾ മിക്കതും കേട്ടെഴുത്തുകളാണ്. മലയാള ആത്മകഥാചരിത്രത്തിൽ ആദ്യ ആത്മകഥയ്ക്ക് ശേഷം അരനൂറ്റാണ്ടോളം കഴിഞ്ഞാണ് ഒരു സ്ത്രീയുടെ ജീവിതം ആവിഷ്കരിക്കപ്പെട്ടത്. അതിൽ അടുത്ത കാലത്ത് മാത്രമാണ് ദലിത് സ്ത്രീകളുടേതായ ജീവിതാഖ്യാനങ്ങൾ കടന്നുവരുന്നത്. സ്ത്രീയെന്ന വർഗത്തിനുള്ളിൽ തന്നെ ദലിത് സ്ത്രീകൾ ബഹിഷ്കൃതരാണ് എന്ന വസ്തുതയെ ഇത് ബലപ്പെടുത്തുന്നു. സ്ത്രീകളനുഭവിക്കുന്ന പ്രശ്നങ്ങൾ സമാനമല്ലെന്നും പൊതുസ്ത്രീവാദത്തിന്റെ കാഴ്ചപ്പാടിൽ ദലിത് സ്ത്രീ പ്രശ്നങ്ങളെ വിലയിരുത്താനാവില്ലെന്നുമുള്ള ദലിത് സ്ത്രീവാദത്തിന്റെ ആശയങ്ങളാണ് ഇവിടെ വെളിവാകുന്നത്.

ദലിത് സ്ത്രീകൾ പ്രധാനമായും മൂന്ന് തരത്തിലുള്ള പീഡനങ്ങളനുഭവിക്കുന്നതായി ഉമ ചക്രവർത്തി ചൂണ്ടിക്കാട്ടുന്നു.

1. ഉയർന്ന ജാതിയിൽപ്പെട്ടവരിൽ നിന്നും ജാത്യധിഷ്ഠിതമായ പീഡനം.
2. തൊഴിലെടുക്കുന്നവരെന്ന നിലയിൽ വർഗപരമായ പീഡനം.
3. സ്ത്രീകളെന്നനിലയിൽ എല്ലാ പുരുഷന്മാരിൽ നിന്നും (ദലിത് പുരുഷന്മാരുൾ

പ്പെടെയുള്ളവർ) നേരിടേണ്ടി വരുന്ന പുരുഷാധിപത്യപീഡനങ്ങൾ (ഉമ ചക്രവർത്തി, 2008:162).

മേൽപറഞ്ഞ വിവേചനങ്ങളെല്ലാം തങ്ങൾ ജീവിതത്തിലനുഭവിച്ചു പോന്നതിന്റെ അനുഭവസാക്ഷ്യമാണ് ദലിത് സ്ത്രീ ആത്മകഥകളിലെല്ലാം കാണുന്നത്. *മാണിക്കംപെണ്ണ്, മയിലമ്മ ഒരു ജീവിതം, ജാനുവിന്റെ ജീവിതകഥ, അടിയാറ്ടീച്ചറും മറ്റ് അസാധാരണ ജീവിതങ്ങളും, ചെങ്കൽച്ചൂളയിലെ എന്റെ ജീവിതം, ആ നെല്ലിമരം പൂല്ലാണ്, ഇടതുനെഞ്ചിലെ ഉച്ചാലുമാസങ്ങൾ* എന്നിങ്ങനെ നിരവധി കൃതികൾ ദലിത് സ്ത്രീകളുടേതായി പുറത്തുവന്നിട്ടുണ്ട്.

വിഭവാധികാരവും ദലിതരും

കേരളത്തിൽ ജാതിവ്യവസ്ഥയും ഭൂവുടമസ്ഥതയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഭൂവുടമസ്ഥതയുടെ ചരിത്രത്തിൽ കൃഷിഭൂമിയുടെ അധികാരം സവർണജാതിക്കാരുടെ, പ്രധാനമായും ബ്രാഹ്മണരുടേതായിരുന്നു. അവർ ഈ ഭൂമിയിൽ കൃഷി ചെയ്തിരുന്നില്ല. ജാതിശ്രേണിയിൽ തങ്ങളേക്കാൾ തൊട്ടുതാഴെ നിൽക്കുന്നവർക്ക് പാട്ടത്തിന് നൽകുകയാണുണ്ടായത്. നായർ, ക്രിസ്ത്യൻ, മുസ്ലിം വിഭാഗക്കാരാണ് ഇത്തരത്തിൽ പാട്ടത്തിന് ഭൂമി ഏറ്റെടുത്തിരുന്നത്. കഠിനാധ്വാനം ചെയ്യുന്ന ദലിതർ കാർഷിക അടിമകൾ മാത്രമായിരുന്നു. ഭൂമിയിൽ യാതൊരു അവകാശവും അവർക്കുണ്ടായിരുന്നില്ല. "കാർഷിക അടിമകളായ ദളിത്- ബഹുജൻ വിഭാഗത്തിന്റെ അധ്വാനത്തെയും കാർഷിക ജ്ഞാനത്തെയും ചൂഷണം ചെയ്തുകൊണ്ടാണ് ജാതിയടിമത്തവും, തീണ്ടൽ വ്യവഹാരങ്ങളും നിലനിന്നിരുന്നത്. കൊളോണിയൽ അധികാരവും ആധുനിക മുതലാളിത്ത രീതിയും, ഫ്യൂഡൽ-ജാതിവ്യവസ്ഥയിൽ ചലനാത്മകത പരിമിതമായെങ്കിലും സൃഷ്ടിക്കുന്നുണ്ടെങ്കിലും ഭൂവുടമസ്ഥതയിലേക്ക് പ്രവേശിക്കാനാവാത്ത രീതിയിൽ അടഞ്ഞ സാമൂഹികവ്യവസ്ഥക്കകത്തായിരുന്നു ദളിത്-ബഹുജൻ ജീവിതം തളച്ചിടപ്പെട്ടിരുന്നത്" എന്ന് കെ. പി. രവി ചൂണ്ടിക്കാണിക്കുന്നു (രവി, 2022:256).

അടിമത്തനിരോധനത്തിന് ശേഷവും ദലിത് ജനതയെ സംബന്ധിച്ച് ഭൂവുടമസ്ഥതയുടെ കാര്യത്തിൽ പ്രത്യേക മാറ്റങ്ങളൊന്നുമുണ്ടായിട്ടില്ല. മറ്റുള്ളവരുടെ ഭൂമിയിൽ അധ്വാനിക്കുന്ന കാർഷിക കൂലിത്തൊഴിലാളികളായി അവർക്ക് തുടരേണ്ടി വന്നു. ജാതിവ്യവസ്ഥ അവരെ ഒരേ സാമൂഹികപദവിക്കുള്ളിൽ തളച്ചിട്ടു. ഭൂപ

രിഷ്കരണത്തിന് ശേഷവും ഒട്ടനവധി ദലിതരും ആദിവാസികളും ഭ്രരഹിതരായിത്ത ന്നെ അവശേഷിച്ചു. പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്ന കുടിയാന്മാർക്ക് മാത്രമാണ് ഭ്രപരിഷ്കരണത്തിലൂടെ ഭ്രമിയുടെ അവകാശം ലഭിച്ചത്. പാട്ടത്തിന് ഭ്രമിയെടുക്കാൻ അർഹതയില്ലാതിരുന്ന ദലിതർക്ക് ഈ നിയമം ഗുണം ചെയ്തില്ല എന്ന് സണ്ണി എം. കപിക്കാട് നിരീക്ഷിച്ചിട്ടുണ്ട് (സണ്ണി, 2017:24-28). കേരള ശാസ്ത്ര സാഹിത്യപരി ഷത്ത് നടത്തിയ സാമ്പിൾ സർവേ കണക്കുകൾ പ്രകാരം ദലിത് ജനതയ്ക്കുള്ള ഭ്രമിയുടെ അഞ്ചിരട്ടി ഭ്രമിയാണ് സവർണവിഭാഗങ്ങളുടെ കൈവശമുള്ളതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

തൊണ്ണൂറുകൾക്ക് ശേഷം ദലിത്, ആദിവാസിജനത വിഭവാധികാരത്തിനാ യുള്ള മുന്നേറ്റങ്ങൾക്കൊരുങ്ങിയത് കേരളചരിത്രത്തിലെ നിർണായക മാറ്റങ്ങളി ലൊന്നാണ്. ഭ്രമിയിൽ അധ്വാനിക്കുന്ന ദലിത് വിഭാഗം ഭ്രരഹിതരായി തുടരുകയും ഭ്രമിയുടെ അധികാരം സവർണസമുദായക്കാരിൽ മാത്രമൊതുങ്ങുകയും ചെയ്യുന്ന സാമൂഹികവ്യവസ്ഥയിലെ നീതികേടിനെ സംബന്ധിച്ച് ദലിത് ജനതയിലുണ്ടായ തിരിച്ചറിവാണ് ഭ്രസമരങ്ങൾക്ക് തുടക്കം കുറിച്ചത്. ഭ്രവുടമസ്ഥതയുള്ള ദലിതരും 5 സെന്റിൽ കുറവ് സ്ഥലമുള്ളവർ മാത്രമായിരുന്നു. കോളനികളിലും ലക്ഷംവീടുകളി ലുമായി അവർക്ക് ജീവിക്കേണ്ടി വന്നു. തങ്ങളുടെ സ്വത്വത്തിലൂന്നിക്കൊണ്ടാണ് നില നിൽക്കുന്ന സാമ്പത്തിക, സാമുദായിക അധീശത്വത്തെ മറികടക്കാൻ അവർ ശ്ര മിച്ചത്. 2001-ൽ ആദിവാസി-ദലിത് സമരസമിതിയുടെ നേതൃത്വത്തിലാണ് മുത്തങ്ങ സമരം നടന്നത്. സി. കെ. ജാനുവിന്റെ നേതൃത്വത്തിൽ നടന്ന സമരം കേരളത്തി ന്റെ രാഷ്ട്രീയ ചരിത്രത്തിൽ സുപ്രധാനമാണ്. സ്വന്തം പരിസ്ഥിതി വിഭവങ്ങൾ സം രക്ഷിക്കാനാണ് മയിലമ്മയുടെ നേതൃത്വത്തിൽ ആദിവാസിജനത കൊക്കക്കോള കമ്പനിക്കെതിരെ സമരം ചെയ്തത്. തങ്ങളുടെ ഭ്രമിയിൽ ആരോഗ്യത്തോടെ ജീവി ക്കാനുള്ള അവകാശമാണ് കമ്പനിയുടെ വരവോടെ അവർക്ക് നിഷേധിക്കപ്പെട്ട ത്. ദലിതന് ഉടമസ്ഥതയുള്ള ഭ്രമിയിലും മുതലാളിത്തവും ഉപരിവർഗവും അധീശത്വം സ്ഥാപിക്കുന്നതിന്റെ ഉദാഹരണമായിരുന്നു പ്ലാച്ചിമട സംഭവം.

ഭൂമിയുടെ രാഷ്ട്രീയം ആത്മകഥകളിൽ

കേരളത്തിൽ നടന്ന ഭ്രസമരങ്ങളിൽ പ്രധാനമാണ് ചെങ്ങറ സമരം. ഭ്രര ഹിതരായ ദലിതർക്ക് സ്വന്തമായി ഭ്രമി നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ നടന്ന

ശക്തമായ പ്രക്ഷോഭമായിരുന്നു ഇത്. ചെങ്ങറ സമരത്തിന്റെ നേതൃനിരയിലുണ്ടായിരുന്ന സെലീന പ്രക്കാനം തന്റെ ആത്മാഖ്യാനത്തിന് പേര് നൽകിയതും *ചെങ്ങറ സമരവും എന്റെ ജീവിതവും* എന്നാണ്. വിഭവാധികാരത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ചു തന്നെയാണ് അവർ കൃതിയിലൂടെ സംസാരിക്കുന്നത്. സാമൂഹികപ്രക്ഷോഭങ്ങളുടെ തുടക്കകാലം മുതലേ സ്ത്രീകൾ ഭാഗമായിരുന്നെങ്കിലും ചരിത്രത്തിൽ അവരുടെ പങ്ക് പ്രാധാന്യത്തോടെ പരാമർശിക്കപ്പെട്ടിരുന്നില്ല. പുരുഷനെ മാത്രം നേതൃത്വത്തിൽ പ്രതിഷ്ഠിക്കുന്ന സാമ്പ്രദായികതയെ പിന്തള്ളിക്കൊണ്ട് തൊണ്ണൂറുകൾക്ക് ശേഷം സ്ത്രീകൾ സാമൂഹികരാഷ്ട്രീയരംഗങ്ങളിൽ സജീവമായി. ഭൂസമരങ്ങളുടെയും പരിസ്ഥിതി സമരങ്ങളുടെയും നേതൃത്വത്തിലും പങ്കാളിത്തത്തിലും ദലിത് സ്ത്രീകളുടെ ശക്തമായ പ്രാതിനിധ്യമുണ്ട്.

ജാതിയുടെ പേരിൽ വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്നും സമൂഹത്തിൽ നിന്നും നേരിടേണ്ടി വന്ന അപമാനങ്ങൾ, സാമ്പത്തിക സാമൂഹികാവസ്ഥയിലെ അരക്ഷിതത്വം, മതപരിവർത്തനം ചെയ്താലും നേരിടേണ്ടി വരുന്ന വിവേചനം എന്നിവയെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് സെലീന പ്രക്കാനം തുടങ്ങുന്നത്. കടും ബശ്രീയിലൂടെയാണ് അവർ പൊതുരംഗത്തേക്ക് കടന്നുവരുന്നത്. 25 സെന്റ് ഭൂമിയുള്ളവർക്ക് ആടിനെ കൊടുക്കുന്ന പദ്ധതി സർക്കാർ പ്രഖ്യാപിച്ച സന്ദർഭത്തിൽ അതിനർഹരായി തന്റെ ജനതയിൽ ആരുമില്ലെന്നും അത്രയും ഭൂവുടമസ്ഥത കൂട്ടത്തിൽ നായർ കുടുംബങ്ങളിലുള്ളവർക്കേ ഉള്ളൂ എന്നും മനസിലാക്കിയപ്പോഴാണ് ജാതിയും വിഭവാധികാരവും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന എന്ന തിരിച്ചറിവ് അവർക്കുണ്ടായത്. ഈ തിരിച്ചറിവാണ് സെലീന പ്രക്കാനത്തെ സാധുവിമോചന സംഘടനയുടെ പ്രവർത്തനങ്ങളിലെത്തിച്ചത്. പുറമ്പോക്കുകളിലും കോളനികളിലും ചേരികളിലുമായി നടത്തിയ ഫീൽഡ് വർക്കുകളിലൂടെ ഏതൊരു പ്രദേശത്തെയും ദലിത് ജനതയുടെ ജീവിതാവസ്ഥ സമാനമായ രീതിയിൽ പരിതാപകരമാണെന്ന് മനസിലാക്കുന്നു. ഈ അവസ്ഥയെ മറികടക്കുന്നതിനായി ഭൂമിയുടെ പേരിൽ ദലിതർ ഒന്നു ചേരുകയും അതുവഴി രാഷ്ട്രീയാധികാരത്തിലേക്ക് കടക്കാൻ ശ്രമിക്കുകയെന്നതാണ് അവർ സംഘടനയിലൂടെ ലക്ഷ്യം വെച്ചത്. "ചെങ്ങറ ഭൂസമരത്തിന്റെ പശ്ചാത്തലത്തിൽ ഭൂമിയുടെ രാഷ്ട്രീയം ചർച്ച ചെയ്യപ്പെട്ടുവെന്നതുപോലെ തന്നെ ഭൂമിയുടെ ജാതിയും രാഷ്ട്രീയവും ചർച്ച ചെയ്യപ്പെട്ടുവെന്നതും പ്രസക്തമാണ്" എന്ന് കെ. എം. സലിംകുമാർ നിരീക്ഷിച്ചിട്ടുണ്ട് (സലീം കുമാർ, 2011:22).

ചേരിനിവാസിയായ ഒരു ദലിത് സ്ത്രീയുടെ ആത്മകഥ എന്ന നിലയിൽ ഏറെ ശ്രദ്ധിക്കപ്പെട്ട കൃതിയാണ് 'ചെങ്കൽച്ചൂളയിലെ എന്റെ ജീവിതം'. മോശക്കാരായ മനുഷ്യർ തിങ്ങിപ്പാർക്കുന്ന കോളനി പ്രദേശം എന്ന നിലയിലാണ് പുറംജനത ചെങ്കൽച്ചൂളയെ വിലയിരുത്തുന്നത്. കോളനി നിവാസികളെല്ലാം തന്നെ അക്രമകാരികളും വൃത്തിയില്ലാത്തവരും വിദ്യാഭ്യാസമില്ലാത്തവരുമാണ് എന്ന മുൻധാരണയാണ് ഇതിനുപിന്നിൽ പ്രവർത്തിക്കുന്നത്. വർഷങ്ങളായി കോളനിയിൽ താമസിച്ചു പോരുന്നവരാണെങ്കിലും അവിടം അവരുടെ സ്വന്തമല്ല. പട്ടയമോ പ്രമാണമോ സർക്കാർ നൽകിയിട്ടില്ല. സർക്കാർ നിർമിച്ചു നൽകുന്ന ഫ്ലാറ്റുകൾ പഴക്കം മൂലം പൊളിഞ്ഞു വീഴുകയാണ്. നഗരത്തിന്റെ മാലിന്യം ഒഴുക്കി വിടുന്നത് കോളനികളിലേക്കായതിനാൽ ഗുരുതരമായ അസുഖങ്ങൾ വരാനുള്ള സാഹചര്യത്തിലാണ് അവിടുത്തെ ജനങ്ങൾ ജീവിക്കുന്നത്. തെരഞ്ഞെടുപ്പ് സമയത്ത് മാത്രമാണ് കോളനിയിലെ മനുഷ്യരെ രാഷ്ട്രീയ പാർട്ടികൾ വിലമതിക്കുന്നത് എന്ന തോന്നൽ അവർക്കുണ്ട്. ശരിയായ വിദ്യാഭ്യാസം നേടാനോ കലാപരമായ കഴിവുകൾ പോഷിപ്പിക്കുവാനോ കോളനിയിലെ കുട്ടികൾക്ക് സാധിക്കുന്നില്ല. സ്കൂളുകളിൽ അദ്ധ്യാപകരിൽനിന്നും സഹപാഠികളിൽനിന്നും അധിക്ഷേപം നേരിടേണ്ടി വരുന്നു. ഒരു പ്രശ്നത്തിൽ കോളനിക്കാർ ഉൾപ്പെടുകയാണെങ്കിൽ അയാൾ കുറ്റക്കാരൻ/രിയാണെന്ന മുൻവിധിയോടെ കാണുന്ന സമൂഹമാണ് നിലവിലുള്ളത്. വിദ്യാഭ്യാസത്തിനോ മറ്റെന്ത് പ്രധാന ആവശ്യങ്ങൾക്കായോ കോളനി ജനത ലോണിനായി ബാങ്കുകളെ സമീപിച്ചാലും അവർക്ക് ലോൺ ലഭിക്കുന്നില്ല. അതിനാൽ കൊള്ളപ്പലിശക്കാരെ ആശ്രയിക്കേണ്ടിവരുന്നു.

കോളനിയിൽ താമസിക്കുന്നവർ എന്ന തങ്ങളുടെ സ്വത്വമാണ് മറ്റുള്ളവർക്ക് വെറുപ്പ് ഉളവാക്കുന്നതെന്ന് ധനുജയുൾപ്പെടെയുള്ള കോളനിനിവാസികൾ തിരിച്ചറിയുന്നുണ്ട്. ആ സ്വത്വത്തെ തിരസ്കരിക്കാൻ അവർ താൽപര്യപ്പെടുന്നില്ല. നിലവിലുള്ള സാഹചര്യങ്ങളെ മാറ്റിയെടുക്കുക എന്നതാണ് അവരുടെ ലക്ഷ്യം. സുരക്ഷിതമായ വീട്, സ്വന്തം പേരിൽ ഭൂമി എന്നതാണ് പ്രാഥമികമായി അവരുടെ ആവശ്യം. മറ്റ് പുറമ്പോക്കുകളിൽ കുടിയേറിയ മനുഷ്യരെ ഒഴിപ്പിക്കുന്നതിലൂടെയാണ് പല കുടുംബങ്ങളും ചെങ്കൽച്ചൂളയിലെത്തുന്നത്. സാമൂഹികപദവിയിൽ കോളനിജനത താഴെത്തട്ടിൽ ആകുന്നതിന് കാരണം വിഭവദാരിദ്ര്യം തന്നെയാണ് എന്ന് അവർ തിരിച്ചറിയുന്നു. തങ്ങളുടെ ജീവിതത്തെ പുരോഗതിയിലേക്കെത്തിക്കുന്നതിനുള്ള കാ

ഴ്ചപ്പാടുകൾ അവരിലുണ്ട്. കോളനിയിൽ വായനശാലയും റീഡിങ് റൂമും വരണമെന്ന് ധന്യജകുമാരി പറയുന്നു. നിലവിലുള്ള ഫ്ലാറ്റുകൾ പുതുക്കി പണിയുകയും ഉടമസ്ഥാവകാശം ലഭിക്കുകയും ചെയ്താൽതന്നെ അവരുടെ ജീവിതത്തിൽ മാറ്റങ്ങളുണ്ടാകും. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വേണം. കാര്യക്ഷമമായ അഴുക്കുചാൽ സംവിധാനവും മാലിന്യനിർമാർജ്ജനത്തിനുള്ള മാർഗവും ഉണ്ടാവേണ്ടതുണ്ട്.

കോളനികളിലെ കുട്ടികളാണെന്നതിനാൽ വിദ്യാർത്ഥികൾ സ്കൂളുകളിൽ അപമാനിക്കപ്പെടുന്നു. ധന്യജ കുമാരി സ്കൂളുകളിൽ അനുഭവിച്ച ജാതി വിവേചനം വർഷങ്ങൾക്കിപ്പുറം കലാമണ്ഡലത്തിൽ പ്രവേശനം നേടിയ മകനും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. കലാപരമായി കഴിവുള്ള കുട്ടികൾ തഴയപ്പെടുന്നു. അവരെ പ്രോത്സാഹിപ്പിക്കാനോ പരിശീലനം നൽകാനോ മറ്റുള്ളവർ താൽപര്യപ്പെടുന്നില്ല. പ്രമുഖ ചാനലിൽ റിയാലിറ്റി ഷോയിൽ മികച്ച പ്രകടനം കാഴ്ചവെച്ചിട്ടും ധന്യജ കുമാരിയുടെ മക്കൾ തഴയപ്പെടുകയാണുണ്ടായത്. മത്സരാർത്ഥികളുടെ വീട് ചേരി പ്രദേശത്തായതിനാൽ ഷൂട്ട് ചെയ്യാൻ ചാനലുകൾ മടിക്കുകയുണ്ടായി. ജാതിസ്വത്വവും കോളനിജനതയെന്ന സ്വത്വവും ഇന്നും മനുഷ്യരെ രണ്ടാംപദവിക്കാരായി മാറ്റി നിർത്തുന്നു എന്ന് ധന്യജകുമാരിയുടെ ജീവിതകഥ സാക്ഷ്യപ്പെടുത്തുന്നു.

ആ നെല്ലിമരം പുല്ലാണ് എന്ന് ആത്മകഥക്ക് പേര് നൽകിയതിലൂടെ സ്കൂളും അവിടുത്തെ അനുഭവങ്ങളും ദലിതരെ സംബന്ധിച്ച് ഗൃഹാതുരതയല്ല എന്ന് രജനി പാലാമ്പറമ്പിൽ പ്രഖ്യാപിക്കുന്നു. ബാല്യകാലം അവർക്ക് വേദനിപ്പിക്കുന്ന ഓർമകളാണ്. സ്കൂളുകളിൽ ദലിത് വിദ്യാർത്ഥികളെ ഏറ്റവും അധികം അവഹേളിച്ചിരുന്നത് സവർണജാതിക്കാരായ അധ്യാപികമാരായിരുന്നു. ഏതൊരു ദലിത് ആത്മകഥയിലും സമാനമായി കാണുന്ന ഒരനുഭവമാണ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ വിദ്യാർത്ഥികളോടുള്ള വിവേചനങ്ങൾ. ജാതിയുടെയും നിറത്തിന്റെയും സമ്പത്തിന്റെയും അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ വിലയിരുത്തുന്ന അധ്യാപകരും മറ്റ് സഹപാഠികളും ദലിത് ആത്മകഥകളിലെ തീവ്രമായ ഓർമകളിലൊന്നാണ്. ആദ്യകാല ദലിത് ആത്മകഥകളിലൊന്നായ പൊക്കുടന്റെ ആത്മകഥ മുതൽ രജനി പാലാപറമ്പിലിന്റെ ആത്മാഖ്യാനത്തിൽ വരെ അത് ആവർത്തിക്കുന്നതായി കാണാം. ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കുന്ന അധ്യാപകർ വിദ്യാർത്ഥികളുടെ പഠനത്തിൽ യാതൊരു മുൻതൂക്കവും കൊടുക്കുന്നില്ല. സ്കൂളുകൾ മുതൽ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ

വരെ ഈ നില തുടരുന്നു.

വാസയോഗ്യമായ ഭൂമിയിൽ നിന്നും രജനിയുടെ കുടുംബത്തെ പറഞ്ഞുപറ്റിച്ച് കുടിയിറക്കുകയാണ് ജന്മി ചെയ്തത്. ഒരു വശത്ത് തോടുള്ള, പാമ്പുകൾ നിറഞ്ഞ സ്ഥലമാണ് അവർക്ക് പകരം ലഭിച്ചത്. ആധാരമോ മറ്റ് രേഖകളോ നൽകിയിരുന്നില്ല. ടൗണിൽനിന്ന് വരുന്നവരും പ്രദേശവാസികളും പൊതുകക്കൂസ് പോലെയാണ് തങ്ങളുടെ വീടിന്റെ പുറക് വശം ഉപയോഗിച്ചത് എന്നും കൂവി വിളിച്ച് ആളുകളെ പറഞ്ഞയക്കേണ്ട ഗതികേടായിരുന്നു ബാല്യത്തിലനുഭവിച്ചതെന്നും രജനി ഓർക്കുന്നു. ഈ ചൂഷണം ദലിത് ജനത കാലങ്ങളായി അനുഭവിച്ച് പോരുന്നതാണ്. രജനിയുടെ അച്ഛൻ ജന്മിക്കെതിരെ കേസ് കൊടുത്തു എന്നത് ദലിത് ജനത തങ്ങളുടെ അവകാശങ്ങൾക്കായി പ്രതിരോധമുയർത്തിയതിന്റെ ആദ്യ ഘട്ടമായി കാണാം. പട്ടിക ജാതിക്കാരുടെ കോളനികളെല്ലാം സ്ഥിതി ചെയ്യുന്നത് ഒന്നുകിൽ പുഴക്കരയിലോ അല്ലെങ്കിൽ കുന്നിൻ മുകളിലോ ആയിരിക്കുമെന്ന് രജനി നിരീക്ഷിക്കുന്നുണ്ട്. പട്ടികജാതിക്കാർക്ക് ഭൂമിയില്ല എന്നതുതന്നെയാണ് പ്രധാന പ്രശ്നം. ദലിത് ജീവിതത്തിന്റെ ഉന്നമനത്തിനായി തന്റേതായ നിർദ്ദേശങ്ങൾ രജനി മുന്നോട്ട് വെക്കുന്നുണ്ട്. കോളനിക്കകത്ത് ഒരു പഠനമുറി നൽകുക എന്ന രീതിയിലുള്ള പദ്ധതികൾ അവർക്ക് ഗുണം ചെയ്യുന്നില്ല. ഇവിടുത്തെ വിദ്യാർത്ഥികൾക്ക് പുറത്ത് പോയി പഠിക്കാനും ജോലി ചെയ്യാനുമുള്ള സാഹചര്യമാണ് ഒരുക്കേണ്ടത്. ഇത്തരത്തിൽ തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുള്ള പ്രതിവിധികൾ മേൽപറഞ്ഞ മൂന്ന് ആത്മകഥകളിലും കാണാം.

ഉപസംഹാരം

ജാതിവിവേചനത്തോടുള്ള പ്രതിഷേധം ഏറ്റവും തീവ്രമായി ആവിഷ്ക്കരിക്കപ്പെടുന്നത് ദലിത് ആത്മകഥകളിലാണ്. ഇതിൽത്തന്നെ ദലിത് സ്ത്രീ ആത്മകഥകൾ സുപ്രധാനമാകുന്നു. ജാതീയവും ലിംഗപരവുമായ അടിച്ചമർത്തലുകൾക്കെതിരെ അവ പ്രതിഷേധമുയർത്തുന്നു. ജാതിയിലധിഷ്ഠിതമായ ഭൂമിയുടെ രാഷ്ട്രീയം അവർ കൃത്യമായി തിരിച്ചറിയുന്നുണ്ട്. വിവേചനം തിരിച്ചറിയാൻ മാത്രമല്ല അവയെ പ്രതിരോധിക്കാനും പ്രതിവിധികൾ നിർദേശിക്കാനും പുതിയ ആത്മകഥാകാരികൾക്ക് സാധിക്കുന്നുണ്ട്. ചെങ്ങറ സമരവും എന്റെ ജീവിതവും, ചെങ്കൽച്ചൂളയിലെ എന്റെ ജീവിതം, ആ നെല്ലിമരം പുല്ലാണ് എന്നീ ആത്മകഥകളിൽ ദലിത് സ്ത്രീകൾ

ജാതിയെയും വിഭവാധികാരത്തെയും കൃത്യമായി പ്രശ്നവൽക്കരിച്ചിരിക്കുന്നു. വിഭവാധികാരത്തിന്റെ അഭാവവും ലിംഗപദവീപരമായ പ്രശ്നങ്ങളും തിരിച്ചറിയുന്നു എന്നത് ഇവരുടെ ജീവിതത്തിൽ പ്രതിരോധം സാധ്യമാക്കിയതിൽ പ്രധാനമാണ്.

സഹായക ഗ്രന്ഥങ്ങൾ

1. ഉമ ചക്രവർത്തി, *ജാതിയെ ലിംഗവൽക്കരിക്കുമ്പോൾ,* മനോജ് കുമാർ, പി. എസ്., (വിവ.), മാതൃഭൂമി ബുക്സ്,, കോഴിക്കോട്, 2008.
2. ഗെയ്ൽ ഓംവേദ്, *ദലിത്പക്ഷചിന്തകൾ*, ബിജുരാജ് & യൽദോ (വിവ.), മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011.
3. സണ്ണി, എം. കപിക്കാട്, *ജനതയും ജനാധിപത്യവും*, വിദ്യാർത്ഥി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2017.
4. സന്തോഷ്, ഒ. കെ., *അനുഭവങ്ങൾ അടയാളങ്ങൾ - ദലിത് ആഖ്യാനം, രാഷ്ട്രീയം*, അദർ ബുക്സ്, കോഴിക്കോട്, 2022.
5. സലീം കുമാർ, കെ. എം., *നെഗ്രിറ്റ്യൂഡ്,* ഡി സി ബുക്സ്, കോട്ടയം, 2011.
6. രവി, കെ. പി., *മത-രാഷ്ട്രീയസാന്നിദ്ധ്യം ദളിത് വ്യവഹാരങ്ങളിൽ: ആത്മാഖ്യാനം, ജീവചരിത്രം എന്നിവ ആസ്പദമാക്കിയുള്ള പഠനം*, മലയാള-കേരളപഠനവിഭാഗം, കാലിക്കറ്റ് സർവ്വകലാശാല, 2022 (അപ്രകാശിതം).

ഊടി നിസർച്ച് ജേണൽ • ISSN: 2320-5830 • ഭാഗം - 12 • ലക്കം - 4

തോറ്റങ്ങൾ: ആഖ്യാനവും തൊഴിലിന്റെ രാഷ്ട്രീയവും

ഡോ. അജേഷ് വി. വി.
വരാപ്പുഴ വീട്, പുഴവാത്,
ചങ്ങനാശ്ശേരി പി. ഒ.

പ്രബന്ധസംഗ്രഹം:

ആധുനികതാപ്രവണതകളുടെ ഭാവുകത്വപരിസരങ്ങളെ സവിശേഷമായ ആഖ്യാനശൈലിയിലൂടെ അടയാളപ്പെടുത്തിയിരിക്കുന്ന നോവലാണ് കോവിലന്റെ തോറ്റങ്ങൾ. ഉണ്ണിമോൾ എന്ന വൃദ്ധയുടെ ഭ്രമാത്മകമായ തോന്നലുകളെ ആവിഷ്കരിക്കുന്ന ഈ കൃതിയുടെ ഇതിവൃത്തത്തിൽ ഒരു നാട്ടിൻപുറത്തിന്റെ ഭൗതിക പരിണാമങ്ങൾകൂടി വെളിപ്പെട്ടുവരുന്നു. തൊഴിൽ പരിണാമങ്ങളിലൂടെയുള്ള നാടിന്റെ സാമൂഹിക പരിണാമത്തെ ഈ നോവലിൽനിന്ന് വായിച്ചെടുക്കാനാവും. ജന്മിത്ത കാലഘട്ടത്തിലെ കേരളത്തിലെ തൊഴിൽനില, മുതലാളിത്തത്തിന്റെ വരവോടെയുണ്ടായ തൊഴിൽപരിണാമങ്ങൾ, യന്ത്രങ്ങളുടെ കാലത്തെ തൊഴിലവസ്ഥകൾ, നാഗരിക സംസ്കാരത്തിലെ തൊഴിലുകളുടെ രാഷ്ട്രീയം, തൊഴിലുമായി ബന്ധപ്പെട്ട സ്ത്രീയവസ്ഥകൾ, വിദേശകള്ളപ്പണത്തിന്റെ വരവുമായി ബന്ധപ്പെട്ടുവളരുന്ന അനാശാസ്യത്തൊഴിലുകൾ, കച്ചവടത്തൊഴിലുകളുടെ വ്യാപനം,

കർഷകത്തൊഴിൽ സംസ്കാരത്തിന്റെ തകർച്ച എന്നിവയെ സൂക്ഷ്മ മായ രാഷ്ട്രീയവിവക്ഷകളോടെ തോറ്റങ്ങൾ കാട്ടിത്തരുന്നു. തൊഴിലി ന്റെയും തൊഴിലിടങ്ങളുടെയും രാഷ്ട്രീയ സംസ്കാരത്തെ പ്രത്യക്ഷമായി ആവിഷ്കരിക്കുന്നില്ലെങ്കിലും, വിവിധങ്ങളായ തൊഴിൽനിർവ്വഹണങ്ങ ളിലൂടെ പരിണാമപ്പെട്ടുകൊണ്ടിരിക്കുന്ന കേരളത്തിന്റെ സാമൂഹികാ വസ്ഥകളെ നോവലിസ്റ്റ് കാട്ടിത്തരുന്നുണ്ട്. അതിന്റെ സംവാദാത്മ കമായ രാഷ്ട്രീയത്തെ കോവിലൻ ഈ കൃതിയിൽ കലാത്മകമായി ആവിഷ്കരിച്ചിരിക്കുന്നു. .

താക്കോൽ വാക്കുകൾ:

തോറ്റങ്ങൾ, ജന്മിത്തം, കൃഷിപ്പണി, തൊഴിൽ രാഷ്ട്രീയം, വ്യവസായ മു തലാളിത്തം

ആമുഖം

തോറ്റങ്ങൾ: ആഖ്യാനവും തൊഴിലിന്റെ രാഷ്ട്രീയവും- എന്നതാണ് ഈ പഠനത്തിന്റെ വിഷയം. ആധുനികതാ പ്രവണതകളുടെ ഭാവുകത്വ പരിസരങ്ങ ളെ സവിശേഷമായ ആഖ്യാന ശൈലിയിലൂടെ അടയാളപ്പെടുത്തിയിരിക്കുന്ന നോവലാണ് കോവിന്റെ തോറ്റങ്ങൾ. ഉണ്ണിമോൾ എന്ന വൃദ്ധയുടെ ഭ്രമാത്മക മായ തോന്നലുകളെ ആവിഷ്കരിക്കുന്ന ഈ കൃതിയുടെ ഇതിവൃത്തത്തിൽ ഒരു നാ ട്ടിൻപുറത്തിന്റെ ഭൗതിക പരിണാമങ്ങൾകൂടി വെളിപ്പെട്ടുവരുന്നു. തൊഴിൽ പരി ണാമങ്ങളിലൂടെയുള്ള നാടിന്റെ സാമൂഹിക പരിണാമത്തെ ഈ നോവലിൽനിന്ന് വായിച്ചെടുക്കാനാവും. ജന്മിത്ത കാലഘട്ടത്തിലെ കേരളത്തിലെ തൊഴിൽനില, മുതലാളിത്തത്തിന്റെ വരവോടെയുണ്ടായ തൊഴിൽപരിണാമങ്ങൾ, യന്ത്രങ്ങളുടെ കാലത്തെ തൊഴിലവസ്ഥകൾ, നാഗരികസംസ്കാരത്തിലെ തൊഴിലുകളുടെ രാഷ്ട്രീ യം, തൊഴിലുമായി ബന്ധപ്പെട്ട സ്ത്രീയവസ്ഥകൾ, വിദേശകള്ളപ്പണത്തിന്റെ വരവു മായി ബന്ധപ്പെട്ടുവളരുന്ന അനാശാസ്യത്തൊഴിലുകൾ, കച്ചവടത്തൊഴിലുകളുടെ വ്യാപനം, കർഷകത്തൊഴിൽ സംസ്കാരത്തിന്റെ തകർച്ച എന്നിവയെ സൂക്ഷ്മമായ രാഷ്ട്രീയവിവക്ഷകളോടെ തോറ്റങ്ങൾ കാട്ടിത്തരുന്നു. തൊഴിലിന്റെയും തൊഴിലി ടങ്ങളുടെയും രാഷ്ട്രീയ സംസ്കാരത്തെ പ്രത്യക്ഷമായി ആവിഷ്കരിക്കുന്നില്ലെങ്കിലും,

വിവിധങ്ങളായ തൊഴിൽനിർവ്വഹണങ്ങളിലൂടെ പരിണാമപ്പെട്ടുകൊണ്ടിരിക്കുന്ന കേരളത്തിന്റെ സാമൂഹികാവസ്ഥകളെ നോവലിസ്റ്റ് കാട്ടിത്തരുന്നുണ്ട്. അതിന്റെ സംവാദാത്മകമായ രാഷ്ട്രീയത്തെ കോവിലൻ ഈ കൃതിയിൽ കലാത്മകമായി ആവിഷ്കരിച്ചിരിക്കുന്നു. തോറ്റങ്ങൾ എന്ന നോവലിൽ ആവിഷ്കൃതമായിരിക്കുന്ന തൊഴിലിന്റെയും തൊഴിലിടങ്ങളിലെ രാഷ്ട്രീയ സംസ്കാരവും കണ്ടെത്തി അവയുടെ ആഖ്യാന സവിശേഷതകളെ സൈദ്ധാന്തികമായി വിശകലനം ചെയ്യുകയുമാണ് ഈ പഠനത്തിന്റെ ലക്ഷ്യം. തോറ്റങ്ങൾ എന്ന ആധാരകൃതിയെ മുൻനിർത്തിയുള്ള അന്വേഷണാത്മകവും അപഗ്രഥനാത്മകവുമായ പഠനരീതി ശാസ്ത്രമാണഅ പഠനത്തിൽ സ്വീകരിച്ചിട്ടുള്ളത്. തോറ്റങ്ങൾ എന്ന നോവലിന് പഠനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും തൊഴിലിനെയും തൊഴിലിടത്തിന്റെ രാഷ്ട്രീയത്തെയും മുൻനിർത്തിയുള്ള പഠനങ്ങൾ ഒന്നും രാഷ്ട്രീയവുമായ ജീവിതത്തെ കാലാനുസൃതമായി അടയാളപ്പെടുത്തുന്നതിൽ മറ്റുസാഹിത്യരൂപങ്ങളെ അപേക്ഷിച്ച് നോവലിനുള്ള ആഖ്യാന ശേഷിയെ വെളിപ്പെടുത്താൻ അവയിലെ തൊഴിൽ പ്രതിനിധാനങ്ങളെ മുൻനിർത്തി വിലയിരുത്തുന്നതിലൂടെ സാധിക്കുന്നുവെന്നത് ഈ പഠനത്തെ പ്രസക്തമാക്കുന്നു.

ജന്മിത്തവും തൊഴിൽ രാഷ്ട്രീയവും

ആറാടിമനയെന്ന ബ്രഹ്മസ്വത്തിന്റെയും അവിടുന്നുള്ള ഇഷ്ടദാനങ്ങൾ സ്വീകരിച്ച ചേന്നൻ മകൻ ചേന്നപ്പന്റെയും കുടുംബത്തിന്റെ അവസ്ഥകൾ ജന്മിത്വത്തിന്റെ പ്രാതിനധ്യമായി ഈ നോവലിൽ കടന്നുവരുന്നു. പ്രസവമടുത്തിരുന്ന മനയിലെ അന്തർജ്ജനത്തിന് മരുന്നുമായെത്തിയ നമ്പൂതിരിയെ പ്രളയം വകവയ്ക്കാതെ തറവാടിലെത്തിച്ചതിനെ തുടർന്ന് തോണിതകർന്ന് മരിക്കുന്ന കടത്തുകാരൻ ചേന്നന്റെ മകൻ ചേന്നപ്പന് മനയിൽനിന്ന് ധാരാളം ഇഷ്ടദാനങ്ങൾ പ്രത്യുപകാരമായി നൽകുന്നു. ന്യറുപറ പുഞ്ചക്കണ്ടം, ഒരു ജോഡി കാളകൾ, കരിയും നുകവും അനുസാരികളും, ന്യറുപറവിത്തും വിളയും കടത്തുതോണിയും ആറാടിക്കടവിൽ കുടികിടപ്പും മനയിൽ നിന്നു നൽകുന്നു. ആ ചേന്നപ്പന്റെ മകന്റെ മകനായ 'ചേന്നപ്പ'ന്റെ കാലമെത്തുമ്പോൾ എല്ലാം നശിക്കുകയാണ്. തൊഴിലെടുത്ത് ജീവിച്ച ഒരു കുടുംബം സൗജന്യമായി കിട്ടിയ സമ്പാദ്യങ്ങളെ അടുത്ത തലമുറയ്ക്കുവേണ്ടി സൂക്ഷിച്ചുപയോഗിക്കാനറിയാതെ നശിപ്പിക്കുകയാണ്. ജന്മിയ്ക്കുവേണ്ടി തൊഴിലിൽ രക്ത

സാക്ഷിയായ ചേന്നന്റെ മകൻ ചേന്നപ്പൻ, അയാളുടെ മകൻ ചേന്നൻ തുടർന്ന് ചേന്നൻ ചേന്നപ്പൻ എന്നിങ്ങനെ ആ പരമ്പര നീളുന്നു. തൊഴിലിനെ പിൻതുടരാതെയുള്ള ജീവിതം സ്വത്തുനാശത്തിൽ കലാശിക്കുന്നു. എന്നാൽ ഈ നോവലിലെ നായകകഥാപാത്രമായ ചേന്നൻ ചേന്നപ്പൻ കുടുംബം പോറ്റാൻ പല തൊഴിലുകളും ചെയ്യുന്നു. കൃഷി, കടവുകടത്ത്, കള്ളക്കടത്ത്, നായ്ക്കട്ടികളുടെ കച്ചവടം അങ്ങനെ പല തൊഴിലുകളും അയാൾ അങ്ങനെ പല തൊഴിലുകളും അയാൾ ഏറ്റെടുക്കുന്നു.

ജന്മിത്ത കാലഘട്ടത്തിലെ കേരളത്തിലെ പ്രധാന തൊഴിൽ കൃഷിയായിരുന്നു. ജന്മിത്തരാഷ്ട്രീയം ചൂഷണാധിഷ്ഠിതമായിരുന്നുവെങ്കിലും ഉദാരജന്മിത്തത്തിന്റെ ഗുണഭോക്താക്കളായിരുന്നു ഇവിടുത്തെ പല തൊഴിലാളികളും. തൊഴിലിലെ ആത്മാർത്ഥതയെ കേരളത്തിലെ സവിശേഷജന്മിത്തം അകമഴിഞ്ഞ് അംഗീകരിച്ചിരുന്നു. സാഹസികമായി വഞ്ചി തുഴഞ്ഞ് ജന്മിയെ വീട്ടിലെത്തിച്ചശേഷം പ്രളയത്തിൽപ്പെട്ട് മരണമടയുന്ന ചേന്നന്റെ കുടുംബത്തിന് വസ്തുവകകളും സമ്പാദ്യങ്ങളും ഉദാരമായി സംഭാവനചെയ്യുന്ന ആറാടിമന തൊഴിലിനെ മാനിച്ചിരുന്ന ജന്മിത്തകാലഘട്ടത്തിലെ സവിശേഷ രാഷ്ട്രീയ സംസ്കാരത്തെ വെളിപ്പെടുത്തുന്നു.

"ജന്മിത്വത്തിന്റെ പ്രതാപവും അധഃപതനവും കുടിയാന്റെ വികാസവും വിനാശവും, അവനിൽനിന്നു പുതിയ ഇടത്തരക്കാരന്റെ വളർച്ച വ്യാവസായിക വിപ്ലവത്തിന്റെ പുതിയ ദീപസ്തംഭങ്ങൾ - ഇങ്ങനെ ചരിത്രപരമായ അന്വേഷണവും കണ്ടെത്തലുകളും തോറ്റങ്ങളിൽ കാണാമെന്ന് ആർ. നരേന്ദ്രപ്രസാദ് നിരീക്ഷിക്കുന്നു" (1982 :iv). അടിയാളന്റെയും പാട്ടക്കാരന്റെയും അധ്വാനത്തിന്റെ ഫലംകൊണ്ട് അന്നമുണ്ട് കഴിഞ്ഞ ജന്മിജീവിതങ്ങൾ ആഘോഷങ്ങൾക്കും ഉദാരതാപ്രകടനങ്ങൾക്കുമായി സമ്പാദ്യങ്ങൾ തുലച്ചത് കേരളചരിത്രത്തിലെ യഥാർത്ഥ്യമാണ്. ഉപരിവർഗ്ഗജന്മിത്തത്തിന്റെ ഇത്തരം നടപടിശീലങ്ങളെ അനുകരിച്ച മറ്റ് ഇടത്തര ജന്മികളും പിൽക്കാലതലമുറയ്ക്ക് ഉപകാരപ്പെടാതെ വസ്തുവകകളും സമ്പാദ്യങ്ങളും അന്യാധീനപ്പെടുത്തുകയാണ് ചെയ്തതെന്ന് ചരിത്രം ഓർമ്മിപ്പിക്കുന്നു. ആറാടിമനയുടെ ഔദാര്യങ്ങൾ സ്വീകരിച്ച തോണിക്കടത്തുകാരായ ചേന്നന്റെ പിൻതലമുറ ജന്മിമാരായി ജീവിച്ചു എന്നാൽ ചേന്നപ്പൻ മകൻ ചേന്നൻ കുടുംബകാരണവരായിരുന്ന ഘട്ടത്തിൽ തൊഴിലെടുക്കാതെ ജന്മിത്തത്തിന്റെ തനതുസ്വഭാവമായ സുഖലോലുപതയിൽ മുഴുകി കഴിയുകയും മറ്റുള്ളവർക്ക് സൗജന്യങ്ങളും ഔദാര്യങ്ങളും നൽകി ആഘോഷപൂർവ്വം ജീവിച്ച് ലഭ്യമായ സമ്പാദ്യങ്ങളെത്തിപ്പി

ക്കുകയും ചെയ്തു. തോറ്റങ്ങളിലെ നായകനായ ചേന്നൻ മകൻ ചേന്നപ്പന്റെ കാലമെത്തുമ്പോൾ തറവാട് സ്വത്തുക്കളെല്ലാം നശിച്ചുകഴിഞ്ഞിരുന്നു എന്ന് മാത്രമല്ല അവദാനം ചെയ്ത ആറാടിമന എന്ന ജന്മിത്തറവാട്ടിലെ മനുഷ്യരും പട്ടിണിയിലാവുന്നു. "നോം വന്നതെന്തൊച്ചാൽ, ചേന്നപ്പാ, ഒരു പറ നെല്ലും വേണം. ഉണ്ണികൾ വാശിക്കൂട്ടിക്കരേണു" (കോവിലൻ, 1970 : 63) എന്ന യാചനയുമായി അതിലും ദരിദ്രാവസ്ഥയിൽ ജീവിക്കുന്ന ചേന്നപ്പനെ സമീപിക്കുകയാണ് ആറാടിമനയിലെ ജന്മി.

ഫ്യൂഡലിസ്റ്റ് കാലഘട്ടത്തിലെ മുഖ്യതൊഴിൽ കൃഷിയായിരുന്നു. മതിയായ കൂലി നൽകാതെയും പണിക്കാരുടെ തൊഴിലവകാശങ്ങളെ മാനിക്കാതെയും കഴിയുന്നത്ര അവരുടെ അധ്വാനത്തെ ചൂഷണം ചെയ്ത് അതിന്റെ ഫലമാസ്വദിച്ച് സുഖജീവിതം നയിച്ച ജന്മിമാർക്ക് തൊഴിലിന്റെ മഹത്വവും സാമൂഹ്യനിർമ്മിതിയിൽ അതിനുള്ള സ്ഥാനവും തിരിച്ചറിയാൻ കഴിഞ്ഞില്ല. തറവാടിത്തം പോലുള്ള മിഥ്യാബോധങ്ങളിൽ വ്യാമുഗ്ധരായി ഉള്ള സമ്പാദ്യങ്ങലെ നശിപ്പിക്കാനാണവർ ശ്രമിച്ചത്. സാമൂഹ്യരാഷ്ട്രീയ പരിണാമങ്ങളുടെ ഘട്ടത്തിൽ, ഒരു കാലത്ത് ജന്മിത്തത്തിനു കീഴിൽ ചൂഷിതരായി കഴിഞ്ഞിരുന്ന തൊഴിലാളികൾ, ജന്മിമാരിൽനിന്ന് പാട്ടമായും മറ്റും ഉപയോഗിച്ചിരുന്ന കൃഷിഭൂമിയുടെ പിൻബലത്തിൽ ഇടത്തരം മുതലാളിമാരായി തീർന്നതും കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹ്യചരിത്രങ്ങളിൽ കാണാം. "പാട്ടക്കാർ മണിയോർഡർ അയയ്ക്കും. ഒരുപറ വിത്തിന്റെ നിലം കൈവശമില്ല. പണം പുഴുങ്ങിയാൽ നെല്ലാവുമോ" (1970: 67) കേരളത്തിൽ ജന്മിത്തവ്യവസ്ഥയെ വളർത്തുകയും വലുതാക്കുകയും ചെയ്ത കൃഷിത്തൊഴിൽ തന്നെയാണ് അതന്റെ നാശത്തിനും കാരണമായി തീർന്നത്. കൃഷിപ്പണിയുടെ രാഷ്ട്രീയ സാധ്യതകൾ കർഷകത്തൊഴിലാളികൾ തിരിച്ചറിഞ്ഞതുപോലെ, അതിനെ മനസ്സിലാക്കാൻ ജന്മിമാർക്ക് കഴിഞ്ഞില്ല. ഔദാര്യമായ ജന്മിത്തം കിട്ടിയ ചേന്നൻ കുടുംബത്തിലെ കാരണവൻമാർ പാരമ്പര്യത്തൊളിലായ കടവുകടത്ത് ഉപേക്ഷിച്ചുവെന്നുമാത്രമല്ല കൃഷിയ്ക്ക് ഭൂമി ലഭിച്ചിട്ട് ആ തൊഴിലും ചെയ്തില്ല. ". . . ചേന്നപ്പൻ മകൻ ചേന്നൻ പത്തായപ്പുരയുടെ വരാന്തയിൽ ചാരുകസേരയിൽ കിടന്നു. കസേരക്കൈയ്യിൽ വെള്ളിത്താലം; വെള്ളിത്താലത്തിൽ കിളിവാലൻ വെറ്റില. . . . . കസേരയ്ക്കുമുന്നിൽ എപ്പോഴും വിരിച്ചുകിടന്ന പുൽപ്പായകൾ പുൽപ്പായകൾ ഒഴിയാൻ പാടില്ല. . . . ഉണ്ണാൻനേരത്ത് ഊണ്. ആട്ടുകട്ടിലിൽ അല്പം മയക്കം. ഉണ്ണാത്തവരാണോ? ഇളനീർ, ശർക്കര, അവിൽ, പഴം. . . ചേന്നൻ കളിയോഗം നടത്തി. . . എല്ലാവ

ർക്കും നേരാനേരത്തു വിളമ്പി: അതിനിടെ പുഞ്ച ഇറക്കിയോ കോൾവരമ്പൊ ട്ടിയോ മുളച്ചോ കൊയ്തോ മെതിച്ചോ. നെല്ലറകൾ നിറഞ്ഞില്ല. (കോവിലൻ, 1970 : 38) ജന്മിത്തത്തിന്റെ അലസ്യത്തിൽ തൊഴിലെടുക്കാനോ തൊഴിലെടുപ്പിക്കാനോ തുനിയാതെ ജീവിതത്തെ ആഘോഷമാക്കിയ ചേന്നൻ ഉള്ള സമ്പാദ്യമെല്ലാം നശി പ്പിക്കുകയാണ് "എന്തിനു പുഞ്ച? ചക്രം ചവിട്ടണം.. വരമ്പെടുക്കണം. വരമ്പുകാക്ക ണം" ഇത്തരം ജോലികൾ കൃഷിയുമായി ബന്ധപ്പെട്ടുള്ളതുകൊണ്ട് തന്റെ മകൻ ചേന്നപ്പനോട് അമ്പതുപറ കണ്ടത്തിലേയ്ക്ക് വിത്ത് നനയ്ക്കണ്ട എന്നാണ് ജന്മിയായ ചേന്നൻ പറയുന്നത്. എന്നാൽ അറയിൽ ഒരു മണി വിത്തില്ല എന്ന കാര്യംപോലും അയാൾ മനസിലാക്കിയിരുന്നില്ല.

തൊഴിലിന്റെ സാമൂഹികവും രാഷ്ട്രീയവുമായ മൂല്യങ്ങളെ തിരിച്ചറിയാതെയു ള്ള ജീവിതക്രമമാണ് ജന്മിത്ത കാലത്ത് നിലനിന്നിരുന്നത്. കൃഷിപ്പണിയുടെ രാഷ്ട്രീ യമൂല്യത്തെ തിരിച്ചറിഞ്ഞ തൊഴിലാളികൾ പിൽക്കാലത്ത് അതിനെ ജന്മിത്തത്തി നെതിരായുള്ള ആയുധമാക്കിയതിന്റെ കാഴ്ചയാണ് കേരള സാമൂഹ്യചരിത്രത്തിൽ കാണാനാവുന്നത്.

വ്യവസായമുതലാളിത്തവും തൊഴിൽ രാഷ്ട്രീയവും

ജന്മിത്തത്തിൽനിന്ന് മുതലാളിത്തത്തിലേയ്ക്കുള്ള കേരളത്തിന്റെ സാമൂഹിക പരിണാമത്തെ തൊഴിലിന്റെ പശ്ചാത്തലത്തിൽ തോറ്റങ്ങൾ അടയാളപ്പെടുത്തു ന്നു. ചക്രം ചവിട്ടിയും വരമ്പെടുത്തും വരമ്പുകാത്തും കൃഷിചെയ്യാൻ താത്പര്യമി ല്ലാതിരുന്ന ചേന്നൻ എന്ന ജന്മിയിൽനിന്ന് അമ്പതുപറ കണ്ടം ഏറ്റെടുത്ത് കൃഷി ചെയ്യാൻ തയ്യാറായ ചേന്നാടൻ ശേഖരന്റെ തൊഴിലിലൂടെയുള്ള വളർച്ച ഇതു സൂചിപ്പിക്കുന്നു. "ഇന്ന് ആ കോളും അപ്പുറത്തെ ആനക്കോളും ചേന്നാടൻ ശേഖരൻ വാങ്ങിച്ചു. എവിടുന്നാണ് മനുഷ്യർക്ക് പണമുണ്ടാകുന്നതെന്ന് അവർക്കും ദൈ വത്തിനും അറിയാം. . . . നായ കയറാത്ത തുരുത്തു കണ്ടോ? കല്പകവനിയാക്കീ ല്ലേ ശേഖരൻ" (കോവിലൻ, 1970:40) ചേന്നപ്പൻ ശേഖരൻ എന്ന തൊഴിലാളി മുതലായിയായി മാറുന്നതും അയാളിലൂടെ ആറാടിക്കടവിൽ മുതലാളിത്തത്തിന്റെ ആഢംബരങ്ങൾ എത്തുന്നതും തോറ്റങ്ങൾ കാട്ടിത്തരുന്നു. ചേന്നപ്പൻ ശേഖരൻ ആറാടിക്കടവിൽ പാലംകെട്ടി, അയാൾ റോഡുനിർമ്മിച്ചു, റോഡിൽ കാറിറക്കി, മുതലാളിത്തത്തിന്റെ ഈ കടന്നുവരവിലൂടെ ചേന്നപ്പന് അയാളുടെ തൊഴിലു നഷ്ട

മായി. പാലം വന്നതോടെ കടത്തുവഞ്ചി ആരും ആശ്രയിക്കാതെയായി. ചേന്നപ്പന് കടത്തുതൊഴിലിലൂടെയുള്ള ഉപജീവനം നഷ്ടമാവുന്നു. ". . . കാറ് റോഡിലിറക്കി ശേഖരൻ. . . മലയക്കാരിക്കു റോഡിലിറങ്ങി നടക്കാൻ നാണം. അവൾ എന്റെ മറയ്ക്കരി നനച്ചിട്ടു. കടത്തു തോണി കണ്ടോ?" (കോവിലൻ, 1970: 40) വിദേശപണത്തിന്റെ വരവോടെയാണ് കേരളത്തിൽ മുതലാളിത്തം കൊഴുത്തുവളർന്നത്. പുതിയ തൊഴിലവസരങ്ങൾ അതിലൂടെ ഉണ്ടായെങ്കിലും പല പരമ്പരാഗത തൊഴിലുകളും മുതലാളിത്തത്തിന്റെ വരവോടെ നശിച്ചുപോവുകയും ചെയ്തു. തൊഴിൽ സംബന്ധമായ ഈ സംഘർഷം കേരളത്തിന്റെ സാമൂഹികഘടനയിൽ പലതരത്തിലുള്ള ആഘാതപ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

വ്യവസായമുതലാളിത്തത്തിന്റെ കടന്നുവരവോടെ യന്ത്രങ്ങൾ തൊഴിലെടുക്കുന്ന അവസ്ഥ കേരളത്തിന് പരിചിതമായി. "ഇതൊരത്ഭുതം തന്നെ! ചക്രം ചവിട്ടാതെ വേടത്തി പിടിക്കാതെ വെള്ളം തേവുന്നു. വറ്റുന്ന എൻഞ്ചിൻ തറ കുലുങ്ങുന്നു. ഇതെന്തു സൂത്രം! ഇതെന്തു ശക്തി" (കോവിലൻ, 1970: 49) എന്ന ആദ്യകാലത്തെ അത്ഭുതം ഒപിന്നീട് തൊഴിൽ നഷ്ടത്തിന്റെ നിരാശയിലേയ്ക്ക് മാറുന്നു. കടത്തുതോണിയുമായി ഇനിയും തൊഴിൽകാത്തു കിടന്നാൽ തറവാടു നശിക്കുമെന്ന ചേന്നപ്പന്റെ മകൻ ദിവാകരന്റെ അച്ഛനോടുള്ള വാക്കുകൾ (കോവിലൻ, 1970: 49) പുതിയ കാലത്ത് പുതിയ തൊഴിൽ കണ്ടെത്തണമെന്ന് നിർദ്ദേശമാണ്.

പാലവും റോഡും വന്നതോടെ കോൾവരമ്പൊട്ടിയതിന്റെ ക്ലുക്കും വിളിയും കടവിൽത്തറയിൽ കേൾക്കില്ല എന്ന് മനസിലാക്കുന്ന ഉണ്ണിമോൾ എന്ന നായികാകഥാപാത്രത്തിന് ഏലക്കം വിളിയും തേക്കുപാട്ടും ഇല്ലാത്ത പുഞ്ചപ്പാടത്തെകുറിച്ച് ഓർക്കാൻകൂടി കഴിയുന്നില്ല. ട്രാക്ടർ എന്ന പേരുപോലും പറയാനാകാത്ത അവർ അതിനെ 'പട്ടിണിക്കുന്തം' എന്നു വിളിക്കുന്നു. "പുഴക്കരയിലും പാടത്തും വന്ന മെഷീനെല്ലാം അമ്മയ്ക്ക് പട്ടിണികുന്തങ്ങളാകുന്നു. അവറ്റ ചെകുത്താന്റെ വേലചെയ്യുന്നു. ഇനിമേൽ മനുഷ്യന് ജോലി ഉണ്ടാവുമോ? ജോലി ഇല്ലാതായാൽ ആഹാരം കഴിക്കാനാവുമോ ബുൾഡോസർ വരട്ടെ റോഡ്റോളർ ഉരുളട്ടെ. ട്രാക്ടർ ഉഴുതുനടക്കട്ടെ. . . ചെകുത്താൻ തന്റെ ആയിരം നഖങ്ങളിൽ ഭൂമിയെ അള്ളിപ്പിടിച്ചു. ഇതോ ഉഴവുചാലുകൾ. ചെകുത്താൻ മാന്തിക്കീറി മുക്രയിട്ടു ചുരകുത്തിവരുന്നു" (1970: 51), വ്യാവസായികമുതലാളിത്തത്തിൽ തൊഴിൽ മേഖലയിൽ സംഭവിച്ച യന്ത്രാധിപത്യം പരമ്പരാഗത തൊഴിലുകളെ ഉന്മൂലനം ചെയ്തു. പുതിയ തൊഴിൽ തലങ്ങൾ

തേടിപ്പോകാൻ തയ്യടാറാകാത്തവർ നിത്യദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തി. "നമ്മുടെ യുഗം വേഗത്തിൽ കമ്പ്യൂട്ടർ യുഗത്തിലേയ്ക്ക് പ്രവേശിച്ചുകൊണ്ടിരിക്കുന്നു. അപ്പോഴേയ്ക്കും പുതിയ തൊഴിലുകൾ സൃഷ്ടിച്ചില്ലെങ്കിൽ തൊഴിലുള്ളവരിൽ പലർക്കും തൊഴിൽ നഷ്ടപ്പെടും. " (1991:xiv) എന്ന് ഡോ. കെ. എം. തരകൻ തോറ്റങ്ങളെ മുൻനിർത്തി നിരീക്ഷിച്ചിട്ടുണ്ട്. ഉണ്ണിമോളുടെ കുഞ്ഞാങ്ങള പഠനത്തിൽ ശ്രദ്ധിക്കുകയും അധ്യാപകനാവുകയും ചെയ്തു. അവളുടെ കുടുംബത്തിന്റെ തൊഴിലായ കൃഷിപ്പണിയിൽ നിന്ന് മാറി വേറിട്ടൊരു തൊഴിൽ ജീവിതം അയാൾ തെരഞ്ഞെടുത്തു. അയാളുടെ മകൾ കാത്തി എന്ന കാർത്തിക ഡോക്ടറാവുന്നു. ഉണ്ണിമോൾ ചേന്നപ്പൻ ദമ്പതിമാരുടെ മക്കളിലൊരാളായ ഗോപി ഡൽഹിയിൽ ഉദ്യോഗസ്ഥനായി. മഹാനഗരത്തിലെ ഉദ്യോഗജീവിതത്തിന്റെ അവശതകൾ അയാൾ കത്തിലൂടെ കുടുംബത്തെ അറിയിക്കുന്നു. "ഗോപി റഗുലറൈസേഷനെക്കുറിച്ചും റിട്രഞ്ച്മെൻറിനെക്കുറിച്ചും എഴുതി. മൂന്നുമാസം വേലചെയ്തവനെ ഒരു ദിവസത്തേയ്ക്ക് പിരിച്ചയയ്ക്കുന്നു. അവനെന്നും ദിവസക്കൂലിയാകുന്നു. ഏഴുവർഷം വേലയെടുത്താലും സ്ഥിരപ്പെടുത്തുകയില്ല. അവന് ഓവർടൈമില്ല. ബോണസും ആനുകൂല്യങ്ങളുമില്ല. മാനേജ്മെൻറിന് തോന്നുമ്പോൾ തോന്നുന്നവരെത്തട്ടാം. " (1970:62) വ്യവസായമുതലാളിത്തവും അതിനനുബന്ധമായി വളർന്ന നാഗരികതയും കൂടുതൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെങ്കിലും ചൂഷണത്തിന്റെ രാഷ്ട്രീയം തന്നെയാണ് തൊഴിലാളികളോട് ഈ വ്യവസ്ഥയും പുലർത്തിയത്.

മുതലാളിത്തത്തിന്റെ വ്യാപനം ആശാസ്യമല്ലാത്ത പല തൊഴിലുകളിലേയ്ക്കും മനുഷ്യരെ കൊണ്ടെത്തിച്ചു. പുഴയ്ക്കുമേൽ പാലം വന്നപ്പോൾ തോണികടത്ത് തൊഴിലാക്കിയിരുന്ന ചേന്നപ്പന് തൊഴിൽ നഷ്ടപ്പെട്ടു. അപ്പോൾ അയാൾ തോണി തുഴഞ്ഞ് കള്ളക്കടത്ത് നടത്തി. ചേന്നാടൻ തുരുത്ത് എന്ന വിജനസങ്കേതത്തിലേയ്ക്ക് കുഴൽപ്പണക്കാരെയും ഏജൻറുമാരെയും ആവശ്യക്കാരെയും അയാൾ മുൻകൂട്ടി പണം വാങ്ങിക്കൊണ്ട് തോണിയിൽ കടത്തി. "പലരും തുരുത്തിലേയ്ക്ക് തോണിയെടുത്തു. അവരെ തിരികെ കൊണ്ടുവന്നു. . . . മലയായിൽനിന്നും സിലോണിൽനിന്നും പേർഷ്യയിൽനിന്നും ഏജൻസികൾ ചമ്രവട്ടെത്തി. ചേന്നപ്പൻ തോണി തുഴഞ്ഞെത്തി. " (1970:57) വിദേശങ്ങളിൽ ജോലിചെയ്യുന്നവർക്ക് പണമയയ്ക്കാൻ നിബന്ധനകളുള്ളതിനാൽ അവർ പണം ഏജൻറിനെ ഏൽപ്പിക്കുന്നു. ഏൽപ്പിച്ച അടയാളത്തോടെ വേണ്ടപ്പെട്ടവർ ചേന്നാടൻ തുരുത്ത് എന്ന സങ്കേതത്തിൽവന്ന്

ഏജൻസി കമ്മീഷൻ കഴിച്ചുള്ള പണം കൈപ്പറ്റുന്നു. ചേന്നാടൻ ശേഖരൻ ഈ കൂ ഴൽപ്പണ ഏജൻസിയിലൂടെ വലിയ മുതലാളിയാവുകയാണ്. മുതലാളിത്തത്തിന്റെ അനുബന്ധമായി സമൂഹത്തിൽ ദൃശ്യമായ പണാധിപത്യം പലതരത്തിലുള്ള അനാ ശാസ്യ തൊഴിലുകളേലേയ്ക്കും സമൂഹത്തെ നയിച്ചു.

കച്ചവടം, ഇടനിലത്തൊഴിലുകൾ, കള്ളക്കടത്ത് ഇങ്ങനെ അപരിചിതമായ തൊഴിലുകളിലേയ്ക്ക് സമൂഹം പരിണാമപ്പെട്ടതിന്റെ ചിത്രം തോറ്റങ്ങളിൽ കാണാം. ചേന്നപ്പൻ തോണി തൊഴിൽ നഷ്ടപ്പെട്ടപ്പോൾ കള്ളക്കടത്ത് തൊഴിലിൽ ഏർപ്പെ ടുന്നു. അയാൾ പട്ടികളെ വളർത്തി അവയുടെ കുഞ്ഞുങ്ങളെ കച്ചവടം ചെയ്ത് ജീവി ക്കാൻ ശ്രമിക്കുന്നു. ചേന്നാടൻ ശേഖരൻ വിദേശപണം വെളുപ്പിക്കുന്ന കൂഴൽപ്പണ ഏജൻറായി വലിയ മുതലാളിയാവുന്നു. പോസ്റ്റുമാൻ കുഞ്ഞാപ്പി പുതുതായി വളർന്നു വന്ന ബ്രോക്കർപ്പണിയുടെ പ്രതിനിധിയാവുന്നു. അയാൾക്ക് ചേന്നപ്പന്റെ മകൾ ദേവയാനിയ്ക്ക് രണ്ടാം കെട്ടുകാരനുമായുള്ള വിവാഹം നടത്തിപ്പിന്റെ ബ്രോക്കറാ യി രംഗത്തെത്തുന്നു. ഭാര്യയും മൂന്നു മക്കളും ഉള്ള ഗൃഹസ്ഥന് മകളെ വിൽക്കാൻ പട്ടിക്കുഞ്ഞുങ്ങളെ വിൽക്കുന്ന ലാഘവത്തോടെ ചേന്നപ്പൻ തീരുമാനിക്കുന്നു. ഈ വിൽപ്പനയിൽ ഇടനിലക്കാരനായി നിന്ന് പണമൊപ്പിക്കാൻ ബ്രോക്കർ കുഞ്ഞാപ്പി യും ശ്രമിക്കുന്നു.

പുതിയകാലം പുതുതായി സൃഷ്ടിച്ച തൊഴിലിടങ്ങളിലേയ്ക്ക് കടന്നുചെല്ലുന്ന സ്ത്രീ കളെ തോറ്റങ്ങളിൽ കാണാം. മാലു, നന്ദിനി, ദേവയാനി എന്നിങ്ങനെ ചേന്നപ്പന്റെ പെൺമക്കൾ തൊഴിലെടുത്ത് ജീവിക്കുന്നു. മാലു താലൂക്കാപ്പീസിൽ ടൈപ്പിസ്റ്റിന്റെ ജോലി ചെയ്യുന്നു. തുന്നൽപ്പണിചെയ്ത് നന്ദിനി ജീവിതമാർഗ്ഗം കണ്ടെത്തുന്നു. ടീച്ചറാ വണമെന്ന് ആഗ്രഹത്തിൽ ഹിന്ദി പഠിക്കുകയാണ് ദേവയാനി. സ്ത്രീതൊഴിലിന്റെ രാഷ്ട്രീയത്തെ കോവിലൻ ഈ നോവലിൽ പരോക്ഷസൂചനകളിലൂടെ ചർച്ചയ്ക്ക് വയ്ക്ക ുന്നുണ്ട്. ജോലിയും വരുമാനവുമുള്ള രണ്ടുപേരെ വീട്ടിൽ നിർത്തിയിട്ട് ജോലിയില്ലാ ത്ത ദേവയാനിയെ രണ്ടാം കെട്ടുകാരന് വിവാഹംചെയ്തുകൊടുക്കാൻ അവളുടെ പിതാവ് തയ്യാറാവുന്നു. എതിർക്കുന്ന അവളെ കഴിത്ത് ഞെരിച്ച് കൊല്ലാൻ ശ്ര മിക്കുകയാണ് അയാൾ. പുരുഷാധിപത്യവ്യവസ്ഥ തൊഴിലുള്ള സ്ത്രീയെയും അതില്ലാ ത്ത സ്ത്രീയെയും വിവേചനപൂർവ്വം പരിഗണിക്കുന്നതിലെ വൈരുദ്ധ്യം ഇതിലൂടെ വെ ളിപ്പെടുന്നു.

ഉപസംഹാരം

തൊഴിലിടങ്ങളിലെ രാഷ്ട്രീയസംസ്കാരത്തെ പ്രത്യക്ഷത്തിൽ പരാമർശ വിധേയമാക്കുന്ന നോവലല്ലെങ്കിലും തൊഴിൽ പരിണാമങ്ങളിലൂടെയുള്ള കേരള ത്തിന്റെ സാമൂഹിക രാഷ്ട്രീയ പരിവർത്തനങ്ങളെ തോറ്റങ്ങൾ അഭിസംബോധന ചെയ്യുന്നുണ്ട്. കൃഷിപ്പണിയുടെ രാഷ്ട്രീയവും ജന്മിത്ത രാഷ്ട്രീയവുമായുള്ള ബന്ധത്തെ സൂക്ഷ്മതലങ്ങളിൽ വച്ച് ഈ കൃതി വിശകലനം ചെയ്യുന്നു. കേരളത്തിലെ വ്യവസായ മുതലാളിത്തത്തിന്റെ കടന്നുവരവ് പരമ്പരാഗത തൊഴിൽ മേഖലകളിൽ സൃഷ്ടിച്ച അനിശ്ചിതത്വവും അരക്ഷിതാവസ്ഥയും ഈ കൃതി വിനിമയം ചെയ്യുന്ന രാഷ്ട്രീയമാ യി തെളിഞ്ഞുനിൽക്കുന്നു. പണാധിപത്യത്തിന്റെ മുതലാളിത്തകാലത്ത് ആശാസ്യ മല്ലാത്ത തൊഴിലുകളിലേർപ്പെടാൻ സമൂഹം നിർബന്ധിതമാവുന്നതിന്റെ ചിത്രണ ങ്ങളും ഈ കൃതിയിലുണ്ട്. യന്ത്രാധിനിവേശവും നാഗരികതയും സൃഷ്ടിച്ച തൊഴിൽ മേഖലകളിലെ സംഘർഷങ്ങൾ തോറ്റങ്ങളിൽ വായിച്ചെടുക്കാം. മലയാളനോവലി ന്റെ ആധുനികതാപ്രവണതകളുടെ ഭാവുകത്വപരിസരങ്ങളിൽ നിന്നുകൊണ്ട് കേ രളീയതൊഴിലുകളുടെ രാഷ്ട്രീയത്തെ നിർദ്ധാരണം ചെയ്യുകയാണ് തോറ്റങ്ങൾ.

സഹായക ഗ്രന്ഥങ്ങൾ

1. കോവിലൻ, തോറ്റങ്ങൾ, കറൻറ് ബുക്സ്, തൃശ്ശൂർ, 1970.
2. തരകൻ കെ. എം, തോറ്റങ്ങൾ എന്ന അമൃതധാര, നോവൽ പഠനം: തോറ്റങ്ങൾ, കറൻറ് ബുക്സ്, തൃശ്ശൂർ, 1991
3. നരേന്ദ്രപ്രസാദ്, ആർ. തോറ്റങ്ങൾ ഒരവലോകനം, തോറ്റങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം, 1982

ISSN: 2320-5830 • ഖണ്ഡം - 12 • ലക്കം - 1 • ഊടി ഗവേഷണ ജേണൽ

യക്ഷി സങ്കല്പത്തിന്റെ പുനർവായന

അഞ്ജലി ശ്രീനിവാസ് പി. കെ.
ഗവേഷക, മലയാള വിഭാഗം
കണ്ണൂർ യൂണിവേഴ്സിറ്റി

പ്രബന്ധസംഗ്രഹം:

ഇന്ത്യയിൽ നിലനിന്ന പ്രാക്തന ആരാധനാസമ്പ്രദായത്തിന്റെ അവ ശേഷിപ്പാണ് യക്ഷി സങ്കല്പം. ബുദ്ധ - ജൈന - ബ്രാഹ്മണമതങ്ങളിലൂ ടെ യക്ഷി സങ്കല്പം പരിവർത്തനങ്ങൾക്ക് വിധേയമായി. കൊട്ടാര ത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിലാണ് വാമൊഴിയായി പ്രചരിച്ച യക്ഷികഥകൾ രേഖപ്പെടുത്തി വെച്ചത്. ഐതിഹ്യമാലയിലെ വയസ്കര ചതുർവേദിഭട്ടതിരിയും യക്ഷിയും, കുമാരമംഗലത്ത് നമ്പൂരി, കടമറ്റത്ത് കത്തനാർ എന്നീ യക്ഷികഥകളിലെ യക്ഷിസങ്കല്പത്തെ പുനർവായ നയ്ക്ക് വിധേയമാക്കുന്നു.

താക്കോൽ വാക്കുകൾ:

മിത്ത്, ആണത്തം, അധീശത്വം, നാടോടിവിജ്ഞാനീയം

ആമുഖം

നമ്മെ സംബന്ധിച്ചിടത്തോളം മിത്തുകളും ആദിരൂപങ്ങളും പാഠരൂപികളാണ്. മിത്തെന്നും ആദിരൂപങ്ങളെന്നുമൊക്കെ നാം പറയുമ്പോൾ പാഠരൂപങ്ങളെയാണ് അർത്ഥമാക്കുന്നത്.

യക്ഷിസങ്കല്പം മലയാളിയെ സംബന്ധിച്ചിടത്തോളം പ്രബലമായ ഒരു മിത്താണ്. ഇന്ത്യയിലെ ബഹുജനസാമൂഹ്യഭാവനാലോകത്തെ പ്രബല സങ്കല്പങ്ങളിൽ ഒന്നായ യക്ഷി ജൈന - ബൗദ്ധ - ബ്രാഹ്മണിക പാരമ്പര്യങ്ങളിലൂടെ വികസിക്കുകയും അതിസങ്കീർണ്ണമായ കലർപ്പുകൾക്കും കൂടിച്ചേരലുകൾക്കും പാർശ്വവൽക്കരണങ്ങൾക്കും വിധേയമായി സമൂഹത്തിന്റെ അബോധമനസിൽ നിലനിൽക്കുന്ന അധികാരഘടനയെ രൂപകാത്മകമായി പ്രതിനിധീകരിക്കുകയും ചെയ്യുന്നു.

ശ്രമണമതവും ബ്രാഹ്മണമതവും കൃഷി, ധനം, സമൃദ്ധി എന്നിവയെ പ്രതീകവൽക്കരിച്ചുകൊണ്ട് യക്ഷി സങ്കല്പത്തെ അവരുടെ കലയിലും ആഘോഷിച്ചിരുന്നു. ബ്രാഹ്മണമതം വ്യാപകമായി പ്രചരിച്ചിരുന്ന കാലത്ത് അവരുടെ ആധിപത്യപരമായ ആശയസംഹിതകൾ കൂടുതൽ പ്രചരിപ്പിച്ചു. മുൻകാല ആശയസംഹിതകളിൽ നിന്ന് ഏറ്റെടുക്കാവുന്ന സാംസ്കാരികരൂപങ്ങളെയും ബിംബങ്ങളെയും ഏറ്റെടുക്കുകയും തങ്ങളുടെ കയ്യിലൊതുങ്ങാത്തവയെ പുറത്താക്കുകയും ചെയ്തു. ബ്രാഹ്മണമതതാല്പര്യങ്ങളിൽ ഒതുങ്ങാത്ത കുതറിയ സങ്കൽപങ്ങളിലൊന്നായിരുന്നു യക്ഷി. ആദ്യ കാലങ്ങളിൽ പ്രമുഖ ദേവതയായായിരുന്ന യക്ഷി - യക്ഷന്മാരെ പിൽക്കാല ഹിന്ദു ക്ഷേത്രങ്ങളിൽ പുറം ആരാധനാതറകളിലും വാതിൽക്കലെ ദ്വാരപാലികയായും തളച്ചിരുത്തിയതായി കാണാം. ചിലപ്പതികാരത്തിൽ യക്ഷി ആരാധനയെപ്പറ്റി സൂചനകളുണ്ട്. അതനുസരിച്ച് ആയർ (ദക്ഷിണേന്ത്യയിലെ ആഭിരന്മാർ) യക്ഷന്മാരെ ആരാധിക്കുന്നവരാണ്. 'പൂങ്കണ്ണുള്ള ഇയക്കി' എന്നാണ് യക്ഷിയെ ഇവിടെ വിശേഷിപ്പിക്കുന്നത്. അവൾക്ക് ആരാധനാലയങ്ങൾ ഉണ്ടെന്നും ചിലപ്പതികാരം സാക്ഷ്യപ്പെടുത്തുന്നു. ജൈനമതവുമായി ബന്ധപ്പെട്ടാണ് ദക്ഷിണേന്ത്യയിൽ യക്ഷി സങ്കല്പം വളർന്നതെന്ന് ഡോ. വി. വി. ഹരിദാസ് അനുമാനിക്കുന്നുണ്ട്. തമിഴ്നാട്ടിലെ ജൈനവിശ്വാസികൾ പ്രാചീനകാലം തൊട്ട് വ്യാപകമായി യക്ഷിയെ ആരാധിക്കുന്നവരാണ്. ജൈനവിശ്വാസമനുസരിച്ച് യക്ഷികൾ തീർത്ഥങ്കരന്മാരുടെ രക്ഷാദേവതമാരാണ്. തീർത്ഥങ്കര വിഗ്രഹത്തിന്റെ വലതുവശത്ത് യക്ഷനെയും ഇടതുവശത്ത് യക്ഷിയെയും സങ്കല്പിച്ചിരുന്നു. രക്ഷാദേവതകൾ എന്ന നിലയിൽ

മാത്രം കണക്കാക്കപ്പെട്ടിരുന്ന ഇവർ സ്വതന്ത്ര ആരാധനാമൂർത്തികളായി പിൽക്കാലത്ത് പരിണമിച്ചു. യക്ഷി ആരാധനയുടെ ലിഖിതസാക്ഷ്യങ്ങളും ശില്പങ്ങളും ഈ നിരീക്ഷണത്തെ സാധൂകരിക്കുന്നു. ഇത്തരത്തിൽ ദേവതയായി ആരംഭിച്ച് ദുർമൂർത്തിയായിത്തീരുന്ന വിപര്യയമാണ് ബ്രാഹ്മണമതതാൽപര്യങ്ങളിലൂടെ യക്ഷി സങ്കൽപത്തിന് സംഭവിച്ചത്. അവരുടെ സങ്കല്പങ്ങളിൽ ഒതുങ്ങാത്ത യക്ഷി സങ്കല്പത്തെ അഭിസാരികയായും സ്വൈരിണിയായും സമൂഹത്തിന്റെ പുറംപോക്കിലേക്കയച്ചു. ദ്രാവിഡ ആരാധനകളെ ഹൈന്ദവ സമൂഹിക രാഷ്ട്രീയമണ്ഡലം പാർശ്വവൽക്കരിക്കുകയോ തളച്ചിടുകയോ ചെയ്തതിന്റെ തെളിവുകളിലൊന്നുമാത്രമാണ് യക്ഷി സങ്കല്പം.

കേരളീയ സാഹിത്യത്തിൽ മധ്യകാലമണിപ്രവാളസാഹിത്യം മുതലാണ് യക്ഷി ലിഖിതരൂപത്തിൽ പ്രത്യക്ഷപ്പെടുന്നത്. അതിനുമുമ്പേതന്നെ നാടോടിസാഹിത്യത്തിൽ വാമൊഴിയായി യക്ഷിക്കഥകൾ പ്രചരിച്ചിരുന്നതിന് തെളിവാണ് ഐതിഹ്യകഥകളിലെയും തെക്കൻപാട്ടുകളിലെയും യക്ഷി. യക്ഷിയുടെ തീക്ഷ്ണമായ വന്യകാമന നാടോടികഥകളിലെല്ലാം കാണാം. ഇവിടെ യക്ഷിക്കഥകൾ വെറും പ്രതികാരകഥകൾ മാത്രല്ല, മറിച്ച് സാമൂഹിക ജൈവ നീതിക്കപ്പുറത്തെ പ്രപഞ്ചനീതിയും യക്ഷികാമനകൾക്കുണ്ട്. പ്രതികാരത്തിനും ലൈംഗികദാഹത്തിനുമപ്പുറത്ത് രക്ഷക - ഭക്ഷകഭാവം വാമൊഴി യക്ഷിക്കഥകളിൽ കാണാം. ഗർഭഗൃഹത്തിൽ കയറി ഭ്രൂണം തിന്നുകയും നവജാത ശിശുക്കളെ ബാധിക്കുകയും ചെയ്യുന്ന പിള്ളതിനി, കാരിയക്ഷി തുടങ്ങിയ നിരവധി ദേവതകൾ കേരളത്തിലെ നാടോടിമന്ത്രവാദങ്ങളിലുണ്ട്. ബുദ്ധമതക്കാരുടെ യക്ഷിണിയായ ഹാരിതിയുടെ കഥകളിലും യക്ഷിണികൾ കുട്ടികളെ തട്ടിയെടുക്കുന്നവരാണ്. എന്നാൽ മണ്ണാറശാലയിലെ നാഗയക്ഷിയും സർപ്പയക്ഷിയും സന്താനഭാഗ്യം നൽകുന്ന ദേവതമാരാണ്. തെക്കൻപാട്ടുകളിലൂടെ വാമൊഴിയായി പ്രചരിച്ച യക്ഷിക്കഥകളിൽ നിന്നാണ് പതിവ്രതയും നിഷ്കളങ്കയുമായ സ്ത്രീ പ്രണയച്ചതിയിൽപ്പെട്ട് ആത്മഹത്യ ചെയ്യുകയും തുടർന്ന് യക്ഷിയായിത്തീർന്ന് പ്രതികാരം വീട്ടുകയും ചെയ്യുന്ന കഥ പിറന്നത്. ദീർഘകാലത്തോളം വാമൊഴിയായി പ്രചരിച്ചിരുന്ന യക്ഷിക്കഥകളെ കൊട്ടാരത്തിൽ ശങ്കുണ്ണിയാണ് ലിഖിത രൂപത്തിലാക്കി ഐതിഹ്യമാലയിൽ ഉൾപ്പെടുത്തിയത്. പരമ്പരാഗതമായി ജനങ്ങൾക്ക് വാമൊഴിയിൽ കൂടി പകർന്നു കിട്ടിയിട്ടുള്ള കഥകളാണ് ഐതിഹ്യങ്ങൾ.

ഐതിഹ്യകഥകളിൽ പലതിനും ചരിത്ര സാധുതയില്ലായിരിക്കാം. പലതും സങ്കല്പ സൃഷ്ടികളാവാം. അല്ലെങ്കിൽ അത്യുക്തിജടിലങ്ങളാവാം. എങ്കിലും മതപരവും സാമൂഹികവും സാമുദായികവുമായ അന്നത്തെ ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും വിശ്വാസങ്ങളുടെയും ഏകദേശരൂപം ഇത്തരം കഥകളിൽ കലർന്നു കാണുന്നുണ്ടെന്ന് സമ്മതിക്കാതെ തരമില്ല(അമ്പലപ്പുഴ രാമവർമ, 2019:10)

കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന പല ഐതിഹ്യങ്ങൾ സമ്പാദിച്ച്ചേർത്ത് എട്ട് ഭാഗങ്ങളിലായി കൊട്ടാരത്തിൽ ശങ്കുണ്ണി രചിച്ച കൃതിയാണ് ഐതിഹ്യമാല. ഐതിഹ്യമാലയെക്കുറിച്ച് അതിന്റെ അവതാരികയിൽ മലയാളത്തിലെ കഥാസരിത്സാഗരം എന്നാണ് അമ്പലപ്പുഴ രാമവർമ്മ വിശേഷിപ്പിച്ചത്. ചരിത്രവും പുരാണവും കേട്ട്കേൾവികളും കെട്ടുപിണഞ്ഞ കഥകൾക്ക് സാരോപദേശകഥകളുടെ സ്വഭാവവും കാണാം. കേവലം ഐതിഹ്യകഥകൾ എന്നതിനപ്പുറത്ത് ഐതിഹ്യമാലയിലെ യക്ഷിക്കഥകളെ പുനർവായനകൾക്ക് വിധേയമാക്കേണ്ടതുണ്ട്.

വയസ്കര ചതുർവേദിഭട്ടതിരിയും യക്ഷിയും

വയസ്കര ഇല്ലത്തെ മഹാവൈദ്യനും വലിയ മന്ത്രവാദിയുമായ ചതുർവേദിഭട്ടതിരി യക്ഷി 'ബാധ'യൊഴിപ്പിച്ച കഥയാണ് വയസ്കര ചതുർവേദിഭട്ടതിരിയും യക്ഷിയും. അന്നത്തെ നാടുവാഴിയായ സാമൂതിരിപ്പാടിന് യക്ഷിയുടെ ഉപദ്രവമുണ്ടായിത്തീരുകയും ചതുർവേദിഭട്ടതിരി ചില മന്ത്രതന്ത്ര പ്രയോഗങ്ങൾ കൊണ്ട് യക്ഷിയെ തമ്പുരാന്റെ ദേഹത്തുനിന്ന് ഉഴിഞ്ഞുമാറ്റിക്കളയുകയും ചെയ്തു. അന്ന് രാത്രി ഭട്ടതിരിയുടെ അടുത്തെത്തുന്ന ആ യക്ഷിയെ പരസ്പരം ഉപദ്രവിക്കില്ലെന്ന നിബന്ധനയിൽ ഭട്ടതിരി അദൃശ്യയായ ഭാര്യയെന്ന നിലയിൽ സ്വീകരിക്കുകയും പിൽകാലത്ത് ഭാര്യാഭർത്താക്കന്മാരെപ്പോലെ ജീവിക്കുകയും ചെയ്തു. ഭട്ടതിരിയിൽ നിന്നും യക്ഷി ഗർഭം ധരിക്കുകയും ഇരുവർക്കും ഒരു പെൺകുഞ്ഞ് ജനിക്കുകയും ചെയ്തു. യക്ഷിയുടെ അനുഗ്രഹത്താൽ ഒരു യക്ഷിയായി ആ പെൺകുട്ടിയും അദൃശ്യയായി വയസ്കര ഇല്ലത്ത് കഴിഞ്ഞു. പിന്നീട് മരണാസന്നനായിത്തീർന്ന ഭട്ടതിരി സജാതീയ ഭാര്യയിലുണ്ടായ ആദ്യപുത്രനെ വിളിച്ച് വരുത്തി യക്ഷി മകളായി പിറന്ന കഥ വിവരിക്കുകയും അവളെ കുടുംബ പരദേവതയായി ആരാധിക്കേണ്ട ക്രമവും പറഞ്ഞു കൊടുത്തു.

രാത്രി ചതുർവേദിഭട്ടതിരിയുടെ അടുത്ത് പ്രത്യക്ഷപ്പെടുന്ന യക്ഷി സർവാം

ഗസുന്ദരിയും അനിതരവനിതാസാധാരണമായ രൂപലാവണ്യത്തോട്കൂടിയവളുമാണ്. അത്തരം സൗന്ദര്യം കേവലം മനുഷ്യസ്ത്രീകൾക്കുണ്ടാവില്ല. സ്ത്രീ ശരീരത്തോടുള്ള പുരുഷ സമൂഹത്തിന്റെ ശമിക്കാത്ത തൃഷ്ണയാണ് യഥാർത്ഥത്തിൽ യക്ഷി സൗന്ദര്യം. ലൈംഗികാസക്തിയുടേതായ മധ്യകാല കേരളജീവിതം മണിപ്രവാള കൃതികളിൽ നിന്ന് തന്നെ വ്യക്തമാവുന്നുണ്ട്. തന്റെ രതികാമന പരസ്യമായി പ്രകടിപ്പിച്ച സന്ദർഭത്തിൽ ഭട്ടതിരി യക്ഷിയെ സ്വീകരിക്കുകയും അദൃശ്യയായി സ്വന്തം ഭാര്യയെന്ന നിലയിൽ വയസ്കരയില്ലത്ത് താമസിപ്പിക്കുകയുമാണ് ചെയ്യുന്നത്. യക്ഷിക്കും ഭട്ടതിരിക്കും പരസ്പരം വിരക്തി തോന്നിയ സാഹചര്യത്തിൽ മാത്രമാണ് യക്ഷി സ്വസ്ഥാനത്തേക്ക് മടങ്ങി പോയത്.

യക്ഷി ഉറങ്ങിക്കിടക്കുന്ന ഭട്ടതിരിയുടെ അടുത്ത് വന്ന് ആദ്യം പറയുന്നത് ഹേ! തലയിണയുടെ താഴെയിരിക്കുന്ന ഗ്രന്ഥം അവിടെ നിന്ന് മാറ്റിവെക്കണം (കൊട്ടാരത്തിൽ ശങ്കുണ്ണി, 2019:300) എന്നാണ്. മന്ത്രവാദിയായ ഉച്ചാടകന്റെ അധികാര ഉപകരണമാണ് മന്ത്രവാദഗ്രന്ഥം. ആ അധികാരരൂപം പ്രയോഗിച്ചാണ് ചതുർവേദിഭട്ടതിരി യക്ഷിയെ കുടുംബിനിയാക്കിമാറ്റിയതും കുടുംബപരദേവതയായി ആരാധിക്കുന്നതും. പുരുഷാധിപത്യ സമൂഹത്തിന്റെ സദാചാര വ്യവസ്ഥിതികൾക്ക് സ്വേഛാചാരിയായ യക്ഷിയെ / സ്ത്രീയെ ഏത് വിധേനയും തളച്ചേമതിയാവൂ. തലയിണയുടെ താഴെയുള്ള ആ മന്ത്രവാദ ഗ്രന്ഥം മാറ്റി സ്വതന്ത്രമായ ലൈംഗിക ബന്ധത്തിനാണ് യക്ഷി ഭട്ടതിരിയെ ക്ഷണിച്ചത്. എന്നാൽ ഭട്ടതിരി യക്ഷിയുടെ സ്വൈര്യവിഹാരത്തെ തന്ത്രപരമായി തടയുന്നു.

വയസ്കരയില്ലത്ത് പല കാലങ്ങളിലും പുരുഷന്മാരാരുമില്ലാതെ ഒരു കന്യകമാത്രം ഉണ്ടാവുകയും ആ കന്യകയെ സർവ്വസ്വദാനമായി സ്വീകരിച്ച് വിവാഹം കഴിക്കുന്ന പുരുഷൻ വയസ്കരയില്ലത്തെ കൂറ്റിയറ്റ പോകാതെ കാത്തുരക്ഷിക്കുന്നത് കഥാരംഭത്തിൽ കാണാം. ആണത്ത അധീശത്വം സ്ത്രീയെ എത്രകണ്ട് തളച്ചിട്ടു എന്ന് ഈ വരികളിൽ വ്യക്തം. യഥാർത്ഥത്തിൽ മാതൃദായക്രമത്തിൽപ്പോലും സ്വത്തവകാശം സ്ത്രീകൾക്ക് നേരിട്ട് ലഭിച്ചിരുന്നില്ലല്ലോ.

സ്വൈര്യസഞ്ചാരിണിയായി ആർക്കും പിടികൊടുക്കാതെ ഒരു രാജ്യത്തെ രാജാവിന്റെ ശരീരത്തിൽവരെ കയറാൻ കെൽപ്പുള്ള യക്ഷി തോറ്റുപോകുന്നത് ബ്രാഹ്മണസമൂഹത്തിന്റെ പ്രതിനിധിയായ വയസ്കര ചതുർവേദിഭട്ടതിരിയുടെ മുന്നിലാണ്. യക്ഷിയെ തളയ്ക്കാനും രാജ്യത്തിന്റെ രക്ഷാകർത്താവായ രാജാവിനെ

രക്ഷിക്കാനും തക്കസ്ഥാനം/ അധികാരം ബ്രാഹ്മണ സമുദായത്തിനുണ്ടെന്ന ചാതുർവർണ്യവ്യവസ്ഥിതി ഇവിടെ വ്യക്തം.

യഥാർത്ഥത്തിൽ ചതുർവേദിഭട്ടതിരിയുടെ കൈയിലെ മന്ത്രവാദഗ്രന്ഥം ബ്രാഹ്മണമേൽക്കോയ്മയുടെ സൂചകമാണ്. കഥയിൽ യക്ഷിയുടെ സൗന്ദര്യത്തിനടിമപ്പെട്ട് ഭട്ടതിരി ആ ഗ്രന്ഥം തലയിണയുടെ അടിയിൽ നിന്ന് എടുത്തു മാറ്റുന്നുണ്ടെങ്കിലും യക്ഷിയെ ഭാര്യയായി സ്വീകരിക്കുന്നതിലൂടെ മറ്റൊരു അധികാരം സ്ഥാപിക്കുകയാണ് അവിടെ. പുത്രിയായ യക്ഷിയെ കുടുംബ പരദേവതയായി ആരാധിക്കാൻ തുനിയുന്നത് ഭയത്താൽ തന്നെയാണ്. യക്ഷിയുടെ അധികാരത്തിന്റെ തിരിച്ചു വരവിനെ ഭട്ടതിരിയിലൂടെ സമൂഹം ഭയപ്പെടുന്നുണ്ട് എന്ന് വ്യക്തം.

കുമാരമംഗലത്ത് നമ്പൂരി

കുമാരമംഗലത്ത് നമ്പൂരി എന്ന മാന്ത്രികൻ കൃഷ്ണപുരം ദേശത്തെ യക്ഷിയുടെ ഉപദ്രവം മാറ്റി യക്ഷിയെ തളച്ചതാണ് കഥ. കഥയിലെ യക്ഷി സർവാംഗസുന്ദരിയായ ഒരു മനുഷ്യസ്ത്രീയുടെ വേഷം ധരിച്ച് വഴിയരികത്ത് പോയിനിൽക്കുകയും വഴിയിൽ കൂടി വരുന്ന പുരുഷന്മാരുടെ അടുത്ത് ചെന്ന് മുറുക്കാൻ ചോദിക്കുകയും ചെയ്യുന്നു. അവളുടെ സൗന്ദര്യത്തിൽ മയങ്ങിയ പുരുഷൻ മുറുക്കാൻ കൊടുക്കുകയും ആ മോഹനാംഗിയുടെ വീട്ടിലേക്കുള്ള ക്ഷണത്തെ നിരസിക്കാൻ സാധിക്കാതെ അവളുടെ കൂടെ പോവുകയും ചെയ്യുന്നു. ജനവാസമില്ലാത്ത പ്രദേശത്തെത്തുമ്പോൾ ആ യക്ഷിഭീകരരൂപിണിയായി കൂടെവന്ന പുരുഷനെ പിച്ചിച്ചീന്തി ചോരകുടിച്ച് കൊല്ലുന്നു.

താംബൂലം ചോദിക്കുന്നതും കൊടുക്കുന്നതും കാമകേളിക്കുള്ള ക്ഷണവും സ്വീകരണവുമാണ്. വളരെ സ്വതന്ത്രമായ ലൈംഗികതയുണ്ടായിരുന്ന മധ്യകാലകേരളത്തിൽ താംബൂലദാനം പ്രതീകാത്മകമായ സംഭോഗക്ഷണമാണ് (ഹരിദാസ്, 2020:57).

എല്ലാ കഥകളിലേയും പോലെ ഈ കഥയിലും യക്ഷി പുരുഷന്റെ ലൈംഗികമായ ഫാന്റസിയിൽനിന്ന് ഉണ്ടായതാണെന്ന് വ്യക്തമാണ്. സർവാംഗസുന്ദരിയായി വഴിയിൽ നിൽക്കുന്ന സ്ത്രീയിൽ ആസക്തരാകുന്ന പുരുഷന്മാർ അവളുമായി സംഭോഗത്തിലേർപ്പെടുകയും അതീവ ദുർബലരായ അവർ മരണപ്പെടുകയും ചെയ്യുന്നു. യക്ഷിയുടെ വന്യമായ ലൈംഗികതൃഷ്ണയെ കുമാരമംഗലത്ത് നമ്പൂരി

മന്ത്രത്താൽ തളച്ചിടുന്നു. പുരുഷലൈംഗികതയ്ക്കമേൽ അധീശത്വം നേടിയ സ്ത്രൈണലൈംഗികതയെ ചെറുത്തുനിർത്തേണ്ടത് അധികാര വർഗത്തിന്റെ ആവശ്യമാണ്. ആദിമനായ യക്ഷി നമ്പൂതിരിയുടെ സംസ്കൃത മന്ത്രങ്ങളിൽ ഭയന്ന് ബന്ധനസ്ഥയായി ഒരു സാധാരണ സ്ത്രീയായി നമ്പൂതിരിയുടെ കൂടെ അയാളുടെ ഇല്ലത്തേക്ക് പോകുന്നു. അവിടെ നിന്ന് രക്ഷപ്പെടാതിരിക്കാൻ യക്ഷിയെ ഒരു ഇരുമ്പ് നാരായത്തിൻമേൽ ആവാഹിച്ചാണ് നമ്പൂതിരി നാലുകെട്ടിന്റെ നടുമുറ്റത്ത് കുഴിച്ചിടുന്നത്. യക്ഷിയെ നാലുകെട്ടിനകത്തേക്ക് പ്രവേശിപ്പിക്കാതിരിക്കാൻ നമ്പൂരി പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. സ്വൈര്യസഞ്ചാരിണിയായി രതിസുഖമനുഭവിച്ച് പുരുഷനെ കീഴടക്കിയ യക്ഷിയുടെ ശക്തിയെ കുഴിച്ചിടുകവഴി അവളിൽ സർവാധികാരിയാകുന്ന പുരുഷനാണ് ഇവിടെ നമ്പൂതിരി. ഉപഭവനമായിട്ടുള്ള മഠത്തിൽ ഒരു ദാസിയായിട്ടാണ് യക്ഷിയെ താമസിപ്പിക്കുന്നത്. ഇവിടെ ജാതിവ്യവസ്ഥിതിയുടെ സൂചനകൾ വ്യക്തമാണ്. നാലുകെട്ടെന്ന ചാതുർവർണ്യ വ്യവസ്ഥിതിക്കകത്തേക്ക് ദാസിയെ / യക്ഷിയെ കയറ്റാൻ നമ്പൂതിരി തയ്യാറാവുന്നില്ല.

പിന്നീട് തന്ത്രപരമായി ഇല്ലത്തുനിന്ന് രക്ഷപ്പെട്ട യക്ഷിയെ കുമാരമംഗലത്ത് നമ്പൂരി വീണ്ടും തളയ്ക്കുന്നത് കൈവശമുണ്ടായിരുന്ന ന്യൽച്ചരടിൽ മന്ത്രം ജപിച്ച് മൂന്ന് കെട്ട് കെട്ടിയാണ്. ഇത് യഥാർത്ഥത്തിൽ സാമ്പ്രദായിക വിധിപ്രകാരമുള്ള വിവാഹരീതിതന്നെയാണ്. തിരികെ ഇല്ലത്തെത്തുന്ന യക്ഷി തന്നെ ദാസിയായി നിയമിക്കരുതെന്ന് അപേക്ഷിക്കുന്നു. നീ ആരെയും ഉപദ്രവിക്കാതെ മര്യാദയോടുകൂടി ഇവിടെ താമസിച്ചു കൊള്ളാമെങ്കിൽ നിന്നെ ഞാനെന്റെ ഒരു പരദേവതയെപ്പോലെ വിചാരിച്ച് സബഹുമാനം ആദരിക്കുകയും ആചരിക്കുകയും ചെയ്തുകൊള്ളാം; ഇനിയും നീ എന്തെങ്കിലും അക്രമം പ്രവർത്തിച്ചാൽ നിന്നെ ഞാൻ അറുത്തു ഹോമിച്ചു കളയുമെന്നു ഇതിന് സംശയമില്ല (ibid:1026). കഥയിലൊടുക്കം യക്ഷിയെ പരദേവതയായി ആരാധിക്കുന്നു. മറ്റൊരു വഴിയുമില്ലെന്ന് തെളിയുന്ന പക്ഷം ശക്തയും സ്വതന്ത്രയുമായ സ്ത്രൈണതയെ ദേവതയായി കുടിയിരുത്തുന്നത് ആണധികാരത്തിന്റെ കുടിലതന്ത്രമാണ്. യക്ഷിയെ കാട്ടിൽ നിന്ന് നാലുകെട്ടിന്റെ ഇരുട്ടിലേക്ക് വീണ്ടും തളച്ചിടുന്നു.

കടമറ്റത്തു കത്തനാർ

പകൽ സമയത്തും ചുണ്ണാമ്പ് ചോദിച്ച് തന്റെ സൗന്ദര്യത്തിൽ മയങ്ങിയ

പുരുഷനെ ചോര കുടിച്ച് കൊല്ലുന്ന യക്ഷിയുടെ ശിരസിൽ ഇരുമ്പാണി തറച്ച് തളച്ച മാന്ത്രികന്റെ കഥയാണ് കടമറ്റത്തു കത്തനാർ. പണ്ട് തിരുവനന്തപുരത്ത് നിന്ന് പത്മനാഭപുരത്തേക്ക് പോകുന്ന കാട്ടുവഴിയിൽ ചുണ്ണാമ്പ് ചോദിച്ച് ആളുകളെ മയക്കി വരുതിയിൽ വരുത്തി കൊന്ന് തിന്നുന്ന യക്ഷിയുണ്ടായിരുന്നു. സർവാംഗ സുന്ദരിയും യുവതിയുമായ വേശ്യാസ്ത്രീയുടെ വേഷം ധരിച്ച ആ യക്ഷിയെ തളച്ചത് കടമറ്റത്തു കത്തനാരാണ്. ദാസിയായി കത്തനാരുടെ കൂടെ കൂടിയ യക്ഷിയെ വിധവയായ ഒരു വൃദ്ധയുടെ പരിചാരികയായി താമസിക്കാൻ അനുവദിച്ചു. സാഹചര്യവശാൽ തലയിലെ ഇരുമ്പാണി ഊരിക്കിട്ടിയപ്പോൾ രക്ഷപെട്ട യക്ഷിയെ പിന്നെയും പിന്തുടർന്ന് ചെന്ന് കത്തനാർ തളച്ചു.

ഐതിഹ്യമാലയിലെ മറ്റ് യക്ഷിക്കഥകളിൽ നമ്പൂതിരി/ഭട്ടതിരി/മന്ത്രവാദികളാണ് യക്ഷിയെ തളയ്ക്കുന്നതെങ്കിൽ ഇവിടെ ക്രൈസ്തവനായ കത്തനാരാണ് മന്ത്രവാദി. യക്ഷി സ്ത്രീയുടെമേൽ ആധിപത്യം സ്ഥാപിച്ച പുരുഷാധിപത്യത്തിന്റെ കഥ മാത്രമല്ല ക്രൈസ്തവമതം ഹിന്ദുമതത്തിന് സമാന്തരമായി വളർച്ച പ്രാപിച്ചതിന്റെയും അവരുടെ അധികാര മതചിഹ്നപ്രചാരത്തെയും സൂചിപ്പിക്കുന്നു. ഐതിഹ്യമാലയിലെ മറ്റ് യക്ഷിക്കഥകളിൽ അധികാരവും അറിവുമാണ് യക്ഷിയെ തളയ്ക്കുന്നതെങ്കിൽ കടമറ്റത്തു കത്തനാരുടെ കഥയിൽ ഇരുമ്പാണി കൊണ്ടാണ് യക്ഷിയെ തളയ്ക്കുന്നത്. യക്ഷിക്ക് നേരിട്ട് ഇരുമ്പാണി നൽകുകയല്ല കത്തനാർ ചെയ്യുന്നത്, യക്ഷിക്ക് ആവശ്യമുള്ള ചുണ്ണാമ്പിൽ ഇരുമ്പാണി ഒളിപ്പിച്ചാണ് തളയ്ക്കുന്നത്. ക്രൈസ്തവമതം കേരളത്തിൽ വേരുന്നാനുള്ള പ്രധാന കാരണം അടിമജാതിയുടെ സാമൂഹിക മുന്നേറ്റപ്രവർത്തനങ്ങളാണ്. ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രചാരവും അച്ചടിയുടെ പ്രചാരവുമൊക്കെ അതിനെ ത്വരിതപ്പെടുത്തി. മേൽവസ്ത്രം ധരിക്കാൻ അവകാശമില്ലാതിരുന്ന താഴ്ന്ന ജാതിയിലെ (ചാന്നാർ വിഭാഗം) സ്ത്രീകൾക്ക് മേൽജാതി സ്ത്രീകൾ ധരിക്കുന്ന റൗക്കയും അതിനു മീതെ മേൽമുണ്ടും ധരിക്കാൻ അവകാശം നൽകിയത് ക്രൈസ്തവ മിഷണറിമാരാണ്. കീഴാളന് മതപരിവർത്തനത്തിലൂടെ മാത്രമാണ് ഇവയൊക്കെയുംസാധ്യമാക്കുന്നത് എന്ന് മാത്രം. കഥയിൽ യക്ഷിയുടെ മതപരിവർത്തനമില്ലെങ്കിലും വൃദ്ധയുടെ പരിചാരികയായി നിയമിക്കുന്നതിലൂടെ യക്ഷിക്ക് ഒരു തരത്തിലുള്ള കന്യാസ്ത്രീത്വം കൽപ്പിച്ചു നൽകുകയാണ് കത്തനാർ. യക്ഷിയുടെ തീക്ഷ്ണമായ ലൈംഗിക ചോതനകളെ ഷണ്ഡീകരിക്കുകയും തളച്ചിടുകയും ചെയ്യുന്നു. ഇവിടെ ചുണ്ണാമ്പ് കാമ കേളിക്കുള്ള ക്ഷണമോ

സ്വീകരണമോ അല്ല. കൊളോണിയൽ അധികാരവ്യവസ്ഥിതി സ്ത്രീക്ക് നൽകിയ മോഹന വാഗ്ദാനങ്ങളാണ്. കത്തനാരുടെ യക്ഷിക്ക് വലിയ മാന്ത്രികവിദ്യകളൊന്നുമറിയില്ല. കടവ് കടക്കാൻ യക്ഷിക്ക് തോണിയും കടത്തുകാരനും ആവശ്യമായി വരുന്നുണ്ട്. സ്വേഛാചാരിയായി ജീവിക്കാനാഗ്രഹിച്ച ഒരു സാധാരണ സ്ത്രീയുടെ കഥയായിരിക്കണം സദാചാര സമൂഹം പിൽക്കാലത്ത് യക്ഷിക്കഥയായി പരിവർത്തനപ്പെടുത്തിയത്.

വൃദ്ധയായ പരിചാരിക യക്ഷിയുടെ തലമുടി ചീപ്പുകൊണ്ട് ചീകി കെട്ടിക്കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. സ്വൈര്യവിഹാരിണിയായ സ്ത്രീയുടെ അഴിഞ്ഞ തലമുടി സമൂഹത്തെ എല്ലാക്കാലത്തും അലോസരപ്പെടുത്തിയിരുന്നു. യക്ഷിയുടെ അഴിച്ചിട്ട തലമുടിയെന്ന ബിംബം അവളുടെ സ്വാതന്ത്ര്യ പ്രഖ്യാപനമാണ്. അതിനെയാണ് ഒതുക്കിക്കെട്ടി കുടുംബ സദാചാര വ്യവസ്ഥയുടെ ഭാഗമാക്കാൻ ശ്രമിക്കുന്നത്.

ഉപസംഹാരം

ബ്രാഹ്മണ്യവ്യവസ്ഥയിലെ മാതൃകാസ്ത്രീയെ നിർവചിക്കുകയാണ് നന്മയുടെ മൂർത്തീഭാവങ്ങളായ ബ്രാഹ്മണമന്ത്രവാദികൾ. മന്ത്രവാദഗ്രന്ഥവും ഇരുമ്പ് നാരായവും അഥവാ പുസ്തകവും പേനയും കൈവശമുള്ള വിദ്യാസമ്പന്നനായ സവർണ്ണ ആണധികാരം സ്ത്രീയുടെ എല്ലാത്തരം കാമനകളെയും കൂഴിച്ചിടുകയാണ് ചെയ്യുന്നത്. നാല് വേദങ്ങളും ആയുർവേദവും പഠിച്ച മഹാവിദ്വാനാണ് വയസ്കര ചതുർവേദിഭട്ടതിരി. മന്ത്രവാദത്തിലും ഒടിവിദ്യയിലും അദ്വിതീയനാണ് കുമാരമംഗലത്തു നമ്പൂരി. ദൈവകൃപ കൊണ്ട് നിരവധി മന്ത്രവാദ സിദ്ധികൾ ലഭിച്ച ആളാണ് കടമറ്റത്ത് കത്തനാർ.

പുരുഷന്റെ ദാസിയായി തുടരാൻ സാധ്യമല്ലെന്ന് യക്ഷി പറയുന്ന പക്ഷം തറവാട് കാക്കുന്ന പരദേവതയാവാനാണ് കുമാരമംഗലത്ത് നമ്പൂരി കല്പിക്കുന്നത്. യക്ഷിയുടെ സ്വതന്ത്ര വിഹാരം നിഷേധിക്കപ്പെടുകയും യക്ഷിക്ക് അധികാരം ചൂണ്ടിക്കാട്ടിയ ഇടത്ത് പ്രതിഷ്ഠയാകേണ്ടിവരികയും ചെയ്യുന്നു. ബ്രാഹ്മണാധികാരം ദ്രാവിഡ ആരാധനാമൂർത്തികളായ യക്ഷികളെ ഉച്ചാടനം ചെയ്ത് തളയ്ക്കുന്നതിന്റെ തെളിവുകൾനൽകാൻ ഇത്തരത്തിലുള്ള ഐതിഹ്യകഥകൾക്ക് സാധിക്കുമെന്ന് ഐതിഹ്യമാലയിലെ വയസ്കര ചതുർവേദിഭട്ടതിരിയും യക്ഷിയും, കുമാരമംഗലത്ത് നമ്പൂരി എന്നീ കഥകളിലൂടെ വ്യക്തമാക്കുന്നു.

ആണധികാരത്തിന് അപ്രാപ്യമായ കാടും ആണധികാരത്തിന്റെ ഈറ്റില്ലമായ വീടും എന്ന ദ്വന്ദ്വാത്മകത യക്ഷിക്കഥകളിലെല്ലാം കാണാം. യക്ഷിയുടെ വന്യമായ കാമനകളെ മാന്യസമൂഹത്തിന്റെ അപഥ സഞ്ചാരങ്ങളായി വ്യാഖ്യാനിക്കുകയും അതിലൂടെ സ്ത്രീയുടെ വന്യ കാമനകളെ മുഴുവൻ തളച്ച് മെരുക്കിയെടുക്കുകയുമാണ് ചെയ്യുന്നത്. സ്വതന്ത്രചാരിണിയായ യക്ഷിയുടെ നടത്തം ആവർത്തിച്ചു വരുന്ന പ്രയോഗമാണ്. ഭട്ടതിരിയും നമ്പൂരിയും കത്തനാരും അവളുടെ സ്വതന്ത്രമായ ചലന ശേഷിയെ മന്ത്രത്തിലൂടെ ഇല്ലാതാക്കുന്നു. തളയ്ക്കപ്പെട്ട യക്ഷി പിന്നീട് അവർ നടക്കുന്ന വഴിയേ നടക്കുന്നു. അവർ ചൂണ്ടിക്കാട്ടുന്നയിടത്ത് വസിക്കുന്നു. ഈ വസ്തുതകൾ യക്ഷിയുടെ സ്വതന്ത്രമായ നടപ്പിനെ സമൂഹം എത്ര കണ്ട് ഭയന്നിരുന്നു എന്നതിന് തെളിവാണ്. തങ്ങളുടെ സദാചാര സങ്കല്പങ്ങൾക്കുള്ളിൽ ഒതുങ്ങാതെ വരുമ്പോൾ കത്തനാർ അറുത്ത് ഹോമിക്കും എന്ന ഭീഷണിയാണ് മുഴക്കുന്നത്. ബ്രാഹ്മണ - കൊളോണിയൽ സദാചാരവും കുടുംബവ്യവസ്ഥയും എക്കാലവും സ്ത്രീയെ തളച്ചിരുത്തിയതിന് തെളിവാണ് മൂന്ന് കഥകളും.

പരമ്പരാഗത ഇന്ത്യൻ സമൂഹത്തിൽ നിലനിന്നിരുന്ന പുരുഷാധികാരത്തെ 'ബ്രാഹ്മണപിതൃമേധാവിത്തം' എന്നാണ് ഉമാ ചക്രവർത്തി വിളിക്കുന്നത്. പരമ്പരാഗത കേരള സമൂഹത്തിൽ സ്ത്രീകളുടെ മേൽ ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ സമുദായം ബ്രാഹ്മണസമുദായമാണ്. ആൺവഴിക്ക് കുടുംബപിന്തുടർച്ചയും സ്വത്തവകാശവും നിർണ്ണയിച്ചിരുന്ന നമ്പൂതിരി സമുദായത്തെ വയസ്സര ചതുർവേദിഭട്ടതിരിയും യക്ഷിയും എന്ന കഥയിൽ കാണാം.

വരേണ്യതയുടെ ലിംഗമൂല്യങ്ങളിലാണ് സ്ത്രീ നല്ലസ്ത്രീയും ചീത്തസ്ത്രീയുമാവുന്നത്. വ്യവസ്ഥിതിയ്ക്ക് അടിമപ്പെട്ട് ജീവിക്കുന്നവൾ ഉത്തമയായ സ്ത്രീയും ധിക്കരിക്കുന്നവൾ ചീത്ത സ്ത്രീയുമാകുന്നു. യക്ഷികളെ അഭിസാരികകളായി ചിത്രികരിക്കുന്നതിലൂടെ അധികാര വ്യവസ്ഥിതിയെ ലംഘിക്കുന്ന ഏതൊരു സ്ത്രീയും അഭിസാരികയാണെന്ന് മുദ്രകുത്തപ്പെടുന്നു. കടമറ്റത്തു കത്തനാരിലെ യക്ഷി സുന്ദരിയായ വേശ്യാസ്ത്രീയുടെ വേഷം ധരിച്ചാണ് ആളുകളെ വശീകരിക്കുന്നത്. ആളുകളെ യാതൊരു വിധത്തിലും ഉപദ്രവിക്കില്ലെന്ന കരാറിലാണ് കഥാന്ത്യത്തിൽ കത്തനാർ യക്ഷിയെ വീണ്ടും ഇരുമ്പാണിയിൽ തളയ്ക്കാതെ മോചിപ്പിക്കുന്നത്. യക്ഷിക്ക് തന്റെ വന്യകാമനകളെ അടക്കിവെച്ച് പനയന്നാർക്കാവിലെ യക്ഷി / പരുമലയക്ഷി എന്ന പേരിൽ അദൃശ്യയായി പരുമല ദേശത്ത് കുടിയിരിക്കേണ്ടി വന്നു.

ഹിന്ദുമതത്തിലെ യക്ഷി ഭാവനയുടെയും ആഖ്യാനത്തിന്റെയും കേന്ദ്രങ്ങളിൽ നിലകൊള്ളുന്നുവെങ്കിലും ആ യക്ഷിക്കഥകൾ കേവലം ഐതിഹ്യകഥകൾ മാത്രമല്ല, കൃഷിയുടെയും സമ്പത്തിന്റെയും ദ്രാവിഡ ദേവതമാരായ യക്ഷിയെ ഹൈന്ദവ സാമൂഹിക-സാമ്പത്തിക - രാഷ്ട്രീയമണ്ഡലം എങ്ങനെ ഉച്ചാടനം ചെയ്ത് പുറത്താക്കി എന്നതിനുള്ള തെളിവുകൾ കൂടിയാണ് ഈ യക്ഷിക്കഥകൾ. സംസ്കാരത്തിന്റെ ന്യായീകരണം സാധ്യമാക്കുന്നു എന്നതാണ് ഈ മൂന്ന് ഐതിഹ്യ കഥകളും നിർവഹിക്കുന്ന ഫോക് ലോർ ധർമ്മം.

സഹായക ഗ്രന്ഥങ്ങൾ

1. രാജൻ, ഗുരുക്കൾ, മിത്ത് ചരിത്രം സമൂഹം, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 2013.
2. രാജൻ, കെ, പ്രേതം വില്ലൻ സർപ്പ സുന്ദരി മലയാള സിനിമയിലെ തിന്മയുടെ ചരിത്ര പരിണാമങ്ങൾ, കേരള സംസ്ഥാന ചലചിത്ര അക്കാദമി, 2021.
3. രാമവർമ്മ, അമ്പലപ്പുഴ, അവതാരിക, കൊട്ടാരത്തിൽ ശങ്കുണ്ണി, ഐതീഹ്യമാല, മാതൃഭൂമി ബുക്ക്സ്, 2019.
4. ശങ്കുണ്ണി, കൊട്ടാരത്തിൽ, ഐതീഹ്യമാല, മാതൃഭൂമി ബുക്ക്സ്, 2019.
5. ഹരിദാസ്, വി. വി., യക്ഷി സങ്കല്പം, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 2020.

വൈകല്യങ്ങളുടെ പൊതുബോധ നിർമ്മിതി മലയാളത്തിൽ

നുഹ്മാൻ കെ.
ഗവേഷകൻ, പി. ജി. & റിസർച്ച് ഡിപ്പാർട്ട്മെന്റ്, മലയാളം, ഗവൺമെന്റ്
ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്

പ്രബന്ധസംഗ്രഹം:

ഏതൊരു സമൂഹത്തിന്റെയും പൊതുബോധത്തെ നിർമ്മിക്കുന്നതിലും നിയന്ത്രിക്കുന്നതിലും അവരുടെ വാമൊഴി ആഖ്യാനങ്ങൾക്ക് വലിയ പങ്കുണ്ട്. ബോധപൂർവമായ വിമർശനാത്മക ഇടപെടലുകൾ ഇവയുടെ നിർമ്മാണത്തിൽ നടക്കാറില്ല. അതുകൊണ്ട് തന്നെ സമൂഹത്തിലെ വാർപ്പ് മാതൃകകളെയും പൊതുനിർമ്മിതികളെയും ഏറ്റവും കൃത്യമായി നിരീക്ഷിക്കാനാവുക അവരുടെ ഫോക്ലോറുകളിലാണ്. പലതരം സാമൂഹ്യ ശ്രേണീകരണത്തിന്റെ ദീർഘചരിത്രമുള്ള കേരളീയ സമൂഹത്തിൽ ഇത് പ്രകടമാണ്. നാടോടി ആഖ്യാനങ്ങളിലെ പാർശ്വവൽകൃത പ്രതിനിധാനങ്ങളെ കുറിച്ച് നിരവധി ആലോചനകൾ മുമ്പ് ഉണ്ടായിട്ടുണ്ട്. ജാതി, ലിംഗം, വർഗ്ഗം പരിസ്ഥിതി തുടങ്ങിയ അത്തരം പതിവ് പഠനങ്ങളിൽ സവിശേഷ ശ്രദ്ധ ലഭിക്കാതെ പോയ ഒന്നാണ് ഭിന്നശേഷി പ്രതിനിധാനങ്ങളെ കേന്ദ്രീകരിച്ചുള്ള പഠനങ്ങൾ. ഭിന്നശേഷി പഠനം (Disability Studies) എന്ന പഠനമേഖല

മലയാളത്തിലെ കലാ-സാംസ്കാരിക പഠനമേഖലകളിൽ താരത മ്യേന പുതിയതാണ്. കേരളീയ പൊതുബോധത്തിൽ ഭിന്നശേഷി എന്ന സ്വത്വം എങ്ങനെ അപരവൽക്കരിക്കപ്പെടുന്നു എന്നും, ഭിന്നശേഷിയെ ആഖ്യാനം ചെയ്യുമ്പോൾ ഇത്തരം സാംസ്കാരിക രൂപങ്ങളും അതിന്റെ ഭാഷയും ഏതെല്ലാം തരത്തിൽ അധികാരപ്രയോഗങ്ങൾ നടത്തുന്നു വെന്നും ഭിന്നശേഷി പഠനത്തിന്റെ വിശകലന മാതൃകകൾ ഉപയോഗി ച്ച് അന്വേഷിക്കുകയാണ് ഈ പ്രബന്ധം.

താക്കോൽ വാക്കുകൾ:

ഭിന്നശേഷി, ഭിന്നശേഷി പഠനം, നാടോടി ആഖ്യാനങ്ങൾ, കേരളീയ സമൂഹം, പൊതുബോധം

ആമുഖം

ഭിന്നശേഷിയേ വൈയക്തിക അനുഭവം എന്നതിലുപരി ഒരു സാമൂഹിക സൃഷ്ടിയായി കരുതുന്ന ആധുനിക കാഴ്ചപ്പാടുകളാണ് ഭിന്നശേഷി പഠനം മുന്നോട്ട് വെക്കുന്നത്. ശാരീരിക ബൌദ്ധിക പരിമിതികൾ ഉള്ളവരെക്കൂടി ഉൾകൊള്ളുന്ന തരത്തിൽ പൊതുസമൂഹം പരിവർത്തനപ്പെടാത്തതിന്റേ ഫലങ്ങളാണ് ഭിന്നശേ ഷി എന്നത് കൊണ്ട് ഇന്ന് വിവക്ഷിക്കുന്നത്. ശരീരകേന്ദ്രീതമായ മുൻവിധികളോ ടെ ഭിന്നശേഷീസമൂഹത്തോട് നടത്തുന്ന ഇത്തരം ബോധപൂർവമോ അല്ലാത്തതോ ആയ വിവേചനങ്ങളെ ശേഷീവാദം (Ableism) എന്ന് പറയുന്നു. ലോകത്ത് എല്ലാ സമൂഹങ്ങളിലും ഇത്തരം ശേഷിവാദ ചിന്തകൾ അവരുടെ ഭാഷയിലൂടേയും മറ്റ് ആഖ്യാനങ്ങളിലൂടേയും അബോധപൂർവമായി വിനിമയം ചെയ്യുന്നുണ്ട്. കേരളീയ വാമൊഴി ആഖ്യാനങ്ങളിലും അത് കണ്ടെത്താനാവും. കേരളോല്പത്തി കഥകളിലെ വാമനാവതാരം മുതൽ ഇത് കാണാനാവും. രാക്ഷസനായും ഒറ്റമുലച്ചിയായും മറ്റും മലയാളിയുടെ വാമൊഴി ആഖ്യാനങ്ങളിൽ കടന്നുവരുന്ന അസാധാരണ ശരീര ങ്ങളെല്ലാം അരികുവൽക്കരിക്കപ്പെട്ട ശേഷീവാദ പ്രതിനിധാനങ്ങളാണ്.

ഭിന്നശേഷി എന്ന പഠനമേഖല - ഒരു ആമുഖം

ശാരീരികവും മാനസീകാവുമായ തങ്ങളുടെ ശേഷി വ്യത്യാസങ്ങളെ തിരി

ച്ചറിയുകയും അതിനനുസരിച്ച് ചുറ്റുപാടുകളെ മെരുക്കിയെടുത്തുമാണ് മനുഷ്യരാശി സംസ്കാരങ്ങളും നാകരീകതകളും നിർമ്മിച്ചെടുത്തത്. തങ്ങളേക്കാൾ ശേഷി കൂടിയവയെ ഭയപ്പെട്ടും ശേഷി കുറഞ്ഞവയെ നിയന്ത്രിച്ചും പരിസ്ഥിതിയിൽ മനുഷ്യൻ നേടിയ നിർണ്ണായക സ്ഥാനമാണ് ആധുനിക മനുഷ്യനെ രൂപപ്പെടുത്തിയത്. അതുകൊണ്ട് തന്നെ ശേഷിവ്യത്യാസങ്ങളെ കുറിച്ചുള്ള ഏതൊരു ആലോചനയും ചരിത്രപരവും സാംസ്കാരികപരവുമായിരിക്കണം. ഇവിടെയാണ് ഭിന്നശേഷി പഠനം/പരിമിതി പഠനം എന്ന വിജ്ഞാനശാഖ പ്രസക്തമാവുന്നത്. ഭിന്നശേഷിയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ, ആവിഷ്കാരങ്ങൾ, നിർമ്മിതികൾ തുടങ്ങിയവയെ പഠിക്കാനും പ്രശ്നവൽക്കരിക്കാനും ശ്രമിക്കുന്ന പഠനമേഖലയാണ് ഭിന്നശേഷി പഠനം. ശാരീരിക ഭിന്നതകളെ ഒരു സാമൂഹിക നിർമ്മിതിയും സാംസ്കാരിക രൂപമായും കരുതുന്ന ഈ പഠന മേഖല, ഫെമിനിസം നരവംശശാസ്ത്രം, മാർക്സിസം, പരിസ്ഥിതി വാദം, പോസ്റ്റ് ഹ്യൂമനിസം തുടങ്ങിയ നിരവധി ആധുനിക അക്കാദമിക മേഖലകളുമായി അന്തർവൈജ്ഞാനിക ബന്ധം പുലർത്തുന്നു.

ഭിന്നശേഷിയെ ശാസ്ത്രീയമായി മനസ്സിലാക്കാനും വിശദീകരിക്കാനും വർഗീകരിക്കാനുമുള്ള ശ്രമങ്ങൾ ആരംഭിക്കുന്നത് ആധുനികതയുടെ(Modernity) ഭാഗമായാണ്. ആധുനിക വൈദ്യശാസ്ത്രത്തിന്റെ രീതിശാസ്ത്രവും വിശകലന മാതൃകകളും പിന്തുടർന്ന ഭിന്നശേഷി പഠന മേഖല യൂറോപ്യൻ ആധുനികതയുടെ സവിശേഷമായ ഉള്ളടക്കത്തേയും സ്വംശീകരിച്ചിട്ടുണ്ട്. പതിനെട്ട്-പത്തൊൻപത് നൂറ്റാണ്ടുകളിലെ വ്യാവസായിക സംസ്കാരവും അത് രൂപം കൊടുത്ത വികസന-ഉത്പാദന സങ്കൽപ്പങ്ങളുമാണ് യൂറോപ്പിൽ ആധുനിക വ്യക്തിയെ വിഭാവനം ചെയ്തതെന്ന് ഫൂക്കോ ഉൾപ്പടെയുള്ള ചിന്തകൾ നിരീക്ഷിച്ചിട്ടുണ്ട്. ജീവശാസ്ത്ര പഠന മേഖല മനുഷ്യകേന്ദ്രിതമാവുന്നതും ആശുപത്രികൾ വ്യാപകമാവുന്നതും ഇതിനോട് ബന്ധപ്പെടുന്നുവെന്ന് ഫൂക്കോ പറയുന്നു(Foucault, 1995: 27) ശാരീരിക ഭിന്നതകളെ കുറിച്ചുള്ള ഗൗരവതരമായ ആലോചനകളും ആരംഭിക്കുന്നത് ഈ സന്ദർഭത്തിലാണ്. ഇത് ഭിന്നശേഷി പഠനത്തിലെ വൈദ്യശാസ്ത്ര സമീപനങ്ങൾക്ക് (Medical Model of Disability Studies) തുടക്കം കുറിച്ചു. ആധുനികവൈദ്യം ഉൾപ്പെടെയുള്ള പശ്ചാത്യ ശാസ്ത്രചിന്തകൾ ഭിന്നശേഷിയെ വിശദീകരിക്കുന്നത് വ്യക്തി സത്തയുമായി ബന്ധപ്പെടുത്തിയാണ്. അതുകൊണ്ട് തന്നെ ഭിന്നശേഷിയെ കുറിച്ചുള്ള പ്രാഥമിക ചർച്ചകൾ ഈ വ്യക്തി സത്തയെ വിമർശന വിധേയമാക്കിക്കൊണ്ടാ

വണം. വ്യക്തിശരീരത്തിന്റെ പരിഹരിക്കപ്പെടേണ്ട അപൂർണ്ണതയായിട്ടാണ് വൈദ്യശാസ്ത്രം ഭിന്നശേഷിയെ കണ്ടത്. ആരോഗ്യവാനായ ഒരു പൂർണ്ണ വ്യക്തിയെ വിഭാവനം ചെയ്യുകയും അതിൽ നിന്നുള്ള ഏത് തരം വ്യതിയാനങ്ങളും വ്യക്തിത്വത്തിന് സംഭവിക്കുന്ന പോരായ്മയായി കണക്കാക്കുകയും ചെയ്തതിലൂടെ ഈ ദ്വന്ദ്വങ്ങളിൽ മാത്രം ഉൾചേരാൻ ഓരോ മനുഷ്യനും നിർബന്ധിതനായി. ഈ വ്യക്തി നിർമ്മിതികളെ പുനർ നിർവചിച്ചും വിമർശന വിധേയമാക്കികൊണ്ടും പുതിയ വാദങ്ങൾ പിൽക്കാലത്തു സജീവമായി. ഒന്നും രണ്ടും ലോക യുദ്ധങ്ങൾക്ക് ശേഷം രൂപപ്പെട്ട സാമൂഹിക- രാഷ്ട്രീയ അവസ്ഥകൾ, ലോകാരോഗ്യ സംഘടനയുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും ഇടപെടലുകൾ, അന്താരാഷ്ട്ര രോഗവർഗീകരണപദ്ധതികൾ (International Classification of Diseases), ആരോഗ്യ ഇൻഷൂറൻസ് പദ്ധതികൾ തുടങ്ങിയവയെല്ലാം പിൽക്കാലങ്ങളിൽ ഭിന്നശേഷിയുടെ മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട് (Albrecht, 2001:175). ഇവക്കെല്ലാം പുറമെ ലോകത്തിന്റെ പല ഭാഗങ്ങളിലായി ഭിന്നശേഷിക്കാരുടെ കൂട്ടായ്മകൾ രൂപപ്പെട്ട് വരികയും തങ്ങളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്തുകയും ചെയ്തു. ഈ പരിവർത്തനങ്ങളാണ് ഭിന്നശേഷി പഠനത്തിലെ സാമൂഹ്യശാസ്ത്ര മാതൃകയുടെ (Sociological Model of Disability Studies) ആവിർഭാവത്തിലേക്ക് നയിച്ചത്. ഘടനാവാദം, അപനിർമ്മാണം, പോസ്റ്റ് ഹ്യൂമൻ സിദ്ധാന്തങ്ങൾ പോലുള്ള പിൽക്കാല ആശയങ്ങൾ ഭിന്നശേഷി പഠന മേഖലയിലെ പുതിയ ആലോചനകൾക്ക് ദിശാബോധം നൽകിയിട്ടുണ്ട്. ജീവശാസ്ത്രപരം എന്നതിലുപരി ഭിന്നശേഷിത്വം ഒരു സാമൂഹ്യനിർമ്മിതിയാണെന്ന ധാരണയിലാണ് സാമൂഹ്യശാസ്ത്രമാതൃക ഊന്നൽ നൽകുന്നത്. ഭിന്നശേഷിയെ വൈകല്യം (Disability), പരിമിതി(impairment) എന്നിങ്ങനെ ഒന്നിലധികം തലങ്ങളിലാണ് സാമൂഹ്യ ശാസ്ത്ര മാതൃക കൈകാര്യം ചെയ്യുന്നത്. ഭിന്നശേഷി അതനുഭവിക്കുന്ന വ്യക്തിയുടെ പ്രശ്നം എന്നതിലുപരി ആ വ്യക്തിയുടേ സാമൂഹ്യ ഇടപെടലുകൾക്കുള്ള സാഹചര്യങ്ങൾ പരിമിതപ്പെടുത്തുന്ന അവസ്ഥയാണ്. വ്യക്തിയെ തന്റെ ചുറ്റുപാടുകളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്താൽ മാത്രമേ ഭിന്നശേഷി എന്ന സ്വത്വത്തെ സമഗ്രമായി മനസ്സിലാക്കാനാവൂ എന്ന് ഈ മാതൃക തിരിച്ചറിയുന്നു. 'ശരീരികമോ, മാനസികമോ, ബുദ്ധിപരമോ, ഇന്ദ്രിയ സംബന്ധിയോ, വൈകാരികമോ, പോഷണ സംബന്ധിയോ, വികസനപരമോ ആയ ഹാനികൾ അവയുടെ കൂടിച്ചേ

രലുകൾ എന്നിവ കാരണം വ്യക്തികൾക്കോ സമൂഹങ്ങൾക്കോ സൃഷ്ടിക്കപ്പെടുന്ന പ്രശ്നങ്ങളുടെ പരിണിതഫലമാണ് ഭിന്നശേഷി' എന്ന ലോകാരോഗ്യ സംഘടനയുടെ നിർവചനം ഈ നിലപാടിൽ നിന്ന് ഉരുതിരിഞ്ഞതാണ് (en. wikipedia. org). അനേകം മനുഷ്യവൈവിധ്യങ്ങളിൽ ഒന്നുമാത്രമാണ് ഭിന്നശേഷിയും (Disability is a part of human diversity) എന്നതാണ് വൈകല്യങ്ങളെ കുറിച്ചുള്ള പുതിയ വാദം. ഭിന്നശേഷിക്കാർ അടക്കമുള്ള പാർശ്വവൽകൃത സമൂഹങ്ങൾ നേരിടുന്ന വിവേചനങ്ങളും വെല്ലുവിളികളും സാമൂഹിക നീതിയുടെ അടിസ്ഥാനത്തിൽ വ്യാപകമായി ചർച്ചചെയ്യാൻ ആരംഭിക്കുന്നത് 1960 കൾക്ക് ശേഷമാണെന്ന് സാമാന്യമായി പറയാം. എന്നാൽ ഒരു അക്കാദമിക പഠനമേഖലയായി ഭിന്നശേഷി പഠനം മാറുന്നത് 1990 കൾക്ക് ശേഷമാണ് (Davis L, 2017:117).

പൊതുസമൂഹത്തിന്റെ അനുഭവമണ്ഡലത്തിന് പുറത്ത് നിൽക്കുന്ന ഒരു സവിശേഷ സ്വത്വ ബോധമാണ് ഭിന്നശേഷി. ദളിത്, സ്ത്രീ, പരിസ്ഥിതി പോലുള്ള പതിവ് പാർശ്വവൽകൃത അനുഭവങ്ങളുടെ അളവുകോലുകളും സിദ്ധാന്തങ്ങൾക്കും വച്ച് ഭിന്നശേഷി അവസ്ഥകളെ മനസ്സിലാക്കുന്നതിൽ ചില പരിമിതികൾ ഉണ്ട്. മറ്റു പാർശ്വവൽകൃത വിഭാഗങ്ങളിൽ നിന്ന് ഭിന്നമായി ശാരീരിക അവസ്ഥകൾ ജന്മസിദ്ധമോ സ്ഥിരമോ കൈമാറ്റം ചെയ്യുന്നതോ ആവണമെന്ന് നിർബന്ധമില്ല. ജീവിതത്തിന്റെ ചില ഘട്ടങ്ങളിൽ അത് വന്ന് ചേരാം. ഭിന്നശേഷി ഏകശിലാത്മകമല്ലെന്നും അതിനുള്ളിൽ തന്നെ അനേകം സംവർഗങ്ങൾ ഉൾകൊള്ളുന്നു എന്നും ഇതിൽ നിന്ന് വ്യക്തമാണ്. ശാരീരികമോ ബുദ്ധിപരമോ ആയ ഒരു അധീഷ്യത്വബോധം കൊണ്ട് നിർമ്മിച്ചെടുക്കുന്ന സാമൂഹ്യ നിർമ്മിതി എന്ന നിലയിൽ ലോകത്ത് എല്ലാ സമൂഹത്തിലും ഭിന്നശേഷി പഠനം പ്രസക്തമാണ്.

ഡിസബിലിറ്റിയും ഇന്ത്യൻ സമൂഹങ്ങളും

ഇന്ത്യൻ സാമൂഹ്യ സാഹചര്യങ്ങളിൽ ഭിന്നശേഷി അന്വേഷണങ്ങൾക്ക് യൂറോപ്പിൽ നിന്ന് ഭിന്നമായ പല തലങ്ങളും ഉണ്ട്. പശ്ചാത്യ സാഹചര്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വൻ തോതിലുള്ള സാമൂഹിക ഇടപെടലുകളോ മുന്നേറ്റങ്ങളോ ഇവിടെ ആദ്യകാലങ്ങളിൽ ഉണ്ടായിട്ടില്ല. തൊഴിൽ സംവരണം പോലുള്ള അവകാശങ്ങൾക്കായി ഭിന്നശേഷി സമൂഹം ശബ്ദമുയർത്തുന്നത് പോലും 1990 കളോട് അടുത്താണ്. സ്വതന്ത്രഭാരതത്തിൽ ആദ്യകാലങ്ങളിൽ നടന്ന ജനസംഖ്യ

കണക്കെടുപ്പുകളിൽ വൈകല്യബാധിതരെക്കുറിച്ചുള്ള ചോദ്യങ്ങൾ ഇല്ലായിരുന്നു. പിൽക്കാലത്ത് അത്തരം ചോദ്യങ്ങൾ കൂട്ടിച്ചേർത്തപ്പോഴകട്ടെ അതിനോട് പ്രതികരിക്കാൻ പല സമൂഹങ്ങളും തയ്യാറായില്ല. തങ്ങൾക്കൊ വേണ്ടപ്പെട്ടവർക്കോ ഏതെങ്കിലും തരത്തിലുള്ള ശാരീരിക പരിമിതികൾ ഉള്ളതായി അംഗീകരിക്കാൻ അവർ തയ്യാറായിരുന്നില്ല. 1997ൽ ഭിന്നശേഷി അവകാശനിയമം പ്രാബല്യത്തിൽ വന്നതിന് ശേഷമാണ് ഈ ചിന്തകൾക്ക് ചില മാറ്റങ്ങൾ വന്നത്. സാഹിത്യ-സാംസ്കാര അക്കാദമിക പഠനങ്ങളിൽ ഭിന്നശേഷി കടന്ന് വരുന്നത് അതിനും ശേഷമാണ്. മഹാഭാരതം രാമായണം പോലുള്ള ബ്രഹത് ആഖ്യാനങ്ങളിലെ ഭിന്നശേഷി പ്രതിനിധാനങ്ങളെ പഠിക്കുമ്പോൾ ഭാരതീയ സവിശേഷമായ ജാതി, വർണ്ണവ്യവസ്ഥ എന്നിവ ഇതിനോട് കൂടിച്ചേരുന്നതായി കാണാനാവും(Reddy2001:287-300). അടിസ്ഥാന ജനവിഭാഗങ്ങളും മധ്യവർഗ്ഗവും ഭിന്നശേഷിയെ സാമൂഹ്യ യാഥാർത്ഥ്യമായി അംഗീകരിക്കാൻ തയ്യാറാണെങ്കിലും ഇന്ത്യൻ സവർണ്ണബോധം ഭിന്നശേഷിയുടെ സാമൂഹ്യ അസ്തിത്വം അംഗീകരിക്കാൻ തയ്യാറല്ല. പാശ്ചാത്യ സമൂഹങ്ങളിൽ പതിനെട്ടും പത്തൊൻപത്തും നൂറ്റാണ്ടുകളിൽ സജീവമായിരുന്ന സോഷ്യൽ ഡാർവിനിസത്തിന്റെ(Social Darwinism) പ്രത്യയശാസ്ത്രമാതൃകകളാണ് സവർണ്ണ മനോഭാവത്തിലൂന്നിയ ഇന്ത്യൻ സമൂഹങ്ങൾ പിന്തുടരുന്നത്. സമകാലീന ഇന്ത്യയിലുണ്ടായ ഭിന്നശേഷി അവകാശ സമരങ്ങളോടും തൊഴിൽ സംവരണ നിയമങ്ങളോടും മുന്നാക്ക വിഭാഗ സ്ഥാപനങ്ങൾ കാണിക്കുന്ന അസഹിഷ്ണുത ഇതിന്റെ ഉപരിപ്ലവ പ്രതിഫലനമാണ്. അത്തരം ഘടകങ്ങളെ കൂടി പരിഗണിച്ചുകൊണ്ട് മാത്രമേ മലയാളത്തേയും കേരളീയതയെയും കുറിച്ചുള്ള ഭിന്നശേഷി പഠനങ്ങൾ മുന്നോട്ട് കൊണ്ടുപോവാൻ സാധിക്കു.

ശാരീരികഭിന്നതകളും മലയാള പൊതുബോധവും

പലതരം സാമൂഹ്യ ശ്രേണീകരണത്തിന്റെ ദീർഘ ചരിത്രമുള്ള ദേശമാണ് മലയാളികളുടേത്. അതുകൊണ്ട് തന്നെ ദേശത്തെയും സംസ്കാരത്തെയും നിർണ്ണയിക്കുന്ന വ്യവഹാര ഭാഷയിലും വമൊഴി - വരമൊഴി സാഹിത്യത്തിലും മിത്തുകളിലുമെല്ലാം അതിന്റെ അടയാളങ്ങൾ കാണാനാവും. ശരീരകേന്ദ്രിതമായി പോലും ജാതീയ അസമത്വങ്ങൾ നിലനിന്ന കേരളീയ സമൂഹങ്ങളിൽ അത്തരം പാർശ്വവൽകൃത വിഭാഗങ്ങളോടെന്ന പോലെ സൂക്ഷ്മമായ ഒരു ശരീര അധികാരത്തിലാണ് പൊതു

സമൂഹം ശാരീരികപരിമിതികൾ ഉള്ളവരോടും ഇടപെട്ടത്. ജാതി പോലെ പ്രകടമായി കാണാനാവില്ലെങ്കിലും സമൂഹിക സന്ദർഭങ്ങൾ, കലാ- സാഹിത്യ പ്രതിനിധാനങ്ങൾ എന്നിവ നിരീക്ഷിച്ചാൽ ഇത് വ്യക്തമാവും. നവോഥാന പ്രക്രിയയിലൂടെ ആധുനികതയിൽ എത്തി നിൽക്കുമ്പോൾ, ഭിന്നശേഷിയെ സംബന്ധിച്ച അവബോധങ്ങൾ അതാത് സമൂഹങ്ങൾക്കുള്ളിൽ പരിവർത്തനവിധേയമായിട്ടുണ്ട് എങ്കിലും അടിസ്ഥാനപരമായ ചില പൊതുബോധങ്ങളുടെ സ്ഥിരീകരണവും കൈമാറ്റങ്ങളും ഇതിൽ കാണാനവും. ഈ അടിസ്ഥാന ധാരണകളെ നിർമിക്കുന്ന അനുഭവങ്ങളെ ജനകീയമാകുന്നതും സമൂഹ മനസ്സിൽ കുടിയിരുത്തുന്നതും അതാത് സമൂഹങ്ങളിലെ വമൊഴി പാരമ്പര്യവും വ്യവഹാരഭാഷയുമാണ്. ഇന്ത്യൻ ജനത വേദകാലം മുതൽ ശാരീരിക ഭിന്നതകളെ എങ്ങനെ പരിഗണിക്കുന്നു എന്നും അവ പിൽക്കാല സമൂഹങ്ങളുടെ സാഹിത്യത്തിലും സാമൂഹ്യ- സാംസ്കാരിക ബോധത്തിലും എങ്ങനെയെല്ലാം പ്രവർത്തിച്ചു എന്നും ജി എൻ കർണ്ണ, സി രാഘവറെഡ്ഡി തുടങ്ങിയവരുടെ പഠനകളെ മുൻനിർത്തി ' Representing the Stigmatized Other : Disability in Selected Indian Fiction in English ' എന്ന തന്റെ പഠനത്തിൽ ഡോ. ശാഹൽ ഹമീദ് നിരീക്ഷിക്കുന്നുണ്ട് ((Hameed, 2019:4). മിത്തുകളിലൂടെയും ഇതിഹാസ പുരാണങ്ങളിലൂടെയും ജനപ്രിയമായി തീർന്ന ചില മുൻധാരണകളാണ് ഇത്തരം ജനാവിഭാഗങ്ങളെ കുറിച്ച് ഇന്നും മുഖ്യധാര സമൂഹവും അതിന്റെ സൃഷ്ടിയായ സാഹിത്യവും ആഘോഷിക്കുന്നതെന്ന് പ്രസ്തുത പ്രബന്ധത്തിൽ ലേഖകൻ സമർഥിക്കുന്നുണ്ട്. കേരളീയ സമൂഹത്തിനും ഇത്തരം പാരമ്പര്യ ബോധത്തിലൂന്നിയ സാമൂഹ്യ ഇടപെടൽ സ്വഭാവികമാണ്.

പ്രധാനമായും രണ്ടു തരത്തിലാണ് ഭിന്നശേഷിക്കാർ സമൂഹത്തിൽ സ്ഥാനപ്പെടുന്നത്. ഒന്നാമതായി, യാതൊരുവിധ ഇടപെടലുകളും നടത്താൻ സാധിക്കാതെ തീർത്തും കർതൃത്വമില്ലാത്ത അബല ജീവികളായി ഭിന്നശേഷിക്കാരെ കാണുന്നതാണ്. ഇതിനെ ഭിന്നശേഷിയുടെ ശൂന്യ വൽക്കരണം എന്ന് പറയാം. പരിഹാസ പാത്രങ്ങളായും അപശകുനങ്ങളായും നീചവ്യക്തികളായും കാണുന്ന മനോഭാവം ഈ ശൂന്യത വൽക്കരണത്തിന്റെതാണ്. രണ്ടാമതായി, ഭിന്നശേഷിയെ മഹത്വവൽക്കരിച്ച് ദിവ്യത്വം കൽപ്പിക്കുകയും അതിലൂടെ മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തുകയുമാണ്.

ജീവിതത്തിന്റെ പ്രാക്തനമായ ആവിഷ്കാരമായാണ് നാടോടി ആഖ്യാനങ്ങ

ളെ കരുതുന്നത്. ബോധപൂർവമായ വിമർശന ഇടപെടലുകൾ നടക്കാത്തതിനാൽ അതത് സമൂഹങ്ങളുടെ സ്വാഭാവിക ചിന്തകളും മൂല്യ സങ്കൽപ്പങ്ങളും അവരുടെ വമോഴി വിജ്ഞാനത്തിൽ പ്രകടമാവും. അതിനാൽ സമൂഹത്തിലെ പൊതു ബോധത്തെ ഏറ്റവും കൃത്യമായി മനസ്സിലാക്കാനാവുന്നത് ഇവയിലൂടെ ആണ്.

ഭിന്നശേഷി ശാപമോ മോക്ഷമോ ?

ഭിന്നശേഷിയെയും ഗുരുതരരോഗവസ്ഥകളെയും ദുരാത്മാക്കളുടെ പ്രവർത്തനമായി കാണുകയും അതിനെതീരെ മന്ത്രവാദം, കൂരുതി പോലുള്ള അനുഷ്ഠാനങ്ങൾ നടത്തുകയും ചെയ്യുന്നതായിരുന്നു പ്രാചീന മനുഷ്യന്റെ രീതി. മദ്ധ്യകാല യൂറോപ്പിലും ലോകത്തിന്റെ പലഭാഗത്തും ഈ വിശ്വാസം ശക്തമായിരുന്നു. വസൂരി പോലുള്ള മാരക രോഗങ്ങൾക്ക് തെയ്യം കെട്ടി ആടുന്ന പതിവ് വടക്കൻ മലബാറിൽ ഉണ്ടായിരുന്നു. സമാനമായ രീതിയിൽ അനുഷ്ഠാന ഗാനങ്ങൾ പാടുന്ന രീതി മലബാറിലെ മുസ്ലിംങ്ങൾക്കിടയിലും ഉണ്ടായിരുന്നു. 'വസൂരിമാലപ്പാട്ട്' തുടങ്ങിയ പേരുകളിൽ അത് അറിയപ്പെട്ടിരുന്നു. ശാരീരിക പരിമിതികൾ ഇല്ലാതിരിക്കാനും ഇത്തരം ആചാരങ്ങൾ നടത്തിയിരുന്നു. ശരീര അവയവങ്ങളുടെ ആകൃതിയിൽ അപ്പം ഉണ്ടാക്കി നടത്തുന്ന അപ്പവാണിഭ നേർച്ചകൾ അതിന് ഉദാഹരണമാണ് (വാസിൽഅദനി 2021). സമാനയരീതിയിൽ വെള്ളികൊണ്ട് അവയവങ്ങൾ ഉണ്ടാക്കി കാഴ്ച വെക്കുന്ന ആചാരങ്ങളും ഉണ്ട്. ഗർഭവസ്ഥയിൽ സ്ത്രീകളുടെ പേരിൽ നേർച്ച ചെയ്യുന്ന ഇത്തരം ആചാരങ്ങൾ മതങ്ങൾക്കൊ ജാതികൾക്കൊ ഉള്ളിൽ ഒതുങ്ങുന്നതല്ല. പല പ്രാദേശിക ഭേദങ്ങളോടെ കേരളത്തിലെ പല സ്ഥലങ്ങളിലും ഇത് ഇന്നും സജീവമാണ്.

ദൈവ കോപമോ പൂർവ ജന്മത്തിലെ കർമ്മഫലമോ ആയി ഭിന്നശേഷിയെ കാണാൻ തുടങ്ങിയത് സംഘടിത മത സങ്കൽപ്പങ്ങൾ (Organized Religion) ആവിർഭവിച്ചതിന്റെ ഭാഗമായാണ് (Schumm 2016:16-22). ദൈവത്തിന്റെ പരീക്ഷണമോ ദൃഷ്ടാന്തമോ ആയി ഭിന്നശേഷിയെ കാണുകയും ഭിന്നശേഷിക്കാരോട് സഹതാപത്തോടെ വർത്തിക്കുകയും ചെയ്യുന്ന സമീപനമാണ് സെമിറ്റിക് മതങ്ങൾ സ്വീകരിച്ചത്. എന്നാൽ അതിന് വിപരീതമായ സമീപനങ്ങളും മതഗ്രന്ഥങ്ങളിൽ കാണനാവും. 'അന്ധരും മുടന്തുള്ളവരും അൾത്താരയിൽ പ്രവേശികരുത് (Samuel 5:8) പോലുള്ള വചനങ്ങൾ ഇതിന് ഉദാഹരണമാണ്. അവരെ ദാവീദി

ന്റെ ശത്രുക്കളയാണ് തുടർന്ന് പ്രഖ്യാപിക്കുന്നത് വൈകല്യങ്ങളെ പൈശാചികമാ യി കാണുന്ന മനോഭാവത്തിന്റെ തുടർച്ചതന്നെയാണ് ഇതെന്ന് നിരീക്ഷിക്കപ്പെട്ടി ട്ടുണ്ട് (Bord E, 1990:53). സാമൂഹ്യമായി ഭിന്നശേഷിക്കാരോട് സഹതാപത്തോടെ ഇടപെടാൻ സെമിറ്റിക് മതങ്ങൾ ആവശ്യപ്പെടുന്നു. അടിമത്തൊഴിലാളികളായി പോലും ഉത്പാദനസമൂഹം പരിഗണിക്കാത്തതിനാൽ യാചകരായി ജീവിതം നയിക്കാനും അതിലൂടെ രണ്ടാംതരം പൗരന്മാരായി തങ്ങളുടെ സാമൂഹ്യ പദവി പുനർ നിർണ്ണയിക്കാനും ഭിന്നശേഷി സമൂഹം നിർബന്ധിതമാവുന്നത് സെമിറ്റി ക് മതങ്ങളുടെ ഇടപെടൽ കൊണ്ടാണ്. കർമ്മ ഫലങ്ങളോട് ബന്ധിപ്പിച്ചാണ് ഭാരതീയ മത ദർശനങ്ങൾ ഭിന്നശേഷിയെ കണ്ടത്. പ്രാചീന ഗ്രീക്ക് സംസ്കാര ത്തിൽ ഭിന്നശേഷിക്കാരായ കുട്ടികളെ ജനിച്ചയുടൻ തന്നെ നദിയിൽ എറിഞ്ഞു കൊല്ലുന്ന പതിവുണ്ടായിരുന്നു. ശരീരത്തെയും ആത്മാവിനെയും ഒറ്റ സ്വരൂപമായി കരുതിയിരുന്നതിനാൽ ശരീരത്തിന് സംഭവിക്കുന്ന ഏതൊരു ആസ്വഭാവികതയും ആത്മാവിനെക്കൂടി ദുഷിപ്പിക്കുന്നു എന്നവർ വിശ്വാസിച്ചിരുന്നു. (Lowers, 2016) ദൈവകോപം എളുപ്പത്തിൽ പരിഹരിക്കുക എന്നതിനേക്കാൾ, ഒരു ദേശരാഷ്ട്രത്തി ന്റെ സൈനിക - ഉത്പാദന ആവശ്യങ്ങൾക്ക് ഉപകാരമില്ലാത്ത ഒരു വ്യക്തിയെ ഉൾകൊള്ളാൻ അന്നത്തെ ജീവിത ചുറ്റുപാടുകൾ അനുവദിച്ചിരുന്നില്ല എന്നതാണ് യാഥാർഥ്യം. ഇത്തരം പാപ- പുണ്യ സങ്കൽപ്പങ്ങൾക്ക് ലോകത്തെല്ലാം ഏതാണ്ട് സമാനമായ സ്വഭാവമാണെന്ന് അതത് കാലത്തെ കലയും സാഹിത്യവും ചരിത്ര രേഖകളും പരിശോധിച്ചാൽ വ്യക്തമാവും. കേരളീയ സാഹചര്യവും വ്യത്യസ്തമല്ല. ജനിച്ച ശേഷം കൊന്നുകളയുക എന്നത് ഭാരതീയ കർമ്മ സിദ്ധാന്തങ്ങൾക്ക് എതിരായതിനാൽ അത്തരം ആചാരങ്ങൾ കേരളീയ സമൂഹത്തിൽ ഉണ്ടായിരു ന്നില്ല. പകരം അത്തരം ജനനങ്ങൾ ഇല്ലാതാവാൻ മുൻകരുതൽ എന്ന നിലയിലാ ണ് അനുഷ്ഠാനങ്ങൾ നടന്നിരുന്നത്.

വൈകല്യവും വില്ലൻ കഥാപാത്രങ്ങളും

കേരളീയ നാടോടി ആഖ്യാനങ്ങളിൽ ഭിന്നശേഷി കടന്ന് വരാൻ തുടങ്ങി യത് ഏത് കാലഘട്ടം മുതലാണെന്ന് അന്വേഷിക്കുക അസാധ്യമാണ്. സാമാന്യമാ യി പറയുമ്പോൾ കേരള ഉല്പത്തി കഥകളുമായി ബന്ധപ്പെട്ട 'വാമന' അവതാരം പതിവ് ശാരീരിക അളവുകോലുകളിൽ നിന്ന് ഭിന്നമാണ്. വാമനനുമായി ബന്ധ

പ്പെട്ട ഐതിഹ്യം പരിശോധിച്ചാൽ, രണ്ട് തരത്തിലാണ് ഭിന്നശേഷിയെ നമ്മുടെ വമൊഴി വഴക്കങ്ങൾ പിന്തുടരുന്നതെന്ന് കാണാം. ഒന്ന് വൈകല്യമുള്ള ഒരു കഥാപാത്രം നേരിട്ട് പ്രത്യക്ഷപ്പെടുന്നു. രണ്ട് ഭിന്നശേഷിയെ ഒരു രൂപകം (metaphor) ആയി കൊണ്ടുവരുന്നു. ഈ രണ്ടും ഭിന്നശേഷി എന്ന അവസ്ഥയെ സാമൂഹിക മായോ സാംസ്കാരികമായോ സാധൂകരിക്കാനാവാത്ത ഒരിടത്താണ് നിർത്തു ന്നത്. അതിന് ഉദാഹരണമാണ് മേൽ സൂചിപ്പിച്ച ഐതിഹ്യം. ധർമിഷ്ഠാനായ ഒരാളെ കബളിപ്പിക്കാൻ വരുന്നത് ദേവാവതാരം ആണെങ്കിൽ കൂടി അതൊരു അധർമ്മത്തിന്റെ ലാഞ്ചനയുള്ള പ്രവർത്തിയാണ്. ശരീരത്തിൽ അപാകതയുള്ള ഒരാളെ സൃഷ്ടിക്കുന്നതിലൂടെ ആ അധർമ്മം സാധാരണമാണെന്ന അബോധം കേൾവിക്കാരനിൽ പ്രവർത്തിക്കുന്നു. 'കള്ളനെ നമ്പിയാലും കുള്ളനെ നമ്പരുത്' എന്നൊരു സാമാന്യവത്കരണം പഴമൊഴിയിലൂടെ നിർമ്മിച്ചെടുക്കുന്നതിലൂടെ ഈ ബോധം ഒരു പൊതു സമ്മിതിയുള്ള രൂപകമായി വ്യവഹാര ഭാഷയിലും അതുവഴി സമൂഹത്തിന്റെ അബോധത്തിലും പ്രതിഷ്ഠ നേടുന്നു. ദുഷ്ടതയും വൈരൂപ്യതയും കൂടിയ പ്രതിനായക കഥാപാത്രങ്ങളായോ അതിദയനീയ അബല ജീവിതങ്ങളാ യോ ഹാസ്യ ഉത്പാദന ഉപകാരണങ്ങളായോ ഒക്കെയായാണ് ഭിന്നശേഷി കഥാ പാത്രങ്ങൾ നാടോടി കഥകളിൽ പ്രത്യക്ഷപ്പെടുന്നത്. സ്വയം നിർണ്ണയനത്തിനോ കർതൃത്വപരമായ ഇടപെടലിനോ സാധിക്കാത്ത ഈ കഥാപാത്രങ്ങൾ പലപ്പോഴും അസുരരോ രാക്ഷസരോ അവരുടെ സഹായികളോ ആണ്. ഭയത്തിന്റെയും ക്രൂര തയുടെയും ആഘാതം എളുപ്പത്തിൽ പ്രകടിപ്പിക്കാൻ ശാരീരിക ഭിന്നതയെ ഫലപ്ര ദമായി ഇവ ഉപയോഗിക്കുന്നു. ' ഒറ്റമുലച്ചി, ഇരുതലമൂരി, മുക്കണ്ണൻ, ഇരുതല കാടൻ ' തുടങ്ങിയ പേരുകൾ ശാരീരിക ആസ്വഭാവികതകളെ ധ്വനിപ്പിക്കുന്നു എന്നുള്ളത് കൊണ്ടാണ് അവയുടെ മറ്റു അസ്തിത്വങ്ങളെല്ലാം ഉപേക്ഷിച്ച് നമ്മുടെ മിക്ക പ്രേത-യക്ഷി കഥകളിലും ഭയത്തിന്റെ രൂപകമായി പരിണമിക്കുന്നത്.

വൈകല്യ ആഖ്യാനങ്ങളിലെ പ്രശ്നങ്ങൾ

ഉള്ളടക്കത്തെ മാത്രമല്ല പാഠത്തിന്റെ (text) ഭാഷയേയും മറ്റ് ആഖ്യാന -സൗന്ദര്യശാസ്ത്ര ഘടകങ്ങളെ പോലും നിർണ്ണയിക്കുന്നതിലും നിയന്ത്രിക്കുന്നതിലും ഭിന്നശേഷിത്വം ഇടപെടുന്നു. ഇത്തരത്തിൽ ശാരീരിക ആസ്വാഭാവികതകളെ മറു പുറത്ത് നിർത്തികൊണ്ടുള്ള ദ്വന്ദ്വ നിർമ്മിതിയിലൂടെയാണ് ഈ ആഖ്യാനങ്ങൾ

നന്മതിന്മകളെ വിശദീകരിക്കുന്നത്. നന്മ ഒരു മനുഷ്യ ഗുണം ആണെന്നും മനുഷ്യൻ എന്നത് പൂർണ്ണ ശരീരനായ ഒരു വ്യക്തിയാണെന്നും ഇവിടെ ഉറപ്പിക്കുന്നു. 'കണ്ണില്ലാത്ത ക്രൂരത, കണ്ണ് പൊട്ടുന്ന തെറി, കണ്ണിൽ ചോരയില്ലാത്ത പ്രവർത്തി' തുടങ്ങിയ പ്രയോഗങ്ങളെ പൊതു മണ്ഡലത്തിന് സംഭാവന ചെയ്യുന്നതും അവയുടെ ആലങ്കാരികത അർത്ഥപൂർണ്ണമാക്കുന്നതും ഇത്തരം ആഖ്യാനങ്ങളും അവയിലൂടെ രൂപപ്പെടുന്ന ധാർമികതയുമാണ്. അതുകൊണ്ടുതന്നെ ഇവ കേവലം കഥകളോ കഥാപാത്രങ്ങളോ അല്ല പ്രതിനിധാനങ്ങൾ കൂടിയാണ്. ഭിന്നശേഷിയെ ആവിഷ്കരിക്കേണ്ടി വരുമ്പോൾ ആഖ്യാനങ്ങളുടെ ഉള്ളടക്കവും മറ്റ് ആഖ്യാന തന്ത്രങ്ങളും പതിവിൽ നിന്ന് വ്യതിചലിക്കുന്നതായി കാണാം. ഭിന്നശേഷി ശരീരങ്ങൾ നായിക/നായക സ്ഥാനത്ത് വരുമ്പോൾ പതിവ് ' ധീരോദാത്ത അതിപ്രതാപ ഗുണ' ങ്ങൾ ഒന്നുമില്ലാത്ത അബല ജീവികളായി മാറുന്നു. ഇവരെ പ്രണയിക്കാനും സംരക്ഷിക്കാനും ദേവതുല്യരായ രാജകുമാരിയോ കുമാരനോ കുതിരപ്പുറത്തു വന്നെത്തുന്നതും ശാപമോക്ഷം നൽകി ശാരീരിക പരിമിതികൾ പരിഹരിക്കപ്പെടുന്നതുമാവും കഥാന്ത്യം. കൂനുള്ള രാജകുമാരനെ പ്രണയിച്ച ഗ്രാമ ബാലികയും അന്ധയായ ഗായികയെ പ്രണയിക്കുന്ന രാജകുമാരനും പല പാഠഭേദങ്ങളുള്ള ബാല കഥകളാണ്. ഇത്തരത്തിൽ പുരുഷധികാരത്തിന്റെ ബ്രഹത് രൂപമായ സാമൂഹികവ്യവസ്ഥയിൽ സംരക്ഷിക്കപ്പെടേണ്ടതോ പരിഹരിക്കപ്പെടേണ്ടതോ ആണ് ഭിന്നശേഷി എന്ന ഉടമസ്ഥ ബോധമാണ് ഇവിടെ പ്രവർത്തിക്കുന്നത്. വ്യക്തിയെന്ന സ്വഭാവികവും ജന്മസിദ്ധവുമായ പരിഗണന നേടിയെടുക്കുന്നതിന് ഭിന്നശേഷിക്കാർ സ്വയം തെളിയിക്കേണ്ടതോ പോരാടേണ്ടതോ ആയ അവസ്ഥ ഇവിടെ സംജാതമാവുന്നു. ഉത്പാദനപരമായി ഇടപെടാൻ സാധിക്കാത്ത വെറും സ്വീകർത്താക്കൾ മാത്രമായാണ് ഭിന്നശേഷിക്കാരെ ഈ കഥകൾ അവതരിപ്പിക്കുന്നത്. 'നട്ടെല്ലില്ലാത്ത നിലപാട്, കയ്യിന് എല്ലില്ലാത്ത പ്രവർത്തി' തുടങ്ങിയ, നട്ടെല്ലിനെയും നെഞ്ചിന്റെ ബലത്തെയും സൂചിപ്പിക്കുന്നതും അവ ആണത്തത്തിന്റെ മാനദണ്ഡമായി പരിഗണിക്കുന്നതുമായ നിരവധി പ്രയോഗങ്ങൾ ഭാഷയിൽ കാണാം. ശാരീരികമായ അധികാരത്തിന്റെയും സ്വീകരണത്തിന്റെയും കൂടെ അടിസ്ഥാനത്തിലാണ് ഒരാളുടെ കർതൃത്വ പദവി നിശ്ചയിക്കപ്പെടുന്നതെന്ന പൊതു ധാരണ സ്ഥിരപ്പെടുത്തുന്നത് ഇത്തരം ആഖ്യാനങ്ങളിലൂടെയും ഭാഷാ പ്രയോഗങ്ങളിലൂടെയുമാണ്.

വൈകല്യം ഒരു ശിക്ഷാമാർഗ്ഗം എന്ന നിലയിൽ

അംഗഭംഗത്തേയും ശാരീരിക പരിമിതികളേയും നീച പ്രവർത്തികൾക്ക് കിട്ടുന്ന ശിക്ഷയായാണ് പലപ്പോഴും ബാലസാഹിത്യങ്ങളിൽ അവതരിപ്പിക്കുന്നത്. കുഞ്ഞിനെ മോഷ്ടിച്ച രാക്ഷസന്റെ കണ്ണ് നഷ്ടമാവുന്നതും അഹങ്കാരം കാണിച്ച ആനയുടെ മൂക്ക് നീണ്ട് തുമ്പിക്കൈ ആയതുമൊക്കെ വളരെ പ്രചാരമുള്ള കഥകളാണ്. ദൈവ ശിക്ഷയെക്കുറിച്ചും സമൂഹ ശിക്ഷയെക്കുറിച്ചും കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുന്നത് പലപ്പോഴും ഈ കഥകളിലൂടെയാണ്. ഇത്തരം വിശ്വാസങ്ങൾക്ക് പ്രാചീന സംസ്കാരങ്ങളിൽ വലിയ സ്വാധീനം ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ കുറ്റങ്ങൾക്ക് ശിക്ഷയായി പല ഗോത്രങ്ങളും കുറ്റവാളിയുടെ അംഗഛേദം നടത്തിയിരുന്നു. ബാബിലോണിയൻ ഭരണാധികാരിയായിരുന്ന ഹമ്മുറബിയുടെ (1792-1750 ബി.സി.ഇ.) നിയമ സംഹിതയിലെ 'കണ്ണിന് കണ്ണ് പല്ലിന് പല്ല്' പോലുള്ള പ്രഖ്യാപനങ്ങൾ ഇതിന് ഉദാഹരണമാണ്. സമാനമായ ശിക്ഷാ നടപടികൾ ലോകത്തിൽ മിക്ക സമൂഹങ്ങളിലും പല തരത്തിൽ നിലനിന്നിരുന്നു. വേദം കേൾക്കുന്ന ശൂദ്രന്റെ ചെവിയിൽ ഇയ്യം ഉരുക്കി ഒഴിക്കുന്ന രീതി ഭാരതീയ സംസ്കാരങ്ങളുടെ ഭാഗമായിരുന്നു. എന്നാൽ ബ്രഹ്മണ ശരീരങ്ങൾ ഇത്തരം കഠിന ശിക്ഷകൾ അനുഭവിച്ചിരുന്നില്ല. പകരം ശ്രുചീന്ദ്രം കൈമുക്ക് പോലുള്ള തൊലിപ്പുറത്തുള്ള ശിക്ഷകളായിരുന്നു അവര്ക്ക് നല്കിയിരുന്നത്. ജാതി എങ്ങനെ ശാരീരികമായി വൈകല്യത്തെ വഹിക്കുന്നു എന്നതിന്റെ ഉദാഹരണമാണിത്. 'കളവ് പറഞ്ഞാൽ കണ്ണ് പൊട്ടി പോവും' എന്ന് വളരെ നിഷ്കളങ്കമായി പറഞ്ഞു പഠിപ്പിക്കുമ്പോൾ ഊട്ടിയുറപ്പിക്കുന്ന വിശ്വാസം അബോധമായി നമ്മിൽ പ്രവർത്തിക്കുന്നുണ്ട്. അനർഹമായി രാമായണവിവർത്തനം നടത്തിയതിന് കിട്ടിയ ദൈവ ശിക്ഷയായി വള്ളത്തോൾ നാരായണ മേനോന്റെ കേൾവിക്കുറവിനെ വിലയിരുത്താൻ പോലും മടിക്കാത്ത തരത്തിൽ നമ്മുടെ സാഹിത്യ പൊതു മണ്ഡലത്തിന് സാധിച്ചത് ഈ അബോധ യുക്തിയുടെ പ്രവർത്തനമാണ്. അത് കേവലമായ വരേണ്യ അസഹിഷ്ണുത അല്ല. അധികാര വർഗ്ഗത്തിന് ഏറ്റവും എളുപ്പത്തിൽ നടപ്പാക്കാവുന്ന ശിക്ഷ വിധികളാണ് വൈകല്യ വൽക്കരണം. ആധുനിക കാലത്ത് പോലും പല അറബ് രാഷ്ട്രങ്ങളിലും കരഛേദവും തല വെട്ടലും ശിക്ഷകളായി നിലനില്ക്കുന്നുണ്ട്.

വൈകല്യത്തെ ഭാവനചെയ്യുമ്പോൾ

ഏതൊരു സ്വത്വത്തിന്റേയും ജീവിതാനുഭവങ്ങൾ പോലെ സവിശേഷവും ചിലപ്പോൾ വൈയക്തികവുമാണ് ഭിന്നശേഷി അനുഭവങ്ങളും. അതുകൊണ്ട് തന്നെ പൊതുസമൂഹത്തിന്റെ ഭാവനയിലുള്ള ഭിന്നശേഷി ആവിഷ്കാരങ്ങളിൽ ചില പ്രശ്നങ്ങൾ കാണാനാവും. തങ്ങളുടെ ഏതെങ്കിലും ഒരു അവയവത്തിനോ ഇന്ദ്രിയ അനുഭവങ്ങൾക്കോ താത്കാലികമായി നേരിടുന്ന പ്രവർത്തനപരിമിതിയുമായി (impairment) താരതമ്യം ചെയ്തുകൊണ്ടാണ് പൊതുവെയുള്ള ഭിന്നശേഷി അഖ്യാനങ്ങൾ ഉണ്ടാവുന്നത്. 'അന്ധന്മാർ ആനയെ കാണുന്ന' കഥ ഇതിനൊരു ഉദാഹരണമാണ്. വെളിച്ചം നഷ്ടപ്പെടുന്ന ഇന്ദ്രിയാനുഭവമായി അന്ധതയെ താതാത്മ്യപ്പെടുത്തുന്നതിലൂടെ കാഴ്ചപരിമിതി തിരിച്ചറിവിന്റെയും ലോകവീക്ഷണത്തിന്റെയും കൂടെ പരിമിതിയായി മനസ്സിലാക്കപ്പെടുന്നു.

"പല മതസാരവുമേകമെന്നു പാരാ-/തുലകിലൊരാനയിലന്ധരെന്നപോലെ.
പലവിധയുക്തി പറഞ്ഞു പാമരന്മാ-/ രലവതു കണ്ടലയാതമർന്നിടേണം.
സാരം" (ബാലകൃഷ്ണൻ നായർ, 1990:53)

എന്ന് പ്രതീകവൽക്കരിക്കുമ്പോൾ കുമാരനാശനിലും പ്രവർത്തിച്ചത് ഈ കഥയും അത് രൂപപ്പെടുത്തിയ പൊതു ബോധവുമായിരിക്കണം. വിജയകരമായ ആശയവിനിമയം സാധ്യമാവാത്ത അവസരങ്ങളെ സൂചിപ്പിയ്ക്കാൻ നാം ഉപയോഗിക്കുന്ന 'ഇരുട്ടിൽ തപ്പുക, മുടന്തൻ ന്യായങ്ങൾ' 'അധികാരത്തിന്റെ ബധിര കർണ്ണങ്ങൾ' തുടങ്ങിയ പ്രയോഗങ്ങളും ഭിന്നശേഷി അനുഭവങ്ങളുടെ സാമാന്യവൽക്കരണത്തിന്റെ പരാജയപ്പെട്ട ഉദാഹരണങ്ങളാണ്.

വൈകല്യത്തെ നോക്കിയുള്ള ചിരികൾ

തമാശകളെന്ന വ്യാജേന ശാരീരിക-വൈകാരിക അതിക്ഷേപങ്ങൾ നേരിടുന്നവരാണ് എല്ലാ പാർശ്വവൽകൃത സമൂഹങ്ങളും. സ്ത്രീ വിരുദ്ധതയും ജാതി-വർണ്ണ വിരുദ്ധതകളും ഉൾകൊള്ളുന്ന തമാശകളെ രാഷ്ട്രീയശരികേടിന്റെ (politically incorrect) പേരിൽ ചോദ്യം ചെയ്യാൻ, വൈകിയാണെങ്കിലും പൊതു സമൂഹം തയ്യാറാവുന്നുണ്ട്. എന്നിരുന്നാലും ഭിന്നശേഷി വിരുദ്ധമായ തമാശകൾ ഇപ്പോഴും വലിയ തോതിൽ സാധാരണവൽക്കരിയ്ക്കുന്നതായി(normalization) കാണാനാവും. പഴഞ്ചൊല്ലുകളിലും കടംങ്കകളിലും ഭാഷാപ്രയോഗങ്ങളിലുമുള്ള

ഹാസ്യത്തിൽ പൊതിഞ്ഞ ദളിത് വിരുദ്ധതയും സ്ത്രീ വിരുദ്ധതയും കേരളീയ പശ്ചാത്തലത്തിൽ പുതിയ കാലത്ത് പഠന വിധേയമാവുന്നുണ്ട്. എന്നാൽ ഭിന്നശേഷി വിരുദ്ധത അത്തരത്തിൽ ആഴത്തിലുള്ള പഠനത്തിന് വിധേയമാവുന്നില്ല. വ്യക്തി അധിക്ഷേപം എന്നതിൽ കവിഞ്ഞ് ഇതൊരു ജനാധിപത്യ സമൂഹത്തിന്റെ പൊതു പ്രശ്നമാണെന്ന് തിരിച്ചറിയപ്പെടുന്നില്ല. തെക്കൻ കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു നാടൻ തമാശ പാട്ടാണ്

"പെപ്പെരെപെരെ പെരെ പേരക്ക / ഒറ്റക്കാലൻ ചിറ്റപ്പാ
എന്റെ പറമ്പിൽ തുറല്ലേ / ചേട്ടന്റെ പറമ്പിൽ തുറിക്കോ "

ഈ പാട്ടിനെ ഹാസ്യത്മകമാക്കുന്നത് ഒറ്റക്കാലൻ ചിറ്റപ്പൻ എന്ന അപൂർണ്ണനായ മനുഷ്യന്റെ ദൃശ്യമാണ്. ശൌചലയങ്ങൾ ഉപയോഗിക്കുന്ന ശീലം താരതമ്യേന അപൂർവ്വമായിരുന്ന ഒരു കാലത്ത് 'ചിറ്റപ്പന്റെ' ഈ പ്രവർത്തി അത്രകണ്ട് പരിഹസിക്കപ്പെടാൻ സാധ്യതയുള്ള ഒന്നല്ല. ഇവിടെ ഹാസ്യം ജനിപ്പിക്കുന്നത് അയാളുടെ ശാരീരിക അവസ്ഥയാണ്. കേവലം പ്രാസം ഒപ്പിക്കൽ മാത്രമല്ല ഇവിടെ 'ഒറ്റക്കാലി'ന്റെ ലക്ഷ്യം. അരുന്ധതി റോയിയുടെ 'കുഞ്ഞുകാര്യങ്ങളുടെ ഒടേ തമ്പുരാ'നിൽ ഈ പാട്ടിന്റെ മറ്റൊരു പാഠഭേദം ഉൾപ്പെടുത്തിയിട്ടുണ്ട് (അരുന്ധതി റോയി, 2011:181). ഈ പാട്ട് കൂടുതൽ ജനപ്രിയമാവുന്നത് 1999 ൽ പുറത്തിറങ്ങിയ 'ഒളിമ്പ്യൻ അന്തോണി ആദം' എന്ന സിനിമയിലൂടെയാണ്. സിനിമയിൽ ഈ പാട്ടിന്റെ നൃത്തച്ചുവടുകൾ ഒറ്റക്കാലിൽ ഊന്നിയുള്ളതാണെന്ന് കാണാം. വാമൊഴിയായി കേൾക്കുന്ന സമയത്തും ഇതേ ഒറ്റക്കാൽ നൃത്തമാണ് ഹാസ്യം ജനിപ്പിക്കുന്നത്.

പഴഞ്ചൊല്ലുകളിലും കടം കഥകളിലുമാണ് ഹാസ്യവൽക്കരണത്തിന്റെ നിർദോഷകരം എന്ന് തോന്നിപ്പിക്കുന്ന ഭിന്നശേഷി വിരുദ്ധത കൂടുതൽ പ്രകടമായി കാണാനാവുക.

'മൂക്കില്ലാ രാജ്യത്ത് മുറിമൂക്കൻ രാജാവ്,
പൊട്ടനെ ചട്ടൻ ചതിച്ചാൽ ചട്ടനെ ദൈവം ചതിക്കും,
പൊട്ടന് പട്ടം കിട്ടിയപോലെ,
പൊട്ടക്കണ്ണൻ മാങ്ങയെറിഞ്ഞതുപോലെ,
കയ്യില്ലാത്തവൻ വിരലിലാത്തവനെ കളിയാക്കുന്നു, '

തുടങ്ങി ഭിന്നശേഷിയെ പ്രത്യക്ഷമായും പ്രതീക വത്കരിച്ചും അവതരിപ്പിക്കു

ന്ന ധാരാളം ചൊല്ലുകൾ ഭാഷയിലുണ്ട്. ഇവയൊക്കെ രൂപപ്പെടുന്നത് മിക്കപ്പോഴും ഏതെങ്കിലും ഒരു കഥയുടെയോ സംഭവ വിവരണത്തിന്റെയോ ചുരുക്കെഴുതയാണ്. ഓരോ സമൂഹവും സ്വംശീകരിക്കുന്ന ജീവിതവീക്ഷണത്തിന്റെ ചുരുക്കെഴുത്തായാണ് ഇത്തരം ചൊല്ലുകളെയും പ്രയോഗങ്ങളെയും നാടോടി വിജ്ഞാനീയ പഠിതാക്കൾ കാണുന്നത്. ഈ ജീവിതവീക്ഷണങ്ങളിൽ ഭിന്നശേഷിക്കാർ അന്യവൽക്കരിക്കപ്പെടുന്നതിന്റെ ദീർഘ ചരിത്ര രേഖകൾ കൂടിയാണ് ഇത്തരം പ്രയോഗങ്ങൾ.

പഴംചൊല്ലുകളെ പോലെ തന്നെ അതാത് സമൂഹത്തിന്റെ അറിവ് ഉത്പാദനത്തിന്റെയും വിതരണത്തിന്റെയും മാധ്യമമാണ് കടം കഥകൾ. കടം കഥകളും പലപ്പോഴും ഭിന്നശേഷിയെ വികൃതമായാണ് ചിത്രീകരിക്കുന്നതും പ്രതീകവൽക്കരിക്കുന്നതും.

'ഒറ്റക്കാലൻ ചന്തക്ക് പോയി / ഒറ്റക്കാലൻ രാജാവിന് ഓടാക്കുതിരകൾ രണ്ടെണ്ണം' (കൂട)

'ഒറ്റക്കണ്ണൻ ചന്തക്ക് പോയി '(അടയ്ക്ക)

'മുക്കണ്ണൻ ചന്തക്ക് പോയി '(തേങ്ങ)

'ഒറ്റക്കാലൻ മന്ത്രകാലൻ, നിന്നുതിരിഞ്ഞിട്ടാർപ്പും വിളിയും' (തൈരു കടയുന്നത്).

തുടങ്ങിയ നിരവധി ഉദാഹരണങ്ങൾ ഭാഷയിൽ കാണാനാവും. പഴഞ്ചൊല്ലുകളിൽ നിന്ന് ഭിന്നമായി കടംകഥകൾ ഭിന്നശേഷിയെ രൂപകമായി മാത്രമാണ് ഉപയോഗിക്കുന്നത്. ഇത്തരം താരതമ്യങ്ങൾ രൂപകത്തിന്റെയോ ഉപമയുടെയോ സാമാന്യധർമം പാലിക്കുന്നവയും സ്ഥിരവും അയാൽ മാത്രമേ കടംകഥ വിജയിക്കുകയുള്ളൂ. അതായത് പൊതു സമ്മിതി നേടിയതോ നേടാൻ സാധ്യതയുള്ളതോ ആയ രൂപകമായി (metaphor) ശാരീരിക പരിമിതികൾ ഇവിടെ സ്ഥിരപ്പെടുന്നു. അറിവിന്റെ നിർമ്മാണത്തിലും വിതരണത്തിലും ഏർപ്പെടുന്നതിനുള്ള ഏറ്റവും അടിസ്ഥാനവും ജനകീയവുമായ മാർഗ്ഗമാണ് കടങ്കഥകളുടേത്. അത്തരം ഒരിടത്ത് ശാരീരിക പരിമിതികൾ ഉള്ളവർ കേവലം ഹാസ്യ ഉപകരണങ്ങൾ മാത്രമാവുന്നതിന്റെ ഉദാഹരണങ്ങളാണ് മുകളിൽ ഉദ്ധരിച്ചവ. അറിവിന്റെ മണ്ഡലത്തിൽ അധീശത്വം എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെ സംബന്ധിച്ച് ചില സൂചനകൾ ഇത് തരുന്നുണ്ട്.

വൈകല്യവും ജാതി-ലിംഗ പദവികളും

ജാതിപരമായും ലിംഗപരമായും അസമത്വം നിലനിന്നിൽക്കുന്ന ഒരു സാമൂഹ്യഘടനയിൽ, ഭിന്നശേഷി ഈ സാമൂഹ്യ ഘടനയോട് ചേർന്ന് പ്രവർത്തിക്കുന്നു, ഈ ശ്രേണിയുടെ അടിത്തട്ടിലുള്ള വിഭാഗങ്ങളിലെ ഭിന്നശേഷിക്കാർ ഇരട്ട പാർശ്വവൽക്കരണം (double marginalization) നേരിടേണ്ടിവരുമ്പോൾ ജാതീയമായോ ലിംഗപരമായോ മേൽകൈ ഉള്ളവർ ഇതിൽനിന്ന് രക്ഷപ്പെടുന്നു.

' പട്ടരിൽ പൊട്ടനില്ല'

എന്ന ചൊല്ല് ഇതിന്ഉദാഹരണമാണ്. ജാതി എത്ര വിദഗ്ധമായാണ് വ്യക്തിയുടെ ഭിന്നശേഷിയെ മറച്ച് പിടിച്ച് അയാൾക്ക് സാമൂഹ്യ സ്വീകാര്യത ഉറപ്പ് നൽകുന്നതെന്ന് ഇത് വ്യക്തമാക്കുന്നു.

ഈ പഴമൊഴിക്ക് നേർ വിപരീതം വെക്കാവുന്ന ചൊല്ലാണ്

'എന്നും ചാന്നാൻ പോഴനല്ല' എന്നത്. ചാന്നാൻ എന്ന വിഭാഗത്തെ പുകഴ്ത്തുകയാണെന്ന് ഒറ്റ വായനയിൽ തോന്നിയേക്കാം. എന്നാൽ ചാന്നാൻ കാലങ്ങളായി പോഴനായിരുന്നു എന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. 'പൊട്ടൻ പറഞ്ഞാൽ പട്ടേരി കേൾക്കുമോ' എന്നൊരു ചൊല്ലും മലയാളത്തിലുണ്ട്. ഇത്തരത്തിൽ ജാതിയെയും ശാരീരിക-ബൌദ്ധിക നിലവാരങ്ങളെയും താരതമ്യം ചെയ്തുകൊണ്ടുള്ള ശൈലികളും മൊഴികളും, ബൌദ്ധികശേഷി ജാതിയാൽ സിദ്ധമാണെന്ന ശേഷി വാദത്തിന്റെ തത്ത്വശാസ്ത്രമാണ് ഊട്ടിയുറപ്പിക്കുന്നത്.

ഭിന്നശേഷിക്കാരായ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതൽ അപരവൽക്കരിക്കപ്പെടുന്നു.

'കാക്കയെ പോലെ കറുത്ത ചീരു/ അരിവാൾ പോലെ വളഞ്ഞ ചീരു
ചക്കച്ചുള പല്ലും പേൻ തലയും/ എനിക്കിന്നാ ചീരുനെ വേണ്ടന്റെട്ടാ'

എന്ന് വടക്കൻ പാട്ടിൽ ഒരു തൊഴിലാളി സ്ത്രീയുടെ ശരീരത്തെ ചിത്രീകരിക്കുന്നത് കാണാം. സ്ത്രീകൾ, അവർണ്ണ തൊഴിലാളികൾ എന്നീ നിലകളിൽ അരികുവൽക്കരിക്കുന്ന സാധാരണ വ്യക്തികളെക്കാൾ താഴെയാണ് ഇത്തരം കഥാപാത്രങ്ങൾ. വിവാഹം, കുടുംബം, തുടങ്ങിയ സംമൂഹ്യ കർതൃത്വങ്ങളിൽ നിന്നെല്ലാം ഇവർ അന്യരാക്കപെടുന്നു. സമാനമായ ഒരു ഉദാഹരണം ഒരു നാടൻ മാപ്പിള പട്ടിലും കാണാം.

'പാത്തുമ്മ പാത്രകണ്ണി /പാത്രകണ്ണോണ്ട് അപ്പം ചുട്ടു

ചുട്ടപ്പം കരിഞ്ഞുപോയി / വന്ന മാപ്പിള തെറ്റി പോയി '

ഇവിടെ അപ്പം കരിഞ്ഞു പോവുക എന്ന പ്രയോഗം കേവലം പാചക വൈദഗ്ധ്യമില്ലായ്മ അല്ല സൂചിപ്പിക്കുന്നത് സ്ത്രീ എന്ന നിലയിൽ സമൂഹം കല്പിച്ചു നൽകിയ ദാമ്പത്യകടമകൾ അടക്കമുള്ള കർത്തവ്യങ്ങളിൽ സംഭവിക്കുന്ന പരാജയം ആണ്. അതുകൊണ്ടാണ് 'മാപ്പിള'(വരൻ) പിണങ്ങിപ്പോവുന്നത്. അതിന് കാരണമാവുന്നത് അവളുടെ 'പാത്രകണ്ണ് ' ആണ്.

'പൊട്ടിയെ കെട്ടിയാൽ കെട്ടിയോൻ പോറ്റുക' എന്ന ചൊല്ലും പുരുഷാധിപത്യ നിയന്ത്രിതമായ കുടുംബവ്യവസ്ഥിതിയിൽ നിന്നുള്ള തിരസ്കാരമാണ് കാണിക്കുന്നത്.

ഭിന്നശേഷിയുടെ പേരിലുള്ള ഇത്തരം പുറത്താക്കലുകൾ സ്ത്രീയുടെ ലൈംഗികതയിലാണ് പലപ്പോഴും ഉന്നം വയ്ക്കുന്നത് എന്ന് കാണാം.

'പണ്ടേ ദുർബല ഇപ്പൊ ഗർഭിണി '

'പൊട്ടത്തിക്ക് കുട്ടിയുണ്ടായ പോലെ '

ഭ്രാന്തത്തിക്ക് ഗർഭമുണ്ടായ പോലെ '

തുടങ്ങിയ പ്രയോഗങ്ങൾ ഇതിന് ഉദാഹരണമാണ്. സമൂഹത്തിന്റെ സദാചാരസങ്കല്പങ്ങളിൽ ലൈംഗികത എന്നാൽ, പുരുഷന് സ്വന്തം സാമൂഹ്യ അധികാരംകൊണ്ട് നേടിയെടുക്കേണ്ടതും രഹസ്യമായി അനുഭവിക്കേണ്ടതും നിയമങ്ങൾക്ക് വിധേയവുമായ ഒന്നാണ്. മാനസീക പ്രശ്നമുളവർക്കും മറ്റ് ഭിന്നശേഷിക്കാരായ സ്ത്രീകൾക്കും അത്തരമൊരു അധികാരമില്ലാത്തതിനാൽ ലൈംഗികാവശ്യങ്ങൾ നിരസിക്കപ്പെടുന്നു. ചുറ്റുമുള്ളവരുടെ സ്വസ്ഥതനശിപ്പിക്കുന്നതരത്തിലുള്ള ഒരാളുടെ പെരുമാറ്റത്തെ കുറിക്കാനാണ് മൂകളിൽ കൊടുത്ത ചൊല്ലുകൾ ഉപയോഗിക്കുന്നത്. ശാരീരിക പരിമിതരായ സ്ത്രീകൾ സാമൂഹ്യ ജീവിതത്തിലേക്ക് കടക്കുമ്പോൾ പുരുഷകേന്ദ്രിത സമൂഹത്തിന്റെ മൊത്തം സ്വസ്ഥത നഷ്ടമാവുന്നു.

'ആരാന്റെ അമ്മക്ക് ഭ്രാന്തായാൽ കാണാൻ നല്ല ചേലാണ് '

എന്ന പ്രയോഗത്തിൽ ഈ സാമൂഹ്യ തിരസ്കരണത്തിന്റെ സൂചനയുണ്ട്.

പുരുഷധികാര സമൂഹ ഘടനയിൽ സ്ത്രീകൾക്ക് കല്പിച്ചു നൽകുന്ന കുടുംബിനി, ഭാര്യ, അമ്മ തുടങ്ങിയ സ്ഥാനങ്ങൾ പോലും ഭിന്നശേഷിക്കാരായ സ്ത്രീകൾക്ക് നിഷേധിക്കപ്പെടുന്നു. അതുകൊണ്ട് തന്നെ സമൂഹത്തിൽ യാതൊരു തരത്തിലുള്ള ഇടപെടലും നടത്താൻ സാധിക്കാത്ത വിഭാഗമായി ഭിന്നശേഷിക്കാരായ സ്ത്രീകളെ ഇത്തരം അഖ്യാനങ്ങൾ മാറ്റുന്നു.

ഉപസംഹാരം

ശരീരത്തിനേയും മനസ്സിനേയും ആസ്പദമാക്കിയുള്ള ശേഷീവാദ ചിന്തകൾക്ക് മാനവരാശിയുടെ ചരിത്രത്തോളം പഴക്കമുണ്ട്. ഒരു സമൂഹത്തിന്റെ തന്നത് ആവിഷ്കാരങ്ങളിലാണ് അതിന്റെ ഏറ്റവും സൂക്ഷ്മമായ അടയാളങ്ങൾ കാണാനാവുക. ഇത്തരം നാടോടി ആഖ്യാനങ്ങളിലൂടെയും അവയും കൂടെ രൂപപ്പെടുത്തുന്ന ജീവിത അവബോധത്തിലൂടെയും ഒരു ജനതയുടെ അബോധത്തിൽ ഊട്ടിയുറപ്പിക്കപ്പെടുന്ന ചിന്തകളാണ് ഭാഷയായും സംസ്കാരമായും സാഹിത്യമായും കലയായുമൊക്കെ ആവിഷ്കരിക്കപ്പെടുന്നത്. അത്തരം അവതരണങ്ങളിൽ വൈകല്യമുള്ളവർ അരികുവൽക്കരിക്കപ്പെടുന്നു എന്ന് പുതിയ കാലം തിരിച്ചറിയുന്നുണ്ട്. എന്നാൽ മറ്റ് ഭാഷകളുമായി താരതമ്യം ചെയ്യുമ്പോൾ മലയാളത്തിലെ സമകാലിക കലയിലും സാഹിത്യത്തിലും കാണുന്ന ഭിന്നശേഷി ആവിഷ്ക്കാരങ്ങൾ ഇതിൽ നിന്ന് ഏറെയൊന്നും മുന്നോട്ട് പോയിട്ടില്ല എന്നതാണ് സത്യം.

സഹായക ഗ്രന്ഥങ്ങൾ

1. അരുന്ധതി റോയി, പ്രിയ എ.എസ്. (വിവ)., കുഞ്ഞുകാര്യങ്ങളുടെ ഒടേതമ്പുരാൻ. ഡി സി ബുക്സ്, കോട്ടയം, 2011,
2. ബാലകൃഷ്ണൻ നായർ ജി. (വ്യാഖ്യ.), ശ്രീനാരായണഗുരുദേവ കൃതികൾ സമ്പൂർണ വ്യാഖ്യാനം (ഭാഗം ഒന്ന്). കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരം, 2003.
3. വാസിൽ അദനി, "ഇടിയങ്ങര ശൈഖ് അഷവും പോരാട്ടവും", പ്രവാസി രിസാല, 2021 മാർച്ച്, ലക്കം. 11. https://pravasirisala. com/archives/2335 പ്രവേശിച്ചത് 24 ഒക്ടോബർ 2024.
4. Albrecht, Gary L., (Ed.) Handbook of Disability Studies, Sage Publications, London, 2001.
5. Davis, Lennard J., (Ed.), The Disability Studies Reader, (4th edi.), Rutledge publication, New York, 2017.
6. Foucoult Michel, Robert Hurey(Trans.), Power, Penguin Books. England, 1995.
7. Hameed Shahul A. Representing the Stigmatized Other: Disability in Selected Indian Fiction in English. Doctoral thesis. PG and Research department of English The New College Chennai, 2019.
8. Karna G N. Disability Studies in India: Retrospects and Prospects. Gyan Books, New Delhi, 2001.

9. Keith E. "Byrd. A Study of Biblical Depiction of Disability". Journal of Applied Rehabilitattion Counseling. Vol. 21. Issue 4, Dec 1990 https://connect. springerpub. com/content/sgrjarc/21/4/52

10. Dickinson, Lowers, G., The Greek View of Life, Rotledge London, 1957.

11. Reddy Raghava C. "From important to disability and beyond: Critical exploration in disability studies". Sociological Bulletin journal, Vol. 60, Indian Sociological society, 2011.

12. Schumm, Darla Y., Disability and World Religions- An Introduction, Baylor University Press, Waco Texas-76798, 2016.

ഊടി നിസർച്ച് ജേണൽ • ISSN: 2320-5830 • വാല്യം - 12 • ലക്കം - 1 •

ആദ്യകാല മലയാള സ്ത്രീനോവലുകളിലെ പെൺ പ്രതിനിധാനങ്ങൾ

വനജ കെ. വി.
ഗവേഷക, മലയാളവിഭാഗം
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല

പ്രബന്ധസംഗ്രഹം:

സ്ത്രീകളുടെ എഴുത്ത് ഒരു രാഷ്ട്രീയപ്രവർത്തനമാണ്. ബഹുമുഖമായ ലിംഗാധികാരഘടനകളോടുള്ള പ്രതിരോധമായാണ് മിക്ക സ്ത്രീരചനകളും നിലകൊള്ളുന്നത്. ചരിത്രം, പുരാണം, സമൂഹം, സംസ്കാരം തുടങ്ങിയവ സ്ത്രീകളെ എങ്ങനെ നിർവചിച്ചു എന്നും സ്ത്രീയെ എപ്രകാരം പ്രതിനിധാനം ചെയ്തുവെന്നും സ്ത്രീരചനകൾ വെളിപ്പെടുത്താറുണ്ട്. പുരുഷമേധാവിത്വത്തോട് വിധേയപ്പെട്ടു കൊണ്ടും ചെറുതും വലുതുമായ പ്രതിരോധങ്ങൾ തീർത്തുകൊണ്ടുമുള്ള പെൺആഖ്യാനങ്ങളുടെ രാഷ്ട്രീയത്തെ തിരിച്ചറിയുവാനുള്ള ഉപാധിയായാണ് സൂസൻ ലാൻസർ ഫെമിനിസ്റ്റ് ആഖ്യാനശാസ്ത്രം എന്ന വിചാരമാതൃകയെ മുന്നോട്ടുവയ്ക്കുന്നത്. ലിംഗപരമായ വീക്ഷണകോണിൽ നിന്ന് ആഖ്യാന ശാസ്ത്രത്തെ സൂക്ഷ്മമായി പരിശോധിക്കുന്ന വിശകലനരീതിയാണ് ഫെമിനിസ്റ്റ് ആഖ്യാനശാസ്ത്രം. സാഹിത്യത്തിൽ സ്ത്രീകൾ എങ്ങനെ പ്രതിനിധാനം ചെയ്യപ്പെടുന്നു എന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുവാനും ഫെമിനിസ്റ്റ് ആഖ്യാ

നശാസ്ത്രത്തിലൂടെ സാധിക്കും. മലയാളത്തിലെ ആദ്യകാല സ്ത്രീനോവലുകളിലെ പെൺപ്രതിനിധാനങ്ങളെ ഫെമിനിസ്റ്റ് ആഖ്യാനശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ വിശകലനം ചെയ്യുന്നതാണ് ഈ പ്രബന്ധം.

താക്കോൽ വാക്കുകൾ:

ഫെമിനിസ്റ്റ് ആഖ്യാനശാസ്ത്രം, പ്രതിനിധാനം, പ്രതിരോധം, കൊളോണിയൽ ആധുനികത.

ആമുഖം

പത്തൊമ്പതാം നൂറ്റാണ്ടോടുകൂടി പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ പ്രചരണവും വികാസവുമാണ് എഴുത്തിലേക്കും ലിംഗപദവിബോധ്യങ്ങളിലേക്കും സ്ത്രീകളെ നയിച്ചത്. കൊളോണിയൽ വനിതകളുടെ മതപ്രചരണത്തിന്റെ ഫലമായുണ്ടായ ആഖ്യാനരൂപങ്ങൾ ആധുനിക മലയാള നോവൽസാഹിത്യത്തിന്റെ ആവിർഭാവത്തിന് കാരണമായിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെയുള്ള കാലഘട്ടത്തിൽ നിരവധി സ്ത്രീ നോവലുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും ഇവയിൽ നിന്നും മലയാള നോവൽ സാഹിത്യചരിത്രങ്ങളിൽ ഇടംപിടിച്ച എഴുത്തുകാരികളും നോവലുകളും ചുരുക്കമാണ്. ആദ്യകാല മലയാള സ്ത്രീനോവലുകളുടെ ഗണത്തിൽ പെടുത്തിയാണ് ഈ നോവലുകളെ പ്രബന്ധം പരിഗണിക്കുന്നത്. മലയാള നോവൽ സാഹിത്യചരിത്രങ്ങളിൽ ഇടംപിടിച്ച എഴുത്തുകാരികളും നോവലുകളും ചുരുക്കമാണ്. മലയാളത്തിലെ നോവൽസാഹിത്യപഠനങ്ങളിൽ ഭൂരിഭാഗവും പുരുഷ നോവലുകളെ മുൻനിർത്തിയാണ് എഴുതപ്പെട്ടിട്ടുള്ളത്. സാഹിത്യചരിത്രങ്ങളിൽ ആദ്യകാല സ്ത്രീകളുടെ സംഭാവനകൾ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. പുരുഷകേന്ദ്രീകൃതമായ സാഹിത്യമണ്ഡലങ്ങളിൽ നിന്നും സ്ത്രീസാഹിത്യത്തെ വീണ്ടെടുക്കുവാനും സ്ത്രീശബ്ദത്തെയും പെൺ ആഖ്യാന സവിശേഷതകളെയും തിരിച്ചറിയുവാനായി രൂപപ്പെട്ടു വന്നതാണ് ഫെമിനിസ്റ്റ് ആഖ്യാനശാസ്ത്രം (Feminist Narratology). ആഖ്യാനശാസ്ത്രത്തിന്റെ രൂപത്തിലധിഷ്ഠിതമായ വാദങ്ങളെ വെല്ലുവിളിച്ചുകൊണ്ടും ലിംഗരാഷ്ട്രീയത്തിന്റെ കാഴ്ചപ്പാടുകളെ ഉൾച്ചേർത്തുകൊണ്ടും സൂസൻ ലാൻസർ (Susan S. Lanser) മുന്നോട്ടുവെച്ച ചിന്താ പദ്ധതിയാണ് ഇത്. സാമൂഹികവും ചരിത്രപരവുമായ സന്ദർഭങ്ങളെ കണക്കിലെടുത്തുകൊണ്ട് ഫെമി

നിസ്റ്റ് ആഖ്യാനശാസ്ത്രം പാഠത്തെ വ്യവസ്ഥാപിതമായി പരിശോധിക്കുന്നു. പെൺ ആഖ്യാനങ്ങളുടെ ഘടന എന്ത്? അവ നൽകുന്ന ആശയങ്ങൾ എന്തൊക്കെ എന്നിവ തിരിച്ചറിയുവാനുള്ള മികച്ച രീതികളിലൊന്നായി സൂസൻ ലാൻസർ ഫെമിനിസ്റ്റ് ആഖ്യാനശാസ്ത്രത്തെ കരുതുന്നു. ഫെമിനിസ്റ്റ് ആഖ്യാനശാസ്ത്രജ്ഞർ സ്ത്രീ എഴുത്തുകാരുടെ ആഖ്യാന തന്ത്രങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഫെമിനിസ്റ്റ് സൈദ്ധാന്തികർ പാഠത്തെ വ്യാഖ്യാനിക്കുന്ന വേളയിൽ രചയിതാവിന്റെ സ്ത്രീ ബോധവും പ്രത്യയശാസ്ത്ര സവിശേഷതയും ശ്രദ്ധിക്കുന്നുണ്ട്.

ലിംഗഭേദങ്ങളെ പരിഗണിച്ചുകൊണ്ട് ആഖ്യാനരൂപങ്ങൾ ചരിത്രത്തോടും സമൂഹത്തോടും സാഹിത്യത്തോടും എപ്രകാരം സംവദിക്കുന്നു എന്നതിനെ പരിശോധിക്കുകയാണ് ഫെമിനിസ്റ്റ് ആഖ്യാനശാസ്ത്രം ചെയ്യുന്നത്. ഏതൊരു കാലഘട്ടത്തിലെയും കൃതികൾ ലിംഗപദവിവിചാരങ്ങളെ ഉള്ളടക്കം ചെയ്യുന്നു. സമൂഹത്തിലെ ലിംഗപരമായ വിവേചനങ്ങളോടുള്ള സ്ത്രീയുടെ കാഴ്ചപ്പാടുകൾ സ്ത്രീരചനകൾ ഉൾവഹിക്കുന്നുണ്ട്. അതിനാൽ ആദ്യകാല സ്ത്രീനോവലുകളിൽ നിന്നും ലിംഗപദവിയെയും സ്ത്രീപ്രതിനിധാനത്തെയും സംബന്ധിക്കുന്ന ആവിഷ്കാര രീതികളെ കണ്ടെത്താൻ സാധിക്കും.

കേരളീയ സമൂഹവും സ്ത്രീ സ്വത്വബോധവും

1800കളിൽ തന്നെ കേരളത്തിലെ സ്ത്രീകൾ തങ്ങൾ അനുഭവിക്കുന്ന ലിംഗപരവും ജാതീയവുമായ അടിച്ചമർത്തലിനെതിരെ പ്രത്യക്ഷസമരങ്ങൾ നടത്തിയിരുന്നു. ശരീരത്തിന്റെയും നഗ്നതയുടെയും ലൈംഗികതയുടെയും സ്വകാര്യതയ്ക്കുമേലുള്ള സ്വയംനിർണയാവകാശസ്ഥാപനത്തിന്റെ സ്വത്വരാഷ്ട്രീയമാണ് പതിറ്റാണ്ടുകളോളം നീണ്ടുനിന്ന മാറുമറയ്ക്കൽ സമരങ്ങൾക്കുള്ളത്. ശരീരത്തിന്റെയും വസ്ത്രധാരണത്തിന്റെയും മേലുള്ള പുരുഷാധികാരത്തെ എതിർക്കുക എന്നതുതന്നെയായിരുന്നു അന്തർജനങ്ങളുടെ ഘോഷ ബഹിഷ്കരണത്തിന്റെയും രാഷ്ട്രീയം. പുരുഷമേധാവിത്വം രൂപപ്പെടുത്തിയ അലിഖിതനിയമങ്ങൾ സ്ത്രീജീവിതത്തെ നിയന്ത്രിച്ചിരുന്നു. ജാതീയമായും ലിംഗപരമായുമുള്ള അടിച്ചമർത്തലുകൾക്കെതിരെ രൂപപ്പെട്ടുവന്ന "സമുദായ പരിഷ്കരണപ്രസ്ഥാനങ്ങൾ ആദർശാത്മകമായി മുന്നോട്ടുവച്ച ആധുനിക കുടുംബ മാതൃകയിൽ സ്ത്രീകളിൽ നിന്ന് ആവശ്യപ്പെടുകയും പ്രതീക്ഷിക്കുകയും ചെയ്ത റോളുകളും സ്റ്റൈണഗുണങ്ങളും മലയാളി സ്ത്രീയുടെ

ലൈംഗികസദാചാരത്തെയും ഉത്തമസ്ത്രീ കുടുംബിനി സങ്കല്പത്തെയും ചുറ്റിപ്പറ്റിയുള്ള മൂല്യങ്ങൾക്കാണ് ഊന്നൽ കൊടുത്തത്. " (ചന്ദ്രിക, സി. എസ്, 2019:80). പരിഷ്കരണ പ്രസ്ഥാനങ്ങൾക്കൊപ്പം വിവിധ നവോത്ഥാന മാസികകളും രൂപം കൊണ്ടു.

1886ലാണ് *കേരളീയ സുഗുണബോധിനി* എന്ന പേരിൽ തിരുവനന്തപുരത്തുനിന്നും ആദ്യ വനിതാമാസിക ആരംഭിക്കുന്നത്. ധാരാളം വനിതാ മാസികകൾ രംഗത്ത് വന്നതോടെ സ്ത്രീകൾ എഴുതുകയും പ്രസിദ്ധീകരിക്കുകയും ചെയ്യാൻ തുടങ്ങി. ' ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ കേരളത്തിൽ വികസിച്ചുവന്ന ആധുനിക പൊതുമണ്ഡലത്തിൽ സ്ത്രീകൾ എന്നൊരു കൂട്ടായ്മയെ പ്രതിനിധാനം ചെയ്യുന്നു എന്ന അവകാശവാദത്തോടെ വാദപ്രതിവാദം നടത്താൻ ഇവർ തയ്യാറായി. എല്ലാ സ്ത്രീകൾക്കും ചില പൊതുസ്വഭാവങ്ങളും താല്പര്യങ്ങളും ഉണ്ടെന്നും അതു കൊണ്ടുതന്നെ സ്ത്രീകളുടെ പൊതുവായ ചില അവകാശങ്ങൾ സമൂഹം അംഗീകരിക്കേണ്ടതാണ് എന്നും ചില എഴുത്തുകാരികൾ വാദിച്ചു.' (ദേവിക, ജെ, 2011:12)

പൊതുരംഗങ്ങളിൽ സ്ത്രീകളുടേതായ ഒരു ഇടം രേഖപ്പെടുത്താനുള്ള ശ്രമം പല ലേഖനങ്ങളിലും കാണാം. [1] വിദ്യാഭ്യാസം, സ്വാതന്ത്ര്യം, സമത്വം, ധനസമ്പാദന മാർഗങ്ങൾ തുടങ്ങിയ ആശയങ്ങൾ ഇക്കാലയളവിൽ സ്ത്രീലേഖനങ്ങളിൽ കടന്നു വരുന്നുണ്ട്. എങ്കിലും അക്കാലത്തെ സ്ത്രീത്വസങ്കല്പനനിർമ്മിതിയിൽ പരിഗണിക്കപ്പെടാതെ പോകുന്ന വിഷയങ്ങളായ അവർണ്ണ സ്ത്രീജീവിതം, കുടുംബത്തിനുള്ളിലെ സഹനജീവിതം മുതലായവയും ആദ്യകാല സ്ത്രീലേഖനങ്ങൾ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയമായി മാറുന്നു. ആദ്യകാല സ്ത്രീലേഖനങ്ങൾ കൃത്യമായും വരേണ്യവർഗ്ഗസ്വഭാവങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്. പുരുഷാധീശയുക്തികൾക്ക് വഴങ്ങിക്കൊണ്ട് ഗാർഹികമണ്ഡലത്തെ കേന്ദ്രീകരിച്ചായിരുന്നു വനിതാ മാസികകൾ പ്രവർത്തിച്ചത്. പാചകം, സംഗീതം, സ്ത്രീധർമ്മം, ശിശു സംരക്ഷണം, വസ്ത്രധാരണം മുതലായവയെകുറിച്ച് സ്ത്രീകളെ ബോധവതികളാക്കുകയും അതിലൂടെ ഉത്തമസ്ത്രീകളെ സൃഷ്ടിക്കുകയുമായിരുന്നു ഈ ലേഖനങ്ങളിൽ മിക്കതും ലക്ഷ്യം വച്ചത്. "പുരുഷകേന്ദ്രതമായ സാമൂഹ്യ കുടുംബ അധികാരഘടനയിൽ ഭർത്താവിനെയും കുട്ടികളെയും പരിചരിച്ച് തൃപ്തിപ്പെടുത്തുന്ന വിദ്യാഭ്യാസമുള്ള മാതൃകാകുടുംബിനി എന്ന പ്രതീകമാണ് സ്ത്രീസങ്കല്പങ്ങളിൽ വളർത്തേണ്ടത് എന്ന മുതലാളിത്ത താല്പര്യമുള്ള ഉത്തരവാദിത്വമാണ് ഈ മാസികകൾ മുഖ്യമായും നിർവഹിച്ചിട്ടുള്ളത്. " (ചന്ദ്രിക, സി. എസ്, 2019:58). ഈ സാമൂഹ്യ സാഹചര്യത്തിലാണ് ആദ്യകാല മലയാള സ്ത്രീനോവലുകളുടേയും പിറവി.

കൊളോണിയൽ ആധുനികതയും സ്ത്രീനോവലുകളും

കേരളീയരായ സ്ത്രീകളുടെ നോവൽ രചനകൾക്കു മുമ്പ് തന്നെ കൊളോണിയൽ വനിതകൾ മലയാള നോവൽ സാഹിത്യത്തിന് തങ്ങളുടെതായ സംഭാവനകൾ നൽകിയിട്ടുണ്ട്. കൊളോണിയൽ ആധുനികതയുടെ ഉൽപ്പന്നമാണ് നോവൽ എന്ന സാഹിത്യരൂപം. ആദ്യത്തെ ഭാരതീയഭാഷാനോവലായി പരിഗണിക്കുന്നത് 1852 ൽ കാതറിൻ ഹന്ന മുല്ലൻസ് ബംഗാളി ഭാഷയിൽ എഴുതിയ *ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ.* എന്ന നോവലിനെയാണ്. റവ. ജോസഫ് പീറ്റ് ഈ നോവലിന് മലയാള വിവർത്തനം തയ്യാറാക്കി 1858ൽ കോട്ടയം സി. എം. എസ്. പ്രസ്സിൽ നിന്നും അച്ചടിച്ചു പ്രസിദ്ധീകരിച്ചു. മലയാളത്തിലെ ആദ്യത്തെ അച്ചടിക്കപ്പെട്ട നോവലാണ് ഇത്. 1853 പുറത്തിറങ്ങിയ ഇംഗ്ലീഷ് തർജ്ജമയെ അധികരിച്ചാവണം ജോസഫ് പീറ്റ് വിവർത്തനം ചെയ്തത് എന്ന് സ്കറിയ സക്കറിയ അഭിപ്രായപ്പെടുന്നു. (1989:14). 'ആദ്യത്തെ കേരളീയ നോവലാ'യി (ജോർജ് ഇരുമ്പയം, 2012:10) പരിഗണിക്കുന്നത് മിസിസ് കോളിൻസ് 1864 ൽ എഴുതിയ *ദി സ്ലേയർ സ്ലൈൻ* (The Slayer Slain) ആണ്. 1877ൽ *ഘാതകവധം* എന്ന പേരിൽ റിച്ചഡ് കോളിൻസ് ഈ നോവൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു.

ഈ ഗദ്യമാതൃകകളെ നോവലായി പരിഗണിക്കാമോ എന്ന സംശയങ്ങൾ ഉണ്ടായിട്ടുണ്ട്. അന്നത്തെ സമൂഹം നോവൽ എന്ന ആഖ്യാനരൂപമായിട്ടാണ് ഈ കൃതികളെ സ്വീകരിച്ചതെന്ന് നിശ്ചയിക്കാൻ സാധിക്കില്ലെന്ന് പി. പി. രവീന്ദ്രൻ അഭിപ്രായപ്പെടുന്നു (2019:17). പലവിധത്തിലുള്ള ആഖ്യാനപ്രക്രിയകളുടെയും വ്യവഹാരരൂപങ്ങളുടെയും ഒത്തുചേരലിലൂടെയാണ് ഇന്നത്തെ നോവൽ എന്ന ആഖ്യാനരൂപം വികസിച്ചു വന്നത്. അതിനാൽ തന്നെ മലയാളത്തിലെ ആദ്യകാല നോവലുകളിലുൾപ്പെടുത്തിയാണ് ഇവയെ സാഹിത്യ ചരിത്രവും വിലയിരുത്തുന്നത്.

മലയാളനോവലിന്റെ ആവിർഭാവം തന്നെ കൊളോണിയൽ വനിതകളുടെ മതപ്രചരണത്തിന്റെ ഫലമായുണ്ടായ ആഖ്യാനരൂപങ്ങളിൽ നിന്നാണ്. ക്രിസ്തുമത പ്രചരണത്തിനു സ്ത്രീകളുടെ ഭാഗത്തുനിന്നും നേതൃത്വം ഉണ്ടാവണമെന്ന ആവശ്യം ഉയരുന്നതും മതപ്രചരണം വിവേചനാത്മകമായ ഒരു പ്രവർത്തനമായി മാറുന്നതും ലിബറൽമൂല്യങ്ങളുടെ പരിസരത്തിലാണ്.[2] സ്ത്രീകൾ മതപരമായ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നതിന്റെ ഭാഗമായി ക്രിസ്തുമതത്തിന്റെ മൂല്യങ്ങൾ പ്രചരി

പിക്കുന്നതിനും മതപരിവർത്തനത്തിനുമായി തിരഞ്ഞെടുത്ത മാർഗ്ഗങ്ങളിലൊന്നാ യിരുന്നു ഇത്തരം ഗദ്യാഖ്യാനങ്ങൾ.

*ഫുൽമോനി*യുടെ വിവർത്തനത്തിൽ 'ഇന്ത്യയിലെ സ്ത്രീജനങ്ങൾക്ക് പ്രയോ ജനത്തിനായി ഒരു മദാമ്മ അവർകൾ എഴുതിയ ഇമ്പമായ ചരിത്രങ്ങൾ' എന്ന് തുടക്കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്ത്രീകളിലൂടെ സമൂഹപരിവർത്തനം സാ ധ്യമാക്കുന്ന ഇതിവൃത്തമുള്ള ഈ ആഖ്യാനം സ്ത്രീകളെ തന്നെയാണ് ലക്ഷ്യം വയ്ക്കു ന്നതും. അധിനിവേശ ആധുനികതയിലെ പ്രമേയങ്ങളായ സാമൂഹിക പുരോഗതി, പരിഷ്കരണ ത്വര, കുടുംബഭദ്രത, സ്ത്രീസ്വാതന്ത്ര്യം തുടങ്ങിയവയെ കുറിച്ചുള്ള ചർച്ചക ളിലാണ് ആധുനിനോവലുകളുടെ ഇതിവൃത്തം രൂപപ്പെടുന്നത്. *ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ* എന്ന നോവലിന്റെ ആഖ്യാനം ഇതിൽ നിന്നും വിഭിന്നമല്ല.

ഗംഗാതീരത്തുനിന്നും രണ്ടുനാഴിക അകലെയുള്ള ഗ്രാമത്തിനടുത്തുള്ള ബം ഗ്ലാവിലേക്ക് താമസത്തിനായെത്തുന്ന മദാമ്മയാണ് ആഖ്യാതാവ്. വിരുദ്ധ സ്വഭാ വമുള്ള ഫുൽമോണി, കോരുണ എന്നീ കഥാപാത്രങ്ങളെ സൃഷ്ടിച്ചുകൊണ്ട് നല്ല സ്ത്രീ/ ചീത്ത സ്ത്രീ എന്നീ ദ്വന്ദ്വത്തെ നിർമ്മിക്കുകയാണ് നോവലിൽ. അച്ചടക്കമുള്ള കുടുംബ ജീവിതം നയിക്കുന്നവളായ ഫുൽമോണി വൃത്തി, സ്നേഹം, ദയ, സൗമ്യത തുടങ്ങിയ ഗുണങ്ങളോട് കൂടിയവളും കുടുംബഭദ്രതയ്ക്ക് ഏറെ പ്രാധാന്യം നൽകുന്നവളുമാണ്. ഇതിനു നേർവിപരീതമാണ് കോരുണ. അച്ചടക്കം ഇല്ലാത്ത കുടുംബ ജീവിതവും ശു ചിത്വമില്ലായ്മ, സ്വാർത്ഥത, മര്യാദയില്ലായ്മ തുടങ്ങിയ സ്വഭാവങ്ങളുമാണ് അവളു ടേത്. ദൈവവിശ്വാസിയും ദൈവഭയവുമുള്ള ഫുൽമോണിയുടെ ഉപദേശങ്ങളിലൂടെ കോരുണയും നല്ലവളായി മാറുന്നു. സമൂഹത്തിൽ ഉത്തമ കുടുംബിനികളെ വാർ ത്തെടുക്കുന്നതിന് കൊളോണിയൽ ആധുനികത മുന്നോട്ടുവയ്ക്കുന്ന സ്ത്രീസങ്കൽപന ത്തിനു സമാനവും അതിനു വിപരീതവുമായ സ്ത്രീകഥാപാത്രങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. വിക്ടോറിയൻ സദാചാരമൂല്യങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്ന ആഖ്യാതാവ് സ്ത്രീ യുടെ ജീവിതനിലവാരത്തെ ഉയർത്തുവാൻ വിദ്യാഭ്യാസത്തിലൂടെ സാധിക്കും എന്ന കൊളോണിയലും ആധുനികവുമായ കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കുന്നു. എന്നാൽ ഇതാക ട്ടെ ഉത്തമകുടുംബം രൂപപ്പെടുത്തുന്നതിലേക്ക് മാത്രമായി ചുരുങ്ങി പോവുന്നുമുണ്ട്. ഭർതൃസ്നേഹം, കുടുംബം തുടങ്ങിയവയ്ക്ക് പ്രാധാന്യം കൽപ്പിച്ചു കൊണ്ടാണ് സ്ത്രീ ജീവി തത്തെ എഴുത്തുകാരി അടയാളപ്പെടുത്തുന്നത്.

സ്ത്രീകൾ തൊഴിലിൽ ഏർപ്പെടുന്നത് അക്കാലത്തെ സമൂഹത്തിന് ഉൾക്കൊള്ളുവാൻ സാധിക്കാത്ത സന്ദർഭത്തെ ആഖ്യാതാവ് അവതരിപ്പിക്കുന്നുണ്ട്. ഫുൽമോനി തന്റെ ഭർത്താവ് അസുഖബാധിതനായി കിടക്കുമ്പോൾ ഇംഗ്ലീഷ് പള്ളിക്കൂടത്തിലെ ആശാനായ സത്യനാഥന്റെ വീട്ടിൽ കുശിനിജോലിക്ക് പോവുന്നതോടൊപ്പം സാമ്പത്തികനില മെച്ചപ്പെടുത്താനായി മകളായ സാറയെ മദാമ്മയുടെ വീട്ടിൽ ആയയായി ജോലിക്ക് വിടുന്നുമുണ്ട്. സാറ ദൂരദിക്കിൽ ജോലിചെയ്യുവാനായി പോകുന്നതിനോട് ഗ്രാമവാസികൾ വിയോജിപ്പ് കാണിക്കുന്നു. "സാറായെ ദൂരദിക്കൽ അയപ്പാൻ ഞാൻ ആഗ്രഹിച്ചത് അവൾക്ക് ഗർഭമുള്ളതുകൊണ്ട് ഗോപ്യമായി പിള്ള അഴിപ്പാനായിട്ട് ആകുന്നു. " (കാതറൈൻ ഹന്ന മുല്ലൻസ്, 1989:40) എന്ന കള്ള ശ്രുതി പരത്തുന്നുണ്ട്. എന്നാൽ ഇതൊന്നും വകവയ്ക്കാതെ നിലകൊള്ളുന്ന കഥാപാത്രമാണ് സാറ. സമൂഹം സ്ത്രീയെ നോക്കിക്കാണുന്നത് ഏതുവിധമാണെന്ന് ഈ വാക്കുകളിലൂടെ വ്യക്തമാക്കുവാൻ സാധിക്കുന്നു. സ്ത്രീകൾ സാമ്പത്തികഭദ്രത നേടുന്നതും കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതും പുരുഷകേന്ദ്രീകൃത സമൂഹത്തിന് ഉൾക്കൊള്ളുവാൻ സാധിക്കുന്നതായിരുന്നില്ല.

കേരളീയപശ്ചാത്തലത്തിൽ എഴുതപ്പെട്ട നോവലാണ് *ഘാതകവധം*. പുലയനായ പൗലോസിന്റെയും സുറിയാനിക്കാരനായ കോശി കുര്യന്റെയും ജീവിതം ആഖ്യാനം ചെയ്തുകൊണ്ട് ക്രിസ്തീയമതത്തിനുള്ളിലെ ജാതിഭേദത്തെ തുറന്നു കാണിക്കുകയാണ് കോളിൻസ് മദാമ്മ ചെയ്തത്. പുലയ സമുദായത്തിലുള്ള പ്രധാനകഥാപാത്രത്തെ നോവലിൽ സൃഷ്ടിക്കുന്നത് അക്കാലത്ത് ഒരു പുതുമയായിരുന്നു. പൗലോസിനോടുള്ള കോശികുര്യന്റെ മനോഭാവവും അയാളിലെ ക്രൂരതയും ജാതിചിന്തയും ഈ നോവൽ വ്യക്തമാക്കുന്നുണ്ട്. കേരളത്തിലെ തദ്ദേശവാസികൾക്കിടയിലുള്ള പേരുകൾ കഥാപാത്രങ്ങൾക്ക് നൽകി എന്നതും ഈ നോവലിന്റെ സവിശേഷതയായി ഇരുമ്പയം ജോർജ് ചൂണ്ടിക്കാണിക്കുന്നു (2012:52). മതപരിവർത്തനമാണ് നോവലിന്റെ ലക്ഷ്യമെങ്കിലും സാമൂഹികക്രമങ്ങളിലുള്ള കൊള്ളരുതായ്മകളെ ചോദ്യം ചെയ്തുകൊണ്ട് സമൂഹത്തിന്റെ പ്രതിനിധാനമായി ഈ കൃതി മാറുന്നുണ്ട്. അക്കാലത്തുള്ള സമൂഹത്തിന്റെ യഥാർത്ഥ ചിത്രം, പള്ളികൾ, പുലയരുടെ അടിമത്തം, കേരളീയപ്രകൃതി, ശവമടക്ക്, പെണ്ണുകാണൽ എന്നിങ്ങനെ നിരവധി സാംസ്കാരിക ഘടകങ്ങൾ ഈ നോവലിൽ അടയാളപ്പെട്ടു കിടക്കുന്നു.

കോശി കുര്യന്റെ മകളായ മറിയം ആണ് നോവലിന്റെ കഥാഗതിയെ മുന്നോട്ടു

നയിക്കുന്ന പ്രധാന കഥാപാത്രം. മറിയത്തെ ആഖ്യാതാവ് വർണ്ണിക്കുന്നത് പുരുഷനോട്ടത്തിലൂടെയല്ല എന്നത് ശ്രദ്ധേയമാണ്. "മറിയം നീളവും സൗന്ദര്യവും ഉള്ള ഒരു പെൺ പൈതൽ ആയിരുന്നു. അവൾക്ക് പതിനാല് വയസ്സു പ്രായവും ഉണ്ടായിരുന്നു " (കോളിൻസ് മദാമ്മ, 1877:11). മറിയത്തിന്റെ ശരീരവർണ്ണനകൾ നടത്തുവാൻ ആഖ്യാതാവ് മുതിരുന്നില്ല. ഇന്ദുലേഖ പോലുള്ള പിൽകാല നോവലുകളിൽ സ്ത്രീയുടെ ഭ്രമിപ്പിക്കുന്ന സൗന്ദര്യവർണ്ണന പുരുഷനോട്ടങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുന്നത് കാണാവുന്നതാണ്.

ആധുനിക വിദ്യാഭ്യാസം നേടിയ മറിയം പഠിപ്പ് കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ ഒട്ടും ന്യായമല്ലാത്ത പല ക്രമങ്ങളും അവിടെ കാണുന്നു. പരമ്പരാഗത ചിന്താഗതിയെ വെടിഞ്ഞ് ശരിതെറ്റുകളെ വിവേചനബുദ്ധിയോടെ കാണുന്ന മറിയം തന്റെ പിതാവിന്റെ പുലയരോടുള്ള പെരുമാറ്റത്തെ യുക്തിപൂർവ്വം ചോദ്യം ചെയ്യുന്നുണ്ട്. മകളുടെ താർക്കികശക്തി തന്റെ നേരെ തിരിയുന്നത് കോശി എന്ന കഥാപാത്രത്തിന് ഇഷ്ടപ്പെടുന്നില്ല. ഔപചാരികവിദ്യാഭ്യാസം നേടിയ മറിയത്തെ കൂടുതൽ പഠിപ്പിക്കാതിരിക്കുന്നതിന് ഇതും ഒരു കാരണമായി കോശി കണ്ടെത്തുന്നു. മാത്രമല്ല സ്ത്രീവിദ്യാഭ്യാസത്തിന് കൂടുതൽ പണം ചെലവാക്കുന്നതിലെ അർത്ഥരാഹിത്യത്തെയും ഉയർന്ന വിദ്യാഭ്യാസം നൽകാതിരിക്കുവാനുള്ള കാരണമായി കണക്കാക്കുന്നുണ്ട്. മകൾ മറിയത്തിന് സ്ത്രീധനം നൽകാനായി ഭ്രസ്വത്തുകൾ സമ്പാദിക്കുന്നവനാണ് കോശി. സ്ത്രീധനത്തിനു പ്രാധാന്യം നൽകിയിരുന്ന ഒരു സമൂഹത്തിന്റെ പ്രതിനിധിയാണ് കോശി കുര്യൻ. സ്ത്രീയെ കച്ചവടവസ്തുവാക്കി മാറ്റുന്ന സമ്പ്രദായത്തെ ആഖ്യാതാവ് നോവലിലൂടെ ചൂണ്ടിക്കാണിക്കുന്നു. മറിയത്തെ പെണ്ണുകാണാൻ വരുന്ന സന്ദർഭത്തെ മുൻനിർത്തികൊണ്ട് സ്ത്രീയെ വസ്തുവൽക്കരിക്കുന്ന കാഴ്ചപ്പാടിനെ ആഖ്യാതാവ് തുറന്നുകാട്ടുന്നുണ്ട്.

> അല്പനേരം കഴിഞ്ഞപ്പോൾ ഇടുങ്ങിയ നോട്ടത്തോടും അതൃപ്തിഭാവത്തോടും കൂടിയ ഒരു ചെറിയ സ്ത്രീ വന്ന് മറിയത്തിന്റെ തലയിൽ കിടന്ന കവണി പുറകോട്ടു വലിച്ചു. അവളുടെ നാക്കും ചിറികളും വെറ്റില തിന്ന് നല്ലവണ്ണം ചുവന്നിരുന്നു. അതുകൊണ്ട് വർത്തമാനം പറയണമെങ്കിൽ വാ പൊക്കി തുറന്നു പിടിച്ചുകൊണ്ടെ പാടുള്ളൂ. അവൾ മറിയത്തിന്റെ അടിക്കാതിലിൽ വിരലിട്ടുകൊണ്ട് അരികെ നിന്നിരുന്ന അവളുടെ അമ്മയോട് പറഞ്ഞു. ഇതു കൊച്ചാ

> യിപ്പോയി. കൊച്ചിലെ കാതിൽ ഇട്ടിരുന്ന ഈ കുണുക്ക് കട്ടി കൂട്ടി ഇടാത്തത് എന്തായിരുന്നു? ഇത്രയും പറഞ്ഞത് ഒരു ഉറച്ച വല്ലാത്ത ശബ്ദത്തോടുകൂടിയായിരുന്നു. രണ്ടുമൂന്നു വാക്കുകൾ പറയുമ്പോഴേക്കും വായിൽ തുപ്പൽ നിറയും അപ്പോൾ തലപൊക്കി പിടിക്കും. ഉടനെ അങ്ങോട്ടു മാറി വാതിലിന്റെ പുറത്തുകൂടി തുപ്പി പിന്നെയും വരും. ഇതിന്റെ ശേഷം അവൾ തലക്കെട്ടെൽ പിടിച്ചു പറഞ്ഞു. ഹോ ഇതും തുലോം ചെറുതായി പോയി. കൊച്ചുനാളിൽ എന്തായിരുന്നു തലമുടി കൂടെ കൂടെ വടിപ്പിക്കാത്തത്. ഇനി ഒരു പനി പിടിച്ചാൽ ഈ ഉള്ളതും കൂടെ പൊഴിഞ്ഞു പോകും. വായും നല്ല കണക്കല്ല. ഇത്ര കൊച്ചു വാ ഞാൻ കണ്ടിട്ടില്ല (ibid, 62)

സമൂഹം സൃഷ്ടിച്ചെടുക്കുന്ന സ്ത്രീസൗന്ദര്യസങ്കല്പങ്ങളിലൂടെ അളന്ന് മൂല്യപ്പെടുത്തുന്ന ഒരു സമ്പ്രദായമായിട്ടാണ് പെണ്ണുകാണലിനെ ആഖ്യാതാവ് അവതരിപ്പിച്ചിരിക്കുന്നത്. മാത്രമല്ല തനിക്ക് ചുറ്റും സംഭവിക്കുന്നത് എന്തെന്ന് തിരിച്ചറിയുന്ന മറിയ ഈ സന്ദർഭത്തിൽ പള്ളിയിലേക്ക് തിരിഞ്ഞു ഓടിക്കയറുന്നു. ആ വേളയിൽ "കണ്ടോ ഈ പെണ്ണിന്റെ ശീലവും നല്ല കണക്കല്ല. "(ibid, 62) എന്ന് പറയുകയും പുസ്തകം വായിക്കുന്ന സ്ത്രീകൾ നല്ല ഭാര്യമാരായിരിക്കുകയില്ലെന്നും ആ സ്ത്രീ കൂട്ടിച്ചേർക്കുന്നു. സമൂഹം സ്ത്രീയെ നല്ല ഭാര്യയാക്കി മാറ്റിത്തീർക്കുന്നതിനായി വിദ്യാഭ്യാസം നിഷേധിച്ചിരുന്നു എന്നും ആഖ്യാതാവ് വ്യക്തമാക്കുകയാണ് ഇവിടെ.

വൃത്തി, വെടിപ്പ് തുടങ്ങിയ സ്വഭാവങ്ങളെ പുരോഗമനത്തിന്റെ ഭാഗമായിട്ടാണ് കൊളോണിയൽ ആധുനികതയിൽ അവതരിപ്പിക്കുന്നത്. സ്ത്രീകളെ കൂടെ ഇരുത്തി ഭക്ഷണം കഴിപ്പിക്കുന്നതും പുരോഗമനത്തിന്റെ സ്വഭാവമായികണക്കാക്കപ്പെടുന്നു. ഇത്തരം പുരോഗമന ചിന്തയുള്ള വ്യക്തി ആയിട്ടാണ് കോശിയെ നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ ഭർത്താവിന്റെ ആജ്ഞാനുവർത്തിയായി ജീവിക്കുന്ന സ്ത്രീയാണ് കോശിയുടെ ഭാര്യ. അവളുടെ അടിമ മനോഭാവത്തെ സ്വാഭാവികമായിട്ടാണ് നോവൽ പരിഗണിക്കുന്നത്.

> "ഇങ്ങിനെ കോശി കുര്യൻ വീട്ടിൽ ചെന്നു കുടവച്ചു വെച്ചു കട്ടിലിൽ കേറി ഇരുന്നപ്പോൾ തന്റെ ഭാര്യ അവന്റെ കോപഭാവം ഇതുവരെ വിട്ടു മാറിയില്ലല്ലോ എന്ന് വിചാരിച്ചിട്ട് ഭയപ്പെട്ട് വേഗത്തിൽ ചോറു കൊണ്ടുവന്നു അവന്റെ മുമ്പിൽ വെച്ച്. എന്നാ

> അവൻ നടന്ന കാര്യങ്ങളൊക്കെയുമോർത്തു ലജ്ജിച്ചു അതെടുത്തു കൊണ്ടുപോയി കൊള്ളുവാൻ പറഞ്ഞും വച്ചു തിരിഞ്ഞു കിടന്നു കളഞ്ഞു. അവൾ ഭക്ഷണപാത്രങ്ങൾ വെടിപ്പിക്കുന്നതിൽ നന്നാ പ്രയാസപ്പെട്ടു എന്തെന്നാൽ തന്റെ ഭർത്താവിന് അതിഷ്ടമാകുന്നു എന്നു അവൾ അറിഞ്ഞിരുന്നു. എങ്കിലും അവനു വേണ്ട എന്ന് പറ കയാൽ അവൾ അതെല്ലാം തിരികെ എടുത്തു കൊണ്ടുപോയി" (ibid, 10)

ലിംഗപരമായ അസമത്വത്തെ സ്വാഭാവികമായി കൈകാര്യം ചെയ്യുന്ന ആഖ്യാതാവ് ഇത്തരം സൂക്ഷ്മ മേഖലകളെ വേണ്ടവിധം പരിഗണിക്കുന്നില്ല. ദൈവ വിശ്വാസത്തിന്റെ ഭാഗമായി നല്ലത്/ചീത്ത ബന്ധങ്ങളെ നിർമ്മിച്ചെടുക്കുന്നതി വേണ്ടിയുള്ള സന്ദർഭത്തിൽ ആഖ്യാതാവ് സ്ത്രീകളുടെ ഗുണദോഷങ്ങളെ ത്രുപപ്പെ ടുത്താനുള്ള ശ്രമം നടത്തുന്നു "അവൾ നന്നാകുന്നതിനുള്ള വഴിയിൽ ഒന്നാമത്തെ കാര്യം തങ്ങളുടെ വീട് വിട്ട് ഭർത്താക്കന്മാരെയും ഉപേക്ഷിച്ച് അവിടെ വന്നു വെറ്റി ലയും തിന്നും വർത്തമാനം പറഞ്ഞു നേരം പൊക്കി കൊണ്ടിരിക്കുന്ന ചില ആഭാസ സ്ത്രീകളെ മേലാൽ അവിടെ കേറരുത് എന്ന് വിരോധിച്ചതായിരുന്നു" (ibid, 40). വീടിനെയും ഭർത്താവിനെയും വിട്ടുവരുന്നതും, നർമ്മസല്ലാപങ്ങളിലേർപ്പെടുന്നതും ഉത്തമസ്ത്രീക്ക് യോജിച്ച ലക്ഷണങ്ങളായി ആഖ്യാതാവ് കണക്കാക്കുന്നില്ല. കൂടും ബത്തിനും ഭർത്താവിനും വേണ്ടി സ്ത്രീകൾ നടത്തുന്ന പ്രവർത്തനങ്ങളെ മാത്രമേ ഉത്തമസ്ത്രീഗുണങ്ങളായി പരിഗണിച്ചിരുന്നുള്ളൂ. അനാവശ്യ കാര്യങ്ങളിൽ മാത്രമാ ണ് സ്ത്രീകൾ കൂടുതലായി ശ്രദ്ധ ചെലുത്തുന്നതെന്ന സമൂഹചിന്താഗതിയെ പിന്താ ങ്ങിക്കൊണ്ട് ലിംഗപരവും ബൗദ്ധികവുമായി സ്ത്രീകളെ തരംതാഴ്ത്തുന്നതിനുള്ള ഉദാഹരണമായി നേരമ്പോക്കൽ സംഭാഷണത്തെ ആഖ്യാനം ചെയ്തിരിക്കുന്നു. ധാരാളം സമയം അയൽവാസികളുടെ വർത്തമാനങ്ങൾ അറിയുന്നതിൽ ശ്രദ്ധ കൊടുക്കുന്ന സ്ത്രീകൾ ഒരുത്തന്റെ വീട്ടിൽ കല്യാണം ഉണ്ടായാൽ അതിനു വയ്ക്കേണ്ട അരിയുടെ കണക്കും കറികളുടെ എണ്ണവും സ്ത്രീധനം എന്തെന്നും ആവശ്യമായി വരുന്ന ചമയകോപ്പുകളും അവയുടെ കൂലിവിവരവും, മറ്റൊരുത്തന്റെ ആലയിൽ വച്ചിരിക്കുന്ന കാച്ചിലിന്റെ എണ്ണവും നല്ല ധാരണയുള്ളവരായിരിക്കും എങ്കിലും തങ്ങളുടെ വീട്ടിലുള്ള നെല്ലിന്റെ വില എന്തെന്ന് ഭർത്താവ് ചോദിച്ചാൽ അറിയു കയില്ല എന്നും പറയുന്നുണ്ട്. സ്ത്രീകൾക്കുള്ള ധാരണ കേവലം നിസ്സാര കാര്യങ്ങ

ളിൽ ആണെന്ന് ആഖ്യാതാവ് പറഞ്ഞുവയ്ക്കുകയാണ് ഇവിടെ. മാത്രമല്ല സ്ത്രീകൾ തമ്മിലുള്ള നേരം പോക്കുകളെ ഒഴിവാക്കി കൊണ്ടാണ് ഒരു സ്ത്രീക്ക് നല്ലവളാകാൻ സാധിക്കുക എന്നും സൂചിപ്പിക്കുന്നുണ്ട്. സ്ത്രീയെ ഏഷണിക്കാരിയായും പരദൂഷണ ക്കാരിയായും മുദ്ര കുത്തുന്ന പുരുഷമേധാവിത്വ സമൂഹത്തിന്റെ ചിത്രം തന്നെയായി ഇത് മാറുന്നു. സ്ത്രീയുടെ വ്യാജപ്രതിനിധാനങ്ങളെ സൃഷ്ടിച്ചെടുക്കുന്ന തന്ത്രമായി ആഖ്യാനം മാറുന്നു. സ്ത്രീകൾ തമ്മിലുള്ള പാരസ്പര്യത്തിന്റെയും മാനസികോല്ലാസ ത്തിന്റെയും ഇടങ്ങളെ പുരുഷസമൂഹത്തിന് നിഷേധിക്കുവാനുള്ള അവസരമായും ഇത്തരം സന്ദർഭങ്ങൾ മാറുന്നുണ്ട്.

ഈ രണ്ട് നോവലുകളും മതപരിവർത്തനത്തെ ലക്ഷ്യം വച്ചുള്ളതാണെങ്കി ലും സ്ത്രീകഥാപാത്രങ്ങളുടെ നിർമ്മിതിയിൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. പ്രധാനകഥാ പാത്രമായിവരുന്ന സ്ത്രീകളാണ് കഥാഗതിയെ മുന്നോട്ടു നയിക്കുന്നത്. തിന്മയുടെ പാതയിലൂടെ സഞ്ചരിച്ചിരുന്ന കഥാപാത്രങ്ങളെ നന്മയിലേക്ക് നയിക്കുന്നത് സ്ത്രീ കഥാപാത്രങ്ങളാണ്. സ്ത്രീകൾക്ക് വിദ്യാഭ്യാസം നേടേണ്ടതിന്റെ ആവശ്യകത, യുക്തിചിന്ത തുടങ്ങിയവയെ ചില കഥാപാത്രങ്ങളെ മുൻനിർത്തിക്കൊണ്ട് അവ തരിപ്പിക്കുന്നു. സ്ത്രീ വിദ്യാഭ്യാസം നേടുന്നതും തൊഴിലെടുക്കുന്നതും കുടുംബത്തിന്റെ ഉന്നമനത്തിനായി ലക്ഷ്യം വെച്ചു കൊണ്ടായിരിക്കണം എന്നും ഈ നോവലുകൾ അവതരിപ്പിക്കുന്നു. സ്ത്രീയുടെ സാമൂഹികാവസ്ഥയ്ക്ക് മാറ്റം വരണമെന്ന് ചിന്തിക്കുന്ന തിന് പിന്നിൽ ആധുനികതയുടെയും ലിബറൽ ചിന്താധാരയുടെയും ആശയങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വിക്ടോറിയൻസദാചാരമൂല്യങ്ങളുടെ ബലതന്ത്രങ്ങൾ അവയിൽ ഉള്ളടങ്ങിയിരിക്കുന്നു.

മലയാളത്തിലെ ആദ്യകാല സ്ത്രീ നോവലുകളുടെ ആഖ്യാനവും സ്ത്രീ സ്വത്വാവിഷ്കാരവും.

കൊളോണിയൽ ആധുനികതയുടെ അനന്തരഫലമായി മലയാളത്തിൽ രൂപം കൊണ്ട നോവലുകളുടെയും പാശ്ചാത്യ നോവൽസാഹിത്യത്തിന്റെയും സം സ്കൃതസാഹിത്യത്തിന്റെയും കലർപ്പിലൂടെ രചിക്കപ്പെട്ട ചില ഗദ്യ മാതൃകകളാണ് മലയാളത്തിലെ ആദ്യകാല വനിതാ നോവലുകളായി കണക്കാക്കപ്പെടുന്നവ. 1910 മുതൽ 1940വരെയുള്ള ദശാബ്ദങ്ങളിൽ സ്ത്രീകൾ എഴുതിയ നിരവധി നോവലുകൾ വായനക്കാരിലേക്കെത്തിച്ചേർന്നു. തരവത്ത് അമ്മാളു അമ്മയുടെ സ്വതന്ത്രവിവർ

ത്തനമായ *ലീല* (1911), പാറുക്കുട്ടിയമ്മയുടെ *ശ്രീശക്തിമയി അഥവാ ആപൽക രമായ മാല* (1914), ബി. കല്യാണി അമ്മയുടെ *താമരശ്ശേരി അഥവാ അമ്മുവിന്റെ ഭാഗ്യം* (1915), പാച്ചല്ലൂർ ജി പാർവതി അമ്മയുടെ *വീര പുരുഷൻ* (1918), കൽപക ശ്ശേരിയിൽ ജാനകി അമ്മയുടെ *സൂര്യഭായ്* (1920), മിസിസ് പി രാമൻ തമ്പിയുടെ *സുകുമാരി* (1924), അംബാദേവി തമ്പുരാട്ടിയുടെ *ശൂരസിംഹൻ* (1925), തരവത്ത് അമ്മിണി അമ്മയുടെ *ധീരപത്നി* (1927), ബി. ഭഗീരഥി അമ്മയുടെ *നളിനി അഥവാ വിധിയുടെ ഗതി* (1931), വി. പി. ഓമന അമ്മയുടെ *നീലകണ്ഠഭക്തർ* (1933) എന്നിവ ഇക്കാലയളവിൽ പ്രസിദ്ധീകരിക്കപ്പെട്ട ചില നോവലുകളാണ്. തരവത്ത് ജാനകി യമ്മ എഴുതിയ *കമലാഭായ് അഥവാ ലക്ഷ്മീവിലാസത്തിലെ കൊലപാതക* (1914) മാണ് ആദ്യത്തെ കുറ്റാന്വേഷണ നോവൽ.

മലയാളത്തിലെ ആദ്യകാല സ്ത്രീനോവലുകളായി മൂന്നുവിധത്തിൽപ്പെട്ട നോ വലുകളെയാണ് പരിഗണിക്കുന്നത്.

1. സ്ത്രീകൾ എഴുതിയ സ്വതന്ത്ര നോവലുകൾ

2. ഇംഗ്ലീഷ്, തമിഴ് പോലുള്ള അന്യഭാഷകളിൽ നിന്നും മലയാളത്തിലേക്കു ണ്ടായ വിവർത്തനങ്ങൾ

3. ഭാരതീയ ഇതിഹാസങ്ങളുടെ പുനരാഖ്യാനം.

ഇവയിൽ പലതിനും നോവലിന്റെ സാമ്പ്രദായിക സാഹിത്യസങ്കൽപ ങ്ങൾക്കനുസരിച്ചുള്ള ഘടനയോ സ്വഭാവമോ ഇല്ലായിരുന്നു. സ്ത്രീകഥാപാത്രങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് സ്ത്രീയുടെ അനുഭവങ്ങളെയും അവസ്ഥകളെയും നോവലി ന്റെ പ്രമേയങ്ങളാക്കി.

തരവത്ത് അമ്മാളു അമ്മയുടെ *ലീല*, മിസിസ് പി രാമൻ തമ്പിയുടെ *സുകുമാരി* എന്നീ നോവലുകളെയാണ് ഇവിടെ പഠനത്തിനായി സ്വീകരിച്ചിരിക്കുന്നത്. ഈ രണ്ടു നോവലുകളും ആഖ്യാനപരമായി ചില സമാനതകൾ വച്ചുപുലർത്തുന്നുണ്ട്. ഗ്രന്ഥകാരാഖ്യാനമാണ് രണ്ട് നോവലുകളും സ്വീകരിച്ചിരിക്കുന്ന ആഖ്യാനരീതി. ആഖ്യാനത്തിന് പുറത്തു നിലകൊള്ളുന്ന ആഖ്യാതാവ് കഥാസന്ദർഭങ്ങളെയും കഥാപാത്രസ്വഭാവത്തെയും സർവ്വജ്ഞവീക്ഷണത്തിൽ വിശദീകരിച്ച് അവതരി പ്പിക്കുന്നു.

ബ്രിട്ടീഷ് സാഹിത്യകാരനായ ജോർജ് ഡബ്ലിയു. എം. റെയ്നോൾഡ്സ് എഴുതിയ *ലെയ്ല ഓർ ദി സ്റ്റാർ ഓഫ് മിംഗ്രെലിയ* (Leila or the Star of Mingrelia,

1870) എന്ന നോവലിന്റെ സ്വതന്ത്ര പരിഭാഷകളാണ് ഈ രണ്ടു നോവലുകളും. സാഹിത്യത്തിൽ സ്ത്രീകളുടേതായ ഇടം നിർമ്മിക്കുക എന്ന ദൗത്യം എഴുത്തുകാരികൾക്ക് ഉണ്ടായിരുന്ന ഈ കാലഘട്ടത്തിൽ കേവലവിവർത്തനങ്ങൾ മാത്രമായി ഈ കൃതികളെ സമീപിക്കുവാൻ സാധ്യമല്ല. നോവലിലെ സ്ത്രീ സംബന്ധമായ കാഴ്ചപ്പാടുകളെ എഴുത്തുകാരി പരിഗണിക്കുന്ന വിധം എഴുത്തിന്റെ രാഷ്ട്രീയമായി മാറുന്നു.

നായികമാരുടെ പേരുകളാണ് നോവലിനു നൽകിയിരിക്കുന്നത്. കഥകളുടെ കേന്ദ്രമാകുന്ന സ്ത്രീ കഥാപാത്രങ്ങൾ ഈ നോവലുകളുടെ സവിശേഷതയാണ്. സ്വതന്ത്രമായ അസ്തിത്വം തേടുന്ന കഥാപാത്രങ്ങളാണ് ലീലയും സുകുമാരിയും. ഉന്നതകുലത്തിൽ ജനിച്ച, ഭരണപാടവമുള്ള സ്ത്രീകഥാപാത്രങ്ങളാണ് രണ്ട് നോവലുകളിലും കാണാൻ സാധിക്കുന്നത്. സ്വതന്ത്രചിന്തയും ധൈര്യവും കൈമുതലായുള്ള സ്ത്രീകളായാണ് നോവലിൽ ഇവരെ അവതരിപ്പിച്ചിരിക്കുന്നത്. മങ്കാപുരത്തിലെ റാണിയാണ് ലീല. ഉന്നത പ്രഭു കുടുംബത്തിലെ ഏക സന്താനമാണ് സുകുമാരി.

കാശ്മീരിനോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളും കഥാപാത്രങ്ങളുമാണ് ലീല എന്ന നോവലിൽ കാണാൻ സാധിക്കുന്നത്. സുകുമാരി എന്ന നോവലിൽ സ്ഥലകാലങ്ങളെ പറ്റി പ്രത്യേകം പരാമർശമില്ലെങ്കിലും കഥാനായികയുടെ ദാസിമാർ സംസാരിക്കുന്ന പ്രാദേശികഭാഷാഭേദത്തിൽ നിന്നും തിരുവനന്തപുരമോ സമീപ പ്രദേശങ്ങളോ ആണെന്ന് സൂചന ലഭിക്കുന്നു.

കഥാപാത്രങ്ങളുടെ സൗന്ദര്യവർണ്ണന രണ്ടുനോവലുകളിലും കാണാം. ഉത്തരകാശ്മീരദേശത്തിന്റെ വടക്കുഭാഗത്തുള്ള മങ്കാപുരത്തിലെ രാജ്ഞിയായ ലീലയെ ആഖ്യാതാവ് വർണ്ണിക്കുന്നു: "അവളുടെ സൗന്ദര്യത്തെ വർണിപ്പാൻ എന്നാൽ സാധ്യമല്ല. സാക്ഷാൽ രതീദേവി തന്നെ മന്മഥനെ തിരഞ്ഞുകൊണ്ട് ഈ ലോകത്തേക്ക് വന്നുവോ എന്ന് സംശയം തോന്നത്തക്ക രൂപലാവണ്യമുള്ളവളാണ്. ഉത്തമ സ്ത്രീകൾക്ക് വേണ്ടുന്ന സകല ലക്ഷണങ്ങളും പൂർണ്ണമായി അവളിലുണ്ട്. ചെങ്കോൽ ധരിച്ച് രാജ്യഭാരം ചെയ്യത്തക്ക ദയ, ശാന്തത, ധൈര്യം മുതലായ എല്ലാ സദ്ഗുണങ്ങളും അവൾക്കു സഹജമായുണ്ട്. " (അമ്മാളു അമ്മ, 1952: 25) സ്ത്രീ ശരീരത്തിന്റെ അംഗപ്രത്യംഗവർണ്ണനകളല്ല ഇവിടെ. പുരാണകഥാപാത്രമായ രതിദേവിയോട് സാദൃശ്യപ്പെടുത്തുന്നുണ്ടെങ്കിലും ധൈര്യം, ഭരണപാടവം തുടങ്ങിയ സ്വഭാവഘടകങ്ങളെയും സവിശേഷമായി അവതരിപ്പിക്കുന്നുണ്ട്. നോവലിലുടനീളം ഇത് കഥാപാത്രത്തിൽ നിലനിർത്തിക്കൊണ്ടുപോകാൻ ആഖ്യാതാവ് ശ്രദ്ധിക്കുന്നു.

സുകുമാരി എന്ന നോവലിൽ ആഖ്യാതാവ് നേരിട്ട് കഥാപാത്രത്തിന്റെ സൗന്ദര്യവിവരണം നടത്തുന്നില്ല എന്നത് ശ്രദ്ധേയമാണ്. പുരുഷകഥാപാത്രത്തിന്റെ വാക്കുകളിലൂടെയോ നോട്ടങ്ങളിലൂടെയോ ആണ് സ്ത്രീസൗന്ദര്യം വിവരിക്കപ്പെടുന്നത് സുകുമാരിയുടെ അച്ഛൻ പ്രതാപസേനൻ മകളോട് പറയുന്ന സന്ദർഭം ഇപ്രകാരമാണ് "എന്റെ മകൾ എത്രയോ മുമ്പ് തന്നെ അതിസമർത്ഥനും അത്യുൽകൃഷ്ടനുമായ ഒരുവന്റെ സഹധർമചാരിണി പദത്തിൽ ശോഭിച്ചേനെ. എന്റെ കുഞ്ഞിന്റെ ലാവണ്യം കാനനചന്ദ്രികയോ എന്നെപ്പോലുള്ള കുരുടന്മാരുടെ മുമ്പിൽ വച്ച കണ്ണാടിയോ പോലെ ആയല്ലോ. കഷ്ടം. " (മിസ്സിസ് പി രാമൻ തമ്പി, 1924:6) പുരുഷവീക്ഷണത്തിൽ സ്ത്രീയുടെ സൗന്ദര്യം വിവാഹത്തിനുള്ള മാനദണ്ഡമായി തീരുന്നു. സ്ത്രീസൗന്ദര്യം പൂർണ്ണത നേടുന്നത് പുരുഷന്റെ മുന്നിലാണെന്ന പുരുഷകേന്ദ്രീകൃതവിചാരങ്ങളുടെ പ്രതിനിധാനമായി പ്രതാപസേനൻ മാറുന്നുണ്ട്.

സ്ത്രീകൾ തമ്മിലുള്ള മൈത്രീബന്ധങ്ങളെ തന്മയത്തോടെ നോവലിൽ അവതരിപ്പിച്ചിരിക്കുന്നു. സ്ത്രീകൾ പുരുഷനാൽ രക്ഷിക്കപ്പെടേണ്ടതാണെന്ന സങ്കൽപ്പങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ധൈര്യത്തോടും അഭിമാനത്തോടും കൂടി മുന്നോട്ടുപോകുന്നവരാണ് ഈ സ്ത്രീകഥാപാത്രങ്ങൾ. പരസ്പരസഹകരണങ്ങളുള്ളവരും ആപത്ത് ഘട്ടങ്ങളിൽ രക്ഷകരായി മാറുകയും ചെയ്യുന്ന സ്ത്രീകളെയാണ് നോവലിൽ കാണാൻ സാധിക്കുന്നത്. പരീക്ഷ പാസാക്കുന്നതിനോ തൊഴിലിനോ വേണ്ടിയല്ലാതെ അറിവ് നേടാനായി പ്രാഥമിക വിദ്യാഭ്യാസവും നാലു ഭാഷകളിൽ പ്രാവീണ്യവും നേടുന്ന സുകുമാരി ജീവിതത്തിൽ ഒറ്റപ്പെട്ടുപോയ സമയത്ത് ധനിക കുടുംബത്തിലെ പെൺകുട്ടികളെ അധ്യയനം നടത്തിക്കൊണ്ടാണ് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നത്. അവൾക്ക് അഭയം നൽകുന്നതും അവളെ സംരക്ഷിക്കുന്നതും സ്ത്രീകഥാപാത്രങ്ങൾ തന്നെയാണ്. *ലീല* എന്ന നോവലിലും സമാനമായ സന്ദർഭങ്ങൾ കാണാം. മങ്കാരാജ്യത്തെ റാണിയായ ലീലയെ അപകടഘട്ടങ്ങളിൽ രക്ഷിക്കുന്നത് ഔഷധയോഗിനി, ഗുണസുന്ദരി, തർക്കാന തുടങ്ങിയ സ്ത്രീകളാണ്. നിരവധി പ്രതിസന്ധികളിലൂടെ കടന്നു പോവുകയും ഓരോ സന്ദർഭത്തെയും ധൈര്യപൂർവ്വം നേരിടുകയും ചെയ്യുന്ന ഈ കഥാപാത്രങ്ങൾ സ്വന്തം ചിന്തകളും ആഗ്രഹങ്ങളും പോരാട്ടങ്ങളും കൊണ്ട് വ്യക്തിബോധമുള്ള സ്ത്രീകളായി മാറുന്നു.

നോവലുകളിലെ ഉപാഖ്യാങ്ങളും സ്ത്രീകേന്ദ്രിതമാകുന്നു. പുരുഷന്മാരാൽ അവരനുഭവിച്ച ചതിയുടെയും ക്രൂരതയുടെയും കഥകളാണ് ഉപാഖ്യാനങ്ങളു

ടെ ഇതിവൃത്തം. തുർക്കിസുൽത്താന്റെ ഭാര്യയാക്കുവാൻ വേണ്ടി വർത്തകൻ തട്ടിക്കൊണ്ടു പോയ പത്മാവതി എന്ന് പേരായ സ്വന്തം മകളുടെ കഥ പറയുന്ന അമ്മയെ *ലീല* എന്ന നോവലിൽ കാണാം. കൊള്ളത്തലവനും അനുയായികളും ചേർന്ന് അഹല്യ എന്ന് പേരായ തന്റെ മകളെ തട്ടിക്കൊണ്ടുപോയ കഥ പറയുന്ന ഒരു സ്ത്രീയെ *സുകുമാരി* എന്ന നോവലിലും അവതരിപ്പിച്ചിട്ടുണ്ട്. സ്ത്രീയുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് പ്രാധാന്യം നൽകാത്ത, സ്ത്രീയെ വസ്തുവൽക്കരിക്കുന്ന ഒരു സമൂഹത്തിന്റെ ചിത്രമായി ഈ കഥകൾ മാറുന്നു.

സുൽത്താൻ പ്രണയിച്ചു വഞ്ചിച്ച ഔഷധയോഗിനിയുടെ ജീവിതം നോവലിനകത്തെ മറ്റൊരു ഉപകഥയാണ്. സുൽത്താനാണെന്ന് മറച്ചുവെച്ചുകൊണ്ട് ഔഷധയോഗിനിയെ പ്രണയിക്കുകയും അവൾ ഗർഭിണിയായ ശേഷം കടന്നുകളയുകയും ചെയ്യുന്നു. കാമുകനെ അന്വേഷിച്ചിറങ്ങുന്ന ഔഷധയോഗിനി ഒടുവിൽ യാഥാർത്ഥ്യം തിരിച്ചറിയുന്നു. തന്റെ മറ്റു ഭാര്യമാരുടെ കൂടെ സുഖമായിരുന്നു കൊള്ളുവാൻ സുൽത്താൻ ക്ഷണിച്ചപ്പോൾ ആ പദവിയെ വെറുപ്പോടുകൂടി അവൾ ഉപേക്ഷിക്കുന്നു. സുൽത്താന്റെ ഭാര്യയായ തർക്കാനയുടെ മുന്നിൽ വച്ച തന്നെയാണ് ഔഷധയോഗിനി തന്റെ ജീവിതകഥ അവതരിപ്പിക്കുന്നതും. ഔഷധ യോഗിനിയുമായി സൗഹൃദം സ്ഥാപിക്കുന്ന തർക്കാന ലീലയെ രക്ഷിക്കുവാൻ സുൽത്താൻ എതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ചെയ്യുന്നു. അഭിമാനിയായ സ്ത്രീ കഥാപാത്രങ്ങളെ ഈ നോവലിൽ ശക്തമായി ആവിഷ്കരിച്ചിരിക്കുന്നു. അധികാരം കയ്യാളുന്ന ആണഹന്തയോടുള്ള വെല്ലുവിളിയായി നോവൽ സന്ദർഭങ്ങൾ മാറുന്നു.

നോവലിലെ പ്രതിനായകകഥാപാത്രങ്ങൾ ധനാർത്തിയുള്ള പുരുഷകഥാപാത്രങ്ങളാണ്. ഭാര്യമാരാവട്ടെ പതിവ്രതകളായിരുന്നതിനാൽ തന്റെ ഭർത്താവിന്റെ തെറ്റുകളെയെല്ലാം ന്യായീകരിച്ചുകൊണ്ട് അവരുടെ ആജ്ഞാനുവർത്തികളായി പ്രവർത്തിക്കേണ്ടിവരുന്നു. എന്നാൽ കഥാ നായികമാരുടെ നന്മയ്ക്ക മുന്നിൽ തങ്ങളിൽ അന്തലീനമായിരിക്കുന്ന നന്മകളെ സ്ത്രീകഥാപാത്രങ്ങൾ തിരിച്ചറിയുകയും നായികമാർക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുന്നു. ദുഷ്ടനായ പ്രതിനായകനോടൊപ്പം ഈ സ്ത്രീകഥാപാത്രങ്ങൾ പിന്നീട് ജീവിക്കുന്നില്ല. *സുകുമാരി* എന്ന നോവലിൽ രണദേവന്റെ ഭാര്യ സർപ്പദംശനമേറ്റു മരിക്കുകയും *ലീല*യിൽ കർദ്ദമന്റെ ഭാര്യ വേഷപ്രച്ഛന്നയായി ലീലയെ പല ഘട്ടങ്ങളിലും സഹായിച്ചുകൊണ്ടും, കർദ്ദമനെ നന്മയിലേക്ക് നയിക്കാനായി പ്രവർത്തി

ച്ചുകൊണ്ടും ജീവിക്കുന്നു. പാതിവ്രത്യസങ്കല്പത്തിനു പ്രാധാന്യം നൽകുന്നതിനുള്ള ഉത്തമ ദൃഷ്ടാന്തമായി ഈ സന്ദർഭങ്ങൾ മാറുന്നു.

*സുകുമാരി*എന്ന നോവലിൽ പുരുഷകഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണ വേളയിൽ സ്ത്രീസ്വഭാവത്തെ പറ്റിയുള്ള പുരുഷനിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നുണ്ട്.

"സ്ത്രീ ബുദ്ധിയല്ലേ ചാപല്യവും ഭീരുത്വവും കൂടുമല്ലോ" (മിസ്സിസ് പി രാമൻ തമ്പി, 1924:89)

"അവൾ ഒരു സ്ത്രീതന്നല്ലോ! ഇത്ര വളരെ ഭയപ്പെടാൻ എന്താ കാര്യം ഉള്ളത്?" (ibid:86)

"അവിടന്ന് വെറുക്കരുത് സ്ത്രീസഹജമായ ഗുണം പ്രദർശിപ്പിച്ചു. ഇനി സൂക്ഷിച്ചു കൊണ്ടാൽ മതി. " (ibid:69)

ചാപല്യം, ഭീരുത്വം, വഞ്ചന, കാര്യശേഷിക്കുറവ് തുടങ്ങിയ സ്വഭാവങ്ങളെ സ്ത്രീയിൽ ആരോപിക്കുകയാണ് ഇവിടെ. എന്നാൽ ഇതിനെല്ലാമെതിരെ നിലകൊള്ളുന്ന ഒരു കഥാപാത്രത്തെ സൃഷ്ടിച്ചുകൊണ്ട് ഇത്തരം അപവാദങ്ങളെ ചെറുക്കാനുള്ള ശ്രമമാണ് ആഖ്യാതാവ് നടത്തുന്നത്.

സത്യം, ധർമ്മം, ദയ തുടങ്ങിയ മൂല്യങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടാണ് ആദ്യകാല മലയാള സ്ത്രീ നോവലുകൾ രചിക്കപ്പെട്ടിട്ടുള്ളത്. സ്ത്രീയെ സ്വതന്ത്രയാക്കാനുള്ള ശ്രമം ഈ നോവലുകളിൽ കാണാം. ധൈര്യപൂർവ്വം ഓരോ പ്രതിസന്ധികളിലും ഇടപെടുന്നതും സധൈര്യം സഞ്ചരിക്കുന്നതും നോവലിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. എന്നാൽ സമൂഹത്തിലെ ഉന്നതകുടുംബങ്ങളിൽ നിന്നുള്ള സ്ത്രീ കഥാപാത്രങ്ങളാണ് നോവലുകളിലെ നായികമാർ എന്നതും പ്രധാന പരിഗണന അർഹിക്കുന്നു. ധനം, തൊഴിൽ, വിദ്യാഭ്യാസം എന്നിവ സ്ത്രീകളെ സ്വതന്ത്രരാക്കുന്നു എന്ന ചിന്ത ഇത്തരം നോവലുകൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. വിവാഹം, സ്ത്രീസൗന്ദര്യം, പാതിവ്രത്യം തുടങ്ങിയ സങ്കല്പങ്ങൾക്ക് ആ കാലഘട്ടം നൽകുന്ന പ്രാധാന്യത്തെ നോവലും പിന്തുടരുന്നതായി കാണാം.

കൊളോണിയൽ ആധുനികത സൃഷ്ടിച്ച സദാചാരമൂല്യങ്ങളെയും വൃത്തി, വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തിക ഭദ്രത തുടങ്ങിയ ഘടകങ്ങളെയും പിൽക്കാല സ്ത്രീനോവലുകളും പിന്തുടരുന്നു. അതോടൊപ്പം ചപല, ഭീരു, വഞ്ചകി തുടങ്ങിയ വ്യാജപ്രതിനിധാനങ്ങളെ തകർക്കുവാനുമുള്ള ശ്രമം നടത്തുന്നുമുണ്ട്.

ഉപസംഹാരം

കാലങ്ങളായി സ്ത്രീകൾ അനുഭവിക്കുന്ന അസമത്വത്തിന്റെയും അസ്വാതന്ത്ര്യത്തിന്റെയും അനുഭവങ്ങളെ എഴുത്തിലൂടെ ആവിഷ്കരിക്കുവാനുള്ള ശ്രമം പെണ്ണെഴുത്തുകാർ നടത്തിവരുന്നു. കാലഘട്ടങ്ങൾക്കനുസരിച്ച് സ്ത്രീയുടെ ലിംഗപദവിയെയും ജീവിതപരിതോവസ്ഥകളെയും സംബന്ധിച്ചുള്ള കാഴ്ചപ്പാടുകൾക്ക് സംഭവിച്ച മാറ്റത്തിന്റെ അനുരണനങ്ങൾ സാഹിത്യങ്ങളിലും പ്രകടമാണ്. മതപരിവർത്തനം എന്ന ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് കൊളോണിയൽ സ്ത്രീകളുടെ നോവലുകളിൽ പ്രതിനിധാനം ചെയ്യപ്പെട്ട നല്ല/ചീത്ത സ്ത്രീസങ്കല്പനങ്ങളും കേരളത്തിൽ വരേണ്യതയ്ക്കു നൽകി വന്നിരുന്ന പ്രാധാന്യവും അടിസ്ഥാനമാക്കി കൊണ്ടാണ് ആദ്യകാല നോവലുകളിലെ സ്ത്രീ കഥാപാത്രങ്ങൾ സൃഷ്ടിക്കപ്പെട്ടത്. കൊളോണിയൽ കാലഘട്ടത്തിലെ സ്ത്രീ നോവലുകൾ കുടുംബഭദ്രതയ്ക്ക് നൽകിയിരുന്ന പ്രാധാന്യത്തെ പിൽക്കാല സ്ത്രീ നോവലുകൾ അതേ മാതൃകയിൽ ആവർത്തിക്കുന്നില്ല. മാത്രമല്ല ഈ നോവലുകൾ സ്ത്രീകൾ തമ്മിലുള്ള ആത്മബന്ധങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിവരുന്നു. സ്ത്രീയുടെ ശാരീരികമായ സൗന്ദര്യത്തേക്കാളും ആന്തരികമായ ഗുണങ്ങൾക്ക് കൂടുതൽ പരിഗണന നൽകുന്ന കാഴ്ചപ്പാടാണ് നോവലുകൾ സ്വീകരിച്ചിരിക്കുന്നത്.

പുരുഷമേധാവിത്വസമൂഹം നിർമ്മിച്ച ആദർശസ്ത്രീ മാതൃകകളെ തൃപ്തിപ്പെടുത്തുവാനുള്ള ശ്രമം ഈ നോവലുകൾ പ്രകടിപ്പിക്കുമ്പോഴും അജ്ഞത, ഭീരുത്വം, ചാപല്യം തുടങ്ങിയ സ്വഭാവങ്ങളിൽ നിന്നും മുക്തിനേടിയ സ്ത്രീകഥാപാത്രങ്ങളായി ഇവർ മാറുന്നുണ്ട്. പുരുഷന്മാരെ സ്വജീവിതം കൊണ്ടു വെല്ലുവിളിക്കുവാനും തങ്ങളുടെ രക്ഷാകർതൃത്വം സ്വയം ഏറ്റെടുക്കുവാനും പ്രാപ്തരാകുന്ന സ്ത്രീകളുടെ പ്രതിനിധാനമായി നോവൽ കഥാപാത്രങ്ങൾ മാറുന്നു. ഗ്രന്ഥകാരാഖ്യാനം സ്ത്രീകളുടെ വൈയക്തികാനുഭവങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകപ്പെടാതിരിക്കുന്നതിന് കാരണമാകുന്നുണ്ട്. ആദ്യകാല സ്ത്രീരചനകളിൽ മിക്കവയും സ്ത്രീസമൂഹത്തിന്റെ പരിവർത്തനം ലക്ഷ്യമിട്ടുകൊണ്ടാണ് എഴുതപ്പെട്ടിട്ടുള്ളത്. സ്വതന്ത്രവിവർത്തനത്തിനായുള്ള കൃതികൾ തിരഞ്ഞെടുക്കുന്നതിലെ രാഷ്ട്രീയം പരിഗണിക്കുമ്പോൾ ഈ നോവലുകൾ മികച്ച സ്ത്രീപ്രതിനിധാനങ്ങളെ വായന സമൂഹത്തിന് പരിചയപ്പെടുത്തുക എന്ന ലക്ഷ്യം ഉൾവഹിക്കുന്നുണ്ട്.

1. ആദ്യകാല മാസികകളിലെ സ്ത്രീലേഖനങ്ങളുടെ സമ്പാദനവും പഠനവും നിർവഹിച്ച ജെ. ദേവിക കൽപ്പനയുടെ മാറ്റൊലി എന്ന പുസ്തകത്തിൽ ഇക്കാര്യങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. വി. കെ. ചിന്നമ്മാളു അമ്മയുടെ സമുദായത്തിൽ സ്ത്രീകളുടെ സ്ഥാനം എന്ന ലേഖനം സ്ത്രീകൾ ഗാർഹിക ഇടത്തുനിന്നും പൊതു ഇടത്തിലേക്ക് ഇറങ്ങി വരേണ്ടതാണ് എന്ന് ആഹ്വാനം ചെയ്യുന്നു. പാർവതി നെന്മിനിമംഗലത്തിന്റെ സ്ത്രീത്വം എന്ന ലേഖനത്തിൽ സ്ത്രീകൾ വിദ്യാഭ്യാസം നേടേണ്ടതിന്റെയും പണം സമ്പാദിക്കേണ്ടതിന്റെയും ആവശ്യകതയെ വ്യക്തമാക്കുന്നു. എൻ. എ. അമ്മ എഴുതിയ സ്ത്രീവിദ്യാഭ്യാസദോഷനിഷേധം എന്ന ലേഖനം സ്ത്രീ വിദ്യാഭ്യാസത്തെ നിഷേധിക്കുന്ന പുരുഷമേധാവിത്വ കാഴ്ചപ്പാടുകളെ വെല്ലുവിളിക്കുന്നതാണ്.
2. സ്ത്രീസ്വാതന്ത്ര്യം സംബന്ധിച്ച് പുരോഗമനപരമായ സങ്കൽപ്പങ്ങൾക്ക് ബ്രിട്ടനിൽ വിളനിലമൊരുക്കിയത്, പതിനേഴാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ പ്രൊട്ടസ്റ്റന്റ് മതത്തിന്റെ ആവിർഭാവമായിരുന്നു. 1642ൽ നാന്നൂറോളം സ്ത്രീകൾ ചേർന്ന് സ്ത്രീകളുടെ പ്രശ്നങ്ങളെഴുട്ടി പൊതുസഭയിൽ നിവേദനം നൽകിയതാണ് ഏറ്റവും ശ്രദ്ധേയമായ സംഭവം. പുരുഷന്മാർക്കൊപ്പം മതപരമായ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നതിനുള്ള അവകാശം നേടുന്നതിനുവേണ്ടിയും കുടുംബത്തിനകത്ത് സ്ത്രീയുടെ താഴ്ന്നപദവി ഇല്ലാതാക്കുന്നതിനുവേണ്ടിയും ആയിരുന്നു അത്. കുടുംബത്തിൽ പുരുഷന് സ്വാതന്ത്ര്യവും സ്ത്രീയ്ക്ക് അടിമത്വവും എന്ന ഇരട്ടത്താപ്പ് കലർന്ന നീതിയെ അവർ പ്രസ്തുത നിവേദനത്തിൽ ചോദ്യം ചെയ്തു. ഫെമിനിസം ലോകത്ത് ആദ്യമായി ഒരു സാമൂഹിക പ്രസ്ഥാനം എന്ന നിലയിൽ ആവിർഭവിക്കുന്നതിന് മുന്നോടിയായ ഒരു നീക്കമായി ഇതിനെ കണക്കാക്കാവുന്നതാണ്. (രാമകൃഷ്ണൻ, എ. കെ & വേണുഗോപാലൻ, കെ. എം, 2016: 43)

സഹായക ഗ്രന്ഥങ്ങൾ

1. അമ്മാളു അമ്മ, തരവത്ത്, ലീല, നോർമൻ പ്രിന്റിംഗ് ബ്യൂറോ, കോഴിക്കോട്, 1952.
2. കാതറൈൻ ഹന്ന മുല്ലൻസ്, ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ട് സ്ത്രീകളുടെ കഥ, (വിവ) ജോസഫ് പീറ്റ്, ഡിസി ബുക്സ്, കോട്ടയം, 1989.
3. കോളിൻസ് മദാമ്മ, ഘാതകവധം, (വിവ)റിച്ചാർഡ് കോളിൻസ്, സി. എം. എസ്. പ്രസ്സ്, കോട്ടയം, 1877.
4. ചന്ദ്രിക, സി. എസ്, കേരളത്തിലെ സ്ത്രീചരിത്രങ്ങൾ സ്ത്രീമുന്നേറ്റങ്ങൾ, ഡിസി ബുക്സ്, കോട്ടയം, 2019.
5. ജോർജ് ഇരുമ്പയം. മലയാളനോവൽ 19 ആം നൂറ്റാണ്ടിൽ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2012.
6. ദേവിക, ജെ., (എഡി.), കല്പനയുടെ മറ്റൊലി, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, 2011.
7. മിസ്സിസ് പി രാമൻ തമ്പി, സുകുമാരി, കമലാലയ പ്രസ്സ്, തിരുവനന്തപുരം, 1924.
8. രവീന്ദ്രൻ, പി. പി., "ഫുൽമോനിയുടെയും കോരുണയുടെയും കഥ അനുഭവവിവർത്തനവും വിവർത്തനാനുഭവവും", (എഡി.) സന്തോഷ് കുമാർ എൻ, ഭാവനയുടെ കോളനി

കൾ, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2019, പു. 17-24
9. രാമകൃഷ്ണൻ, എ. കെ., വേണുഗോപാലൻ കെ. എം., സ്ത്രീവിമോചനം ചരിത്രം സിദ്ധാന്തം സമീപനം, പ്രസക്തി ബുക്ക് ഹൗസ്, പത്തനംതിട്ട, 2016.
10. ശ്രീകുമാർ എസ്. എസ്., "ഘാതകവധം ചരിത്രവും രാഷ്ട്രീയവും", (എഡി.) സന്തോഷ് കുമാർ എൻ., ഭാവനയുടെ കോളനികൾ, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2019, പു. 25-46
11. സ്കറിയാ സക്കറിയ, "ആമുഖം", കാതറൈൻ ഹന്ന മുല്ലൻസ്, ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ട് സ്ത്രീകളുടെ കഥ, ഡിസി ബുക്സ്, കോട്ടയം, 1989, പു. 13-30.
12. Susan S. Lanser. Toward a Feminist Narratology. Source: Style, Fall 1986, Vol. 20, No. 3, Narrative Poetics (Fall 1986), pp. 341-363. Published by: Penn State University Press. Stable URL: https://www. jstor. org/stable/42945612

പ്രതിസംസ്കൃതിയും പരിസ്ഥിതിയും മധുരം ഗായതിയിൽ

ശാന്തിനി എസ്. എൽ.
ഗവേഷക, മലയാളവിഭാഗം
കാര്യവട്ടം ക്യാമ്പസ്

പ്രബന്ധസംഗ്രഹം:

പ്രപഞ്ചം, പ്രകൃതി, പരിസ്ഥിതി എന്നിവയുമായും മനുഷ്യനും മനുഷ്യേതരവുമായ ഘടകങ്ങളുടെ പാരസ്പര്യവുമായും ബന്ധപ്പെട്ട എല്ലാ വിഷയങ്ങൾക്കും മതേതരമായ ഒരു ആത്മീയപ്രാധാന്യം ഉണ്ടെന്ന് അംഗീകരിക്കുന്ന പഠനമേഖലയാണ് ആത്മീയപാരിസ്ഥിതിക ദർശനം. പരിസ്ഥിതിയെ ആധ്യാത്മികതയുമായി ബന്ധപ്പെടുത്തുന്ന ആലോചനകൾക്ക് ഏറെ പഴക്കമുണ്ട്. ബുദ്ധൻ, തോറോ, റൂസ്സോ, ഗാന്ധിജി, ഷൂമാക്കർ, കാപ്ര, ഫുക്കുവോക്ക തുടങ്ങി വ്യത്യസ്ത മണ്ഡലങ്ങളിൽ വ്യാപരിച്ചിരുന്നവർ ഈ ചിന്താധാര പിൻപറ്റിയവരാണ്. മതപരമായ ആദ്ധ്യാത്മികതയിൽ നിന്ന് ഭിന്നമായ മുഖമാണ് ആത്മീയപരിസ്ഥിതി ദർശനത്തിന് ഉള്ളതെന്നു കാണാം. നാം മതവിമുക്തമായ ആത്മീയതയെന്നു പറയുന്ന അനുപമമായ അവസ്ഥയിലാണ് ഇവിടെ പ്രകൃതിയെ പ്രതിഷ്ഠിച്ചിരിക്കുന്നത്. ഈ ബോധമാണ് ആത്മീയപാരിസ്ഥിതികധാരയുടെ മുഖ്യആശയം. അതുകൊണ്ടുതന്നെ വിമോചന

ദൈവശാസ്ത്രത്തിന്റെ ഉത്ഭവത്തിലും വളർച്ചയിലുമാണ് ആദ്ധ്യാത്മിക പാരിസ്ഥിതികവാദത്തിന്റെ സൈദ്ധാന്തികതയുടെ ബീജാങ്കുരങ്ങൾ കാണാനാവുക. ദൈവശാസ്ത്രമേഖലയിലെ ധൈഷണികകലാപമായും, ക്രിസ്തുമതത്തിൽ ഒരു ധാർമ്മികകലഹമായും വിമോചനദൈവശാസ്ത്രം വേരുകൾ പടർത്തി.

വിമോചനദൈവശാസ്ത്രത്തെ പാരിസ്ഥിതികപ്രതിസന്ധിയുമായി കൂട്ടിയോജിപ്പിച്ചുകൊണ്ട് ആധ്യാത്മികപാരിസ്ഥിതികദർശനത്തെ സംബന്ധിച്ച നവീനമായൊരു കാഴ്ചപ്പാട് അവതരിപ്പിക്കാൻ ഫാദർ കാപ്പനു കഴിഞ്ഞിട്ടുണ്ട്. 1988ൽ പുറത്തിറങ്ങിയ "പരിസ്ഥിതി സംസ്കൃതി" എന്ന ഗ്രന്ഥവും, 1992 ൽ പുറത്തുവന്ന "പ്രവചനം പ്രതിസംസ്കൃതി" എന്ന ഗ്രന്ഥവും ഇത്തരത്തിൽ ഏറെ പ്രാധാന്യം അർഹിക്കുന്നുണ്ട്. പാരിസ്ഥിതികനിരൂപണത്തെ ഗൗരവമായി പരിഗണിച്ചുകൊണ്ട് 2002 ൽ ജി. മധുസൂദനൻ എഡിറ്റുചെയ്ത് പ്രസിദ്ധീകരിച്ച "ഹരിതനിരൂപണം മലയാളത്തിൽ' എന്ന ഗ്രന്ഥത്തിൽ ഫാദർ എസ് കാപ്പന്റെ 'പ്രതിസംസ്കൃതിയുടെ ദൈവശാസ്ത്രം' എന്ന ലേഖനം കടന്നുവരുന്നുണ്ട്. കാപ്പന്റെ നിരീക്ഷണങ്ങൾ സ്ത്രീവാദം, പരിസ്ഥിതിവാദം എന്നിങ്ങനെ വിമോചനപരമായ ഉള്ളടക്കങ്ങൾ ഉള്ള ആശയങ്ങൾക്കൊപ്പം കൂട്ടിവായിക്കാൻ സാധ്യതകൾ തുറന്നു തരുന്നു. ആത്മീയ പാരിസ്ഥിതികവാദത്തെയും വിമോചനദൈവശാസ്ത്രത്തെയും കൂട്ടിയിണക്കിക്കൊണ്ടാണ് ഫാദർ കാപ്പൻ തന്റെ പാരിസ്ഥിതികചിന്തകൾ വികസിപ്പിച്ചിട്ടുള്ളത്. 'പ്രതിസംസ്കൃതി'യെപ്പറ്റിയുള്ള നിരീക്ഷണങ്ങളാണ് അവയിൽ ഏറെ പ്രസക്തവും പ്രധാനവും.

മലയാളത്തിലെ ആദ്യപാരിസ്ഥിതികനോവൽ എന്നു ഖ്യാതിനേടിയ കൃതിയാണു 'മധുരം ഗായതി'. പാരിസ്ഥിതികസൗന്ദര്യദർശനങ്ങളോടൊപ്പം കൂട്ടിവായിക്കേണ്ടുന്ന പ്രതിസംസ്കൃതിയുടെ അടരുകൾ ഈ നോവലിൽ കാണാവുന്നതാണ്. ഫാദർ കാപ്പൻ അവതരിപ്പിച്ച പ്രതിസംസ്കൃതിയേക്കുറിച്ചുള്ള ചിന്തകളെ മുൻനിർത്തി മധുരംഗായതിയെ വിശകലനം ചെയ്യുകയാണ് ഈ പഠനത്തിലൂടെ ലക്ഷ്യമാക്കുന്നത്.

താക്കോൽ വാക്കുകൾ:

ആത്മീയപാരിസ്ഥിതികവാദം, വിമോചനദൈവശാസ്ത്രം, പ്രതിസംസ്കൃതി, പ്രകൃതിയുടെ ലൈംഗികപ്രതിരൂപാത്മകത, സർവ്വജനീനമായ ധാർമികത, സത്യവത്തായ മനുഷ്യത, ലൗകികമായ മതാത്മകത

ആമുഖം

പാരിസ്ഥിതികപ്രശ്നങ്ങളെ ഗൗരവത്തോടെ കാണുകയും സൈദ്ധാന്തികമായും സൗന്ദര്യശാസ്ത്രപരമായും അവയെ അടയാളപ്പെടുത്തുകയും ചെയ്തു തുടങ്ങിയത് 1990കളോടടുപ്പിച്ചാണ്. വിമോചനദൈവശാസ്ത്രത്തിന്റെ പശ്ചാത്തലം സ്വീകരിച്ചുകൊണ്ട് ഫാദർ കാപ്പൻ നടത്തിയിട്ടുള്ള അന്വേഷണങ്ങൾ പാരിസ്ഥിതിക ചിന്തകൾക്ക് പുതിയ മാനങ്ങൾ നൽകുന്നുണ്ട്. ചരിത്രധാരകളുടെ സമന്വയത്തിലൂടെയാണ് സംസ്കാരം രൂപപ്പെടുന്നത്. ഓരോ സംസ്കാരത്തിലും വിയോജിപ്പുകളുടെയും പ്രതിസന്ധികളുടെയും ചില ഘട്ടങ്ങൾ ഉണ്ടാകും. സംസ്കാരത്തിനുള്ളിൽ അന്തർലീനമായിരിക്കുന്ന ഇത്തരം വിമതസ്വരങ്ങളും കലഹങ്ങളും പ്രതീക്ഷാനിർഭരമായി പരിണമിക്കുന്നുവെങ്കിൽ പുതിയ ഒരു പ്രതിസംസ്കൃതിയായി പരിഗണിക്കാമെന്ന കാഴ്ചപ്പാടാണ് ഫാദർ കാപ്പനുണ്ടായിരുന്നത്. " നിലവിലുള്ള സംസ്കാരത്തെയും അതിൽ നിന്നു ജന്മംപൂണ്ട സ്ഥാപനങ്ങളെയും തകിടം മറിക്കുന്നതിന്റെ മറുവശം മാത്രമാണ് പ്രത്യാശാനുഗ്രണമായ പ്രതിസംസ്കൃതി സൃഷ്ടിക്കുകയെന്നത്. എന്തുകൊണ്ടെന്നാൽ എല്ലാ നിഷേധവും ഒരുതരം സമർത്ഥനമാണ് (കാപ്പൻ, 1992 :6)" എന്ന ആശയം പ്രതിസംസ്കൃതിയെക്കുറിച്ചുള്ള ചിന്തകളിൽ ആദ്യം പരിഗണിക്കേണ്ട വസ്തുത തന്നെയാണ്. പ്രതിസംസ്കൃതിയെ സൃഷ്ടിക്കാൻ ഉപയുക്തമാക്കുന്ന സംസ്കാരനിഷേധത്തെ ഒരു ശില്പിയുടെ ശില്പതന്ത്രത്തിൽ ആരോപിച്ച് കാപ്പൻ വിശദീകരിക്കുന്നുണ്ട്. ശില്പി മരക്കഷ്ണത്തിന്മേൽ ഉളിപ്രയോഗിച്ച് അവിടെയുണ്ടാക്കുന്ന നിഷേധത്തിലൂടെയും സമർത്ഥനത്തിലൂടെയുമാണ് കലാസൃഷ്ടി പൂർണമാകുന്നതെന്നും സംസ്കാരധ്വംസനത്തെയും ഈ കണ്ണിലൂടെയാണ് നോക്കിക്കാണേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കുന്നു. സംസ്കാരധ്വംസനത്തെ സംബന്ധിച്ച ഈ വിശദീകരണം അദ്ദേഹം മുന്നോട്ടുവയ്ക്കുന്ന ആശയത്തിൽ ആദ്യമൊക്കെ നിഴലിക്കുന്ന അവ്യക്തതകളെ ഒരു പരിധിവരെ പരിഹരിക്കുകയും കൂടുതൽ അഭിവ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. ഇവിടെ 'നിഷേധം' എന്നതിലൂടെ വിമോചനപരമായ ആശയത്തോ

ടുള്ള തന്റെ ഐക്യദാർഢ്യം കൂടിയാണ് കാഷ്പൻ പ്രഖ്യാപിക്കുന്നത്. നിലവിലുള്ള പാരിസ്ഥിതികസംസ്കാരത്തിനു ബദലായി രൂപപ്പെടുത്തിയെടുക്കേണ്ട പുതിയ സംസ്കാരത്തെയാണ് 'പ്രതിസംസ്കൃതി' എന്ന വാക്കിലൂടെ അദ്ദേഹം നിർവചിക്കാൻ ശ്രമിക്കുന്നത്. 'പുതുസംസ്കൃതി', 'നവ സംസ്കൃതി' എന്നൊക്കെ അദ്ദേഹംതന്നെ അതിനെ വിശേഷിപ്പിക്കുന്നുണ്ട്. പ്രകൃതിയെ ഗൗരവമായി പരിഗണിച്ചുകൊണ്ടുള്ളതാണ് പ്രതിസംസ്കൃതിയെപ്പറ്റിയുള്ള കാഷ്പന്റെ നിരീക്ഷണങ്ങൾ. അത് അദ്ദേഹം വിശദീകരിക്കുന്നത് ഇപ്രകാരമാണ്. " പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അദ്വൈതത്തെ സാക്ഷാത്കരിക്കാനുതകുന്ന, പലായനമനോഭാവത്തെ കൈവെടിഞ്ഞ് പ്രപഞ്ചത്തിന്റെയും ചരിത്രത്തിന്റെയും ആത്യന്തികമൂല്യത്തെ അംഗീകരിക്കുന്ന, പ്രാപഞ്ചികമായ ചാക്രികപ്രഗതികളെയും മനുഷ്യന്റെ ചരിത്രപരമായ സ്വയംസൃഷ്ടിക്കലിനെയും സമന്വയിക്കുന്ന, വ്യക്തിയുടെ മാത്രമല്ല സമൂഹത്തിന്റെയും പ്രകൃതിയുടെയും മുക്തിയെ ലക്ഷ്യമാക്കുന്ന, സ്ത്രീ-പുരുഷ സമതയെ മാനിക്കുന്ന, സ്നേഹത്തെ സദാചാരത്തിന്റെ പരമപ്രമാണമായി കാണുന്ന, ഭീതിയുടെ സ്ഥാനത്ത് ആന്തരസ്വാതന്ത്ര്യത്തെ വളർത്തിയെടുക്കുന്ന ഒന്നായിരിക്കണം ആ സംസ്കൃതി" (കാഷ്പൻ, 1992:103). പാരിസ്ഥിതികസൗന്ദര്യശാസ്ത്രത്തെയും പ്രകൃതിയുടെ നൈസർഗികതയെയും ഉൾക്കൊള്ളുന്ന വിശാലമായ പ്രതിസംസ്കൃതിയുടെ നാല് ഘടകങ്ങൾ ഫാദർ കാഷ്പൻ സൂചിപ്പിക്കുന്നുണ്ട്. കാമവും സൗന്ദര്യോപാസനയും, (പ്രകൃതിയുടെ ലൈംഗിക പ്രതിരൂപാത്മകത), സർവ്വജനീനമായ ധാർമികത, സത്യവത്തായ മനുഷ്യത, ലൗകികമായ മതാത്മകത എന്നിവയാണവ. കേവലമായ പരിസ്ഥിതിബോധത്തിനപ്പുറം ആശാവഹമായ പ്രതിസംസ്കൃതിയുടെ സൃഷ്ടിയിലേക്കും വളർച്ചയിലേക്കുമുള്ള പടവുകൾ ഒ വി വിജയന്റെ നോവലായ മധുരം ഗായതിയിൽ കൃത്യമായി അടയാളപ്പെടുത്താനാകുമെന്നു സമർത്ഥിക്കുകയാണ് ഈ പ്രബന്ധത്തിൽ.

പ്രതിസംസ്കൃതിയുടെ പാഠങ്ങൾ 'മധുരം ഗായതി'യിൽ

1990 ൽ ഒ. വി. വിജയൻ രചിച്ച നോവലാണ് മധുരംഗായതി. മലയാളസാഹിത്യത്തിൽ വേരുറപ്പിച്ചിരുന്ന ആധുനികപ്രവണതയുടെ നോവൽഭാഷ്യമായ ഈ കൃതിയിൽ, സ്വന്തം സ്വത്വം കാണാതെപോകുന്ന മനുഷ്യവർഗ്ഗത്തിന്റെ പതനവും മോചനവും പ്രമേയമാകുന്നു. പ്രകൃതിദർശനമായി വികസിക്കുന്ന പരിസ്ഥിതിബോധം കൃതിയുടെ ഭ്രമികയെ നിർണയിക്കുന്നു.

പ്രകൃതിയും മനുഷ്യനും തമ്മിൽ, പ്രകൃതിയും ശാസ്ത്രവും തമ്മിൽ, പ്രകൃതിയും യന്ത്രവും തമ്മിൽ എന്നിങ്ങനെയുള്ള രൂക്ഷമായ സംഘർഷങ്ങളുടെ ദൃശ്യങ്ങളിലേക്കാണ് മധുരം ഗായതി നമ്മെ കൊണ്ടെത്തിക്കുന്നത്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അദ്വൈതത്തെ സാക്ഷാത്കരിക്കുന്ന പുതിയ സംസ്കൃതിയെപ്പറ്റിയുള്ള ചിന്തകൾ മധുരം ഗായതിയിൽ ഒ.വി. വിജയൻ അവതരിപ്പിക്കുന്നുണ്ട്. ആ ചിന്തകൾ പാരിസ്ഥിതിക സൗന്ദര്യശാസ്ത്രത്തെയും, പ്രകൃതിയുടെ നൈസർഗികതയെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഫാദർ കാപ്പൻ മുന്നോട്ടു വച്ച പ്രതിസംസ്കൃതിയെപ്പറ്റിയുള്ള ആശയങ്ങൾക്കു സമാന്തരമായി വായിക്കാൻ സാധ്യതകൾ തുറന്നുതരുന്നുണ്ടെന്നു സൂക്ഷ്മനിരീക്ഷണത്തിൽ വ്യക്തമാകും. ആണവയുദ്ധത്തിന്റെ ഫലമായി രണ്ട് അർധഗോളങ്ങളായി വേർപെട്ട ഭൂമിയുടെ അവസ്ഥ മധുരം ഗായതിയുടെ ആരംഭത്തിൽ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. ദക്ഷിണാർധഗോളവും ഉത്തരാർധഗോളവും തമ്മിലുള്ള സംഘർഷങ്ങൾ അവതരിപ്പിച്ചുകൊണ്ടുള്ള ഈ തുടക്കം പ്രസ്തുത നോവലിന്റെ മുന്നോട്ടുള്ള പ്രയാണത്തെ ഒന്നാകെ സ്വാധീനിക്കുന്നുണ്ട്. ഉത്തരാർധഗോളത്തിൽ യന്ത്രചേതനകളാണ് ഉണ്ടായിരുന്നത്. യാന്ത്രികതയിൽ അഭിരമിക്കുന്ന ഉത്തരാർധഗോളത്തിൽ യന്ത്രങ്ങൾക്കടിമയായ സസ്യവും മൃഗവും മനുഷ്യനും ഉണ്ടായതായി നോവലിൽ സൂചനകൾ ഉണ്ട്. മധുരംഗായതി നിലനിൽക്കുന്ന സംസ്കൃതിയുടെ ചുതികളെ ചൂണ്ടിക്കാട്ടുന്നത് യാന്ത്രികതയോടുള്ള അമിതാഭിനിവേശത്തെ ഉദാഹരിച്ചുകൊണ്ടാണ്. ഉത്തരാർധഗോളത്തെ അതിനുള്ള പ്രതീകമായി നോവലിസ്റ്റ് ഉപയോഗിച്ചിരിക്കുന്നു. "ഉത്തരാർധഗോളത്തിന്റെ മുറിവായിൽനിന്ന് അപ്പോഴും തീ ആളിക്കൊണ്ടിരുന്നു. കലുഷമായ ഈ തീ കൊണ്ട് യന്ത്രങ്ങൾ അവരുടെ പരീക്ഷണങ്ങൾ തുടർന്നു. മണ്ണിലുറങ്ങിക്കിടന്ന ജൈവബീജങ്ങളെ അവർ ഉണർത്തിയില്ല. പരീക്ഷണശാലകൾക്കകത്ത് നിർജ്ജീവധാതുക്കളെ ഇണചേർത്ത് കൃത്രിമജീവന് പിറവികൊടുത്തു. അങ്ങനെ അവിടെ സസ്യവും മൃഗവും മനുഷ്യനും ഉണ്ടായി" (വിജയൻ, 1990; 10) വന്ധ്യമായ ഭൂതലത്തിന്റെയും മരവിച്ചു കിടക്കുന്ന വിത്തുകളുടെയും ഈ ലോകം ജൈവികതയോടുള്ള പരാങ്മുഖതയും യാന്ത്രികതയോടുള്ള മനുഷ്യന്റെ വിധേയത്വവും സാന്ദർഭികമായി അടയാളപ്പെടുത്തുന്നുണ്ട്. ഈ ലോകത്തിലേക്കാണ് ജൈവികതയോടു ചേർന്നു നിൽക്കുന്ന വനകന്യകയായ സുകന്യയും, വൃക്ഷശ്രേഷ്ഠനായ ആൽമരവും യാത്ര ചെയ്യുന്നത്. സൂക്ഷ്മമായി നോക്കിയാൽ നോവലിലെ ആൽമരം പ്രകൃതിയുടെ പ്രതീ

കവും, സുകന്യ മനുഷ്യവംശത്തിന്റെ പ്രതീകവുമാണ്. സുകന്യയുടെയും ആൽമരത്തിന്റെയും ഈ യാത്രാവേളയിലാണ് പ്രകൃതിയുടെ ചാക്രികതയെയും സൃഷ്ടിയുടെ സൂക്ഷ്മതയെയുംകുറിച്ചുള്ള ബോധ്യം സുകന്യയ്ക്ക് ലഭിക്കുന്നത്. കാണാതായ നന്ദിനി' എന്ന പശുവിനെയും അതിനെ തിരഞ്ഞുപോയ അച്ഛനമ്മമാരെയും (മൃത്യുഞ്ജയൻ, സുമംഗല) തേടിയാണ് ഇരുവരുടെയും യാത്ര. കാടിന്റെ അത്ഭുതങ്ങളെ ഉൾക്കൊണ്ടുകൊണ്ടും പ്രകൃതിയുടെ സ്പന്ദനങ്ങൾ അറിഞ്ഞുകൊണ്ടുമാണ് അവളുടെ യാത്ര. അതുകൊണ്ടാണ് വിശക്കുമ്പോൾ ഫലങ്ങൾ പോലും കഴിക്കുന്നതിൽ സുകന്യക്ക് കുറ്റബോധം തോന്നുന്നത്. "പഴങ്ങൾ അങ്ങയുടെ സഹോദരങ്ങളുടെ മാംസമല്ലേ" (വിജയൻ, 1990:16) എന്ന സുകന്യയുടെ ചോദ്യത്തിൽ നിഴലിക്കുന്നത് പ്രകൃതിയോടുള്ള വിധേയത്വവും ബഹുമാനവുമാണ്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യം അറിയുന്ന ആൽമരം, ഫലങ്ങൾ ഭക്ഷിക്കാൻ സുകന്യയ്ക്ക് അനുവാദം നൽകുന്നു. ഇവിടെ ഒരു 'പക്ഷിത്തം' സുകന്യയിൽ ആരോപിതമാകുന്നുണ്ട്. ബലപ്രയോഗത്തിലൂടെയുള്ള ചൂഷണത്തെയല്ല, മറിച്ച് പ്രകൃതിയോടുള്ള ആശ്രിതത്വം മനുഷ്യന് അത്യന്തികമായി നൽകുന്ന നന്മയെക്കുറിച്ചുള്ള ബോധ്യമാണ് ഇവിടെ കാണാൻ കഴിയുക. വിചിത്രാനുഭവങ്ങൾക്കിടയിലൂടെയുള്ള ഈ യാത്രാവേളയിലാണ് ദേവദത്തനെ അവർ കണ്ടുമുട്ടുന്നത്. ജ്ഞാനത്തിന്റെ ഗർവ്വിഷ്ഠത, ഹിംസയുടെ അദ്വൈതം എന്നിവയാണ് ദേവദത്തന്റെ സവിശേഷതകൾ. സൂക്ഷ്മമായി പരിശോധിച്ചാൽ ആധുനിക മനുഷ്യന്റെ ഭാവവും ഇതിനോടടുത്താണ് നിൽക്കുന്നത്. വികസനത്തിന്റെയും പുരോഗതിയുടെയും പേരിൽ സ്വന്തം നേട്ടങ്ങൾ മാത്രം ലക്ഷ്യം വയ്ക്കുന്ന മനുഷ്യൻ ദേവദത്തനെപ്പോലെ ഹിംസയുടെ അദ്വൈതത്തെയാണ് മുറുകെപ്പിടിക്കുന്നത്. 'മധുരം ഗായതിയിൽ പ്രകൃതിയുടെ ലൈംഗികപ്രതിരൂപാത്മകത നോവലിസ്റ്റ് സമർഥമായി അവരിപ്പിക്കുന്നുണ്ട്. സ്ത്രീയേയും പ്രകൃതിയേയും താദാത്മ്യപ്പെടുത്തുന്ന സ്വാഭാവികവീക്ഷണത്തെ ചെയ്തുകൊണ്ട് പ്രകൃതിയെയും മനുഷ്യരെയും കൂട്ടിയിണക്കുന്ന പുതിയൊരു പ്രതിരൂപകൽപന വി. വിജയൻ അവതരിപ്പിക്കുന്നു. മാത്രമല്ല പഞ്ചഭ്രതാത്മകമായ പ്രകൃതിയുടെ ആന്തരികസത്തയിൽ നിന്നാണ് മനുഷ്യന്റെ ജനനമെന്ന് ഒരിക്കൽക്കൂടി നോവലിസ്റ്റ് ഓർമിപ്പിക്കുന്നു. " പുതിയൊരു തുടക്കം. സംഭോഗത്തിന്റെ സ്വാർത്ഥമില്ലാത്ത ഗർഭധാരണം. രക്തം സ്രവിക്കാത്ത പ്രസവം. ഈ രാത്രിതൊട്ട് അമ്മയുടെ ഗർഭപാത്രം വിട്ട് അവൾ എന്റെ വയറ്റിൽ ഉറങ്ങും. എന്നിൽനിന്നും അവൾ പുറത്തുവരും പ്രകൃതിയുടെ ശിശുവായിട്ട് "

(വിജയൻ, 1990:44). പ്രകൃതിയുടെ ശിശുവായി മനുഷ്യൻ പുനർജനിക്കേണ്ട ആവശ്യകതയിലേക്കാണ് ഈ ദർശനം ഊന്നുന്നത്. അങ്ങനെ ജന്മമെടുത്തവളാണ് സുകന്യ. പ്രകൃതിയുടെ പ്രതിരൂപമായ ആൽമരത്തോട് വിധേയത്വം പുലർത്തുന്നതാണ സുകന്യയുടെ പ്രവർത്തികളെല്ലാം. സുകന്യയെ പ്രതിസംസ്കൃതികരിക്കപ്പെട്ട മാനുഷ്യകത്തിന്റെ പ്രതീകമായി സങ്കല്പിക്കുമ്പോൾ തന്നെ ഈ വിധേയത്വം ശുഭസൂചകമായി മാറുന്നത് കാണാം. പ്രകൃതിയോടുള്ള ആശ്രിതത്വത്തിലും വിധേയത്വത്തിലും ആഹ്ലാദം കണ്ടെത്തുന്ന സുകന്യ, മനുഷ്യവംശത്തിന്റെ സ്വത്വത്തെ പ്രകൃതിപരമായി നിർവചിക്കുകയാണ് ചെയ്യുന്നത്. സുകന്യയിലെ ലിംഗപരതയെ (സ്ത്രീലിംഗം നിഷേധിച്ചുകൊണ്ട്, മാനവരാശിയുടെ ഉഭയലിംഗപരത അഥവാ ഉഭയസംസ്കൃതി സുകന്യയിലൂടെ മുന്നോട്ട് വയ്ക്കപ്പെടുന്നുണ്ട്. ഈ മാറ്റം കാലത്തിന്റെയും കാലഘട്ടത്തിന്റെയും ആവശ്യം തന്നെയാണ്.

ആദിപ്രകൃതിയുടെ സാത്വികതലത്തിലേക്ക് കടന്നു ചെല്ലാനുള്ള പ്രേരണ സുകന്യയുടെ വാക്കുകളിൽ തെളിയുന്നുണ്ട്.

"മൃഗിമയുടെ പരീക്ഷകൾ എനിക്ക് മതിയായി. സുകന്യ പറഞ്ഞു. എന്നെ ഒരു സസ്യമാക്കു. ആൽമരത്തിന്റെ ചില്ലകൾ അവളുടെ മുലത്തടം തഴുകവെ സുകന്യ മഞ്ജുഭാഷിണിയായി എന്നെ സസ്യമാക്കുക" (വിജയൻ, 1990: 85)

"അതെ, ഇതു ഞാൻ തന്നെ. ഭ്രമിയുടെ പുനർജനി എന്നെ ഒരു സസ്യമാക്കി. അങ്ങയെ ചുറ്റിനിൽക്കുന്ന വള്ളി. അങ്ങയുടെ പ്രേയസി (വിജയൻ, 1990:101). സുകന്യ ഒരു സസ്യമായി മാറുന്ന കാഴ്ചയാണിത്. പ്രകൃതിയോട് അത്രമേൽ അടുക്കുമ്പോഴാണ് മനുഷ്യൻ സസ്യത്തെപ്പോലെ ആകുമെന്ന് ഇതിലൂടെ മനസ്സിലാക്കാം. സസ്യത്തെപ്പോലെ ആകുക എന്നാൽ പ്രകൃതിയുമായി ലയിക്കുക എന്ന് തന്നെയാണ് അർഥം.

ചേതനവും അചേതനവുമായ സകലതിനെയും ഒരേപ്രാധാന്യത്തോടെ ആദരിക്കുന്ന സമത്വത്തിന്റേതായ സംസ്കാരത്തിലാണ് സാർവജനീനമായ ധാർമികത കുടികൊള്ളുന്നത്. തന്നിലേക്ക് മാത്രം ഒതുങ്ങിക്കൊണ്ട് മറ്റുള്ളവരെയെല്ലാം അകറ്റിനിർത്തി അപരവൽക്കരിക്കുന്ന ബൂർഷ്വാധാർമികത വ്യക്തി എന്ന സങ്കൽപത്തിനാണ് മുൻഗണന നൽകുന്നത്. ഇത് സങ്കുചിതമായ ഒരു വീക്ഷണമാണ്. എന്നാൽ ഇതിൽനിന്നും ഭിന്നമാണ് സാർവജനീനമായ ധാർമികത. എല്ലാത്തിനും നന്മ നേരുന്ന, സ്വന്തമെന്നപോലെ അംഗീകരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന

അവസ്ഥയിലാണ് അത് സാധ്യമാകുന്നത്. കാണാതാവുന്ന നന്ദിനിയെയും മൃത്യുഞ്ജയനെയും സുമംഗലയെയും തേടിപ്പിടിക്കാൻ സുകന്യയെ സഹായിക്കുന്നത് ആൽമരമാണ്. ഉപാധികളൊന്നുമില്ലാത്ത സ്നേഹമാണ് പ്രകൃതി മനുഷ്യന് നൽകുന്നത്. ആ കരുതൽ ആൽമരത്തിന്റെ ചെയ്തികളിൽ നമുക്ക് കാണാം, സുകന്യക്ക് തന്റെ യാത്രയിൽ അനുഭവപ്പെടുന്ന പ്രതിബന്ധങ്ങളെ തരണം ചെയ്യാനുള്ള പ്രാപ്തി നൽകുന്നത് ആൽമരമാണ്. ഇതിനു പിന്നിൽ സാർവജനീനമായ ധാർമികതയാണ് പ്രതിഫലിക്കുന്നത്. മഹായന്ത്രത്തോടുള്ള ആൽമരത്തിന്റെ സംഭാഷണം ശ്രദ്ധിക്കുക. "ആൽമരം പറഞ്ഞു മഹായന്ത്രമേ, അങ്ങ് ഇതറിയുക. യന്ത്രം മനുഷ്യചേതനയുടെ സന്തതിയാണ്. മനുഷ്യചേതന സസ്യചേതനയുടെയും. ആരും ആർക്കും അന്യമല്ല"(വിജയൻ, 1990:77). പ്രകൃതി സകലതിനെയും ഉൾക്കൊള്ളുന്നു. പക്ഷേ ഒന്നിന്റെയും അതിപ്രസരം അനുവദിക്കുന്നുമില്ല. പ്രകൃതിപരമായ വിഷയങ്ങളെ മുൻനിർത്തി യാന്ത്രികതയോട് തികഞ്ഞ നിഷേധം പുലർത്തേണ്ടതില്ല. മനുഷ്യനും യന്ത്രങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ പാരസ്പര്യം അഭിലഷണീയമായ അനുപാതത്തിലാക്കുകവഴിയാണ് പ്രകൃതിയെക്കൂടി പരിഗണിക്കുന്ന ധാർമ്മികബോധത്തിലേക്ക് എത്താൻ കഴിയുക. എന്നാൽ മനുഷ്യനും യന്ത്രങ്ങളും തമ്മിലുള്ള പാരസ്പര്യം തകർക്കപ്പെട്ട അവസ്ഥയിലാണ് മധുരം ഗായതി ആരംഭിക്കുന്നത്. ഭീതിതമായ യാന്ത്രികതയുടെ മുഴക്കം അത് പങ്കുവയ്ക്കുന്നു. എങ്കിലും നോവലിസ്റ്റ് തന്റെ ദർശനത്തിലൂടെ പുതിയൊരു ശുഭാപ്തി വിശ്വാസത്തിലേക്ക് കടന്നുചെല്ലുന്നുണ്ട്. യന്ത്രത്തിന്റെ ആദിമ അവസ്ഥയിൽനിന്ന് അതിന് രൂപാന്തരം സംഭവിക്കുന്നു. യന്ത്രത്തിന്റെ ആദിമരൂപം പൊടിഞ്ഞ് സുകന്യയുടെ ഗർഭപാത്രത്തിൽ ഒരു പുതിയ അവതാരമായി രൂപം പ്രാപിക്കുമ്പോൾ, അതിനെ യന്ത്രത്തിന്റെ പുനരവതാരമായിട്ടല്ല നോവലിസ്റ്റ് പരിചയപ്പെടുത്തുന്നത്. " അവൻ മനുഷ്യനും മൃഗവും സസ്യവും ആകാശവുമാണ് " (വിജയൻ, 1990: 102) എന്നാണ്. യന്ത്രവും മനുഷ്യനും മാത്രമല്ല, പ്രകൃതിയെക്കൂടി ഉൾപ്പെടുത്തുന്ന ഒരു ഏകതാബോധമാണ് ഇവിടെ സൂചിതമാകുന്നത്. ഈ ഐക്യം തന്നെയാണ് സാർവജനീനമായ ധാർമികതയുടെ മാനദണ്ഡം.

പ്രതിസംസ്കാരത്തിന്റെ മറ്റൊരു അവശ്യഘടകമായി ഫാദർ കാപ്പൻ അവതരിപ്പിക്കുന്ന ആശയം സത്യവത്തയെ സംബന്ധിച്ചുള്ളതാണ്. 'സത്യം' എന്ന പദം കൊണ്ട് ഏതൊരു അസ്തിത്വത്തിന്റെയും അനാവൃതാവസ്ഥയെയാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. അത് പ്രകൃതിയോടും മനുഷ്യരോടും ഇതര ജൈവ-ജൈവേ

തര ഘടകങ്ങളോടും നാം പുലർത്തേണ്ട നീതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ നൈതികത മധുരം ഗായതിയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ആൽമരവും സുകന്യയും യാത്ര ആരംഭിക്കുന്ന സമയത്ത് ചില ജ്യോതിസ്സുകളെ കണ്ടുമുട്ടുന്ന സന്ദർഭമുണ്ട്. സന്ധ്യയ്ക്ക് ഗ്രഹാമുഖത്ത് സുകന്യ തെളിയിച്ച ജ്യോതിസ്സുകളിലൊന്ന് അവളെ തിരിച്ചറിഞ്ഞു യാത്രാമംഗളം നേരുന്നു. "സുകന്യ ആശ്ചര്യം കൊണ്ടു തരിച്ചു നിന്നു. നീലയും പച്ചയുമായ പ്രകാശശിലകൾ എന്താണിത്? അവൾ ചോദിച്ചു. 'എനിക്ക് പറഞ്ഞു തരിക. ഒരു സത്യലോകത്തിന്റെ ദൃശ്യമാണിത്. ആൽമരം പറഞ്ഞു " (വിജയൻ, 1990, 18) സത്യവത്തായ ലോകത്തെക്കുറിച്ചുള്ള ചിന്തകൾ ഒ. വി. വിജയനിൽ പ്രബലമായിരുന്നു. ജീവിതത്തിന്റെ തുടർച്ച ശരിയാംവണ്ണം സാധ്യമാകുന്നത് ഈ മനോഭാവത്തിൽ നിന്നാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. ഈ സത്യവത്തായ ഊട്ടിയുറപ്പിക്കുന്നത് ഐക്യബോധമാണെന്ന കാഴ്ചപ്പാട് 'മധുരം ഗായതി' പങ്കുവയ്ക്കുന്നുണ്ട്. സത്യലോകത്തിന്റെ ദൃശ്യത്തെത്തുടർന്നുള്ള ഭാഗം ഇതിനുദാഹരണമാണ്. "ഇപ്പോൾ അറിഞ്ഞുവോ സുകന്യേ ? ആൽമരം പറഞ്ഞു. ആരൊക്കെയോ നമുക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. നാം തനിച്ചല്ല. എന്തൊക്കെയോ നന്മകൾക്ക് നടുക്കാണ് നമ്മുടെ യത്നങ്ങൾ, അല്ലേ?" (വിജയൻ, 1990:19). സുകന്യയുടെ ഈ പരാമർശം തന്നെ നൈതികതയുടെ വിശാലലോകത്തെയും സാർവത്രികമായ നന്മയേയും വിളിച്ചോതുന്നവയാണ് സത്യത്തെ മാത്രമല്ല, സത്യവത്തായ മനുഷ്യതയെയും ഒ വി വിജയൻ ഈ നോവലിൽ അവതരിപ്പിക്കുന്നുണ്ട്. തടവിലാക്കപ്പെട്ടിരിക്കുന്ന സുമംഗലയും മൃത്യുഞ്ജയനും കൊട്ടാരത്തിലെ മേലധ്യക്ഷൻ വരാറാകുമ്പോൾ ഭയപ്പെടുന്നുണ്ട്. അവരുടെ ഭയത്തിന് മൂർച്ച കൂട്ടുന്നത് അദ്ദേഹം ഒരു മനുഷ്യനല്ലെന്ന ചിന്തയാണ്. "അദ്ദേഹം ഒരു മനുഷ്യനല്ലെന്ന് ചിന്തിക്കുമ്പോൾ. സുമംഗല പറഞ്ഞു തുടങ്ങി. 'ശാസ്ത്രത്തിന്റെ യുക്തിക്കനുസരിച്ച് മനുഷ്യനാണ്'. മൃത്യുഞ്ജയൻ പറഞ്ഞു. 'യന്ത്രങ്ങൾ അവരുടെ പരീക്ഷണശാലയിൽ വിളയിച്ച പുതിയ ജൈവപരമ്പരയിലെ ഏറ്റവും ശ്രേഷ്ഠരായ മനുഷ്യരിൽ ഒരാൾ. ഓരോ കോശവും ജൈവഗണിതശാസ്ത്രത്തിന്റെ യുക്തിക്കനുസൃതമായി പണിതീർത്ത പിഴയില്ലാത്ത ജീവി'. കാട്ടിലെ മനുഷ്യരായ നമുക്ക് നിറയെ പിഴയല്ലേ? നമ്മുടെ ജൈവഗണിതശാസ്ത്രത്തിൽ നിറയെ വിടവുകൾ. ആദിമപ്രജ്ഞകൾക്ക് ഒഴുകി വരാനുള്ള രന്ധ്രങ്ങൾ" (വിജയൻ, 1990 :33-34). സത്യവത്തായ മനുഷ്യത ജൈവികമാണ്. അത് യാന്ത്രികമല്ല. ജൈവ ഗണിതശാസ്ത്രത്തിലെ വിടവുകൾ അഭിസംബോധന ചെയ്യുന്നതും നൈസർഗിക

മായിരുന്ന മാനുഷിക നന്മകളെയാണ്. യുക്തിയുടെ ഭദ്രതയിലാണ് മഹായന്ത്ര ങ്ങളുടെ നിലനിൽപ്പ്. ഇതിനാലാണ് ദുഃഖം യുക്തിരഹിതമാണെന്ന് മഹായന്ത്രം പറയുന്നത്. ഇതിനെ സത്യവത്തായ മനുഷ്യത എങ്ങനെ നേരിടുന്നുവെന്ന് സുക ന്യയുടെ അമ്മയുടെ വാക്കുകളിൽ നിന്ന് നമുക്ക് വായിച്ചെടുക്കാം. "ഞങ്ങളുടെ കാട്ടിൽ മാതൃത്വം ഇപ്പോഴും യുക്തിയല്ല. വേദനയാണ്" (വിജയൻ, 1990:35), സുമംഗല അനുഭവിക്കുന്ന വേദനയ്ക്ക് രണ്ട് തലമുണ്ട്. ഒന്ന് മകളെ പിരിഞ്ഞിരിക്കു ന്നതിലെ ദുഃഖമാണ്. മറ്റേതാവട്ടെ, നന്ദിനിയെ ഉത്തരാർധഗോളത്തിലെ യന്ത്ര ങ്ങൾ കീഴ്പ്പെടുത്തിയതും. ഇവിടെ മാതൃത്വം തന്നെ പുനർനിർവചിക്കപ്പെടുന്നുണ്ട്. സുകന്യയോടും നന്ദിനിയോടും ഒരേസമയം സുമംഗല പ്രകടിപ്പിക്കുന്ന സ്നേഹം ഇതിനുദാഹരണമാണ്. ശാസ്ത്രസംസ്കൃതിയുടെ പുതിയ സൃഷ്ടികളായ യന്ത്രങ്ങളുടെ ലോകത്തോട് അഥവാ അതിന്റെ ആത്മശൂന്യതയോട് പ്രകൃതിയുടെ വന്യത ഏറ്റു മുട്ടുന്ന ഏറ്റുമുട്ടുന്നത് 'മധുരം ഗായതിയിൽ കാണാം. ഈ ഏറ്റുമുട്ടൽ, അന്യവൽക്ക രണത്തിന്റെ സ്വഭാവം പ്രകടിപ്പിക്കുന്നുണ്ട്. ശാസ്ത്രജ്ഞന്റെ കണ്ണീരുപ്പിൽ നിന്ന് പ്രാകൃതമായ ഒരു ഊർജ്ജം മഹായന്ത്രത്തിലേക്ക് പ്രസരിക്കുന്നു. അപ്പോൾ മഹാ യന്ത്രം അനാദികാലത്തിലേക്ക് തിരിഞ്ഞു നോക്കുന്നു. വനജീവിയായ മനുഷ്യന്റെ ഉള്ളിൽ നിന്നും ഒരു സൂക്ഷ്മശരീരം പുറത്തേക്ക് കടക്കുന്നു. ഈ സമയം മഹായന്ത്രം ചോദിക്കുന്ന ചോദ്യവും അതിനുള്ള മറുപടിയും ശ്രദ്ധിക്കുക. " 'കുഞ്ഞേ', മഹയന്ത്രം ചോദിച്ചു. 'നീയാരാണ്?' 'മനുഷ്യന്റെ ജിജ്ഞാസ'. കുഞ്ഞു പറഞ്ഞു. 'നീ എന്തിന് നിന്റെ ജനയിതാവിന്റെ ശരീരംവിട്ട് പുറത്തേക്ക് കടക്കുന്നു?'. ' ആ ശരീരത്തിൽ മൃ ഗത്തിന്റെയും സസ്യത്തിന്റെയും ആദിമസമുദ്രത്തിന്റെയും ജനുസ്സുകളാണ്. ബന്ധ ങ്ങളും അപൂർണതകളും കാരുണ്യങ്ങളും. ആ പരിമിതികളെ മറികടന്ന് എനിക്ക് ജനയിതാവിനെ നിശ്ശ്വഭനാക്കുന്ന യന്ത്രമായിത്തീരണം ശുദ്ധമായ യുക്തിയായി ത്തീരണം" (വിജയൻ, 1990 : 40). ഈ ഭാഗവും മനുഷ്യനും പ്രകൃതിയും തമ്മിൽ ഉണ്ടായിവന്ന അന്യവൽക്കരണപ്രവണതയും തമ്മിൽ കൂട്ടിവായിക്കേണ്ടതുണ്ട്. "തനിക്ക് പുറത്ത് തന്റെ നോട്ടത്തിന്റെ വിഷയമായി തന്റെ ആരാധനയുടെയോ അധിനിവേശത്തിന്റെയോ വിഭവമായി നിലകൊള്ളുന്ന പ്രകൃതിയെക്കുറിച്ചാണ് ആധുനികമനുഷ്യൻ സംസാരിച്ചുകൊണ്ടേയിരുന്നത്. പ്രകൃതിയെക്കുറിച്ച് പറയു മ്പോൾ നാം നമുക്ക് പുറത്തുള്ള ഒന്നിനെക്കുറിച്ച് പറയുന്നതായാണ് ധരിക്കാറുള്ള തെന്ന് റെയ്മണ്ട് വില്യംസ് സൂചിപ്പിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. വ്യാവസാ

യികതയിലും കാല്പനികതയിലും ഇരുനിലകളിലാണെങ്കിലും അന്യമായിത്തീർന്ന ഈ പ്രകൃതിയാണുള്ളത്. അന്യഗ്രഹം കീഴടക്കിയ ജേതാവിനെപ്പോലെ പ്രകൃതിക്കു മേൽ വിജയം നേടിയ മനുഷ്യാഭിമാനത്തിന്റെ നിരർത്ഥകതയെക്കുറിച്ച് നടത്തുന്ന വിമർശനങ്ങൾ ഈ അന്യകല്പനയോടുള്ള വിമർശനം കൂടിയാണ് " (സുനിൽ പി ഇളയിടം, 2011:185). നവപരിഷ്കൃതിയുടെ പ്രതീകമാണ് യാന്ത്രികനായ മനുഷ്യർ. ആത്മാവില്ലാത്ത കമ്പിച്ചുരുളുകൾ മാത്രമായ യന്ത്രമനുഷ്യർ എപ്പോഴും നിരാശരാണ്. അവർ ആത്മാവന്വേഷിക്കുന്നു. യാന്ത്രികസംസ്കൃതിയിൽ ജൈവികമായ മാനുഷികഗുണവിശേഷങ്ങൾ മനുഷ്യന് നഷ്ടപ്പെടുന്നുണ്ട്. അവർ നിർവികാരരാകുന്നു. ജൈവികമായ മാനുഷികസത്തയെ വീണ്ടെടുത്ത്, പ്രകൃതിയെക്കൂടി ഉൾക്കൊണ്ടു കൊണ്ടു മുന്നോട്ടു പോകേണ്ടത് അത്യാവശ്യമാണ്.

ചരിത്രപരമായി നീണ്ടവികാസപരിണാമങ്ങളുടെ ഉൽപന്നങ്ങളാണ് മതങ്ങൾ. അവയ്ക്ക് ജന്മം നൽകിയ ദിവ്യതയെപ്പറ്റിയുള്ള സങ്കൽപങ്ങളിൽ നിന്നും പ്രസക്തമായ ഘടകങ്ങൾ നാം മനസ്സിലാക്കേണ്ടതുണ്ട്. എന്നാൽ പല കാലങ്ങളിലായി മതനേതാക്കന്മാരും അധികാരവർഗ്ഗങ്ങളും തങ്ങളുടെ ഇച്ഛയ്ക്കനുസരിച്ച് വ്യാഖ്യാനങ്ങൾ ചമയ്ക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം മതബോധനങ്ങളിലേക്കല്ല, മറിച്ച് ദിവ്യതയെപ്പറ്റിയുള്ള ആദ്യത്തെ ചിന്തകളിലേക്കാണ് നാം കടന്നുചെല്ലേണ്ടത്. മതങ്ങളുടെ പ്രഭവങ്ങൾക്കുമപ്പുറത്തേക്ക് കടന്നുചെന്നാൽ മാത്രമേ ആ ആശയങ്ങൾ മനസ്സിലാക്കാനാവൂ. ഫാദർ കാപ്പൻ പറയുന്നത് ശ്രദ്ധിക്കുക. "ഉണ്മയുടെ സമ്പൂർണവും ആത്യന്തികവുമായ വെളിപാടായി പുരാണമഹർഷിമാരയോ നസ്രത്തിലെ യേശുവിനെയോ പ്രവാചകനായ മുഹമ്മദിനെയോ മുന്നോട്ടുവയ്ക്കുന്നത് തെറ്റ്. മതങ്ങളുടെ ഉപാന്ത്യസ്രോതസ്സുകൾ മാത്രമാണിവർ. അന്ത്യസ്രോതസ്സിലെത്താൻ നാം തുടർന്ന് ചോദിക്കേണ്ടിയിരിക്കുന്നു. ദിവ്യതയെ ഋഷിമാരും പ്രവാചകന്മാരും എവിടെയാണ് കണ്ടെത്തിയത് ? അവർ ജീവിച്ച ലോകത്തിൽ. ഋഷിമാർ പ്രകൃതിപ്രതിഭാസങ്ങളിലും. പൂഴകളിൽ, മലകളിൽ, താഴ്വരകളിൽ, എവിടെനിന്ന് എങ്ങോട്ടെന്നറിയാതെ പായുന്ന കാറ്റിൽ, സൂര്യചന്ദ്രനക്ഷത്രങ്ങളിൽ. എല്ലാത്തിലുമുപരി മനുഷ്യന്റെയും മൃഗങ്ങളുടെയും സസ്യങ്ങളുടെയും ഉർവ്വരതാരഹസ്യങ്ങളിൽ പ്രവാചകന്മാർ സ്വന്തം ജനത നേരിടേണ്ടിവന്ന ചരിത്രപരമായ വെല്ലുവിളികളിലും" (കാപ്പൻ, 1992:112- 113). ആദിമതയെപ്പറ്റിയുള്ള ഒ. വി. വിജയന്റെ ആഖ്യാനത്തിലും ഈ തിരിഞ്ഞുനോട്ടവും അന്വേഷണവും സജീവ

മാണ്. ആൽമരവും സുകന്യയും കാണുന്ന സ്വപ്നദർശനങ്ങളിൽ അത് സമർത്ഥ മായി അവതരിപ്പിക്കപ്പെടുന്നുണ്ട്. " സ്വപ്നാനുഭവം ഉൾക്കൊണ്ടുകൊണ്ട് ആൽമരം നെടുവീർപ്പിട്ടു. 'സുകന്യേ എനിക്കും സ്വപ്നദർശനമുണ്ടായി. പ്രജ്ഞയുടെ പ്രഭവസ്ഥാ നങ്ങൾ ഞാൻ കണ്ടു. സസ്യപ്രജ്ഞയുടെ ഉറവിടം. അതിനും പിറകിൽ ആകാശ ത്തിന്റെ ചേതന. ഇതത്രയും ഞാൻ കണ്ടു. എന്നാൽ നിന്റെ സ്വപ്നങ്ങൾ ഇവയ്ക്കും പുറകോട്ട് പോയിരിക്കുന്നു'. 'ദൈവം തന്നെത്തന്നെ സൃഷ്ടിക്കുന്നതാണ്. ഞാൻ കണ്ടത്. ദൈവസൃഷ്ടിക്കും പുറകിൽ ഒരു പ്രഭവസ്ഥാനമുണ്ടോ? ഉണ്ട്. ദൈവം പോലും തിരിഞ്ഞുനോക്കാൻ ഭയപ്പെടുന്ന ആദിമത" (വിജയൻ, 1990:30-31). ഈ ആദിമത മതാതീതമായ ഒരു സവിശേഷസങ്കൽപമാണ്. ഈ ബോധ്യത്തെ നോവൽ വ്യാഖ്യാനപ്പിശകുകൾ ഏൽക്കാതെതന്നെ അഭിസംബോധന ചെയ്യുന്നു ണ്ട്. പ്രകൃതിയിലെ എല്ലാ ചരാചരങ്ങൾക്കുമായി ഒരു സങ്കലിതഭാവമാണ് നോവലി സ്റ്റ് നൽകുന്നത്. പരിണാമത്തിലൂടെ ഒരു പുതിയ പ്രവാചകൻ അഥവാ മോചകന്റെ ആവിർഭാവത്തെപ്പറ്റി നോവലിൽ സൂചിതമാകുന്നുണ്ട്. " അവൻ യന്ത്രവും മനുഷ്യ നും മൃഗവും സസ്യവും ആകാശവുമാണ് (വിജയൻ, 1990: 102). ഇത് പുതിയ ഒരു സംസ്കൃതിയുടെ പ്രതീകമായി നോവലിൽ മാറ്റപ്പെടുന്നുണ്ട്.

ഉപസംഹാരം

പ്രകൃതിയുടെ നാശത്തെപ്പറ്റിയും അതിന്റെ കാരണങ്ങളെപ്പറ്റിയും നിരന്ത രം ആശങ്കപ്പെടുകയും രചനകളിൽ പ്രതിപാദിക്കുകയും ചെയ്ത നോവലിസ്റ്റാണ് ഒ. വി. വിജയൻ. മധുരം ഗായതി എന്ന നോവലിൽ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അദ്വൈതത്തെ സാക്ഷാത്കരിക്കാനുതകുന്ന പുതിയൊരു പാരിസ്ഥിതികാവബോ ധം നോവലിസ്റ്റ് മുന്നോട്ടുവയ്ക്കുന്നുണ്ട്. ഉപരിപ്ലവമായ ദർശനങ്ങളിൽ ഒതുങ്ങാതെ അവയുടെ ആന്തരികസത്തയിലേക്ക് വെളിച്ചം വീശാൻ നോവലിനു കഴിയുന്നു. പ്രതിസംസ്കൃതിയെപ്പറ്റിയുള്ള ബോധ്യങ്ങൾ നോവലിൽ കടന്നുവരുന്നത് ഈ ദീർ ഘവീക്ഷണത്തിന്റെ ഫലമായിവേണം കരുതാൻ. സ്ത്രീയേയും പ്രകൃതിയേയും താ ദാത്മ്യപ്പെടുത്തുന്ന സ്വാഭാവിക കാഴ്ചപ്പാടുകളെ നിരസിച്ചുകൊണ്ട് പ്രകൃതിയെയും മനുഷ്യനെയും നോവൽ കൂട്ടിയിണക്കുന്നു. അങ്ങനെ സുകന്യ പ്രതിസംസ്കൃതീകരി ക്കപ്പെട്ട മാനുഷ്യകത്തിന്റെ പ്രതീകമായി മാറുന്നു. മനുഷ്യവംശത്തിന്റെ സ്വത്വത്തെ പ്രകൃതിപരമായി നിർവചിക്കുകയാണ് ഇതിലൂടെ നോവലിസ്റ്റ് ചെയ്യുന്നത്. ഇപ്രകാ

രം പ്രതിസംസ്കൃതിയുടെ നോവൽഭാഷ്യമായി ഈ നോവൽ മാറ്റപ്പെടുന്നു.

സഹായക ഗ്രന്ഥങ്ങൾ

1. കാഫ്കൻ എസ്., പ്രവചനം പ്രതിസംസ്കൃതി, യാത്ര പബ്ലിക്കേഷൻസ്, കോട്ടയം, 1992.
2. ക്രിസ് വില്യംസ്, പരിസ്ഥിതിയും സോഷ്യലിസവും (വിവ: രതിമേനോൻ), ഡി. സി. ബുക്സ്, കോട്ടയം, 2013.
3. ഗണേശ് കെ. എൻ., പ്രകൃതിയും മനുഷ്യനും, കേരള ശാസ്ത്രസാഹിത്യപരിഷത്ത്, തൃശ്ശൂർ, 2014.
4. പൊതുവാൾ പി.പി.കെ., പരിസ്ഥിതിബോധവും സംസ്കാരവും, മാതൃഭൂമി ബുക്സ്, കോഴിക്കോട് 2007.
5. വിജയൻ ഒ.വി., മധുരം ഗായതി, കറന്റ് ബുക്സ്, കോട്ടയം, 1990.
6. സിദ്ദീഖ് എം.എ., അടയാളത്തിന്റെ അടയാളങ്ങൾ, കേരളസാഹിത്യ അക്കാദമി, 2011.
7. സുനിൽ. പി. ഇളയിടം, അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2011.

ചരിത്രാഖ്യായികകളിലെ 'പെണ്ണുടലെഴുത്ത്'

അനന്ദു വി. എം.
ഗവേഷകൻ, മലയാളവിഭാഗം,
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

പ്രബന്ധസംഗ്രഹം:

അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മുഖ്യകഥാപാത്രമായ ചരിത്ര നോവലുകളിൽ സ്ത്രീകളെ അവതരിപ്പിക്കാൻ പെണ്ണിന്റെ ഉടലിനെ വർണ്ണിച്ചെഴുതുന്ന രീതിയാണ് ഉപയോഗിച്ചത് (പെണ്ണുടലെഴുത്ത്). വ്യക്തിയെന്ന നിലയിൽ സ്ത്രീയെ ആകർഷകമാക്കുന്ന ഗുണങ്ങൾ അംഗീകരിക്കപ്പെട്ടിരുന്നത് ഒരു ലൈംഗികവസ്തുവെന്ന നിലയിലുള്ള അവളുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ധീരോദാത്തനും അതിപ്രതാപഗുണവാനുമായ നായകനെ അവതരിപ്പിക്കുമ്പോൾ സ്ത്രീകഥാപാത്രങ്ങളുടെ പ്രാധാന്യം ചുരുങ്ങിപ്പോകുന്നുവെന്നുമാത്രമല്ല, പ്രണയരംഗങ്ങളിലും രതികാമനകളിലും മാത്രമായി ഒതുങ്ങി പോകുന്നു. അതുകൊണ്ടുതന്നെ ഇത്തരം കൃതികളിൽ ചരിത്രപുരുഷന്മാരെപ്പോലെ ചരിത്രവനിതകൾ ഉണ്ടാകാതെ പോകുന്നു. സ്ത്രീശരീരത്തിനും ലൈംഗികതയ്ക്കുമാണ് എഴുത്തുകാർ പ്രാധാന്യം നൽകിയത്. ഇതിനു പിന്നിലുള്ള സാമൂഹികാധികാരസമവാക്യങ്ങളും സാംസ്കാരിക പ്രത്യേകതകളും പഠനവിഷയമാക്കുകയാണ് ഇവിടെ.

താക്കോൽ വാക്കുകൾ:

വസ്തുവത്കരണം, സാംസ്കാരികപഠനം, സാമൂഹികാധികാരം, ഫെമിനിസം, പെണ്ണുടലെഴുത്ത്

ആമുഖം

സി. വി. രാമൻപിള്ളയുടെ *മാർത്താണ്ഡവർമ്മ* മുതൽ സലിൻ മാങ്കുഴിയുടെ *എതിർവാ* വരെയുള്ള കൃതികളിൽ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മുഖ്യ കഥാപാത്രമായി കടന്നുവരുന്നുണ്ട്. ഈ കൃതികളിലെല്ലാം തന്നെ സ്ത്രീകഥാപാത്രങ്ങളെ അവതരിപ്പിക്കാൻ മുഖ്യമായും ശരീരവർണ്ണനയാണ് ഉപയോഗിച്ചിരിക്കുന്നത്. പെണ്ണിന്റെ ഉടലിനെ എഴുതി വർണ്ണിക്കുന്ന ഈ പ്രവണതയെയാണ് 'പെണ്ണുടലെഴുത്ത്' എന്ന വിവക്ഷ കൊണ്ട് അർത്ഥമാക്കുന്നത്. ചരിത്രത്തെ മുൻനിർത്തി സാഹിത്യത്തെയും, സാഹിത്യകൃതികളിലെ ചരിത്രപരാമർശങ്ങളെ അടിസ്ഥാനമാക്കി സാംസ്കാരികചിഹ്നങ്ങളെയും വിശകലനം ചെയ്യാൻ വിമർശകർ വിരളമായേ ശ്രമിച്ചിരുന്നുള്ളൂ. ചരിത്രത്തോട് ചേർന്നുനിൽക്കുന്നതോ ചരിത്രത്തിനാൽ സ്വാധീനിക്കപ്പെട്ടതോ ആയ സാഹിത്യത്തിന് സവിശേഷമായ ചരിത്രദർശനമുണ്ടെന്നും സാഹിത്യം ചരിത്രപരമാണെന്നും നിരവധി ആശയലോകങ്ങളിൽ രൂപീകരിക്കപ്പെടുന്ന സാമൂഹികവും സാംസ്കാരികവുമായ ഒരു നിർമിതിയാണെന്നും നവചരിത്രവാദം സ്ഥാപിക്കുന്നതോടെയാണ് ഇത്തരം വായനകളുണ്ടാകുന്നത്. സാഹിത്യരചയിതാക്കൾ തന്റെ ചരിത്രപരതയിൽനിന്നു മുക്തരല്ല. സാഹിത്യകാരന്റെ വ്യക്തിബോധവും സാംസ്കാരികബോധവും ഇതര സാഹിത്യരൂപങ്ങളിലെന്നപോലെ ചരിത്രനോവലുകളിലും സ്വാധീനം ചെലുത്തും. സാഹിത്യകൃതികളെഴുതുവാൻ ചരിത്രത്തെ എഴുത്തുകാർ ഉപജീവിച്ചതുപോലെ ചരിത്രരചനയ്ക്ക് സാഹിത്യത്തെയും ചരിത്രകാരന്മാർ ഉപയോഗിച്ചിരുന്നു. ഭാഷാ-സാഹിത്യഗവേഷണത്തിൽ ഈ രീതിയെ ഒരു സാഹിത്യപ്രശ്നമായി ഉയർത്തിക്കൊണ്ടുവരുവാൻ നവചരിത്രവാദത്തിന്റെ പ്രചാരം കാരണമായി.

ലൈംഗികവസ്തുവത്കരണം

ലൈംഗികവസ്തുവത്കരണം (Sexual Objectification) എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത് ഇമ്മാനുവൽ കാന്റാണ്. *ദി മെറ്റാഫിസിക്സ് ഓഫ്*

മോറൽസ് എന്ന കൃതിയിൽ വസ്തുവത്കരണം എന്നത് മറ്റുള്ളവരെ വെറും ലൈംഗികോപകരണങ്ങളായി കാണുന്നതാണ് എന്ന് അദ്ദേഹം വാദിച്ചു. ഈ ആശയം സ്ത്രീകളുടെ ലൈംഗിക വസ്തുവത്കരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച ഫെമിനിസ്റ്റ് ചിന്തകർ വ്യാപകമായി വിശകലനം ചെയ്തിട്ടുണ്ട്. ഈ വീക്ഷണമനുസരിച്ച്, വസ്തുവത്കരണം എന്നത് ഒരു സ്ത്രീയുടെ ലൈംഗിക ഭാഗങ്ങളെയോ പ്രവർത്തനങ്ങളെയോ അടിസ്ഥാനമാക്കിയുള്ള ധാരണയും വിലയിരുത്തലുമാകുന്നു. അത് അവളെ വ്യക്തിയിൽ നിന്ന് വേർപെടുത്തി, കേവലം ഉപകരണത്തിന്റെ പദവിയിലേക്ക് ചുരുക്കുന്നു. പ്രണയവും ദാമ്പത്യവും ഇതിന്റെ ചുവടുപിടിച്ച് സഞ്ചരിക്കുന്നതായാണ് കാണാൻ കഴിയുന്നത്. "സ്ത്രീകളെ ലൈംഗികമായി വസ്തുവൽക്കരിക്കുന്ന സാംസ്കാരിക സമ്പ്രദായം സമൂഹത്തിൽ വ്യാപകമാണെന്നും സ്ത്രീശരീരത്തിന്റെ പൊതു പ്രദർശനത്തിന് അവസരങ്ങൾ സൃഷ്ടിക്കുന്നുവെന്നും ഒബ്ജക്ടിഫിക്കേഷൻ സിദ്ധാന്തം കണക്കാക്കുന്നു" (ഇവാഞ്ചലീന, 2010). അടിസ്ഥാനപരമായി അവളുടെതനതായ വ്യക്തിത്വവും ആത്മനിഷ്ഠതയും ഇല്ലാതാക്കുകയാണിവിടെ. അങ്ങനെ അവൾ ഒരു ശരീരം മാത്രമായി നിലനിൽക്കും. ലൈംഗിക വസ്തുവത്കരണത്തിന്റെ അനുഭവങ്ങൾ സ്ത്രീകളുടെ വ്യക്തിപരമായ നിയന്ത്രണത്തിന് പുറത്താണ് സംഭവിക്കുന്നത് എന്നത് ശ്രദ്ധിക്കേണ്ടതാണ്. ടെലിവിഷൻ പരിപാടികൾ, പരസ്യങ്ങൾ, കാർട്ടൂണുകളും ആനിമേഷനും, ഇന്റർനെറ്റ്, സംഗീത വീഡിയോകളും അതിലെ വരികളും, വീഡിയോ ഗെയിമുകൾ, മാഗസിനുകൾ, പത്രങ്ങൾ, പരസ്യബോർഡുകൾ എന്നിങ്ങനെ എല്ലാ രൂപങ്ങളിലും ദൃശ്യമാധ്യമങ്ങൾ സ്ത്രീകളുടെ ശരീരത്തെയും ശരീരഭാഗങ്ങളെയും ശ്രദ്ധയിൽപ്പെടുത്തി പുരുഷനോട്ടത്തെ ലക്ഷ്യമാക്കി പ്രദർശിപ്പിക്കുമ്പോൾ, മാധ്യമ ചിത്രീകരണം ലൈംഗികമായ വസ്തുവത്കരണമായി മാറുന്നുവെന്നാണ് ലൈംഗികവസ്തുവത്കരണസിദ്ധാന്തം സമർഥിക്കുന്നത്. സമാനമായ രീതിയിലാണ് മലയാള ചരിത്രനോവലുകളിലും സ്ത്രീകഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്.

വസ്തുവത്കരണം ചരിത്രാഖ്യായികകളിൽ

ആണത്തവും ധീരതയും പുരുഷപ്രത്യേകതകളായി ആവിഷ്കരിക്കുകയും സൗന്ദര്യവും ലാസ്യഭാവങ്ങളും സ്ത്രീക്ക് സമ്മാനിക്കുകയും ചെയ്ത സാമൂഹികവ്യവസ്ഥിതി അധികാരകേന്ദ്രങ്ങളിലും സമാനമായി തന്നെയാണ് പ്രവർത്തിച്ചിരുന്നത്.

ചരിത്രാഖ്യായികകളിൽ സ്ത്രീകഥാപാത്രങ്ങൾ നിരവധിയായി പരാമർശിക്കപ്പെട്ടെങ്കിലും അവർക്കെല്ലാം പ്രണയത്തിന്റെയോ രതിയുടെയോ ഭാവങ്ങൾ അവതരിപ്പിക്കുവാനുള്ള അവസരം മാത്രമേ ലഭിച്ചിരുന്നു. ഇതിനു പിന്നിലെ സാംസ്കാരികമായ സാഹചര്യങ്ങളെ നവചരിത്രവാദവും സ്ത്രീവാദവും അപഗ്രഥിക്കുന്നുണ്ട്. "കേരളീയ ഫ്യൂഡൽ കാലഘട്ടത്തിന്റെ ഭാഗമായിരുന്ന ക്ഷത്രിയസ്ത്രീകളും നായർസ്ത്രീകളും, മരുമക്കത്തായ വ്യവസ്ഥിതിയുടെയും അധികാര ദായക്രമത്തിന്റെയും ഉപോൽപ്പന്നങ്ങൾ മാത്രമായിരുന്നു " (റോബിൻ ജഫ്രി, 2016: 198). മാർത്താണ്ഡവർമ്മയുടെ ചരിത്രത്തെ മാറ്റിയെഴുതുവാൻ കെൽപ്പുള്ള സ്ത്രീകഥാപാത്രങ്ങൾ ചരിത്രത്തിലും ചരിത്രാഖ്യായികകളിലും ഉണ്ടായിരുന്നിട്ടും അവർക്കൊന്നും തന്നെ അർഹിക്കുന്ന പ്രാധാന്യത്തിലേക്ക് ഉയരാനായില്ല. മാർത്താണ്ഡവർമ്മയോടുള്ള രാജഭക്തിയും നായകന്റെ പ്രാധാന്യം കുറഞ്ഞുപോകുമോ എന്ന ഭയവും കാരണം എഴുത്തുകാരെല്ലാം സ്ത്രീകഥാപാത്രങ്ങളെ അപ്രധാനമാക്കുകയായിരുന്നു. സി. വി. രാമൻപിള്ളയുടെ സുഭദ്ര, വൈക്കം ചന്ദ്രശേഖരൻ നായരുടെ കൊച്ചുതങ്കച്ചി എന്നീ കഥാപാത്രങ്ങളെ ഈ അവസരത്തിൽ വിസ്മരിക്കുന്നതല്ല എന്നിരുന്നാലും, അതിനപ്പുറമുള്ള പ്രാധാന്യം ആർക്കും തന്നെ കൈവന്നിട്ടില്ല എന്നതാണ് സത്യം.

മാർത്താണ്ഡവർമ്മയെ അവതരിപ്പിക്കുവാൻ ഉപയോഗിച്ച ഉപമകളും രൂപകങ്ങളും അതുതന്നെ പ്രാധാന്യത്തോടെ സ്ത്രീകഥാപാത്രങ്ങളെ അവതരിപ്പിക്കുവാനും ചരിത്രനോവലിസ്റ്റുകൾ ഉപയോഗിച്ചിട്ടുണ്ട്. പക്ഷേ അവയൊന്നും തന്നെ സ്ത്രീകഥാപാത്രങ്ങളുടെ അന്തസ്സും വ്യക്തിത്വവും ആവിഷ്ക്കരിക്കുന്ന വിവരണങ്ങൾ ആയിരുന്നില്ല. സ്ത്രീശരീരത്തെ മുൻനിർത്തിയുള്ള വർണ്ണനകൾ പലപ്പോഴും ലൈംഗികതയുടെ ആഘോഷമായിരുന്നു. മാർത്താണ്ഡവർമ്മയുടെ ശരീരത്തെ വർണ്ണിക്കുവാനുള്ള സ്വാതന്ത്ര്യം ഇത്തരം എഴുത്തുകാർ ഉപയോഗിച്ചിരുന്നു എന്നിരുന്നാലും അദ്ദേഹത്തിന്റെ മറ്റ് ഗുണഗണങ്ങൾ വർണ്ണിക്കുവാനും മഹത്വവൽക്കരിക്കുവാനും അവർ കാണിച്ച സാഹസങ്ങൾ സ്ത്രീകഥാപാത്രങ്ങളുടെ വർണ്ണനയിൽ ഉണ്ടായിട്ടില്ല. മാറിടത്തിന്റെ വലിപ്പവും അരക്കെട്ടിന്റെ ഭംഗിയും അധരശോഭയും ചികുരഭാരവും മാത്രമായിരുന്നു അവരുടെ വ്യക്തിത്വം എന്നതായിരുന്നു അക്കാലത്തെ പൊതുധാരണ.

"കഥാസാഹിത്യം എന്ന കനോനയെ മനസ്സിലാക്കണമെങ്കിൽ സാമൂഹികനോവലും ചരിത്രനോവലും ഉൾപ്പെടെയുള്ള നോവൽ ഗണങ്ങൾക്കു പിന്നിൽ

പ്രവർത്തിച്ച സാമൂഹികാധികാരസമവാക്യങ്ങളും ഭരണകൂട പ്രത്യയശാസ്ത്രങ്ങളും അവയുടെ വർഗാടിത്തറയും തിരിച്ചറിയണം" (പി. രേഖ, 2018: 101). മരുമക്കത്തായവ്യവസ്ഥിതിയിൽ സ്ത്രീകൾക്ക് ഉണ്ടായിരുന്ന സ്വാതന്ത്ര്യവും അധികാരവും ഈ കൃതികളിലൊന്നിലും പരാമർശിച്ചു കാണുന്നില്ല. മാർത്താണ്ഡവർമ്മ എന്ന ധീരവ്യക്തിത്വത്തിന്റെ പ്രണയപൂർത്തീകരണത്തിന് ആവശ്യമായ വസ്തുക്കൾ മാത്രമായിരുന്നു സ്ത്രീകൾ. വിപ്രലംഭ-സംഭോഗശൃംഗാരം മാത്രമായിരുന്നു ഈ കൃതികളിലെ പ്രണയം. പ്രണയത്തെയും രതിയെയും തമ്മിൽ തിരിച്ചറിയാൻ വയ്യാത്ത വിധം ഇവ തമ്മിൽ കൂടിക്കുഴഞ്ഞ അവസ്ഥപോലും ചില കൃതികളിൽ കാണാൻ കഴിയും.

സി. വി. യുടെ സുഭദ്രയും വസ്തുവത്കരണവും

'മാർത്താണ്ഡവർമ്മ'യിലെ സുഭദ്രയോട് നോവലിനുള്ളിലെ കഥാപാത്രങ്ങൾക്ക് തോന്നുന്ന പ്രണയം വായനക്കാരനും തോന്നണം എന്ന് ഉദ്ദേശ്യലക്ഷ്യത്തോടെയാണ് സി. വി. സുഭദ്രയെ അവതരിപ്പിച്ചിരിക്കുന്നത്. സുഭദ്ര എന്ന കഥാപാത്രത്തോട് രാമനാമഠം എന്ന മാടമ്പിക്കുതോന്നുന്ന അടുപ്പമാണ് സുഭദ്രയെ അവതരിപ്പിക്കാനുള്ള അവസരമായി സി. വി. ഉപയോഗിച്ചിരിക്കുന്നത്. രാമനാമഠത്തിന് സുഭദ്രയോട് തോന്നുന്നത് പ്രണയമാണെന്ന് പറയുക വയ്യ. ഭർത്താവ് നഷ്ടപ്പെട്ട് എട്ടു വർഷമായി ഒറ്റയ്ക്ക് കഴിയുന്ന സുഭദ്രയോട് അടുക്കാൻ ശ്രമിക്കുന്നത് ഒരു അവസരം പ്രതീക്ഷിച്ചു തന്നെയാണ്. കുടമൺ പിള്ളയുടെ വീട്ടിലെത്തിയാൽ സുഭദ്രയെ കാണാതെ തിരിച്ചു പോകാറില്ല ഇദ്ദേഹം. വിടലോകനാഥനായി സി. വി. അവതരിപ്പിക്കുന്ന ഈ കഥാപാത്രത്തിന് പ്രണയം എന്ന വ്യാജേന ലൈംഗിക താൽപര്യം മാത്രമാണ് സുഭദ്രയോടുള്ളത്. ഇതേ താൽപര്യം വായനക്കാർക്കും അനുഭവവേദ്യമാകണം എന്ന ചിന്തയോടെയാണ് സുഭദ്രയെ വർണിച്ചിരിക്കുന്നത്. സി. വി. യുടെ മാർത്താണ്ഡവർമ്മയിലെ ഏറ്റവും ശക്തമായ കഥാപാത്രമാണ് സുഭദ്ര എന്നിരുന്നാലും, പന്ത്രണ്ടാം അധ്യായത്തിൽ രാമനാമഠത്തെ സ്വാധീനിക്കുവാൻ വേണ്ടി മുറിയിൽ കാത്തിരിക്കുന്ന സുഭദ്രയുടെ ചിത്രം പെണ്ണുടലിനെ കാമാതുരമായി നോക്കുന്ന ഒരു അനുഭവമാണ് സൃഷ്ടിക്കുന്നത്. "ഈ സ്ത്രീയിൽ യൗവനം മുതിർന്നിരിക്കുന്നതിനാൽ ഗാത്രം വിശിഷ്ടരമായുള്ള പുഷ്ടിയോടുകൂടിയതായും ഇരിക്കുന്നു. കേതകീപുഷ്പത്തിനോടു സാമ്യമുള്ള വർണ്ണം കൊണ്ടു ശോഭനമായുള്ളതും വിസ്താരമുള്ളതും ആയ മാറിടത്തിൽ ക്രമേണ ഉന്നതികലർന്ന് തങ്ങളിൽ

ഇടഞ്ഞുനിൽക്കുന്ന കൂചകലശങ്ങളും, പൃഥുലമായുള്ള നിതംബങ്ങളും തന്റെ ശരീരധാടിയെയും പ്രൗഢാവസ്ഥയെയും പ്രത്യക്ഷീകരിക്കുന്നു. കേശമോ, ശിരസ്സിൽ നിന്നുത്പന്നമായി ചെറുകല്ലോലമാലകളെപ്പോലെ കണ്ടുത്തോളം മൃദുലഗതിയായി ഒഴുകീട്ട് വൻപിച്ച തരംഗങ്ങളുടെ ആകൃതി കൈക്കൊണ്ട് ഉരുണ്ടും ചുരുണ്ടും ഉന്നതജഘനതീരത്തോളം പ്രവഹിച്ച് ആ ഭാഗത്തെ ആസകലം ആച്ഛാദനം ചെയ്യുംവണ്ണം പരന്നുകിടക്കുന്നു"(സി. വി. രാമൻപിള്ള, 2022: 241). അവളുടെ ശരീരപുഷ്ടിയും മാറിടത്തിന്റെ വലിപ്പവും നിതംബത്തിന്റെ വർണ്ണനയും സൗന്ദര്യാവിഷ്കാരമായി അംഗീകരിക്കാൻ കഴിയില്ല. സ്ത്രീയുടെ ഉടലഴകിലൂടെ അവളെ ആവിഷ്കരിക്കുവാനുള്ള എഴുത്തുകാരന്റെ സ്ഥിരസ്വഭാവം സി. വി. യും ആവർത്തിക്കുകയായിരുന്നു. വങ്കനായ രാമനാമഠത്തിന്റെ മനസ്സിളക്കുവാൻ തക്ക സൗന്ദര്യമുള്ള സുന്ദരിയാണ് സുഭദ്ര എന്നു സ്ഥാപിക്കുവാൻ വേണ്ടിയാണെങ്കിൽപോലും ഇത്രയും വിശദമായ ആകാരവർണ്ണന ആവശ്യമായിരുന്നില്ല. "മാർത്താണ്ഡവർമ്മയിലെ ക്രിയാചടുലതയിൽ ഏറ്റവും കൂടുതൽ പ്രതികരണം സൃഷ്ടിക്കുന്ന കഥാപാത്രം സുഭദ്രയായത് അത്ഭുതകരമല്ല. മാർത്താണ്ഡവർമ്മ, അനന്തപത്മനാഭൻ, ബീരാംഖാൻ തുടങ്ങിയവരൊക്കെ വേഷപ്പകർച്ചക്കാരാണ്. ഭാവപ്പകർച്ച സുഭദ്രയ്ക്കേ ഉള്ളൂ" (കല്പറ്റ ബാലകൃഷ്ണൻ, 2022: 61) എന്ന് അഭിപ്രായപ്പെടുമ്പോഴും രാമനാമഠത്തിന്റെ ലൈംഗികതാൽപര്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ സുഭദ്രയുടെ പെണ്ണുടലിന്റെ വർണ്ണനയിലൂടെ ശ്രമിക്കുകയായിരുന്ന സി. വി. എന്നു പറയേണ്ടിവരും. "അനന്തപത്മനാഭന്റെ പ്രതിശ്രുതവധുവായ പാറുക്കുട്ടിയോട് പപ്പുത്തമ്പി നടത്തിയ ശൃംഗാരചേഷ്ടകൾ വായിക്കുമ്പോൾ ഒരു ജളനെയാണ് ഓർമിക്കുന്നത്. സുഭദ്രയോട് നിരന്തരം കാമാഭ്യർത്ഥന നടത്താനും സി. വി. യുടെ കഥാപാത്രത്തിനു മടിയില്ല" (എം. ജി. ശശിഭൂഷൺ, 2023 : 101). ശത്രുപക്ഷത്തെ രഹസ്യങ്ങൾ അറിയാൻ വേണ്ടി പ്രണയം നടിച്ച സുഭദ്രയുടെ ആവിഷ്കാരം മിതമായിരുന്നുവെങ്കിലും സുഭദ്രയോട് അടുക്കാൻ ശ്രമിക്കുന്ന കഥാപാത്രങ്ങളുടെ പ്രണയചേഷ്ടകളും സംഭാഷണങ്ങളും പ്രണയത്തിനപ്പുറം രതിമോഹമാണ് പ്രകടിപ്പിക്കുന്നത്.

മാർത്താണ്ഡവർമ്മയുടെ അമ്മാവനായ രാമവർമ്മ മഹാരാജാവിന് അയോധ്യയിൽ നിന്നുള്ള അഭിരാമി എന്ന സ്ത്രീയോട് തോന്നുന്ന പ്രണയവും തുടർന്നുള്ള വിവാഹവും അവർക്ക് അനുവദിച്ചു കിട്ടിയ സ്ഥാനമാനങ്ങളും ചർച്ച ചെയ്യപ്പെടേണ്ടതാണ്. അഞ്ചു വർഷം മാത്രം രാജാവായി അധികാരത്തിലിരുന്ന

രാമവർമ്മയ്ക്ക് എങ്ങനെയാണ് 22 വർഷം മുമ്പ് അഭിരാമിയിൽ ജനിക്കുന്ന മകനെ രാജാവാക്കാമെന്ന് വാഗ്ദാനം നൽകാൻ സാധിക്കുന്നതെന്ന ചോദ്യം നിലനിൽക്കുമ്പോഴും അഭിരാമിയെ ഒരിടത്തുപോലും വസ്തുവത്കരിച്ചു കാണുന്നില്ല. "പഴയ സാമൂഹികഘടനയുടെ നാശവും സാമൂഹ്യാവസ്ഥയുടെ വികസനത്തിന് സഹായകമായ പുതിയ സമഗ്രാവബോധങ്ങളുടെ ഘടനാത്രുപവൽക്കരണങ്ങളുമാണ് ഒരു ചരിത്ര റൊമാൻസിൽ നാം കണ്ടെത്തുന്ന സവിശേഷ വസ്തുത. വ്യക്തികളും സംഭവങ്ങളും ചരിത്രത്തിൽ നിന്ന് ചരിത്ര സങ്കൽപ്പങ്ങളുടെ വസ്തുതയും ആദർശവുമായി മാറ്റുന്നതിലൂടെയാണിത് സാധിക്കുന്നത് " (കല്പറ്റ ബാലകൃഷ്ണൻ, 2022: 87). "ചരിത്രപരമായി നോക്കുമ്പോൾ കേവലം സാങ്കല്പികമായ ഒരു നായർ വംശമഹിമ ചരിത്രമഹാസത്യമായി വിശ്വാസപ്പെട്ടു ജീവിച്ച വ്യക്തിയാണ് സി. വി. "(പി. കെ. ബാലകൃഷ്ണൻ, 2013: 143). ഇതുകൊണ്ടുതന്നെ നായർ സമുദായത്തിലെ സാംസ്കാരിക ജീർണ്ണതകളെ കണ്ടില്ലെന്നു നടിക്കുകയായിരുന്നു അദ്ദേഹം. സാമൂഹികക്രമത്തിന്റെ ഒഴുക്കിനെ തടയിടാൻ ശ്രമിക്കേണ്ടതില്ല എന്നദ്ദേഹം കരുതിയിട്ടുണ്ടാകാം.

വേണാട്ടുസിംഹം : ചരിത്രാഖ്യായികകളിലെ വൈശികതന്ത്രം

മാർത്താണ്ഡവർമ്മയുടെയും ഉമ്മിണി തങ്കയുടെയും പ്രണയലീലകൾ വർണ്ണിക്കുവാൻ വേണ്ടി രചിക്കപ്പെട്ട കൃതിയാണിതെന്ന് തോന്നിപ്പോകുന്ന സ്ത്രീവർണ്ണനകളാണ് തോപ്പിൽ രാമചന്ദ്രൻ പിള്ളയുടെ 'വേണാട്ടുസിംഹ'ത്തിന്റെ പ്രത്യേകത. ഉമ്മിണിത്തങ്കയെ വർണ്ണിക്കുന്ന ഘട്ടത്തിൽ മാത്രമല്ല ഉമ്മിണിത്തങ്കയെ കുറിച്ച് മാർത്താണ്ഡവർമ്മ ഓർമ്മിക്കുന്ന അവസരങ്ങളിലും സംഭോഗശൃംഗാരത്തിന്റെ നിലവാരത്തിലുള്ള ഉപമകളും വർണ്ണനകളുമാണ് ഉപയോഗിച്ചിരിക്കുന്നത്. ഉമ്മിണിത്തങ്കയുടെയും മാർത്താണ്ഡവർമ്മയുടെയും പ്രണയരംഗങ്ങൾ ലൈംഗികാസ്വാദന മുഹൂർത്തങ്ങളായാണ് നോവലിസ്റ്റ് ആവിഷ്കരിച്ചിരിക്കുന്നത്. കാമുകിയെ കാണാൻ എപ്പോൾ വേണമെങ്കിലും മതിൽ ചാടിയോ വാതിൽ പൊളിച്ചോ മുറിയിലേക്ക് എത്താൻ തയ്യാറായി നിൽക്കുന്ന ഒരു കാമുകനെയാണ് ഈ കൃതിയിൽ കാണാൻ കഴിയുന്നത്. പോരിന് തയ്യാറായി നിൽക്കുമ്പോഴും കാമുകിയുടെ മാറിന്റെ വലിപ്പവും ഇളക്കവും നോക്കി ആസക്തികൊള്ളുന്ന മാർത്താണ്ഡവർമ്മ അശ്ലീലസാഹിത്യപ്രസിദ്ധീകരണത്തിലെ നായകന് സമാനമായി മാറുന്നു. എന്നാൽ അക്കാലഘട്ടത്തിലെ സാമൂഹികപരിതസ്ഥിതിയിൽ മഹാരാജാവിന്റെ ഇത്തരം

ആഗ്രഹങ്ങളും ലൈംഗികതാൽപര്യങ്ങളും ന്യായീകരിക്കപ്പെട്ടിരുന്നു. ധീരോദാത്ത നാകാനുള്ള അവസരം നായകന് ഇതിനിടയിലും ലഭിച്ചിരുന്നു. അപ്പോഴും സ്ത്രീ കഥാപാത്രങ്ങൾ ഉടലഴകുകൊണ്ട് മാത്രം സാഹിത്യത്തിലും ചരിത്രത്തിലും നിലനിൽക്കേണ്ടി വന്നു. കാമുകനെ കെട്ടിപ്പുണരുമ്പോൾ ശീൽക്കാര ശബ്ദം പുറപ്പെടുവിക്കുന്ന, വിറയൽ അനുഭവപ്പെടുന്ന രതിശില്പമാണ് ഉമ്മിണിത്തങ്ക (തോപ്പിൽ രാമചന്ദ്രൻ പിള്ള, 1996: 18). ആധുനിക കാലഘട്ടത്തിലെ സെക്സ് ടോയ്ക്ക് സമാനമായ സ്ത്രീകഥാപാത്രമാണ് ഇതിലെ നായിക. മാർത്താണ്ഡവർമ്മയെ മദമിളകിയ കൊമ്പനാനയായും വന്യമായ കരുത്തിന്റെ സ്രോതസ്സായും അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം കാമുകന്റെ ത്രസിപ്പിക്കുന്ന ചുംബനത്തിലും ആലിംഗനത്തിലും അമർന്നു പുളയുന്ന, മുലക്കച്ച അഴിഞ്ഞു പോയത് അറിയാതെ മതിമറക്കുന്ന സ്ത്രീരൂപമായി നായികയെ വർണ്ണിക്കുവാനാണ്. അച്ചീചരിതങ്ങളിലെ വാരസ്ത്രീകളെ അനുസ്മരിപ്പിക്കുന്നതായിരുന്നു ഈ രംഗം. തുടർന്നുള്ള അധ്യായങ്ങളിലും മാർത്താണ്ഡവർമ്മയുടെയും ഉമ്മിണിത്തങ്കയുടെയും പ്രണയം, പ്രേമവും രതിയും തമ്മിൽ വേർതിരിക്കാൻ കഴിയാത്ത ഒന്നായാണ് അവതരിപ്പിച്ചിരിക്കുന്നത്. തങ്കയുടെ നഗ്നതയിലും ശരീരവടിവുകളിലും പ്രണയം കണ്ടെത്തുന്ന മാർത്താണ്ഡവർമ്മയും അതിൽ പുളകിതയായി പ്രണയപൂർത്തി സിദ്ധിച്ച ആലസ്യത്തിൽ വിശ്രമിക്കുന്ന തങ്കയെയും കാണാൻ കഴിയും.
സഹോദരന്മാരുടെ കൊലപാതകത്തെ തുടർന്ന് മാർത്താണ്ഡവർമ്മയുമായി ബന്ധംപിരിഞ്ഞ തങ്കയെ, അവളുടെ മുറിയിലെത്തി വിവാഹത്തിനായി അദ്ദേഹം നിർബന്ധിക്കുന്നു. സഹോദരങ്ങളുടെ മരണത്തിൽ മനംനൊന്തു കഴിയുന്ന സഹോദരിയോട് വധുവായി ഒരുങ്ങുവാൻ പറയുന്നതിൽ അല്പം പോലും മാന്യതയോ തുല്യതയോ ആകാശപ്പെടാനില്ലെങ്കിലും അതെല്ലാം തന്നെ ആ സന്ദർഭത്തിൽ അപ്രസക്തമാകുന്നു. സ്ത്രീയുടെ പ്രണയം മണിയറയിൽ പുരുഷന് വഴങ്ങിക്കൊടുക്കുന്നത് മാത്രമാണെന്ന ചിന്തയിൽ നിന്നും ഉടലെടുത്ത പുരുഷാധിപത്യപരമായ സ്വഭാവമാണ് ഇവിടെ പ്രകടമാകുന്നത്. മാർത്താണ്ഡവർമ്മയുടെ കല്പിനെ പിളർക്കുന്ന കൽപ്പനയുടെ കാഠിന്യം അവതരിപ്പിക്കാനാണ് ശ്രമിച്ചതെങ്കിലും, അത് സാമൂഹികക്രമത്തിൽ സ്ത്രീക്ക് അനുവദിച്ചു നൽകിയ സ്വാതന്ത്ര്യത്തിന്റെ സീമകൾ വ്യക്തമാക്കാനാണ് ഉപകരിച്ചത്.

കായംകുളം രാജാവായ കേരളവർമ്മയുടെ കാമുകി കാദംബരി, മാർത്താണ്ഡവർമ്മയ്ക്ക് ഉമ്മിണിത്തങ്ക എന്നപോലെ ആവിഷ്കരിക്കപ്പെട്ട കഥാപാത്രമാണ്.

വിവാഹശേഷവും കേരളവർമ്മ കാദംബരിയുമായി ബന്ധം പുലർത്തിയിരുന്നു. നർത്തകിയായ കാദംബരിയുടെ പ്രണയത്തിന് നൃത്യത്തിന്റെ ശോഭകലർന്ന രതി ഭാവമാണുള്ളത്. ഒന്നും പ്രതീക്ഷിക്കാതെ സ്വശരീരം രാജാവിനായി സമർപ്പിച്ച സ്ത്രീയായിരുന്നു അവർ. കേരളവർമ്മയ്ക്ക് പത്നിയായ സീതാലക്ഷ്മി തമ്പുരാട്ടി ഉടൽ സമർപ്പിച്ച മറ്റൊരു സ്ത്രീ മാത്രമായിരുന്നു. തിരുവിതാംകൂറുമായുള്ള യുദ്ധത്തിനായി സൈനികശക്തി വർദ്ധിപ്പിക്കുവാൻ വേണ്ടി ചെമ്പകശ്ശേരി രാജാവ് ആദിനാരായണന്റെ മകൾ സീതാലക്ഷ്മിയോട് പ്രണയം ഭാവിക്കുകയായിരുന്ന കേരളവർമ്മ. 'ഇന്ദുലേഖ'യിലെ സൂരിനമ്പൂതിരിപ്പാടിന് സമാനമായി സീതാലക്ഷ്മിയോട് കാമപരവശനായി വിവാഹാഭ്യർത്ഥന നടത്തുന്ന വൃദ്ധബ്രാഹ്മണനും ഒരു ഭോഗവസ്തു എന്നതിൽ കവിഞ്ഞുള്ള പരിഗണന സീതാലക്ഷ്മിക്ക് കൊടുക്കുന്നില്ല. ഇതൊരു കാലഘട്ടത്തിന്റെ പ്രതീകമായി മാത്രമേ കാണുവാൻ സാധിക്കൂ. ശാരീരിക-ലൈംഗിക- സാമ്പത്തിക- അധികാരം കൈയാളുന്ന പ്രബലവിഭാഗത്തിന്റെ മനോഗതിയും വ്യത്യസ്തമല്ലായിരുന്നു. ലൈംഗിക അരാജകത്വത്തിനുമപ്പുറം ലൈംഗിക അടിമത്തമാണ് സ്ത്രീകൾക്ക് വിധിച്ചിരുന്നത്. ലൈംഗികാസ്വാദനത്തിനപ്പുറമുള്ള പ്രണയം കുറച്ചെങ്കിലും കടന്നുവരുന്നത് ഇളയിടത്ത് റാണിയും പടത്തലവനായ ചെമ്പകരാമനും തമ്മിലുള്ള ബന്ധത്തിലാണ്. പരസ്പരം ആഗ്രഹിച്ചിരുന്ന രണ്ടു പേർ ഒന്നാകാൻ കഴിയാതെവന്ന ഘട്ടത്തിലും പ്രണയം സൂക്ഷിക്കുന്നത് ഇവിടെ കാണാം. പക്ഷേ രാജകുമാരിയായിരുന്ന കാലഘട്ടത്തിലെ പ്രണയരംഗങ്ങളിലും സൗന്ദര്യവർണ്ണനയിലും ശരീരവടിവിനെയും രതികാമനകളെയും ചേഷ്ടകളേയും വർണ്ണിക്കുന്നുണ്ട്. 'പോർമുല പൊൻകുടങ്ങൾ' എന്നല്ലാതെ ഒരു പ്രയോഗവും സ്ത്രീകളുടെ മാറിടത്തെ അവതരിപ്പിക്കുന്ന അവസരത്തിൽ നോവലിസ്റ്റ് ഉപയോഗിക്കുന്നില്ല. കാമുകന്റെ മാറിൽ മുലകൾ അമർത്തി നിൽക്കുന്ന കാമുകീഭാവമാണ് ഈ കൃതിയിലെ എല്ലാ സ്ത്രീകൾക്കും നൽകിയിരിക്കുന്നത്. പ്രണയത്തിന്റെ മറ്റ് തലങ്ങളൊന്നും ഇവിടെ കടന്നുവരുന്നില്ല. മാംസനിബദ്ധമായ അനുരാഗം കൂറ്റകരമല്ല എന്നിരിക്കിലും ശാരീരികമായ ആഗ്രഹങ്ങളെ പ്രണയത്തിന്റെ മൂർത്തീഭാവമായി കൽപ്പിക്കുന്നതിൽ ചേർച്ചക്കുറവ് തോന്നുന്നു. സ്ത്രീ അസ്വതന്ത്രയായിരുന്ന സാമൂഹികസാഹചര്യത്തിൽ സ്ത്രീശരീരത്തിന് മാത്രമാണ് പ്രാധാന്യം നൽകിയിരുന്നതെന്ന് മനസിലാക്കാം.

മാർത്താണ്ഡവർമ്മയുടെ രഹസ്യകാമുകിമാർ

പഞ്ചവൻകാട് എന്ന നോവലിൽ മാർത്താണ്ഡവർമ്മക്ക് തമ്പിമാരുടെ സഹോദരിയായ തങ്കയോട് ഉണ്ടായിരുന്നതിനേക്കാൾ പ്രണയമുണ്ടായിരുന്ന മറ്റൊരു സ്ത്രീയെ അവതരിപ്പിക്കുന്നുണ്ട് നോവലിസ്റ്റ് വൈക്കം ചന്ദ്രശേഖരൻ നായർ. രാമനാമഠത്തിന്റെ പെങ്ങളായ ഉണ്ണിയമ്മയായിരുന്നു അത്. ഉണ്ണിയമ്മയുടെ മകൾ കൊച്ചുതങ്കച്ചി മാർത്താണ്ഡവർമ്മയുടെ എതിർപക്ഷത്തായിരുന്നു. "മകളെ നിഗ്രഹിച്ചാലും അമ്മയെ കാത്തുരക്ഷിച്ചു കൊട്ടാരത്തിൽ എത്തിക്കണമെന്ന്" (വൈക്കം ചന്ദ്രശേഖരൻ നായർ, 2023: 21) മാർത്താണ്ഡവർമ്മ നിർദ്ദേശിച്ചതിന്റെ കാരണം ഉണ്ണിയമ്മയോടുള്ള പ്രണയമായിരുന്നു. അമ്മയെ ഞാൻ വധിച്ചുവെന്ന് കൊച്ചുതങ്കച്ചി മാർത്താണ്ഡവർമ്മയോട് പറയുന്നിടത്ത് അദ്ദേഹം അസ്വസ്ഥനാകുന്നുണ്ട്. ഈ ബന്ധത്തിലൂടെ മാർത്താണ്ഡവർമ്മയുടെ ഉള്ളിലെ പ്രണയം അവതരിപ്പിക്കുവാൻ ശ്രമിച്ചിരിക്കുകയാണ് നോവലിസ്റ്റ്. പക്ഷേ മാർത്താണ്ഡവർമ്മ മഹാരാജാവിനെ ജീവഹാനി വരുത്തുവാൻ ശ്രമിച്ച കുറ്റത്തിന് കൊച്ചുതങ്കച്ചിയെ പാണ്ടിപ്പറയർക്ക് കൊടുക്കുവാനും ഉണ്ണിയമ്മയെ എട്ടുവീടരുടെ സ്ത്രീകളെ പോലെ തുറയിലേക്ക് അയക്കുവാനും രാജാവ് ഉത്തരവിടുന്നുണ്ട്. സി. വി. യുടെ 'മാർത്താണ്ഡവർമ്മ'യിൽ സുഭദ്രയെ അവതരിപ്പിച്ചതുപോലെ വ്യക്തിത്വമുള്ള തീരുമാനങ്ങളുള്ള ശക്തയായ കഥാപാത്രമാണ് കൊച്ചുതങ്കച്ചി. കൊച്ചുതങ്കച്ചിയെ അവതരിപ്പിക്കുവാൻ അവളുടെ സൗന്ദര്യമോ ഉടലഴകുകളോ വർണിക്കുന്ന രംഗങ്ങളില്ല. അവളുടെ രൂപം വ്യക്തമാക്കുന്ന തരത്തിലുള്ള ആവിഷ്കാരം മാത്രമാണ് ഈ കൃതിയിലുള്ളത്. എന്നാൽ മധുരയിൽ പാർക്കുന്ന കാലത്ത് മാർത്താണ്ഡവർമ്മയ്ക്ക് രാജകുടുംബാംഗമായ ദേവമ്മയോട് പ്രണയവും ശാരീരികബന്ധവും ഉണ്ടായിരുന്നു. "അവളുടെ ദേഹിയും ദേഹവും അദ്ദേഹത്തിന് സമർപ്പിച്ചു. അവൾ കുറേനാൾ അദ്ദേഹത്തിന്റെ സുഖങ്ങളുമായിരുന്നു " (വൈക്കം ചന്ദ്രശേഖരൻ നായർ, 2023: 98). കൂടാതെ രാമവർമ്മ മഹാരാജാവ് പ്രേമിച്ചു വിവാഹം കഴിച്ച അഭിരാമി എന്ന സ്ത്രീയിൽ ജനിച്ച തമ്പിമാരുടെ സഹോദരിയായ തങ്കയെ വിവാഹം ചെയ്യാൻ മാർത്താണ്ഡവർമ്മയ്ക്ക് താല്പര്യമുണ്ടായിരുന്നു. പക്ഷെ തമ്പിമാർ അതിനെ ശക്തമായി എതിർത്തു. കൊച്ചുതങ്കച്ചിക്ക് കൊച്ചുകുഞ്ഞിനോട് വളരെ രഹസ്യമായ പ്രണയം ഉണ്ടായിരുന്നുവെന്നത് ഒരു കുറത്തി കൈനോക്കി പറയുമ്പോഴാണ് വായനക്കാർ അറിയുന്നത്. അത്രത്തോളം ഗോപ്യമായിരുന്ന ആ പ്രണയം. പക്ഷേ കുറത്തി പറ

യുന്നത് ഉണ്ണിയമ്മയും മിന്നുകുട്ടിയും കേട്ടുപോയതിലുള്ള അസ്വസ്ഥതയാണ് ആ നിമിഷം കൊച്ചുതങ്കച്ചിക്കുണ്ടായത്. മാർത്താണ്ഡവർമ്മയുടെ പ്രണയം കാപട്യ മായിരുന്നു എന്ന് തിരിച്ചറിഞ്ഞ് ഉണ്ണിയമ്മ മാർത്താണ്ഡവർമ്മയെ വാളോങ്ങി വെട്ടാൻ ശ്രമിക്കുന്ന രംഗമുണ്ട്. ശരീരം കൊടുത്ത, പ്രണയം നഷ്ടപ്പെട്ട സ്ത്രീയുടെ പ്രതികരണമായിരുന്നു അത്.

കൊച്ചുതങ്കച്ചിയെയും ഉണ്ണിയമ്മയെയും കണ്ടെത്തുവാൻ പാണ്ടിക്കുറത്തി യുടെ രൂപംകെട്ടിയ ദേവമ്മയോടുള്ള നന്ദിസൂചകമായി മാർത്താണ്ഡവർമ്മ അവരുടെ മുറിയിലേക്ക് എത്തി. ഒരിക്കൽ ഉപേക്ഷിച്ചിട്ടും താൻ വിളിച്ചപ്പോൾ മധുര യിൽ നിന്നും പുറപ്പെട്ടുവന്ന ദേവമ്മയോട് ഒരൊറ്റ വാചകമേ മാർത്താണ്ഡവർമ്മ പറഞ്ഞുള്ളൂ: "മന്ത്രശാലയിൽ പോയിട്ടു നാം മടങ്ങിവരും. " മന്ത്രശാലയിൽനിന്ന് മടങ്ങിവന്ന അദ്ദേഹം ദേവമ്മയുടെ മുറിയിലേക്ക് ഒരു മാതളപ്പഴവുമായി പോയ പ്പോൾ പലതും പ്രതീക്ഷിച്ചിരുന്നു. "രാജ്യകാര്യങ്ങളിൽനിന്നും സമ്പൂർണ്ണ വിശ്രമം കിട്ടുന്ന കുറേ നാഴികകൾ. വെളുപ്പാൻകാലത്ത് കിഴക്കുവശത്തുള്ള കുളിപ്പുരയിൽ കൽവിളക്കിന്റെ വെളിച്ചത്ത് എണ്ണയുംതേച്ചു മുഖത്തോട് മുഖം നോക്കി ഒരിരുപ്പ്. മധുരയിൽ, അന്തപ്പുരക്കുളത്തിന്റെ കടവിൽ അങ്ങനെ ഇരുന്നിട്ടുണ്ട്. എണ്ണ സ്വയം തേക്കേണ്ട. തേയ്പിച്ചതരും. അങ്ങോട്ടും. രാത്രിയിലെ ചൂടുമുഴുവനും അപ്പോൾ പു റത്തേക്കു വരും. പിന്നെ തണുപ്പാണ്. കുളിരാണ്. ആ കുളിരിൽ കൈക്കു പിടിച്ച് വെള്ളത്തിലേക്കിറക്കാം. ഇറങ്ങാൻ മടിച്ചാൽ, വെള്ളം തട്ടിത്തറിപ്പിച്ച് അവളുടെ കുളിര് കാണാം." (വൈക്കം ചന്ദ്രശേഖരൻ നായർ, 2023 : 177). ഈ ഘട്ടത്തിലും മാർത്താണ്ഡവർമ്മ ദേവമ്മയെ ഒരു ലൈംഗികോപാധിയായി മാത്രമേ കണ്ടിരുന്നു ള്ളൂ എന്ന് മനസ്സിലാക്കാം. കൊച്ചുതങ്കച്ചിയുടെ പിറന്നാൾ സദ്യ കഴിച്ചിട്ട്, അവളെ മടിയിലിരുത്തി നെറുകയിൽ ചുംബിച്ചു താലോലവാക്കുകൾ പറഞ്ഞു തിരികെപ്പോ കുന്ന സമയത്തും, പുറവേലിക്കെട്ടിന്നരികിലെ കൈതക്കാട്ടിൽ, ഉണ്ണിയമ്മയെ മാറോട് ചേർത്ത് ലീലാലാളനയുമായി കഴിയുമ്പോഴും, രാമനാമഠത്തിന്റെ കഴുത്ത് കൊയ്തെടുക്കാനുള്ള ദൃഢമാർഗ്ഗങ്ങൾ മനസ്സാതിരയുകയായിരുന്ന മാർത്താണ്ഡ വർമ്മ. തങ്കയെ കൈവിട്ട് ഉണ്ണിയമ്മയെ കൈവശപ്പെടുത്തുകയായിരുന്ന അദ്ദേ ഹത്തിന്റെ ഉദ്ദേശ്യം. യുവരാജാവിന്റെ വീര്യം ഉപയോഗിച്ചാണ് അവളെ കീഴടക്കി യത്. മനസ്സില്ലാത്ത കീഴടങ്ങൽ പിൽക്കാലത്ത് പ്രണയമായി മാറുകയായിരുന്നു. ഉണ്ണിയമ്മയ്ക്ക് വിവാഹം നിശ്ചയിച്ചപ്പോൾ അവൾ ആത്മഹത്യ ചെയ്യാനൊരുങ്ങി.

മറ്റൊരു വിവാഹം കഴിക്കില്ലെന്നവൾ പ്രതിജ്ഞ ചെയ്തു. "അവിടത്തേക്കുവേണ്ടി ഞാൻ ജീവിച്ചിരിക്കാം. പക്ഷേ, ഉണ്ണിയമ്മ ഒരിക്കലും പൂടവ തരുന്ന ആ മനുഷ്യന്റെ ഭാര്യയായി ജീവിക്കുകയില്ല. " അവൾ അങ്ങനെതന്നെ ജീവിച്ചു. ആ ബന്ധത്തിന്റെ സാഫല്യമായി കൊച്ചുതങ്കച്ചി പിറന്നു. " (വൈക്കം ചന്ദ്രശേഖരൻ നായർ, 2023: 179). അധികാരമോഹിയായ മാർത്താണ്ഡവർമ്മയെപ്പോലെ സ്ഥാനലബ്ധിക്കു വേണ്ടി പ്രണയിച്ചവരല്ല ഇതിലെ സ്ത്രീകൾ.

തങ്കയെയും ഉണ്ണിയമ്മയെയും ദേവമ്മയെയും ഒരുപോലെ ഉപയോഗിച്ചു പേക്ഷിച്ച മാർത്താണ്ഡവർമ്മയെ നോവലിസ്റ്റ് ഒരു ഘട്ടത്തിലും വിമർശിക്കുന്നില്ല. നിലനിൽക്കുന്ന സാമൂഹികക്രമത്തിന്റെ ഭാഗമായി ഇത്തരം ബന്ധങ്ങളും ക്രമാനു സരണമാക്കപ്പെടുന്നു. വലിയതമ്പി കുഞ്ഞുതമ്പി കഥ, ശ്രീ മാർത്താണ്ഡമാഹാത്മ്യം കിളിപ്പാട്ട്, കള്ളിയങ്കാട്ടു നീലി ഉൾപ്പെടെയുള്ള നാടോടിക്കഥകൾ, തുള്ളൽപ്പാട്ടു കൾ മുതലായ രാജപക്ഷകൃതികളുടെ സ്വാധീനം ഇത്തരമൊരു സാമൂഹികക്രമ ത്തെ പിൻതുണച്ചിട്ടുണ്ടാകാം.

സാമൂഹികക്രമങ്ങളോടുള്ള എതിർവാ

സലിൻ മാങ്കുഴിയുടെ *എതിർവാ* എന്ന നോവലിൽ ഉമ്മിണിത്തങ്കയോട് അതിയായ പ്രണയമുള്ള മാർത്താണ്ഡവർമ്മയെയാണ് കാണാൻ കഴിയുന്നത്. സഹോദരന്മാരോടുള്ള പക ഉമ്മിണിത്തങ്കയോടുള്ള പ്രണയം തുറന്നുപറയാൻ കഴിയാത്തവിധം വഴിമുടക്കി നിന്നിരുന്നു. "കുട്ടിക്കാലം മുതൽ രാമൻതമ്പിയോടും പപ്പുതമ്പിയോടും മത്സരിക്കുമ്പോൾ ഉമ്മിണിത്തങ്കയുടെ മുഖം മനസ്സിൽ ഓടിയെ ത്തും. സ്വന്തം ജ്യേഷ്ഠന്മാർ തോറ്റുപോയാൽ അവൾ ദുഃഖിക്കില്ലേ എന്ന് ആശങ്ക പ്പെടും. അതു കൊണ്ടാകും അവരോട് താൻ തോറ്റുപോകുന്നത്" (സലിൻ മാങ്കുഴി, 2023: 94) എന്ന് ആകുലപ്പെടുന്ന യുവരാജാവ് മറ്റ് ചരിത്രാഖ്യായികകളിലെങ്ങുമി ല്ല. മാർത്താണ്ഡവർമ്മയ്ക്ക് ഉമ്മിണിത്തങ്കയെ കാണാൻ രാമയ്യൻ വഴി ഉപദേശിക്കു ന്നു. അങ്ങനെ ഇരുവരും വേഷം മാറി ഭാവി പറയുന്ന കിഴവിയുടെ രൂപത്തിൽ തങ്ക യുടെ അടുത്തെത്തി അവളുടെ കൈപിടിച്ച് ഉള്ളിൽ ഒരാളോട് ഇഷ്ടം ഉണ്ടെന്നും അത് മാർത്താണ്ഡവർമ്മയോട് ആണെന്നും സമ്മതിപ്പിക്കുന്നു. താൻ ആരാന്നെ ന്ന് ബോധിപ്പിക്കുവാനും തന്റെ ഇഷ്ടം അറിയിക്കുവാനും ഉമ്മിണിത്തങ്കയെ മാത്രമേ വിവാഹം കഴിക്കൂ എന്ന് വാശാനം ചെയ്യുവാനും രാജാവ് മറന്നില്ല. വിപ്രലംഭശൃംഗാ

രമോ ശരീരവർണ്ണനകളോ കാമഭാവനകളോ ഇല്ലാതെതന്നെ തങ്കയെ അവതരിപ്പിക്കുവാനും അവളുടെ പ്രണയം ആവിഷ്കരിക്കുവാനും നോവലിസ്റ്റിന് കഴിഞ്ഞു. പെണ്ണിന്റെ ഉടലെഴുത്തിനെക്കാൾ മനസ്സെഴുത്താണ് ഈ ഭാഗത്ത് ആഖ്യാതാവ് ഉപയോഗിച്ചിരിക്കുന്നത്. ശരീരത്തിന്റെ അവസ്ഥാന്തരങ്ങൾ അവതരിപ്പിക്കുവാൻ നോവലിസ്റ്റിന് അതൊരു തടസമാകുന്നില്ല. തങ്കയുടെ വിറയലും ഭയവും ശരീരഭാഷയും വ്യക്തമായി അവതരിപ്പിക്കപ്പെടുന്നുണ്ട്. ഉടലെഴുത്തിന്റെ മിതത്വം ഇവിടെ സ്പഷ്ടമാണ്. എട്ടുവീട്ടിൽപിള്ളമാരുടെ കുടുംബത്തിലെ സ്ത്രീകളെ തുറകയറ്റിയ സംഭവംകൂടി പരാമർശിക്കേണ്ടതായിട്ടുണ്ട്. തുറകയറ്റാൻ ആജ്ഞാപിച്ച ശേഷം നാട്ടിൽ നിന്നും ഓടിച്ചുവിട്ട സ്ത്രീകളെ ദിവസങ്ങളോളം അനുഭവിച്ച ശേഷമാണ് പടയാളികൾ തുറകേറ്റിവിടുന്നത്. ക്രൂരമായ മാനഭംഗത്തിന് ശേഷമാണ് കുട്ടികൾ ഉൾപ്പെടെയുള്ള സ്ത്രീകൾ തുറയിൽ എത്തുന്നത്. കടപ്പുറത്ത് വച്ച് നഗ്നരായ നൂറുകണക്കിന് സ്ത്രീകളെ ലേലം ചെയ്തു വിറ്റു. കയ്യിൽ കാശുള്ളവർ മൂന്നും നാലും സ്ത്രീകളെ വച്ച് ലേലം കൊണ്ടു. "ശുക്ലവും രക്തവുമൊലിച്ചിറങ്ങുന്ന തുടയും കീറിമുറിഞ്ഞ ശരീരവും ഉടുതുണിയില്ലാത്ത ദേഹവുമായി നൂറുനൂറു സ്ത്രീകളും പേടിച്ചുവിറച്ച പെൺകുട്ടികളും കടൽപ്പുറത്ത് കൂട്ടംകൂടി അലമുറയിട്ടും ബോധം ക്ഷയിച്ചും കരയാനോ അനങ്ങാൻ പോലുമോ ശക്തിയില്ലാതെയും കിടന്നു. പടയാളികളിൽ പലർക്കും അവരെ സ്വന്തമാക്കാനാഗ്രഹമുണ്ടായിരുന്നെങ്കിലും അതിന് അനുവാദമില്ലാത്തതിനാൽ എല്ലാ ആർത്തിയും അവർ ആ സ്ത്രീകളുടെ മേൽ കാണിച്ചു" (സലിൻ മാങ്കുഴി, 2023: 180). സ്ത്രീകളെ മുക്കുവർക്ക് ലേലം ചെയ്തു കൊടുക്കുന്ന വാർത്തയറിഞ്ഞു നാലുദിക്കിൽനിന്നും നിരവധിപേർ പാഞ്ഞെത്തി. ലേലത്തിലൂടെ സവർണ്ണസ്ത്രീകളെ സ്വന്തമാക്കാനാകുമെന്ന വാശാനം പലർക്കും വിശ്വസിക്കാനായില്ല. പണമുള്ളവർ അക്ഷരാർത്ഥത്തിൽ വളരെ കുറവായിരുന്നു. "പണമുള്ളവർ ഒന്നിലേറെ സ്ത്രീകളെവരെ സ്വന്തമാക്കി. കുറച്ചു പണമുള്ള പലർ ചേർന്ന് ഒരു സ്ത്രീയെ സ്വന്തമാക്കി, തീരെ കുറച്ച് പണമുള്ളവർ വൃദ്ധകളെ സ്വന്തമാക്കി. ലേലത്തിൽ പിടിച്ച സ്ത്രീകളെയുംകൊണ്ട് കാമാവേശപ്പെട്ട മുക്കുവർ ഓടി. ഒരാൾ ഒന്നിലേറെ സ്ത്രീകളെ, ഒരു സ്ത്രീയെ ഒന്നിലേറെ പുരുഷന്മാർ. അങ്ങനെ കടപ്പുറം ഭോഗശാലയായി മാറി. കുട്ടികളും വൃദ്ധകളും അലറിവിളിച്ചു. കുതറിയോടിയ ചില സ്ത്രീകൾ കടലിൽ ചാടി മരിച്ചു" (സലിൻ മാങ്കുഴി, 2023: 181).

സ്ത്രീശരീരത്തെ രതിവൈകൃതങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന, ഒരു വംശത്തിനെ തന്നെ അവസാനിപ്പിക്കുവാൻ സ്ത്രീകളെ ലൈംഗികമായി ഉപയോഗിക്കുന്ന അപരിഷ്കൃതമായ ഒരു കാലഘട്ടത്തിന്റെ ചിത്രമായിരുന്നു ഇത്. മരുമക്കത്തായ വ്യവസ്ഥിതിയിലും സംബന്ധരീതിയിലും സവർണസ്ത്രീകൾ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യം ദീർഘകാലമായി കേരളത്തിൽ നിലനിന്ന ഒരു സാംസ്കാരികസാഹചര്യമല്ല എന്ന് ഇവിടെ വ്യക്തമാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ശക്തിപ്രാപിച്ച സംബന്ധരീതിയാണ് ഇത്തരമൊരു സ്വാതന്ത്ര്യം സ്ത്രീകൾക്ക് അനുവദിച്ചിരുന്നത്. അതിനു മുന്നേയുള്ള കാലഘട്ടത്തിൽ ശക്തമായ നിയന്ത്രണവും ആധിപത്യവും സ്ത്രീകൾക്കുമേൽ പുരുഷകേന്ദ്രീകൃതസമൂഹം അടിച്ചേൽപ്പിച്ചിരുന്നു.

ഉപസംഹാരം

സാമൂഹികക്രമത്തെ പിൻപറ്റി നിന്നുകൊണ്ട് സ്ത്രീകളെ വസ്തുവത്കരിക്കാനാണ് ചരിത്രാഖ്യായികകൾ ശ്രമിച്ചിരിക്കുന്നത്. പുരുഷകേന്ദ്രിതമായ സമൂഹത്തിന്റെ പ്രതിഫലനം സാഹിത്യകൃതികളിൽ ഉൾച്ചേർന്നിരിക്കുമെങ്കിലും വസ്തുവത്കരണം ബോധപൂർവമായ പ്രവർത്തിയാണ്. സാമൂഹികാധികാരക്രമത്തിൽ സ്ത്രീകളുടെ പങ്ക് ലൈംഗികതയും പ്രത്യുത്പാദനക്ഷമതയുമാണെന്ന പ്രാകൃതചിന്തയെ ബലപ്പെടുത്തുന്ന സമീപനമാണ് ഇത്തരം കൃതികൾക്കുള്ളത്. വൈശികതന്ത്രത്തെയും അംബോപദേശത്തെയും അനുസ്മരിപ്പിക്കുന്ന വർണ്ണനകളാൽ സ്ത്രീകളുടെ ബാഹ്യസൗന്ദര്യം ആവിഷ്കരിക്കുന്നതിലൂടെ ചരിത്രഗതിയിൽ സ്ത്രീകഥാപാത്രങ്ങളുടെ പങ്ക് പൂർത്തിയായി എന്ന് ഇത്തരം എഴുത്തുകാരും വിശ്വസിച്ചിരുന്നു. പ്രണയവും രതിയും വിഭിന്നമല്ല എന്ന ചിന്താരീതിയാണ് ഇവർ പിൻതുടർന്നത്. ചരിത്രാഖ്യായിക തയാറാക്കുവാൻ ഉപയോഗപ്പെടുത്തിയ ഉപാദാനകൃതികളിലെ വർണ്ണനകൾ അതേപടി പുനരാവിഷ്കരിച്ചതും വസ്തുവത്കരണത്തെ ബലപ്പെടുത്തി. രാജപ്രീതിക്കു വേണ്ടി എഴുതിയ സ്തുതികാവ്യങ്ങളുടെ പുതിയകാല മാതൃകകളാണ് മിക്ക ചരിത്രാഖ്യായികകളും. ശ്രീ മാർത്താണ്ഡമാഹാത്മ്യം കിളിപ്പാട്ട്, തമ്പിമാർകഥ തുടങ്ങിയ കൃതികളെ ആധാരമാക്കിയുള്ള ചരിത്രവായനയിലൂടെ ചരിത്രാഖ്യായികകൾ പെണ്ണുടലിനെ വർണ്ണിക്കുന്ന മൂന്നാംകിട കാവ്യനാടകമായി പരിവർത്തനപ്പെടുകയായിരുന്നു.

സഹായക ഗ്രന്ഥങ്ങൾ

1. ചന്ദ്രശേഖരൻ, നായർ, വൈക്കം, *പഞ്ചവൻകാട്*, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2021.
2. ബാലകൃഷ്ണൻ, കൽപ്പറ്റ, *ചരിത്ര നോവൽ മലയാളത്തിൽ*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2022.
3. ബാലകൃഷ്ണൻ, പി. കെ., *പി. കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ*, ഡി. സി. ബുക്സ്, കോട്ടയം, 2013.
4. രാമചന്ദ്രൻപിള്ള, തോപ്പിൽ, *വേണാട്ടുസിംഹം*, കൈരളി മുദ്രാലയം, കോട്ടയം, 1996.
5. രാമൻ പിള്ള, സി. വി., *മാർത്താണ്ഡവർമ്മ*, ഡി. സി. ബുക്സ്, കോട്ടയം, 2022.
6. രേഖ, പി., "സാംസ്കാരിക പഠനവും സാഹിത്യവിമർശനവും", എഡി. ഷാജി ജേക്കബ് *ആധുനികാനന്തര മലയാള സാഹിത്യവിമർശനം*, സൈകതം ബുക്സ്, എറണാകുളം, 2018.
7. ശശിഭ്രഷൺ, എം. ജി., *മാർത്താണ്ഡവർമ്മ ചരിത്രവും പുനർവായനയും*, ഡി. സി. ബുക്സ്, കോട്ടയം, 2023.
8. സലിൻ, മാങ്കുഴി, *എതിർവാ*, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2023.
9. റോബിൻ, ജെഫ്രി, *നായർ മേധാവിത്വത്തിന്റെ പതനം*, വിവ. പുതുപ്പള്ളി രാഘവൻ, എം. എസ്. ചന്ദ്രശേഖരവാര്യർ, ഡി. സി. ബുക്സ്, കോട്ടയം, 2016.
10. പാപഡാകി, ഇവാഞ്ചലീന, "*Feminist Perspectives on Objectification*", ദി സ്റ്റാൻഫോർഡ് എൻസൈക്ലോപീഡിയ ഓഫ് ഫിലോസഫി (സമ്മർ 2024 എഡിഷൻ), എഡ്വാർഡ് എൻ. സാൾട്ട & ഉറി നോടെൽമാൻ (എഡി.), URL = <https://plato.stanford. edu/archives/sum2024/entries/feminism-objectification/>.

സ്ത്രീപക്ഷനോവലുകളിലെ ആൺനോട്ടങ്ങൾ

അന്ന ജോയി
ഗവേഷക, മലയാളവിഭാഗം,
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

പ്രബന്ധസംഗ്രഹം:

പുരുഷാധികാരത്തിലൂന്നിയ പരമ്പരാഗതമൂല്യവ്യവസ്ഥകളെ നിഷേധിച്ചും തന്റെ സ്വത്വത്തെയും ശരീരത്തെയും ലൈംഗികതയേയും സംബന്ധിച്ച് സ്വയംനിർണയവകാശമുറപ്പിച്ചും സ്ത്രീകളെഴുതിയ ഉത്തരാധുനിക മലയാളനോവലുകളിൽ പക്ഷെ പുരുഷനാൽ വ്യാഖ്യാനിക്കപ്പെട്ട സ്തൈണലക്ഷണങ്ങളെ തൃപ്തിപ്പെടുത്തുന്ന സ്ത്രീകഥാപാത്രങ്ങളുടെ ഉത്തരാധുനികപതിപ്പുകൾ തന്നെയാണ് പൊതുവെ കാണപ്പെടുന്നത്. അതിൽനിന്നു വ്യത്യസ്തമായി ഉത്തരാധുനികസ്ത്രീയുടെ വീക്ഷണകോണിൽ നിന്നുകൊണ്ട് സ്ത്രീയുടെ വൈയക്തികാനുഭവങ്ങളെ രാഷ്ട്രീയവത്കരിക്കേണ്ടുന്നതിന്റെയും, ലൈംഗിക സ്വാതന്ത്ര്യം, തിരഞ്ഞെടുപ്പ്, ശരീരം, സ്വത്വം, ഇടം തുടങ്ങിയവയിൽ ആണധികാരത്തിന്റെ സൗന്ദര്യസങ്കല്പങ്ങളെ നിഷേധിക്കേണ്ടുന്നതിന്റെയും ആവശ്യകതയെ ജിസജോസിന്റെ മുദ്രിത എന്ന നോവലിനെ മുൻനിർത്തി, ഗൈനോക്രിട്ടിസിസത്തിന്റെ സൈദ്ധാന്തികതലത്തെ അടിസ്ഥാനമാക്കി അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ.

താക്കോൽ വാക്കുകൾ:

ഉത്തരാധുനിക സ്ത്രീവാദം, ഗൈനോക്രിട്ടിസിസം

ആമുഖം

ലിംഗ അസമത്വത്തിൽ കെട്ടിയുയർത്തപ്പെട്ടിരുന്ന സാമൂഹികസ്ഥാപനങ്ങളെയും വ്യവസ്ഥിതികളെയും ചോദ്യം ചെയ്തുകൊണ്ടും അട്ടിമറിച്ചുകൊണ്ടും കടന്നുവന്ന വിശാലമായൊരു സാമൂഹിക രാഷ്ട്രീയ മുന്നേറ്റമെന്ന നിലയിൽ ഉത്തരാധുനിക സ്ത്രീവാദം സാഹിത്യത്തിലടക്കം ശക്തമായ ഇടപെടലുകൾ നടത്തുകയുണ്ടായി. ലിംഗപരമായ വ്യത്യാസങ്ങളെ മുൻനിർത്തി, സ്ത്രീകളെ രണ്ടാംതരക്കാരായി കണക്കാക്കുന്ന പുരുഷാധികാര പ്രത്യയശാസ്ത്രത്തെ നിർമ്മിക്കുവാനും നിലനിർത്തുവാനുമുള്ള ഉപാധിയെന്നോണം സാഹിത്യത്തെയും ഭാഷയേയും ഉപയുക്തമാക്കിയിരുന്ന സാമൂഹ്യ സാഹചര്യങ്ങളോട് ഭാഷയിലൂടെയും സാഹിത്യത്തിലൂടെയും തന്നെ പൊരുതാനുറച്ചവരാണ് സ്ത്രീവാദഎഴുത്തുകാരികൾ. കാലങ്ങളായി പറഞ്ഞുറപ്പിക്കപ്പെട്ടിരുന്ന സ്വത്വനിർമ്മിതികളെ, കുടുംബം, തൊഴിലിടങ്ങൾ, പൊതുസമൂഹം തുടങ്ങിയവയടക്കമുള്ള സാമൂഹികസ്ഥാപനങ്ങളിലെ സാമ്പ്രദായിക വ്യവസ്ഥകളെ അട്ടിമറിച്ച് വ്യക്തി എന്ന നിലയിൽ തങ്ങൾക്കുള്ള അധികാരവകാശങ്ങളെ ഉറപ്പിക്കുന്നതിനുള്ള അവരുടെ ശ്രമങ്ങൾ ഇന്നും തുടരുന്ന ഒന്നാണ്.

സമൂഹത്തിൽ ആധിപത്യമുള്ള ലിംഗവിഭാഗമെന്ന രീതിയിൽ പുരുഷന്റെ സൗന്ദര്യശാസ്ത്രസങ്കൽപങ്ങളാണ് സാഹിതീയതയുടെ അടിസ്ഥാനഘടകങ്ങളായി വർത്തിച്ചത്. സാഹിത്യത്തിലെയും സമൂഹത്തിലെയും സ്ത്രീയുടെ സ്ഥാനവും സ്വത്വവും അത്തരം ആൺകോയ്മാ മൂല്യബോധങ്ങൾക്കനുസരിച്ചാണ് രൂപപ്പെടുത്തപ്പെട്ടതും. എന്നാൽ ഉത്തരാധുനിക സ്ത്രീവാദത്തിന്റെയും സ്ത്രീവാദവിമർശനത്തിന്റെയും കടന്നുവരവോടെ പുരുഷന്റെ നോട്ടങ്ങളിലൂടെ മാത്രം പരിചയപ്പെട്ടിരുന്ന സ്ത്രീസങ്കൽപങ്ങൾ ഉടച്ചു വാർക്കപ്പെടുകയും സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങളെയും ജീവിതത്തെയും അവരുടെ ആത്മബോധത്തെ മുൻനിർത്തി യഥാതഥമായി ആവിഷ്കരിക്കാൻ ഒരുങ്ങുകയും ചെയ്തു.

തങ്ങളുടെ അനുഭവങ്ങളെയും ജീവിതത്തെയും ആവിഷ്കരിക്കാൻ പുരുഷന്റേതിൽ നിന്നു വ്യത്യസ്തമായൊരു ഭാഷയും രചനാരീതിയും ആവിശ്യമുണ്ടെന്നു മനസിലാക്കിയ ഉത്തരാധുനിക എഴുത്തുകാരികൾ ഭാഷയിലും സാഹിത്യത്തിലും

വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി. വായനക്കാരിയും നിരീക്ഷകയും മാത്രമായി പ്രത്യക്ഷപ്പെട്ടിരുന്ന സ്ത്രീ, കർത്താവായി മാറിയപ്പോൾ അതുവരെ അപരിചിതമായിരുന്നൊരു അനുഭവഭ്രമിയാണ് ലോകത്തിനു മുന്നിൽ വെളിപ്പെട്ടത്. പുരുഷന്റെ സൗകര്യത്തിനും ആവശ്യങ്ങൾക്കുമായി അവനുണ്ടാക്കിയിരുന്ന സ്ത്രൈണസങ്കൽപങ്ങളെ ഉടച്ചു വാർത്തുകൊണ്ടെന്നോണം കടന്നുവന്ന ഉത്തരാധുനിക സാഹിത്യകൃതികളിൽ പലതും പക്ഷെ പരോക്ഷമായി പുരുഷനിർമ്മിതമായ സങ്കൽപങ്ങളുടെ ചട്ടക്കൂടുകളെയാണ് പിന്തുടരുന്നതെന്ന് സൂക്ഷ്മനിരീക്ഷണത്തിൽ കാണാനാവും.

മലയാളത്തിലെ ശ്രദ്ധേയയായ നോവലിസ്റ്റും ചെറുകഥാകൃത്തുമായ ജിസ ജോസിന്റെ മുദ്രിതയെന്ന നോവലിനെ മുൻനിർത്തി ഇത്തരം ആൺനോട്ടങ്ങളുടെ സൗന്ദര്യസങ്കല്പങ്ങൾ അല്ലെങ്കിൽ സ്ത്രൈണാവിഷ്കാര സങ്കല്പങ്ങൾ എപ്രകാരമാണ് പരോക്ഷമായി ഉത്തരാധുനിക സ്ത്രീവാദസാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നതെന്ന് മനസിലാക്കുന്നതിനുള്ള അന്വേഷണമാണ് പ്രസ്തുത പഠനം. അതിനായി സ്ത്രീവാദ സാഹിത്യവിമർശനത്തിന്റെ സൈദ്ധാന്തികവ്യവഹാരമായ ഗൈനോക്രിട്ടിസിസ(Gyno Criticism)ത്തിന്റെ രീതിശാസ്ത്രത്തെയാണ് സ്വീകരിച്ചിരിക്കുന്നത്.

ഗൈനോക്രിട്ടിസിസം

സാഹിത്യരചനകളെ പുരുഷരചനകൾ (Andro text) എന്നും സ്ത്രീരചനകൾ (Gyno text) എന്നും തിരിച്ച് എലൈൻ ഷോവാൾട്ടറാണ് സ്ത്രീരചനകളെ കുറിച്ചുള്ള പഠനങ്ങളെ ഗൈനോ ക്രിട്ടിസിസം (Showalter, 2002:147) എന്ന് വിളിച്ചത്. പ്രസൂതി വിമർശനം (നെല്ലിക്കൽ, 2003:268), പെൺവിമർശനം (ഉദ്ധ. ജെസീന 2010:26) എന്നിങ്ങനെയെല്ലാം പ്രസ്തുത സംജ്ഞയെ മലയാളത്തിൽ തർജ്ജമചെയ്തു കാണുന്നു. സ്ത്രീയെ വായനക്കാരിയായും (Feminist Criticism), എഴുത്തുകാരിയായും (Gyno Criticism) കാണുന്ന രണ്ടുതരം സൈദ്ധാന്തിക വ്യവഹാരങ്ങൾ ഗൈനോക്രിട്ടിസിസം എന്ന നിരൂപണപദ്ധതി ഉൾക്കൊള്ളുന്നുണ്ട്. 1975 – ൽ പ്രസിദ്ധീകരിച്ച ലിറ്റററി ക്രിട്ടിസിസം (Literary Criticism) എന്ന പ്രബന്ധത്തിലാണ് ഷോവാൾട്ടർ ഗൈനോക്രിട്ടിസിസത്തിന് ഇത്തരത്തിൽ രണ്ടുതരം സമീപനരീതികളെ അവതരിപ്പിക്കുന്നത്.

സ്ത്രീയെ വായനക്കാരിയായി കണ്ടുകൊണ്ടുള്ള ഫെമിനിസ്റ്റ് വിമർശന പഠന

ങ്ങളിൽ ഇതുവരെ സാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള സ്ത്രീസങ്കൽപങ്ങൾ, സ്ത്രൈണബിംബങ്ങൾ, പുരുഷനോട്ടങ്ങളിലൂടെയുള്ള സ്ത്രീപാത്രനിർമ്മിതി എന്നിവയാണ് അന്വേഷണവിധേയമാക്കുന്നത്. എന്നാൽ സ്ത്രീയെ എഴുത്തുകാരിയായി കണക്കാക്കുന്ന രണ്ടാമത്തെ മേഖല സ്ത്രീയുടെ സർഗ്ഗാത്മകതയെ, അവളുടെ സാഹിത്യസംഭാവനകളെയാണ് ഉപാദാനമാക്കുന്നത്. ഭാഷയ്ക്കും സാഹിത്യത്തിനും അധികാരിയായി സ്വയം അവരോധിച്ചിരുന്ന പുരുഷൻ, കാലങ്ങളായി അവന് സൗകര്യപ്രദവും ലാഭകരവുമായ വിധത്തിൽ സ്ത്രീ പുരുഷസ്വത്വങ്ങളെ വ്യാഖ്യാനിക്കുകയാണുണ്ടായത്. അയഥാർത്ഥമായ അത്തരം സ്വത്വസങ്കല്പങ്ങളെ പൊളിച്ചെഴുതുവാനും യഥാർത്ഥ്യബോധത്തോടെ തങ്ങളുടെ വൈയക്തികാനുഭവങ്ങളെയും സ്ത്രൈണതയേയും നിർവചിക്കുവാനുമാണ് സ്ത്രീവാദ എഴുത്തുകാരികൾ ശ്രദ്ധവെച്ചത്.

പുരുഷരചനകളിലെ സ്ത്രീപ്രാതിനിധ്യത്തെ പ്രശ്നവത്കരിച്ചുകൊണ്ടുവന്ന അത്തരം രചനകളുടെ സൂക്ഷ്മപഠനത്തിൽ ശ്രദ്ധയൂന്നുന്ന ഗൈനോക്രിട്ടിസിസം, കേവലം വായനക്കാരിയും നിരീക്ഷകയുമായിരുന്ന തലത്തിൽ നിന്ന് പാഠത്തിന്റെ ഉല്പാദകയെന്ന കർത്തൃത്വത്തിലേക്ക് സ്ത്രീയെ മാറ്റി പ്രതിഷ്ഠിക്കുന്നു. കാലങ്ങളായി ആണധികാരത്തിന്റെ പ്രത്യയശാസ്ത്രങ്ങൾക്കനുഗുണമായി നിർവചിക്കപ്പെട്ടിരുന്ന തങ്ങളുടെ സ്വത്വത്തെയും വ്യക്തിത്വത്തെയും പുനർനിർവചിക്കാനും സ്വയം കണ്ടെത്താനുമുള്ള ശ്രമങ്ങൾക്കിടയിൽ അവർക്കു നേരിടേണ്ടി വന്ന ഏറ്റവും വലിയ വെല്ലുവിളി സ്വന്തമായൊരു ഭാഷയും സാഹിത്യശൈലിയും സൃഷ്ടിച്ചുണ്ടാക്കുക എന്നുള്ളതായിരുന്നു.

സ്ത്രൈണം (Feminine), സ്ത്രീവാദപരം (Feminist), സ്ത്രീ വിഷയപരം (Female) എന്നിങ്ങനെ മൂന്നു ഘട്ടങ്ങളിലായി സ്ത്രീരചനയുടെ ചരിത്രത്തെ വിഭജിക്കുന്ന എലൈൻ ഷോവാൾട്ടർ സ്ത്രീവിഷയപരമെന്ന മൂന്നാമത്തെ ഘട്ടത്തിലാണ് വിഷയപരമായും ഭാഷാപരമായും സ്ത്രീകളുടേതായൊരു ജ്ഞാനവ്യവഹാരമണ്ഡലം രൂപപ്പെടുത്താനുള്ള ശക്തമായ ശ്രമങ്ങൾ ആരംഭിച്ചതെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ പലപ്പോഴും എഴുത്തുകാരികളുടെ ജൈവികമായ സ്ത്രൈണാനുഭവങ്ങളുടെ പ്രതിഫലനമെന്ന നിലയിൽ പ്രത്യക്ഷപ്പെടുന്ന ഉത്തരാധുനിക സ്ത്രീവാദസാഹിത്യങ്ങളിൽ പോലും സൗന്ദര്യശാസ്ത്രസംബന്ധമായും ഭാഷാപരമായുമുള്ള പുരുഷകാഴ്ചപ്പാടുകൾ തന്നെ ആവർത്തിക്കുന്നതായി കാണാനാവും. അറിഞ്ഞോ അറിയാതെയോ സംഭവിച്ചു പോകുന്ന അത്തരം ആവർത്തനങ്ങളെ മലയാളത്തിലെ ശ്രദ്ധേയയായ

എഴുത്തുകാരി ജിസ ജോസിന്റെ മുദ്രിത എന്ന നോവലിനെ മുൻനിർത്തി വിശകല നവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിലൂടെ.

സൂക്ഷ്മവും വൈവിധ്യപൂർണവുമായ സ്ത്രീയവസ്ഥകളുടെ യഥാതഥമായ അവതരണമാണ് ജിസ ജോസിന്റെ രചനകളെ വ്യത്യസ്തമാക്കുന്നത്. തന്റെ ചെറുകഥകളിലും നോവലുകളിലും ജീവിതത്തിന്റെ അതിരുകളിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ, അല്ലെങ്കിൽ അക്കാദമികമോ സാഹിത്യസംബന്ധമോ ആയ വലിയ വ്യവഹാരങ്ങൾക്കുള്ളിൽ ചർച്ച ചെയ്യപ്പെടാൻ മാത്രം ഒച്ചപ്പാടുകൾ ഉണ്ടാക്കാതെ ജീവിച്ചു പോവുന്ന ഒട്ടനവധി സ്ത്രീകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിൽ അവരെപ്പോഴും ശ്രദ്ധപുലർത്തിയതായി കാണാം.

അതേസമയം തന്നെ ഉത്തരാധുനിക സാഹിത്യകൃതികളിൽ പൊതുവെ പ്രത്യക്ഷപ്പെടാറുള്ള ഏകമാനമായ വാർപ്പുമാതൃകകളെ അതിജീവിക്കാൻ പലപ്പോഴും എഴുത്തുകാരിക്ക് സാധിക്കുന്നുമില്ല. സങ്കീർണവും സൂക്ഷ്മവുമായ സ്ത്രീ ജീവിതങ്ങളെ, അവരുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും അഭിലാഷങ്ങളും ഉൾക്കൊള്ളുന്ന വിശാലമായ അനുഭവലോകങ്ങളെ തീവ്രതയോടുകൂടി അവതരിപ്പിക്കാൻ ശ്രമിക്കുമ്പോഴെല്ലാം ആൺലോകത്തോടുള്ള ഭയമോ, വെറുപ്പോ, പകയോ ആയത് മാറുന്ന സ്ഥിതിയാണ് കാണാനാവുന്നത്. പ്രതിസന്ധിഘട്ടങ്ങളെ നേരിടേണ്ടി വരുമ്പോഴെല്ലാം പകച്ചു നിൽക്കുന്ന, സഹായത്തിനായി മറ്റൊരു പുരുഷനെ ആശ്രയിക്കുന്ന, നിഷ്കളങ്കരും സ്വന്തമായി തീരുമാനമെടുത്ത് നടപ്പിലാക്കാൻ കഴിവില്ലാത്തവരുമൊക്കെയായി സ്ത്രീകളെ ചിത്രീകരിച്ചിരുന്ന ഒരെഴുത്തുകാലത്തിൽ നിന്ന് അത്തരം ചേരുവകളെത്തന്നെ പരോക്ഷമായി ചേർത്തു നിർമ്മിച്ചിരിക്കുന്ന പെൺനിർമിതികളെയാണ് പ്രസ്തുത നോവലിലും പ്രത്യക്ഷപ്പെടുന്നത്. അവയുടെ സൂക്ഷ്മാപഗ്രഥനമാണ് തുടർന്നു നടത്തുന്നത്.

വൈയക്തിക- സാമൂഹികാനുഭവങ്ങളിലെ സങ്കീർണതകൾ

നോവലിൽ കടന്നുവരുന്ന പതിനൊന്നു സ്ത്രീകളും ഇഷ്ടമില്ലാഞ്ഞിട്ടും ഏറ്റെടുക്കേണ്ടി വന്ന ജീവിതങ്ങളെ, സാഹചര്യങ്ങളെ ചുമക്കുന്നവരോ മാറ്റാൻ ശ്രമിക്കാത്തവരോ ആണ്. ആണുങ്ങളെ പൊതുവെ ഇഷ്ടമല്ലാത്ത, സ്കൂൾ ടീച്ചറായ രഞ്ജിനിയ്ക്ക് പക്ഷെ വേണുമാധവനെ വിവാഹം കഴിക്കുകയെന്ന സാധ്യതയെ ഒഴിവാക്കാൻ സാധിക്കുന്നില്ല. കല്യാണം കഴിഞ്ഞ ശേഷം സർവരഞ്ജിനിയെ കൂവൈറ്റിലേക്കു

കൂട്ടിക്കൊണ്ടു പോവാൻ വേണുമാധവൻ ശ്രമിക്കുന്നുണ്ട്. എന്നാൽ തണുപ്പിനോടിഷ്ടമുള്ള തണുപ്പു നിറഞ്ഞ നാടുകളിൽ താമസിക്കാനാഗ്രഹിക്കുന്ന സർവരഞ്ജിനിയ്ക്ക് കുവൈറ്റിലേക്കുള്ള ക്ഷണം ഒരിക്കലും താല്പര്യമുള്ള ഒന്നായിരുന്നില്ല. തന്റെ നാടും വീടും വിട്ട് താനങ്ങോട്ടു വരില്ലെന്ന സർവരഞ്ജിനിയുടെ മറുപടി പക്ഷെ നാട്ടിൽ അവൾക്ക് മറ്റൊരു കാമുകനുണ്ടെന്ന അർത്ഥത്തിലേക്കാണ് വേണുമാധവൻ വ്യാഖ്യാനിച്ചെടുക്കുന്നത്. സ്വന്തമായി ജോലിയുള്ള ഒരുവളായിരുന്നിട്ടു പോലും താനാഗ്രഹിക്കുന്നൊരു ജീവിതപങ്കാളിയെ തിരഞ്ഞെടുക്കാനോ ഇഷ്ടമുള്ള വിധത്തിൽ ജീവിതത്തെ കൊണ്ടുപോകാനോ സാധിക്കാത്തവളാണ് സർവരഞ്ജിനി. അതിനുപകരമവൾ തിരഞ്ഞെടുക്കുന്നത് ജീവിതകാലം മുഴുവൻ കുത്തുവാക്കുകൾ കേട്ട്, വേണുമാധവനോടൊപ്പം ഇഷ്ടമില്ലാത്ത നാട്ടിൽ, ഇഷ്ടമില്ലാത്തൊരു ജീവിതം ജീവിക്കാനാണ്.

ബൈൻലൈൻ കിട്ടാതെ, യാത്രകൾ ചെയ്യാതെ വർഷങ്ങളായി ഒരു ട്രാവൽ മാഗസിനിൽ താനിന്നോളം കണ്ടിട്ടില്ലാത്ത സ്ഥലങ്ങളെ കുറിച്ച്, ഒപ്പം ജോലി ചെയ്യുന്ന, ട്രാവൽ ഫോട്ടോഗ്രാഫറായ സുമന്ത് എടുത്ത ചിത്രങ്ങളെ അടിസ്ഥാനമാക്കി പൊലിമയുള്ള യാത്രാക്കുറിപ്പുകൾ എഴുതുന്ന ആളാണ് ദീപ്ത. വർഷങ്ങളോളം ജോലി ചെയ്തിട്ടും ഒരിക്കൽ പോലും ഫോട്ടോഗ്രാഫറോടൊപ്പം നേരിട്ട് സ്ഥലങ്ങൾ സഞ്ചരിച്ച് കുറിപ്പുകൾ തയ്യാറാക്കാനുള്ള അവസരം അവൾക്കു ലഭിക്കുന്നില്ല. ആ ഒരൊറ്റ ആഗ്രഹത്തിന്റെ പുറത്താണ് അവൾ ഈ ജോലിക്ക് തയ്യാറായതെങ്കിൽ പോലും. ഒറീസയിലേക്കുള്ള യാത്രയ്ക്കായി റെയിൽവേ സ്റ്റേഷനിലേക്കു വരുന്ന സമയം കാറിലിരിക്കുമ്പോൾ റോഡിലെ സ്ത്രീകളുടെ ജാഥ കണ്ട് എന്നെങ്കിലുമൊരിക്കൽ, സ്വന്തമായെഴുതാനോ, സ്വയം മാറ്റർ തിരഞ്ഞെടുക്കാനോ അവസരം ലഭിച്ചാൽ താനീ പെണ്ണുങ്ങളെ കുറിച്ചെഴുതും എന്നവളോർക്കുന്നുണ്ട്. ഈ 'എന്നെങ്കിലുമൊരിക്കലെ'ന്ന പ്രതീക്ഷയിൽ ചുമക്കാവുന്നതിലുമധികം ഭാരക്കുടുതലുള്ള ജീവിതങ്ങളെ, ഇറക്കിവെക്കാനുള്ള/ മാറ്റിത്തീർക്കാനുള്ള സ്വാതന്ത്ര്യത്തെ നിവൃത്തികേടുകൊണ്ടെന്നു സ്വയം വിശ്വസിപ്പിച്ചു ചുമക്കുന്ന അനേകം സാമ്പ്രദായിക പെൺകഥാപാത്രങ്ങളുടെ പ്രതിനിധി തന്നെയാണ് സഞ്ചാരിണി ദീപ്തയും.

നോവലിലെ പ്രധാനകഥാപാത്രമായ മുദ്രിതയാവട്ടെ വീൽച്ചെയറിന്റെ സഹായമില്ലാതെ സഞ്ചരിക്കാൻ സാധിക്കാത്ത, ഒരിക്കൽ പോലും മറ്റൊരാളുടെ സഹായമില്ലാതെ നടക്കാൻ പോലുമാവാത്ത ഒരാളാണ്. എന്നിട്ടുവമൾ താനിന്നുവ

രെ കണ്ടിട്ടില്ലാത്ത, അറിഞ്ഞിട്ടില്ലാത്ത ഒൻപത് സ്ത്രീകളുമായി ഒറീസയിലേക്കൊരു യാത്ര പ്ലാൻ ചെയ്യുന്നു. എന്നാൽ ധാരാളം വായിക്കുന്ന, സ്വപ്നം കാണുന്ന ആ സ്ത്രീ തനിക്കു സാധ്യമാകാതിരുന്ന ദൂരങ്ങളെ ഇച്ഛാശക്തിയാൽ താണ്ടിത്തീർക്കണം എന്നാഗ്രഹിച്ചിരുന്നുവോ എന്ന ചോദ്യം വായനക്കാരിലേക്ക് വിട്ടുകൊണ്ട് പൊടുന്നനെയൊരു ദിവസം അപ്രത്യക്ഷയാവുന്നു.

"അനാവശ്യമായ ഇടപെടലുകൾ എനിക്കിഷ്ടമില്ല. നിങ്ങളുടെ സൗകര്യത്തിനനുസരിച്ച് യാത്ര ചെയ്യാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ചോദിച്ച പൈസ തരും, ഞങ്ങൾ പറയുന്നിടത്ത് കൊണ്ടുപോവുക. അത്രയേ നിങ്ങൾ ചെയ്യേണ്ടൂ. " (ജിസ, 2021:30)

എന്ന് ആത്മവിശ്വാസത്തോടെ ടൂർ ഓപ്പറേറ്ററായ അനിരുദ്ധനോട് പറയുന്ന ഒരു സ്ത്രീ തന്റെ കൊക്കൂണിനുള്ളിൽ നിന്ന് പുറത്തുകടക്കാനോ തന്നെ വിശ്വസിച്ച് ഇതിലേക്കിറങ്ങിത്തിരിക്കുന്ന മറ്റ് സ്ത്രീകളെ ആശ്രയിക്കാനോ[1] തയ്യാറാവുന്നില്ല. യാത്ര പോവേണ്ടിയിരുന്ന ദിവസം അങ്ങനെയൊരാൾ ജീവിച്ചിരുന്നിരുന്നു എന്ന തെളിവുകൾ പോലുമവശേഷിപ്പിക്കാതെ അവർ അപ്രത്യക്ഷയാവുകയാണ്.

നദികളെയെല്ലാം സ്ത്രീകളോടുപമിക്കുന്ന പൊതുസങ്കൽപത്തെ പറ്റി പറഞ്ഞുകൊണ്ട് 'അതിനാലാവണം സരസ്വതി ജനിച്ചാലുടൻ ആത്മഹത്യ ചെയ്യേണ്ടവളായിരുന്നുവെന്ന് തനിക്ക് തോന്നുന്നത്' എന്ന് മുദ്രിത എഴുതുന്നുണ്ട്. ചില ഭ്രൂണങ്ങളുണ്ടാകുമ്പോൾ സ്വയം അദൃശ്യരാകുന്ന നദികളെപ്പോലെ ചില സ്ത്രീകളും അപ്രതീക്ഷിതമായുണ്ടാകുന്ന ചില ഭ്രൂണങ്ങളെ തരണം ചെയ്യാനാവാതെ ലോകത്തു നിന്നും ജീവിതത്തിൽ നിന്നും തങ്ങളെത്തന്നെ പിൻവലിക്കുന്നത് സ്വാഭാവികമെന്നാണ് അവരെണ്ണുന്നത്. നദികളെ സ്ത്രീകളോടുപമിക്കുന്ന സാഹിത്യഭാവന പുരുഷന്റേതാണ്. ആ ഭാവനയാണ് 'പൊതു' എന്ന ഗണത്തിൽ പൊതുവെ വിലയിരുത്തപ്പെടുന്നതും. ആ പൊതുഭാവനയുടെ ചുവടുപിടിച്ചാണ് നോവലിനുള്ളിലെ പുരാവൃത്തകഥകളടക്കം പറഞ്ഞു പോവുന്നത്. തനിക്കു നേരെയുള്ള അതിക്രമങ്ങളെ ചെറുക്കാനാവാതെ ആത്മഹത്യ ചെയ്ത സരസ്വതി, ചന്ദ്രഭാഗ എന്നീ നദികളെയും തന്റെ പ്രണയത്തെയും കവിതകളെയും ജീവിതത്തെയുമുപേക്ഷിച്ച് സ്വയം കടലിലേക്ക് തന്നെത്തന്നെ വലിച്ചെറിഞ്ഞ് മുപ്പതാം വയസ്സിൽ ആത്മഹത്യ ചെയ്ത സാഫോ എന്ന കവിയുടെയും പരാമർശങ്ങളെ ഇത്തരം പൊതുഭാവനകൾ സ്ത്രീകൾക്കുമേലാരോപിക്കുന്ന നിസ്സഹായവസ്ഥയെ ഉറപ്പിക്കാൻ മാത്രമുതകുന്നവയാണ്.

ഉമാനാരായണി മുതൽ മധുമാലതി വരെയുള്ള നോവലിലെ പ്രധാനക ഥാപാത്രങ്ങളും ഉമാമഹേശ്വരി, നിമിഷ, മണിമേഖല, ഫിലോമിന, രമണിയപ്പച്ചി, റോഷ്നാര തുടങ്ങി കഥകൾക്കുള്ളിൽ പറഞ്ഞു പോവുന്നവരും പുരാണകഥകളിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീകഥാപാത്രങ്ങളുമെല്ലാം തങ്ങൾക്കിഷ്ടമില്ലാത്തൊരിരട്ട ജീവിതത്തിന്റെ കൃപായം മനപ്പൂർവ്വമല്ലാതെ അണിയുന്നവരാണ്. ചുരുക്കത്തിൽ തനിക്കു നേരിട്ട അന്യായത്തിനെതിരെ ഉറഷോടെ ശബ്ദമുയർത്താനും പ്രതികരിക്കാനും തയ്യാറാവുന്ന, ലോകം മുഴവൻ എതിരെ നിന്നിട്ടും താൻ വിശ്വസിക്കുന്ന നീതിശാസ്ത്രങ്ങളെ മുറുകെപ്പിടിക്കുന്ന മരിയനളിനിയെ അപേക്ഷിച്ച്, ഇഷ്ടമല്ലാഞ്ഞിട്ടുകൂടി സംഭവിച്ചു പോയതിനാൽ ജീവിതത്തെ, അതിന്റെ ശരിയല്ലായ്മകളെ അതിനുള്ളിൽ തന്നെ നിന്നുകൊണ്ട് സഹിക്കുന്നവരായിട്ടാണ് മറ്റു പെൺകഥാപാത്രങ്ങൾ നോവലിൽ നിലനിൽക്കുന്നത്.

വിവാഹവും കുടുംബബന്ധങ്ങളും

വിദ്യാഭ്യാസം, കൂടുതൽ സുരക്ഷിതമായ ജോലി സാധ്യതകൾ, സാമ്പത്തിക സുരക്ഷിതത്വം, തങ്ങളുടെ സ്വത്വത്തെയും അവകാശങ്ങളെയും കുറിച്ചുള്ള തിരിച്ചറിവ് എന്നിവ അതുവരെ തുടർന്നു വന്നിരുന്ന ആണധികാര പ്രത്യയശാസ്ത്രങ്ങളെ എതിർക്കുന്നതിനും വിവാഹം, കുടുംബം എന്നിവയുടെ അടിസ്ഥാനമായി വർത്തിക്കുന്ന സ്ത്രീവിരുദ്ധ നയങ്ങളോട് കലഹിക്കുന്നതിനും സ്ത്രീകളെ സഹായിക്കുന്നതിനോടൊപ്പം തന്നെ മറ്റൊരുതരം ആശയക്കുഴപ്പത്തിലേക്കു കൂടി അവരെ തള്ളിയിടുകയുണ്ടായി. അത് പുരുഷാധിപത്യ മൂല്യവ്യവസ്ഥ (Patriarchal Value system)യിലൂന്നിയ പരമ്പരാഗതമായ ആദർശമാതൃകകളെ (വിവാഹം, കുടുംബം തുടങ്ങിയവ) പൊളിച്ചു പുറത്തുകടന്ന് സ്വതന്ത്രയാവാനാഗ്രഹിക്കുമ്പോൾ തന്നെ അവയുടെ ഭാഗമായി നിന്ന് അത്തരം സ്ഥാപനങ്ങളെ സംരക്ഷിക്കേണ്ടുന്ന ചുമതല കൂടി സ്ത്രീകൾക്കുമേൽ ആരോപിക്കപ്പെടുന്നതുമായി ബന്ധപ്പെട്ടാണുള്ളത്.

മലയാളസാഹിത്യത്തിലെ സ്ത്രീ എഴുത്തുകാരികൾ പാശ്ചാത്യരിൽ നിന്നു വ്യത്യസ്തമായിട്ടാണ് സ്ത്രൈണ (Feminine)മെന്നതിൽ നിന്ന് സ്ത്രീവിഷയപരം (Female) എന്ന ഘട്ടത്തിലേക്ക് കടക്കുന്നത്. ഒരേസമയം പാശ്ചാത്യ സ്ത്രീവാദ എഴുത്തുകാരികളെപ്പോലെ തന്നെ പുരോഗമനവതിയും തന്റെ അവകാശങ്ങളെയും ആഗ്രഹങ്ങളെയും പറ്റി കൃത്യമായ ധാരണയുള്ളവളുമാകുമ്പോഴും സ്ത്രീയുടെ യഥാർത്ഥവും പ്രാഥ

മികവുമായ സ്വത്വവും കടമയും നിക്ഷിപ്തമായിരിക്കുന്നത് കുടുംബമെന്ന സാമൂഹിക വ്യവസ്ഥിതിക്കുള്ളിലാണെന്നും അതിനെ നിലനിർത്തേണ്ടതും സംരക്ഷിക്കേണ്ടതും അവളുടെ ഉത്തരവാദിത്തമാണെന്നും സ്വാതന്ത്ര്യത്തേയും മോചനത്തെയും സംബന്ധിക്കുന്ന 'തെറ്റായ ധാരണകൾ' മൂലം കുടുംബത്തെ ഉപേക്ഷിക്കുന്നതും അവഗണിക്കുന്നതും തെറ്റാണെന്നുമുള്ള ബോധം സമൂഹമവൾക്കുള്ളിൽ പലവിധത്തിൽ ഉറപ്പിച്ചെടുക്കുന്നുണ്ട്.

കുടുംബമെന്ന സാമൂഹികസ്ഥാപനത്തെ നിഷേധിക്കുന്നതിനോ ഉപേക്ഷിക്കുന്നതിനോ ധൈര്യപൂർവ്വം തയ്യാറെടുക്കുന്ന സ്ത്രീകളെക്കാൾ സഹിച്ചും പോരടിച്ചും തന്റെ ജീവിതത്തെ മുഴുവൻ അതിനുചേരുന്ന വിധത്തിൽ മാറ്റിയെടുക്കുന്ന സ്ത്രീകഥാപാത്രങ്ങളെയാണ് ഉത്തരാധുനിക നോവലുകളിലടക്കം കാണാനാവുന്നത്. പുരുഷാധിപത്യമൂല്യവ്യവസ്ഥയുടെ അധികാരപ്രയോഗങ്ങളോട് ദീർഘക്ഷമയുള്ളവരായിരിക്കുന്ന ഭാര്യമാരായും, നിശബ്ദരായിരിക്കുന്ന അമ്മമാരായും സ്ത്രീകളെ ചിത്രീകരിക്കുന്ന പഴയകാല രീതി പൂർണാർത്ഥത്തിലല്ലെങ്കിലും പരോക്ഷമായി പിന്തുടരുകയാണ് ഉത്തരാധുനിക സ്ത്രീ എഴുത്തുകാർ പലപ്പോഴും.

മുദ്രിതയെന്ന നോവലിൽ അവതരിപ്പിക്കപ്പെടുന്ന വിവാഹിതരായ സ്ത്രീകളെല്ലാം തന്നെ കുടുംബജീവിതത്തിന്റെയും വിവാഹത്തിന്റെയും എല്ലാവിധ ദോഷങ്ങളെയും പേറുന്നവരാണ്. പൊടുന്നനെയൊരു ദിവസം താനിവിടെയുണ്ടായിരുന്നുവെന്നതിനു പോലും യാതൊരു തെളിവുകളും അവശേഷിപ്പിക്കാതെ അപ്രത്യക്ഷയായ മുദ്രിതയെ കുറിച്ചന്വേഷിക്കുന്ന വിമലയടക്കമുള്ള സ്ത്രീകഥാപാത്രങ്ങൾ സത്യത്തിൽ അവരുടെ കുടുംബങ്ങളിൽ അവരിടപഴകുന്ന ഇടങ്ങളിൽ എല്ലാം തങ്ങളെത്തന്നെ അപ്രത്യക്ഷരാക്കി വെച്ചിരിക്കുന്നവരാണ്. ഭാര്യ, അമ്മ, മകൾ, മരുമകൾ തുടങ്ങി മറ്റൊരാളുടെയെന്ന് എണ്ണപ്പെട്ടിരിക്കുന്ന ബന്ധങ്ങളിലൂടെയല്ലാതെ സ്വന്തമായി ആഗ്രഹങ്ങളും അഭിപ്രായങ്ങളുമുള്ള വ്യക്തികളെന്ന നിലയിൽ അവരെ കണ്ടെത്താനോ മനസിലാക്കാനോ മറ്റാർക്കും സാധിക്കുന്നില്ല. അതേസമയം ജീവിതകാലം മുഴുവൻ മറ്റൊരാളാൽ വ്യാഖ്യാനിക്കപ്പെട്ട് ജീവിക്കാനുള്ള സാധ്യതയെ ധൈര്യപൂർവ്വം ഉപേക്ഷിക്കാനും അവർക്കാവുന്നില്ല/ അവരതിന് തയ്യാറാവുന്നില്ല.

മുദ്രിതയെ കണ്ടെത്താനുള്ള വിമലയുടെ അന്വേഷണങ്ങൾ സത്യത്തിൽ അവളവളെത്തന്നെ കണ്ടെത്താനുള്ള ശ്രമങ്ങളുടെ ഭാഗമാണ്. വീട്ടിലെ ഗസ്റ്റ് റൂമിൽ കിടന്നുറങ്ങുന്ന വിമലയെ രാത്രി വൈകിയിട്ടും ആരും കണ്ടെത്താതെ പോ

കുമ്പോൾ ഒരു ദിവസം ഇതിനകത്ത് ആരുമറിയാതെ ചത്തുകിടക്കാൻ പോലും പറ്റിയേക്കുമെന്നാണ് അവളോർക്കുന്നത്. ഭക്ഷണം ഫ്രിഡ്ജിൽ ഉള്ളതിനാൽ അക്കാര്യത്തിലും വീട്ടുകാർക്കൊരു പ്രതിസന്ധിയുണ്ടാവാനിടയില്ല എന്ന് കരുതുന്ന വിമല തന്നെ, ഒരു സ്പൂൺ പോലും സ്ഥാനം തെറ്റിയിരിക്കാതെ, അപ്പോൾ കുളിച്ച് ഉടുപ്പുമാറ്റി വാസനസോപ്പിന്റെ നേർത്ത സുഗന്ധവുമായി പകൽ തന്നെ കാത്തുനിൽക്കുന്ന ഒന്നായി എല്ലാ രാത്രികളിലും അടുക്കളയെ വൃത്തിയാക്കിയെടുക്കുന്നതിനെ കുറിച്ചും എഴുത്തുകാരി പറയുന്നുണ്ട്. ഒഴിവാക്കാൻ പറ്റാത്ത ഒ.സി.ഡി.[2] യെന്നോണം സ്ത്രീകളെ പൊതിഞ്ഞു നിൽക്കുന്ന അടുക്കളയെന്ന സങ്കല്പവും ആവശ്യങ്ങൾക്കല്ലെങ്കിൽ വീടിനുള്ളിലും പൊതുയിടങ്ങളിലും ആരും അന്വേഷിക്കുകയോ അടയാളപ്പെടുത്തുകയോ ചെയ്യാതെ പോവുന്ന സ്ത്രീകഥാപാത്രങ്ങളും അത്യുത്തരാധുനിക കാലത്തും എഴുത്തുകാരികളെ വിടാതെ പിന്തുടരുന്നുവെന്നത് ചിന്തനീയമാണ്.

താൻ ചെയ്യാത്തൊരു കുറ്റം തെളിവു സഹിതം കണ്ടുപിടിക്കപ്പെട്ടതുപോലെ ജീവിതകാലം മുഴുവൻ കുറ്റവാളിയായി നിൽക്കേണ്ടി വരുന്ന ഒരു ജീവിതത്തെ വ്യഥാ ചുമക്കുന്ന സർവരഞ്ജിനിയും സാമ്പ്രദായിക ആൺനോട്ടങ്ങളിലെ പെൺകഥാപാത്രങ്ങളിൽ നിന്നു ഭിന്നമല്ല. സർവരഞ്ജിനിയ്ക്ക് വേണമാധവനുമായുള്ള ജീവിതം ശിക്ഷയെക്കാൾ കുറഞ്ഞൊന്നുമല്ല. ആണുങ്ങളെ ഇഷ്ടമല്ലാഞ്ഞിട്ടും വേണമാധവനെ നിവൃത്തികേടുകൊണ്ട് വിവാഹം കഴിക്കേണ്ടി വന്ന അവൾ ആ വിവാഹത്തിൽ തന്നെ തന്റെ ശിഷ്ട ജീവിതം ജീവിച്ചു തീർക്കുകയാണ്. വാട്സാപ്പിൽ രാത്രി വൈകിയും ഇരിക്കുന്നതെന്തിനെന്ന ചോദ്യത്തിന് ഭർത്താവിനെ ബ്ലോക്ക് ചെയ്തും ഒറീസയിലേക്കുള്ള യാത്രയെപ്പറ്റി ടെയിൻ കയറുന്നതിന് തൊട്ടുമുന്നെയല്ലാതെ പറയുകയില്ലെന്നുമുള്ള ചെറിയ ചെറിയ സമരങ്ങളിലൂടെ തന്റെ സാഹചര്യങ്ങളോട് പ്രതികരിക്കാൻ ശ്രമിക്കുന്ന സർവരഞ്ജിനി ഉത്തരാധുനികത മുന്നോട്ടുവെക്കുന്ന, തനിക്കു വേണ്ടതിനെ പറ്റി കൃത്യമായ ധാരണയുള്ള, അതിനുവേണ്ടി പ്രവർത്തിക്കാൻ തയ്യാറാവുന്ന ധൈര്യശാലിയായ സ്ത്രീയല്ല.

'കാച്ചിവെച്ച പാല് പാട ചൂടുന്നതുപോലെ അത്രയും സ്വാഭാവികമായി തണുത്തുപോവുന്നത് പോലെ'യെന്ന് വിവാഹാനന്തര ജീവിതത്തെ വിശേഷിപ്പിക്കുന്ന ഉമാനാരായണിയും ഇഷ്ടപ്പെട്ട കോഴ്സു പഠിച്ച് ഇഷ്ടജോലിയും നേടി വർഷങ്ങളായി പ്രണയത്തിലായിരുന്ന സഹപാഠിയെത്തന്നെ വിവാഹം കഴിക്കുകയും വിവാഹത്തിനു നാലു ദിവസങ്ങൾ കഴിഞ്ഞ് കത്തിയമർന്ന് സ്വന്തവീട്ടിലേക്കു തിരിച്ചു വന്ന

ഉമാമഹേശ്വരിയും ആത്മഹത്യയാണെന്നുറപ്പിച്ച് കേസന്വേഷണവസാനിപ്പിക്കുന്ന പോലീസുകാരും എല്ലാം നോവലിനുള്ളിൽ നിസ്സഹായയായ സ്ത്രീ പാത്രനിർമ്മിതികളെ ഉറപ്പിക്കുക മാത്രമാണ്.

ചുരുക്കത്തിൽ തനിക്കിഷ്ടമില്ലാത്ത വിവാഹത്തിലേക്ക് മറ്റാരുടെയൊക്കെയോ നിർബന്ധപ്രകാരം ചെന്നുപെടേണ്ടി വന്ന, ശരീരത്താൽ മാത്രം ഭർത്താവെന്ന പുരുഷനുമായി ബന്ധപ്പെട്ടു നിൽക്കുന്ന, തന്റെ ഗർഭപാത്രത്തിനോ ശരീരത്തിനോ ഒരു കുഞ്ഞിനെ വഹിക്കാനുള്ള ശേഷിയില്ലെന്നു മനസിലായിട്ടും കുഞ്ഞു വേണമെന്നുള്ള വാശി കൊണ്ടുനടക്കുന്ന, ഭാര്യ - ഭർത്തൃ ബന്ധം അപരിചിതരായ രണ്ടു മനുഷ്യരുടെ പീഢാനുഭവം മാത്രമായി മാറ്റപ്പെടുകയും അതിൽത്തന്നെ സ്ത്രീകൾ ശാരീരികമായും മാനസികമായും കൂടുതൽ ശിക്ഷയനുഭവിക്കപ്പെടുകയും ചെയ്യുന്ന ഒട്ടനവധി പരമ്പരാഗത സ്ത്രീനിർമ്മിതികളുടെ പകർപ്പുകളാണ് നോവലിലെ സ്ത്രീകളുമെന്ന് മനസിലാക്കാം.

ഭർത്താവിനെ മറ്റൊരു സ്ത്രീയോടൊപ്പം മരിച്ച നിലയിൽ കണ്ടെത്തിയതിനാൽ മറ്റെല്ലാ പുരുഷന്മാരും അങ്ങനെയാണെന്നു വിശ്വസിക്കുന്ന അനിരുദ്ധിന്റെ അമ്മയുടെ അതേ വെറുപ്പാണ് മറ്റൊരു വിധത്തിൽ ഭയമായി അനിരുദ്ധിന്റെ സഹോദരിയിലും വർത്തിക്കുന്നത്. പ്രശ്നത്തെ പരിഹരിക്കുന്നതിന് പകരം അതിനെ അവഗണിക്കുന്നത് ഒരിക്കലും ജനാധിപത്യപരമായൊരു സമൂഹരൂപീകരണത്തിന് ഗുണകരമാവുകയില്ല. ആദ്യവായനയിൽ തീരുമാനങ്ങളെടുക്കാനും നടപ്പിലാക്കാനും തന്റെ ജീവിതത്തെയും സ്വത്വത്തെയും പറ്റി കൃത്യമായ ധാരണയുള്ളവരുമായ ഉത്തരാധുനിക സ്ത്രീകളുടെ നിർമ്മിതിയാണ് നോവലിൽ സാധ്യമായിരിക്കുന്നതെന്നു തോന്നാമെങ്കിലും സൂക്ഷ്മവായനയിൽ ആൺനോട്ടങ്ങളിലൂടെ മാത്രം വരയ്ക്കപ്പെട്ടിരുന്ന വാർപ്പുമാതൃകകളുടെ പരോക്ഷപതിപ്പുകൾ തന്നെയാണ് അവരെന്നും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പൂർണ നിസ്സഹായരും സമൂഹത്തിലെ സാമ്പ്രദായിക നടപ്പുശീലങ്ങളെ ചുമന്നു നടക്കുന്നവരും അതിനെ തകർത്ത് പുറത്തുകടക്കാൻ ധൈര്യം കാണിക്കാത്തവരുമാണെന്നും വെളിപ്പെട്ടു കിട്ടുന്നു.

ഉപസംഹാരം

വ്യത്യസ്തങ്ങളായ ഒരുകൂട്ടം സ്ത്രീകളുടെ വൈവിധ്യമാർന്ന ജീവിതാനുഭവങ്ങളെ സൂക്ഷ്മതയോടുകൂടി, അതിന്റെ എല്ലാവിധമായ ബഹുസ്വരതയോടും കൂടി അവ

തരിഷിക്കുമ്പോഴും സ്ത്രീപക്ഷസൗന്ദര്യശാസ്ത്രത്തിന്റെ ജ്ഞാനമണ്ഡലങ്ങൾക്ക പുറത്താണ് അവയുടെ സൈദ്ധാന്തിക നിലയെന്ന് നിരീക്ഷിക്കാനാവും. ഒരേസമയം സ്ത്രീയനുഭവങ്ങളുടെ വ്യതിക്തത നോവലിനെ സവിശേഷമാക്കുമ്പോൾ സാമ്പ്രദായികമായ നടപ്പുശീലങ്ങളിൽ നിന്ന് ആ സ്ത്രീകളെ പുറത്തുകൊണ്ടുവരാൻ നോവലിസ്റ്റിനു സാധിക്കുന്നില്ല.

ചുരുക്കത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെയും അടിച്ചമർത്തലുകളെയും കൃത്യമായി അടയാളപ്പെടുത്താൻ ശ്രമിക്കുന്ന ഉത്തരാധുനിക സ്ത്രീവാദവും ഉത്തരാധുനിക സ്ത്രീവാദസാഹിത്യവും പ്രസ്തുത പ്രശ്നങ്ങൾക്കുള്ള യഥാതഥമായ പരിഹാരങ്ങളെയാണ് അന്വേഷിക്കുന്നത്. കേവലമായ ആദർശപ്രഖ്യാപനങ്ങളാലോ പുരുഷനാൽ വ്യാഖ്യാനിക്കപ്പെട്ടു നിൽക്കുന്ന ഐതീഹ്യങ്ങളുടെയും മിത്തുകളുടെയും സൗന്ദര്യവത്കരണത്തിലൂടെയും ആ പരിഹാരം സാധ്യമാക്കപ്പെടുകയില്ല. സഹിച്ചും അവഗണിച്ചും തനിക്കിഷ്ടമില്ലാത്ത ഒരു ജീവിതത്തെ ചുമക്കേണ്ടി വരുന്ന നിസ്സഹായതകളിൽ നിന്ന്, തനിക്കു നേരിട്ട അതിക്രമങ്ങളുടെ പേരിൽ പുരുഷന്മാരോടു മുഴുവൻ പകയുള്ളവരായി മാറുന്ന റാഡിക്കൽ മനോഭാവങ്ങളിൽ നിന്ന്, ഭർത്താവിനും കുഞ്ഞുങ്ങൾക്കും വേണ്ടി തന്റെ ശാരീരികാധ്വാനത്തെയും വ്യക്തിത്വത്തെയും വിട്ടുകൊടുത്ത് മാനസികമായി അപ്രത്യക്ഷരായിക്കഴിയുന്ന അവസ്ഥകളിൽ നിന്നെല്ലാം പെൺകഥാപാത്രങ്ങളെ മാറ്റിയെടുക്കേണ്ടത് ഉത്തരാധുനിക സ്ത്രീവാദസാഹിത്യത്തിന്റെ പ്രഥമ ഉത്തരവാദിത്തമായി കണക്കാക്കേണ്ടതുണ്ട്. ആ നിലയിൽ പരിശോധിക്കുമ്പോൾ പറഞ്ഞു പഴകിയ സ്ത്രൈണ സങ്കൽപങ്ങളുടെ തന്നെ പരോക്ഷമായ വിന്യാസമാണ് പ്രസ്തുത നോവലിലും കാണാനാകുന്നതെന്ന് ഈ പഠനത്തിലൂടെ വ്യക്തമാവുകയും ചെയ്യുന്നു.

കുറിപ്പുകൾ

1. Sisterhood അഥവാ സ്ത്രീകൾ തമ്മിലുള്ള സാഹോദര്യം എന്നത് രണ്ടാം തരംഗ ഫെമിനിസത്തിന്റെ പ്രധാനപ്പെട്ട ചിന്തകളിലൊന്നായിരുന്നു. സ്ത്രീകൾക്കിടയിലെ ഐക്യവും അടുപ്പവും വളർത്തുന്നതിനും നിലനിൽക്കുന്ന സാമൂഹികാധികാര ഘടനകളെ പൊളിക്കുന്നതിനും പരസ്പരം സഹായിച്ചുകൊണ്ട് മുന്നോട്ടു നീങ്ങുകയെന്ന നിലയിൽ ലിംബമായതിൽ നിന്നു വ്യതിരിക്തമായി തിരശ്ചീനമായൊരു പാരസ്പര്യം സ്ത്രീകൾ തമ്മിലുണ്ടാവേണ്ടതുണ്ടെന്ന ആശയമാണ് ഇതിലൂടെ മുന്നോട്ടു വെക്കുന്നതും. നോവലിലെ സ്ത്രീകൾക്കിടയിൽ അത്തരമൊരു പാരസ്പര്യത്തിന്റെ സാധ്യത നിലനിന്നിരുന്നു എങ്കിലും ഉപയോഗിക്കപ്പെടുന്നില്ലെന്നു കാണാം.

2. ഒ. സി. ഡി - Obsessive-compulsive disorder is a long-lasting disorder in which a person experiences uncontrollable and recurring thoughts (obsessions), engages in repetitive behaviors (compulsions), or both. '

സഹായക ഗ്രന്ഥങ്ങൾ

1. ജയകൃഷ്ണൻ, എൻ., പെണ്ണെഴുത്ത്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011.
2. ജിസ ജോസ്, മുദ്രിത, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2021.
3. ജെസീന ജോസഫ്, സ്ത്രീസ്വത്വപരിണാമം മലയാളനാടകത്തിൽ - സ്ത്രീകൾ എഴുതിയ നാടകങ്ങളെ ആസ്പദമാക്കി ഒരു പഠനം, പി. എച്ച്. ഡി. ഗവേഷണപ്രബന്ധം, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം, 2010.
4. ജോസ് കെ മാനുവൽ, എഡി., സാഹിത്യസിദ്ധാന്തങ്ങൾ പൗരസ്ത്യവും പാശ്ചാത്യവും, ആത്മ ബുക്സ്, കോഴിക്കോട്, 2022.
5. ദേവിക, ജെ, സ്ത്രീവാദം, ഡി. സി ബുക്സ്, കോട്ടയം, 2000.
6. മുരളീധരൻ, നെല്ലിക്കൽ, വിശ്വസാഹിത്യദർശനങ്ങൾ, ഡി. സി ബുക്സ്, കോട്ടയം, 2016.
7. രാജശ്രീ, ആർ., നായികാനിർമ്മിതി വഴിയും പൊരുളും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018.
8. Rice, Philip; Patricia Waugh, Edi., Modern Literary Theory, Headline Group, London 2022.

ഊടി നിസർച്ച് ജേണൽ • ISSN: 2320-5830 • ഭാഗം - 12 • ലക്കം - 4

അതീതയാഥാർത്ഥ്യത്തിന്റെ ആഖ്യാനങ്ങൾ

എസ്. ആർ. ഹരിത
റിസർച്ച് സ്കോളർ, മലയാളം വിഭാഗം,
എസ്. എൻ. കോളേജ്, കൊല്ലം

പ്രബന്ധസംഗ്രഹം:

ഡിജിറ്റൽ മാധ്യമങ്ങളുടെ സർവ്വവ്യാപ്തിയും, ദ്രുതഗതിയിലുള്ള സാങ്കേതിക മുന്നേറ്റങ്ങളും ആധിപത്യം പുലർത്തുന്ന സമകാലിക ലോകത്ത് അതീത യാഥാർത്ഥ്യം സമകാലിക അനുഭവങ്ങളെ മനസിലാക്കാനും വ്യാഖ്യാനിക്കാനും സഹായിക്കുന്ന നിർണായക അവസ്ഥയാണ്. മാറ്റി വെയ്ക്കലുകളും, ഒന്നിലധികം സ്വത്വങ്ങൾ സ്വീകരിക്കേണ്ടി വരുന്നതിലെ സംഘർഷങ്ങളും ഉൾകൊള്ളുന്ന പ്രവാസ അനുഭവങ്ങളും സാഹിത്യത്തിൽ കാലങ്ങൾക്ക് മുൻപ് തന്നെ സ്വീകാര്യത നേടിയിട്ടുണ്ട്. ഈ രണ്ട് ആശയങ്ങളും ആഗോളവത്കരിക്കപ്പെട്ട ലോകത്ത് ജീവിക്കുന്ന വ്യക്തികളുടെ യാഥാർത്ഥ്യങ്ങളെ രൂപപ്പെടുത്തുന്നതിലും പ്രതിഫലിക്കുന്നതും എങ്ങനെ എന്നാണ് അന്വേഷിക്കേണ്ടത്. ഈ ലേഖനത്തിലൂടെ അതീതയാഥാർത്ഥ്യത്തിന്റെ സ്വാധീനം പ്രവാസ സാഹിത്യത്തിൽ എങ്ങനെ പ്രത്യക്ഷപ്പെടുന്നു എന്ന് കെ. വി. പ്രവീണിന്റെ തിരഞ്ഞെടുത്ത കഥകളെ ആസ്പദമാക്കി വിശകലനം ചെയ്യുന്നു.

താക്കോൽ വാക്കുകൾ:

അതീതയാഥാർത്ഥ്യം, സിമുലേഷൻ, സിമുലാക്ര, സ്വത്വം, പ്രവാസം

ആമുഖം

യാഥാർത്ഥ്യത്തിന്റെയും സിമുലേഷന്റെയും അതിരുകൾ മായുന്നൊരു നവലോക സൃഷ്ടിയിലേക്കാണ് ഡിജിറ്റൽ മാധ്യമങ്ങളും, സാങ്കേതിക മുന്നേറ്റങ്ങളും വഴിവെച്ചത്. ആഗോളവത്കരണത്തിന്റെ കാലത്ത് വ്യക്തികളുടെ വ്യതിരിക്തമായ അനുഭവങ്ങളെ വ്യാഖ്യാനിക്കാനും മനസ്സിലാക്കാനും ഉപയോഗിക്കാവുന്ന പുതിയ ലെൻസാണ് അതീത യാഥാർത്ഥ്യം എന്ന ആശയം. പതിറ്റാണ്ടുകൾ നീളുന്ന കുടിയേറ്റ ആഖ്യാനങ്ങളാൽ സമൃദ്ധമായ മലയാള സാഹിത്യം, ലോകമെമ്പാടുമുള്ള മലയാളി പ്രവാസികളുടെ സ്വത്വം, സ്ഥലം മാറ്റം, സാംസ്കാരിക സങ്കലനം എന്നിവയുടെ സങ്കീർണ്ണതകളെയും ഉൾകൊള്ളുന്നു.

കെ. വി. പ്രവീണിന്റെ തിരഞ്ഞെടുത്ത കഥകളിലൂടെ, സമകാലിക കുടിയേറ്റക്കാരുടെ വൈകാരികവും, സാംസ്കാരികവുമായ യാഥാർത്ഥ്യങ്ങളെ ഡിജിറ്റൽ മീഡിയേഷൻ എങ്ങനെ രൂപപ്പെടുത്തുന്നു എന്നും, അതീത യാഥാർത്ഥ്യവും ഡയസ്പോറിക് സാഹിത്യവും ഈ സാംസ്കാരിക സാഹചര്യത്തിൽ എങ്ങനെ പരസ്പരബന്ധിതമാകുന്നു എന്നും ഈ പ്രബന്ധം പരിശോധിക്കുന്നു. പ്രവീണിന്റെ ആഖ്യാനങ്ങൾ പരമ്പരാഗത സ്വത്വങ്ങളും ആധുനിക സാങ്കേതിക സ്വാധീനങ്ങളും തമ്മിലുള്ള പിരിമുറുക്കത്തെ വ്യക്തമായി ചിത്രീകരിക്കുന്നുണ്ട്. വ്യക്തിയിലും സഞ്ചിത അവബോധത്തിലും ആഗോളവത്കരണം ചെലുത്തുന്ന പരിവർത്തന സ്വാധീനത്തെ പ്രവീൺ തന്റെ കഥകളിൽ കൃത്യമായി രേഖപെടുത്തുന്നു. പ്രവാസാനുഭവത്തിൽ അതീത യാഥാർത്ഥ്യം പ്രകടമാകുന്ന ചലനാത്മക വഴികളെ അടയാളപ്പെടുത്താൻ സിമുലേഷൻ, സിമുലാക്ര, സ്വത്വം തുടങ്ങിയ നിർണ്ണായക പ്രമേയങ്ങളെ മുൻനിർത്തിയാണ് പഠനം നടത്തിയിട്ടുള്ളത്. ജീൻ ബോദ്രിയാറുടെ സിമുലേഷൻ, സിമുലാക്ര തുടങ്ങിയ സൈദ്ധാന്തിക അടിത്തറ ഉപയോഗിച്ച് പ്രവീണിന്റെ കഥകളിലെ ഓർമ്മ, ബന്ധങ്ങൾ, സാംസ്കാരിക ബന്ധങ്ങൾ എന്നിവ എങ്ങനെ പുനർനിർമ്മിക്കപെടുന്നു എന്ന് സൂക്ഷ്മമായി വിശകലനം ചെയ്യുന്നു.

കേരളത്തിൽ നിന്ന് ലോകത്തിന്റെ വിവിധ സ്ഥലങ്ങളിലേക്ക് കുടിയേറിപ്പാർത്ത മലയാളികളുടെ അനുഭവലോകങ്ങളാണ് മലയാളത്തിലെ പ്രവാസ

സാഹിത്യം. ഡയസ്പോറ നേരിടുന്ന സ്വത്വ വൈവിധ്യങ്ങൾ, സാംസ്കാരിക സംഘർഷങ്ങൾ, ഗൃഹാതുരത്വം, സാമൂഹിക-സാമ്പത്തിക വെല്ലുവിളികൾ എന്നിവയാണ് ഈ സാഹിത്യ വിഭാഗം കൈകാര്യം ചെയ്യുന്നത്. ആഗോള തലത്തിലെ മലയാളികളുടെ കുടിയേറ്റം വൈവിധ്യമാർന്ന വീക്ഷണങ്ങളും, ആഖ്യാനങ്ങളും മലയാള സാഹിത്യത്തിന് നൽകി.

ചരിത്രപരമായ പശ്ചാത്തലം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യം തന്നെ മലയാളിയുടെ പ്രവാസ ചരിത്രം ആരംഭിക്കുന്നു. കേരളത്തിൽ നിന്ന് ബ്രിട്ടീഷ് കോളനികളിലേക്കും, ഇന്ത്യയിലെ മറ്റു സ്ഥലങ്ങളിലേക്കും മെച്ചപ്പെട്ട സാമ്പത്തിക സൗകര്യങ്ങൾക്കായി മലയാളികൾ കുടിയേറ്റം തുടങ്ങി. എഴുപതുകളിൽ ഗൾഫ് രാജ്യങ്ങളിൽ സംഭവിച്ച 'ഓയിൽ ബൂം' മിഡിൽ ഈസ്റ്റിലെ മലയാളി കുടിയേറ്റത്തിന്റെ വലിയൊരു തരംഗം തന്നെ സൃഷ്ടിച്ചു. ഇതേ കാലഘട്ടത്തിൽ തന്നെ വിദ്യാഭ്യാസ-തൊഴിൽ ആവശ്യങ്ങൾക്കായും പാശ്ചാത്യ രാജ്യങ്ങളിലേക്കുള്ള മലയാളികളുടെ പ്രവാസ ജീവിതം ആരംഭിച്ചു.

മലയാളം പ്രവാസ സാഹിത്യത്തിലെ പ്രധാന പ്രമേയങ്ങൾ

1. സ്വത്വവും സങ്കരത്വവും

പുതിയ സംസ്കാരവും ജീവിത സാഹചര്യങ്ങളുമായി ഇണങ്ങി ചേരേണ്ടി വരുമ്പോൾ തന്നെ മലയാളി എന്ന ഐഡന്റിറ്റി നിലനിർത്താൻ ശ്രമിക്കുന്നതിലെ സംഘർഷങ്ങൾ മുഖ്യ പ്രമേയമായി വരുന്നു. പുതിയ സാഹചര്യങ്ങളിലെ നിലനിൽപ്പിൽ അന്തർലീനമായ സംഘർഷങ്ങളെ ഒരളവോളം എങ്കിലും താങ്ങാൻ ദ്വന്ദ്വ സ്വത്വങ്ങൾ കഥാപാത്രങ്ങൾക്ക് സ്വീകരിക്കേണ്ടി വരുന്നു.

2. ഗൃഹാതുരതയും ഓർമ്മകളും

ജന്മഭൂമിയിലേക്ക്, കേരളത്തിന്റെ മണ്ണിലേക്കുള്ള മടക്കത്തിനായുള്ള അഭിലാഷവും ഓർമകളും ഡയസ്പോറിക് ആഖ്യാനങ്ങളുടെ ഭാഗമായി മാറുന്നു. പ്രവാസ ജീവിതത്തിന്റെ പരുഷ യാഥാർത്ഥ്യങ്ങളെ തുറന്നിടുന്ന അന്യദേശവും, ഗൃഹാതുരത ഉണർത്തുന്ന ഓർമകളും ചേർന്ന് കഥപറച്ചിലിൽ പിരിമുറുക്കങ്ങൾ സൃഷ്ടിക്കുന്നു.

3. സാംസ്കാരികമായ മാറ്റിവെയ്ക്കലുകൾ

പരിചിതമായ ചുറ്റുപാടുകളിൽ നിന്ന്, സുരക്ഷിത വലയത്തിൽ നിന്ന് പറിച്ചെറിയപ്പെടുന്നതിന്റെ ആകുലതകളും പ്രവാസ സാഹിത്യത്തിൽ ആവർത്തിച്ചു വരുന്ന പ്രമേയമാണ്. പ്രവാസികളുടെയും കുടുംബങ്ങളുടെയും വൈകാരികവും മാനസികവുമായ തലങ്ങൾ ഈ സാഹിത്യ രൂപത്തിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെടാറുണ്ട്.

4. സാമ്പത്തികവും സാമൂഹികവുമായ വെല്ലുവിളികൾ

സ്വന്തം മണ്ണിൽ നിന്ന് പറിച്ചു നടുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന സാമ്പത്തിക ബാധ്യതകൾ, അസ്ഥിരതകൾ, ചൂഷണം, സാമൂഹികമായ ഒറ്റപ്പെടൽ എന്നിവ പ്രവാസ സാഹിത്യം അഭിസംബോധന ചെയ്യാറുണ്ട്. സാമ്പത്തിക ഭദ്രതക്കും, നല്ല നാളെക്കും വേണ്ടി ത്യാഗങ്ങൾ സഹിക്കുന്നവരുടെ കൂടെ കഥകളാണ് ഓരോ പ്രവാസിയുടേതും.

5. ഭാഷയും ആശയവിനിമയവും

വൈദേശിക സാഹചര്യങ്ങളിൽ മലയാളത്തിന്റെ ഉപയോഗവും, ഭാഷകളുടെ ഇടകലരലും ഡയസ്പോറിക് അനുഭവങ്ങളുടെ പ്രതിഫലനങ്ങളാണ്. രണ്ട് ലോകങ്ങളിൽ ജീവിക്കുന്നവരുടെ സങ്കീർണാവസ്ഥകളെ കുറിക്കാൻ കഥാകൃത്തുക്കൾ പലപ്പോളും ഭാഷാപരമായ സർഗ്ഗവൈഭവം ഉപയോഗിക്കുന്നു.

സമകാലിക പ്രവണതകൾ

മലയാളം പ്രവാസ സാഹിത്യം നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്, അത് പുതിയ തലമുറയുടെ മാറുന്ന കുടിയേറ്റ പ്രവണതകളെയും അനുഭവങ്ങളെയും അഭിസംബോധന ചെയ്യുന്നു. ഡിജിറ്റൽ യുഗവും ഈ സാഹിത്യ വിഭാഗത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. എഴുത്തുകാർ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ കഥകൾ പറയുകയും ആഗോള സദസ്സുകളുമായി ബന്ധപ്പെടുകയും ചെയ്യുന്നു. സാങ്കേതികത, ആഗോളവത്കരണം, ട്രാൻസ്നാഷണൽ ഐഡന്റിറ്റി എന്നീ പ്രമേയങ്ങൾ സമകാലിക സാഹിത്യ രൂപങ്ങളിൽ കണ്ടു വരുന്നു.

മുൻപ് വീടും നാടും കാണാനും അറിയാനും പ്രവാസ ജീവിതത്തിൽ നിന്ന് നിമിഷങ്ങൾ കട്ടെടുത്ത് നാട്ടിൽ വരണം. എന്നാൽ ഇന്ന്, സ്ഥിതി അതല്ല. മലയാളി പോകുന്നിടമെല്ലാം ഒരു കൊച്ചു കേരളമാകുന്നതിന്റെ കാഴ്ചകൾ സൈബറിടങ്ങൾ

കാണിച്ചു തരുന്നു. ഓണവും, വിഷുവും, പെരുന്നാളും, ക്രിസ്മസും ആഘോഷിക്കാനും ഓർമ്മകൾ പങ്കിടാനും നാട്ടിലേക്ക് തന്നെ വരണമെന്നില്ല. ഗൾഫ് നിലയും തുമ്പപ്പൂ വുമടക്കം പുറം രാജ്യങ്ങളിൽ അതെ തനിമയോടെ ലഭ്യമാണ്. നാട്ടിലെ സ്വന്തവും ബന്ധവും, വലിയ വിങ്ങലായി കൊണ്ട് നടക്കുന്നവർക്ക് പോലും കാഴ്ചയുടെ സാന്ത്വ നം നൽകാൻ ഓൺലൈൻ വീഡിയോ കോളുകളും ചാറ്റുകളും ഉണ്ട്. ആയിരക ണക്കിന് കിലോമീറ്ററുകൾക്ക് അകലെ കാണാനും കേൾക്കാനും കൊതിച്ചിരുന്ന പ്രവാസം എന്ന അവസ്ഥ ഇന്ന് ചലനാത്മകമായ അനുഭവമായി മാറി കഴിഞ്ഞു, കാഴ്ചയും കേൾവിയും അഭിവൃദ്ധിപ്പെട്ടുവെങ്കിലും പ്രവാസത്തിൽ ഇന്നും മാറാതെ നിൽക്കുന്നവയാണ് സ്വത്വസംഘർഷങ്ങളും സാമ്പത്തിക അസ്ഥിരതകളുമെ ല്ലാം. മറ്റൊരു ദേശത്തു എന്നും രണ്ടാം തരക്കാരനായി കഴിയേണ്ടി വരുന്നതിന്റെ അസ്വാതന്ത്ര്യവും, ആകുലതകളും മാറ്റമില്ലാതെ ഇന്നും തുടരുന്നു. എങ്കിലും നല്ല നാ ളെക്കായി, സാമ്പത്തിക ഭദ്രതക്കായി നാട് വിടുന്ന മലയാളികളുടെ എണ്ണത്തിൽ വർദ്ധനവ് തന്നെയാണ് കാണുന്നത്, പ്രത്യേകിച്ച് ചെറുപ്പക്കാരുടെ ഇടയിൽ.

ഇത്തരം മാറ്റങ്ങളെ മലയാള സാഹിത്യവും അഭിസംബോധന ചെയ്യുന്നു ണ്ട്. സ്ഥലകാലങ്ങൾ അസ്ഥിരമാകുന്ന ഡിജിറ്റൽ യുഗത്തിൽ പ്രവാസമെന്ന അവ സ്ഥക്ക് മാറ്റങ്ങൾ പലതും സംഭവിച്ചു കഴിഞ്ഞു. ഒരു വിരൽ തുമ്പിൽ ലോകമൊന്നാ കെ കാണാവുന്ന, ലോകത്തിന്റെ ഏതു മൂലയും, ഏതു ഭാഷയും, ഏതു സംസ്കാരവും സിമുലേറ്റഡ് പരിസരങ്ങളിൽ അനിഭവിക്കാവുന്ന സാങ്കേതികതയാണ് പ്രവാസ ത്തിന്റെ ഡൈനാമിക്സ് ഇന്ന് നിശ്ചയിക്കുന്നത്. കാണുന്നത് പകർപ്പാകാം, അനു കരണമാകാം, എങ്കിലും നിങ്ങളത് കാണുന്നു, അഥവാ അനുഭവിക്കുന്നു. സൈബർ അനുഭവത്തിന്റെ പുതിയ ആഖ്യാനങ്ങളാണ് പ്രവാസവും.

അതീത യാഥാർത്ഥ്യവും പ്രവാസ സാഹിത്യവും

സമകാലിക മനുഷ്യാനുഭവങ്ങളുടെ പുതിയ വ്യാഖ്യാനങ്ങളാണ് അതീതയാ ഥാർത്ഥ്യവും പ്രവാസ സാഹിത്യവും തമ്മിൽ ചേരുമ്പോൾ സൃഷ്ടിക്കപ്പെടുന്നത്. രണ്ട് ആശയങ്ങളും സങ്കീർണ്ണവും പരസ്പരം ഇടകലർന്നു കിടക്കുന്നതുമായ യാഥാർ ത്ഥ്യങ്ങളെയും, സ്വത്വങ്ങളെയും ചർച്ച ചെയ്യുന്നു. ഡിജിറ്റൽ സാങ്കേതിക വിദ്യകളും, മാധ്യമ പ്രതിനിധാനങ്ങളും ഡയസ്പോറിക് അനുഭവങ്ങളെ എങ്ങനെ സ്വാധീനിക്കു ന്നു എന്ന് മനസിലാക്കുന്നതിനുള്ള ഒരു ചട്ടക്കൂട് ഹൈപർ റിയാലിറ്റി നൽകുന്നു.

അതീതയാഥാർത്ഥ്യം: യാഥാർത്ഥ്യത്തിനും സിമുലേഷനുമിടയിൽ മായുന്ന അതിർവരമ്പുകൾ

ഫ്രഞ്ച് ഫിലോസഫറായ ജീൻ ബോദ്രിയാർ മുന്നോട്ട് വെച്ച ആശയമാണ് അതീതയാഥാർത്ഥ്യം. യാഥാർത്ഥ്യം ഏത്, പകർപ്പേത് എന്ന് തിരിച്ചറിയാൻ പറ്റാത്ത അവസ്ഥയാണ് അതീതയാഥാർത്ഥ്യം. യാഥാർത്ഥ്യം അതിനെ അനുകരിക്കുന്ന ചിഹ്നങ്ങളാൽ മാറ്റി വയ്ക്കപ്പെട്ടു കഴിഞ്ഞു. അച്ചടിയുടെ ആവിർഭാവത്തോടെ പത്രങ്ങളിലൂടെയും, പിന്നീട് റേഡിയോ, ടെലിവിഷൻ എന്നിവയിലൂടെയും സഞ്ചരിച്ച് ഒടുവിൽ ഇൻറർനെറ്റിലെത്തിയപ്പോൾ 'യാഥാർത്ഥ്യം' എന്ന ആശയം തന്നെ പുനർനിർമ്മിക്കപ്പെട്ടു. ചിഹ്നങ്ങളും ബിംബങ്ങളും ഉപയോഗിച്ച് നിർമ്മിക്കപ്പെട്ടതാണ് അതീതയാഥാർത്ഥ്യം. സമകാലിക ലോകത്ത് മൗലികമായ അനുഭവങ്ങളെല്ലാം തന്നെ കൃത്രിമമായി നിർമ്മിക്കാൻ കഴിയുന്നു. അതിനാൽ പകർപ്പേത്, യാഥാർത്ഥ്യമേത് എന്ന് വേർതിരിച്ചറിയാൻ കഴിയാതെ വരുന്നു. സൈബർ കഥകൾ പരിശോധിക്കുമ്പോൾ, യാഥാർത്ഥ്യത്തെ സംബന്ധിച്ച സാമ്പ്രദായിക ആശയങ്ങളെ വെല്ലുവിളിക്കുന്ന ഡിജിറ്റൽ പരിസ്ഥിതികൾ, വെർച്വൽ സ്വത്വങ്ങൾ, ഓൺലൈൻ ഇടപെടലുകൾ എന്നിവയിലൂടെയാണ് അതീതയാഥാർത്ഥ്യം പ്രത്യക്ഷമാകുന്നത് എന്ന് കാണാം. യാഥാർത്ഥ്യത്തിന്റെ പകർപ്പുകളും, പ്രതിനിധാനങ്ങളും യാഥാർത്ഥ്യത്തെക്കാൾ പ്രാധാന്യമർഹിക്കുന്നു എന്നാണ് ബോദ്രിയാറിന്റെ സിമുലേഷൻ, സിമുലാക്ര എന്നിവ സംബന്ധിച്ച സിദ്ധാന്തങ്ങൾ സൂചിപ്പിക്കുന്നത്. സൈബർ കഥകളിൽ ഹൈപ്പർ റിയാലിറ്റി എങ്ങനെ പ്രത്യക്ഷമാകുന്നു എന്ന് മനസിലാക്കാൻ ഈ സൈദ്ധാന്തിക പരിസരം പ്രധാനമാണ്. യഥാർത്ഥ ജീവിത സന്ദർഭങ്ങളെക്കാൾ, ഡിജിറ്റൽ സിമുലേഷനുകൾ അഥവാ അനുകരണങ്ങൾ അവയുടേതായ ഒരു ലോകം സൃഷ്ടിച്ചു കൊണ്ട് ജീവിതാനുഭവങ്ങളെ പലപ്പോഴും സ്വാധീനിക്കുകയും പിന്തള്ളുകയും ചെയ്യുന്നു. മൂർത്തമായ അനുഭവങ്ങളെക്കാൾ ചിത്രങ്ങൾ, ബിംബങ്ങൾ, പ്രതിനിധാനങ്ങൾ എന്നിവക്ക് മുൻഗണന ലഭിക്കുന്ന ഡിജിറ്റൽ ലോകത്തെ അഭിമുഖീകരിക്കുന്ന വ്യക്തിക്ക് അന്യവത്കരണത്തിന്റെതായ ആശങ്കകളുണ്ടാകുന്നു. എന്നാലും, സ്വയം പ്രകടനത്തിനും, സ്വത്വ രൂപീകരണത്തിനും, സാംസ്കാരികമായ കൊടുക്കൽ വാങ്ങലുകൾക്കുമുള്ള പുതിയ സാധ്യതകളും ഇത് മുന്നോട്ടു വയ്ക്കുന്നു.

സാംസ്കാരിക സങ്കരത്വവും പ്രതിനിധാനവും

പ്രവാസ സാഹിത്യം പലപ്പോഴും സാംസ്കാരിക സങ്കരത്വത്തിന്റെയും ഒന്നിലധികം സ്വത്വങ്ങളുടെയും സംയോഗത്തെ സംബോധന ചെയ്യുന്നു. സാംസ്കാരിക ചിഹ്നങ്ങൾ, ഭാഷ, സമ്പ്രദായങ്ങൾ എന്നിവയുടെ ഇടകലരലിന് ഡിജിറ്റൽ മാധ്യമങ്ങൾ വഴി ഒരുക്കുന്നു. അതിയാഥാർത്ഥ്യ, പ്രവാസാഖ്യാനങ്ങളിൽ, സംസ്കാരങ്ങൾക്കിടയിൽ നിലനിൽക്കുന്ന സാമ്പ്രദായിക അതിരുകൾ ചലനാത്മകമാണെന്ന് കാണാം. ഇത് ആഗോളവത്കരിക്കപ്പെട്ട ലോകത്തിലെ സ്വത്വസങ്കല്പങ്ങളുടെ ചലനാത്മക സ്വഭാവത്തിന്റെ കൂടെ പ്രതിഫലനമാണ്.

അതീതയാഥാർത്ഥ്യങ്ങളിലൂന്നിയ പ്രവാസ സങ്കൽപ്പം കെ. വി. പ്രവീണിന്റെ കഥകളിൽ

വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ടുള്ള പ്രവാസമാണ് കെ. വി. പ്രവീണിന്റെ കഥകളിൽ ഉള്ളത്. കമ്പ്യൂട്ടർ അധിഷ്ഠിത വ്യവഹാരങ്ങൾ ജീവിതത്തിന്റെ എല്ലാ മേഖലകളെയും ബാധിച്ചു തുടങ്ങിയ ഐ. ടി. വിപ്ലവത്തിന്റെ കാലത്ത്, ഈ മേഖലയിൽ വിദഗ്ദ്ധരായവർ പുറം രാജ്യങ്ങളിലേക്ക്(സാങ്കേതിക മുന്നേറ്റങ്ങൾക്ക് പേരുകേട്ട പാശ്ചാത്യ രാജ്യങ്ങൾ) കുടിയേറിയിട്ടുണ്ട്. വിദ്യാഭ്യാസവും, ജോലിയുമായി ബന്ധപ്പെട്ട് ഇന്നും ആ ഒഴുക്ക് തുടരുന്നു. പഴയ കാലത്തെ തൊഴിൽ പ്രവാസത്തിൽ നിന്ന് ഭിന്നമാണ് ഇത്. പഴയ സാഹിത്യ കൃതികളിൽ പ്രത്യക്ഷപ്പെട്ടിരുന്ന ഗൃഹാതുരതയുടെ സമയകാലങ്ങളിൽ ആകൃഷ്ടനായിരുന്ന, വേദനിക്കുന്ന, പ്രവാസിയിൽ നിന്ന് വ്യത്യസ്തനാണ് നവപ്രവാസി.

കെ. വി. പ്രവീണിന്റെ ഓർമ്മച്ചിപ്പ് എന്ന കഥാസമാഹാരത്തിന് പി. കെ. രാജശേഖരൻ എഴുതിയ അവതാരികയിൽ കഥാകാരൻ നവലോകത്തിന്റെ പ്രവാസത്തെ/പ്രവാസിയെ നോക്കികാണുന്നതിനെ കുറിച്ച സൂചിപ്പിക്കുന്നുണ്ട്. പാശ്ചാത്യലോകത്തെ ആ പ്രവാസജീവിതവും തൊഴിൽജീവിതവും കർതൃത്വങ്ങളിലും വ്യക്തിത്വങ്ങളിലും സ്വത്വങ്ങളിലും കുടുംബ ബന്ധങ്ങളിലും സൃഷ്ടിക്കുന്ന പിളർപ്പുകളും വ്യതിരേകങ്ങളും അവയുടെ ഫലമായ വൈകാരിക സംഘർഷങ്ങളും സ്വീകരിക്കാതിരിക്കാൻ നിവൃത്തിയില്ലാത്ത മാതൃകാ വ്യതിയാനങ്ങളുമാണ് പ്രവീണിന്റെ ആഖ്യാന മേഖല. (പ്രവീൺ കെ. വി., 2017:10)

നിമിഷങ്ങൾക്കകം മാറിമറിയുന്ന ഓഹരി സൂചികകളും, അസ്ഥിരമാകുന്ന

ജോലി ഭദ്രതയും, അണുകുടുംബത്തിന്റെ ആവലാതികളും, സ്വത്വനഷ്ടങ്ങളും അനുഭവിക്കുന്ന നവ- പ്രവാസികളുടെ ലോകമാണ് കെ. വി. പ്രവീണിന്റെ കഥകളിൽ ആവിഷ്കരിച്ചിരിക്കുന്നത്. ആദ്യകാല സൈബർ അനുഭവങ്ങളെ ആവിഷ്കരിക്കുന്ന മലയാള സാഹിത്യ പരിസരം ഒന്നരപതിറ്റാണ്ടിനുശേഷം അതിന്റെ പുതുമകൾ വൈമുഖ്യമില്ലാതെ സ്വീകരിച്ചു തുടങ്ങിയതിന്റെ തെളിവാണ് പ്രവീണിന്റെ കഥകളിൽ കാണുന്നത്. സാങ്കേതിക വികാസത്തിന്റേതായ കാലത്ത് സംഭവിക്കുന്ന സ്വത്വ പ്രതിസന്ധികളും, വൈകാരിക ശൈഥില്യങ്ങളുമാണ് നവപ്രവാസത്തിന്റെ ആഖ്യാനഭൂമിക.

ഓർമച്ചിപ്പ് എന്ന കഥയിൽ ഡിജിറ്റൽ ഓർമകളും, വ്യക്തിപരവും സാംസ്കാരികവുമായ സ്വത്വങ്ങളുടെയും ലോകമാണുള്ളത്. പുഷ്പഗിരിയിലെ പഴയ പോലീസ് സൂപ്രണ്ടായ, കർക്കശക്കാരിയായ അമ്മയും, ഹാക്കറായ മകൻ ഹരിയും സിമുലേറ്റഡ് ഗൃഹാതുരതയും, ഡിജിറ്റൽ ഓർമകളും, സാംസ്കാരിക സങ്കരത്വവും ഇടകലർന്നു കിടക്കുന്ന ലോകത്തിലാണുള്ളത്. ഓർമ്മകൾ മങ്ങി തുടങ്ങിയ അമ്മക്ക് മെമ്മറി ക്ലിനിക്കിൽ സിലിക്കൺ ചിപ്പുകളുടെ സഹായത്തോടെ ഓർമ്മകൾ തിരികെ നൽകാൻ ഹരി ശ്രമിക്കുന്നു. മെമ്മറി ഫയലുകളിൽ സൂക്ഷിക്കുന്ന ഓർമ്മകൾ പോലും മീഡിയേറ്റഡ് ആയി അറിയേണ്ടി വരുന്ന അവസ്ഥയിലേക്ക് അമ്മയെ എത്തിക്കാൻ ഹരി ശ്രമിക്കുന്നു. ഡിജിറ്റൽ പ്രിസർവേഷനിലൂടെ ഓർമകളുടെ ഒരു ഹൈപ്പർ റിയൽ അനുഭവം സൃഷ്ടിക്കപ്പെടുന്നു, ഇവിടെ വർത്തമാനവും ഭൂതവും തമ്മിലുള്ള അതിർ വരമ്പുകളാണ് മായുന്നത്. പുഷ്പഗിരിയിലെ മഞ്ഞിന്റെ ചൂടും, തടവുകാരുടെ ഓർമകളും എല്ലാം ഓർമകളായി ഹരിയിലും നിറയുന്നു. ഓർമകളുമായുള്ള അമ്മയുടെയും ഹരിയുടെയും ഹൈപ്പർ റിയൽ ഇടപഴകൽ ഭൂതകാലവും വർത്തമാനകാലവുമായി ബന്ധപ്പെട്ട വ്യക്തിയുടെ സ്വത്വത്തെ നിരന്തരം ചർച്ച ചെയ്യുന്നതിലൂടെ വിശാലമായ ഡയസ്പോറിക് അനുഭവത്തെ പ്രതിഫലിപ്പിക്കുന്നു.

സിമുലേറ്റഡായ ഗൃഹാതുരതയും ഓർമ്മചിപ്പിൽ കടന്നു വരുന്നു. പ്രവാസികൾ പലപ്പോളും അവരുടെ വേരുകളിലേക്ക് മടങ്ങാൻ കൊതിക്കുന്നവരാണ്. നല്ല ഓർമകൾ മാത്രമല്ലെങ്കിൽ പോലും സ്വന്തം മണ്ണിൽ ജീവിച്ചിരുന്ന കാലഘട്ടത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം പ്രവാസികളുടെ മനസിലെ നോവാണ്. ഓർമ്മചിപ്പിൽ, അമ്മക്കും ഹരിക്കും അവരുടെ ഭൂതകാലത്തിലേക്കുള്ള കവാടമാണ് മെമ്മറി ചിപ്പ് തുറന്നിടുന്നത്. കുതിരസവാരി പഠിപ്പിക്കാൻ വന്ന ടെയ്നറായ സമീറിനോട്

സംസാരിക്കുന്ന അമ്മയിൽ നിന്ന് തന്റെ അച്ഛനെ കുറിച്ചുള്ള അവ്യക്തമായ ഒരു അറിവും, പുഷ്പഗിരിയിലെ വെടിവെപ്പും എല്ലാം ഓർത്തെടുക്കുന്നു. ഹരി അമ്മയുടെ മെമ്മറി ഫയലുകൾ ഹാക്ക് ചെയ്യുകയും തന്റെ മുഖച്ഛായയുള്ള യുവാവിനെ അമ്മയുടെ ഏതോ ഓർമകളിൽ കണ്ടെത്തുകയും ചെയ്യുന്നു. പക്ഷെ അവരുടെ ഒടുവിലത്തെ ഓർമ്മ ഫയലായ 127. 32hzനെ വെർച്വൽ റിയാലിറ്റിയും ആർട്ടിഫിഷ്യൽ ഇന്റലിജൻസും അമ്മയുടെയും ഹരിയുടെയും ഓർമ്മകൾ ചേർത്ത് പുഷ്പഗിരിയുടെ ജീവനുള്ള അനുഭവം ഹരിക്ക് മുന്നിൽ തെളിയുന്നു.

അമ്മയുടെ അവസാനത്തെ ഓർമ്മ ഫയലിൽ ഹരിയുടെ ഏറെ നാളത്തെ ചോദ്യത്തിനുള്ള ഉത്തരം കൂടെ അയാൾക്ക് മുന്നിൽ തെളിയുന്നു. അമ്മ വെച്ചു നീട്ടിയ മരണത്തിന്റെ വഴികളിൽ ഒന്ന് സ്വീകരിക്കുന്ന തന്റെ മുഖച്ഛായയുള്ള വ്യക്തിയെ ഹരി തിരിച്ചറിയുന്നു. താൻ അറിയാൻ ആഗ്രഹിച്ച ആ തടവുകാരന്റെ ചിത്രവും പണ്ട് നിഷേധിക്കപ്പെട്ട ആ പത്രകെട്ടിലൂടെ ഹരി കാണുന്നു. സിമുലേറ്റഡായ ഓർമകളിലൂടെ സഞ്ചരിച്ച ഹരി ഒന്ന് കൂടെ മനസിലാക്കി, അനുഭവിക്കുന്നത് മാത്രമല്ല, ഓർത്തെടുക്കുന്നത് കൂടിയാണ് യഥാർത്ഥത്തിൽ ജീവിതം. പ്രവാസ അനുഭവങ്ങളിലെ സാംസ്കാരിക സങ്കരത്വവും പ്രവീണിന്റെ ആഖ്യാനത്തിൽ തെളിഞ്ഞു കാണാം. ഓർമ്മചിപ്പിലെ അമ്മയും ഹരിയും ഒന്നിലധികം സാംസ്കാരിക സ്വത്വങ്ങളിലൂടെ സഞ്ചരിക്കുന്നവരാണ്. അതീതയാഥാർത്ഥ്യത്തിന്റെ ചിഹ്നമായ മെമ്മറി ചിപ്പ്, ഈ കഥാപാത്രങ്ങളെ അവരുടെ ഓർമകളുമായി ലയിച്ചു ചേരാൻ അനുവദിക്കുന്നതിലൂടെ ഈ സങ്കരത്വത്തെ സാധൂകരിക്കുന്നു. ആഗോളവത്കരിക്കപ്പെട്ട ലോകത്തെ ചലനാത്മകമായ പ്രവാസ സ്വത്വമാണ് ഇതിലൂടെ വെളിവാകുന്നത്.

ഓർമ്മചിപ്പിൽ സ്വത്വത്തെ കുറിച്ചുള്ള നമ്മുടെ ധാരണ രൂപപ്പെടുത്തുന്നതിൽ ഹൈപ്പർ റിയാലിറ്റിയും ഡയസ്പോറിക് സാഹിത്യവും തമ്മിലുള്ള സങ്കീർണ്ണമായ പരസ്പരബന്ധം എടുത്തുകാണിക്കുന്നു. മെമ്മറി ചിപ്പ് എന്ന രൂപകത്തിലൂടെ ഡിജിറ്റൽ യുഗത്തിലെ ഓർമ്മകൾ, സ്വത്വം സാംസ്കാരിക സങ്കരത്വം എന്നിവയുടെ സങ്കീർണ്ണതകളുമാണ് പ്രവീൺ വരച്ചിടുന്നത്. വികസിച്ചു വരുന്ന സാങ്കേതികവിദ്യകൾ നമ്മുടെ അനുഭവങ്ങളെ മധ്യസ്ഥമാക്കുകയും യാഥാർത്ഥ്യത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകളെ പുനർരൂപകൽപ്പന ചെയ്യുകയും ചെയ്യുന്ന രീതികളെ കഥ പ്രതിഫലിപ്പിക്കുന്നു, സമകാലിക പ്രവാസി അനുഭവത്തിലേക്ക് വിലപ്പെട്ട ഉൾക്കാഴ്ചകൾ വാഗ്ദാനം ചെയ്യുന്ന കഥയാണ് ഓർമ്മചിപ്പ്.

അതീതയാഥാർത്ഥ്യവും പ്രാവാസവും കൂടി കലർന്ന് വരുന്ന മറ്റൊരു കഥയാണ് ജാക്ക്പോട്ട്. സ്വത്വം, ഓർമ്മകൾ, സാങ്കേതിക വിദ്യയുടെ വ്യാപകമായ സ്വാധീനം എന്നിവയുടെ സങ്കീർണ്ണതകളെയാണ് കഥ അഭിസംബോധന ചെയ്യുന്നത്. ഒരു ഹൈഫർ റിയൽ ലോകത്തിലെ ഡയസ്പോറിക് അനുഭവത്തിന്റെ സൂക്ഷ്മമായ ചിത്രീകരണമാണ് ജാക്ക്പോട്ട്. ഡിജിറ്റൽ യുഗത്തിൽ ജീവിക്കുമ്പോൾ, തന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കാൻ പോന്ന സാങ്കേതികതകൾ നേർക്കുനേർ കണ്ട് ജീവിക്കുന്ന കഥാനായകനും, കൃഷ്ണദാസ് എന്ന ക്രിസ് ധരണിയും, യോഗേഷും ഡാള്ളസിലെ 'ഇമ്പ്രൂവ്മെന്റ് നീഡഡ്' വിഭാഗത്തിൽപെട്ടവരും ചേർന്ന് സൃഷ്ടിക്കുന്ന ലോകമാണ് ജാക്പോട്ടിലുള്ളത്. ഫാന്റസികളും റിയാലിറ്റിയും ഒരുമിക്കുന്നിടമാണ് കഥയിലുള്ളത്.

ഡിജിറ്റൽ കാമനകളും യാഥാർത്ഥ്യവും: ജാക്പോട്ടിൽ പ്രതിപാദിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം (ടെക്സ്സിലെ ലോട്ടോ), കാമനകളെ വിസ്തൃതമാക്കുന്ന, യാഥാർത്ഥ്യങ്ങളെ വളച്ചൊടിക്കുന്ന അതീത യാഥാർത്ഥ്യ പരിസ്ഥിതിയെ കാണിക്കുന്നു. ഇവിടെ യാഥാർത്ഥ്യത്തിനും സിമുലേഷനും ഇടക്കുള്ള അതിർവരമ്പുകൾ മായുന്നു. ക്രിസിന്റെ ഉയർച്ചകൾ ഒക്കെയും കേന്ദ്ര കഥാപാത്രത്തിന്റെ അപകർഷതയും അന്യതയും പെരുപ്പിക്കാൻ മാത്രമേ ഉതകിയിരുന്നുള്ളൂ. ക്രിസ് തന്നെക്കാൾ പ്രായം കൂടിയ അമേരിക്കൻ പെണ്ണിനെ കല്യാണം കഴിച്ചെന്നും അത് വഴി ഗ്രീൻ കാർഡ് ലഭിച്ചെന്നും, ഒരേ സമയം നാല് കമ്പനികളിൽ ജോലി ചെയ്യുന്നുണ്ടെന്നും, ലോട്ടോ കളിയ്ക്കാൻ പോയിരുന്ന കസിനോയുടെ ഫ്രാഞ്ചൈസ് നഗരാതിർത്തിയിൽ തുടങ്ങിയെന്നുമുള്ള കഥകളെല്ലാം സാംസ്കാരിക സ്വത്വം നിലനിർത്താനുള്ള ക്രിസിന്റെ ശ്രമങ്ങളാണ് എന്ന് കാണാം.

സിമുലേറ്റഡ് വിജയവും നൈരാശ്യബോധവും

ജാക്ക്പോട്ടെന്ന ശീർഷകം തന്നെ വിജയത്തിന്റെയും പൂർത്തീകരണത്തിന്റെയും ഇല്ല്യൂഷൻ സൃഷ്ടിക്കുന്നതാണ്. ഇത്തരം അതിയാഥാർത്ഥ്യ സ്വഭാവമുള്ള നേട്ടങ്ങളെല്ലാം ക്ഷണികമാണെന്ന് നായകൻ തിരിച്ചറിയുകയും, ക്രിസിനെ അറിയിക്കുകയും ചെയ്യുന്നു എങ്കിലും, വിജയം, നിലനിൽപ്പ് എന്നിവ ആഗ്രഹിക്കുന്ന പ്രവാസിയുടെ ആകുലതകൾ അയാളെ അലട്ടികൊണ്ടേ ഇരിക്കുന്നു. സുഹൃത്തിനെ കമ്പനിയിൽ നിന്ന് പിരിച്ചുവിട്ടെങ്കിലും അയാൾക്കെതിരെ ലീഗൽ ആക്ഷൻസ്

എടുക്കുമോ എന്നുള്ള ആശങ്ക സൗഹൃദത്തിന്റെ പേരിൽ മാത്രമല്ല തന്റെകൂടെ നില നിൽപിനെ ബാധിക്കുമോ എന്ന സംശയം കൂടെയാണ്. നാട്ടിലെ വമ്പൻ ബിസിന സ്സുകളും, കരീബിയൻ ടിപ്പും നായകന് നേരെ ക്രിസ് തൊടുത്തുവിടുന്നു.

അന്യദേശത്ത് തന്റെ ജീവിതത്തിലെ ആറ് വിലപ്പെട്ട വർഷങ്ങൾ കമ്പനിക്ക് വേണ്ടി തുലച്ചതിൽ നായകൻ ഖേദിക്കുന്നുണ്ട്. എങ്കിലും പുതിയ സാങ്കേതിക വിദ്യകളുമായി യാതൊരു ബന്ധവുമില്ലാത്ത, ഇരുന്ന പോസ്റ്റിൽ നിന്ന് തരംതാഴ്ത്തപ്പെട്ട നായകന് ഉപയോഗശൂന്യമായൊരു പുരാവസ്തുവോളം വിലയെ കമ്പനിയിലുള്ളൂ. എങ്കിലും അയാൾക്ക് ആ വലയത്തിൽ നിന്ന് പുറത്ത് കടക്കാൻ ആവുന്നില്ല. ജോലി ഒന്നും ചെയ്യാതെ പ്രതിഷേധിക്കാൻ തീരുമാനിക്കുമ്പോളും, എംപ്ലോയീസ് വോയിസ് പൂരിപ്പിച്ചു കൊടുക്കുമ്പോൾ നിലനിൽപിനെ ബാധിക്കുന്നതൊന്നും അയാളുടെ തെരഞ്ഞെടുപ്പുകളുടെ ഭാഗമാകുന്നില്ല. അതെ സമയം ക്രിസിനെ കാണാനില്ലെന്ന വാർത്ത വായിക്കുമ്പോൾ ആഴത്തിലുള്ള ഒരു നിരാശ നായകനെ പിടികൂടുന്നു. ക്രിസിന്റെ കാമുകിയെയും അച്ഛനമ്മമാരെയും നായകൻ ഓർക്കുന്നത് തന്റെ വേരുകളുടെ കൂടെ ഓർമപ്പെടുത്തലാകാം. തട്ടിപ്പ് നടത്താറില്ലെങ്കിലും ഒരു ജാക്ക്പോട്ട് അടിക്കാൻ 1:25827165 പ്രോബബിലിറ്റി ഉള്ളത് പോലെ നാളെ തനിക്കും സംഭവിച്ചേക്കാമെന്ന തോന്നലാകാം. 'Eliminate with Love' എന്ന സോഫ്റ്റ്വെയർ തനിക്ക് മുന്നിൽ തുറക്കുന്നത് നല്ല വാർത്തയോ ചീത്ത വാർത്തയോ എന്നറിയാതെ ഉഴലുമ്പോളും ക്രിസ് ധരണിയ്ക്ക് സംഭവിച്ചിരിക്കാൻ സാധ്യതയുള്ളൊരു അത്യാഹിതം നായകന് മുന്നിൽ തെളിയുന്നു. എന്നാൽ തനിക്ക് കമ്പനിയിൽ തുടരാനുള്ള ഭാഗ്യം ലഭിച്ചുവെന്ന് അറിയുമ്പോൾ അന്യവത്കരണത്തിന് വിധേയനായി ജീവിക്കുമ്പോളും നിലനില്പിന്റെ ഉടമയായിരിക്കുന്നതിന്റെ ആശ്വാസമാണ് നായകനിൽ തെളിയുന്നത്.

അസിമോവിന്റെ രാത്രിയിൽ ഹൈപ്പർ റിയൽ ഘടകങ്ങളും നവപ്രവാസിയുടെ ആകുലതകളും നിറഞ്ഞു നില്ക്കുന്നു. ഒരു ഫ്യൂച്ചറിസ്റ്റിക് കമ്പനിയിൽ സെക്യൂരിറ്റി ആയി ജോലി ചെയ്യുന്ന ജോൺ കഥയുടെ തുടക്കത്തിൽ തന്നെ സാങ്കേതിക മുന്നേറ്റത്തിന്റെ സന്തതികളായ റോബോട്ടുകൾ അധികം വൈകാതെ തന്റെ പാറാവ് ജോലി ഏറ്റെടുക്കുമെന്ന് ഓർത്തു നടുങ്ങുന്നു.

നാട്ടിലെ വയലുകളിൽ വെള്ളം തേവാനുപയോഗിച്ചിരുന്ന കൂറ്റൻ പൽചക്രത്തെ ഓർമ്മിപ്പിക്കുന്നതാണ് ജോണിന്റെ ഓഫീസിലെ ടേൺ സ്റ്റൈൽ. ഗൃഹാതുരതയുടെ

ബിംബം മാത്രമല്ല ഇത്, ഒരു സമയം ഒരാളെ മാത്രം അകത്തേക്ക് കടക്കാൻ അനുവദിക്കുന്ന ഒരു അരിച്ചെടുക്കൽ സംവിധാനത്തെ കൂടെയാണ് സൂചിപ്പിക്കുന്നത്. ജോലിയുടെ മുഷിപ്പൻ നേരത്ത് വന്ന ഭാര്യ ലില്ലിയുടെ ഫോൺകോളും അത്ര സുഖമുള്ള വാർത്തയായിരുന്നില്ല ജോണിന് നൽകിയത്. മകൾ സോഫിയുടെ പനിക്ക് ആശുപത്രിയിൽ പോകണമെന്ന ആവശ്യം പോലും ജോണിന് താങ്ങാനാവുന്നതിന് അപ്പുറമാണ്, കാരണം ശമ്പളക്കമ്മിയും, ഇൻഷുറൻസ് വെട്ടികുറച്ചതുമാണെന്ന് ലില്ലിയോട് പറയാൻ ജോണിന് ഇതുവരെ കഴിഞ്ഞിട്ടുമില്ല.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന ബോർഡ് പതിച്ച വലിയ ഓഫീസിനകത്ത് പലസമയത്ത് കണ്ടിട്ടുള്ള ഒരു വ്യക്തി ആയിരുന്നു ആ രാത്രിയിൽ ജോണിന് ആകസ്മികമായ കൂട്ട്. ഒരു സിഗരറ്റ് വലിക്കാനുള്ള അയാളുടെ ക്ഷണം ജോൺ തള്ളിക്കളയുന്നില്ല. റോണിയുമായുള്ള സംസാരത്തിൽ ആളുകളുടെ ഫോബിയയെ കുറിച്ച് റീഡേഴ്സ് ഡൈജസ്റ്റിൽ വന്ന ഒരു ആർട്ടിക്കിളിലേക്ക് അവരുടെ സംസാരം എത്തുന്നു. സംസാരത്തിനിടയിൽ തന്റെ പേടി ജോലി പോകുന്നതാണെന്ന് ജോൺ പറയുമ്പോൾ അത് ആധുനിക ലോകത്തെ പ്രവാസികളുടെ ഏറ്റവും വലിയ പേടികളിൽ ഒന്ന് തന്നെയാണെന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. റോബോട്ടുകളുടെ കാലത്ത് നമ്മളും റോബോട്ട് ആവണമെന്ന് റോണിയുടെ ഉപദേശം ജോണിന്റെ നേർക്ക് നീളുന്ന കോർപ്പറേറ്റ് താല്പര്യങ്ങളുടെ സൂചകം കൂടെയാണ്.

വളർന്നു കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യ ഒരുമാതിരിപ്പെട്ട ജോലികളെല്ലാം കയ്യടക്കുമെന്ന ജോണിന്റെ പേടി സമകാലിക ലോകത്ത് കാലങ്ങളായി ചർച്ച ചെയ്യപ്പെടുന്ന വിഹലതകളിൽ ഒന്നാണ്. തന്റെ ജോലി തട്ടി തെറിപ്പിക്കാൻ പോകുന്ന അസിമോവ് എന്ന റോബോട്ടിനെ കാണുമ്പോൾ ജോണിന്റെ ഉള്ളിൽ അവർക്കില്ലാത്ത എന്തോ ഒന്ന് തനിക്കുണ്ടെന്ന് തോന്നൽ ശക്തമാവുന്നുണ്ട്. പക്ഷെ അതെന്താണെന്ന് മാത്രം അയാൾക്ക് തിരിച്ചറിയാൻ കഴിയുന്നില്ല. മനുഷ്യത്വത്തിന്റെ പ്രത്യേകതയാവാം അത്. അല്ലെങ്കിൽ ഒരു റോബോട്ടിനെ പോലെ പണി എടുക്കേണ്ടി വരുന്ന, ഇൻഷുറൻസ് പോലുമില്ലാത്ത ഒരു പ്രവാസിക്ക് മാത്രം ജോലിയിൽ പുലർത്താൻ ആകുന്ന ശ്രുഷ്കാന്തിയാകാം.

ജോണിനെ കാത്തിരുന്നത് രണ്ട് കാര്യങ്ങളാണ്. ഒന്ന്, ലില്ലി സോഫിയെയും കൊണ്ട് ആശുപത്രിയിൽ എത്തി എന്ന വിവരം. രണ്ട്, റോണിയുടെ ഐഡന്റിറ്റി

ഉറപ്പു വരുത്താൻ കഴിയാത്തതിനാൽ സെക്യൂരിറ്റി വീഴ്ച സംഭവിച്ചിരിക്കാമെന്ന സന്ദേശം. ഒരു വേള റോണി തന്റെ ഭ്രമ കല്പന മാത്രമായിരുന്നോ എന്ന് പോലും ജോണിന് സംശയം തോന്നുന്നു. ഒടുവിൽ അയാളുടെ ഏറ്റവും വലിയ പേടി തന്നെ അയാൾ മുഖാമുഖം കാണുന്നു. കൃത്യവിലോപത്തിനുള്ള ശിക്ഷയുടെ ചുവന്ന സന്ദേശമായിരുന്നു അത്.

ഒരു ഹൈപ്പർ റിയൽ പരിസ്ഥിതിയിൽ തന്റെ ബോധതലത്തെ പോലും ഭ്രമിപ്പിക്കാൻ പോന്ന ഫോബിയ അഥവാ പേടി വസ്തുവത്കരിച്ചത് നേരിട്ട് കാണേണ്ടി വരുന്ന ജോണിന് താൻ മാറ്റിവെയ്ക്കപ്പെടാൻ യാതൊരു ബുദ്ധിമുട്ടുമില്ലാത്ത ഘടകമാണെന്ന് മനസിലാകുന്ന നിമിഷം കഥ അവസാനിക്കുന്നു. ജോണിന്റെ സാംസ്കാരിക സ്വത്വവും വ്യക്തിത്വവും അനിശ്ചിതത്വത്തിലേക്ക് ആണ്ടു പോകുകയാണ്. മാറ്റങ്ങളും മാറ്റിവെയ്ക്കലുകളും ഭീഷണമായി നിലകൊള്ളുന്ന ജോലിസ്ഥലം തന്നെയാണ് അയാളുടെ പ്രവാസഭ്രമിക. ഇൻഷുറൻസ് ഇല്ലെങ്കിൽ കൈവിട്ട പോകാവുന്ന കടുംബമാണ് അയാളുടെ സ്വന്തം നാട്.

അസിമോവിന്റെ രാത്രിയിൽ ഹൈപ്പർ റിയൽ, ഫ്യൂചറിസ്റ്റിക് ഘടകങ്ങളെ ജീവസ്സുറ്റതാക്കാൻ പ്രവീൺ നിരവധി ആഖ്യാന സങ്കേതങ്ങൾ ഉപയോഗിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും നൂതന സാങ്കേതികവിദ്യകളുടെയും വിവരണം കഥാസന്ദർഭങ്ങൾക്ക് അനുയോജ്യമായി ഉപയോഗിച്ചിരിക്കുന്നു. കഥയിൽ യാഥാർത്ഥ്യത്തിനും അതിയാഥാർത്ഥ്യത്തിനുമിടയിലുള്ള രേഖകൾ മങ്ങുന്നു.

ഡാർവിന്റെ ദൈവം എന്ന കഥയുടെ ഘടന, പണ്ടെങ്ങോ മുറിഞ്ഞ, ശാസ്ത്രവും ദൈവവും തമ്മിലുള്ള കണ്ടുമുട്ടലിന്റെ ഒരു വീണ്ടെടുപ്പ് കൂടെയാണ്. ശാസ്ത്രം നൽകുന്ന സാന്ത്വനങ്ങളില്ലാത്ത, സത്യം പകരേണ്ട ക്ലാസ്സ്മുറികളിൽ ഇന്റലിജന്റ് ഡിസൈനെ കുറിച് ക്ലാസ് എടുക്കേണ്ടി വരുമോ എന്ന പ്രൊഫസ്സറിന്റെ ആകുലത ഒരുപക്ഷെ ആപ്പിൾ നഗരത്തിൽ അയാൾ അനുഭവിക്കേണ്ടി വന്ന ദൈവത്തിന്റെ അസാന്നിധ്യത്തെ ഓർമിപ്പിക്കുന്നത് കൊണ്ടാകാം.

ജീവന്റെ സൂചിക ഭാര്യക്ക് നേരെ തിരിച്ച് വെച്ചുകൊണ്ട്, അവളുടെ ഉദരത്തിലെ ജീവന്റെ തുടിപ്പ് അബോർഷന് വിട്ടുകൊണ്ടുക്കേണ്ടി വന്നപ്പോളും പ്രൊഫസർ ദൈവത്തിന്റെ പരീക്ഷണത്തിന് ഭാര്യയെ വിട്ടു കൊടുത്തില്ല. എങ്കിലും കുഞ്ഞിനെ നഷ്ടപെട്ട മനസികാഘാതത്തിൽ നിന്ന് കര കയറാനാവാതെ ഭാര്യ ശോഭയുടെ ശരീരം മറ്റ് അസ്വസ്ഥതകളും കാണിച്ചു തുടങ്ങി. ദഹനേന്ദ്രിയങ്ങൾ പ്രവർത്തനര

ഹിതമായതായിരുന്നു പ്രശ്നം. ശോഭ നാട്ടിലേക്ക് പോയ ശേഷം പ്രൊഫസ്സറിന്റെ ചിന്തകളിൽ എന്തിനോടോ ആരോടൊക്കെയോ ഉള്ള ചോദ്യങ്ങൾ നിറഞ്ഞു നിന്നിരുന്നു. ശാസ്ത്രവും ദൈവവും കൂട്ടിമുട്ടുന്ന ഇടങ്ങളിലൊക്കെയും അയാൾ മനസിലെ ചോദ്യങ്ങളുമായി കലഹിക്കുന്നുണ്ട്.

ബാറിൽ വെച് പരിച്ചയപെടുന്ന റോബെർട്ടിന് ഹസ്തദാനം നല്കുമ്പോളും, സോഫിയയെയും മെഗനെയും ദൈവത്തിന്റെ പേരിൽ രക്ഷിക്കുമ്പോളും അയാൾ അറിയാതെ തന്നെ ദൈവത്തെയും കൂടുപിടിക്കുന്നുണ്ട്. അന്യ രാജ്യത്തത്തിന്റെ നിയമത്തിൽ മാത്രമല്ല, ഉള്ളിലെ അസ്ഥിരതകളെ ഒരു പരിധി വരെ എങ്കിലും പിടിച്ചു നിർത്താനും, ആശ്വസിക്കാനുമായിരിക്കണം, പ്രൊഫസ്സറുടെ ബോധാബോധ തലങ്ങളിലൊക്കെയും ദൈവമെന്ന ബിംബം കടന്നു വരുന്നത്. ഒരു പ്രവാസിയുടെ കാഴ്ചകളിൽ/അനുഭവങ്ങളിൽ എന്നും രണ്ടാം പൗരനായിരിക്കുന്നതിന്റെ അസ്ഥിരതയിൽ നാമ്പിടുന്ന വിശ്വാസം കൂടി ആയിരിക്കാം ഈ ദൈവം.

ഒരൊറ്റ ദിവസം കൊണ്ട് തീരുന്ന കഥയിൽ, ആ രാത്രിയിൽ തന്നെ പ്രൊഫസ്സറെ തേടി ശോഭയുടെ ഫോൺ കാൾ എത്തുന്നു. ഉൾനാട്ടിലെ ചികിത്സ കേന്ദ്രത്തിൽ നിന്നുള്ള ആ വിളിയിൽ ഒരു സന്തോഷ വാർത്തയാണ് പ്രൊഫെസ്സറെ തേടി എത്തുന്നത്. വർഷങ്ങൾക്ക് ശേഷം മനുഷ്യരെ പോലെ കഞ്ഞി കുടിക്കാൻ ശോഭക്ക് കഴിഞ്ഞിരിക്കുന്നു. പ്രകൃതിയിലെ പൂർണ്ണ വിശ്വാസം, കുമ്പളങ്ങ നീരും, തഴുതാമയിലയും, പൂവ്വാംകുരുന്നിലയും, ആര്യവേപ്പും മറ്റനേകം ഇലകളും ചേർന്ന പ്രകൃതിചികിത്സയുടെ നൈർമല്യം ശോഭയുടെ വിശ്വാസത്തിന് ആക്കം കൂട്ടിയത് പോലെ, പ്രൊഫസ്സറും അന്ന് ഉള്ളു തുറന്നു ചിരിക്കുന്നു. സ്ഥല രേഖകൾ കൃത്യമായി വരച്ചിടാഞ്ഞിട്ടു പോലും കഥയിലെ പ്രവാസ സാന്നിധ്യം പുതിയ കാലത്തിനനുസൃതമായി കൊണ്ട് വരാൻ പ്രവീണിന് കഴിഞ്ഞിട്ടുണ്ട്. ആഫ്രിൾ നഗരത്തിലെ അസ്വസ്ഥമായ മനസ്സും, ഇയ്യോബിന്റെ പുസ്തകവുമെല്ലാം അന്യ ദേശത്ത് ഒറ്റപെട്ടു പോയ ഒരുവന്റെ വിഹ്വലതകളെ കുറിക്കാൻ പ്രാപ്തമാണ്.

ഉപസംഹാരം

സാങ്കേതിക വിദ്യ തുറന്നിടുന്ന അതിയാഥാർത്ഥ്യങ്ങളും പ്രതീതിലോകങ്ങളും, ഇവയുടെ സൃഷ്ടാക്കൾ നിർണ്ണയിക്കുന്ന തൊഴിൽ മണ്ഡലങ്ങളും ജീവിത സാഹചര്യങ്ങളുമാണ് പ്രവീണിന്റെ കഥാലോകത്ത് നിറയുന്നത്. പ്രവാസത്തിന്റെ

പുത്തൻ ഭ്രപ്രകൃതം, ഭ്രമിശാസ്ത്രപരമായ അതിരുകളെ മാത്രം ആശ്രയിച്ചുള്ളതല്ല. മറിച്ച് യാഥാർഥ്യങ്ങളും അതീതയാഥാർത്ഥ്യങ്ങളും ഇടകലർന്ന് സൃഷ്ടിക്കപെടുന്നതാണ്. സിമുലേറ്റഡ് പരിസ്ഥിതികളും, അവ്യക്തമാകുന്ന യാഥാർത്ഥ്യങ്ങളും, അനുഭവങ്ങളുടെ സാങ്കേതികമായ മാധ്യസ്ഥ്യം എന്നീ നിലകളിലാണ് പ്രവീണിന്റെ കഥകളിൽ അതീത യാഥാർത്ഥ്യം കണ്ടുവരുന്നത്. ഡിജിറ്റൽ ഡയസ്പോറ, ഗൃഹാതുരത, ഓർമ്മകൾ, അന്യവത്കരണം, സിമുലേഷൻ, അതീതയാഥാർത്ഥ്യത്തിന്റെ ഡിജിറ്റലിടങ്ങളിൽ കാണുന്ന സാംസ്കാരിക സങ്കരത്വം എന്നിങ്ങനെ പ്രവാസവും അതീതയാഥാർത്ഥ്യവും ഇടകലരുന്നു. തന്റെ ആഖ്യാനങ്ങളിലൂടെ പ്രവീൺ, ഹൈപ്പർ റിയൽ ലോകത്തിന്റെ പ്രവണതകളെ വായനക്കാരന് മുന്നിൽ തുറന്നിടുകയാണ്. സാങ്കേതിക വിദ്യാവികാസം മനുഷ്യ സംസ്കാരത്തിന്റെ സമകാലിക സ്വഭാവമായി മാറിയിരിക്കുന്നു, അതിനാൽ പ്രവീണിന്റെ കഥകളിലെ പ്രമേയങ്ങൾ സമകാലിക മനുഷ്യാവസ്ഥയുടെ നേർകാഴ്ചകളായി മാറുന്നു.

സഹായക ഗ്രന്ഥങ്ങൾ

1. ജോസ് കെ. മാനുവൽ (എഡി)., സൈബർ ആധുനികത സംവാദം സംസ്കാരം സംലയനം, കോഴിക്കോട്, പുസ്തകലോകം, 2023.
2. പ്രവീൺ കെ. വി., ഓർമ്മച്ചിപ്പ്, കോട്ടയം, ഡി. സി. ബുക്ക്സ്, 2017.
3. Bandrillard Jean , Simulacara and simulation., Shiela Faria Glaser (trans) Aum Arbor : University of Michigan Press, 1994.